سورة المائدة

5. സൂറതുൽ മാഇദഃ

മദീനയിൽ അവതരിച്ചത് - വചനങ്ങൾ 123* - വിഭാഗം (റുകൂഉ്) 16

ഒരു ഭക്ഷണത്തളികയെകുറിച്ച് 115-ാം വചനത്തിൽ പ്രസ്താവിക്കുന്നുണ്ട്. അതുകൊണ്ടാണ് ഈ സൂറത്തിന് ഭക്ഷണത്തളിക എന്നർത്ഥമായ 'മാഇദഃ' (**المائدة**) എന്ന് പേർ വന്നത്. കൂടാതെ **العقود** (കരാർബന്ധങ്ങൾ) എന്നും ഇതിനു പേരു പറയപ്പെട്ടിട്ടുണ്ട്. പലതരം കരാർ ബന്ധങ്ങളെക്കുറിച്ചും ഈ സൂറത്തിൽ വിവരിക്കപ്പെട്ടിട്ടുള്ളതിനു പുറമെ ഇതിന്റെ തുടക്കം തന്നെ കരാർ ബന്ധങ്ങളെ നിറവേറ്റണമെന്നു കൽപിച്ചുകൊണ്ടുമാകുന്നു. ഹുദൈബിയ്യാ സന്ധി കഴിഞ്ഞു അധികം താമസിയാതെയാണ് ഈ സൂറത്തിന്റെ അവതരണമുണ്ടായത് എന്നത്രെ മനസ്സിലാകുന്നത്. الله اعلم

വിവിധ തുറകളിലുള്ള ഒട്ടധികം മതനിയമങ്ങൾ ഇതിൽ അടങ്ങിയിട്ടുണ്ട്. മറ്റു സൂറത്തുകളിൽ സ്പർശിക്കപ്പെട്ടിട്ടില്ലാത്ത ചില നിയമങ്ങളും ഇതിൽ കാണാം. കഴിഞ്ഞ സൂറത്തിന്റെ ആരംഭം يَاأَيُّهَاالنَّاسُ (ഹേ, മനുഷ്യരേ) എന്ന സംബോധനയോടു കൂടിയായിരുന്നു. ഒന്നിലധികം സ്ഥലങ്ങളിൽ അത് ആവർത്തിക്കപ്പെട്ടിട്ടുമുണ്ട്. ഇതിന്റെ തുടക്കം يَاأَيُّهَاالَّذِينَ آمَنُوا (ഹേ, വിശ്വസിച്ചവരേ) എന്നു വിളിച്ചുകൊണ്ടാകുന്നു. ഈ വിളി പല പ്രാവശ്യം ഇതിൽ ആവർത്തിക്കപ്പെട്ടും കാണാം. ഇസ്ലാമിന് പ്രചാരം വർദ്ധിക്കുകയും, പല പ്രദേശങ്ങളും ഇസ്ലാമിക പ്രദേശങ്ങളായി മാറുകയും ചെയ്ത അവസരത്തിലാണ് ഇതിന്റെ അവതരണം എന്ന് ഇത് സൂചിപ്പിക്കുന്നു. الله اعلم

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ أَوۡفُواْ بِٱلۡعُقُودِ ۚ ﴿١﴾

﴿1﴾ **ഹേ, വിശ്വസിച്ചവരേ, നിങ്ങൾ കരാർ ബന്ധങ്ങളെ (പാലിച്ചു) നിറവേറ്റുവിൻ.**

﴿1﴾ يَاأَيُّهَاالَّذِينَ آمَنُوا ഹേ വിശ്വസിച്ചവരേ أَوْفُوا നിങ്ങൾ നിറവേറ്റുവിൻ, നിർവ്വഹിക്കുവിൻ. بِالْعُقُودِ കരാർ ബന്ധങ്ങളെ, ഇടപാടുബന്ധങ്ങളെ.

(*) വചനങ്ങൾ 120 എന്നും എണ്ണപ്പെട്ടിട്ടുണ്ട്. എണ്ണം കണക്കാക്കുന്നതിൽ അഭിപ്രായ വ്യത്യാസം ഉണ്ടാകുവാൻ കാരണം മുഖവുരയിൽ പ്രസ്താവിച്ചിട്ടുണ്ട്.

വ്യവസ്ഥകൾ പാലിക്കപ്പെടുവാൻ ബാധ്യസ്ഥമായ എല്ലാ കരാർബന്ധങ്ങളും യഥാവിധി പാലിക്കണമെന്ന് സത്യവിശ്വാസികളോട് അല്ലാഹു കൽപിക്കുകയാണ്. സത്യവിശ്വാസം സ്വീകരിച്ചവരെന്ന നിലക്ക് അല്ലാഹുവിനോട് ബാധ്യതയുള്ള കാര്യങ്ങളും, വിവാഹ സംബന്ധമോ മുതലിടപാട് സംബന്ധമോ ആയ നിശ്ചയങ്ങൾ, സന്ധി, സഖ്യം മുതലായവ സംബന്ധിച്ച വ്യവസ്ഥകൾ എന്നിങ്ങനെ മനുഷ്യർ തമ്മതമ്മിൽ നിർവ്വഹിക്കേണ്ടുന്ന എല്ലാതരം ഇടപാടുകളും ഇതിൽ ഉൾപ്പെടുന്നു. വിശ്വസിച്ചവരേ എന്നു വിളിച്ചുകൊണ്ടുള്ള ഈ കല്പനയിൽ, വിശ്വാസികളായ നിങ്ങൾ മറ്റുള്ളവരെക്കാൾ അതിന് കടമപ്പെട്ടവരാകുന്നുവെന്നുള്ള ഒരു സൂചനകൂടി കാണാവുന്നതാണ്.

أُحِلَّتْ لَكُم بَهِيمَةُ ٱلْأَنْعَٰمِ إِلَّا مَا يُتْلَىٰ عَلَيْكُمْ غَيْرَ مُحِلِّى ٱلصَّيْدِ وَأَنتُمْ حُرُمٌ ۗ

إِنَّ ٱللَّهَ يَحْكُمُ مَا يُرِيدُ ﴿٢﴾

﴾2﴿ നിങ്ങൾക്കു (വഴിയെ) ഓതികേൾപ്പിക്കപ്പെടുന്നതൊഴിച്ച് (മറ്റുള്ള) കന്നുകാലി ജന്തുക്കൾ നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു; നിങ്ങൾ 'ഇഹ്റാമി'ൽ പ്രവേശിച്ചവരായും കൊണ്ട് വേട്ടയാടൽ അനുവദനീയമാക്കുന്നവരല്ലാത്ത നിലയിൽ. [അതനുവദനീയമാക്കിക്കൊണ്ട് പാടില്ല.]

നിശ്ചയമായും അല്ലാഹു, അവൻ ഉദ്ദേശിക്കുന്നത് വിധിക്കുന്നതാണ്.

﴾2﴿ أُحِلَّتْ ഹലാൽ (അനുവദനീയം) ആക്കപ്പെട്ടിരിക്കുന്നു لَكُم നിങ്ങൾക്ക് بَهِيمَةُ കാലിജന്തുക്കൾ, മിണ്ടാജീവികൾ ٱلْأَنْعَٰمِ ആടുമാടൊട്ടകങ്ങളിലെ, നാൽക്കാലികളാകുന്ന إِلَّا مَا يُتْلَىٰ ഓതിക്കേൾപ്പിക്കപ്പെടുന്നതൊഴികെ عَلَيْكُمْ നിങ്ങൾക്ക്, നിങ്ങളുടെ മേൽ غَيْرَ مُحِلِّى അനുവദനീയമാക്കുന്നവരല്ലാത്ത നിലയിൽ ٱلصَّيْدِ വേട്ടയാടലിനെ وَأَنتُمْ നിങ്ങൾ, നിങ്ങളാകട്ടെ حُرُمٌ ഇഹ്റാം ചെയ്തവരാകുന്നു (താനും) إِنَّ ٱللَّهَ നിശ്ചയമായും അല്ലാഹു يَحْكُمُ അവൻ വിധിക്കും مَا يُرِيدُ അവൻ ഉദ്ദേശിക്കുന്നത്.

ഒട്ടകം, ആട്, മാട് എന്നീ കാലി ജന്തുക്കളിൽനിന്ന് താഴെ നിങ്ങൾക്ക് ഓതിക്കേൾപ്പിച്ചു വിവരിച്ചു തരുന്നവ ഒഴിച്ച് ബാക്കിയെല്ലാം നിങ്ങൾക്ക് ഭക്ഷിക്കൽ അനുവദനീയമാക്കിത്തന്നിരിക്കുന്നു. പക്ഷേ, ഹജ്ജിനോ ഉംറക്കോ വേണ്ടി 'ഇഹ്റാമി'ൽ പ്രവേശിച്ചിട്ടുള്ള അവസരത്തിൽ വേട്ടയാടുകയോ, പിടിച്ചു തിന്നുകയോ ചെയ്യുന്നത് അനുവദനീയമാണെന്ന് കരുതരുത്. അത് പാടില്ലാത്തതാകുന്നു. ഇഹ്റാമിൽ പ്രവേശിക്കാത്തവരെക്കുറിച്ചാണ് അനുവദനീയമാക്കപ്പെട്ടിരിക്കുന്നത് എന്നു സാരം.

بَهِيمَةُ (ബഹീമത്) എന്ന വാക്ക് മിണ്ടാജീവികളായ എല്ലാറ്റിനും പറയപ്പെടാമെങ്കിലും കാട്ടുജീവികളും പറവകളുമല്ലാത്ത ജന്തുക്കൾ, നാൽക്കാലി മൃഗങ്ങൾ എന്നീ

ഉദ്ദേശത്തിലാണത് സാധാരണ ഉപയോഗിക്കപ്പെടാറുള്ളത്. انعام (അൻആം) എന്ന വാക്ക് ആട്, മാട്, ഒട്ടകം എന്നീ മൃഗങ്ങളിലാണ് പൊതുവെ ഉപയോഗിക്കുന്നത്. ചിലപ്പോൾ ഒട്ടകത്തെ മാത്രം ഉദ്ദേശിച്ചും പറയപ്പെടും. മലയാളക്കാർ കാലികൾ എന്നും 'നാൽകാലികൾ' എന്നും പറഞ്ഞുവരാറുള്ളതിന്റെ സ്ഥാനത്ത് അറബികൾ ആ വാക്ക് ഉപയോഗിക്കുന്നു. നമ്മുടെ നാട്ടിൽ ഒട്ടകമില്ലാത്തതുകൊണ്ട് ആടുമാടുകളെ ഉദ്ദേശിച്ചാണല്ലോ നാം ആ വാക്ക് ഉപയോഗിക്കാറുള്ളത്. അറബികളുടെ പ്രധാന കാലിസമ്പത്ത് ഒട്ടകമായതുകൊണ്ട് അവിടെ ഒട്ടകത്തിന് പ്രത്യേക സ്ഥാനം കൽപ്പിക്കപ്പെടുക സ്വാഭാവികമാണ്. مَا يُتْلَىٰ عَلَيْكُمْ (നിങ്ങൾക്ക് ഓതിക്കേൾപ്പിക്കപ്പെടുന്നത്)കൊണ്ടുദ്ദേശ്യം അടുത്ത 4-ാം വചനത്തിൽ വിവരിക്കപ്പെട്ട വസ്തുക്കളാണെന്നുള്ളതിൽ ക്വുർആൻ വ്യാഖ്യാതാക്കൾ മുഴുവനും യോജിച്ചിരിക്കുന്നു. (*) ഹജ്ജിനോ, ഉംറഃക്കോ, രണ്ടിനും കൂടിയോ ഔപചാരികമായി പ്രവേശിച്ചവർ- ഇഹ്റാമിൽ പ്രവേശിച്ചവർ- എന്നത്രെ حرم (ഹുറുമുൻ) എന്ന വാക്കുകൊണ്ട് വിവക്ഷ. ഈ പ്രവേശനത്തോടുകൂടി വാസനദ്രവ്യം ഉപയോഗിക്കൽ, വിവാഹ സംബന്ധമായ കാര്യങ്ങൾ, വേട്ടയാടൽ, വേട്ടയാടിയത് ഭക്ഷിക്കൽ, പുരുഷന്മാർ തലമറക്കൽ മുതലായ പലകാര്യങ്ങളും നിഷിദ്ധമാകുന്നു. അതുകൊണ്ടാണ് ഇതിനു احرام (ഇഹ്റാം-ഹറാമാക്കിത്തീർക്കൽ) എന്ന് പറയുന്നത്. ഇഹ്റാമിൽ പ്രവേശിച്ചവർ വേട്ടയാടുന്നതിനെപ്പറ്റി താഴെ 98-ാം വചനത്തിൽ വിവരിക്കുന്നുമുണ്ട്. ഇഹ്റാമിൽ പ്രവേശിച്ചവർ വേട്ടയാടുന്ന പക്ഷം അവർ അതിനെ അനുവദനീയമാക്കുന്ന ഒരു പ്രതീതി ഉളവാകുമല്ലോ. അതുകൊണ്ടാണ് غَيْرَ مُحِلِّى ٱلصَّيْدِ (വേട്ടയാടൽ അനുവദനീയമാക്കിയവരല്ലാതെ) എന്ന് പറഞ്ഞത്.

إِنَّ ٱللَّهَ يَحْكُمُ مَا يُرِيدُ (അല്ലാഹു അവൻ ഉദ്ദേശിക്കുന്നത് വിധിക്കും) എന്ന വാക്യം വളരെ അർത്ഥവത്തും ശ്രദ്ധേയവുമാകുന്നു. യുക്തി താൽപര്യങ്ങളെയോ മറ്റോ അടിസ്ഥാനമാക്കികൊണ്ട് അല്ലാഹുവിന്റെ വിധിവിലക്കുകളിലും നിയമനിർദ്ദേശങ്ങളിലും വിമർശനം നടത്തുന്ന ആളുകൾ ഇതുപോലെയുള്ള ക്വുർആൻ വാക്യങ്ങൾ പ്രത്യേകം ഓർമ വെക്കേണ്ടതാകുന്നു. ഇന്നിന്ന കാര്യം എന്തുകൊണ്ട് വിരോധിച്ചു, അല്ലെങ്കിൽ കൽപിച്ചു, എന്തുകൊണ്ട് ഇന്നിന്ന പ്രകാരം നിയമിച്ചില്ല എന്നൊന്നും ആർക്കും ചോദ്യം ചെയ്വാൻ അവകാശമില്ലെന്നാണത് കുറിക്കുന്നത്. അഖിലാണ്ഡ വസ്തുക്കളും അവന്റെതാണ്. അവയുടെ നിയന്ത്രണാധികാരവും അവനുതന്നെ. ചെറുതും വലുതുമെന്നോ, ഭൂത-വർത്തമാന-ഭാവിയെന്നോ വ്യത്യാസമില്ലാതെ എല്ലാ കാര്യവും അറിയുന്നവനാണവൻ. മനുഷ്യൻ എത്ര തന്നെ പുരോഗമിച്ചാലും അവൻ സർവ്വജ്ഞനോ, ഭാവിയെക്കുറിച്ചു അറിയുന്നവനോ ആകുന്നതല്ല. മനുഷ്യരുടെ പൊതുനന്മ ഏതിലാണെന്നുള്ള സൂക്ഷ്മജ്ഞാനവും അല്ലാഹുവിനു മാത്രമേയുള്ളൂ. എന്നിരിക്കെ, അല്ലാഹുവിന്റെ വിധി നിയമങ്ങളെക്കുറിച്ചു ചോദ്യം ചെയ്വാൻ മനുഷ്യന് എന്താണ് അർഹതയുള്ളത്?! അല്ലാഹു എന്തു കൽപിച്ചുവോ, എന്തു വിരോധിച്ചുവോ അതിലായിരിക്കും -അതിൽ മാത്രമായിരിക്കും-നീതിയും യുക്തിയും, മനുഷ്യന്റെ നന്മയും അതിൽ തന്നെയായിരിക്കും- നിശ്ചയം. അതിലടങ്ങിയ യുക്തി രഹസ്യങ്ങൾ കഴിവതും ആരാഞ്ഞറിയുവാൻ ശ്രമിക്കുകയാണ് മനുഷ്യൻ ചെയ്യേണ്ടത്.

(*) كما فى الرازي وغيره

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تُحِلُّوا۟ شَعَـٰٓئِرَ ٱللَّهِ وَلَا ٱلشَّهْرَ ٱلْحَرَامَ وَلَا ٱلْهَدْىَ وَلَا ٱلْقَلَـٰٓئِدَ وَلَآ ءَآمِّينَ ٱلْبَيْتَ ٱلْحَرَامَ يَبْتَغُونَ فَضْلًا مِّن رَّبِّهِمْ وَرِضْوَٰنًا ۚ وَإِذَا حَلَلْتُمْ فَٱصْطَادُوا۟ ۚ

﴾3﴿ ഹേ. വിശ്വസിച്ചവരേ, അല്ലാഹുവിന്റെ [മത] ചിഹ്നങ്ങളെ നിങ്ങൾ അനുവദനീയമാ(ക്കി അനാദരി)ക്കരുത്; 'ഹറാമായ' [അലംഘനീയ] മാസത്തെയുംഅരുത്, (കഅ്ബയുടെ അടുക്കലേക്ക്) ബലിക്കായികൊണ്ടു പോകുന്ന മൃഗങ്ങളെയും അരുത്, (അവയുടെ) കഴുത്തിൽ തൂക്കപ്പെട്ട (അടയാള) വസ്തുക്കളെയും അരുത്, തങ്ങളുടെ റബ്ബിങ്കൽ നിന്നുള്ള അനുഗ്രഹവും പ്രീതിയും തേടിക്കൊണ്ട് 'ബൈതുൽ ഹറാമി'നെ [അലംഘനീയ മന്ദിരത്തെ] ഉന്നം വെച്ചു പോകുന്നവരെയും അരുത്. നിങ്ങൾ 'ഹലാലാ'യാൽ [ഇഹ്റാമിൽ നിന്ന് ഒഴിവായാൽ] നിങ്ങൾ വേട്ടയാടിക്കൊള്ളുക.

وَلَا يَجْرِمَنَّكُمْ شَنَـَٔانُ قَوْمٍ أَن صَدُّوكُمْ عَنِ ٱلْمَسْجِدِ ٱلْحَرَامِ أَن تَعْتَدُوا۟ ۘ وَتَعَاوَنُوا۟ عَلَى ٱلْبِرِّ وَٱلتَّقْوَىٰ ۖ

ഒരു ജനതയോടുള്ള അമർഷം-അവർ 'മസ്ജിദുൽ ഹറാമി'ൽ [അലംഘനീയമായ പള്ളിയിൽ] നിങ്ങളെ തടഞ്ഞുവെച്ചുവെന്നതിനാൽ - അതിക്രമം പ്രവർത്തിക്കുവാൻ നിശ്ചയമായും നിങ്ങളെ പ്രേരിപ്പിക്കുകയും ചെയ്യരുത്. പുണ്യത്തിലും, ഭയഭക്തിയിലും നിങ്ങൾ പരസ്പരം സഹായിക്കുകയും ചെയ്യുവിൻ;

وَلَا تَعَاوَنُوا۟ عَلَى ٱلْإِثْمِ وَٱلْعُدْوَٰنِ ۚ وَٱتَّقُوا۟ ٱللَّهَ ۖ

കുറ്റത്തിലും, അതിക്രമത്തിലും നിങ്ങൾ പരസ്പരം സഹായിക്കുകയും അരുത്: അല്ലാഹുവിനെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുവിൻ.

إِنَّ ٱللَّهَ شَدِيدُ ٱلْعِقَابِ ﴿٣﴾

നിശ്ചയമായും, അല്ലാഹു ശിക്ഷാ നടപടി കഠിനമായുള്ളവനാണ്.

﴾3﴿ يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ഹേ, വിശ്വസിച്ചവരേ, لَا تُحِلُّوا۟ നിങ്ങൾ അനുവദനീയമാക്കരുത് (അനാദരിക്കരുത്) شَعَـٰٓئِرَ ٱللَّهِ അല്ലാഹുവിന്റെ ചിഹ്നങ്ങളെ, അടയാളങ്ങളെ وَلَا ٱلشَّهْرَ മാസത്തെയും അരുത് ٱلْحَرَامَ ഹറാമായ, അലംഘനീയ وَلَا ٱلْهَدْىَ ബലി(ക്കു

കൊണ്ടു പോകുന്ന) മൃഗത്തെയും അരുത് وَلَا ٱلْقَلَٰٓئِدَ കഴുത്തിൽ തൂക്കിയിടുന്നവയെ (കണ്ഠാഭരണങ്ങളെ)യും അരുത് وَلَآ ءَآمِّينَ കരുതി(ഉന്നംവെച്ചു)പോകുന്നവരെയും അരുത് ٱلْبَيْتَ ٱلْحَرَامَ ഹറാമായ വീട്ടിനെ, അലംഘനീയ മന്ദിരത്തെ يَبْتَغُونَ അവർ തേടിക്കൊണ്ട് فَضْلًا അനുഗ്രഹം, ദയവ് مِّن رَّبِّهِمْ തങ്ങളുടെ റബ്ബിങ്കൽ നിന്ന് وَرِضْوَٰنًا പ്രീതിയും, പൊരുത്തപ്പാടും وَإِذَا حَلَلْتُمْ നിങ്ങൾ ഹലാലായാൽ, ഇഹ്റാം അഴിച്ചാൽ فَٱصْطَادُوا۟ അപ്പോൾ നിങ്ങൾ വേട്ടയാടിക്കൊള്ളുവീൻ وَلَا يَجْرِمَنَّكُمْ നിശ്ചയമായും നിങ്ങളെ പ്രേരിപ്പിക്കുകയും ചെയ്യരുത്. شَنَـَٔانُ ഈർഷ്യത, അമർഷം قَوْمٍ ഒരു ജനതയുടെ (ജനതയോടുള്ള) أَن صَدُّوكُمْ അവർ നിങ്ങളെ തടഞ്ഞതിനാൽ عَنِ ٱلْمَسْجِدِ പള്ളിയിൽ നിന്ന് ٱلْحَرَامِ ഹറാമായ, അലംഘനീയ أَن تَعْتَدُوا۟ നിങ്ങൾ അതിക്രമം ചെയ്വാൻ, ക്രമം തെറ്റുന്നതിന്ന് وَتَعَاوَنُوا۟ നിങ്ങൾ പരസ്പരം സഹായിക്കുകയും ചെയ്യുവീൻ عَلَى ٱلْبِرِّ പുണ്യത്തിൽ, നല്ല കാര്യത്തിന് وَٱلتَّقْوَىٰ ഭയഭക്തിയിലും, സൂക്ഷ്മതക്കും وَلَا تَعَاوَنُوا۟ നിങ്ങൾ പരസ്പരം സഹായിക്കുകയും അരുത് عَلَى ٱلْإِثْمِ കുറ്റത്തിൽ, പാപത്തിന് وَٱلْعُدْوَٰنِ അതിക്രമത്തിലും, ക്രമം തെറ്റുന്നതിനും وَٱتَّقُوا۟ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുവീൻ ٱللَّهَ അല്ലാഹുവിനെ إِنَّ ٱللَّهَ നിശ്ചയമായും അല്ലാഹു شَدِيدُ കഠിനമായവനാണ് ٱلْعِقَابِ ശിക്ഷാ നടപടി.

ح ر م (ഹാഉ്. റാഉ്, മീം) എന്നീ അക്ഷരങ്ങൾ ഉൾക്കൊള്ളുന്ന ധാതുവിൽ നിന്ന് ഉത്ഭവിക്കുന്ന പദങ്ങളിൽ, ഏതെങ്കിലും തരത്തിലുള്ള ഒരു മുടക്കിന്റെ- തടസ്സത്തിന്റെ - അർത്ഥം അടങ്ങിയിരിക്കും. മുടക്കപ്പെട്ട വസ്തുവിന്റെ ദോഷത്തിൽനിന്നും കൊള്ളരുതായ്മയിൽനിന്നും ഉത്ഭവിക്കുന്നതോ, അല്ലെങ്കിൽ അതിന്റെ പവിത്രതയിൽ നിന്നും ആദരണീയതയിൽ നിന്നും ഉത്ഭവിക്കുന്നതോ ആയിരിക്കാം ആ മുടക്കം. അതുകൊണ്ടാണ് കളവ്, വ്യഭിചാരം പോലെയുള്ള കാര്യങ്ങളെയും, കളവു മുതൽ, പന്നിമാംസം പോലെയുള്ള വസ്തുക്കളെയും സംബന്ധിച്ചു حرام (ഹറാം) എന്നു പറയുമ്പോൾ അതിനു 'നിഷിദ്ധം, വിരോധം' എന്നിങ്ങനെയും, ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യപ്പെടേണ്ടുന്ന കാര്യങ്ങളെയോ വസ്തുക്കളെയോ സംബന്ധിച്ച് അതേ വാക്കു പറയുമ്പോൾ 'അലംഘനീയം, പവിത്രം' എന്നിങ്ങിനെയും അർത്ഥം കൽപിക്കപ്പെടുന്നത്. حرمة (ഹുർമത്) എന്ന വാക്കിനും ഇതുപോലെ സമയോചിതം 'നിഷിദ്ധത' എന്നും 'അലംഘനീയത' എന്നും അർത്ഥം വരും. حرّم (ഹർറമ) എന്ന ക്രിയക്കും 'നിഷിദ്ധമാക്കി' എന്നും 'അലംഘനീയമാക്കി' എന്നിങ്ങനെയും അർത്ഥം മാറിവരും.

ഈ ധാതുവിൽ നിന്നുള്ള പദങ്ങളുടെ വിപരീതാർത്ഥങ്ങളിൽ ഉപയോഗിക്കപ്പെടാറുള്ള പദങ്ങളാണ് ح ل ل (ഹാഉ്, ലാം, ലാം) എന്ന ധാതുവിൽ നിന്നുള്ള حلل، حل، حلال (ഹല്ലല, ഹില്ല്, ഹലാൽ) മുതലായവ. ആ നിലക്ക് ഇവക്ക് 'അനുവദനീയം, അനാദരവ്, അനുവദനീയമാക്കി, അനാദരിച്ചു' എന്നിങ്ങിനെയും സന്ദർഭോചിതം അർത്ഥം കൽപ്പിക്കപ്പെടുന്നു. ഇവയുടെ ധാതുപരമായ അർത്ഥമാകട്ടെ 'കെട്ടഴിക്കുക', 'ഇറങ്ങി വരുക'

എന്നൊക്കെയാകുന്നു. (കൂടുതൽ വിശദമായി അറിയാൻ ആഗ്രഹിക്കുന്നവർ അറബി നിഘണ്ടുക്കളെ ആശ്രയിക്കേണ്ടതാകുന്നു. ഈ വാക്കുകൾ ക്വുർആനിലും ഹദീഥിലും ഇസ്‌ലാമിക ഗ്രന്ഥങ്ങളിലും സാധാരണ വരാറുള്ളതാകകൊണ്ട് സന്ദർഭങ്ങൾ നോക്കി അവയുടെ ആശയം ഗ്രഹിക്കുവാൻ സഹായകമായ ഒരു സൂചന നൽകലാണ് ഇവിടെ ഉദ്ദേശിക്കുന്നത്.)

സത്യവിശ്വാസികൾ അനാദരിക്കുവാൻ പാടില്ലാത്ത- അവർ പവിത്രമായി കരുതി ആദരിച്ചു പോരേണ്ടുന്ന-അഞ്ചു കാര്യങ്ങളാണ് അല്ലാഹു ഈ വചനത്തിൽ എടുത്തു കാട്ടിയിരിക്കുന്നത്.

(1) شعائر الله (അല്ലാഹുവിന്റെ ചിഹ്നങ്ങൾ) ഇസ്‌ലാമിന്റെ പ്രത്യേക അടയാളമായി കരുതപ്പെടുന്ന എല്ലാ കാര്യങ്ങൾക്കും വസ്തുക്കൾക്കും പൊതുവിൽ ഉപയോഗിക്കപ്പെടുന്ന ഒരു വാക്കാണിത്. ഏതെങ്കിലും ഒരു മതത്തിന്റെയോ, സംഘടനയുടെയോ, സംസ്കാരത്തിന്റെയോ പ്രത്യേക അടയാളമായി കണക്കാക്കപ്പെടുന്നതെല്ലാം അതിന്റെ شعائر (ചിഹ്നങ്ങൾ) ആകുന്നു. ഹജ്ജ്-ഉംറഃ കർമങ്ങളോടും, മക്ക ഹറമിനോടും ബന്ധപ്പെട്ട ചിഹ്നങ്ങളാണ് ഇവിടെ പ്രധാനമായും ഉദ്ദേശ്യമെന്ന് സന്ദർഭം കൊണ്ട് മനസ്സിലാക്കാം. അതാതിൽ പാലിക്കപ്പെടേണ്ടുന്ന മര്യാദകളും ആദരവും ലംഘിക്കാതെ അതിന്റെ പവിത്രത സൂക്ഷിക്കൽ നിർബന്ധമാണെന്ന് ചുരുക്കത്തിൽ പറയാം. അല്ലാഹു പറയുന്നു: وَمَن يُعَظِّمْ شَعَٰٓئِرَ ٱللَّهِ فَإِنَّهَا مِن تَقْوَى ٱلْقُلُوبِ - الحج (ആരെങ്കിലും അല്ലാഹുവിന്റെ ചിഹ്നങ്ങളെ ബഹുമാനിക്കുന്ന പക്ഷം, നിശ്ചയമായും അത് ഹൃദയങ്ങളുടെ ഭയഭക്തിയിൽനിന്നുള്ളതാകുന്നു. (സൂ:ഹജ്ജ് 32) ചിഹ്നങ്ങളെക്കുറിച്ച് ആ വചനത്തിന്റെ വ്യാഖ്യാനം നോക്കുക. ഏതെങ്കിലും ഒരു മതത്തിന്റെയോ ഭരണകൂടത്തിന്റെയോ മറ്റോ നിയമങ്ങളെ ലംഘിക്കുന്നതിനെക്കാൾ ഗൗരവപ്പെട്ട ഒരു കുറ്റമായിട്ടാണ് അതിന്റെ ചിഹ്നങ്ങളെ അനാദരിക്കൽ കണക്കാക്കപ്പെടുക. ഇസ്‌ലാമിലും അതങ്ങിനെത്തന്നെ. ചിഹ്നത്തെ അനാദരിക്കുന്നതിന്റെ പിന്നിലുള്ളത് ധിക്കാരവും പരിഹാസവുമായിരിക്കും. ഇതാണതിന് കാരണം. നിയമം ലംഘിക്കുന്നതിനു കാരണം പലതും ആയിരിക്കാവുന്നതാണല്ലോ. അല്ലാഹുവിന്റെ ചിഹ്നങ്ങളെപ്പറ്റി മൊത്തത്തിൽ പറഞ്ഞശേഷം അവയിൽ ചിലതിനെ അല്ലാഹു പ്രത്യേകം തുടർന്നു പറഞ്ഞിരിക്കുകയാണ്:-

(2) الشهر الحرام (ഹറാമായ- അലംഘനീയമായ-മാസം): ദുൽക്വഅ്ദഃ, ദുൽഹിജ്ജഃ, മുഹർറം എന്നീ തുടർന്നുള്ള മൂന്നു മാസങ്ങളും റജബ് മാസവുമാണ് ഹറാമായ മാസങ്ങൾ എന്ന് ഹജ്ജത്തുൽ വിദാഇലെ പ്രസിദ്ധ പ്രസംഗത്തിൽ നബി ﷺ പ്രഖ്യാപിച്ചിട്ടുണ്ട്. (ബു., മു) ഈ മാസങ്ങളിൽ യുദ്ധം നിരോധിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് അക്കാലത്ത് യുദ്ധം നടത്തുന്നത് അതിനെ അനാദരിക്കലായിരിക്കും. പക്ഷേ, അക്കാലത്തു തന്നെ ശത്രുക്കൾ ഇങ്ങോട്ട്വന്നു ആക്രമണം നടത്തിയാൽ അവരോട് പ്രത്യാക്രമണം നടത്തുന്നതിന് വിരോധമില്ല താനും. ഇതിനെപ്പറ്റി സൂ: അൽബക്വറഃ 194 ൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ.

(3, 4) الهدى و القلائد (ബലി കർമത്തിനായി കഅ്ബയുടെ അടുക്കലേക്കു കൊണ്ടുപോകുന്ന മൃഗങ്ങളും അവയുടെ പ്രത്യേക അടയാളമായിക്കൊണ്ട് അവയുടെ കഴുത്തിൽ കെട്ടിത്തൂക്കിയ വസ്തുക്കളും): കഅ്ബഃയുടെ അടുക്കലേക്ക് ബലിമൃഗങ്ങളെ കൊണ്ടുപോകുമ്പോൾ അവയുടെ കഴുത്തിൽ ചെരുപ്പോ, മരത്തൊലിയോ ഒരടയാള

മായി കെട്ടിത്തൂക്കുന്ന പതിവ് മുൻകാലത്തുണ്ടായിരുന്നു. ഹജ്ജിനും ഉംറഃക്കും പോകുന്ന ആളുകളും അതുപോലെ ചില അടയാളങ്ങൾ സ്വീകരിക്കലും പതിവുണ്ടായിരുന്നു. അന്യരുടെ കയ്യേറ്റത്തിൽ നിന്നും അനാദരവിൽ നിന്നും സുരക്ഷിതത്വം ലഭിക്കലായിരിക്കും ഇതിന്റെ ഉദ്ദേശ്യം. ഇങ്ങിനെയുള്ള അടയാളങ്ങൾക്കും ബലിമൃഗങ്ങൾക്കും ഉപദ്രവം വരുത്തുന്നതോ, അവയെ നിസ്സാരപ്പെടുത്തുന്നതോ ആയ പ്രവൃത്തികളൊന്നും ചെയ്യരുതെന്നും, അവയൊക്കെ അല്ലാഹുവിന്റെ ചിഹ്നങ്ങളിൽ പെട്ടതാണെന്നും സാരം. നബി തിരുമേനി ﷺ ഹജ്ജിനു പോയപ്പോൾ 60ൽ പരം ഒട്ടകങ്ങളെ ബലി മൃഗങ്ങളായി കൂടെ കൊണ്ടുപോവുകയും ദുൽഹുലൈഫഃ എന്ന വാദിൽ അക്വീക്വിൽവെച്ച് അവിടുന്ന് ഇഹ്റാമിൽ പ്രവേശിക്കുകയും ബലി മൃഗങ്ങൾക്ക് അടയാളം കെട്ടുകയും ചെയ്തത് പ്രസ്താവ്യമാകുന്നു.

(5) ءَآمِّينَ ٱلْبَيْتَ ٱلْحَرَامَ-الخ (അല്ലാഹുവിന്റെ അനുഗ്രഹവും പ്രീതിയും തേടികൊണ്ട് അലംഘനീയ മന്ദിരമായ കഅ്ബഃയെ ഉന്നംവെച്ചു ചെല്ലുന്നവർ): ഇവരെയും ഉപദ്രവിക്കുകയോ, തടയുകയോ, അപമാനിക്കുകയോ ചെയ്യരുതെന്ന് താൽപര്യം. കഅ്ബഃയും അതിന്റെ പരിസര പ്രദേശമായ ഹറമും ഇബ്റാഹീം നബി (അ) മുതൽക്കേ ഒരു അഭയകേന്ദ്രവും, ഇസ്ലാമിന്റെ സങ്കേതവുമായി നിശ്ചയിക്കപ്പെട്ടിട്ടുള്ളതാണ്. (2:125, 3:97 മുതലായ സ്ഥലങ്ങൾ ഓർക്കുക). അതുകൊണ്ട് ആ സ്ഥാനങ്ങളെ ഉന്നംവെച്ചു പോകുന്നവരോട് മര്യാദകേടായി വല്ലതും പ്രവർത്തിക്കുന്നത് വിരോധിക്കപ്പെട്ടിരിക്കുന്നു. ഹജ്ജിനോ ഉംറഃക്കോവേണ്ടി പോകുന്നവരെ മാത്രമല്ല, വല്ല ഉപജീവന മാർഗവും തേടി അങ്ങോട്ട് പോകുന്നവരെയും ഉപദ്രവിക്കാൻ പാടില്ല. അല്ലാഹുവിങ്കൽ നിന്നുള്ള അനുഗ്രഹവും പ്രീതിയും തേടിപ്പോകുക (يَبْتَغُونَ فَضْلًا مِّن رَّبِّهِمْ وَرِضْوَانًا) എന്ന വാക്കിൽ ഇതും ഉൾപ്പെടുമെന്ന് പല വ്യാഖ്യാതാക്കളും ചൂണ്ടിക്കാട്ടിയിരിക്കുന്നു. അൽബക്വറഃ 198-ാം വചനവും ഇതിനു പിൻബലം നൽകുന്നതായി കാണാം.

മേൽപറഞ്ഞ അഞ്ചു കാര്യങ്ങളും ഏറെക്കുറെ മുശ്രിക്കുകളും അംഗീകരിച്ചു വന്നിരുന്നു. അവർ അംഗീകരിച്ചു വന്നിരുന്ന ആ നല്ല കാര്യങ്ങൾ മുസ്ലിംകളും കർശനമായി പലിക്കേണ്ടതുണ്ട്, ജാഹിലിയ്യാ സമ്പ്രദായങ്ങളെന്നുവെച്ച് അവയെ അവഗണിച്ചുകൂടാ, കഅ്ബാ മന്ദിരത്തെ മാനിച്ചുകൊണ്ട് അങ്ങോട്ടു പോകുന്നവർ ആരായാലും -അക്കാലത്തെ സംബന്ധിച്ചിടത്തോളം അവർ മുശ്രിക്കുകളായിരുന്നാലും-അവരെ വിലക്കിക്കൂടാ എന്നൊക്കെ ഈ വചനം മുഖേന അല്ലാഹു അറിയിക്കുന്നു. ഹുദൈബിയ്യാ സന്ധിക്കു ശേഷം മുസ്ലിംകളും മുശ്രിക്കുകളും തമ്മിൽ സമാധാനം നിലവിലുള്ള കാലത്താണ് ഇതെല്ലാം അവതരിച്ചതെന്നു മുമ്പ് സൂചിപ്പിച്ചുവല്ലോ. നബി ﷺയും സ്വഹാബികളും ഉംറഃക്കുവേണ്ടി പുറപ്പെട്ടു ചെന്നപ്പോൾ ഹുദൈബിയ്യയിൽ വെച്ചു മുശ്രിക്കുകൾ അവരെ തടഞ്ഞതിനെത്തുടർന്നാണ് ആ സന്ധി ഉണ്ടായത്. അതുകൊണ്ട് അവർ ഇങ്ങോട്ടു ചെയ്തതുപോലെയുള്ള അക്രമങ്ങൾ അങ്ങോട്ടു ചെയ്യരുതെന്നു കൂടി ഇതിൽ അടങ്ങിയിട്ടുണ്ട്. ഇക്കാര്യം തുടർന്നുള്ള വാക്യങ്ങളിൽ അല്ലാഹു വ്യക്തമായിത്തന്നെ പറയുന്നുമുണ്ട്. എന്നാൽ, പിന്നീട് സ്ഥിതിഗതികൾ മാറിയ ശേഷം, മുശ്രിക്കുകൾ മസ്ജിദുൽ ഹറാമിനെ സമീപിക്കരുതെന്നും, അവർ അല്ലാഹുവിന്റെ പള്ളികളിൽ പെരുമാറിക്കൂടാ എന്നും കൽപനയുണ്ടായി. ഇത് ഹിജ്റഃ 9-ാം കൊല്ലത്തിലായിരുന്നു. ഇതിനെപ്പറ്റി സൂഃ ബറാഅത്തിൽ വെച്ച് കാണാവുന്നതാണ്. ان شاء الله

ഇഹ്റാമിലായിരിക്കെ വേട്ടയാടുവാൻ പാടില്ലെന്ന് കഴിഞ്ഞ വചനത്തിൽ സൂചിപ്പി

ച്ചുവല്ലോ. ഹലാലായിക്കഴിഞ്ഞാൽ-ഹജ്ജും ഉംറഃയും കഴിഞ്ഞു ഇഹ്റാമിൽ നിന്ന് ഒഴിവായാൽ-പിന്നെ ജന്തുക്കളെ വേട്ടയാടിപ്പിടിക്കുകയും തിന്നുകയും ചെയ്യുന്നതിനു വിരോധമില്ല. ഇതാണ് وَإِذَا حَلَلْتُمْ فَٱصْطَادُوا۟ (നിങ്ങൾ ഹലാലായാൽ വേട്ടയാടിക്കൊള്ളുക) എന്ന വാക്യത്തിൽ പറയുന്നത്. ഇത്രയും കാര്യങ്ങൾ പ്രസ്താവിച്ചശേഷം വളരെ പ്രധാനപ്പെട്ടതും, മനുഷ്യൻ സദാ ഓർമയിൽ വെച്ചിരിക്കേണ്ടതുമായ ചില ഉപദേശങ്ങൾ അല്ലാഹു സത്യവിശ്വാസികൾക്ക് നൽകുന്നു:-

(1) وَلَا يَجْرِمَنَّكُمْ شَنَـَٔانُ قَوْمٍ അതായത്, നിങ്ങളെ മസ്ജിദുൽ ഹറാമിലേക്ക് പ്രവേശിക്കുവാൻ അനുവദിക്കാതെ ഒരു ജനത (ക്വുറൈശി മുശ്‌രിക്കുകൾ) നിങ്ങളെ തടഞ്ഞുവെച്ച കാരണത്താൽ നിങ്ങൾക്ക് അവരോട് അമർഷവും വിദ്വേഷവും ഉണ്ടാകും. അതൊന്നും അതിക്രമം പ്രവർത്തിക്കുവാൻ നിങ്ങൾക്ക് പ്രേരണയാകുവാൻ പാടില്ല. അവർ ക്രമക്കേട് കാണിച്ചതുകൊണ്ട് നിങ്ങൾ ക്രമവിരുദ്ധമായി പ്രവർത്തിച്ചുകൂടാ എന്ന് താൽപര്യം. ഹുദൈബിയ്യയിൽ വെച്ച് മുശ്‌രിക്കുകൾ സത്യവിശ്വാസികളെ തടഞ്ഞുവെച്ച സംഭവമാണ് ഇവിടെ സത്യവിശ്വാസികളുടെ അമർഷത്തിന് കാരണമായി അല്ലാഹു എടുത്തു പറഞ്ഞത്. എന്നുവെച്ച് മറ്റേതെങ്കിലും കാരണവശാൽ ഒരു ജനതയോട് അമർഷമോ വിദ്വേഷമോ നേരിട്ടാൽ അതിക്രമം ചെയ്യുന്നതിനു വിരോധമില്ല എന്ന് കരുതിക്കൂടാ. അടുത്ത 9-ാം വചനത്തിൽ ഇക്കാര്യം കൂടുതൽ വിശദമായി പ്രസ്താവിച്ചു കാണാം.

(2) وَتَعَاوَنُوا۟ عَلَى ٱلْبِرِّ وَٱلتَّقْوَىٰ അതായത്, പുണ്യകരങ്ങളായ സൽക്കാര്യങ്ങളിലും, ദുഷ്കാര്യങ്ങൾ വർജ്ജിച്ച് അല്ലാഹുവിനോടുള്ള ഭയഭക്തി പാലിക്കുന്ന വിഷയത്തിലും സത്യവിശ്വാസികൾ അന്യോന്യം സഹായിച്ചും സഹകരിച്ചുംകൊണ്ടിരിക്കേണ്ടതാണ്. അതുംപോരാ;

(3) وَلَا تَعَاوَنُوا۟ عَلَى ٱلْإِثْمِ وَٱلْعُدْوَٰنِ അതായത്, കുറ്റകരവും അതിക്രമവുമായ കാര്യങ്ങളിലൊന്നും പരസ്പരം സഹായസഹകരണം ചെയ്യാതിരിക്കുകയും വേണം. സൽകാര്യങ്ങളിൽ സഹായ സഹകരണം നൽകുന്നത് ദുഷ്കാര്യങ്ങളിൽ പരസ്പരം സഹായിക്കുന്നതിനെയും, ദുഷ്കാര്യങ്ങളിൽ സഹകരിക്കാതിരിക്കുന്നത് സൽകാര്യങ്ങളിൽ സഹകരിക്കാതിരിക്കുന്നതിനെയും നീതീകരിക്കുകയില്ലെന്ന് ഓർക്കേണ്ടതുണ്ട്. നല്ല കാര്യങ്ങളിൽ സഹായസഹകരണം ചെയ്‌വാൻ കൽപിച്ചു മതിയാക്കാതെ, ചീത്ത കാര്യങ്ങളിൽ സഹായസഹകരണം ചെയ്യാതിരിക്കുകയും വേണമെന്ന് കൂടി കൽപ്പിച്ചിരിക്കുന്നത് അതാണ് ചൂണ്ടിക്കാട്ടുന്നത്.

ഹാ! എത്ര വിലപ്പെട്ട ഉപദേശങ്ങൾ!! അല്ലാഹുവിന്റെ ഈ മൂന്നു ഉപദേശങ്ങൾ മനുഷ്യസമുദായം സ്വീകരിച്ചുവന്നിരുന്നുവെങ്കിൽ, അക്രമവും അസമാധാനവും അതിരുകവിഞ്ഞ ഈ ഭൂലോകം നിശ്ചയമായും ശാന്തസുന്ദരമായ മറ്റൊരു ലോകമായി മാറുമായിരുന്നു! ഒരാൾ ശത്രുവായിരുന്നാലും നല്ല കാര്യങ്ങളിൽ അയാളുമായി സഹകരിക്കുക, ഒരാൾ മിത്രമായിരുന്നാലും ചീത്ത കാര്യങ്ങളിൽ അയാളുമായി സഹകരിക്കാതിരിക്കുക, അന്യരോടുള്ള വെറുപ്പും വിദ്വേഷവും അവരോടു ക്രമവിരുദ്ധമായി പ്രവർത്തിക്കുവാൻ കാരണമാകാതിരിക്കുക, ഇവയെല്ലാം കേവലം പുണ്യകർമങ്ങളും ഉൽകൃഷ്ട സ്വഭാവങ്ങളുമാണ് എന്നുള്ളതിനു പുറമെ, ശത്രുവെ മിത്രമാക്കുവാനും, മിത്രത്തെ നേർവഴിക്ക് തിരിക്കുവാനും കൂടി അവ സഹായിക്കുന്നു.

ചില നബി വചനങ്ങൾ ഇവിടെ അനുസ്മരിക്കുന്നത് സന്ദർഭോചിതമായിരിക്കും:

1. നബി ﷺ പറഞ്ഞു: 'അക്രമിയാകുമ്പോഴും അക്രമിക്കപ്പെട്ടവനാകുമ്പോഴും നീ നിന്റെ സഹോദരനെ സഹായിക്കുക'. അപ്പോൾ ചോദിക്കപ്പെട്ടു: 'അക്രമിക്കപ്പെട്ടവനായിരിക്കുമ്പോൾ എനിക്കവനെ സഹായിക്കാം. എന്നാൽ, അക്രമിയായിരിക്കുമ്പോൾ ഞാനവനെ എങ്ങിനെ സഹായിക്കും?'. തിരുമേനി ഉത്തരം പറഞ്ഞു: അവനെ നീ അക്രമത്തിൽ നിന്ന് തടയുകയും മുടക്കുകയും ചെയ്യണം. അതാണവന്നുള്ള സഹായം' (അ:ബു).

(2) നബി ﷺ പറഞ്ഞു: 'മനുഷ്യരുമായി സമ്പർക്കം പുലർത്തുകയും,അവരുടെ ഉപദ്രവത്തിൽ ക്ഷമ കൈക്കൊള്ളുകയും ചെയ്യുന്ന സത്യവിശ്വാസി, ജനങ്ങളുമായി സമ്പർക്കമുണ്ടാക്കുകയും,അവരുടെ ഉപദ്രവത്തിൽ ക്ഷമിക്കുകയും ചെയ്യാത്ത സത്യവിശ്വാസിയെക്കാൾ വമ്പിച്ച പ്രതിഫലം ലഭിക്കുന്നവനാകുന്നു' (അ: തി).

3. 'ഒരു അക്രമിയെ സഹായിക്കുവാൻ വേണ്ടി-അവൻ അക്രമിയാണെന്നറിഞ്ഞും കൊണ്ട് അവന്റെകൂടെ വല്ലവനും നടക്കുന്ന പക്ഷം അവൻ ഇസ്‌ലാമിൽ നിന്നും പുറത്തുപോയി' (ത്വബ്റാനി). മേൽ പറഞ്ഞ ഉപദേശങ്ങൾക്കുശേഷം, അല്ലാഹുവിനെ സൂക്ഷിച്ചുകൊള്ളണമെന്നും, അല്ലാത്ത പക്ഷം അവൻ കഠിനമായ ശിക്ഷാ നടപടി എടുക്കുന്നതാണെന്നും അല്ലാഹു ഓർമിപ്പിക്കുന്നു. (وَٱتَّقُوا۟ ٱللَّهَ ۖ إِنَّ ٱللَّهَ شَدِيدُ ٱلْعِقَابِ)

حُرِّمَتْ عَلَيْكُمُ ٱلْمَيْتَةُ وَٱلدَّمُ وَلَحْمُ ٱلْخِنزِيرِ وَمَآ أُهِلَّ لِغَيْرِ ٱللَّهِ بِهِۦ وَٱلْمُنْخَنِقَةُ وَٱلْمَوْقُوذَةُ وَٱلْمُتَرَدِّيَةُ وَٱلنَّطِيحَةُ وَمَآ أَكَلَ ٱلسَّبُعُ إِلَّا مَا ذَكَّيْتُمْ

《4》 **നിങ്ങളുടെ മേൽ ശവവും രക്തവും, പന്നിമാംസവും, അല്ലാഹു അല്ലാത്തവർക്കുവേണ്ടി ശബ്ദം ഉയർത്തപ്പെട്ട [അറുക്കപ്പെട്ട]തും നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു; കുടുങ്ങിച്ചത്തതും, തല്ലിക്കൊല്ലപ്പെട്ടതും, വീണു ചത്തതും, കുത്തേറ്റു ചത്തതും, ദുഷ്ടജന്തു തിന്നതും (നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു); നിങ്ങൾ അറുത്തതൊഴികെ**

وَمَا ذُبِحَ عَلَى ٱلنُّصُبِ

ബലിപീഠത്തിങ്കൽ (അഥവാ പ്രതിഷ്ഠകളുടെ അടുക്കൽ)വെച്ച് അറുക്കപ്പെട്ടതും (നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു)-

وَأَن تَسْتَقْسِمُوا۟ بِٱلْأَزْلَـٰمِ ۚ ذَٰلِكُمْ فِسْقٌ ۗ

അമ്പുകോലുകൾ കൊണ്ടു നിങ്ങൾ ഓഹരി [ഭാഗ്യം] നോക്കലും (നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു). അത് തോന്നിയവാസമാകുന്നു.

《4》 حُرِّمَتْ ഹറാം (നിഷിദ്ധം) ആക്കപ്പെട്ടിരിക്കുന്നു عَلَيْكُمُ നിങ്ങളുടെ മേൽ

ٱلْمَيْتَةُ ശവം, ചത്തത് وَٱلدَّمُ രക്തവും, ചോരയും وَلَحْمُ മാംസവും ٱلْخِنزِيرِ പന്നിയുടെ وَمَآ أُهِلَّ ശബ്ദം ഉയർത്തപ്പെട്ടതും لِغَيْرِ ٱللَّهِ അല്ലാഹു അല്ലാത്തവർക്കുവേണ്ടി بِهِۦ അതുമൂലം وَٱلْمُنْخَنِقَةُ കുടുങ്ങിച്ചത്തതും وَٱلْمَوْقُوذَةُ തല്ലി (അടിച്ചു)ക്കൊല്ലപ്പെട്ടതും وَٱلْمُتَرَدِّيَةُ (ഉയരത്തിൽ നിന്ന്) വീണു ചത്തതും وَٱلنَّطِيحَةُ കുത്തേറ്റു ചത്തതും أَكَلَ തിന്നതും ٱلسَّبُعُ ദുഷ്ടമൃഗം, കാട്ടുജീവി إِلَّا مَا യാതൊന്നൊഴികെ ذَكَّيْتُمْ നിങ്ങൾ അറുത്ത وَمَا ذُبِحَ അറുക്കപ്പെട്ടതും عَلَى ٱلنُّصُبِ നാട്ടപ്പെട്ടതിന്മേൽ, ബലിപീഠത്തിങ്കൽ, പ്രതിഷ്ഠക്കൽ വെച്ചു وَأَن تَسْتَقْسِمُوا۟ നിങ്ങൾ ഓഹരി (ഭാഗ്യം) നോക്കലും بِٱلْأَزْلَٰمِ അമ്പുകോലുകൾ കൊണ്ട് ذَٰلِكُمْ അത്, അതൊക്കെ فِسْقٌ തോന്നിയവാസമാകുന്നു

ٱلْيَوْمَ يَئِسَ ٱلَّذِينَ كَفَرُوا۟ مِن دِينِكُمْ فَلَا تَخْشَوْهُمْ وَٱخْشَوْنِ ۚ

ഇന്നത്തെ ദിവസം, നിങ്ങളുടെ മതത്തെക്കുറിച്ച് അവിശ്വസിച്ചവർ നിരാശപ്പെട്ടിരിക്കുകയാണ്. എനി, നിങ്ങൾ അവരെ പേടിക്കരുത്; എന്നെ പേടിക്കുകയും ചെയ്യുവിൻ.

ٱلْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِى وَرَضِيتُ لَكُمُ ٱلْإِسْلَٰمَ دِينًا ۚ فَمَنِ ٱضْطُرَّ فِى مَخْمَصَةٍ غَيْرَ مُتَجَانِفٍ لِّإِثْمٍ ۙ فَإِنَّ ٱللَّهَ غَفُورٌ رَّحِيمٌ ﴿٣﴾

ഇന്നു നിങ്ങൾക്ക് നിങ്ങളുടെ മതം ഞാൻ പൂർത്തിയാക്കിത്തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്കു ഞാൻ പൂർണമാക്കിത്തരുകയും ചെയ്തിരിക്കുന്നു. മതമായി ഇസ്ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ടു തരുകയും ചെയ്തിരിക്കുന്നു. എനി, വല്ലവനും കുറ്റത്തിലേക്ക് ചായ്വ് കാണിക്കുന്നവനല്ലാത്ത നിലയിൽ പട്ടിണിയിൽ (പെട്ടു) നിർബന്ധിതനായിത്തീരുന്ന പക്ഷം, (അപ്പോൾ അതിനു വിരോധമില്ല). നിശ്ചയമായും, അല്ലാഹു വളരെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

ٱلْيَوْمَ ഇന്ന്, ഇന്നേ ദിവസം يَئِسَ നിരാശപ്പെട്ടിരിക്കുന്നു ٱلَّذِينَ كَفَرُوا۟ അവിശ്വസിച്ചവർ مِن دِينِكُمْ നിങ്ങളുടെ മതത്തെപ്പറ്റി فَلَا تَخْشَوْهُمْ എനി (അതിനാൽ)അവരെ നിങ്ങൾ പേടിക്കരുത് وَٱخْشَوْنِ എന്നെ നിങ്ങൾ പേടിക്കുകയും ചെയ്യുവിൻ ٱلْيَوْمَ ഇന്ന്, ഈ ദിവസം أَكْمَلْتُ لَكُمْ നിങ്ങൾക്കു ഞാൻ പൂർത്തിയാക്കിത്തന്നു دِينَكُمْ നിങ്ങളുടെ മതം وَأَتْمَمْتُ ഞാൻ പൂർണമാക്കുകയും ചെയ്തു عَلَيْكُمْ നിങ്ങൾക്ക്, നിങ്ങളിൽ نِعْمَتِى

لَكُمْ എന്റെ അനുഗ്രഹം وَرَضِيتُ ഞാൻ തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു لَكُمُ നിങ്ങൾക്ക് ٱلْإِسْلَٰمَ ഇസ്‌ലാമിനെ دِينًا മതമായിട്ട് فَمَنِ എന്നാൽ (എനി) ആരെങ്കിലും, ഏതൊരുവൻ ٱضْطُرَّ അവൻ നിർബന്ധിതനായി, കഷ്ടപ്പെട്ടു فِى مَخْمَصَةٍ പട്ടിണിയിൽ, വല്ല പട്ടിണിയിലും غَيْرَ مُتَجَانِفٍ ചായ്‌വു കാണിക്കാത്തവനായിക്കൊണ്ട് لِّإِثْمٍ കുറ്റത്തിലേക്ക്, വല്ല കുറ്റത്തിലേക്കും فَإِنَّ ٱللَّهَ എന്നാൽ നിശ്ചയമായും അല്ലാഹു غَفُورٌ വളരെ പൊറുക്കുന്നവനാണ് رَّحِيمٌ കരുണാനിധിയാണ്.

2-ാം വചനത്തിൽ കാലിജന്തുക്കൾ നിങ്ങൾക്ക് അനുവദനീയമാക്കപ്പെട്ടിരിക്കുന്ന വെന്ന് പറഞ്ഞപ്പോൾ, നിങ്ങൾക്ക് വഴിയെ ഓതിക്കേൾപ്പിക്കപ്പെടുന്നതൊഴികെ (إِلَّا مَا يُتْلَىٰ عَلَيْكُمْ) എന്ന് പറഞ്ഞിരുന്നുവല്ലോ. ഈ വചനത്തിൽ വിവരിക്കപ്പെട്ടവയാണ് അതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിൽ ഭക്ഷിക്കൽ നിഷിദ്ധമാക്കപ്പെട്ടതായി പ്രസ്താവിക്കപ്പെട്ട ആദ്യത്തെ നാലിനെയും ശവം, രക്തം, പന്നിമാംസം, അല്ലാഹു അല്ലാത്തവർക്കുവേണ്ടി ശബ്ദം ഉയർത്തപ്പെട്ടത് (അറുക്കപ്പെട്ടത്) എന്നിവയെ കുറിച്ചു സൂറത്തുൽ ബക്വറഃ 173 ൽ മുമ്പ് പ്രസ്താവിച്ചിട്ടുള്ളതാണ്. ആവശ്യമായ വിവരണവും അതിന്റെ വ്യാഖ്യാനത്തിൽ നാം നൽകിയിട്ടുണ്ട്. അതുകൊണ്ട് ഇവിടെ വീണ്ടും അതാവർത്തിക്കുന്നില്ല.

അവിടെ പ്രസ്താവിക്കപ്പെട്ടിട്ടില്ലാത്ത ചില വസ്തുക്കൾ കൂടി ഇവിടെ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. ഇതാണവ:

(1) الْمُنْخَنِقَةُ (**കുടുങ്ങിച്ചത്തത്**). സ്വയം കുടുങ്ങിയതായാലും അല്ലെങ്കിലും ശരി. വല്ല കുടുക്കിലും പെട്ട് ശ്വാസം മുട്ടിച്ചത്തതെല്ലാം ഇതിൽ ഉൾപ്പെടുന്നു.

(2) الْمَوْقُوذَةُ (**തല്ലിക്കൊല്ലപ്പെട്ടത്**). വടി മുതലായ മൂർച്ചയില്ലാത്ത വസ്തുക്കൾക്കൊണ്ട് അടിയേറ്റു ചത്തത്.

(3) الْمُتَرَدِّيَةُ (**വീണു ചത്തത്**). ഉയരത്തുനിന്ന് കീഴ്പ്പോട്ടു വീണോ കിണർ മുതലായ കുണ്ടുകളിൽ വീണോ ചത്തവ.

(4) النَّطِيحَةُ (**കുത്തേറ്റു ചത്തത്**). മറ്റൊരു മൃഗം കുത്തിയതു കൊണ്ടോ പരസ്പരം കുത്തിയോ ചത്തത്.

(5) مَآ أَكَلَ ٱلسَّبُعُ (**ദുഷ്ടമൃഗം തിന്നത്**). നരി, ചെന്നായ മുതലായ ഹിംസ്ര ജീവികളുടെ ആക്രമണം കൊണ്ട് ജീവൻപോയത്. ഈ അഞ്ചും വാസ്തവത്തിൽ ശവത്തിന്റെ ചില ഇനങ്ങളാകുന്നു. സാധാരണ ഗതിയിൽ സ്വയം ചത്തതല്ലാതെ, ഇങ്ങിനെയുള്ള പ്രത്യേക കാരണങ്ങളാൽ ജീവനാശം വന്നവ ശവത്തിൽ ഉൾപ്പെടുമോ, എന്ന് സംശയിക്കപ്പെടാമല്ലോ. ആ സംശയം അസ്ഥാനത്താണെന്നത്രെ ഈ വിശദീകരണം കാട്ടിത്തരുന്നത്.

കുടുക്കിൽ അകപ്പെടുക മുതലായ മേൽപറഞ്ഞ ഏതെങ്കിലും ഒരു അപകടത്തിൽ പെട്ടെങ്കിലും ചത്തുപോകുംമുമ്പായിപിടിച്ചു അറുക്കുവാൻ കഴിഞ്ഞാൽ അത് നിഷി

ദ്ധമല്ല. അതാണ് إِلَّا مَا ذَكَّيْتُمْ (നിങ്ങൾ അറുത്തതൊഴികെ) എന്ന് പറഞ്ഞത്. പക്ഷേ, അറുക്കുമ്പോൾ ശരിക്ക് ജീവനുണ്ടായിരിക്കണം. അറുത്തശേഷം കൈകാലുകൾ കുടയുക, പിടക്കുക മുതലായ ലക്ഷണങ്ങൾ കണ്ടാൽ അറവു മൂലമാണ് ജീവൻ പോയതെന്ന് മനസ്സിലാക്കാം. ഇല്ലാത്തപക്ഷം അതു ശവത്തിൽ പെട്ടതായിരിക്കും. അറുത്താൽ വിരോധമില്ലെന്നുള്ളത് ആദ്യം പറഞ്ഞ നാലിനും ബാധകമല്ല. കാരണം അറവുകൊണ്ടു ജീവൻപോയത് ശവമായിരിക്കയില്ല. രക്തത്തെ സംബന്ധിച്ചിടത്തോളം അറവ് സാധ്യവുമല്ല. പന്നിയാകട്ടെ, അറുത്താലും ഇല്ലെങ്കിലും നിഷിദ്ധം തന്നെ, പന്നിമാംസം (لَحْمُ ٱلْخِنزِيرِ) എന്ന് പേരെടുത്തു പറഞ്ഞതിൽനിന്നുതന്നെ അത് മനസ്സിലാക്കാം. കൂടാതെ, അത് മ്ലേച്ഛമായതാണ് (فَإِنَّهُۥ رِجْسٌ) എന്നു 6:145 ൽ അല്ലാഹു അതിനെ വിശേഷിപ്പിച്ചിട്ടുമുണ്ട്. അല്ലാഹു അല്ലാത്തവരുടെ നാമത്തിൽ അറുക്കപ്പെട്ടതും, അല്ലാഹു അല്ലാത്തവരുടെ പേരിൽ നേർച്ചവഴിപാടാക്കപ്പെട്ടതും അങ്ങിനെതന്നെ. അത് ശിർക്കിൽ പെട്ടതാകകൊണ്ട് അറവു നിമിത്തം അതു അനുവദനീയമാകുവാൻ പോകുന്നില്ല. അറവുമൂലം ആ ശിർക്കിനെ ദൃഢപ്പെടുത്തലായിരിക്കും ഉണ്ടായിത്തീരുക.

സൂറത്തുൽ ബക്വറഃയിലും മറ്റും പ്രസ്താവിക്കപ്പെട്ടിട്ടില്ലാത്ത ഒരു പുതിയ ഇനമാണ് ഇവിടെ 10-ാമത്തെതായി പ്രസ്താവിക്കപ്പെട്ടിരിക്കുന്ന مَا ذُبِحَ عَلَى ٱلنُّصُبِ (ബലിപീഠത്തിൽ അറുക്കപ്പെട്ടത്). ജാഹിലിയ്യാ കാലത്ത് കഅ്ബഃയുടെ ചുറ്റുപാടിലായി കുറേ കല്ലുകൾ പ്രതിഷ്ഠിക്കപ്പെട്ടിരുന്നു. വിഗ്രഹങ്ങൾക്ക് വഴിപാടായി അറുക്കപ്പെടുന്ന ബലിമൃഗങ്ങൾ ആ കല്ലുകളുടെ അടുക്കൽ വെച്ചാണ് അറുക്കപ്പെട്ടിരുന്നത്. ഇത്തരം 360 കല്ലുകൾ അന്നവിടെ പ്രതിഷ്ഠിക്കപ്പെട്ടിരുന്നുവത്രെ. ഇന്നും ക്ഷേത്രങ്ങളിൽ ബലികർമങ്ങൾ നടത്തുവാനായി സ്ഥാപിക്കപ്പെട്ട ബലിപീഠങ്ങൾ കാണാം. ചില മഹാത്മാക്കളുടെ ക്വബ്ർ സ്ഥാനങ്ങളിലേക്ക് ആട്, കോഴി മുതലായവയെ നേർച്ചനേരുകയും, അവിടെ കൊണ്ടുപോയി അറുക്കുകയും ചെയ്യുന്ന ഒരു സമ്പ്രദായം അന്ധവിശ്വാസത്തിൽ അടിയുറച്ച ചില മുസ്‌ലിംകൾക്കിടയിലും പതിവുണ്ട്. ഇതെല്ലാം ഈ ഇനത്തിൽ ഉൾപെട്ടതും തനി നിഷിദ്ധവുമാകുന്നു.

مَآ أُهِلَّ لِغَيْرِ ٱللَّهِ بِهِۦ (അല്ലാഹു അല്ലാത്തവർക്ക് വേണ്ടി ശബ്ദം ഉയർത്തപ്പെട്ടത്) എന്ന് പറഞ്ഞത് കൊണ്ടുദ്ദേശ്യം അല്ലാഹു അല്ലാത്തവരുടെ പേരിൽ അറുക്കപ്പെട്ടവയും അല്ലാഹു അല്ലാത്തവർക്ക് നേർച്ചയാക്കപ്പെട്ടവയുമാണെന്ന് സൂറത്തുൽ ബക്വറഃയിൽ വെച്ചു നാം കണ്ടുവല്ലോ. എന്നിരിക്കെ, അതുകൊണ്ടു മതിയാക്കാതെ مَا ذُبِحَ عَلَى ٱلنُّصُبِ (ബലിപീഠത്തിങ്കൽ വെച്ച് അറുക്കപ്പെട്ടവയും) എന്നുകൂടി പറഞ്ഞതിൽനിന്ന് ഒരു കാര്യം വ്യക്തമാകുന്നു. അതായത്; ബലി പീഠങ്ങളിലോ, ആ പേരു പറയപ്പെടുകയില്ലെങ്കിലും ബലി പീഠത്തിന്റെ സ്ഥാനം കൽപിക്കപ്പെടുന്ന മറ്റു സ്ഥലങ്ങളിലോ വെച്ച് അറുക്കപ്പെടുന്ന പക്ഷം ആ അറുക്കപ്പെടുന്ന വസ്തു അതേ കാരണം കൊണ്ടുമാത്രം ഹറാമായി (നിഷിദ്ധമായി)രിക്കുന്നതാണ്. അറുക്കുമ്പോൾ അല്ലാഹുവിന്റെ പേര് പറഞ്ഞുവോ ('ബിസ്മി' ചൊല്ലിയോ) ഇല്ലേ എന്നോ, അല്ലാഹുവിനോടുള്ള വഴിപാടായി അറുക്കപ്പെട്ടതാണോ അല്ലേ എന്നോ ഉള്ള വ്യത്യാസത്തിനൊന്നും ഇവിടെ പരിഗണനയില്ല. ഇമാം ഇബ്നു കഥീർ (റ) മുതലായവർ ഈ സംഗതി ഇവിടെ പ്രത്യേകം ചൂണ്ടിക്കാട്ടിയത് ശ്രദ്ധേയമാകുന്നു.

അറബികൾക്കിടയിൽ ഭക്ഷിക്കുക പതിവുണ്ടായിരുന്ന മ്ലേച്ഛങ്ങളായ ഈ പത്തു

വസ്തുക്കളെ നിഷിദ്ധങ്ങളായി പ്രഖ്യാപിച്ചതിനെത്തുടർന്ന് അവരിൽ പതിവുണ്ടായിരുന്ന മറ്റൊരു ദുരാചാരത്തെയും അല്ലാഹു നിഷിദ്ധമാക്കി പ്രഖ്യാപിക്കുന്നു. അതാണ് وَأَن تَسْتَقْسِمُواْ بِالْأَزْلَـٰمِ (അമ്പുകോലുകൾകൊണ്ട് ഓഹരി നോക്കലും-അഥവാ ഭാഗ്യ നിർഭാഗ്യവും ഗുണദോഷവും പരീക്ഷിക്കലും) എന്നു പറഞ്ഞത്. ഇതിന്റെ രൂപത്തെപ്പറ്റി ഒന്നിലധികം പ്രകാരത്തിലുള്ള നിവേദനങ്ങൾ കാണാം. മൊത്തത്തിൽ അതിന്റെ രൂപം ഇങ്ങിനെയാണ്: മുൻഭാഗത്ത് മുനയും, പിൻഭാഗത്തു തൂവലും ഘടിപ്പിക്കാത്ത അമ്പിൻ തണ്ടുപോലെയുള്ള അൽപം കൊള്ളിക്കഷ്ണങ്ങളും ഓരോന്നിലും ചില പ്രത്യേക അടയാളങ്ങളും വെച്ചിരിക്കും. അവ കൂട്ടിക്കിലുക്കി അതിൽ നിന്ന് ഒരു കൊള്ളി എടുക്കുക. അതിന്മേലുള്ള അടയാളത്തെ അടിസ്ഥാനമാക്കി ഭാഗ്യ നിർഭാഗ്യങ്ങളും ഉദ്ദിഷ്ട കാര്യങ്ങളുടെ ഗുണദോഷ ഫലങ്ങളും തീരുമാനിക്കുക. അതിനുള്ള അംഗീകൃതവും മതപരവുമായ ഒരു മാർഗമായിട്ടാണ് അവർ ഇതിനെ കണക്കായിരുന്നത്. അന്ധവിശ്വാസവും പ്രശ്നം നോക്കലുമാണിതെന്ന് മാത്രമല്ല, വിഗ്രഹങ്ങളുടെ ആശീർവാദങ്ങളോടു കൂടിയാണിത് നടത്തപ്പെടുന്നതും. ഇതൊക്കെ സൂചിപ്പിച്ചുകൊണ്ടാണ് അതിനെപ്പറ്റി ذَٰلِكُمْ فِسْقٌ (അത് തോന്നിയവാസമാണ്) എന്ന് അല്ലാഹു പ്രസ്താവിച്ചത്. ഈ വാക്ക് മേൽ പറഞ്ഞ പത്തു വസ്തുക്കളെയും ചൂണ്ടിക്കൊണ്ടുള്ളതായിരിക്കുവാനും സാധ്യതയുണ്ട്. അപ്പോൾ, അവയിൽ ഓരോന്നും ഉപയോഗിക്കുന്നത് തോന്നിയവാസമാണ് എന്നായിരിക്കും അർത്ഥം.

ഒന്നിലധികം പേർക്ക് തുല്യമായ അവകാശമോ അർഹതയോ ഉള്ള ഒരു വിഷയത്തിൽ-ഏതെങ്കിലും ചിലർക്ക് മുൻഗണന നൽകുവാൻ പ്രത്യേക കാരണം ഇല്ലാത്തപ്പോൾ-അതിൽ നേരിടുന്ന തർക്കത്തിനൊരു പരിഹാരമായി ചിലപ്പോൾ നറുക്കെടുപ്പു നടത്തുന്നതിന് ഇസ്‌ലാമിൽ അംഗീകാരം നൽകപ്പെട്ടിട്ടുണ്ട്. ഉദാഹരണമായി, നമസ്കാരത്തിൽ 'ഇമാമത്തിന്' (നേതൃത്വം വഹിക്കുന്നതിന്) ഒരേതരത്തിൽ അർഹരായ ഒന്നിലധികം ആളുകളുണ്ടായിരിക്കുകയും തർക്കം നേരിടുകയും ചെയ്താൽ നറുക്കുമൂലം അവരിൽ ഒരാളെ തീർച്ചപ്പെടുത്താവുന്നതാണ്. എന്നാൽ, ഏതെങ്കിലും കാര്യത്തിന്റെയോ, ആളുടെയോ ഭാഗ്യ നിർഭാഗ്യങ്ങളെയോ, ഗുണദോഷങ്ങളെയോ നിർണയിക്കുവാനുള്ള മാർഗമായി അത് അംഗീകരിക്കപ്പെട്ടിട്ടില്ല. അങ്ങിനെയുള്ള എല്ലാ തരം നറുക്കെടുപ്പുകളും, ഷോടതി, ചൂതാട്ടം, പ്രശ്നംവെക്കൽ, ശകുനംനോക്കൽ, ജോത്സ്യം പറയൽ മുതലായവയും ഇസ്‌ലാമിൽ വിരോധിക്കപ്പെട്ടവയാകുന്നു. (93, 94 വചനങ്ങളിൽ കൂടുതൽ വിവരം കാണാം)

ഒരു കാര്യത്തിൽ പ്രവേശിക്കുന്നത് നന്നായിരിക്കുമോ ഇല്ലേ എന്ന് മുൻകൂട്ടി അറിയുവാനുള്ള സാഹചര്യങ്ങളില്ലാത്തപ്പോൾ, വേണ്ടപ്പെട്ടത് തോന്നിപ്പിച്ചു തരുവാനും, അതിൽ സഹായം നൽകുവാനും വേണ്ടി അല്ലാഹുവിനോട് പ്രാർത്ഥിക്കുക. ഇതാണ് ഒരു മുസ്‌ലിമിനു ചെയ്‌വാനുള്ളത്. ഇതിനു ഏറ്റവും നല്ല രൂപം ഇന്നതാണെന്ന് നബി ﷺ നമുക്ക് പഠിപ്പിച്ചു തന്നിട്ടുമുണ്ട്. രണ്ടു റക്അത്ത് സുന്നത്ത് (നിർബന്ധമായി നിശ്ചയിക്കപ്പെടാത്ത നമസ്കാരം) നമസ്കരിക്കുക; അതിനു ശേഷം അവനവൻ ഉദ്ദേശിക്കുന്ന കാര്യം യഥാർത്ഥത്തിൽ നല്ലതാണെങ്കിൽ അതിനു വേണ്ടുന്ന സഹായം നൽകുവാനും, അല്ലാത്തപക്ഷം അതിൽ നിന്ന് തന്നെ ഒഴിവാക്കിത്തരുവാനും അല്ലാഹുവിനോട് ഹൃദയംഗമമായി പ്രാർത്ഥിക്കുക. ഇതാണതിന്റെ ചുരുക്കം. ഇമാം അഹ്മദ്, ബുഖാരി (റ) മുതലായ പ്രധാന ഹദീഥ് പണ്ഡിതന്മാർ രേഖപ്പെടുത്തിയിട്ടുള്ള ആ ഹദീഥും, നബി ﷺ പഠിപ്പിച്ചു തന്ന ആ പ്രാർത്ഥനയുടെ മൂലവും പൂർണ രൂപവും

അടക്കം സൂഃ ക്വസ്വസ് 68-ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ ഉദ്ധരിച്ചിട്ടുണ്ട്. അവിടെ നോക്കുക.

സത്യവിശ്വാസികളെ സംബന്ധിച്ച് വളരെയേറെ സന്തോഷകരമായ രണ്ടു കാര്യങ്ങളാണ് പിന്നീട് അല്ലാഹു ഈ വചനത്തിൽ അറിയിക്കുന്നത്.

(1) അവിശ്വാസികൾ ഇന്ന് നിങ്ങളുടെ മതത്തെ സംബന്ധിച്ചു നിരാശപ്പെട്ടിരിക്കുന്നു. എനി, നിങ്ങൾ അവരെ പേടിക്കേണ്ട, എന്നെ-അതെ, എന്നെ മാത്രം-പേടിച്ചുകൊള്ളുക (ٱلْيَوْمَ يَئِسَ ٱلَّذِينَ كَفَرُوا۟...) അതായത്, നിങ്ങളുടെ മതത്തെ കുറേ കഴിയുമ്പോൾ നിങ്ങൾ കയ്യൊഴിച്ചേക്കും, അല്ലെങ്കിൽ അതിൽ കുറേയൊക്കെ വിട്ടുവീഴ്ചകൾക്ക് നിങ്ങൾ തയ്യാറായേക്കും എന്നിങ്ങനെ പല പ്രതീക്ഷകളും ആശകളും അവിശ്വാസികൾ വെച്ചു പുലർത്തിയിരുന്നു. അതെല്ലാം ഇപ്പോൾ അവർക്ക് നഷ്ടപ്പെട്ടിരിക്കയാണ്. നിങ്ങൾ ഒരിക്കലും ഇസ്‌ലാമിനെ കയ്യൊഴിക്കുകയോ, അവരുടെ മതത്തിലേക്കു മടങ്ങുകയോ ചെയ്കയില്ല; ഇസ്‌ലാമിനെ നശിപ്പിക്കുവാനോ നിങ്ങളെ ഉന്മൂലനം ചെയ്യുവാനോ അവർക്ക് സാധ്യമല്ല! അവർക്കുവേണ്ടി മതത്തിൽ ഒരു വിട്ടുവീഴ്ചക്കും നിങ്ങൾ തയ്യാറാകുകയില്ല എന്നൊക്കെ അവർക്കിപ്പോൾ ബോധ്യമായിക്കഴിഞ്ഞിട്ടുണ്ട്. അവരുടെ ശൗര്യവും, വീര്യവുമെല്ലാം നശിച്ചു പരാജയബോധം വന്നു കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് മേലിൽ അവരെപ്പറ്റി നിങ്ങൾ പേടിക്കേണ്ടതായി ഒന്നുമില്ല. എന്നാൽ, അല്ലാഹുവിനെക്കുറിച്ചുള്ള പേടി കൈവിടുകയും അരുത്. അവൻ നിങ്ങളെ സഹായിക്കുകയും കൂടുതൽ ശക്തിപ്പെടുത്തുകയും ചെയ്യും എന്ന് താൽപര്യം. ഈ വചനം അവതരിക്കുമ്പോൾ അറേബ്യ മുഴുവനും ഇസ്‌ലാമിന് അധീനമായിക്കഴിഞ്ഞിട്ടുണ്ടെന്ന് താഴെ ഉദ്ധരിക്കുന്ന ഉമർ (റ)ന്റെ പ്രസ്താവനയിൽ നിന്ന് മനസ്സിലാക്കാം. നബി ﷺ ഒരിക്കൽ ഇങ്ങനെ പറയുകയുണ്ടായി: 'നമസ്കരിക്കുന്ന ആളുകൾ (സത്യവിശ്വാസികൾ) അറേബ്യാ ദ്വീപിൽ പിശാചിനെ ആരാധിക്കുന്നതിനെക്കുറിച്ച് അവൻ നിരാശപ്പെട്ടിട്ടുണ്ട്. പക്ഷേ, അവർക്കിടയിൽ വഴക്കടിപ്പിക്കുന്നതിൽ (അവന്റെ ആശ നശിച്ചിട്ടില്ല)' (മുസ്‌ലിം).

(2) ഇന്ന് നിങ്ങൾക്ക് നിങ്ങളുടെ മതം ഞാൻ പൂർത്തിയാക്കി തന്നിരിക്കുന്നു. എന്റെ അനുഗ്രഹം ഞാൻ നിങ്ങളിൽ പരിപൂർണമാക്കുകയും, ഇസ്‌ലാമിനെ ഞാൻ നിങ്ങൾക്ക് മതമായി തൃപ്തിപ്പെട്ടു തരുകയും ചെയ്തിരിക്കുന്നു. (ٱلْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ ...) ഏതൊരു മതത്തെ ലോകത്ത് നിലനിറുത്തുവാൻ വേണ്ടി സത്യവിശ്വാസികൾ ചരിത്രത്തിൽ ഇണകാണാത്ത കഷ്ടനഷ്ടങ്ങൾ ഇതഃപര്യന്തം സഹിച്ചുകൊണ്ടിരുന്നുവോ ആ മതത്തെ-ഇസ്‌ലാമിനെ-അല്ലാഹു അവർക്ക് ഇപ്പോൾ പൂർത്തിയാക്കികൊടുത്തിരിക്കുകയാണ്. അഥവാ മതത്തിൽ ആവശ്യമായ സർവ്വ നിയമ നിർദ്ദേശങ്ങളും പ്രശ്നപരിഹാരങ്ങളും ഇപ്പോൾ നൽകിക്കഴിഞ്ഞിരിക്കുന്നു. അതിൽ എനി ഒന്നും കൂട്ടുകയോ കുറക്കുകയോ ചെയ്യേണ്ടതില്ല. ഒരു റസൂലോ വേദഗ്രന്ഥമോ എനി വരേണ്ടുന്ന ആവശ്യവുമില്ല. കാലദേശ വ്യത്യാസം കൂടാതെ മനുഷ്യ നന്മക്കാവശ്യമായതെല്ലാം അവതരിപ്പിച്ചു തന്നിരിക്കുന്നു. ലോകത്ത് മതങ്ങൾ പലതുണ്ടെങ്കിലും അല്ലാഹു ഇഷ്ടപ്പെടുന്ന മതം ഇസ്‌ലാം ഒന്നു മാത്രമാണ്. അത് നൽകുക വഴി അവന്റെ പരിപൂർണമായ അനുഗ്രഹം അതിന്റെ അനുയായികളായ നിങ്ങൾക്ക് കിട്ടിക്കഴിഞ്ഞിരിക്കുന്നു. അതിലുപരിയായി ഒരനുഗ്രഹവും മനുഷ്യർക്ക് ലഭിക്കുവാനില്ല. എല്ലാ നന്മയുടെയും വിജയത്തിന്റെയും ഉറവിടം അതാണ്. എന്നൊക്കെയുള്ള സന്തോഷവാർത്തകളാണ് ഇതിൽ

അടങ്ങിയിരിക്കുന്നത്. ഈ വചനം അവതരിച്ചതിനു ശേഷം ഏതാനും ചില ക്വുർആൻ സൂക്തങ്ങളൊക്കെ അവതരിച്ചിട്ടുണ്ടെങ്കിലും നിയമപരമായ പുതിയ വിധികളൊന്നും പിന്നീട് അവതരിക്കുകയുണ്ടായിട്ടില്ല.

അഹ്മദ്, ബുഖാരി, മുസ്‌ലിം (റ) മുതലായവർ ഇപ്രകാരം നിവേദനം ചെയ്തിരിക്കുന്നു: യഹൂദനായ ഒരാൾ ഉമർ (റ)ന്റെ അടുക്കൽ വന്നിട്ടു പറഞ്ഞു: 'അമീറുൽ മുഅ്മിനീൻ! നിങ്ങളുടെ ഗ്രന്ഥത്തിൽ നിങ്ങൾ ഒരു ആയത്ത് (സൂക്തം) ഓതി വരുന്നു. യഹൂദികളായ ഞങ്ങൾക്കായിരുന്നു അതു അവതരിച്ചതെങ്കിൽ ഞങ്ങൾ ആ ദിവസത്തെ ഒരു ഉൽസവ ദിവസമാക്കുമായിരുന്നു'. ഉമർ (റ) ചോദിച്ചു: 'ഏത് ആയത്താണത്?' യഹൂദൻ മറുപടി പറഞ്ഞു ٱلْيَوْمَ أَكْمَلْتُ لَكُمْ الخ എന്നുള്ളതാണത്.' അപ്പോൾ ഉമർ (റ) പറഞ്ഞു: 'റസൂൽ ﷺ തിരുമേനിക്ക് ഈ ആയത്ത് അവതരിച്ച ദിവസവും, അവതരിച്ച നാഴികയും എനിക്ക് തീർച്ചയായും അറിയാം. അറഫാ ദിവസവും ഒരു വെള്ളിയാഴ്ച വൈകുന്നേരവുമാണത് അവതരിച്ചത്. ഞങ്ങളെ സംബന്ധിച്ചേടത്തോളം അതിനായി ഒരു പുതിയ ഉൽസവ ദിവസം എനി ഏർപ്പെടുത്തേണ്ടുന്ന ആവശ്യമില്ല. അറഫാ ദിവസവും, വെള്ളിയാഴ്ച ദിവസവും മുസ്‌ലിംകൾക്ക് മുമ്പേ ആഘോഷ ദിവസങ്ങളാണ് എന്നത്രെ ഉമർ (റ) പറഞ്ഞതിന്റെ സാരം. ഹിജ്റഃ 9-ാം കൊല്ലത്തിൽ ഉണ്ടായ നബി ﷺയുടെ ഹജ്ജത്തുൽ വിദാഉ് (حجة الوداع) എന്ന വിശ്രുത ഹജ്ജിലായിരുന്നു ഇതിന്റെ അവതരണം. അന്നത്തെ അറഫാദിനം വെള്ളിയാഴ്ചയായിരുന്നു താനും. ഈ വചനം അവതരിച്ചതിനു ശേഷം നബി തിരുമേനി ﷺ 81 ദിവസമേ ജീവിച്ചിരുന്നിട്ടുള്ളൂവെന്ന് ഇബ്നു ജരീറും (റ) മറ്റും രിവായത്ത് ചെയ്തിരിക്കുന്നു.

ഭക്ഷിക്കുവാൻ പാടില്ലാത്ത വസ്തുക്കളെപ്പറ്റി വിവരിച്ചതിനെ തുടർന്നാണല്ലോ ഈ രണ്ടു കാര്യങ്ങളും അല്ലാഹു അറിയിച്ചിരിക്കുന്നത്. അപ്പോൾ അതിനു മുമ്പവതരിച്ച നിയമങ്ങൾ പൊതുവിലും, ഈ നിയമം പ്രത്യേകിച്ചും മാറ്റം വരാത്തതാണെന്നും അലംഘനീയമാണെന്നും വന്നു. എനി, വല്ല പരിതഃസ്ഥിതിയിലും ആ നിഷിദ്ധമായ വസ്തുക്കളല്ലാതെ മറ്റൊന്നും ഭക്ഷിക്കുവാൻ കിട്ടാതെ പട്ടിണി കിടന്നു കഷ്ടപ്പെടേണ്ടിവന്നാൽ എന്തു ചെയ്യും? ഇതിനുള്ള മറുപടികൂടി നൽകിക്കൊണ്ടാണ് അല്ലാഹു ഈ വചനം അവസാനിപ്പിക്കുന്നത്. فَمَنِ ٱضْطُرَّ فِى مَخْمَصَةٍ ..... غَفُورٌ رَّحِيمٌ (വല്ലവനും കുറ്റത്തിലേക്ക് ചായ്‌വു കാണിക്കുന്നവനല്ലാത്ത നിലക്ക് പട്ടിണിയിൽപെട്ടു നിർബന്ധിതനായി ത്തീർന്നാൽ, അപ്പോൾ അല്ലാഹു പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു) അങ്ങനെ നിർബന്ധിതാവസ്ഥയിൽപെട്ടു കഷ്ടപ്പെടുന്ന പക്ഷം, ഒരു കരുതിക്കൂട്ടലോ താൽപര്യമെടുക്കലോ ഇല്ലാതെ അത്യാവശ്യമായ അളവിൽ മാത്രം ആ നിഷിദ്ധ വസ്തുക്കൾ ഏതെങ്കിലും ഉപയോഗിച്ചുകൊള്ളുന്നതിന് വിരോധമില്ല. അതു അല്ലാഹു പൊറുത്തുകൊടുക്കും . അവൻ കരുണയുള്ളവനാണല്ലോ എന്ന് സാരം. ഇവിടെ غَيْرَ مُتَجَانِفٍ لِّإِثْمٍ (കുറ്റത്തിലേക്ക് ചായ്‌വ് കാണിക്കുന്നവനായിട്ടല്ലാതെ) എന്ന് പറഞ്ഞതിന്റെ സ്ഥാനത്ത് സൂഃ ബക്വറഃ 173 ൽ ഉള്ളത് غَيْرَ بَاغٍ وَلَا عَادٍ (നിയമലംഘനം കാംക്ഷിക്കുന്നവനും അതിരുവിട്ടവനുമല്ലാത്ത നിലയിൽ) എന്നാകുന്നു. രണ്ടും ഒരേ സാരത്തിൽ കലാശിക്കുന്നു. കുറ്റകരമായ വല്ല പ്രവർത്തനങ്ങളിലും ഏർപ്പെട്ടതു നിമിത്തം ഉണ്ടായിത്തീരുന്ന നിർബന്ധിതാവസ്ഥയിൽ ഈ ഇളവ് അനുവദിക്കപ്പെടുകയില്ലെന്ന് ഈ വാക്കുകളെ ആധാരമാക്കി ഇമാം ശാഫിഈ (റ) മുതലായ ചില മഹാന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. ഈ അഭിപ്രായം പ്രത്യക്ഷത്തിൽ ശരിയാണ്.

പക്ഷേ-ഇബ്നുജരീർ (റ) മുതലായവർ ചൂണ്ടിക്കാട്ടിയതുപോലെ-ജീവൻപോലും അപകടത്തിലാകുമാറ് കുറ്റകൃത്യം ചെയ്തതു തെറ്റു തന്നെ. എങ്കിലും നിഷിദ്ധമായ വസ്തുക്കളെ ഉപയോഗിച്ചിട്ടെങ്കിലും അതിൽ നിന്നു രക്ഷപ്പെടുവാൻ മാർഗമുള്ളപ്പോൾ അത് ഉപയോഗിക്കാതെ ആത്മഹത്യക്ക് വിധേയനാകുന്നതു മറ്റൊരു തെറ്റുംകൂടിയായിരിക്കുമല്ലോ.

അനിവാര്യമായ ഘട്ടത്തിൽ ചെയ്തുപോകുന്ന ആ തെറ്റ് പൊറുത്തുകൊടുക്കുന്നവനാണ് അല്ലാഹു എന്ന് പറഞ്ഞു മതിയാക്കാതെ, അവൻ കരുണാനിധിയാണ് എന്നുകൂടി പറഞ്ഞിരിക്കുന്നത് നോക്കുക. അവന്റെ കാരുണ്യാധിക്യംകൊണ്ടാണ് ഇങ്ങിനെയുള്ള ഇളവ് നൽകുന്നതെന്നും, മനുഷ്യനെ കഷ്ടപ്പെടുത്തി ഞെരുക്കുവാൻ അവൻ ഉദ്ദേശിക്കുന്നില്ലെന്നുമാണ് അത് സൂചിപ്പിക്കുന്നത്. ഒരു ഹദീഥിൽ നബി ﷺ പറയുന്നു: 'നിശ്ചയമായും, അല്ലാഹുവിനോട് അനുസരണക്കേട് കാണിക്കുന്നതിനെ അവൻ വെറുക്കുന്നതുപോലെ, അവന്റെ ഇളവു (വിട്ടുവീഴ്ച)കളെ സ്വീകരിക്കുന്നതിനെ അവൻ ഇഷ്ടപ്പെടുകയും ചെയ്യുന്നു' (അ, ഇബ്നു ഹിബ്ബാൻ)

يَسْـَٔلُونَكَ مَاذَآ أُحِلَّ لَهُمْ ۖ قُلْ أُحِلَّ لَكُمُ ٱلطَّيِّبَٰتُ ۙ وَمَا عَلَّمْتُم مِّنَ ٱلْجَوَارِحِ مُكَلِّبِينَ تُعَلِّمُونَهُنَّ مِمَّا عَلَّمَكُمُ ٱللَّهُ ۖ

﴾5﴿ (നബിയേ) എന്താണ് അവർക്ക് അനുവദിക്കപ്പെട്ടിരിക്കുന്നത് എന്ന് അവർ നിന്നോട് ചോദിക്കുന്നു. പറയുക:- (നല്ല) വിശിഷ്ടമായ വസ്തുക്കൾ നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു. അല്ലാഹു നിങ്ങൾക്ക് പഠിപ്പിച്ചുതന്നതിൽ നിന്ന് (ചിലത്) പഠിപ്പിച്ചുകൊണ്ട് നിങ്ങൾ നായാട്ട് പരിശീലിപ്പിക്കുന്ന നിലയിൽ വേട്ട ജന്തുക്കളിൽപെട്ട വല്ലതിനെയും നിങ്ങൾ പഠിപ്പിക്കുന്നതായാൽ,

فَكُلُوا۟ مِمَّآ أَمْسَكْنَ عَلَيْكُمْ وَٱذْكُرُوا۟ ٱسْمَ ٱللَّهِ عَلَيْهِ ۖ وَٱتَّقُوا۟ ٱللَّهَ ۚ

അപ്പോൾ, അവ നിങ്ങൾക്കായി പിടിച്ചു തന്നതിൽനിന്നും നിങ്ങൾ തിന്നുകൊള്ളുവിൻ, അതിൽ അല്ലാഹുവിന്റെ നാമം നിങ്ങൾ പറയുകയും ചെയ്യുവിൻ. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യണം.

إِنَّ ٱللَّهَ سَرِيعُ ٱلْحِسَابِ ﴿٤﴾

നിശ്ചയമായും, അല്ലാഹു വേഗം വിചാരണ നടത്തുന്നവനാകുന്നു.

﴾5﴿ يَسْأَلُونَكَ അവർ നിന്നോട് ചോദിക്കുന്നു, ചോദിക്കും مَاذَا എന്താണ് أُحِلَّ لَهُمْ അവർക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു قُلْ നീ പറയുക أُحِلَّ لَكُمُ നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു الطَّيِّبَاتُ നല്ല (ശുദ്ധമായ-വിശിഷ്ട) വസ്തുക്കൾ وَمَا عَلَّمْتُمْ

നിങ്ങൾ പഠിപ്പിക്കുന്നത്, വല്ലതിനെയും പഠിപ്പിച്ചാൽ مِنَ الْجَوَارِحِ വേട്ട ജന്തുക്കളിൽ നിന്ന് مُكَلِّبِينَ നായാട്ട് പരിശീലിപ്പിക്കുന്നവരായി تُعَلِّمُونَهُنَّ അവയെ നിങ്ങൾ പഠിപ്പിച്ചുകൊണ്ട് مِمَّا عَلَّمَكُمُ നിങ്ങളെ പഠിപ്പിച്ചതിൽ നിന്ന് اللَّهُ അല്ലാഹു فَكُلُوا എന്നാൽ നിങ്ങൾ തിന്നുകൊള്ളുവിൻ مِمَّا أَمْسَكْنَ അവ പിടിച്ച (പിടിച്ചു തന്ന)തിൽ നിന്ന് عَلَيْكُمْ നിങ്ങൾക്ക്, നിങ്ങളുടെ പേരിൽ وَاذْكُرُوا നിങ്ങൾ പറയുക (സ്മരിക്കുക)യും ചെയ്‌വിൻ اسْمَ اللَّهِ അല്ലാഹുവിന്റെ നാമം عَلَيْهِ അതിൽ, അതിന്റെ മേൽ وَاتَّقُوا നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുക اللَّهَ അല്ലാഹുവിനെ إِنَّ اللَّهَ നിശ്ചയമായും അല്ലാഹു سَرِيعُ വേഗമുള്ളവനാണ് الْحِسَابِ വിചാരണ

കഴിഞ്ഞ വചനത്തിൽ ഭക്ഷിക്കൽ ഹറാമായ (നിഷിദ്ധമായ) ഏതാനും വസ്തുക്കളെപ്പറ്റി വിവരിച്ചപ്പോൾ, ഭക്ഷിക്കൽ ഹലാലായ (അനുവദനീയമായ) വസ്തുക്കൾ ഏതൊക്കെയാണ് എന്ന ഒരു ചോദ്യം സ്വാഭാവികമായും ഉണ്ടാകുമല്ലോ. അതിന് ഈ വചനത്തിൽ അല്ലാഹു മറുപടി നൽകുന്നു. എന്നാൽ, അനുവദനീയമായ വസ്തുക്കളുടെ ഒരു പട്ടിക നിരത്തുകയല്ല ഈ മറുപടിയിൽ അല്ലാഹു ചെയ്തിരിക്കുന്നത്. അനുവദിക്കപ്പെട്ടവയെ എണ്ണിപ്പറയുന്ന പക്ഷം ആ പട്ടിക നിഷിദ്ധ വസ്തുക്കളുടെതുപോലെ കേവലം ചെറുതായിരിക്കയില്ല. വളരെ നീണ്ടതുതന്നെയായിരിക്കും. അതുകൊണ്ട് അനുവദനീയമായ വസ്തുക്കളെ മനസ്സിലാക്കുവാൻ ഉതകുന്ന ഒരു പൊതുതത്വം ചൂണ്ടിക്കാട്ടുകയാണ് അല്ലാഹു ചെയ്തിരിക്കുന്നത്. നല്ല വിശിഷ്ടമായ വസ്തുക്കളെല്ലാം അനുവദനീയമാക്കപ്പെട്ടിരിക്കുന്നു (أُحِلَّ لَكُمُ الطَّيِّبَاتُ) എന്നത്രെ മറുപടി. 'നല്ലവ, പരിശുദ്ധമായവ, വിശിഷ്ടമായവ, ഹൃദ്യമായവ എന്നൊക്കെ സന്ദർഭമനുസരിച്ച് വിവർത്തനം നൽകാവുന്ന വാക്കാണ് طَيِّبات (ത്വയ്യിബാത്ത്) 'രുചികരമായ അഥവാ സ്വാദിഷ്ടമായ (المستلذات)' എന്നതിന്റെ സാക്ഷാൽ അർത്ഥം. (*) മ്ലേച്ഛതയിൽനിന്നോ, പാപത്തിൽ നിന്നോ ശുദ്ധമായിട്ടുള്ളവ എന്ന ഉദ്ദേശ്യത്തിലും അത് ഉപയോഗിക്കപ്പെടാറുണ്ട്. ഖുർആനിലും ഈ അർത്ഥങ്ങളിൽ അത് ഉപയോഗിക്കപ്പെട്ടിരിക്കുന്നു.

ആദ്യം പറഞ്ഞ അർത്ഥമാണ് ഇവിടെ കൂടുതൽ യോജിക്കുന്നതും, ഖുർആൻ വ്യാഖ്യാതാക്കൾ പൊതുവെ സ്വീകരിച്ചിട്ടുള്ളതും. എന്നാൽ, അങ്ങിനെയുള്ള വസ്തുക്കൾക്ക് ഒരു നിർവ്വചനമോ പരിധിയോ നിശ്ചയിക്കുന്നതിൽ പണ്ഡിതന്മാർക്കിടയിൽ വ്യത്യസ്തമായ വീക്ഷണഗതികൾ കാണാം. അത് കേവലം സ്വാഭാവികമാണ് താനും. ശുദ്ധ പ്രകൃതിക്കാരും, നാഗരികതയും സംസ്കാരവും സിദ്ധിച്ചവരുമായ ജനങ്ങൾക്കിടയിൽ വെറുപ്പും അറപ്പും തോന്നപ്പെടാത്തതെല്ലാം 'ത്വയ്യിബാത്തി'ൽ പെടുമെന്നാണ് ഭൂരിപക്ഷാഭിപ്രായവും കൂടുതൽ യുക്തമായതും എന്ന് പറയാം. ഖുർആൻ അവതരിച്ച കാലത്തെ അറബികളുടെ പൊതുനിലയാണ് പരിഗണിക്കപ്പെടേണ്ടതെന്നും മറ്റും വേറെയും അഭിപ്രായങ്ങളുണ്ട്. ഏറ്റക്കുറവുണ്ടായിരിക്കുമെങ്കിലും ആ അഭിപ്രായങ്ങൾ ഒന്നും തന്നെ വിമർശനങ്ങളിൽ നിന്ന് ഒഴിവല്ല. ഏതായാലും അല്ലാഹു നിഷിദ്ധമാക്കിയിട്ടുള്ള വസ്തുക്കളിൽ അടങ്ങിയ വ്യക്തമായ ദോഷവശങ്ങൾ ഇല്ലാത്തതും, അവ നിഷിദ്ധമാക്കുവാൻ കാരണമായ തത്വങ്ങൾ ഉൾക്കൊള്ളാത്തവയും ആയിരിക്കുമ്പോഴേ അവക്ക് 'ത്വയ്യിബാത്ത്' എന്ന്പറയാവൂ. ഇതിൽ ആർക്കും തർക്കത്തിനവകാശമില്ല.

(*) كما في مفردات الامام الراغب – رحـ.

നല്ലതും വിശിഷ്ടവുമായ കാര്യങ്ങൾ അനുവദനീയമായിരിക്കുക, ചീത്തയും അശുദ്ധവുമായ കാര്യങ്ങൾ നിഷിദ്ധങ്ങളായിരിക്കുക എന്നുള്ളത് ഇസ്ലാമിലെ മൗലികമായ ഒരു പൊതു തത്വമത്രെ. റസൂൽ തിരുമേനി ﷺയുടെ ദൗത്യോദ്യമങ്ങൾ വിവരിക്കുന്ന കൂട്ടത്തിൽ അല്ലാഹു പറയുന്നു: وَيُحِلُّ لَهُمُ ٱلطَّيِّبَٰتِ وَيُحَرِّمُ عَلَيْهِمُ ٱلْخَبَٰٓئِثَ - الاعراف (അദ്ദേഹം അവർക്ക് നല്ല വിശിഷ്ടമായവയെ അനുവദനീയമാക്കിക്കൊടുക്കുകയും, ദുഷിച്ചു ചീത്തയായവയെ അവരിൽ നിഷിദ്ധമാക്കുകയും ചെയ്യും. (അഅ്റാഫ് 157) ഒരു വാസ്തവം ഓർക്കേണ്ടതുണ്ട്: അല്ലാഹുവോ അവന്റെ റസൂലോ ഒരു കാര്യം നിഷിദ്ധമാണെന്ന് വിധിച്ചാൽ പിന്നെ, അത് നല്ലതെന്നോ പരിശുദ്ധമായതെന്നോ വിധിക്കുവാനും കണക്കാക്കുവാനും ആർക്കും അവകാശമില്ല. നേരെമറിച്ചു ഒരു കാര്യം അനുവദനീയമെന്ന് അല്ലാഹുവും റസൂലും വിധിച്ചാൽ പിന്നെ അത് ചീത്തയോ അശുദ്ധമോ എന്ന് പറയുവാനും ആർക്കും നിവൃത്തിയില്ല. അല്ലാഹുവും റസൂലും ഒന്നു നിഷിദ്ധമാക്കിയാൽ അത് ദുഷിച്ചതും അല്ലാഹുവും റസൂലും അനുവദനീയമാക്കിയാൽ അത് വിശിഷ്ടമായതും തന്നെ സംശയമില്ല.

അല്ലാഹുവിന്റെയും റസൂലിന്റെയും വചനങ്ങളിൽ-ഖുർആനിലും സുന്നത്തിലും-രണ്ടിലൊരു വിധി വ്യക്തമാക്കപ്പെട്ടിട്ടില്ലാത്ത വസ്തുക്കളിൽ ഏതെങ്കിലും ചിലതിനെപ്പറ്റി അവ വിശിഷ്ടമോ നികൃഷ്ടമോ-ശുദ്ധമോ അശുദ്ധമോ-(ത്വയ്യിബോ ഖബീഥോ) എന്നുള്ളതിൽ പണ്ഡിതന്മാർക്കിടയിൽ ഏകാഭിപ്രായമുണ്ടായിരിക്കുവാൻ പ്രയാസമായിരിക്കും. ഇതിൽ നിന്നാണ് ചില വസ്തുക്കളെപ്പറ്റി അവ ഭക്ഷിക്കുവാൻ പാടുണ്ടെന്നും ഇല്ലെന്നും അഭിപ്രായ വ്യത്യാസം ഉണ്ടായിത്തീരുന്നത്. അത് കേവലം സ്വാഭാവികമാണ്. അതുകൊണ്ട് സംശയം നേരിടുമ്പോൾ, അല്ലാഹുവിന്റെയും റസൂലിന്റെയും പ്രസ്താവനകളും അവയിലടങ്ങിയ തത്വങ്ങളും ആസ്പദമാക്കി കൂടുതൽ സൂക്ഷ്മവും സുരക്ഷിതവുമായ അഭിപ്രായം സ്വീകരിക്കലാണ് ഈ വിഷയത്തിൽ കരണീയമെന്ന് ചുരുക്കത്തിൽ പറയാം.

ഭക്ഷിക്കുവാൻ അനുവദിക്കപ്പെട്ടവയെപ്പറ്റി മൊത്തത്തിൽ പ്രസ്താവിച്ചശേഷം, വേട്ടജന്തുക്കൾ പിടിച്ചു കൊണ്ടുവരുന്ന ജീവികളെപ്പറ്റി അല്ലാഹു പ്രത്യേകം ഉണർത്തിയിരിക്കുന്നു. അവ ശവങ്ങളുടെ കൂട്ടത്തിൽപെടുമോ എന്ന് സംശയിക്കപ്പെടുവാൻ ന്യായമുണ്ടല്ലോ. അല്ലാഹു മനുഷ്യർക്ക് പലതരം അറിവുകളും നൽകി അനുഗ്രഹിച്ചിട്ടുണ്ട്. നായാട്ട് നടത്തി ഭക്ഷ്യവസ്തുക്കളെ സമ്പാദിക്കുവാനും, അതിനായി ചില മൃഗങ്ങളെയും പക്ഷികളെയും നായാട്ട് പരിശീലിപ്പിക്കാനുള്ള അറിവും അക്കൂട്ടത്തിൽ ചിലതത്രെ. അങ്ങിനെ പരിശീലിപ്പിച്ച ജന്തുക്കൾ അവയുടെ സ്വന്താവശ്യാർത്ഥമല്ലാതെ അവയുടെ യജമാനന്മാരുടെ ആവശ്യാർത്ഥം-വല്ല ജീവികളെയും പിടിച്ചുകൊണ്ടുവന്നു കൊടുത്താൽ അവ ചത്തു പോയിട്ടുണ്ടെങ്കിൽ തന്നെയും അത് ഭക്ഷിക്കാവുന്നതാണ് എന്ന് അല്ലാഹു അറിയിക്കുന്നു. വേട്ടജന്തുക്കൾ (الجوارح) എന്ന് പറഞ്ഞതിൽ വേട്ടക്കു ഉപയോഗിപ്പെടുത്തുന്ന നായ, നരി, പ്രാപ്പിടിയൻ മുതലായ മൃഗങ്ങളും പക്ഷികളും ഉൾപെടും. നിങ്ങൾക്കായി പിടിച്ചു കൊണ്ടുവന്നത് (مَآ أَمْسَكْنَ عَلَيْكُمْ) എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം അവയുടെ സ്വന്തം ആവശ്യത്തിനു വേണ്ടി പിടിച്ചതാവരുത് -അവയെ വിട്ടയച്ച യജമാനനു വേണ്ടിയായിരിക്കണം പിടിച്ചത്- എന്നുമാകുന്നു. പരിശീലനം നൽകുന്നതിന്റെ ഉദ്ദേശ്യവും അതാണല്ലോ. പരിശീലിപ്പിക്കപ്പെടാത്ത നായ മുതലായ ജന്തുക്കൾ വല്ല ജീവിയെയും പിടിച്ചു കൊണ്ടുവന്നാൽ, അവ ചത്തു പോയിട്ടുണ്ടെങ്കിൽ നിഷിദ്ധമാണെന്ന് ഈ വചനത്തിൽ നിന്ന് വ്യക്തമാണ്. ഉരുവിൽ നിന്ന് അതിനെ പിടിച്ചു കൊണ്ടുവന്ന വേട്ടജന്തു ഒട്ടും ഭക്ഷിക്കാതിരിക്കലാണ് അതു യജ

മാനന്റെ കൽപനപ്രകാരം പിടിച്ചതാണെന്നുള്ളതിന് തെളിവ് എന്നത്രെ അധികപക്ഷം പണ്ഡിതന്മാരുടെയും അഭിപ്രായം. ഹദീഥും ഇതിനെയാണ് ബലപ്പെടുത്തുന്നത്.

അദിയ്യുബ്നു ഹാതിം (റ) പ്രസ്താവിച്ചതായി ബുഖാരിയും മുസ്ലിമും (റ) ഇപ്രകാരം ഉദ്ധരിച്ചിരിക്കുന്നു: ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, പഠിപ്പിക്കപ്പെട്ട (പരിശീലിപ്പിക്കപ്പെട്ട) നായകളെ ഞാൻ (ഉരുക്കളിലേക്ക്)വിട്ടയക്കുന്നു. ഞാൻ അല്ലാഹുവിന്റെ നാമം പറയുകയും ചെയ്യുന്നു. (ഇതിന്റെ വിധിയെന്താണ്?)' തിരുമേനി പറഞ്ഞു: 'നിന്റെ പഠിപ്പിക്കപ്പെട്ട നായയെ നീ വിട്ടയക്കുകയും അല്ലാഹുവിന്റെ നാമം പറയുക (ബിസ്മി ചൊല്ലുക)യും ചെയ്താൽ, അത് നിനക്കു വേണ്ടി പിടിച്ചുകൊണ്ടു തന്നതിൽനിന്നും നീ ഭക്ഷിച്ചുകൊള്ളുക'. ഞാൻ ചോദിച്ചു: 'അവ (ഉരുവിനെ) കൊന്നുവെങ്കിലോ?' തിരുമേനി പറഞ്ഞു: 'അവ കൊന്നാലും. (വിരോധമില്ല. പക്ഷേ,) ആ നായകളിൽ പെട്ടതല്ലാത്ത വല്ല നായയും അതിൽ പങ്കു ചേരാതിരുന്നെങ്കിൽ (മാത്രം). കാരണം, നീ നിന്റെ നായയുടെ പേരിൽ മാത്രമാണല്ലോ അല്ലാഹുവിന്റെ നാമം പറഞ്ഞിട്ടുള്ളത്. മറ്റൊന്നിന്റെ പേരിൽ നീ നാമം പറഞ്ഞിട്ടില്ലല്ലോ'. ഞാൻ ചോദിച്ചു:'ഞാൻ കത്തിയമ്പു (മിഅ്റാദ്)കൊണ്ട്(*) ഉരുവിനെ എയ്യുന്നു. അങ്ങിനെ അതെനിക്ക് കിട്ടുന്നു (ഇതിന്റെ വിധിയോ?). തിരുമേനി പറഞ്ഞു: 'നീ മിഅ്റാദു'കൊണ്ട് എയ്തിട്ട് അത് (അതിന്റെ മൂർച്ചയുള്ള ഭാഗം തട്ടി) കീറി മുറിപ്പെടുത്തിയാൽ നീ ഭക്ഷിച്ചുകൊള്ളുക. (അതല്ല-അതിന്റെ)ഘനം കൊണ്ട് ആപത്ത് ബാധിച്ചതായാൽ അത് തല്ലിക്കൊല്ലപ്പെട്ടതായിരിക്കും. അത് നീ ഭക്ഷിക്കരുത്'. മറ്റൊരു രിവായത്തിൽ വാചകം ഇങ്ങിനെയാകുന്നു: 'നിന്റെ നായയെ അയക്കുമ്പോൾ നീ അല്ലാഹുവിന്റെ നാമം പറയുക. എന്നിട്ട് അത് നിനക്കായി പിടിച്ചു കൊണ്ടുവരുന്ന പക്ഷം, അത് (ആ ഉരു) ജീവനുള്ളതായി കണ്ടാൽ നീ അതിനെ അറുക്കുക. കൊല്ലപ്പെട്ടതായി കാണുകയും, അതിൽ നിന്ന് അത് (കൊണ്ടുവന്ന വേട്ടജന്തു) തിന്നാതിരിക്കുകയും ചെയ്താൽ നീ അത് തിന്നുകൊള്ളുക. നായ അതിനെ പിടിക്കുന്നത് അതിന്റെ അറവാകുന്നു'. വേറൊരു വാചകത്തിൽ ഇങ്ങിനെയും ഉണ്ട്: 'അത് അതിൽനിന്ന് തിന്നിട്ടുണ്ടെങ്കിൽ നീ അത് തിന്നരുത്. കാരണം അത് അതിന് വേണ്ടിത്തന്നെ പിടിച്ചതായിരിക്കും അതെന്ന് ഞാൻ ഭയപ്പെടുന്നു' (ബു. മു)

وَٱذْكُرُوا۟ ٱسْمَ ٱللَّهِ عَلَيْهِ (അതിന്റെമേൽ അല്ലാഹുവിന്റെ നാമം പറയുകയും ചെയ്യുക) എന്നതിന്റെ ഉദ്ദേശ്യത്തിൽ പണ്ഡിതന്മാർക്കിടയിൽ മൂന്നഭിപ്രായങ്ങളുണ്ട്.

(1) പരിശീലിപ്പിക്കപ്പെട്ട വേട്ടജന്തുവെ ഉരുവിന്റെ നേരെ വിടുമ്പോൾ 'ബിസ്മി' ചൊല്ലുക എന്നും.

(2) പിടിച്ചു കൊണ്ടുവരപ്പെട്ട ഉരുവിന് ജീവനുണ്ടെങ്കിൽ അതിനെ അറുക്കുമ്പോൾ ബിസ്മി ചൊല്ലുക എന്നും

(3) ഉരുവിന്റെ മാംസം ഭക്ഷിക്കുമ്പോൾ ബിസ്മി ചൊല്ലുക എന്നും. عليه (അതിന്മേൽ-അല്ലെങ്കിൽ അതിൽ) എന്നതിലെ സർവ്വ നാമം (ضمير) ഏതിനെ ഉദ്ദേശിച്ചാണെന്നുള്ളതിൽ നിന്നാണ് ഈ അഭിപ്രായങ്ങൾ ഉണ്ടായിരിക്കുന്നത്. ഈ മൂന്നിൽ

(*) 'മിഅ്റാദ്' (المعراض) എന്നാൽ പിന്നിൽ തൂവൽ ഘടിപ്പിക്കാത്തതും, മധ്യഭാഗം കട്ടിയുള്ളതുമായ ഒരുതരം അമ്പാകുന്നു. മിക്കവാറും അവയുടെ മൂർച്ചമൂലമായിരിക്കയില്ല ഉരുക്കൾ ചത്തു പോകുന്നത്. അതിന്റെ സമ്മർദ്ദവും ഘനവും കൊണ്ടായിരിക്കും.

ഏതാണ് നിർബന്ധം എന്നുള്ളതിലാണ് ഭിന്നിപ്പുള്ളത്. മൂന്നവസരത്തിലും ബിസ്മി ചൊല്ലുന്നത് വേണ്ടപ്പെട്ട കാര്യമാണെന്നതിൽ തർക്കമില്ല. മേൽ ഉദ്ധരിച്ചതു പോലെയുള്ള ഹദീഥുകളിൽ നിന്ന് ഒന്നാമത്തെ അഭിപ്രായമാണ് കൂടുതൽ ശരിയായതെന്ന് വ്യക്തമാകുന്നു. വേട്ടമൃഗത്തെ വിടുമ്പോൾ അല്ലാഹുവിന്റെ നാമം (ബിസ്മി) പറയൽ നിർബന്ധമില്ല-ഉരുവിന്റെ മാംസം ഭക്ഷിക്കുമ്പോൾ പറഞ്ഞാൽ മതി-എന്ന അഭിപ്രായക്കാർക്കുള്ള തെളിവ് ഇതാണ്: ചില ആളുകൾ റസൂൽ തിരുമേനി ﷺ യോട് ചോദിച്ചു: 'അടുത്ത കാലത്ത് ഇസ്‌ലാമിൽ വന്ന ആളുകൾ മാംസം കൊണ്ടുവരാറുണ്ട്. അതിൽ (അറുക്കുന്ന സമയത്ത്) അല്ലാഹുവിന്റെ നാമം പറയപ്പെട്ടിട്ടുണ്ടോ എന്ന് ഞങ്ങൾക്കറിയുകയില്ല. (ഈ മാംസം ഭക്ഷിക്കാമോ?)' തിരുമേനി മറുപടി പറഞ്ഞു: 'നിങ്ങൾ അല്ലാഹുവിന്റെ നാമം പറഞ്ഞു തിന്നുകൊള്ളുവിൻ'. ആഇശഃ (റ)യിൽ നിന്നു ബുഖാരി (റ) ഉദ്ധരിച്ചതാണിത്. ഈ ഹദീഥ് ആ അഭിപ്രായത്തിന് മതിയായ തെളിവാകുന്നില്ലെന്ന് അൽപം ആലോചിച്ചാൽ അറിയാവുന്നതാണ്. (വിശദ വിവരം ഹദീഥ് വ്യാഖ്യാനഗ്രന്ഥങ്ങളിൽനിന്നറിയേണ്ടതാകുന്നു) അവസാനം وَاتَّقُوا اللَّهَ (നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യണം) എന്നും إِنَّ اللَّهَ سَرِيعُ الْحِسَابِ (അല്ലാഹു വിചാരണ വേഗം നടത്തുന്നവനാണ്) എന്നുമുള്ള വാക്യങ്ങൾ മുഖേന മേൽപറഞ്ഞ നിയമങ്ങൾ ശരിക്കും സൂക്ഷ്മമായി പാലിക്കേണ്ടതുണ്ടെന്നും, എല്ലായ്പോഴും അല്ലാഹുവിനെക്കുറിച്ചുള്ള ബോധവും ഓർമയും ഉണ്ടായിരിക്കണമെന്നും സത്യവിശ്വാസികളെ അല്ലാഹു ഓർമിപ്പിക്കുന്നു.

ٱلۡيَوۡمَ أُحِلَّ لَكُمُ ٱلطَّيِّبَٰتُۖ وَطَعَامُ ٱلَّذِينَ أُوتُواْ ٱلۡكِتَٰبَ حِلّٞ لَّكُمۡ وَطَعَامُكُمۡ حِلّٞ لَّهُمۡۖ

﴾6﴿ ഇന്ന് നിങ്ങൾക്ക് (നല്ല) വിശിഷ്ടമായ വസ്തുക്കൾ (പൊതുവെ) അനുവദിക്കപ്പെട്ടിരിക്കുന്നു. വേദഗ്രന്ഥം നൽകപ്പെട്ടവരുടെ ഭക്ഷണവും നിങ്ങൾക്ക് അനുവദനീയമാകുന്നു: നിങ്ങളുടെ ഭക്ഷണം അവർക്കും അനുവദനീയമാകുന്നു.

وَٱلۡمُحۡصَنَٰتُ مِنَ ٱلۡمُؤۡمِنَٰتِ وَٱلۡمُحۡصَنَٰتُ مِنَ ٱلَّذِينَ أُوتُواْ ٱلۡكِتَٰبَ مِن قَبۡلِكُمۡ إِذَآ ءَاتَيۡتُمُوهُنَّ أُجُورَهُنَّ

(കൂടാതെ) സത്യവിശ്വാസിനികളിൽ നിന്നുള്ള ചാരിത്ര്യ ശുദ്ധകളായ സ്ത്രീകളും, നിങ്ങളുടെ മുമ്പ് വേദഗ്രന്ഥം നൽകപ്പെട്ടവരിൽ നിന്നുള്ള ചാരിത്ര്യ ശുദ്ധകളായ സ്ത്രീകളും (അനുവദനീയമാകുന്നു); അവരുടെ പ്രതിഫലങ്ങൾ [മഹ്റുകൾ] നിങ്ങൾ അവർക്ക് കൊടുത്താൽ:-

مُحۡصِنِينَ غَيۡرَ مُسَٰفِحِينَ وَلَا مُتَّخِذِيٓ أَخۡدَانٖۗ

(അതെ, നിങ്ങൾ) വിടന്മാരായല്ലാതെയും, (രഹസ്യ) വേഴ്ചക്കാരെ സ്വീകരിക്കുന്നവരായല്ലാതെയും ചാരിത്ര്യ ശുദ്ധരായിക്കൊണ്ട് (കൊടുത്താൽ).

وَمَن يَكْفُرْ بِٱلْإِيمَـٰنِ فَقَدْ حَبِطَ عَمَلُهُۥ وَهُوَ فِى ٱلْـَٔاخِرَةِ مِنَ ٱلْخَـٰسِرِينَ ﴿٦﴾

ആരെങ്കിലും സത്യവിശ്വാസത്തെ അവിശ്വസിക്കുന്ന [നിഷേധിക്കുന്ന] പക്ഷം, അവന്റെ കർമം പൊളിഞ്ഞു (നിഷ്ഫലമായി) പോയി! അവൻ പരലോകത്തിലാകട്ടെ, നഷ്ടക്കാരിൽ പെട്ടവനുമാകുന്നു.

﴾6﴿ الْيَوْمَ ഇന്ന്, ഈ ദിവസം أُحِلَّ لَكُمُ നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു الطَّيِّبَاتُ നല്ല, വിശിഷ്ടമായവ وَطَعَامُ ഭക്ഷണവും الَّذِينَ أُوتُوا കൊടുക്കപ്പെട്ടവരുടെ الْكِتَابَ (വേദ)ഗ്രന്ഥം حِلٌّ لَكُمْ നിങ്ങൾക്ക് അനുവദനീയമാണ് وَطَعَامُكُمْ നിങ്ങളുടെ ഭക്ഷണവും حِلٌّ لَهُمْ അവർക്ക് അനുവദനീയമാകുന്നു وَالْمُحْصَنَاتُ ചാരിത്ര്യ ശുദ്ധകളും مِنَ الْمُؤْمِنَاتِ സത്യവിശ്വാസിനികളായ സ്ത്രീകളിൽ നിന്ന് وَالْمُحْصَنَاتُ ചാരിത്ര്യ ശുദ്ധകളും مِنَ الَّذِينَ أُوتُوا الْكِتَابَ ഗ്രന്ഥം നൽകപ്പെട്ടവരിൽ നിന്ന് مِنْ قَبْلِكُمْ നിങ്ങളുടെ മുമ്പ് إِذَا آتَيْتُمُوهُنَّ അവർക്ക് നിങ്ങൾ കൊടുത്താൽ أُجُورَهُنَّ അവരുടെ പ്രതിഫലങ്ങൾ مُحْصِنِينَ ചാരിത്ര്യ ശുദ്ധരായിക്കൊണ്ട് غَيْرَ مُسَافِحِينَ വിടന്മാരല്ലാത്ത നിലയിൽ وَلَا مُتَّخِذِي സ്വീകരിക്കുന്ന (ഉണ്ടാക്കുന്ന)വരല്ലാതെയും أَخْدَانٍ (സ്വകാര്യ) വേഴ്ചക്കാരെ, രഹസ്യ കൂട്ടുകെട്ടുകാരെ وَمَنْ يَكْفُرْ ആരെങ്കിലും (വല്ലവരും) അവിശ്വസിക്കുന്ന (നിരാകരിക്കുന്ന-നിഷേധിക്കുന്ന) പക്ഷം بِالْإِيمَانِ സത്യവിശ്വാസത്തിൽ, വിശ്വാസത്തെ فَقَدْ حَبِطَ എന്നാൽ പൊളിഞ്ഞുപോയി, നിഷ്ഫലമായിക്കഴിഞ്ഞു عَمَلُهُ അവന്റെ പ്രവൃത്തി, കർമം وَهُوَ അവനാകട്ടെ فِي الْآخِرَةِ പരലോകത്തിൽ مِنَ الْخَاسِرِينَ നഷ്ടക്കാരിൽ (പെട്ടവൻ) ആകുന്നു.

'ഇന്നു നിങ്ങൾക്ക് വിശിഷ്ട വസ്തുക്കൾ അനുവദനീയമാക്കപ്പെട്ടിരിക്കുന്നു' എന്ന് ഒരിക്കൽ കൂടി ആവർത്തിച്ചുകൊണ്ട് അതൊരു സ്ഥിരമായ പൊതുനിയമമാണെന്നും, അതിൽ മാറ്റമൊന്നും വരാനില്ലെന്നും സൂചിപ്പിച്ചിരിക്കുന്നു. തുടർന്നുകൊണ്ട് വേദക്കാരുടെ -യഹൂദികളുടെയും ക്രിസ്ത്യാനികളുടെയും- ഭക്ഷണവും അനുവദനീയങ്ങളിൽ പെട്ടതാണെന്നറിയിക്കുന്നു. ഭക്ഷണം (طَعَام) എന്ന വാക്കിൽ എല്ലാ ഭക്ഷ്യവസ്തുക്കളും ഉൾപെടുമെങ്കിലും ഇവിടെ പ്രധാനമായും ഉദ്ദേശ്യം അവരാൽ അറുക്കപ്പെട്ട വസ്തുക്കളുടെ മാംസമാണെന്ന് സന്ദർഭംകൊണ്ട് മനസ്സിലാക്കാം. മാത്രമല്ല, ധാന്യവർഗങ്ങൾ, ഫലവർഗങ്ങൾ മുതലായ വസ്തുക്കൾ ആരുടെതായാലും ഭക്ഷിക്കുന്നതിന് വിരോധമില്ലെന്നുള്ളത് പരക്കെ സംശയരഹിതമായ കാര്യമാണ്. അതുകൊണ്ട് വേദക്കാരുടെ ഇതര ഭക്ഷ്യവസ്തുക്കളെപ്പോലെത്തന്നെ അവർ അറുത്തതിന്റെ മാംസവും ഭക്ഷിക്കാമെന്നാണ് 'വേദം നൽകപ്പെട്ടവരുടെ ഭക്ഷണം നിങ്ങൾക്ക് അനുവദനീയമാണ് (وَطَعَامُ الَّذِينَ أُوتُوا الْكِتَابَ حِلٌّ لَكُمْ) എന്ന് പറഞ്ഞതിന്റെ താൽപര്യമെന്നതിൽ ആർക്കും ഭിന്നാഭിപ്രായമില്ല.

വേദക്കാർ അറുക്കുമ്പോൾ അല്ലാഹുവിന്റെ നാമം പറഞ്ഞിരിക്കണമെന്നുണ്ടോ, ഇല്ലേ, അല്ലെങ്കിൽ അല്ലാഹു അല്ലാത്ത ആരുടെയെങ്കിലും നാമങ്ങൾ പറഞ്ഞു അവർ

അറുത്താലും ഭക്ഷിക്കാമോ, ഇല്ലേ, എന്നൊന്നും അല്ലാഹു വ്യക്തമാക്കിയിട്ടില്ല. അതുകൊണ്ട് ഈ വിഷയങ്ങളിൽ ഭിന്നാഭിപ്രായമുണ്ടായതാനും. അല്ലാഹുവിന്റെ നാമത്തിലല്ലാതെ ഈസാ (അ), ഉസൈർ (അ) മുതലായവരുടെ നാമത്തിൽ-അവർ അറുത്താൽ അതു ഭക്ഷിക്കുവാൻ പാടില്ലെന്നാണ് ഇബ്നു ഉമർ, റബീഅഃ (റ) മുതലായവരുടെ അഭിപ്രായം. വേദക്കാരുടെ ഭക്ഷണം അനുവദനീയമാണെന്ന് പറഞ്ഞതിൽ, ശവം, കള്ള്, പന്നിമാംസം എന്നിവയൊന്നും ഉൾപ്പെടുന്നില്ലെന്ന് തീർച്ചയാണല്ലോ. അതുപോലെ, അല്ലാഹു അല്ലാത്തവരുടെ പേരുപറഞ്ഞ് അറുത്തതും ഉൾപ്പെടുകയില്ലെന്നത്രെ ഈ അഭിപ്രായത്തിനുള്ള ന്യായം. അത്വാഉ്, ശഅ്ബീ (റ) മുതലായവരുടെ അഭിപ്രായത്തിൽ അത് ഭക്ഷിക്കുന്നതിന് വിരോധമില്ലെന്നാകുന്നു. അവർ അറുത്തു തിന്നുന്ന ഭക്ഷണം അല്ലാഹു നമുക്ക് അനുവദിച്ചു തന്നിരിക്കുന്നു; അറുക്കുമ്പോൾ അവർ ആരുടെ നാമങ്ങളാണ് പറയുക എന്നു അല്ലാഹുവിന് അറിയാമല്ലോ. ഇതാണ് ഈ അഭിപ്രായത്തിനുള്ള ന്യായം. അറുക്കുമ്പോൾ അവർ അല്ലാഹു അല്ലാത്തവരുടെ നാമം ഉച്ചരിക്കുന്നത് കേട്ടാൽ ഭക്ഷിച്ചുകൂടാ, കേൾക്കാത്തപക്ഷം വിരോധമില്ല എന്നത്രെ ഹസൻ (റ)ന്റെ പക്ഷം. ആദ്യത്തെ അഭിപ്രായത്തിലാണ് കൂടുതൽ സൂക്ഷ്മത കാണുന്നത്. الله اعلم

ക്വുർആന്റെ വിധി സ്വീകരിക്കുവാൻ തയ്യാറില്ലാത്തവരാണ് വേദക്കാർ. എന്നിരിക്കെ, നിങ്ങളുടെ ഭക്ഷണം അവർക്കും അനുവദനീയമാണ് (وَطَعَامُكُمْ حِلٌّ لَّهُمْ) എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യമെന്താണ്? നിങ്ങൾ അറുത്തതിനെ അവർക്കു ഭക്ഷിക്കുവാൻ കൊടുക്കുന്നതിൽ നിങ്ങൾക്ക് നിയമതടസ്സമൊന്നുമില്ല എന്നാണ് ആ വാക്യത്തിന്റെ താൽപര്യമെന്ന് പലരും പറയുന്നു. നിങ്ങൾക്കും വേദക്കാർക്കും ഒന്നിച്ചു ഭക്ഷണം കഴിക്കുന്നതിന് വിരോധമില്ലെന്നാണ് ഉദ്ദേശ്യമെന്നും ചിലർ പറഞ്ഞു കാണുന്നു. നിങ്ങൾക്ക് നിങ്ങളുടെ മതനിയമപ്രകാരം അനുവദിക്കപ്പെട്ട വസ്തുക്കൾ ഏതെങ്കിലും അവർ നിങ്ങൾക്ക് ഭക്ഷിക്കുവാൻ തരുന്ന പക്ഷം അത് നിങ്ങൾക്ക് ഭക്ഷിക്കാം, അത് അവരുടെ നിയമപ്രകാരം അവർക്ക് വിരോധിക്കപ്പെട്ടതായിരുന്നാലും വിരോധമില്ല. അഥവാ നിങ്ങൾക്ക് അനുവദിക്കപ്പെട്ടതാണോ അല്ലേ എന്നേ നിങ്ങൾ നോക്കേണ്ടതുള്ളൂ എന്നാണിതിന്റെ താൽപര്യമെന്നും ചിലർ പറയുന്നു. (അല്ലാഹുവിനറിയാം) ഏതായാലും മുസ്‌ലിംകൾക്കും വേദക്കാർക്കുമിടയിൽ ഭക്ഷണകാര്യത്തിൽ അന്യോന്യം സഹകരിക്കാവുന്നതുപോലെ, വിവാഹകാര്യത്തിൽ ഇരുഭാഗത്തുനിന്നും ഒരുപോലെ സഹകരണം അനുവദിക്കപ്പെട്ടിട്ടില്ല. അഥവാ, വേദക്കാരായ സ്ത്രീകളെ മുസ്‌ലിംകൾക്ക് ഇങ്ങോട്ട് വിവാഹം ചെയ്തെടുക്കുവാനല്ലാതെ, അങ്ങോട്ട് വിവാഹം ചെയ്തു കൊടുക്കുവാൻ അനുവദിക്കപ്പെട്ടിട്ടില്ല. ഭർത്താവിന്റെ നിയന്ത്രണത്തിൻകീഴിൽ ജീവിക്കേണ്ടവളാണല്ലോ ഭാര്യ. മുസ്‌ലിമിനു ജനിക്കുന്ന കുട്ടി നിയമപരമായി മുസ്‌ലിമായിരിക്കുകയും ചെയ്യും. ആസ്ഥിതിക്ക് വേദക്കാരിയായ സ്ത്രീയെ മുസ്‌ലിം വിവാഹം ചെയ്യുന്നതുമൂലം മതരംഗത്തോ, കുടുംബരംഗത്തോ വലിയ ദോഷമൊന്നും സംഭവിക്കുവാനില്ല. നേരെ മറിച്ച് മുസ്‌ലിം സ്ത്രീകളെ അവർക്ക് വിവാഹം കഴിച്ചു കൊടുക്കുന്നതു നിമിത്തം നേരിടാവുന്ന ഭവിഷ്യത്ത് പ്രത്യേകം എടുത്തു പറയേണ്ടതില്ലല്ലോ. അതാണ് ഏകപക്ഷീയമായ ഈ അനുവാദത്തിന് കാരണം.

സത്യവിശ്വാസിനികളായ സ്ത്രീകളും വേദക്കാരായ സ്ത്രീകളും എന്ന് പറയാതെ, രണ്ടു കൂട്ടരിൽ നിന്നുമുള്ള مُحْصَنَات (ചാരിത്ര്യശുദ്ധകളായ) സ്ത്രീകൾ എന്നാണ് അല്ലാഹു പറഞ്ഞിരിക്കുന്നത്. ആ വാക്കിന് 'പതിവ്രതകൾ, ചാരിത്ര്യം സംരക്ഷിക്ക

പ്പെട്ടവർ, ചാരിത്ര്യശുദ്ധകൾ, വിവാഹിതർ, സ്വതന്ത്രകൾ' എന്നൊക്കെ സന്ദർഭോചിതം അർത്ഥം വരാമെന്നും, അതിനുള്ള കാരണം ഇന്നതാണെന്നും സൂഃ നിസാഉ് 24 ന്റെ വ്യാഖ്യാനത്തിൽ നാം മുമ്പ് വിവരിച്ചു കഴിഞ്ഞിട്ടുണ്ട്. ഇവിടെ ആ വാക്കുകൊണ്ടുദ്ദേശ്യം എന്താണെന്നുള്ളതിൽ രണ്ടു മൂന്നു അഭിപ്രായങ്ങൾ കാണാമെങ്കിലും ദുർനടപടികളിലൊന്നും അകപ്പെടാതെ ചാരിത്ര്യം സൂക്ഷിച്ചു പോരുന്ന സ്ത്രീകൾ എന്നാണെന്നുള്ളതാണ് കൂടുതൽ ശരിയായ അഭിപ്രായം. സത്യവിശ്വാസികളിൽപ്പെട്ടവരായിരുന്നാൽ തന്നെയും ദുർന്നടപ്പുകാരും, വേശ്യാവൃത്തരുമായ സ്ത്രീകളെ വിവാഹം കഴിക്കുന്നത് അനഭിലഷണീയമായ ഏർപ്പാടാണല്ലോ. (ഇതിനെപ്പറ്റി സൂറത്തുന്നൂർ 3 ഉം 26 ഉം വചനങ്ങളും അവയുടെ വ്യാഖ്യാനവും നോക്കുക.) മുസ്‌ലിം ഭരണത്തിനു കീഴൊതുങ്ങിക്കഴിയുന്ന (ദിമ്മികളായ) വേദക്കാരിൽ നിന്നുള്ള സ്ത്രീകളെ മാത്രമേ വിവാഹം ചെയ്‌വാൻ പാടുള്ളൂവെന്നും, മുസ്‌ലിംകളുമായി സമരത്തിലും ശത്രുതയിലും കഴിഞ്ഞുകൂടുന്ന (ഹർബീകളായ) വേദക്കാരിൽ നിന്നുള്ള സ്ത്രീകളെ വിവാഹം കഴിച്ചുകൂടാ എന്നുമാണ് പണ്ഡിതന്മാരിൽ ഒരു വിഭാഗത്തിന്റെ അഭിപ്രായം. രണ്ടായാലും വിരോധമില്ലെന്നാണ് മറ്റൊരഭിപ്രായം. ക്വുർആന്റെ വാചകത്തിൽ നിന്നു പ്രത്യക്ഷത്തിൽ മനസ്സിലാകുന്നതും ഇതാണ്. ഈ വിഷയകമായി പണ്ഡിതന്മാർക്കിടയിൽ പല അഭിപ്രായങ്ങളും വിശദീകരണങ്ങളും നിലവിലുണ്ട്. അവയെപ്പറ്റി ഇവിടെ പ്രസ്താവിച്ചു ദീർഘിപ്പിക്കേണ്ടുന്ന ആവശ്യം കാണുന്നില്ല. കൂടുതൽ അറിയേണ്ടുന്നവർ യഥാസ്ഥാനങ്ങളെ ആശ്രയിക്കുക.

മതവ്യത്യാസം നോക്കാതെയുള്ള മിശ്രവിവാഹം ഉദ്ബുദ്ധതയുടെയും പുരോഗമനത്തിന്റെയും ലക്ഷണമായി പ്രചാരണം നടത്തപ്പെടുന്ന കാലമാണല്ലോ ഇത്. വേദക്കാരായ സ്ത്രീകളെ മുസ്‌ലിംകൾക്ക് വിവാഹം കഴിക്കാമെന്നുള്ള ഈ അനുവാദത്തെ പൊക്കിപ്പിടിച്ചു ഇസ്‌ലാംമതം മിശ്രവിവാഹത്തെ പ്രോൽസാഹിപ്പിക്കുന്നുവെന്ന് സമർത്ഥിച്ചുകൊണ്ട് ചില മുസ്‌ലിം വേഷധാരികളും അതിന് ശിങ്കിടിപാടാതെയുമില്ല. വേദക്കാർ അവരുടെ വിശ്വാസാചാരങ്ങളിൽ വളരെയധികം മാറ്റത്തിരുത്തലുകൾ വരുത്തി പിഴച്ചുപോയിട്ടുണ്ടെങ്കിലും ദൈവികമായ ഒരു വേദഗ്രന്ഥത്തിന്റെയും ഒരു പ്രവാചകന്റെയും അനുയായികളായിട്ടാണവർ നിലകൊള്ളുന്നത് എന്ന നിലക്കാണ് ഈ അനുവാദം അല്ലാഹു നൽകിയിരിക്കുന്നത്. വേദക്കാരെ ഇസ്‌ലാമിലേക്ക് ആകർഷിക്കുവാനുള്ള ഒരു മാർഗവുമാണത്. നേരെമറിച്ച് ഇന്നത്തെ മിശ്രവിവാഹ ദൗത്യത്തിന്റെ പ്രധാന ലക്ഷ്യം തന്നെ ക്രമേണ മതത്തിന്റെ ജീവനെ നശിപ്പിക്കലും വിശ്വാസികളെ മതത്തിൽ നിന്ന് അകറ്റി നിറുത്തലും, അങ്ങനെ, നിർമിത നിരീശ്വര സിദ്ധാന്തങ്ങൾക്ക് വഴിയൊരുക്കലും ആകുന്നു. ഈ വചനത്തിലെ അവസാന വാക്യത്തിന്റെ ആശയം മാത്രം ഒന്നു മനസ്സിരുത്തി ആലോചിച്ചാൽ ഇസ്‌ലാമിന് ഈ മിശ്രവിവാഹവുമായുള്ള ബന്ധം എന്താണെന്ന് മനസ്സിലാക്കാവുന്നതാണ്.

വിവാഹം നടത്തുമ്പോൾ ഭാര്യക്കു മഹ്റ് (വിവാഹമൂല്യം) നൽകേണ്ടതുണ്ടല്ലോ. വേദക്കാരായ സ്ത്രീകളെ വിവാഹം ചെയ്യുമ്പോഴും ഇത് നിർബന്ധമാണെന്ന് إِذَآ ءَاتَيْتُمُوهُنَّ أُجُورَهُنَّ (അവർക്ക് അവരുടെ പ്രതിഫലം നിങ്ങൾ കൊടുത്താൽ) എന്ന വാക്കിൽനിന്ന് വ്യക്തമാണ്. വേദക്കാരികളെ വിവാഹം ചെയ്യുന്ന പുരുഷന്മാരെ സംബന്ധിച്ച് അവർ ചാരിത്ര്യശുദ്ധി പാലിക്കുന്നവരായിരിക്കണം; വ്യഭിചാരത്തിലും ദുർവൃത്തിയിലും താൽപര്യമുള്ളവരാകരുത്; കാമുകികളെയും കൃത്രിമ ഭാര്യമാരെയും സ്വീകരിക്കുന്നവരാകരുത്; അഥവാ അവരെ വിവാഹം ചെയ്യുവാൻ പ്രേരിതരാകുന്നത് ഇത്തരം ദുർവികാരങ്ങൾ മൂലമായിരിക്കരുത് (مُحْصِنِينَ غَيْرَ مُسَافِحِينَ وَلَا مُتَّخِذِيٓ أَخْدَانٍ) എന്നും

അല്ലാഹു ഉണർത്തിയിരിക്കുന്നു. ഈ വാക്കുകളും അവയുടെ അർത്ഥോദ്ദേശ്യങ്ങളും സൂഃ നിസാഉ് 25 ന്റെ വ്യാഖ്യാനത്തിൽ വിവരിച്ചിട്ടുള്ളത് ഇവിടെയും ഓർക്കുക. അടിമ സ്ത്രീകളെ വിവാഹം ചെയ്യുമ്പോൾ ആ സ്ത്രീകളെപ്പറ്റി ഇതൊക്കെ ആലോചിക്കേണ്ട തുണ്ട് എന്ന നിലക്കാണ് അവിടെ ആ വാക്കുകൾ അല്ലാഹു പറഞ്ഞതെങ്കിൽ, വേദക്കാരായ സ്ത്രീകളെ വിവാഹം ചെയ്യുന്ന പുരുഷന്മാരെക്കുറിച്ച് ആലോചിക്കേണ്ടുന്ന കാര്യങ്ങളായിട്ടാണ് ഇവിടെ പറഞ്ഞത്. ഈ വ്യത്യാസം പ്രത്യേകം ഗൗനിക്കേണ്ടതാകുന്നു.

അല്ലാഹു ഈ വചനം അവസാനിപ്പിക്കുന്നത് സത്യവിശ്വാസത്തെ വല്ലവനും നിരാകരിക്കുന്ന പക്ഷം അവന്റെ കർമങ്ങൾ മുഴുവൻ നിഷ്ഫലമായിപ്പോകുമെന്നും അവൻ പരലോകത്ത് തീരാനഷ്ടക്കാരനായിത്തീരുമെന്നും (وَمَنْ يَكْفُرْ بِالإِيمَانِ....) താക്കീത് ചെയ്തുകൊണ്ടാകുന്നു. ഇത് ഒരു പൊതുതത്വമാണെങ്കിലും വേദക്കാരുടെ ഭക്ഷണം -അവർ അറുത്തത്- ഉപയോഗിക്കുന്നതിനോടും അവരുടെ സ്ത്രീകളെ വിവാഹം ചെയ്യുന്നതിനോടും ഈ തത്വത്തിന് പ്രത്യേക ബന്ധം ഉള്ളതുകൊണ്ടാണ് ഇവിടെ അതു ഉണർത്തുവാൻ കാരണം. ഈ അനുവാദങ്ങൾ ദുരുപയോഗപ്പെടുത്തുന്നതും, അതിൽ അതിരു കവിയൽ വന്നുപോകുന്നതും അവിശ്വാസത്തിലേക്ക് നയിച്ചേക്കും; അങ്ങിനെ സത്യവിശ്വാസത്തിന് ഭംഗം നേരിട്ടു സത്യനിഷേധിയാകുവാൻ കാരണമാകും; അവസാനം ഇസ്‌ലാമിൽ ചെയ്ത സൽക്കർമങ്ങളെല്ലാം നിഷ്ഫമായിത്തീരുകയും പരലോക ഗുണം നിശ്ശേഷം നഷ്ടപ്പെടുകയും ചെയ്യും എന്നൊക്കെയുള്ള താക്കീതാണ് ഇതിൽ അടങ്ങിയിരിക്കുന്നത്.

വിഭാഗം - 2

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ إِذَا قُمْتُمْ إِلَى ٱلصَّلَوٰةِ فَٱغْسِلُوا۟ وُجُوهَكُمْ وَأَيْدِيَكُمْ إِلَى ٱلْمَرَافِقِ وَٱمْسَحُوا۟ بِرُءُوسِكُمْ وَأَرْجُلَكُمْ إِلَى ٱلْكَعْبَيْنِ وَإِن كُنتُمْ جُنُبًا فَٱطَّهَّرُوا۟

(7) ഹേ, വിശ്വസിച്ചവരേ, നിങ്ങൾ നമസ്കാരത്തിലേക്ക് നിന്നാൽ [നമസ്കാരത്തിനു ഒരുങ്ങിയാൽ] നിങ്ങളുടെ മുഖങ്ങളും, മുട്ടുകൾവരെ കൈകളും കഴുകുവിൻ; നിങ്ങളുടെ തലകളെ തടവുകയുംചെയ്യുവിൻ; രണ്ടു നെരിയാണികൾവരെ നിങ്ങളുടെ കാലുകളും (കഴുകുവിൻ) നിങ്ങൾ 'ജനാബത്തു'കാർ [വലിയ അശുദ്ധി ബാധിച്ചവർ] ആയിരുന്നാൽ (കുളിച്ചു) ശുദ്ധമാകുകയും ചെയ്യുവിൻ.

وَإِن كُنتُم مَّرْضَىٰٓ أَوْ عَلَىٰ سَفَرٍ أَوْ جَآءَ أَحَدٌ مِّنكُم مِّنَ ٱلْغَآئِطِ

നിങ്ങൾ രോഗികളോ, അല്ലെങ്കിൽ ഒരു യാത്രയിലോ ആയിരുന്നാൽ അല്ലെങ്കിൽ, നിങ്ങളിലൊരുവൻ (മലമൂത്ര) വിസർജ്ജന സ്ഥലത്തു നിന്ന് വരുകയോ,-

أَوْ لَـٰمَسْتُمُ ٱلنِّسَآءَ فَلَمْ تَجِدُوا۟ مَآءً

അല്ലെങ്കിൽ നിങ്ങൾ സ്ത്രീകളുമായി സ്പർശനം നടത്തുകയോ ചെയ്തു, എന്നിട്ട് നിങ്ങൾക്കു വെള്ളം കിട്ടിയില്ല (എങ്കിൽ),

فَتَيَمَّمُوا۟ صَعِيدًا طَيِّبًا فَٱمْسَحُوا۟ بِوُجُوهِكُمْ وَأَيْدِيكُم مِّنْهُ

അപ്പോൾ, നിങ്ങൾ (നല്ല) ശുദ്ധമായ ഭൂമുഖത്തെ (അഥവാ മണ്ണിനെ) കരുതിക്കൊള്ളുവിൻ, എന്നിട്ട് നിങ്ങളുടെ മുഖങ്ങളും കൈകളും അതിനാൽ തടവിക്കൊള്ളുവിൻ.

مَا يُرِيدُ ٱللَّهُ لِيَجْعَلَ عَلَيْكُم مِّنْ حَرَجٍ وَلَـٰكِن يُرِيدُ لِيُطَهِّرَكُمْ وَلِيُتِمَّ نِعْمَتَهُۥ عَلَيْكُمْ لَعَلَّكُمْ تَشْكُرُونَ ﴿٧﴾

നിങ്ങളുടെമേൽ ഒരു വിഷമവും ഏർപ്പെടുത്തുവാൻ അല്ലാഹു ഉദ്ദേശിക്കുന്നില്ല; എങ്കിലും നിങ്ങളെ ശുദ്ധിയാക്കുവാനും, അവന്റെ അനുഗ്രഹം നിങ്ങളിൽ പൂർണമാക്കുവാനും അവൻ ഉദ്ദേശിക്കുന്നു: നിങ്ങൾ നന്ദി ചെയ്തേക്കാമല്ലോ (അഥവാ നന്ദി ചെയ്‌വാൻവേണ്ടിയാകുന്നു).

﴾7﴿ يَاأَيُّهَاالَّذِينَ آمَنُوا ഹേ, വിശ്വസിച്ചവരേ إِذَاقُمْتُمْ നിങ്ങൾ നിന്നാൽ إِلَى الصَّلَاةِ നമസ്കാരത്തിലേക്ക് فَاغْسِلُوا നിങ്ങൾ കഴുകുവിൻ وُجُوهَكُمْ നിങ്ങളുടെ മുഖങ്ങൾ وَأَيْدِيَكُمْ നിങ്ങളുടെ കൈകളും إِلَى الْمَرَافِقِ കൈമുട്ടുകൾവരെ وَامْسَحُوا തടവുകയും ചെയ്യുവിൻ بِرُءُوسِكُمْ നിങ്ങളുടെ തലകളെ وَأَرْجُلَكُمْ നിങ്ങളുടെ കാലുകളെയും (കഴുകുവിൻ) إِلَى الْكَعْبَيْنِ രണ്ടു നെരിയാണി (ഞെരിയാണി)കൾ വരെ وَإِنْ كُنْتُمْ നിങ്ങളായിരുന്നാൽ جُنُبًا ജനാബത്തുകാരി فَاطَّهَّرُوا എന്നാൽ നിങ്ങൾ ശുദ്ധിയായിക്കൊള്ളുവിൻ وَإِنْ كُنْتُمْ നിങ്ങളായിരുന്നാൽ مَرْضَىٰ രോഗികൾ أَوْ عَلَىٰ سَفَرٍ അല്ലെങ്കിൽ ഒരു (വല്ല) യാത്രയിൽ أَوْ جَاءَ അല്ലെങ്കിൽ വന്നു أَحَدٌ مِنْكُمْ നിങ്ങളിൽനിന്ന് ഒരാൾ مِنَ الْغَائِطِ വിസർജ്ജന (കടവിറങ്ങുന്ന-മറക്കിരിക്കുന്ന) സ്ഥാനത്തുനിന്ന് أَوْ لَامَسْتُمُ അല്ലെങ്കിൽ നിങ്ങൾ സ്പർശനം നടത്തി النِّسَاءَ സ്ത്രീകളുമായി فَلَمْ تَجِدُوا എന്നിട്ട് നിങ്ങൾക്കു കിട്ടിയില്ല مَاءً വെള്ളം, ജലം فَتَيَمَّمُوا എന്നാൽ കരുതി (എടുത്തു) കൊള്ളുവിൻ صَعِيدًا ഭൂമുഖത്തെ, മണ്ണിനെ طَيِّبًا ശുദ്ധമായ, നല്ല فَامْسَحُوا എന്നിട്ട് നിങ്ങൾ തടവുവിൻ بِوُجُوهِكُمْ നിങ്ങളുടെ മുഖങ്ങളെ وَأَيْدِيكُمْ നിങ്ങളുടെ കൈകളെയും مِنْهُ അതിനാൽ (അതുകൊണ്ട്) مَايُرِيدُاللَّهُ അല്ലാഹു ഉദ്ദേശിക്കുന്നില്ല لِيَجْعَلَ ആക്കു (ഏർപ്പെടുത്തു)വാൻ عَلَيْكُمْ നിങ്ങളുടെ മേൽ مِنْ حَرَجٍ വിഷമത്തിൽ നിന്നും (ഒ

ന്നും) وَلَٰكِن يُرِيدُ എങ്കിലും അവൻ ഉദ്ദേശിക്കുന്നു لِيُطَهِّرَكُمْ നിങ്ങളെ ശുദ്ധമാക്കുവാൻ وَلِيُتِمَّ അവൻ പൂർണമാക്കുവാനും نِعْمَتَهُ അവന്റെ അനുഗ്രഹം عَلَيْكُمْ നിങ്ങളിൽ, നിങ്ങൾക്ക് لَعَلَّكُمْ നിങ്ങളാകുവാൻ വേണ്ടി, ആയേക്കാം تَشْكُرُونَ നിങ്ങൾ നന്ദി ചെയ്യും.

നമസ്കാര കർമത്തിന്റെ രൂപത്തെപ്പറ്റിയോ, അതിലെ പ്രധാന ഘടകങ്ങളായ റുകൂഉ്, സുജൂദ് മുതലായവ എങ്ങിനെയെല്ലാം ആയിരിക്കണമെന്നോ ക്വുർആനിൽ വിശദീകരിക്കപ്പെട്ടിട്ടില്ല. അവയെല്ലാം നബി തിരുമേനി ﷺയുടെ വചനങ്ങളിൽ നിന്നും പ്രവൃത്തികളിൽ നിന്നുമാണ് അറിയപ്പെട്ടിരിക്കുന്നത്. കേവലം ശാഖോപശാഖകളായ അൽപം ചില വിശദാംശങ്ങളിലല്ലാതെ അതിന്റെ അനുഷ്ഠാന രൂപങ്ങളിൽ മുസ്‌ലിംകൾക്കിടയിൽ ഭിന്നാഭിപ്രായങ്ങളില്ലതാനും. الحمد لله എന്നാൽ, നമസ്കാരത്തിൽ പ്രവേശിക്കുന്നതിനുമുമ്പായി ചെയ്യേണ്ടുന്ന ശുദ്ധി കർമത്തെ-വുദ്വൂഇനെയും തയമ്മുമിനെയും-സംബന്ധിച്ച് അല്ലാഹു വിശദമായിത്തന്നെ വിവരിച്ചു തന്നിരിക്കുന്നു. ഇസ്‌ലാമിൽ ശുദ്ധീകരണത്തിനു കൽപിക്കപ്പെട്ടിട്ടുള്ള സ്ഥാനവും, നമസ്കാരത്തിൽ വുദ്വൂഇനും തയമ്മുമിനുമുള്ള സ്ഥാനവും ഇതിൽ നിന്ന് മനസ്സിലാക്കാം. നമസ്കാരത്തിന് ശ്രമിക്കുമ്പോൾ വുദ്വൂ ചെയ്‌വാൻ കൽപിച്ചിരിക്കകൊണ്ട് ഓരോ നമസ്കാരത്തിനും പ്രത്യേകം പ്രത്യേകം വുദ്വൂ എടുത്തേ തീരൂ എന്നോ, നമസ്കാരത്തിനു കുറച്ചു മുമ്പ് ചെയ്തിരുന്ന വുദ്വൂകൊണ്ട് മതിയാക്കിക്കൂടാ എന്നോ ഉദ്ദേശ്യമില്ല. ഒരു വുദ്വൂ എടുത്തു കഴിഞ്ഞാൽ അതു മുറിഞ്ഞു (നിഷ്ഫലമായി) പോകാത്തപ്പോഴെല്ലാം അതുകൊണ്ട് മതിയാക്കി നമസ്കരിക്കാവുന്നതാണെന്നും, ഒരു വുദ്വൂ കൊണ്ട് ഒന്നിലധികം നമസ്കാരം നിർവ്വഹിക്കുന്നതിന് വിരോധമില്ലെന്നും, എന്നാലും അതോടുകൂടി ഓരോ നമസ്കാരത്തിനും പ്രത്യേകം പ്രത്യേകം വുദ്വൂ പുതുക്കുന്നത് നല്ലതാണെന്നും നബിചര്യയിൽ നിന്നു അറിയപ്പെട്ടിട്ടുള്ളതാണ്.

വുദ്വൂഇന്റെ ഘടകങ്ങൾ (اركان) എന്ന നിലക്ക് മുഖം കഴുകുക, മുട്ടുവരെ കൈകൾ കഴുകുക, തല തടവുക, നെരിയാണിവരെ കാൽകഴുകുക ഇത്രയും കാര്യങ്ങളാണ് അല്ലാഹു പ്രസ്താവിച്ചത്. തുടക്കത്തിൽ മുൻകൈ രണ്ടും കഴുകുക, വായയും മൂക്കും ശുദ്ധിയാക്കുക, ചെവികൾ തടവുക, എല്ലാം മുമ്മൂന്നു പ്രാവശ്യമാക്കുക മുതലായവ വുദ്വൂഇൽ അംഗീകരിക്കപ്പെടേണ്ടുന്ന മര്യാദകളുംഅതിന്റെ പ്രാവർത്തിക രൂപവുമാണെന്നു നബി ﷺയും നമുക്കു കാണിച്ചു തന്നിരിക്കുന്നു. കഴുകപ്പെടേണ്ടുന്ന അവയവങ്ങളായ മുഖത്തെയും കൈകളെയും കുറിച്ചു പറഞ്ഞതോടൊപ്പം കാൽ കഴുകുന്നതിനെപ്പറ്റി പ്രസ്താവിക്കാതെ ഇടക്കുവെച്ച് തലതടവുകയും വേണമെന്ന് കൽപിച്ചിരിക്കകൊണ്ട് ഓരോന്നും അല്ലാഹു വിവരിച്ച അതേ വഴിക്കു വഴി ക്രമത്തിൽ തന്നെ നിർവ്വഹിക്കേണ്ടതുണ്ടെന്ന് മനസ്സിലാക്കാം. നബിചര്യയും അതാണ് കാട്ടിത്തരുന്നത്. തലയുടെ എത്ര ഭാഗം തടവണമെന്ന് ആയത്തിൽ വ്യക്തമായി പ്രസ്താവിക്കപ്പെട്ടിട്ടില്ലാത്തതു കൊണ്ട് മുഴുവൻ ഭാഗവും തടവൽ നിർബന്ധമാണെന്നും, കുറച്ചുഭാഗം തടവിയാൽ മതിയാകുമെന്നും പണ്ഡിതന്മാർക്കിടയിൽ രണ്ടഭിപ്രായമുണ്ട്. മുഴുവൻ തടവുകയാണ് നല്ലതെന്നുള്ളതിൽ പക്ഷാന്തരമില്ല താനും. (വിശദ വിവരങ്ങൾക്ക് ഹദീഥു ഗ്രന്ഥങ്ങളും കർമ ശാസ്ത്ര ഗ്രന്ഥങ്ങളും ആശ്രയിക്കേണ്ടതാകുന്നു).

وَإِن كُنتُم مَّرْضَىٰٓ (നിങ്ങൾ രോഗികളായിരുന്നാൽ) എന്നു തുടങ്ങി 'തയമ്മുമി'നെ സംബന്ധിച്ച വിവരണം അവസാനിക്കുന്നതുവരെയുള്ള വാക്യങ്ങളും, അവയെക്കുറിച്ചുള്ള അത്യാവശ്യ വിവരണങ്ങളും സൂഃ നിസാഉ് 43 ൽ മുമ്പു കഴിഞ്ഞു പോയിട്ടുള്ളതുകൊണ്ട് ഇവിടെ പ്രത്യേകം ഒന്നും പ്രസ്താവിക്കുന്നില്ല. കുളിക്കേണ്ടുന്ന കാരണങ്ങൾ നേരിടുമ്പോൾ അതിനു സാധിക്കാത്ത പക്ഷം, കുളിക്കു പകരം അനുഷ്ഠിക്കേണ്ടുന്ന കാര്യമെന്ന നിലക്കായിരുന്നു അവിടെ തയമ്മുമിനെപ്പറ്റി വിവരിച്ചത്. വുദ്വൂഇനു സൗകര്യപ്പെടാത്ത പക്ഷം അതിനു പകരം സ്വീകരിക്കപ്പെടേണ്ടുന്ന പ്രതിവിധി എന്ന നിലക്കാണ് തയമ്മുമിനെപ്പറ്റി ഇവിടെ പ്രസ്താവിച്ചിരിക്കുന്നത്. ഇതു മാത്രമേ വ്യത്യാസമുള്ളൂ. കുളിക്കു പകരമുള്ള തയമ്മുമും, വുദ്വൂഇനു പകരമുള്ള തയമ്മുമും സ്വഭാവത്തിൽ വ്യത്യാസമില്ലെന്നുകൂടി ഇതിൽ നിന്നു വ്യക്തമായി.

തുടർന്നുകൊണ്ട് അല്ലാഹു സത്യവിശ്വാസികളെ ഉണർത്തുന്നു: നിങ്ങൾക്ക് വല്ല വിഷമവും ഉണ്ടാക്കുവാൻ അല്ലാഹു ഉദ്ദേശിക്കുന്നില്ലെന്നും, നിങ്ങളെ ശുദ്ധിയാക്കുവാനും, നിങ്ങൾക്ക് അവന്റെ അനുഗ്രഹം പൂർണമാക്കിത്തരുവാനുമാണ് അല്ലാഹു ഉദ്ദേശിക്കുന്നതെന്നും (مَا يُرِيدُ ٱللَّهُ لِيَجْعَلَ عَلَيْكُم....) സൂറത്തുൽ ഹജ്ജ് 78 ൽ വ്യക്തമാക്കപ്പെട്ടിട്ടുള്ളതുപോലെ, മതശാസനകളിൽ അല്ലാഹു മനുഷ്യർക്ക് യാതൊരു വിഷമവും ഉണ്ടാക്കിയിട്ടില്ല. അവരുടെ കഴിവും സൗകര്യവും കണക്കിലെടുത്തുകൊണ്ടു തന്നെയാണ് എല്ലാ നിയമങ്ങളും നിയമിച്ചിരിക്കുന്നത്. നമസ്കാരവേളയിൽ വുദ്വൂ ചെയ്യണമെന്നും, അതിന് സാധിക്കാതെ വരുമ്പോൾ തയമ്മും ചെയ്താൽ മതിയെന്നും കൽപിച്ചതിനെത്തുടർന്നാണ് ഇവിടെ ഈ വിഷയം അല്ലാഹു ഉണർത്തുന്നത്. അപ്പോൾ, വുദ്വൂഉം തയമ്മുമും നിയമിച്ചതു കൊണ്ടുദ്ദേശ്യം നിങ്ങളെ വിഷമിപ്പിക്കുകയല്ല-നിങ്ങളെ ശുദ്ധിയുള്ളവരും അനുഗൃഹീതരുമാക്കുകയാണ്-എന്നായിരിക്കും പ്രധാനമായും ഇവിടെ ഉദ്ദേശ്യം. കേവലം ശാരീരികവും ബാഹ്യവുമായ മാലിന്യങ്ങളിൽനിന്നുള്ള ശുദ്ധി മാത്രമല്ല വുദ്വൂഉം, തയമ്മുമും കൊണ്ടുദ്ദേശ്യം. ആത്മീയവും മാനസികവുമായ ശുദ്ധിയും കൂടിയാകുന്നു. വുദ്വൂഇൽ ഓരോ അവയവം കഴുകും തോറും ആ അവയവം കൊണ്ടു ചെയ്ത തെറ്റുകൾ നീങ്ങിപ്പോകുന്നതാണെന്നും മറ്റും നബി ﷺ അരുളിച്ചെയ്തിട്ടുള്ളതു പ്രസ്താവ്യമാണല്ലോ. (മാ, മു) വുദ്വൂ കഴിഞ്ഞ ശേഷം اَللّٰهُمَّ اجْعَلْنِى مِنَ التَّوَّابِينَ وَاجْعَلْنِى مِنَ الْمُتَطَهِّرِينْ (അല്ലാഹുവേ, എന്നെ നീ പശ്ചാത്തപിച്ചു മടങ്ങുന്നവരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തേണമേ, എന്നെ ശുദ്ധിയായവരുടെ കൂട്ടത്തിലും ഉൾപ്പെടുത്തേണമേ!) എന്ന് പ്രാർത്ഥിക്കുവാൻ നബി ﷺ പ്രോത്സാഹിപ്പിച്ചിട്ടുള്ളതും (തി) സ്മരണീയമാകുന്നു. മണ്ണുകൊണ്ടു തയമ്മും ചെയ്യുന്നത് ശരീരത്തിലെ ചില രോഗ ബീജങ്ങൾ നശിപ്പിക്കുവാൻ സഹായകമാണെന്നും മറ്റും വൈദ്യശാസ്ത്രജ്ഞന്മാർ പറഞ്ഞു കാണുന്നു. ഇതും ബാഹ്യമായ ഒരു ശുദ്ധീകരണമാണല്ലോ. അതില്ലെങ്കിൽ തന്നെയും അല്ലാഹുവിന്റെ കല്പന അനുസരിക്കുന്നത് പാപങ്ങൾ പൊറുക്കപ്പെടുവാനും അവന്റെ അനുഗ്രഹം സിദ്ധിക്കുവാനും കാരണമാണെന്നു പറയേണ്ടതില്ല. ചുരുക്കിപ്പറഞ്ഞാൽ, വുദ്വൂ, കുളി, തയമ്മും എന്നിവയൊക്കെ ബാഹ്യവും, ആന്തരീകവുമായ ശുദ്ധികൾ പ്രദാനം ചെയ്യുന്നു. അവ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് കാരണമാകുകയും ചെയ്യുന്നു; അതിനു നാം അല്ലാഹുവിനോട് നന്ദിയുള്ളവരായിരിക്കേണ്ടതുമുണ്ട്. അതാണ് لَعَلَّكُمْ تَشْكُرُونَ (നിങ്ങൾ നന്ദി കാണിച്ചേക്കാം) എന്ന വാക്യം ചൂണ്ടിക്കാട്ടുന്നത്. ഈ വാക്യത്തിന് 'നിങ്ങൾ നന്ദികാണിക്കുവാൻ വേണ്ടി' എന്നും അർത്ഥംവരാം. രണ്ടായാലും ഒരേ സാരത്തിൽ തന്നെ കലാശിക്കുന്നു.

وَٱذۡكُرُواْ نِعۡمَةَ ٱللَّهِ عَلَيۡكُمۡ وَمِيثَٰقَهُ ٱلَّذِى وَاثَقَكُم بِهِۦٓ إِذۡ قُلۡتُمۡ سَمِعۡنَا وَأَطَعۡنَا	﴾8﴿ നിങ്ങൾക്ക് അല്ലാഹു ചെയ്ത അനുഗ്രഹത്തെയും, അവൻ നിങ്ങളോട് ഉറപ്പുവാങ്ങിയിട്ടുള്ള അവന്റെ [അവനോടു നൽകിയ] ഉറപ്പിനെയും നിങ്ങൾ ഓർക്കുവിൻ (അതെ) 'ഞങ്ങൾ കേൾക്കുകയും, അനുസരിക്കുകയും ചെയ്തു' എന്ന് നിങ്ങൾ പറഞ്ഞപ്പോൾ (വാങ്ങിയഉറപ്പ്)
وَٱتَّقُواْ ٱللَّهَ ۚ إِنَّ ٱللَّهَ عَلِيمُۢ بِذَاتِ ٱلصُّدُورِ ﴿٨﴾	നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവിൻ, നിശ്ചയമായും അല്ലാഹു, നെഞ്ചു [ഹൃദയം] കളിലുള്ളതിനെക്കുറിച്ച് അറിയുന്നവനാകുന്നു.

﴾8﴿ وَاذْكُرُوا നിങ്ങൾ ഓർമിക്കുകയും ചെയ്യുവിൻ نِعْمَةَ اللهِ അല്ലാഹുവിന്റെ (അല്ലാഹു ചെയ്ത) അനുഗ്രഹം عَلَيْكُمْ നിങ്ങൾക്ക് وَمِيثَاقَهُ അവന്റെ (അവനോടുള്ള) ഉറപ്പും, കരാറും الَّذِي وَاثَقَكُمْ നിങ്ങളോടു അവൻ ഉറപ്പു (കരാറു) വാങ്ങിയതായ بِهِ അതിനെപ്പറ്റി إِذْ قُلْتُمْ നിങ്ങൾ പറഞ്ഞപ്പോൾ, പറഞ്ഞ സന്ദർഭം سَمِعْنَا ഞങ്ങൾ കേട്ടു وَأَطَعْنَا ഞങ്ങൾ അനുസരിക്കുകയും ചെയ്തു وَاتَّقُوا നിങ്ങൾ സൂക്ഷിക്കുകയും ചെയ്‌വിൻ اللهَ അല്ലാഹുവിനെ إِنَّ اللهَ നിശ്ചയമായും അല്ലാഹു عَلِيمٌ അറിയുന്നവനാണ് بِذَاتِ الصُّدُورِ നെഞ്ചു (ഹൃദയം) കളിലുള്ളതിനെപ്പറ്റി

അല്ലാഹുവിന്റെ അനുഗ്രഹം (**نعمة الله**) എന്ന വാക്കിൽ അല്ലാഹു മനുഷ്യർക്ക് ചെയ്ത കണക്കറ്റ അനുഗ്രഹങ്ങൾ ഉൾപെടുമെങ്കിലും സന്മാർഗത്തിലേക്കുള്ള മാർഗ ദർശനമാണ് ഇവിടെ മുഖ്യമായും ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതെന്ന് സന്ദർഭംകൊണ്ടു മനസ്സിലാക്കാം. നിങ്ങളോട് അവൻ ഉറപ്പുമേടിച്ചിട്ടുള്ള അവന്റെ ഉറപ്പ് (وَمِيثَاقَهُ الَّذِي وَاثَقَكُمْ بِهِ) കൊണ്ടുദ്ദേശ്യം, ബുദ്ധിപരമായോ, പ്രവാചകന്മാർ വഴിയോ ലഭിക്കുന്ന തെളിവുകളുടെ അടിസ്ഥാനത്തിൽ, അല്ലാഹുവിന്റെ നിയമ നിർദ്ദേശങ്ങൾ അനുസരിക്കുവാൻ മനുഷ്യനുള്ള ബാധ്യതയാണ് എന്ന് ചിലരും, സൂഃ അഅ്റാഫ് 172 ൽ കാണാവുന്ന പ്രകാരം ആദം (അ)ന്റെ സന്താനങ്ങളോട് ആത്മീയ ലോകത്തുവെച്ച് അല്ലാഹു വാങ്ങിയ കരാറാണുദ്ദേശ്യമെന്ന് വേറെ ചിലരും പ്രസ്താവിച്ചിരിക്കുന്നു. തങ്ങളോട് കൽപിക്കുന്നതെല്ലാം തങ്ങൾ സ്വീകരിക്കുകയും അനുസരിക്കുകയും ചെയ്തുകൊള്ളാമെന്ന് സത്യവിശ്വാസികൾ പല സന്ദർഭങ്ങളിലും നബി ﷺ യോട് പ്രതിജ്ഞ ചെയ്യലും വാക്കുകൊടുക്കലും ഉണ്ടായിട്ടുണ്ട്. ഇതാണിവിടെ ഉദ്ദേശ്യമെന്നത്രെ പല വ്യാഖ്യാതാക്കളും പറയുന്നത്. ക്വുർആന്റെ വാക്കുകളോട് കൂടുതൽ യോജിച്ചു കാണുന്നതും ഇതാണ്. ഉബാദത്തുബ്നുസ്സ്വാമിത്ത് (**عبادة بن الصامت – رضـ**) പ്രസ്താവി

ച്ചതായി ബുഖാരിയും, മുസ്‌ലിമും (റ) രേഖപ്പെടുത്തിയ ഒരു പ്രസിദ്ധ ഹദീഥിൽ ഇപ്ര കാരം വന്നിട്ടുമുണ്ട്: "എളുപ്പത്തിലും, ഞെരുക്കത്തിലും സന്തോഷത്തിലും, വെറുപ്പിലും (എല്ലാം തന്നെ) കേൾക്കുവാനും, അനുസരിക്കുവാനും ഞങ്ങൾ റസൂൽ തിരുമേനി ﷺയോടു 'ബൈഅത്ത്' (പ്രതിജ്ഞ) ചെയ്തിരിക്കുന്നു".

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ كُونُوا۟ قَوَّٰمِينَ لِلَّهِ شُهَدَآءَ بِٱلْقِسْطِ ۖ وَلَا يَجْرِمَنَّكُمْ شَنَـَٔانُ قَوْمٍ عَلَىٰٓ أَلَّا تَعْدِلُوا۟ ۚ ٱعْدِلُوا۟ هُوَ أَقْرَبُ لِلتَّقْوَىٰ ۖ وَٱتَّقُوا۟ ٱللَّهَ ۚ إِنَّ ٱللَّهَ خَبِيرٌۢ بِمَا تَعْمَلُونَ ﴿٩﴾

﴿9﴾ ഹേ, വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനുവേണ്ടി (ഉറച്ചു) നില കൊള്ളുന്നവരായിരിക്കുവിൻ, നീതി മുറക്കു സാക്ഷ്യം വഹിക്കുന്നവരായി ക്കൊണ്ട്. ഒരു ജനതയോടുള്ള അമർ ഷം, നിങ്ങൾ നീതി പാലിക്കാതിരിക്കു വാൻ നിങ്ങളെ നിശ്ചയമായും പ്രേരി പ്പിക്കരുത്. നിങ്ങൾ നീതി പാലിക്ക ണം, അത് ഭയഭക്തിയോട് കൂടുതൽ അടുപ്പമുള്ളതത്രെ.

നിങ്ങൾ അല്ലാഹുവിനെ സൂക്ഷി ക്കുയും ചെയ്യുവിൻ.

നിശ്ചയമായും അല്ലാഹു, നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് സൂക്ഷ്മമായി അറിയുന്നവനാകുന്നു.

﴾9﴿ يَاأَيُّهَاالَّذِينَ آمَنُوا ഹേ, വിശ്വസിച്ചവരേ كُونُوا നിങ്ങൾ ആയിരിക്കുവിൻ, ആയിത്തീരുവിൻ قَوَّامِينَ (ശരിക്കു-ഉറച്ചു) നിലകൊള്ളുന്നവർ لِلَّهِ അല്ലാഹുവിനു വേണ്ടി, അല്ലാഹുവിന്നായി شُهَدَاءَ സാക്ഷികളായിട്ട്, സാക്ഷ്യം വഹിക്കുന്നവരായി بِالْقِسْطِ നീതിമുറക്ക് وَلَايَجْرِمَنَّكُمْ നിശ്ചയമായും നിങ്ങളെ പ്രേരിപ്പിക്കരുത് شَنَآنُ അമർഷം, ഈർഷ്യത قَوْمٍ ഒരു ജനതയുടെ (ജനതയോടുള്ള) عَلَىٰٓأَلَّاتَعْدِلُوا നിങ്ങൾ നീതിപാലിക്കാതെ (ചെയ്യാതെ)യിരിക്കുന്നതിന് اعْدِلُوا നിങ്ങൾ നീതിപാലിക്കുവിൻ, മര്യാദ കാട്ടുവിൻ هُوَأَقْرَبُ അത് കൂടുതൽ അടുപ്പമുള്ളതാണ്, അധികം അടുത്തതാണ് لِلتَّقْوَىٰ ഭയഭക്തി (സൂക്ഷ്മത)യോട് وَاتَّقُوا നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുവിൻ اللَّهَ അല്ലാഹുവിനെ إِنَّ اللَّهَ നിശ്ചയമായും അല്ലാഹു خَبِيرٌ സൂക്ഷ്മമമായി അറിയുന്നവനാണ് بِمَاتَعْمَلُونَ നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി.

നീതിമുറക്ക് സാക്ഷ്യം വഹിച്ചുകൊണ്ട് അല്ലാഹുവിനുവേണ്ടി നിലകൊള്ളുക എന്ന് പറഞ്ഞതിന്റെ താൽപര്യം സൂഃ അന്നിസാഇലെ 135-ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ വിവരിച്ചിട്ടുണ്ട്. ഒരു ജനതയോടുള്ള അമർഷം നീതിപാലിക്കാതിരിക്കുവാൻ പ്രേരിപ്പി

ക്കരുത് എന്നു പറഞ്ഞത് പൊതുവായ ഒരു പ്രധാന തത്വമാകുന്നു. ഒരു കൂട്ടരോട് വല്ല കാരണത്താലും ഈർഷ്യതയും വെറുപ്പുമുണ്ടെങ്കിൽ അവരോട് അതിന്റെ പേരിൽ അനീതിയും അക്രമവും പ്രവർത്തിക്കുവാൻ പാടില്ലെന്നും, നീതിയും മര്യാദയും പാലിക്കുന്നതിന് ഒരിക്കലും അതു തടസ്സമാകരുതെന്നുമാണ് അല്ലാഹു കൽപിക്കുന്നത്. ഈ കൽപന ജനങ്ങൾ ശരിക്കും പാലിക്കുന്നപക്ഷം ലോകത്ത് സമാധാനാന്തരീക്ഷം നിലനിൽക്കുവാൻപോലും അത് ഉതകുന്നതാണെന്ന് കാണാവുന്നതാണ്. മിക്ക കൽപനകളും വിവരിച്ചശേഷം അതിനെ തുടർന്നു നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവിൻ (وَاتَّقُوا اللَّهَ) എന്നു അല്ലാഹു ആവർത്തിച്ചുണർത്താറുള്ളത് നാം പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാകുന്നു.

وَعَدَ ٱللَّهُ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ ۙ لَهُم مَّغْفِرَةٌ وَأَجْرٌ عَظِيمٌ ﴿١٠﴾

《10》 വിശ്വസിക്കുകയും, സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരോട് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു: അവർക്ക് പാപമോചനവും, മഹത്തായ പ്രതിഫലവും ഉണ്ട് (എന്ന്).

وَٱلَّذِينَ كَفَرُوا۟ وَكَذَّبُوا۟ بِـَٔايَٰتِنَآ أُو۟لَٰٓئِكَ أَصْحَٰبُ ٱلْجَحِيمِ ﴿١١﴾

《11》 അവിശ്വസിക്കുകയും, നമ്മുടെ 'ആയത്തു' [ലക്ഷ്യം]കളെ വ്യാജമാക്കുകയും ചെയ്തവരാകട്ടെ, അക്കൂട്ടർ, ജ്വലിക്കുന്ന അഗ്നിയുടെ [നരകത്തിന്റെ] ആൾക്കാരാകുന്നു.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱذْكُرُوا۟ نِعْمَتَ ٱللَّهِ عَلَيْكُمْ إِذْ هَمَّ قَوْمٌ أَن يَبْسُطُوٓا۟ إِلَيْكُمْ أَيْدِيَهُمْ فَكَفَّ أَيْدِيَهُمْ عَنكُمْ ۖ

《12》 ഹേ, വിശ്വസിച്ചവരേ, നിങ്ങൾക്ക് അല്ലാഹു ചെയ്ത അനുഗ്രഹത്തെ നിങ്ങൾ ഓർക്കുവിൻ, (അതായത്) ഒരു ജനത നിങ്ങളുടെ നേരെ അവരുടെ കൈകൾ നീട്ടുവാൻ കരുതിയപ്പോൾ, എന്നിട്ട് നിങ്ങളിൽ നിന്നും അവരുടെ കൈകളെ അവൻ തട്ടിനീക്കി.

وَٱتَّقُوا۟ ٱللَّهَ ۚ وَعَلَى ٱللَّهِ فَلْيَتَوَكَّلِ ٱلْمُؤْمِنُونَ ﴿١٢﴾

നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യണം. അല്ലാഹുവിന്റെ മേൽ ഭരമേൽപിച്ചുകൊള്ളട്ടെ സത്യവിശ്വാസികൾ.

《10》 وَعَدَ ٱللَّهُ അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു ٱلَّذِينَ ءَامَنُوا വിശ്വസിച്ചവരോട് وَعَمِلُوا പ്രവർത്തിക്കുകയും ചെയ്ത ٱلصَّٰلِحَٰتِ സൽക്കർമങ്ങൾ لَهُم

അവർക്കുണ്ട് مَّغْفِرَةٌ പാപമോചനം وَأَجْرٌ പ്രതിഫലവും عَظِيمٌ വമ്പിച്ച, മഹത്തായ
بِـَٔايَـٰتِنَآ അവിശ്വസിച്ചവരാകട്ടെ وَكَذَّبُوا വ്യാജമാക്കുകയും ചെയ്തു وَٱلَّذِينَ كَفَرُوا ﴾11﴿
നമ്മുടെ ആയത്തുകളെ أُوْلَـٰٓئِكَ അക്കൂട്ടർ أَصْحَـٰبُ ആൾക്കാരാകുന്നു ٱلْجَحِيمِ ജ്വലി
ക്കുന്ന അഗ്നിയുടെ ﴾12﴿ يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا ഹേ വിശ്വസിച്ചവരേ ٱذْكُرُوا നിങ്ങൾ
ഓർക്കുവിൻ نِعْمَتَ ٱللَّهِ അല്ലാഹുവിന്റെ അനുഗ്രഹത്തെ عَلَيْكُمْ നിങ്ങൾക്ക്, നിങ്ങ
ളുടെ മേലുള്ള إِذْ هَمَّ കരുതിയപ്പോൾ, ഉദ്ദേശിച്ച സ്ഥിതിക്ക് قَوْمٌ ഒരു ജനത (ചില
ആളുകൾ) أَن يَبْسُطُوٓا അവർ നീട്ടുവാൻ, വിരുത്തുവാൻ إِلَيْكُمْ നിങ്ങളിലേക്ക്, നിങ്ങ
ളുടെ നേരെ أَيْدِيَهُمْ അവരുടെ കൈകളെ فَكَفَّ എന്നിട്ട് അവൻ തടുത്തു أَيْدِيَهُمْ
അവരുടെ കൈകളെ عَنكُمْ നിങ്ങളിൽ നിന്ന് وَٱتَّقُوا ٱللَّهَ നിങ്ങൾ അല്ലാഹുവിനെ
സൂക്ഷിക്കുകയും ചെയ്യുവിൻ وَعَلَى ٱللَّهِ അല്ലാഹുവിന്റെ മേൽ (തന്നെ) فَلْيَتَوَكَّلِ ഭര
മേൽപിച്ചുകൊള്ളട്ടെ ٱلْمُؤْمِنُونَ സത്യവിശ്വാസികൾ

ഈ വചനത്തിൽ അല്ലാഹുവിന്റെ അനുഗ്രഹം (نِعْمَتَ ٱللَّهِ) എന്ന് പറഞ്ഞത് ഒരു പ്രത്യേക സംഭവത്തെ സൂചിപ്പിച്ചതാണെന്നും, അല്ലെന്നും രണ്ടഭിപ്രായമുണ്ട്. സത്യവിശ്വാസികളെ ഉന്മൂലനം ചെയ്യാൻ പരിപാടിയിട്ടു കഴിവതെല്ലാം ചെയ്തുകൊണ്ടിരിക്കുകയായിരുന്നുവല്ലോ ഇസ്ലാമിന്റെ ശത്രുക്കൾ. ഇപ്പോൾ, അവരുടെ അക്രമങ്ങളും പരിപാടികളും പരാജയപ്പെടുത്തിക്കൊണ്ട് മുസ്ലിംകൾക്ക് അല്ലാഹു വിജയവും പ്രതാപവും നൽകിക്കഴിഞ്ഞിരിക്കുകയാണ്. ഈ മഹത്തായ പൊതു അനുഗ്രഹമാണ് ഇവിടെ ഉദ്ദേശമെന്നത്രെ രണ്ടാമത്തെ അഭിപ്രായക്കാരുടെ പക്ഷം. ഒരു പ്രത്യേക സംഭവത്തെയാണ് സൂചിപ്പിക്കുന്നതെന്ന ഒന്നാമത്തെ അഭിപ്രായക്കാർ ഒന്നിലധികം സംഭവങ്ങൾ ഇവിടെ ഉദ്ധരിച്ചു കാണാം. ചിലർ അവയിൽ ചിലതിന് മുൻഗണനയും നൽകുന്നു.സംഭവങ്ങൾ ഇവയാണ്:-

(1) അസ്ഫാൻ യുദ്ധത്തിൽ നബി ﷺയും സ്വഹാബികളും ദ്വുഹ്ർ നമസ്കാരം ജമാഅത്തായി നമസ്കരിച്ചു. ഇതു കണ്ട ശത്രുക്കൾ, അടുത്ത നമസ്കാരത്തിൽ ആ തക്കംനോക്കി മുസ്ലിംകളെ പരാജയപ്പെടുത്തുവാൻ പരിപാടിയിട്ടു. പക്ഷേ, യുദ്ധത്തിൽ ഭയപ്പാടിന്റെ നമസ്കാരം (صلاة الخوف) നടത്തുവാനുള്ള കൽപനമൂലം സത്യവിശ്വാസികളെ അല്ലാഹു രക്ഷിക്കുകയും അവരുടെ കുതന്ത്രം പരാജയപ്പെടുത്തുകയും ചെയ്തു.

(2) ഒരു യുദ്ധയാത്രയിൽ നബി ﷺ ഒരു മരത്തണലിൽ വിശ്രമിക്കുകയായിരുന്നു. സ്വഹാബികൾ ഓരോ ജോലിയിൽ വ്യാപൃതരുമായിരുന്നു. മുഹാരിബ് (محارب) ഗോത്രക്കാരനായ ഒരാൾ ഈ തക്കം നോക്കിവന്ന് നബി ﷺയുടെ വാളെടുത്തു. അതു ഉയർത്തിപ്പിടിച്ചുകൊണ്ട് 'മുഹമ്മദേ, ഇപ്പോൾ നിന്നെ ആർ രക്ഷിക്കും?' എന്നു ചോദിച്ചു. തിരുമേനി ﷺ ഉത്തരം പറഞ്ഞു: 'അല്ലാഹു'. അവൻ സ്തംഭിച്ചുപോയി. വാൾ കൈയിൽ നിന്നു വീണു. തിരുമേനി വാളെടുത്തു അതേചോദ്യം അവനോട് ചോദിച്ചു. 'ആരുമില്ല, രക്ഷിക്കണേ?' എന്നായിരുന്നു അവന്റെ മറുപടി. തിരുമേനി അവന്റെ നേരെ നടപടിയൊന്നും എടുക്കാതെ അവന് മാപ്പ് നൽകി വിട്ടയച്ചു.

(3) ഒരിക്കൽ നബി ﷺയെയും സ്വഹാബികളെയും യഹൂദികൾ ഒരു വിരുന്നിന് ക്ഷണിച്ചു. ഭക്ഷണത്തിൽ വിഷം കലർത്തി അവരെ കൊലപ്പെടുത്തുവാനായിരുന്നു പരിപാടി. അല്ലാഹു നേരത്തെതന്നെ നബി ﷺക്ക് അതിനെപ്പറ്റി വഹ്‌യ് മുഖേന അറിവു കൊടുത്തു. അങ്ങിനെ, തിരുമേനിയും സ്വഹാബികളും അതിൽ പങ്കെടുക്കുകയുണ്ടായില്ല.

(4) യഹൂദഗോത്രമായ ബനൂനദ്വീറിന്റെ അടുക്കൽ കുറച്ചു പണം കടം ചോദിക്കുവാനായി നബി ﷺ ചെന്നു. കൊടുക്കാമെന്ന് സമ്മതിച്ച ശേഷം ഒരു ചുമരിനു താഴെയായി നബി ﷺക്കു ഇരിക്കുവാൻ അവർ സ്ഥലം ഏർപ്പാട് ചെയ്തു. നബി ﷺ അവിടെ ഇരിക്കുമ്പോൾ മാളികമുകളിൽ നിന്ന് ഒരു ആസ് കല്ലെടുത്തു തിരുമേനിയുടെ തലക്കുമീതെയിട്ട് തിരുമേനിയുടെ കഥകഴിക്കുവാൻ അവർ ഒരാളെ ശട്ടംകെട്ടുകയും ചെയ്തു. ഈ ഗൂഢ രഹസ്യം അല്ലാഹു നബി ﷺക്ക് അറിയിച്ചുകൊടുത്തു. അപ്പോൾ, നബി ﷺയും കൂടെയുണ്ടായിരുന്ന സ്വഹാബികളും സ്ഥലം വിട്ടുപോന്നു.

ചരിത്ര ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തപ്പെട്ടിട്ടുള്ള ഈ നാലു സംഭവങ്ങളിൽ ഏതെങ്കിലും ഒന്നോ, അല്ലെങ്കിൽ ഇതുപോലുള്ള സംഭവങ്ങൾ പൊതുവെയോ ആയിരിക്കാം ഇവിടെ ഉദ്ദേശ്യം. അല്ലാഹു സത്യവിശ്വാസികൾക്ക് ചെയ്തുകൊടുത്ത വമ്പിച്ച അനുഗ്രഹങ്ങളാണിവയെല്ലാം എന്ന് പറയേണ്ടതില്ലല്ലോ.

വിഭാഗം - 3

കഴിഞ്ഞ 8-ാം വചനത്തിലും അതിന് ശേഷവുമായി അല്ലാഹു ചെയ്തുതന്ന അനുഗ്രഹങ്ങളെയും, അവനോട് ചെയ്ത കരാറുകളെയും ഓർമിക്കണമെന്നും, നീതിക്ക് സാക്ഷ്യം വഹിച്ചുകൊണ്ട് അല്ലാഹുവിനുവേണ്ടി നിലകൊള്ളുന്നവരായിരിക്കണമെന്നും മറ്റും അല്ലാഹു സത്യവിശ്വാസികളെ ഉപദേശിച്ചുവല്ലോ. തുടർന്നുള്ള ഏതാനും വചനങ്ങളിൽ വേദക്കാരും അല്ലാഹുവിനോട് ചില കരാറുകൾ ചെയ്തിരുന്നുവെന്നും, അവർ അതൊക്കെ ലംഘിച്ചു ദുർമാർഗത്തിൽ മുഴുകുകയാണ് ചെയ്തതെന്നും, അങ്ങനെ അവർ അല്ലാഹുവിന്റെ ശാപകോപങ്ങൾക്ക് പാത്രമായിത്തീർന്നുവെന്നും ചൂണ്ടിക്കാട്ടുന്നു.അവരുടെ ചരിത്രത്തിൽ നിന്ന് പാഠം പഠിച്ചുകൊണ്ട് സത്യവിശ്വാസികൾ അവരെപ്പോലെ ആകുവാൻ ഇടവരാതെ സൂക്ഷിക്കുവാൻ വേണ്ടിയാണിത്. മുസ്‌ലിം സമുദായത്തിന് അല്ലാഹു തൗഫീകും സൽബുദ്ധിയും നൽകട്ടെ. آمين

وَلَقَدْ أَخَذَ ٱللَّهُ مِيثَٰقَ بَنِىٓ إِسْرَٰٓءِيلَ

﴿13﴾ ഇസ്റാഈൽ സന്തതികളുടെ ഉറപ്പ് [കരാർ] അല്ലാഹു വാങ്ങുകയുണ്ടായി;

وَبَعَثْنَا مِنْهُمُ ٱثْنَىْ عَشَرَ نَقِيبًا ۖ وَقَالَ ٱللَّهُ إِنِّى مَعَكُمْ ۖ

അവരിൽ നിന്ന് പന്ത്രണ്ട് നായകന്മാരെ നാം [അല്ലാഹു] നിയോഗിക്കുകയും ചെയ്തു. അല്ലാഹു (അവരോട്) പറയുകയും ചെയ്തു: 'നിശ്ചയമായും, ഞാൻ നിങ്ങളുടെ കൂടെയുണ്ട്;

لَئِنْ أَقَمْتُمُ ٱلصَّلَوٰةَ وَءَاتَيْتُمُ ٱلزَّكَوٰةَ وَءَامَنتُم بِرُسُلِى وَعَزَّرْتُمُوهُمْ وَأَقْرَضْتُمُ ٱللَّهَ قَرْضًا حَسَنًا لَّأُكَفِّرَنَّ عَنكُمْ سَيِّـَٔاتِكُمْ وَلَأُدْخِلَنَّكُمْ جَنَّـٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَـٰرُ ۚ

നിങ്ങൾ നമസ്കാരം നിലനിറുത്തുകയും, സകാത്ത് കൊടുക്കുകയും, എന്റെ റസൂലുകളിൽ വിശ്വസിക്കുകയും, അവരെ (സഹായിച്ചു) ശക്തിപ്പെടുത്തുകയും, അല്ലാഹുവിനു നല്ലതായ കടംകൊടുക്കുകയും ചെയ്തുവെങ്കിൽ, തീർച്ചയായും, നിങ്ങളുടെ തിന്മകളെ നിങ്ങൾക്ക് ഞാൻ മൂടിമറ(ച്ചു മാപ്പാ)ക്കുകയും, അടിഭാഗത്തിലൂടെ അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗങ്ങളിൽ നിങ്ങളെ ഞാൻ പ്രവേശിപ്പിക്കുകയും ചെയ്യും.

فَمَن كَفَرَ بَعْدَ ذَٰلِكَ مِنكُمْ فَقَدْ ضَلَّ سَوَآءَ ٱلسَّبِيلِ ﴿١٣﴾

എന്നാൽ, ഇതിനുശേഷം നിങ്ങളിൽ നിന്ന് ആരെങ്കിലും അവിശ്വസിക്കുന്ന പക്ഷം, തീർച്ചയായും അവൻ ശരിയായ മാർഗം പിഴച്ചുപോയി'.

﴾13﴿ وَلَقَدْ أَخَذَ വാങ്ങുക (മേടിക്കുക, എടുക്കുക)യുണ്ടായിട്ടുണ്ട് ٱللَّهُ അല്ലാഹു مِيثَـٰقَ ഉറപ്പു, കരാർ بَنِىٓ إِسْرَٰٓءِيلَ ഇസ്റാഈൽ സന്തതികളുടെ وَبَعَثْنَا നാം നിയോഗിക്കുക(എഴുന്നേൽപ്പിക്കുക)യും ചെയ്തു مِنْهُمُ അവരിൽനിന്നു ٱثْنَىْ عَشَرَ പന്ത്രണ്ട് نَقِيبًا നായകൻ, തലവൻ, നേതാവ്, മേലാൾ وَقَالَ ٱللَّهُ അല്ലാഹു പറയുകയും ചെയ്തു إِنِّى مَعَكُمْ നിശ്ചയമായും ഞാൻ നിങ്ങളുടെ കൂടെയുണ്ട്, കൂടെയാണ് لَئِنْ أَقَمْتُمُ നിങ്ങൾ നിലനിറുത്തിയെങ്കിൽ ٱلصَّلَوٰةَ നമസ്കാരം وَءَاتَيْتُمُ നിങ്ങൾ കൊടുക്കുകയും ചെയ്തു ٱلزَّكَوٰةَ സക്കാത്ത് وَءَامَنتُم നിങ്ങൾ വിശ്വസിക്കുകയും ചെയ്തു بِرُسُلِى എന്റെ റസൂലുകളിൽ وَعَزَّرْتُمُوهُمْ അവരെ നിങ്ങൾ സഹായിക്കുകയും ചെയ്തു, ശക്തിപ്പെടുത്തുകയും ചെയ്തു وَأَقْرَضْتُمُ നിങ്ങൾ കടം കൊടുക്കുകയും ചെയ്തു ٱللَّهَ അല്ലാഹുവിന് قَرْضًا حَسَنًا നല്ലതായ കടം لَّأُكَفِّرَنَّ തീർച്ചയായും ഞാൻ മൂടി (മറച്ചു) വെക്കും عَنكُمْ നിങ്ങളിൽ നിന്ന്, നിങ്ങൾക്ക് سَيِّـَٔاتِكُمْ നിങ്ങളുടെ തിന്മകളെ وَلَأُدْخِلَنَّكُمْ നിങ്ങളെ ഞാൻ പ്രവേശിപ്പിക്കുകയും തന്നെ ചെയ്യും جَنَّـٰتٍ സ്വർഗങ്ങളിൽ, തോപ്പുകളിൽ تَجْرِى ഒഴുകുന്ന, നടക്കും مِن تَحْتِهَا അതിന്റെ അടിയിലൂടെ ٱلْأَنْهَـٰرُ അരുവികൾ فَمَن كَفَرَ എന്നാൽ (എനി) ആരെങ്കിലും (വല്ലവരും) അവിശ്വസിച്ചാൽ بَعْدَ ذَٰلِكَ അതിനു (ഇതിനു) ശേഷം مِنكُمْ നിങ്ങളിൽ നിന്ന് فَقَدْ ضَلَّ എന്നാലവൻ പിഴച്ചു കഴിഞ്ഞു سَوَآءَ ٱلسَّبِيلِ ശരിയായ മാർഗം, ചൊവ്വായ വഴി.

فَبِمَا نَقْضِهِم مِّيثَٰقَهُمْ لَعَنَّٰهُمْ وَجَعَلْنَا قُلُوبَهُمْ قَٰسِيَةً ۖ يُحَرِّفُونَ ٱلْكَلِمَ عَن مَّوَاضِعِهِۦ ۙ وَنَسُوا۟ حَظًّا مِّمَّا ذُكِّرُوا۟ بِهِۦ ۚ وَلَا تَزَالُ تَطَّلِعُ عَلَىٰ خَآئِنَةٍ مِّنْهُمْ إِلَّا قَلِيلًا مِّنْهُمْ ۖ فَٱعْفُ عَنْهُمْ وَٱصْفَحْ ۚ إِنَّ ٱللَّهَ يُحِبُّ ٱلْمُحْسِنِينَ ﴿١٤﴾

《14》 എന്നിട്ട് അവർ തങ്ങളുടെ ഉറപ്പ് (വല്ലാതെ) ലംഘിച്ചതു നിമിത്തം നാം അവരെ ശപിച്ചു. അവരുടെ ഹൃദയങ്ങളെ നാം കടുത്തതാക്കുകയും ചെയ്തു.

വാക്കുകളെ അതിന്റെ സ്ഥാനങ്ങളിൽ നിന്നും അവർ മാറ്റം വരുത്തുന്നു; അവർക്ക് ഉൽബോധനം നൽകപ്പെട്ടതിൽ നിന്നും ഒരു (വലിയ) ഭാഗം അവർ മറന്നു കളയുകയും ചെയ്തു. അവരിൽ നിന്നു-അവരിൽ അല്പം ആളുകളൊഴികെ-(ഉണ്ടാകുന്ന) ചതിയെ നീ നോക്കി (മനസ്സിലാക്കി)ക്കൊണ്ടേ ഇരിക്കുകയും ചെയ്യുന്നു. എന്നാൽ, അവർക്ക് നീ മാപ്പു നൽകുകയും, വിട്ടുകൊടുക്കുകയും ചെയ്തുകൊള്ളുക.

നിശ്ചയമായുംഅല്ലാഹു, സുകൃതം ചെയ്യുന്നവരെ സ്നേഹിക്കുന്നു.

《14》 فَبِمَا نَقْضِهِم എന്നിട്ട് (എന്നാൽ) അവരുടെ ലംഘനം കൊണ്ട്, ലംഘിച്ചതു നിമിത്തം مِّيثَٰقَهُمْ അവരുടെ ഉറപ്പു, കരാർ لَعَنَّٰهُمْ നാമവരെ ശപിച്ചു وَجَعَلْنَا നാം ആക്കുകയും ചെയ്തു قُلُوبَهُمْ അവരുടെ ഹൃദയങ്ങളെ قَٰسِيَةً കടുത്തത്, കടുപ്പമുള്ളവ يُحَرِّفُونَ അവർ മാറ്റം വരുത്തുന്നു ٱلْكَلِمَ വാക്ക്, വാക്കുകളെ عَن مَّوَاضِعِهِ അതിന്റെ സ്ഥാനങ്ങളിൽ നിന്ന് وَنَسُوا അവർ മറക്കുക (വിസ്മരിക്ക)യും ചെയ്തു حَظًّا ഒരു ഭാഗം, പങ്ക്, ഓഹരി مِّمَّا ذُكِّرُوا അവർ ഉൽബോധനം ചെയ്യപ്പെട്ടതിൽ നിന്ന് بِهِ അതിനെപ്പറ്റി وَلَا تَزَالُ നീ ആയിക്കൊണ്ടേയിരിക്കും تَطَّلِعُ നീ നോക്കി (അറിഞ്ഞു മനസ്സിലാക്കി-കണ്ടു) കൊണ്ട് عَلَىٰ خَآئِنَةٍ ചതി പ്രയോഗത്തെപ്പറ്റി (ചതിയെ) مِّنْهُمْ അവരിൽ നിന്ന് إِلَّا قَلِيلًا അൽപം (ആൾ) ഒഴികെ مِّنْهُمْ അവരിൽ നിന്ന് فَٱعْفُ എന്നാൽ നീ മാപ്പു നൽകുക عَنْهُمْ അവർക്ക്, അവരെപ്പറ്റി وَٱصْفَحْ നീ വിട്ടുകൊടുക്കുക (തിരിഞ്ഞുകളയുക)യും ചെയ്യുക إِنَّ ٱللَّهَ നിശ്ചയമായും അല്ലാഹു يُحِبُّ സ്നേഹിക്കുന്നു, ഇഷ്ടപ്പെടും ٱلْمُحْسِنِينَ സുകൃതം (പുണ്യം-നന്മ) ചെയ്യുന്നവരെ.

ഇസ്റാഈല്യരോട് അല്ലാഹു വാങ്ങിയ കരാർ എന്തായിരുന്നുവെന്ന് ഏറെക്കുറെ ഈ വചനത്തിൽ നിന്നുതന്നെ മനസ്സിലാക്കാവുന്നതാണ്. 3:187, 4:154 മുതലായ സ്ഥല

ങ്ങളിലും അതു സംബന്ധിച്ച വിവരങ്ങൾ കഴിഞ്ഞുപോയിട്ടുണ്ട്. സൂ: അഅ്റാഫ് 160 ൽ കാണാവുന്നതുപോലെ, ഇസ്റാഈൽ സമുദായം പന്ത്രണ്ട് (*) ഗോത്രങ്ങൾ ഉൾക്കൊണ്ടതായിരുന്നു. ഇസ്റാഈൽ എന്നുകൂടി പേരുണ്ടായിരുന്ന യഅ്ക്വൂബ് നബി (അ)യുടെ പന്ത്രണ്ടു മക്കളുടെ പിന്തുടർച്ചക്കാരായിരുന്നു പ്രസ്തുത ഗോത്രങ്ങൾ. ഈ ഓരോ ഗോത്രത്തിന്റെയും നേതാക്കളായി നിശ്ചയിക്കപ്പെട്ടിരുന്ന തലവന്മാരെപ്പറ്റിയാണ് പന്ത്രണ്ട് നായകന്മാർ (اثْنَيْ عَشَرَ نَقِيبًا) എന്നു പറഞ്ഞത്. നാം നിയോഗിച്ചു (بَعَثْنَا) എന്ന് പറഞ്ഞതിൽനിന്ന് ഈ തലവന്മാരുടെ നിയോഗം അല്ലാഹുവിന്റെ കല്പന പ്രകാരമായിരുന്നുവെന്നും അവരെ നിയോഗിച്ചതിനോട് ചേർത്തിക്കൊണ്ടും ഈ കരാറിനെക്കുറിച്ചു പറഞ്ഞതിൽ നിന്ന് അവർ മുഖാന്തിരമാണ് ഇസ്റാഈല്യരുടെ കരാർ നടന്നതെന്നും മനസ്സിലാകുന്നു. ബൈബ്ളിന്റെ പ്രസ്താവനകളിൽ നിന്നും അങ്ങിനെത്തന്നെ മനസ്സിലാകുന്നുണ്ട്. الله اعلم

മൂസാ നബി (അ)യും ഇസ്റാഈല്യരും ചെങ്കടൽ കടന്നുപോന്ന ശേഷം സീനാ താഴ്വരയിൽ താമസിച്ചിരുന്ന കാലത്ത് അവർക്ക് വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന കൻആൻ (ഫലസ്തീൻ) ദേശത്തെ ശത്രുക്കളെക്കുറിച്ച് ഒരു നിരീക്ഷണം നടത്തി വിവരം സമർപ്പിക്കുവാൻ അല്ലാഹുവിന്റെ കൽപന പ്രകാരം അവരുടെ പന്ത്രണ്ടു ഗ്രോത്രത്തിൽ നിന്നുമായി പന്ത്രണ്ടു നേതാക്കളെ മൂസാ (അ) അയച്ചിരുന്നു. (ഈ സംഭവത്തെപ്പറ്റി അൽപം ആയത്തുകൾക്കുശേഷം താഴെ വിവരിക്കുന്നുണ്ട്). ഈ പന്ത്രണ്ടു പേരാണ് ഇവിടെ പ്രസ്താവിച്ച 'പന്ത്രണ്ടു നായകന്മാരെ' കൊണ്ടുദ്ദേശിക്കപ്പെട്ടിരിക്കുന്നത് എന്നത്രെ ഇബ്നുജരീർ (റ) തുടങ്ങിയ പല വ്യാഖ്യാതാക്കളും പറഞ്ഞുകാണുന്നത്. ഈ പന്ത്രണ്ടു നേതാക്കളുടെ പേരുകൾ ഇബ്നു ഇസ്ഹാക്ക് (റ)ൽ നിന്നു ഇബ്നു കഥീർ (റ) അദ്ദേഹത്തിന്റെ തഫ്സീറിൽ ഉദ്ധരിക്കുകയും ചെയ്തിരിക്കുന്നു. പിന്നീടു ഇബ്നുകഥീർ (റ) പറയുകയാണ്: 'തൗറാത്തിലെ നാലാം പുസ്തകത്തിൽ (ബൈബ്ളിലെ സംഖ്യാ പുസ്തകത്തിൽ) ഞാൻ ഇവരുടെ പേരുകൾ കാണുകയുണ്ടായി. അത് ഇബ്നു ഇസ്ഹാക്ക് പറഞ്ഞതിൽനിന്നും വ്യത്യസ്തമാണ്.' തുടർന്നുകൊണ്ട് താൻ കണ്ട ആ പേരുകൾ അദ്ദേഹം ബൈബ്ളിൽനിന്ന് ഉദ്ധരിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ, പ്രസ്തുത (സംഖ്യാ) പുസ്തകം ഇന്നത്തെ ബൈബ്ളിൽ പരിശോധിച്ചാൽ, ഇബ്നു ഇസ്ഹാക്ക് (റ) പറഞ്ഞ പേരുകളും അതിലുള്ളതാണെന്നും, പക്ഷേ, രണ്ടും രണ്ടവസരങ്ങളിൽ അവരിൽ നിശ്ചയിക്കപ്പെട്ടിരുന്ന നേതാക്കളായിരുന്നുവെന്നും മനസ്സിലാകുന്നു. ഓരോ സ്ഥലങ്ങളിൽ അവരവർ കണ്ടതു അവരവർ ഉദ്ധരിച്ചതായിരിക്കാം. (അല്ലാഹുവിനറിയാം) ബൈബ്ളിന്റെ പ്രതികൾ ഇന്നുള്ള പോലെത്തന്നെയായിരുന്നു അന്നുള്ളതെന്നും, എല്ലാ ഭാഷയിലുമുള്ള എല്ലാ പ്രതികളും ഒരുപോലെയായിരുന്നുവെന്നും നിശ്ചയിക്കുവാൻ വയ്യതാനും.

തങ്ങൾ ശരിക്കും പാലിച്ചുകൊള്ളാമെന്ന് ഉറപ്പ് നൽകിയിട്ടു പിന്നെയും ആ കരാർ ലംഘിച്ചു തോന്നിയവാസത്തിൽ മുഴുകിയതിന്റെ ഫലമായി അല്ലാഹു അവരെ ശപിച്ചുകളഞ്ഞു. അതെ, അവന്റെ കാരുണ്യം അവർക്കു നഷ്ടപ്പെടുകയും കോപത്തിനു അവർ പാത്രമായിത്തീരുകയും ചെയ്തു. മേലിലെങ്കിലും നന്നായിത്തീരുവാൻ മാർഗമില്ലാത്ത

(*) (പന്ത്രണ്ടു ഗോത്രങ്ങളുടെ പേരുകളും, മൂസാ നബി (അ)ക്കുശേഷം ഫലസ്തീനിൽ അവർ കുടിയേറിപ്പാർത്തിരുന്ന സ്ഥലങ്ങളും മറ്റും ഒന്നാം വാല്യത്തിൽ കൊടുത്ത 5-ാം നമ്പ്ര് ഭൂപടത്തിൽ കാണാവുന്നതാണ്.)

വണ്ണം അവരുടെ ഹൃദയങ്ങൾ കടുത്തു ദുഷിക്കുകയുമുണ്ടായി. അങ്ങനെ മതശാസനകളും വേദവാക്യങ്ങളും ഹിതത്തിനൊത്തു മാറ്റി മറിക്കുകയും, ദുർവ്യാഖ്യാനം ചെയ്യുകയും അവരുടെ പതിവായി. പലതും അനുഷ്ഠാന രംഗത്തുനിന്നും സ്മൃതിപഥത്തിൽ നിന്നും നീങ്ങിപ്പോകുകയും ചെയ്തിരിക്കുന്നു. ചുരുക്കത്തിൽ, അവരുടെ ഭാവിയെപ്പറ്റിയെങ്കിലും ഒരു ശുഭപ്രതീക്ഷക്ക് വകയില്ലാതായിരിക്കുന്നു. ഇത്രയും ചൂണ്ടിക്കാട്ടിയ ശേഷം അല്ലാഹു പറയുന്നു: وَلَا تَزَالُ تَطَّلِعُ عَلَىٰ خَائِنَةٍ مِّنْهُمْ (അവരിൽ നിന്നുണ്ടാകുന്ന ചതിയെ നീ നോക്കി മനസ്സിലാക്കിക്കൊണ്ടേയിരിക്കുന്നു). വിശ്വാസവഞ്ചനയും ചതി പ്രയോഗങ്ങളും യഹൂദികളുടെ സ്വഭാവമാണല്ലോ. തക്കം കിട്ടുമ്പോഴെല്ലാം ഇസ്‌ലാമിനും മുസ്‌ലിംകൾക്കും പിൻകുഴി തോണ്ടുന്നതിൽ അവർ ഒരിക്കലും വീഴ്ചവരുത്താറില്ല. വളരെ ചുരുക്കം വ്യക്തികൾ മാത്രമേ ഇതിൽ നിന്നു ഒഴിവുള്ളൂ. അവരെപ്പറ്റിയാണ് إِلَّا قَلِيلًا مِّنْهُمْ (അവരിൽ നിന്നും അല്പം ആളുകളൊഴികെ) എന്ന് പറഞ്ഞത്. യഹൂദികളിൽ നിന്നു ഇസ്‌ലാമിനെ അംഗീകരിക്കുവാൻ മുമ്പോട്ടുവന്ന അബ്ദുല്ലാഹിബ്നു സലാം (റ) പോലെയുള്ളവരായിരിക്കും ഇവർ.

ഇങ്ങിനെയൊക്കെയാണ് യഹൂദികളുടെ സ്ഥിതിഗതികൾ. എന്നാലും അവരോട് മാപ്പിന്റെയും വിട്ടുവീഴ്ചയുടെയും നയം സ്വീകരിക്കണമെന്നും, അത് സുകൃതവാന്മാരുടെ സ്വഭാവമാണെന്നും, അല്ലാഹു സുകൃതവാന്മാരുടെ പക്ഷത്താണുള്ളത്-അവർക്കായിരിക്കും അവന്റെ സഹായവും അനുഗ്രഹവും ലഭിക്കുക-എന്നുമൊക്കെ അവസാനം അല്ലാഹു നബി ﷺക്ക് ഉപദേശം നൽകുന്നു. ഇങ്ങോട്ട് അക്രമങ്ങളും ചതിപ്രയോഗങ്ങളും നടത്തുന്നവരോട് അങ്ങോട്ടും അതേപേലെ ചെയ്‌വാൻ അവകാശമുണ്ടെങ്കിലും, അതിനൊരുമ്പെടാതെ വിട്ടുവീഴ്ചചെയ്യലും, അവഗണിച്ചു മാപ്പ് നൽകലുമാണ് കൂടുതൽ ഉൽകൃഷ്ടമായ സ്വഭാവമെന്നും, അങ്ങിനെയുള്ളവർക്കാണ് അല്ലാഹുവിന്റെ സഹായവും സ്നേഹവും ലഭിക്കുകയെന്നും അല്ലാഹു പലപ്പോഴും ഉപദേശിക്കാറുള്ളതാണല്ലോ. അതാണ് നബി തിരുമേനി ﷺ സത്യവിശ്വാസികൾക്ക് കാണിച്ചു കൊടുത്ത മാതൃകയും.

وَمِنَ ٱلَّذِينَ قَالُوٓا۟ إِنَّا نَصَٰرَىٰٓ أَخَذْنَا مِيثَٰقَهُمْ

فَنَسُوا۟ حَظًّا مِّمَّا ذُكِّرُوا۟ بِهِۦ فَأَغْرَيْنَا بَيْنَهُمُ ٱلْعَدَاوَةَ وَٱلْبَغْضَآءَ إِلَىٰ يَوْمِ ٱلْقِيَٰمَةِ ۚ

وَسَوْفَ يُنَبِّئُهُمُ ٱللَّهُ بِمَا كَانُوا۟ يَصْنَعُونَ ﴿١٥﴾

﴾15﴿ "ഞങ്ങൾ 'നസ്വാറാനി'കളാണെന്ന് പറയുന്നവരിൽ [ക്രിസ്ത്യാനികളിൽ] നിന്നും (തന്നെ) നാം അവരുടെ ഉറപ്പുവാങ്ങിയിരിക്കുന്നു.

എന്നിട്ട്, അവർക്ക് ഉൽബോധനം നൽകപ്പെട്ടതിൽ നിന്ന് ഒരു (വലിയ) ഭാഗം അവർ മറന്നു കളഞ്ഞു. അങ്ങനെ, അവർക്കിടയിൽ ഖിയാമത്തുനാൾവരേക്കും നാം ശത്രുതയും, വിദ്വേഷവും ഇളക്കിവിട്ടു.

അവർ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതിനെപ്പറ്റി വഴിയെ അല്ലാഹു അവരെ ബോധ്യപ്പെടുത്തുകയും ചെയ്യും.

﴾15﴿ وَمِنَ ٱلَّذِينَ യാതൊരുവരില്‍ നിന്നും (തന്നെ) قَالُوٓا പറഞ്ഞ, അവര്‍ പറഞ്ഞു إِنَّا نَصَـٰرَىٰٓ ഞങ്ങള്‍ നസ്വാറാനികളാണ് എന്ന് أَخَذْنَا നാം വാങ്ങി, മേടിച്ചു مِيثَـٰقَهُمْ അവരുടെ കരാര്‍, ഉറപ്പ് فَنَسُوا۟ എന്നിട്ടവര്‍ മറന്നു حَظًّا ഒരു ഓഹരി, ഭാഗം مِّمَّا യാതൊന്നില്‍ നിന്ന് ذُكِّرُوا۟ بِهِۦ അതിനെപ്പറ്റി അവര്‍ ഉല്‍ബോധിപ്പിക്ക (ഓര്‍മിക്ക) പ്പെട്ടു فَأَغْرَيْنَا അപ്പോള്‍ (അതിനാല്‍) നാം ഇളക്കി വിട്ടു بَيْنَهُمُ അവര്‍ക്കിടയില്‍ ٱلْعَدَاوَةَ ശത്രുത, പക وَٱلْبَغْضَآءَ വിദ്വേഷവും, ഈര്‍ഷ്യതയും إِلَىٰ يَوْمِ ٱلْقِيَـٰمَةِ ക്വിയാമത്തു നാള്‍വരെ وَسَوْفَ വഴിയെ, പിറകെ يُنَبِّئُهُمُ അവരെ ബോധ്യപ്പെടുത്തും ٱللَّهُ അല്ലാഹു بِمَا كَانُوا۟ അവര്‍ ആയിരുന്നതിനെപ്പറ്റി يَصْنَعُونَ പ്രവര്‍ത്തിക്കും.

യഹൂദികളില്‍നിന്നു മാത്രമല്ല, ക്രിസ്ത്യാനികളില്‍നിന്നും തങ്ങള്‍ അല്ലാഹുവിന്റെ കല്‍പനകള്‍ പാലിച്ചുകൊള്ളാമെന്ന് അല്ലാഹു കരാര്‍ വാങ്ങുകയുണ്ടായിട്ടുണ്ടെന്നും, അവരും ആ കരാര്‍ വേണ്ടതുപോലെ പാലിച്ചില്ലെന്നും, അതിന്‍ഫലമായി അവര്‍ക്കിടയില്‍ കാലാവസാനംവരെ നീണ്ടു നില്‍ക്കുന്ന ശത്രുതയും വിദ്വേഷവും ഉണ്ടായിത്തീര്‍ന്നുവെന്നും, അവരുടെ പ്രവര്‍ത്തനങ്ങളുടെ ശരിയായ പ്രതിഫലം അവര്‍ വഴിയെ അനുഭവിക്കുവാനിരിക്കുന്നുവെന്നുമാണ് ഈ വചനത്തില്‍ അല്ലാഹു പറഞ്ഞതിന്റെ ചുരുക്കം. എന്നാല്‍, യഹൂദരുടെ അത്രതന്നെ ധിക്കാരവും അക്രമവും ക്രിസ്ത്യാനികളില്‍ നിന്നുണ്ടായിട്ടില്ലെന്നു ഈ വചനത്തില്‍നിന്നും മറ്റും മനസ്സിലാക്കാവുന്നതാകുന്നു. യഹൂദികളെക്കുറിച്ച് ആക്ഷേപിക്കാറുള്ള അത്ര ശക്തിയായ ഭാഷയില്‍ ക്രിസ്ത്യാനികളെക്കുറിച്ചു ക്വുര്‍ആനില്‍ ആക്ഷേപിച്ചു കാണാനില്ലാത്തതിന്റെ കാരണവും അതുതന്നെയാകുന്നു.

യഹൂദികളുടെ കരാറിനെക്കുറിച്ചു പ്രസ്താവിച്ചപ്പോള്‍ ഇസ്‌റാഈല്‍ സന്തതികളുടെ കരാര്‍ (مِيثَـٰقَ بَنِىٓ إِسْرَٰٓءِيلَ) എന്നാണ് അല്ലാഹു പറഞ്ഞത്. യഹൂദികളെ ഉദ്ദേശിച്ച് ഇസ്‌റാഈല്യര്‍- ഇസ്‌റാഈല്‍ സന്തതികള്‍-എന്ന് മുമ്പേ പറയപ്പെടാറുള്ളതാണ്. ക്രിസ്ത്യാനികളെപ്പറ്റി സാധാരണമായി نصارى (നസ്‌റാനികള്‍) എന്നാണ് പറയപ്പെടാറെങ്കിലും ഇവിടെയും, താഴെ 85-ാം വചനത്തിലും അല്ലാഹു ഉപയോഗിച്ച വാക്ക് 'ഞങ്ങള്‍ നസ്‌റാനികളാണെന്നു പറയുന്നവര്‍ (ٱلَّذِينَ قَالُوٓا۟ إِنَّا نَصَـٰرَىٰٓ)' എന്നാകുന്നു. ഈ പേര്‍ അവര്‍ സ്വയം സ്വീകരിച്ച പേരാണെന്നും, ആ പേരില്‍ അവര്‍ അഭിമാനം കൊള്ളുന്നുണ്ടെന്നുമുള്ള ഒരു സൂചന ഈ പ്രയോഗത്തിലടങ്ങിയിരിക്കുന്നതായി കാണാം. ഈ പേരിന്റെ ഉത്ഭവത്തെപ്പറ്റി രണ്ടഭിപ്രായങ്ങള്‍ പറയപ്പെടുന്നു. ഈസാ (അ) വളര്‍ന്നു വന്ന രാജ്യമായ നസ്‌റത്തി (الناصرية)നോടും (*) ബന്ധപ്പെടുത്തിക്കൊണ്ടുണ്ടായ പേരാണെന്നത്രെ ചില ക്വുര്‍ആന്‍ വ്യാഖ്യാതാക്കളും പൊതുവെ ക്രിസ്ത്യാനികളും പറയുന്നത്. ഈ പേര്‍ വാസ്തവത്തില്‍ ക്രിസ്ത്യാനികള്‍ തങ്ങള്‍ക്ക് സ്വയം തൃപ്തിപ്പെട്ട പേരായിരിക്കുവാന്‍ ന്യായമില്ല. കാരണം, അവരുടെ ശത്രുക്കള്‍ അവരെ നിന്ദിച്ചുകൊണ്ടു ചിലപ്പോള്‍ 'ഗലീലക്കാര്‍' എന്നും ചിലപ്പോള്‍ 'നസ്രായ മതക്കാര്‍'

(*) ഫലസ്തീനിലെ ഗലീലിയ (الجليل) തടാകത്തിന്റെ ഏതാണ്ട് തെക്കുവശം ഏകദേശം 14 നാഴികെ ദൂരെയാണ് നസറേത്ത് എന്ന നാസിരിയ്യ (Nazereth) പട്ടണം.

എന്നും പറയാറുണ്ടായിരുന്നതായി ബൈബ്ളിൽ കാണാം. (ലൂക്കോസ് 13:3 ഉം അപ്പോ. പ്രവൃത്തികൾ 24:5 ഉം നോക്കുക) (*) അതോടുകൂടി, നസറേത്ത് എന്ന ദേശത്തിനു മുൻകാലത്തു ഒരു വിശേഷതയും ഉണ്ടായിരുന്നില്ലെന്നും, പിൽക്കാലത്തുമാത്രം ക്രിസ്ത്യാനികൾ അങ്ങോട്ട് പുണ്യയാത്ര പോകാൻ തുടങ്ങിയതാണെന്നും വേദപുസ്ത നിഘണ്ടുവും പറയുന്നു. എന്നിരിക്കെ, നസറേത്തുമായി ബന്ധപ്പെട്ടവരെന്ന അർത്ഥ ത്തിൽ ഈ പേർ ക്രിസ്ത്യാനികൾ സ്വയം സ്വീകരിച്ചതോ അവർ തങ്ങൾക്ക് തൃപ്തി പ്പെട്ടതോ ആവാൻ തരമില്ല. കവിഞ്ഞപക്ഷം, ക്രമേണ ആ പേരിൽ അവർ അറിയപ്പെ ട്ടുവെന്ന് വെക്കുവാനേ തരമുള്ളൂ.

രണ്ടാമത്തെ അഭിപ്രായം ഇതാണ്: 'ഹവാരി'കൾ എന്ന പേരിൽ അറിയപ്പെടുന്ന ഈസാ നബി (അ)യുടെ ശിഷ്യഗണത്തോട് من انصاری الی الله (അല്ലാഹുവിങ്കലേക്ക് എന്റെ സഹായികൾ ആരാണ്?) എന്ന് അദ്ദേഹം ചോദിച്ചതായും, نحن انصار الله (ഞങ്ങൾ അല്ലാഹുവിന്റെ-അല്ലാഹുവിന്റെ മാർഗത്തിലേക്കുള്ള-സഹായികളാണ്) എന്ന് അവർ മറുപടിപറഞ്ഞതായും അല്ലാഹു (3:52ൽ) പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഇതിനെ അടിസ്ഥാനമാക്കി സഹായം എന്ന അർത്ഥത്തിലുള്ള نصرة (നുസ്റത്ത്) എന്ന വാക്കിൽ നിന്നാണ് 'നസ്റാനി'കൾ (النصارى) എന്ന പേർ ഉത്ഭവിച്ചത്. ഈ അഭിപ്രാ യമാണ് പല ക്വുർആൻ വ്യാഖ്യാതാക്കളും പറഞ്ഞിട്ടുള്ളത്. ഇതനുസരിച്ചു ഈ പേർ -അല്ലാഹുവിന്റെ വാക്കിൽ നിന്നു മനസ്സിലാകുന്നതുപോലെ-ക്രിസ്ത്യാനികൾ സ്വയം സ്വീകരിച്ചതും തൃപ്തിപ്പെട്ടതും ആയിരിക്കുവാൻ ന്യായമുണ്ട്(**). അപ്പോൾ അല്ലാഹുവിന്റെ മതത്തെ സഹായിക്കുന്ന ഒരു സമുദായം എന്ന് അഭിമാനം അപ്പോൾ അല്ലാഹുവിന്റെ മതത്തെ സഹായിക്കുന്ന ഒരു സമുദായം എന്ന് അഭിമാനം കൊള്ളുകയും അതേ സമയത്ത് അതിനുനിരക്കാത്തതായ മാർഗം സ്വീകരിച്ചുകൊ

(*) ഈസാ (അ)ന്റെ സ്വദേശമായ നസറേത്തിനോട് ബന്ധപ്പെടുത്തിക്കൊണ്ടാണ് നസ്വാറാ മതക്കാർ എന്ന് പറയുന്നത്. ആ ദേശം ഉൾകൊള്ളുന്ന ജില്ലയാണ് ഗലീലാ الجليل او جليلة)

(**) ക്രിസ്ത്യാനികളെപ്പറ്റി نصارى (നസ്വാറാ-നസ്റാനികൾ) എന്നല്ലാതെ, ക്രിസ്ത്യാനികൾ എന്നു നേർക്കുനേരെ അർത്ഥമായ مسيحيون (മസീഹിയ്യൂൻ) എന്നോ മറ്റോ ക്വുർആനിൽ ഉപയോഗിക്കപ്പെട്ടിട്ടില്ല. വാസ്തവത്തിൽ ഈ പേരും തന്നെ ക്രിസ്ത്യാനികൾ തങ്ങൾക്ക് ആദ്യം സ്വീകരിച്ചു വന്നതല്ല. ആദ്യകാല ക്രിസ്ത്യാനികൾ തങ്ങളെപ്പറ്റി 'ശിഷ്യന്മാർ, സഹോദരന്മാർ, വിശുദ്ധന്മാർ, വിശ്വാ സികൾ' എന്നൊക്കെയായിരുന്നു പറഞ്ഞുവന്നിരുന്നത്. കുറേ കഴിഞ്ഞപ്പോൾ അന്താ ക്കിയ (انطاكية -അന്തിയോക്കിയ)യിലെ ജനങ്ങളാണ് പരിഹാസ രൂപത്തിൽ അവ രെപ്പറ്റി ഈ പേർ ഉപയോഗിച്ചത്. എങ്കിലും, 'മസീഹ്' (مسيح) എന്ന ക്രിസ്തു വിന്റെ (ഈസാനബിയുടെ)നാമത്തോടു ബന്ധപ്പെട്ട പേരാണ് അതെന്നനിലക്ക് ആ പേർ തങ്ങൾക്ക് യുക്തമാണെന്ന് അവർക്ക് തോന്നി. അങ്ങിനെ ക്രിസ്ത്വബ്ദം 150 നു ശേഷം ക്രമേണ ആ പേർ പ്രസിദ്ധമായിത്തീർന്നു. (വേ.പു. നിഘണ്ടു പേ. 114) അഭിഷേകം ചെയ്യപ്പെട്ട ആൾ എന്നാണ് مسيح എന്ന വാക്കിനർത്ഥം. ഇതേ അർത്ഥ ത്തിൽ ഹിബ്രു ഭാഷയിൽ മശീഹ എന്നും, യവന(ഗ്രീക്ക്) ഭാഷയിൽ ക്രിസ്തു (Christ) എന്നും പറയപ്പെടുന്നു. യവന വാക്കിൽ നിന്നാണ് ഈ പേർ പ്രചരിച്ചത്).

ണ്ടിരിക്കുകയും ചെയ്യുന്നവരാണ് ക്രിസ്ത്യാനികൾ എന്നൊരു സൂചനകൂടി അല്ലാഹുവിന്റെ ആ പ്രയോഗത്തിൽ അന്തർഭവിച്ചിരിക്കുന്നതായി കാണാം. الله اعلم

ക്രിസ്ത്യാനികൾ അവരുടെ കരാർ പാലിക്കാതെ, അവർ ഉൽബോധനം ചെയ്യപ്പെട്ട കാര്യങ്ങളിൽ വലിയൊരു ഭാഗം വിസ്മരിച്ചു കളഞ്ഞുവെന്നും, അതുനിമിത്തം കിയാമത്തു നാൾവരേക്കും അവർക്കിടയിൽ ശത്രുതയും വിദ്വേഷവും അല്ലാഹു ഉളവാക്കിയിരിക്കുന്നുവെന്നും അല്ലാഹു പറഞ്ഞുവല്ലോ. വാസ്തവത്തിൽ, ക്രിസ്ത്യാനികളെപ്പോലെ അത്രയധികം ഭിന്നിപ്പും ശത്രുതയും നിലവിലുള്ള ഒരു മതക്കാരെ വേറെ ലോകത്തു കാണുകയില്ല. അല്ലാഹുവിനെയും, ഈസാ നബി (അ)യെയും സംബന്ധിച്ച പരസ്പര വിരുദ്ധമായ സിദ്ധാന്തങ്ങളുടെയും, വ്യാഖ്യാനങ്ങളുടെയും അടിസ്ഥാനത്തിൽ നൂറുക്കണക്കിൽ കക്ഷികൾ ക്രിസ്ത്യാനികളിലുണ്ട്. പ്രധാന കക്ഷികൾക്കെല്ലാം തന്നെ, പള്ളിയും, സഭയും, മതാദ്ധ്യക്ഷന്മാരും വേറെ വേറെയാണ്. കക്ഷികൾ തമ്മത്തമ്മിൽ വിവാഹം കഴിക്കുകയോ, ആരാധനകളിൽ പങ്കുചേരുകയോ ഇല്ല. ഓരോ കക്ഷിയും മറ്റേവരെ അവിശ്വാസികളായി കണക്കാക്കുന്നു. മതപരവും അല്ലാത്തതുമായ കാരണങ്ങളാൽ എത്രയോ രക്തച്ചൊരിച്ചിലുകളും സംഘട്ടനങ്ങളും അവർക്കിടയിൽ ഉണ്ടായിട്ടുണ്ട്. കാലാനുസൃതമായ ചില നീക്കുപോക്കുകൾ ഉണ്ടാകാറുള്ളതല്ലാതെ, കക്ഷികൾ തമ്മിലുള്ള അകൽച്ചക്കും ഭിന്നതക്കും ഒരു മാറ്റവും ഇന്നുവരെ ഉണ്ടായിട്ടില്ല. ഉണ്ടാവാൻ അവകാശവുമില്ല. എനി, ക്രിസ്ത്യാനികളും യഹൂദികളും തമ്മിലുള്ള അവസ്ഥയാകട്ടെ ഇതിനെക്കാൾ കഠിനവും ശക്തവുമാകുന്നു. മുൻകാലം തൊട്ട് ഇന്നുവരെയും അവർ തമ്മിൽ കഠിന ശത്രുക്കൾ തന്നെ. രാഷ്ട്രീയ ലക്ഷ്യങ്ങൾക്ക് മുൻഗണന നൽകപ്പെടുകയും, മതസിദ്ധാന്തങ്ങൾ അവഗണിക്കപ്പെടുകയും ചെയ്യുന്ന ഇക്കാലത്ത് ചിലപ്പോഴെല്ലാം മുസ്‌ലിംകൾക്കെതിരിൽ അവർ യോജിച്ചു പോയേക്കുമെങ്കിലും ഇരുകൂട്ടരുടെയും ഹൃദയങ്ങൾ പരസ്പരം ശത്രുത നിറഞ്ഞതായിത്തന്നെ ഇരിക്കുന്നു. യഥാർത്ഥത്തിൽ, മുസ്‌ലിംകളോടുള്ളതിനെക്കാൾ വെറുപ്പും വിദ്വേഷവുമാണ് ക്രിസ്ത്യാനികൾക്ക് യഹൂദികളോടുള്ളത്.

യഹൂദികളെയും, ക്രിസ്ത്യാനികളെയും കുറിച്ചു പ്രത്യേകം പ്രത്യേകമായി പ്രസ്താവിച്ചശേഷം, രണ്ടു കൂട്ടരെയും ഒന്നിച്ചഭിമുഖീകരിച്ചുകൊണ്ട് അല്ലാഹു പറയുന്നു:-

يَٰٓأَهۡلَ ٱلۡكِتَٰبِ قَدۡ جَآءَكُمۡ رَسُولُنَا يُبَيِّنُ لَكُمۡ كَثِيرٗا مِّمَّا كُنتُمۡ تُخۡفُونَ مِنَ ٱلۡكِتَٰبِ وَيَعۡفُواْ عَن كَثِيرٖۚ ﴿١٦﴾

﴾16﴿ വേദക്കാരേ, വേദഗ്രന്ഥത്തിൽ നിന്നും നിങ്ങൾ മറച്ചുവെച്ചുകൊണ്ടിരുന്നതിൽ പലതും നിങ്ങൾക്കു വിവരിച്ചു തന്നുകൊണ്ട് നമ്മുടെ റസൂൽ നിങ്ങളിൽ (ഇതാ) വന്നിട്ടുണ്ട്.

പലതിനെക്കുറിച്ചും (വിവരിക്കാതെ) അദ്ദേഹം മാപ്പു നൽ(കി വിട്ടു തരു)കയും ചെയ്യുന്നു.

قَدۡ جَآءَكُم مِّنَ ٱللَّهِ نُورٞ وَكِتَٰبٞ مُّبِينٞ ﴿١٧﴾

﴾17﴿ അല്ലാഹുവിങ്കൽ നിന്ന് നിങ്ങൾക്കു ഒരു പ്രകാശവും, സ്പഷ്ടമായ ഒരു വേദഗ്രന്ഥവും വന്നിട്ടുണ്ട്;-

يَهْدِى بِهِ ٱللَّهُ مَنِ ٱتَّبَعَ رِضْوَٰنَهُۥ سُبُلَ ٱلسَّلَٰمِ وَيُخْرِجُهُم مِّنَ ٱلظُّلُمَٰتِ إِلَى ٱلنُّورِ بِإِذْنِهِۦ وَيَهْدِيهِمْ إِلَىٰ صِرَٰطٍ مُّسْتَقِيمٍ ﴿١٨﴾

《18》 തന്റെ പ്രീതിയെ പിൻപറ്റിയ വരെ അതുമൂലം അല്ലാഹു സമാധാനത്തിന്റെ (അഥവാ രക്ഷയുടെ) മാർഗങ്ങളിൽ ചേർക്കുന്നതാണ്; അവന്റെ അനുമതി പ്രകാരം അവരെ അന്ധകാരങ്ങളിൽ നിന്ന് അവൻ പ്രകാശത്തിലേക്കു പുറപ്പെടുവിക്കുകയും ചെയ്യുന്നതാണ്; നേരായ (ചൊവ്വെയുള്ള) ഒരു പാതയിലേക്ക് അവരെ അവൻ നയിക്കുകയും ചെയ്യും.

《16》 يَٰٓأَهْلَ ٱلْكِتَٰبِ വേദക്കാരേ قَدْ جَآءَكُمْ നിങ്ങൾക്കു വന്നിട്ടുണ്ട് رَسُولُنَا നമ്മുടെ റസൂൽ يُبَيِّنُ لَكُمْ നിങ്ങൾക്ക് വിവരിച്ചു തന്നുകൊണ്ട് كَثِيرًا വളരെ, പലതും مِّمَّا كُنتُمْ നിങ്ങൾ ആയിരുന്നതിൽ നിന്ന് تُخْفُونَ നിങ്ങൾ മറച്ചു വെക്കും مِنَ ٱلْكِتَٰبِ (വേദ) ഗ്രന്ഥത്തിൽ നിന്ന് وَيَعْفُوا۟ അദ്ദേഹം മാപ്പ് നൽകുക (വിട്ടുതരുക)യും ചെയ്യുന്നു عَن كَثِيرٍ പലതിനെയും, അധികത്തെക്കുറിച്ചും 《17》 قَدْ جَآءَكُم നിങ്ങൾക്കു വന്നിട്ടുണ്ട് مِّنَ ٱللَّهِ അല്ലാഹുവിങ്കൽ നിന്ന് نُورٌ ഒരുപ്രകാശം وَكِتَٰبٌ ഒരു ഗ്രന്ഥവും مُّبِينٌ സ്പഷ്ടമായ, വ്യക്തമാക്കുന്ന 《18》 يَهْدِى بِهِ അതുമൂലം (അതുകൊണ്ട്) വഴിചേർക്കുന്നു, നയിക്കും ٱللَّهُ അല്ലാഹു مَنِ ٱتَّبَعَ പിൻപറ്റിയവരെ رِضْوَٰنَهُۥ അവന്റെ പ്രീതിയെ سُبُلَ മാർഗങ്ങളിൽ, വഴികളിൽ ٱلسَّلَٰمِ സമാധാനത്തിന്റെ ശാന്തിയുടെ, രക്ഷയുടെ وَيُخْرِجُهُم അവരെ പുറത്ത് വരുത്തുകയും ചെയ്യും مِّنَ ٱلظُّلُمَٰتِ അന്ധകാരങ്ങളിൽ നിന്ന് إِلَى ٱلنُّورِ പ്രകാശത്തിലേക്ക് بِإِذْنِهِ അവന്റെ അനുമതി (ഉത്തരവു) കൊണ്ട് وَيَهْدِيهِمْ അവരെ ചേർക്കുക (നയിക്കുക)യും ചെയ്യും إِلَىٰ صِرَٰطٍ ഒരു പാതയിലേക്ക് مُّسْتَقِيمٍ നേരെയുള്ള, ചൊവ്വായ

ജനങ്ങൾക്ക് വിവരിച്ചു കൊടുക്കാതെ വേദഗ്രന്ഥത്തിലെ പല സത്യങ്ങളും വേദക്കാർ ഒളിച്ചുവെച്ചിരുന്നു. പണ്ഡിതന്മാർക്കിടയിലുള്ള രഹസ്യങ്ങളായി മാത്രം അവ അവശേഷിച്ചിരുന്നു. അങ്ങിനെയുള്ള പല രഹസ്യ സത്യങ്ങളും ക്വുർആൻ വഴിയും, വഹ്‌യ് മൂലവും നബി ﷺ തുറന്നു കാട്ടിയിരുന്നു. ഇതു നബി ﷺയുടെ സത്യതക്കുള്ള തെളിവാകുന്നു. വേദഗ്രന്ഥങ്ങളെക്കുറിച്ചു മുൻപരിചയമൊന്നും ഇല്ലാത്ത സ്ഥിതിക്ക് അല്ലാഹുവിങ്കൽനിന്ന് അറിവ് കിട്ടിയല്ലാതെ അവിടുത്തേക്ക് അതിന് സാധ്യമല്ലല്ലോ. എന്നാൽ, വേദക്കർ ഒളിച്ചുവെച്ചുവന്നിരുന്ന കാര്യങ്ങൾ മുഴുവനും നബി ﷺ തുറന്നു കാട്ടുകയുണ്ടായില്ല. ആവശ്യവും സന്ദർഭവും അനുസരിച്ചു മാത്രമേ വ്യക്തമാക്കിയിട്ടുള്ളൂ. മറ്റുള്ളവയെക്കുറിച്ച് മൗനം അവലംബിക്കുകയാണ് ചെയ്തിരിക്കുന്നത്. ഇത്

അവരെ സംബന്ധിച്ചിടത്തോളം അവർക്ക് സിദ്ധിച്ച ഒരു ദാക്ഷിണ്യം കൂടിയാകുന്നു. 'പ്രകാശവും സ്പഷ്ടവുമായ വേദഗ്രന്ഥവും' എന്ന് പറഞ്ഞത് ഖുർആനെയും, അതു മൂലം ലഭിക്കുന്ന വിജ്ഞാന വെളിച്ചത്തെയും ഉദ്ദേശിച്ചാകുന്നു. 'അല്ലാഹുവിന്റെ പ്രീതിയെ പിൻപറ്റുന്നത്' അവന്റെ പ്രീതിയുടെ ഏകമാർഗമായ ഇസ്‌ലാമിക മാർഗത്തെ പിൻപറ്റുന്നതു കൊണ്ടുമാകുന്നു.

لَّقَدْ كَفَرَ ٱلَّذِينَ قَالُوٓا۟ إِنَّ ٱللَّهَ هُوَ ٱلْمَسِيحُ ٱبْنُ مَرْيَمَ ۚ

《19》 അല്ലാഹു തന്നെയാണ് മർയമിന്റെ മകൻ 'മസീഹ്'എന്ന് പറയുന്നവൻ തീർച്ചയായും അവിശ്വസിച്ചിരിക്കുന്നു.

قُلْ فَمَن يَمْلِكُ مِنَ ٱللَّهِ شَيْـًٔا إِنْ أَرَادَ أَن يُهْلِكَ ٱلْمَسِيحَ ٱبْنَ مَرْيَمَ وَأُمَّهُۥ وَمَن فِى ٱلْأَرْضِ جَمِيعًا ۗ

(നബിയേ,) പറയുക: എന്നാൽ, അല്ലാഹുവിങ്കൽ നിന്ന് വല്ല കാര്യത്തെയും ആരാണ് സ്വാധീനമാ(ക്കിതടു)ക്കുക? മർയമിന്റെ മകൻ 'മസീഹി'നെയും, അദ്ദേഹത്തിന്റെ ഉമ്മയെയും, ഭൂമിയിലുള്ളവരെ മുഴുവനും നശിപ്പിക്കുവാൻ അവൻ ഉദ്ദേശിച്ചുവെങ്കിൽ!

وَلِلَّهِ مُلْكُ ٱلسَّمَٰوَٰتِ وَٱلْأَرْضِ وَمَا بَيْنَهُمَا ۚ يَخْلُقُ مَا يَشَآءُ ۚ

ആകാശങ്ങളുടെയും, ഭൂമിയുടെയും, അവ രണ്ടിനുമിടയിലുള്ളതിന്റെയും രാജാധിപത്യം അല്ലാഹുവിനത്രെ. അവൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു.

وَٱللَّهُ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿١٩﴾

അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനുമത്രെ'.

《19》 لَّقَدْ كَفَرَ തീർച്ചയായും അവിശ്വസിച്ചിട്ടുണ്ട് ٱلَّذِينَ قَالُوٓا۟ പറഞ്ഞവർ إِنَّ ٱللَّهَ നിശ്ചയമായും അല്ലാഹു هُوَ ٱلْمَسِيحُ അവൻ തന്നെ മസീഹ് ٱبْنُ مَرْيَمَ മർയമിന്റെ മകൻ قُلْ നീ പറയുക فَمَن എന്നാൽ ആർ يَمْلِكُ സ്വാധീനമാക്കും, ഉടമപ്പെടുത്തും مِنَ ٱللَّهِ അല്ലാഹുവിൽ നിന്ന് شَيْـًٔا വല്ല കാര്യത്തെയും, വല്ല വസ്തുവിനും إِنْ أَرَادَ അവൻ ഉദ്ദേശിച്ചാൽ أَن يُهْلِكَ അവൻ നശിപ്പിക്കുവാൻ ٱلْمَسِيحَ മസീഹിനെ ٱبْنَ مَرْيَمَ മർയമിന്റെ മകൻ وَأُمَّهُۥ അദ്ദേഹത്തിന്റെ ഉമ്മയെ (മാതാവിനെ)യും وَمَن فِى ٱلْأَرْضِ ഭൂമിയിലുള്ളവരെയും جَمِيعًا മുഴുവൻ وَلِلَّهِ അല്ലാഹുവിനാണ് مُلْكُ ٱلسَّمَٰوَٰتِ ആകാശങ്ങളുടെ രാജാധിപത്യം وَٱلْأَرْضِ ഭൂമിയുടെയും

مَا يَشَآءُ അവൻ ഉദ്ദേശിക്കുന്നത് وَمَا بَيْنَهُمَا രണ്ടിനുമിടയിലുള്ളതിന്റെയും يَخْلُقُ അവൻ സൃഷ്ടിക്കുന്നു وَٱللَّهُ അല്ലാഹു عَلَىٰ كُلِّ شَىْءٍ എല്ലാ കാര്യത്തിനും قَدِيرٌ കഴിവുള്ളവനാണ്

ഈസാ (അ) ദൈവം തന്നെയാണ്- ദൈവം മനുഷ്യരൂപത്തിൽ അവതരിച്ചതാണ്-എന്നും, ത്രയദൈവങ്ങളിൽ ഒന്നാണദ്ദേഹം എന്നുമൊക്കെയാണ് ക്രിസ്ത്യാനികളുടെ വാദങ്ങൾ. ഇതിൽ ആദ്യത്തെ വാദക്കാരെപ്പറ്റിയാണ് ഈ വചനത്തിൽ പ്രസ്താവിക്കുന്നത്. മറ്റേവരെപ്പറ്റി 76-ാം വചനത്തിൽ പ്രസ്താവിക്കുന്നുണ്ട്. അദ്ദേഹത്തെയും, അദ്ദേഹത്തിന്റെ മാതാവായ മർയമിനെയും, എന്നു വേണ്ടാ, ഭൂമിയിലുള്ളവരെ മുഴുവനും തന്നെ നശിപ്പിക്കുവാൻ അല്ലാഹു ഉദ്ദേശിക്കുകയാണെങ്കിൽ അതിൽനിന്ന് ആരെയെങ്കിലും, ഏതെങ്കിലും വിധേന തടയുവാനോ, രക്ഷപ്പെടുത്തുവാനോ കഴിവും സ്വാധീനവുമുള്ള ഒരാൾ പോലുമില്ല. അഖിലാണ്ഡവസ്തുക്കളും അവന്റെ ഉടമസ്ഥതയിലും അധികാരത്തിലും ചൊൽപടിക്കും നിലക്കൊള്ളുന്നവയാണ്; അവൻ ഉദ്ദേശിക്കുന്നത് എന്തും തന്നെ അവൻ സൃഷ്ടിക്കും. ആർക്കും അതിൽ പങ്കൊന്നുമില്ല. ഈസാ (അ)നെ പിതാവില്ലാതെ സൃഷ്ടിച്ചതും അവൻ തന്നെ. അവന്റെ കഴിവിൽ പെടാത്ത ഒരു കാര്യവുമില്ല. ഈ യാഥാർത്ഥ്യങ്ങൾ ഓരോന്നും തന്നെ, മറ്റെല്ലാവരെയും പോലെ ഈസാ നബി (അ)യും അല്ലാഹുവിന്റെ സൃഷ്ടിയും ഉടമയിലുമാണെന്നും, അദ്ദേഹം ദൈവമായിരിക്കുവാൻ നിവൃത്തിയില്ലെന്നും അല്ലാഹുവിന്റെ രക്ഷയല്ലാതെ അദ്ദേഹത്തിനും രക്ഷയില്ലെന്നും സ്ഥാപിക്കുന്നു.

وَقَالَتِ ٱلْيَهُودُ وَٱلنَّصَـٰرَىٰ نَحْنُ أَبْنَـٰٓؤُا۟ ٱللَّهِ وَأَحِبَّـٰٓؤُهُۥ ۚ

﴾20﴿ യഹൂദികളും, നസ്വ്റാനി [ക്രിസ്ത്യാനി]കളും പറയുന്നു: 'ഞങ്ങൾ അല്ലാഹുവിന്റെ മക്കളും അവന്റെ ഇഷ്ടക്കാരുമാകുന്നു' എന്ന്!

قُلْ فَلِمَ يُعَذِّبُكُم بِذُنُوبِكُم ۖ بَلْ أَنتُم بَشَرٌ مِّمَّنْ خَلَقَ ۚ

നീ പറയുക:എന്നാൽ (പിന്നെ), എന്തിനാണ് നിങ്ങളുടെ പാപങ്ങൾ നിമിത്തം നിങ്ങളെ അവൻ ശിക്ഷിക്കുന്നത്?! പക്ഷേ, അവൻ സൃഷ്ടിച്ചവരിൽപെട്ട മനുഷ്യരത്രെ നിങ്ങൾ.

﴾20﴿ وَقَالَتِ പറഞ്ഞു, പറയുന്നു ٱلْيَهُودُ യഹൂദികൾ وَٱلنَّصَـٰرَىٰ നസ്വ്റാനീ (ക്രിസ്ത്യാനി)കളും نَحْنُ ഞങ്ങൾ, നാം أَبْنَـٰٓؤُا۟ ٱللَّهِ അല്ലാഹുവിന്റെ പുത്രന്മാരാണ് (മക്കളാണ്) وَأَحِبَّـٰٓؤُهُۥ അവന്റെ ഇഷ്ടക്കാരും, സ്നേഹിതരും قُلْ فَلِمَ നീ പറയുക എന്നാൽ എന്തിനാണ് يُعَذِّبُكُم അവൻ നിങ്ങളെ ശിക്ഷിക്കുന്നു بِذُنُوبِكُم നിങ്ങളുടെ പാപങ്ങൾ നിമിത്തം بَلْ أَنتُم പക്ഷേ (എങ്കിലും-എന്നാൽ) നിങ്ങൾ بَشَرٌ മനുഷ്യരാണ് مِّمَّنْ خَلَقَ അവൻ സൃഷ്ടിച്ചവരിൽപെട്ട

يَغْفِرُ لِمَن يَشَآءُ وَيُعَذِّبُ مَن يَشَآءُ وَلِلَّهِ مُلْكُ ٱلسَّمَٰوَٰتِ وَٱلْأَرْضِ وَمَا بَيْنَهُمَا ۖ

അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കും; അവൻ ഉദ്ദേശിക്കുന്നവരെ അവൻ ശിക്ഷിക്കുകയും ചെയ്യും. ആകാശങ്ങളുടെയും, ഭൂമിയുടെയും, അവ രണ്ടിനുമിടയിലുള്ളതിന്റെയും രാജാധിപത്യം അല്ലാഹുവിനത്രെ.

وَإِلَيْهِ ٱلْمَصِيرُ ﴿١٨﴾

അവനിലേക്ക് തന്നെയാണ് തിരിച്ചുവരവും.

يَغْفِرُ അവൻ പൊറുക്കും لِمَن يَشَآءُ അവൻ ഉദ്ദേശിക്കുന്നവർക്ക് وَيُعَذِّبُ അവൻ ശിക്ഷിക്കുകയും ചെയ്യും مَن يَشَآءُ അവൻ ഉദ്ദേശിക്കുന്നവരെ وَلِلَّهِ അല്ലാഹുവിനാണ് مُلْكُ രാജത്വം, ആധിപത്യം ٱلسَّمَٰوَٰتِ ആകാശങ്ങളുടെ وَٱلْأَرْضِ ഭൂമിയുടെയും وَمَا بَيْنَهُمَا അവ രണ്ടിനുമിടയിലുള്ളതിന്റെയും وَإِلَيْهِ അവനിലേക്കുതന്നെ ٱلْمَصِيرُ തിരിച്ചെത്തൽ, മടക്കം, കലാശം.

തങ്ങൾ അല്ലാഹുവിന്റെ മക്കളും ഇഷ്ടക്കാരുമാണ്, അഥവാ വിജയവും രക്ഷയും ഞങ്ങളുടെ ജന്മാവകാശമാണ്. ഞങ്ങൾ പാപം ചെയ്താലും അവൻ ഞങ്ങൾക്ക് പൊറുത്തു തരും എന്നിങ്ങിനെയുള്ള വേദക്കാരുടെ ജൽപനങ്ങൾക്കുള്ള മറുപടിയാണിത്. നിങ്ങൾ പാപം ചെയ്താൽ നിങ്ങളെ ശിക്ഷിക്കുമെന്ന് നിങ്ങളുടെ വേദഗ്രന്ഥത്തിൽ പറയുന്നു, അൽപം ദിവസങ്ങളിൽ നിങ്ങൾക്ക് നരകശിക്ഷയുണ്ടായേക്കാമെന്ന് നിങ്ങളും സമ്മതിക്കാറുണ്ട്. (2:80). ഈ ലോകത്തുവെച്ച് പല ശിക്ഷകൾക്കും പരീക്ഷണങ്ങൾക്കും നിങ്ങൾ പാത്രമായിട്ടുമുണ്ട്. അങ്ങിനെയാണെങ്കിൽ, ഇതൊന്നും ഉണ്ടാവാൻ പാടില്ലല്ലോ. പക്ഷേ, വാസ്തവം അതൊന്നുമല്ല. എല്ലാവരെപ്പോലെയുള്ള മനുഷ്യസൃഷ്ടികൾതന്നെയാണ് നിങ്ങളും, എല്ലാവരെയും പോലെ നിങ്ങളും അവന്റെ അടുക്കലേക്കുതന്നെ മടങ്ങിച്ചെല്ലുകയും ചെയ്യും. അപ്പോൾ, മറ്റുള്ളവരെപ്പോലെ നിങ്ങളുടെ മേലും അവൻ രക്ഷാശിക്ഷകളുടെ നടപടി എടുക്കുക തന്നെ ചെയ്യും. എല്ലാവരും അല്ലാഹുവിന്റെ അടിമകളും ഉടമയിലുമാകുന്നു. നിങ്ങൾക്കായി ഒരു പ്രത്യേക സ്ഥാനമോ നടപടിക്രമമോ ഇല്ലാ എന്നാണ് മറുപടിയുടെ സാരം.

ഈസാ (അ)നെപ്പറ്റി ക്രിസ്ത്യാനികൾ അല്ലാഹുവിന്റെ മകൻ എന്നു പറഞ്ഞ അതേ അർത്ഥത്തിലല്ല തങ്ങൾ അല്ലാഹുവിന്റെ മക്കളാണെന്ന് അവർ പറയുന്നത്. ഇസ്റാഈല്യരുടെ വംശപിതാവായ യഅ്കൂബ് (അ)നെക്കുറിച്ച് 'എന്റെ പുത്രൻ' എന്ന് തങ്ങളുടെ വേദഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുണ്ടെന്നും, അതുകൊണ്ട് അദ്ദേഹത്തിന്റെ സന്തതികളായ തങ്ങൾ അല്ലാഹുവിന്റെ പുത്രപൗത്രന്മാരാണെന്നുമാണ് അവർ പറയുന്നത്. ശാരീരികമായ മക്കൾ എന്ന അർത്ഥത്തിലല്ല-ആത്മീയമായ മക്കൾ എന്ന അർത്ഥത്തിലാണ്-തങ്ങൾ ഇത് പറയുന്നതെന്ന് അവർ ഇതിനു ന്യായീകരണവും നൽകും. അതോടുകൂടി, ആ അടിസ്ഥാനത്തിൽ തങ്ങൾക്ക് അല്ലാഹുവിന്റെ ശിക്ഷയെപ്പറ്റി ഭയപ്പെടേണ്ടതായിട്ടില്ല എന്നും അവർ വാദിക്കും. അതുകൊണ്ടാണ് എന്നാൽ പിന്നെ എന്തി

നാണ് അല്ലാഹു നിങ്ങളുടെ പാപങ്ങൾ നിമിത്തം നിങ്ങളെ ശിക്ഷിക്കുന്നത്? (فَلِمَ يُعَذِّبُكُم بِذُنُوبِكُم) എന്ന് അവരോടു ചോദിക്കുന്നത്. യഅ്ക്വൂബ് (അ)നെ സംബന്ധിച്ചോ, ഈസാ (അ)നെ സംബന്ധിച്ചോ-തൗറാത്തിലോ ഇൻജീലിലോ-'പുത്രൻ' എന്നുള്ള സംബോധനയോ വിശേഷണമോ യഥാർത്ഥത്തിൽ ഉണ്ടെന്നു വന്നാൽ തന്നെയും അത് ഒരു അലങ്കാരാർത്ഥത്തിലല്ലാതെ-സാക്ഷാൽ അർത്ഥത്തിൽ-അല്ലെന്ന് തീർച്ചയാണ്. നിലവിലുള്ള ബൈബ്ളിൽ തന്നെയും ഇതിന് പല ഉദാഹരണങ്ങളും നിലവിലുണ്ട്.(*) ഒന്നു മാത്രം ഇവിടെ ഉദ്ധരിക്കാം ' ..... ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, അവർ ദൈവത്തെ കാണും. സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ. അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും'. (മത്തായി 5:8,9).

يَٰٓأَهْلَ ٱلْكِتَٰبِ قَدْ جَآءَكُمْ رَسُولُنَا يُبَيِّنُ لَكُمْ عَلَىٰ فَتْرَةٍ مِّنَ ٱلرُّسُلِ أَن تَقُولُوا۟ مَا جَآءَنَا مِنۢ بَشِيرٍ وَلَا نَذِيرٍ ۖ

﴾21﴿ **വേദക്കാരേ, റസൂലുകളിൽ നിന്നുമുള്ള ഒരു വിടവുഘട്ടത്തിൽ നിങ്ങൾക്കു (കാര്യം)വിവരിച്ചു തന്നു കൊണ്ട് നമ്മുടെ റസൂൽ (ഇതാ) നിങ്ങൾക്ക് വന്നു കഴിഞ്ഞിരിക്കുന്നു; (അതെ) ഒരു സന്തോഷവാർത്ത അറിയിക്കുന്നവനാകട്ടെ, താക്കീത് നൽകുന്നവനാകട്ടെ ഞങ്ങൾക്ക് വന്നിട്ടില്ലെന്നു നിങ്ങൾ പറയുമെന്നതിനാൽ, [അങ്ങിനെ പറയാതിരിക്കുവാൻ വേണ്ടിയാണത്].**

فَقَدْ جَآءَكُم بَشِيرٌ وَنَذِيرٌ ۗ

എന്നാൽ, സന്തോഷവാർത്ത അറിയിക്കുന്നവനും, താക്കീതുകാരനും നിങ്ങൾക്കു (ഇതാ) വന്നു കഴിഞ്ഞു.

وَٱللَّهُ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿٢١﴾

അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനുമാകുന്നു.

﴾22﴿ يَٰٓأَهْلَ ٱلْكِتَٰبِ വേദക്കാരേ قَدْ جَآءَكُمْ നിങ്ങൾക്ക് വന്നിട്ടുണ്ട്, വന്നു കഴിഞ്ഞു رَسُولُنَا നമ്മുടെ റസൂൽ يُبَيِّنُ لَكُمْ നിങ്ങൾക്ക് വിവരിച്ചു തന്നുകൊണ്ട് عَلَىٰ فَتْرَةٍ ഒരു വിടവിലായി, അഭാവത്തിൽ مِّنَ ٱلرُّسُلِ റസൂലുകളിൽനിന്ന്, റസൂലുകളുടെ أَن تَقُولُوا നിങ്ങൾ പറയുമെന്നതിനാൽ مَا جَآءَنَا ഞങ്ങൾക്കു വന്നിട്ടില്ല مِنۢ بَشِيرٍ ഒരു സന്തോഷ

(*) ഉദാഹരണങ്ങൾ പലതും വേദപുസ്തക നിഘണ്ടു ഉദ്ധരിച്ചു കാണാം. 'പുത്രൻ, മകൻ' എന്നീ പദങ്ങൾ പല അർത്ഥത്തിലും ഉപയോഗിക്കപ്പെടാറുണ്ടെന്നും കൂട്ടത്തിൽ 'വലിയവൻ എളിയവനെ മകൻ എന്നു പറയാറുണ്ട്' എന്നും അതിൽ വ്യക്തമാക്കിയിരിക്കുന്നു. (പേ. 246 നോക്കുക)

വാർത്ത അറിയിക്കുന്നവനും وَلَا نَذِيرٍ ഒരു താക്കീതുകാരനുമില്ല فَقَدْ جَآءَكُم എന്നാൽ നിങ്ങൾക്ക് വന്നുകഴിഞ്ഞു, വന്നിട്ടുണ്ട് بَشِيرٌ സന്തോഷ വാർത്ത അറിയിക്കുന്നവൻ وَنَذِيرٌ താക്കീതുകാരനും وَٱللَّهُ അല്ലാഹു عَلَىٰ كُلِّ شَىْءٍ എല്ലാ കാര്യത്തിനും قَدِيرٌ കഴിവുള്ളവനാണ്

അടുത്ത വചനത്തിൽ നിന്ന് മനസ്സിലാക്കാവുന്നതുപോലെ, ഈസാനബി (അ) വരെയുള്ള കാലഘട്ടങ്ങളിൽ ഇസ്റാഈല്യരിൽ വളരെയധികം നബിമാരും റസൂലുകളും കഴിഞ്ഞുപോയിട്ടുണ്ട്. പലപ്പോഴും ഒരേ കാലത്തുതന്നെ ഒന്നിലധികം പ്രവാചകന്മാർ അവരിൽ ഉണ്ടായിരുന്നു. ഈസാ (അ)ക്കു ശേഷം അന്ത്യപ്രവാചകനായ മുഹമ്മദ് നബിﷺതിരുമേനിയല്ലാതെ മറ്റൊരു റസൂലും ഉണ്ടായിട്ടില്ല. റസൂലുകളിൽ നിന്നുള്ള ഒരു വിടവുകാലത്തു (فَتْرَةٍ ൽ) നമ്മുടെ റസൂൽ വന്നു എന്നു പറഞ്ഞത് അതുകൊണ്ടാണ്. ഈ കാലഘട്ടം ഏതാണ്ട് 600 കൊല്ലമായിരുന്നു. നിങ്ങൾക്ക് വേദഗ്രന്ഥവും പ്രവാചകന്മാരുടെ വിജ്ഞാന പാരമ്പര്യവും ഉണ്ടായിട്ടും നിങ്ങൾ പിഴച്ചുപോയിരിക്കുകയാണ്. എന്നാലും, ഞങ്ങൾക്ക് വേണ്ടുന്ന ഉപദേശങ്ങളും താക്കീതുകളും നൽകുവാൻ ഒരു റസൂലും വരാത്തതുകൊണ്ടാണ് ഞങ്ങൾ പിഴച്ചുപോയതെന്ന് നിങ്ങൾ പറഞ്ഞേക്കുവാൻ ഇടയുണ്ട്. അതിന്നവസരം ഉണ്ടാകാതിരിക്കുവാൻ വേണ്ടി ഇതാ നിങ്ങളിലേക്ക് നമ്മുടെ റസൂൽ വന്നു കഴിഞ്ഞിരിക്കുന്നു. എനി, അദ്ദേഹത്തിന്റെ മാർഗ നിർദ്ദേശങ്ങളെ പിൻപറ്റി നടക്കുകയേ നിങ്ങൾക്ക് നിവൃത്തിയുള്ളൂ. അങ്ങിനെയുള്ള ഒഴികഴിവുകൾക്കൊന്നും എനി പഴുതില്ലാ എന്നാണ് അല്ലാഹു പറഞ്ഞതിന്റെ താൽപര്യം.

റസൂലുകളുടെ പ്രബോധനത്തിന്റെ രണ്ടു പ്രധാന വശങ്ങളാണല്ലോ സന്മാർഗം സ്വീകരിക്കുന്നവർക്ക് അല്ലാഹുവിങ്കൽ നിന്നുള്ള പ്രതിഫലത്തെക്കുറിച്ചു സന്തോഷ വാർത്ത അറിയിക്കലും, ദുർമാർഗം സ്വീകരിക്കുന്നവർക്കു അവന്റെ ശിക്ഷകളെക്കുറിച്ചു താക്കീതു നൽകലും, അതാണ് പ്രവാചകന്മാരെപ്പറ്റി بَشِير (സന്തോഷവാർത്ത അറിയിക്കുന്നവർ) എന്നും نَذِير (താക്കീത്- മുന്നറിയിപ്പ്-നൽകുന്നവൻ) എന്നും ക്വുർആനിൽ പലപ്പോഴും പറഞ്ഞു കാണുവാൻ കാരണം.

വിഭാഗം - 4

وَإِذْ قَالَ مُوسَىٰ لِقَوْمِهِۦ يَٰقَوْمِ ٱذْكُرُوا۟ نِعْمَةَ ٱللَّهِ عَلَيْكُمْ إِذْ جَعَلَ فِيكُمْ أَنۢبِيَآءَ وَجَعَلَكُم مُّلُوكًا

﴿22﴾ മൂസാ തന്റെ ജനതയോട് പറഞ്ഞ സന്ദർഭം (ഓർക്കുക): 'എന്റെ ജനങ്ങളേ, നിങ്ങൾക്ക് അല്ലാഹു ചെയ്ത അനുഗ്രഹത്തെ നിങ്ങൾ ഓർക്കുവിൻ: നിങ്ങളിൽ അവൻ (പല) നബിമാരെ ഏർപ്പെടുത്തുകയും, നിങ്ങളെ അവൻ രാജാക്കളാക്കുകയും ചെയ്തിരിക്കെ;

وَءَاتَىٰكُم مَّا لَمْ يُؤْتِ أَحَدًا مِّنَ ٱلْعَـٰلَمِينَ ﴿٢٠﴾

ലോകരിൽ നിന്ന് ഒരാൾക്കും അവൻ നൽകിയിട്ടില്ലാത്തത് നിങ്ങൾക്ക് അവൻ നൽകുകയും ചെയ്തിരിക്കുന്നു' (എന്നിരിക്കെ).

يَـٰقَوْمِ ٱدْخُلُوا۟ ٱلْأَرْضَ ٱلْمُقَدَّسَةَ ٱلَّتِى كَتَبَ ٱللَّهُ لَكُمْ وَلَا تَرْتَدُّوا۟ عَلَىٰٓ أَدْبَارِكُمْ فَتَنقَلِبُوا۟ خَـٰسِرِينَ ﴿٢١﴾

﴾23﴿ 'എന്റെ ജനങ്ങളേ, നിങ്ങൾക്ക് അല്ലാഹു നിശ്ചയിച്ചു (രേഖപ്പെടുത്തി) തന്നതായ (ആ) പരിശുദ്ധ ഭൂമിയിൽ നിങ്ങൾ പ്രവേശിക്കുവിൻ; നിങ്ങൾ പിന്നോക്കം മടങ്ങിപ്പോരുകയും ചെയ്യരുത്; എന്നാൽ, നിങ്ങൾ നഷ്ടക്കാരായി മാറുന്നതാണ്.

﴾22﴿ وَإِذْ قَالَ പറഞ്ഞ സന്ദർഭം مُوسَىٰ മൂസാ لِقَوْمِهِۦ തന്റെ ജനതയോട് يَـٰقَوْمِ എന്റെ ജനങ്ങളേ اذْكُرُوا നിങ്ങൾ ഓർക്കുവിൻ نِعْمَةَ اللَّهِ അല്ലാഹുവിന്റെ (അല്ലാഹു ചെയ്ത) അനുഗ്രഹം عَلَيْكُمْ നിങ്ങളുടെ മേൽ, നിങ്ങൾക്ക് إِذْ جَعَلَ അവൻ ഏർപ്പെടുത്തിയിരിക്കെ, ആക്കിയതിനാൽ فِيكُمْ നിങ്ങളിൽ أَنبِيَآءَ നബിമാരെ وَجَعَلَكُم നിങ്ങളെ അവൻ ആക്കുകയും ചെയ്തു مُّلُوكًا രാജാക്കൾ وَءَاتَىٰكُم നിങ്ങൾക്കവൻ നൽകുകയും مَّا لَمْ يُؤْتِ അവൻ നൽകിയിട്ടില്ലാത്തത് أَحَدًا ഒരാൾക്കും مِّنَ الْعَـٰلَمِينَ ലോകരിൽനിന്ന് ﴾23﴿ يَـٰقَوْمِ എന്റെ ജനങ്ങളേ ادْخُلُوا നിങ്ങൾ പ്രവേശിക്കുവിൻ الْأَرْضَ (ആ) ഭൂമിയിൽ الْمُقَدَّسَةَ പരിശുദ്ധമാക്കപ്പെട്ട, വിശുദ്ധ الَّتِى كَتَبَ നിശ്ചയിച്ച (രേഖപ്പെടുത്തിയ-നിയമിച്ച)തായ اللَّهُ അല്ലാഹു لَكُمْ നിങ്ങൾക്ക് وَلَا تَرْتَدُّوا നിങ്ങൾ മടങ്ങുകയും അരുത് عَلَىٰٓ أَدْبَارِكُمْ നിങ്ങളുടെ പിൻഭാഗങ്ങളിലായി (പിന്നോക്കം) فَتَنقَلِبُوا എന്നാൽ നിങ്ങൾ മറിയും, മാറും (ആയിത്തീരും) خَـٰسِرِينَ നഷ്ടക്കാരായി

ലോകത്ത് ഇതര സമുദായങ്ങളെ അപേക്ഷിച്ച് ഏറ്റവും സംസ്കാര സമ്പന്നരും പരിഷ്കൃതരുമായിരുന്നു ഇസ്റാഈൽ ജനത. അതേ സമയത്ത് അനുസരണക്കേടിന്റെയും ധിക്കാരത്തിന്റെയും ഒരു നീണ്ട പാരമ്പര്യവും അവർക്കുണ്ട്. മൂസാ (അ) അവർക്ക് നൽകിയ സദുപദേശങ്ങൾ, താക്കീതുകൾ, ശാസനകൾ, നിർദ്ദേശങ്ങൾ ആദിയായവയെപ്പറ്റി ക്വുർആനിൽ വളരെയധികം സ്ഥലങ്ങളിൽ വിവരിച്ചുകാണാം. ബൈബ്ൾ പരിശോധിച്ചാൽ അവയുടെ ആധിക്യം കണ്ടു നാം വിസ്മയിച്ചു പോകും. ആ പ്രവാചകവര്യൻ അവർക്ക് നൽകിയ ചില ഉപദേശങ്ങളാണ് ഈ വചനങ്ങളിലുള്ളത്. എത്ര ഹൃദയസ്പൃക്കായ ശൈലിയിലാണ് അദ്ദേഹം അവരെ അഭിമുഖീകരിക്കുന്നതെന്ന് നോക്കുക! താഴെ കാണാവുന്ന പ്രകാരം, അവർക്ക് വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന ഫലസ്തീൻ ഭൂമിയിലെ ശത്രുക്കളുമായി സമരം നടത്തി മുന്നോട്ടുനീങ്ങുവാൻ അവർ വിസമ്മതിച്ചുകൊണ്ടിരുന്ന അവസരത്തിലാണ് ഈ ഉപദേശങ്ങൾ അദ്ദേഹം നൽകുന്നത്. ആദ്യം അല്ലാഹു അവർക്ക് ചെയ്തുകൊടുത്ത അനുഗ്രഹങ്ങളെ മൊത്ത

ത്തിലും, ചിലതിനെപ്പറ്റി പ്രത്യേകവും അനുസ്മരിപ്പിച്ചുകൊണ്ടാണ് അദ്ദേഹം അവരെ ഉപദേശിക്കുന്നത്. നിങ്ങൾ നന്ദിയും അനുസരണവും കാണിക്കുന്ന പക്ഷം മേലിലും അല്ലാഹു നിങ്ങളെ അനുഗ്രഹിച്ചുകൊണ്ടിരിക്കുമെന്നും ഇല്ലാത്തപക്ഷം നിങ്ങൾ നന്ദി കെട്ടവരായി നാശമടയുകയും ചെയ്യുമെന്നും അദ്ദേഹം അവരെ ഓർമിപ്പിച്ചു.

മൂന്നു കാര്യങ്ങളാണ് മൂസാ നബി (അ) പ്രത്യേകം അവരെ ഓർമിപ്പിക്കുന്നത്.

(1). നിങ്ങളിൽ അല്ലാഹു പല നബിമാരെയും നിയോഗിക്കുകയുണ്ടായിട്ടുണ്ടെന്ന്. ഇസ്‌റാഈല്യരുടെ ഗോത്രപിതാവായ യഅ്ഖൂബ് നബി (അ) മുതൽ മൂസാ നബി (അ)വരെയും ഇടക്കിടെ അവർക്ക് മാർഗദർശികളായ പ്രവാചകന്മാർ അവരിൽ ഉണ്ടായിക്കൊണ്ടിരുന്നിട്ടുണ്ട്. ആ നിലക്ക് അവർ വളരെ അച്ചടക്കവും അനുസരണവും ഉള്ളവരായിരിക്കേണ്ടതുണ്ടല്ലോ. അതാണദ്ദേഹം ഓർമിപ്പിച്ചത്. അദ്ദേഹത്തിന് ശേഷവും ധാരാളക്കണക്കിൽ പ്രവാചകന്മാർ അവരിൽ ഉണ്ടായിട്ടുണ്ട്.

(2) നിങ്ങളെ അവൻ രാജാക്കളാക്കിയിരിക്കുന്നുവെന്ന്. നിങ്ങളിൽ രാജാക്കളെ ഏർപ്പെടുത്തി എന്നല്ല-നിങ്ങളെ രാജാക്കളാക്കി എന്നാണ്-അല്ലാഹു പറഞ്ഞ വാക്ക്. എല്ലാവരും രാജാക്കളല്ലെന്നുള്ളതിനാൽ ഇവിടെ രാജാക്കൾ (ملوكا) എന്ന വാക്കിനു ഒന്നിലധികം വ്യാഖ്യാനം നൽകപ്പെട്ടു കാണാം.

മുമ്പു നിങ്ങൾ ഫിർഔന്റെ കീഴിൽ അടിമകളും പരാശ്രയരുമായിരുന്നു. ഇപ്പോൾ നിങ്ങൾ സ്വതന്ത്രരും പരാശ്രയമില്ലാത്തവരുമായിരിക്കുന്നുവെന്നാണ് ഒരു വ്യാഖ്യാനം. അതതു കാലത്തുണ്ടായിരുന്ന നബിമാരുടെയും റസൂലുകളുടെയും കയ്യിലായിരുന്നു അതതു കാലത്തെ സമുദായ നേതൃത്വവും സ്ഥിതി ചെയ്തിരുന്നത്. അതുകൊണ്ട് ആ പ്രവാചകന്മാരെയും റസൂലുകളെയും ഉദ്ദേശിച്ചുതന്നെയാണ് രാജാക്കൾ എന്ന് പറഞ്ഞിരിക്കുന്നതും എന്നത്രെ മറ്റൊരഭിപ്രായം. മൂസാ നബി (അ)ക്ക് മുമ്പ് അവരിൽ ചില രാജാക്കൾ ഉണ്ടായിട്ടുണ്ടെന്നും അവരെ ഉദ്ദേശിച്ചാണ് രാജാക്കളെന്ന് പറഞ്ഞതെന്നും വേറെയും അഭിപ്രായമുണ്ട്. പരാശ്രയം കൂടാതെ സുഖജീവിതം നയിക്കുവാൻ ആവശ്യമായ മാർഗങ്ങളും, ഭാര്യ, മക്കൾ, ഭൃത്യന്മാർ മുതലായ സുഖസൗകര്യങ്ങളും ലഭിച്ചവർ എന്ന അർത്ഥത്തിലാണ് രാജാക്കൾ എന്ന് പറഞ്ഞിരിക്കുന്നതെന്ന് നാലാമതൊരഭിപ്രായവും ഉണ്ട്. ഒരു പക്ഷേ, ഇവയിൽ ചിലതോ, എല്ലാംകൂടിയോ ആയിരിക്കാം ഇവിടെ ഉദ്ദേശ്യമെന്നു പറയുവാനേ ന്യായം കാണുന്നുള്ളൂ. الله اعلم

(3) ലോകരിൽ മറ്റാർക്കും നൽകിയിട്ടില്ലാത്ത പല നന്മകളും നിങ്ങൾക്ക് അല്ലാഹു നൽകിയിട്ടുണ്ടെന്ന്. മത-സംസ്കാര-നാഗരീക തുറകളിലെല്ലാം മറ്റേത് സമുദായത്തെക്കാളും മികച്ചു നിന്നിരുന്ന സമുദായമായിരുന്നു ഇസ്‌റാഈൽ സമുദായം. കൻആനിൽ ഇബ്റാഹീം നബി (അ)യുടെ കാലം മുതൽ ഈജിപ്തിൽ യൂസുഫ് നബി (അ)യുടെ കാലം കഴിയുന്നതുവരെ അത് നീണ്ടുനിന്നു. അദ്ദേഹത്തിനു ശേഷം ക്രമേണ അവരുടെ പഴയ പ്രതാപവും പ്രശസ്തിയും നശിച്ചുകൊണ്ടിരുന്നു. പിന്നീട് മൂസാ നബി (അ)യുടെ കൈക്ക് അവർ തങ്ങളുടെ പഴയ പേരും യശസ്സും വീണ്ടെടുത്തുകൊണ്ടിരിക്കുകയാണ്. മറ്റൊരു സമുദായത്തിനും കണ്ടനുഭവിക്കുവാൻ കഴിയാത്ത എത്രയോ ദൃഷ്ടാന്തങ്ങളും അത്ഭുതങ്ങളും കണ്ടവരാണവർ. പ്രവാചകത്വ ശൃംഖല മുറിഞ്ഞു പോകാതിരിക്കുന്നത് ഇതിനെല്ലാം മകുടം ചാർത്തുകയും ചെയ്യുന്നു. ഇതെല്ലാമായിരിക്കും ഇവിടെ ഉദ്ദേശ്യമെന്നു സാമാന്യമായി പറയാം. ഏതായാലും, അക്കാലത്തെ സമുദായങ്ങളെ അപേക്ഷിച്ചു അവർക്ക് പ്രത്യേകമായി ലഭിച്ചിട്ടുള്ള അനുഗ്രഹങ്ങളെയും

സ്ഥാനമാനങ്ങളെയും ഉദ്ദേശിച്ച് കൊണ്ടാണ് മറ്റാർക്കും നൽകാത്തത് നിങ്ങൾക്ക് അല്ലാഹു നൽകിയിരിക്കുന്നുവെന്ന് പറഞ്ഞത്.

ഇബ്റാഹീം നബി (അ)യുടെ സാക്ഷാൽ സ്വദേശമായിരുന്ന ഇറാകിൽ നിന്ന് ഹിജ്റഃ പോന്നു അദ്ദേഹം ഫലസ്തീനിലെ ബൈത്തുൽ മുകദ്ദസിൽ താമസമാക്കി. അവിടെ വെച്ചാണ് അദ്ദേഹം കാലഗതി പ്രാപിച്ചതും. അങ്ങിനെ അദ്ദേഹത്തിന്റെ കുടുംബം ആ ദേശക്കാരായിത്തീർന്നു. കുറേ കഴിഞ്ഞപ്പോൾ, സൂറത്തു യൂസുഫിൽ അല്ലാഹു വിവരിച്ച സുപ്രസിദ്ധ സംഭവങ്ങളെത്തുടർന്ന് യൂസുഫ് നബി (അ) ഈജിപ്തിലെ ഒരു ഭരണാധികാരിയായിത്തീർന്നതോടെ അദ്ദേഹത്തിന്റ പിതാവും ഇബ്റാഹീം നബി (അ)യുടെ പൗത്രനുമായ യഅ്ക്വൂബ് നബി (അ) കുടുംബസമേതം ഈജിപ്തിലേക്ക് താമസം മാറ്റി. മുമ്പ് സൂചിപ്പിച്ചപോലെ, ആ കുടുംബത്തിനുണ്ടായിരുന്ന പേരും പ്രശസ്തിയും ക്രമേണ നാശോന്മുഖമായിത്തീർന്നു. ഒടുക്കം അവർ കൊപ്തി (القبط) വർഗക്കാരായ ഫറോവാ രാജാക്കളു(الفراعنة)ടെ ഭരണത്തിൻ കീഴിൽ ഒരു അടിമ വർഗമായിത്തീർന്നു. അങ്ങിനെയിരിക്കെയാണ്-ഏറെക്കുറെ നാനൂറു കൊല്ലങ്ങൾക്കു ശേഷം-മൂസാ നബി (അ)യൊന്നിച്ചു ചെങ്കടൽ കടന്ന് ഫിർഔനിൽനിന്ന് അവർ രക്ഷപ്പെട്ടത്. അവരുടെ പിതൃദേശമായ ഫലസ്തീൻ പ്രദേശം അവർക്കു വീണ്ടും വാസസ്ഥലമായി ലഭിക്കുമെന്നു മൂസാ (അ) മുഖാന്തരം അവർക്കു വാഗ്ദാനം ചെയ്യപ്പെട്ടിരുന്നു. യഅ്ക്വൂബ് നബി (അ) മുതൽക്കേ ഈ വാഗ്ദാനം നിലവിലുണ്ടായിരുന്നുവെന്നും പറയപ്പെട്ടിട്ടുണ്ട്.

ഇസ്റാഈല്യർ ഈജിപ്തു വിട്ട് സീനാ മരുഭൂമിയിൽവന്നു താവളമടിച്ചിരുന്ന കാലത്താണ് അവർക്ക് അല്ലാഹു നൽകിയ അനുഗ്രഹങ്ങളെ ഓർമിപ്പിച്ചുകൊണ്ട് മൂസാ നബി (അ) അവരോട്: ജനങ്ങളേ, അല്ലാഹു നിങ്ങൾക്ക് നിശ്ചയിച്ചു തന്ന ആ പരിശുദ്ധ ഭൂമിയിൽ പ്രവേശിച്ചുകൊള്ളുവിൻ (يَٰقَوْمِ ٱدْخُلُوا۟ ٱلْأَرْضَ ٱلْمُقَدَّسَةَ ...) എന്നു പറയുന്നത്. പക്ഷേ, വേഗത്തിലങ്ങു കടന്നുചെന്നു കുടിയിരിക്കുവാൻ സാദ്ധ്യമല്ലാത്ത പരിതഃസ്ഥിതിയായിരുന്നു അന്നവിടെയുള്ളത്. അവിടെ അമാലികഃ വർഗക്കാർ (العمالقة -അമലേക്യർ) കുടിയേറിയിരിക്കുകയാണ്. അവരാകട്ടെ, ബഹുദൈവാരാധകരും അതികായന്മാരും ശക്തരുമായിരുന്നു. അവരോട് സമരം നടത്തി വിജയിച്ചിട്ടു വേണം ഇസ്റാഈല്യർക്കവിടെ പ്രവേശനം ലഭിക്കുവാൻ. ഇസ്റാഈല്യരാകട്ടെ-അവരുടെ മടിയും ഭീരുത്വവും അനുസരണക്കേടും നിമിത്തം-അതിനു തയ്യാറുമില്ല. അതുകൊണ്ടാണ് അദ്ദേഹം നിങ്ങൾ പിന്നോക്കം മടങ്ങിപ്പോരരുതെന്നും, പിന്നോക്കം വെച്ചാൽ നിങ്ങൾ നഷ്ടക്കാരായിത്തീരുമെന്നും (وَلَا تَرْتَدُّوا۟ عَلَىٰٓ أَدْبَارِكُمْ....) പറയുന്നത്. അദ്ദേഹത്തിന്റെ ഈ ഉപദേശത്തിന് അവരിൽനിന്നുണ്ടായ പ്രതികരണം ഇതായിരുന്നു:-

قَالُوا۟ يَٰمُوسَىٰٓ إِنَّ فِيهَا قَوْمًا جَبَّارِينَ وَإِنَّا لَن نَّدْخُلَهَا حَتَّىٰ يَخْرُجُوا۟ مِنْهَا

﴾24﴿ അവർ പറഞ്ഞു: 'മൂസാ, നിശ്ചയമായും, സ്വേച്ഛാധികാരികളായ (അഥവാ പരാക്രമശാലികളായ) ഒരു ജനത അവിടത്തിലുണ്ട്: ഞങ്ങളാകട്ടെ, അവിടെ നിന്ന് അവർ പുറത്തു പോകുംവരേക്കും അവിടെ പ്രവേശിക്കുകയില്ല തന്നെ.

فَإِن يَخْرُجُوا۟ مِنْهَا فَإِنَّا دَٰخِلُونَ ﴿٢٤﴾

എനി, അവർ അവിടെ നിന്ന് പുറത്തു പോകുന്ന പക്ഷം, ഞങ്ങൾ (അവിടെ) പ്രവേശിക്കുന്നവരാണ്.

﴾24﴿ قَالُوا അവർ പറഞ്ഞു يَٰمُوسَىٰٓ മൂസാ إِنَّ فِيهَا നിശ്ചയമായും അതിൽ (അവി
ടത്തിൽ) ഉണ്ട് قَوْمًا ഒരു ജനത جَبَّارِينَ സ്വേച്ഛാധികാരി (ധിക്കാരി-പരാക്രമശാലി)ക
ളായ وَإِنَّا ഞങ്ങളാകട്ടെ, നിശ്ചയമായും ഞങ്ങൾ لَن نَّدْخُلَهَا അതിൽ (അവിടെ) പ്രവേ
ശിക്കുകയേ ഇല്ല حَتَّىٰ يَخْرُجُوا അവർ പുറത്തു പോകുന്നതുവരേക്ക് مِنْهَا അതിൽ (അ
വിടെ) നിന്ന് فَإِن يَخْرُجُوا എനി (എന്നാൽ) അവർ പുറത്തുപോകുന്ന പക്ഷം مِنْهَا
അതിൽ നിന്ന് فَإِنَّا എന്നാൽ ഞങ്ങൾ دَٰخِلُونَ പ്രവേശിക്കുന്നവരാണ്.

അവിടെയുള്ള ആളുകൾ അതിശക്തന്മാരും ക്രൂരന്മാരുമാണ്. അവരോട് യുദ്ധം ചെയ്തു തോല്പിച്ച് അവിടെ പ്രവേശിക്കുവാൻ ഞങ്ങൾക്കാവുകയില്ല. ഏതെങ്കിലും വിധേന അവർ അവിടെ നിന്നു ഒഴിഞ്ഞു പോയാലല്ലാതെ അങ്ങോട്ട് കടക്കുവാൻ ഒരു കാലത്തും ഞങ്ങൾക്കു സാധ്യമല്ല. അവർ ഒഴിഞ്ഞു പോയാൽ മാത്രം ഞങ്ങൾ അവിടെ പ്രവേശിക്കും. ഇതായിരുന്നു അവരുടെ മറുപടി.

قَالَ رَجُلَانِ مِنَ ٱلَّذِينَ يَخَافُونَ أَنْعَمَ ٱللَّهُ عَلَيْهِمَا ٱدْخُلُوا۟ عَلَيْهِمُ ٱلْبَابَ فَإِذَا دَخَلْتُمُوهُ فَإِنَّكُمْ غَٰلِبُونَ ﴿٢٥﴾

﴾25﴿ **ഭയപ്പെടുന്നവരിൽപെട്ട രണ്ടു പുരുഷന്മാർ-അല്ലാഹു അവരുടെ മേൽ അനുഗ്രഹം ചെയ്തിരിക്കുന്നു -പറഞ്ഞു: 'നിങ്ങൾ അവരുടെ മേൽ (ആ) വാതിൽ കടന്നു ചെല്ലുവിൻ. അങ്ങിനെ, നിങ്ങൾ കടന്നു ചെന്നാൽ, നിശ്ചയമായും, നിങ്ങൾ (അവരെ) ജയിക്കുന്നവരായിരിക്കും:-**

وَعَلَى ٱللَّهِ فَتَوَكَّلُوٓا۟ إِن كُنتُم مُّؤْمِنِينَ ﴿٢٦﴾

﴾26﴿ **'അല്ലാഹുവിന്റെ മേൽ (മാത്രം) നിങ്ങൾ ഭരമേൽപിക്കുകയും ചെയ്യുവിൻ-നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ!'**

قَالُوا۟ يَٰمُوسَىٰٓ

﴾27﴿ **അവർ [ആ ജനത] പറഞ്ഞു: 'മൂസാ,-**

إِنَّا لَن نَّدْخُلَهَآ أَبَدًا مَّا دَامُوا۟ فِيهَا

നിശ്ചയമായും, അവരവിടെ നിലവിലുള്ളപ്പോൾ ഒരിക്കലും ഞങ്ങൾ അവിടെ പ്രവേശിക്കുയില്ല തന്നെ.

فَٱذۡهَبۡ أَنتَ وَرَبُّكَ فَقَٰتِلَآ إِنَّا هَٰهُنَا قَٰعِدُونَ ﴿٢٧﴾

ആകയാൽ, നീയും, നിന്റെ റബ്ബും പോയിട്ട് നിങ്ങൾ (അങ്ങു) യുദ്ധം ചെയ്തുകൊള്ളുക; 'ഞങ്ങൾ, ഇവിടെ ഇരിക്കുകയാണ്'.

﴾25﴿ قَالَ رَجُلَانِ രണ്ടു പുരുഷന്മാർ പറഞ്ഞു مِنَ ٱلَّذِينَ യാതൊരുവരിൽപെട്ട يَخَافُونَ അവർ ഭയപ്പെടുന്നു أَنۡعَمَ ٱللَّهُ അല്ലാഹു അനുഗ്രഹം ചെയ്തിരിക്കുന്നു عَلَيۡهِمَا അവരുടെ രണ്ടാളുടെ മേൽ ٱدۡخُلُوا നിങ്ങൾ പ്രവേശിക്കുവിൻ عَلَيۡهِمُ അവരുടെമേൽ ٱلۡبَابَ (പട്ടണ) വാതിൽ, പടിവാതിൽക്കൽ, കവാടം فَإِذَا دَخَلۡتُمُوهُ എന്നാൽ നിങ്ങളത് കടന്നാൽ فَإِنَّكُمۡ എന്നാൽ നിശ്ചയമായും നിങ്ങൾ غَٰلِبُونَ ജയിക്കുന്നവരായിരിക്കും, വിജയികളാണ് ﴾26﴿ وَعَلَى ٱللَّهِ അല്ലാഹുവിന്റെ മേൽ فَتَوَكَّلُوٓا നിങ്ങൾ ഭരമേൽപിക്കുവിൻ إِن كُنتُم നിങ്ങളാണെങ്കിൽ مُّؤۡمِنِينَ സത്യവിശ്വാസികൾ ﴾27﴿ قَالُوا അവർ പറഞ്ഞു يَٰمُوسَىٰٓ മൂസാ إِنَّا لَن نَّدۡخُلَهَآ ഞങ്ങൾ അതിൽ (അവിടെ) പ്രവേശിക്കുകയേ ഇല്ല أَبَدًا ഒരിക്കലും, ഒരുകാലവും مَّا دَامُوا അവർ (നിലവിൽ) ഉണ്ടായിരിക്കുമ്പോൾ فِيهَا അതിൽ (അവിടെ) فَٱذۡهَبۡ ആകയാൽ (എന്നാൽ) പോകുക أَنتَ وَرَبُّكَ നീയും നിന്റെ റബ്ബും فَقَٰتِلَآ എന്നിട്ട് നിങ്ങൾ രണ്ടാളും യുദ്ധം ചെയ്യുക إِنَّا هَٰهُنَا നിശ്ചയമായും ഞങ്ങൾ ഇവിടെ قَٰعِدُونَ ഇരിക്കുന്നവരാണ് (ഇരിക്കുകയാണ്)

അല്ലാഹു അക്ബർ! എത്ര മുരത്ത ഹൃദയങ്ങൾ!! ശത്രുക്കളുമായി യുദ്ധം ചെയ്യുവാനും, വാഗ്ദാനം ചെയ്യപ്പെട്ട ദേശത്തേക്ക് പ്രവേശിക്കുന്നതിൽ നേരിടുന്ന പ്രതിബന്ധങ്ങളെ ചെറുത്തു മുന്നോട്ട് നീങ്ങുവാനും ഇസ്റാഈല്യർ ഒരുക്കമില്ലായിരുന്നു. ഹീനതയും ഭീരുത്വവും അനുസരണമില്ലായ്മയും അവരെ അങ്ങേയറ്റം അധഃപതിപ്പിച്ചിരിക്കുകയാണ്. ഒഴികഴിവുകളും പിടിവാശിയുമല്ലാതെ മറ്റൊന്നും അവരിൽ കാണാതായി. അപ്പോൾ, ഫലസ്തീനിൽചെന്നു ആ നാട്ടിന്റെയും, അവിടെയുള്ള ജനങ്ങളുടെയും സ്ഥിതിഗതികൾ നിരീക്ഷണം ചെയ്തുവരുവാൻ മൂസാ (അ) അവരിലുള്ള പ്രധാനികളുടെ ഒരു സംഘത്തെ നിയമിച്ചയച്ചു. ഈ സംഘത്തെക്കുറിച്ചു 13-ാം വചനത്തിന്റെ വിവരണത്തിൽ നാം മുമ്പ് സംസാരിച്ചു കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത സംഘം അന്വേഷണം നടത്തി തിരിച്ചു വന്നു. മിക്കവരുടെയും പ്രസ്താവനകൾ ഇസ്റാഈല്യരെ കൂടുതൽ നിരാശരും ഭീരുക്കളുമാക്കുന്നവയായിരുന്നു. രണ്ടു പേർ മാത്രം വസ്തുതകൾ ശരിയാംവണ്ണം വിവരിക്കുകയും വിജയസാധ്യത ചൂണ്ടിക്കാട്ടുകയും ചെയ്തു. ഇവരെപ്പറ്റിയാണ് قَالَ رَجُلَانِ مِنَ ٱلَّذِينَ يَخَافُونَ (ഭയപ്പെടുന്നവരുടെ കൂട്ടത്തിൽപ്പെട്ട രണ്ടു പുരുഷന്മാർ പറഞ്ഞു) എന്നു അല്ലാഹു പ്രസ്താവിച്ചത്. അല്ലാഹുവിനെ ഭയപ്പെടുന്നവരായ രണ്ടാളുകൾ എന്നും, ശത്രുക്കളെ ഭയപ്പെടുന്നവരും അതോടുകൂടി സത്യാവസ്ഥ തുറന്നുകാട്ടുന്നവരുമായ രണ്ടാളുകൾ എന്നും ഈ വാക്കിനു അർത്ഥം ആകാവുന്നതാകുന്നു. ഈ രണ്ടുപേരിൽ ഒരാൾ നൂനിന്റെ മകൻ യൂശഉം (അ), മറ്റേതു യഫുന്നായുടെ മകൻ കാലബും (يوشع بن نون، كالب بن يفنا) ആയിരുന്നുവെന്ന് ചില ക്വുർ

ആൻ വ്യാഖ്യാതാക്കൾ പറഞ്ഞു കാണുന്നു. ബൈബ്ളിലും അങ്ങിനെ തന്നെയാണു ള്ളത്. മൂസാ നബി (അ)യുടെ ഭൃത്യനും, അദ്ദേഹത്തിന് ശേഷം ഇസ്റാഈല്യരുടെ നേതൃത്വം കൈവന്ന പ്രവാചകനുമായിരുന്നു യൂശഉ് (അ). കാലബിനെപ്പറ്റി കൂടുത ലൊന്നും അറിയപ്പെടുന്നില്ലെങ്കിലും അദ്ദേഹവും ഒരു സൽപുരുഷനായിരുന്നുവെന്ന തിൽ സംശയമില്ല. أَنْعَمَ ٱللَّهُ عَلَيْهِمَا (അവർ രണ്ടാളുടെ മേലും അല്ലാഹു അനുഗ്രഹം ചെയ്തിരിക്കുന്നു) എന്ന വാക്കിൽ നിന്നു തന്നെ ഇത് വ്യക്തമാണല്ലോ. (*)

മറ്റുള്ളവർ പറയുന്നതുപോലെ, ആ നാട്ടിലെ ജനങ്ങൾ ശക്തന്മാരും മല്ലന്മാരും ക്രൂര ന്മാരുമൊക്കെത്തന്നെയാണെങ്കിലും അവരെ നിങ്ങൾ ഭയപ്പെടേണ്ടതില്ല. സധൈര്യം പട്ടണത്തിന്റെ പടിവാതിൽ ആക്രമിച്ചു ഉള്ളോട്ട് കടന്നു കഴിഞ്ഞാൽ, അവരുടെ വീര്യം നശിച്ചുപോകും. അവരെ പരാജയപ്പെടുത്തി വിജയം വരിക്കുവാൻ നിങ്ങൾക്ക് പിന്നെ പ്രയാസമുണ്ടാകുകയില്ല. നിങ്ങൾ സത്യവിശ്വാസികളും അവർ അവിശ്വാസികളുമാ ണല്ലോ. നിങ്ങൾ കാര്യങ്ങൾ അല്ലാഹുവിൽ അർപ്പിച്ചുകൊണ്ടും അവന്റെ സഹായം ഉറപ്പിച്ചുകൊണ്ടും മുന്നോട്ട് നീങ്ങുക. വിജയം നിങ്ങൾക്ക് തന്നെയായിരിക്കും എന്നൊ ക്കെയായിരുന്നു ആ രണ്ടു മാന്യന്മാർ അവരോട് പറഞ്ഞതിന്റെ സാരം. ഇതൊന്നും ആ നന്ദികെട്ടവരുടെ ഹൃദയം തീണ്ടിയില്ല. ഈജിപ്തിൽ നിന്ന് തുടങ്ങി ഇതഃപര്യന്തം ആ പ്രവാചകവര്യന്റെ - മൂസാ നബി (അ)യുടെ-കൈക്ക് അവർ അനുഭവത്തിൽ കണ്ടു വന്നിട്ടുള്ള വമ്പിച്ച ദൃഷ്ടാന്തങ്ങളിൽ നിന്നൊന്നും പാഠം പഠിക്കാത്ത അവർ, കേവലം ദുർവ്വാശിക്കാരായ ചെറുകുട്ടികൾ കണക്കെ മൂസാ (അ)നോട് പറഞ്ഞു: 'മൂസാ! ആ ജനങ്ങൾ അവിടെയുണ്ടാകുന്ന കാലത്തോളം ഞങ്ങൾ ആ നാട്ടിലേക്ക് പ്രവേശിക്കുകയേ ഇല്ല. കൂടിയേ കഴിയൂ എങ്കിൽ നീയും നിന്റെ റബ്ബും പോയി യുദ്ധം ചെയ്തു അവരെ അവിടെ നിന്ന് തുരത്തി വിടുക. അതുവരെ ഞങ്ങൾ ഇവിടെത്തന്നെ ഇരിക്കാം. അത് കണ്ടതിനു ശേഷമേ ഞങ്ങൾ അങ്ങോട്ടു നീങ്ങൂ....' അല്ലാഹു അക്ബർ! ثُمَّ قَسَتْ قُلُوبُكُم مِّنۢ بَعْدِ ذَٰلِكَ فَهِىَ كَٱلْحِجَارَةِ...الخ (അതിനുശേഷം നിങ്ങളുടെ ഹൃദയ ങ്ങൾ കടുത്തുപോയി. അവ കല്ലു പോലെയോ അതിനെക്കാൾ കടുപ്പമേറിയതോ ആയിരിക്കുന്നു (2:74). എന്ന് അല്ലാഹു പറഞ്ഞത് ഈ ജനതയെപ്പറ്റിയാണല്ലോ!

നേരെ മറിച്ച് നബി തിരുമേനി ﷺ യുടെ സ്വഹാബികൾ ഓർക്കാപ്പുറത്ത് നേരിടേണ്ടി വന്ന അവരുടെ ഒന്നാമത്തെ യുദ്ധം അവരെ അഭിമുഖീകരിച്ചപ്പോൾ-അവരുടെ മൂന്നി രട്ടിവരുന്നതും, സർവ്വ സന്നാഹങ്ങളോടുകൂടി ഒരുങ്ങി വന്നതുമായ ശത്രുക്കളുമായി ബദ്റിൽ വെച്ച് പെട്ടെന്ന് യാതൊരു സന്നാഹവുമില്ലാതെ ഏറ്റുമുട്ടേണ്ട ഘട്ടം വന്ന പ്പോൾ-നബി ﷺ അവരുടെ അഭിപ്രായം ആരാഞ്ഞതിന് അവർ നൽകിയ മറുപടിയും, ഇസ്റാഈല്യരുടെ ഈ മറുപടിയും തമ്മിലുള്ള അന്തരം ഒന്നാലോചിച്ചു നോക്കുക! അവർ പറഞ്ഞു: 'മൂസാ നബി (അ)യോട് ഇസ്റാഈല്യർ പറഞ്ഞതുപോലെ, താങ്കളും താങ്കളുടെ റബ്ബും പോയി യുദ്ധം ചെയ്തുകൊള്ളുക, ഞങ്ങൾ ഇവിടെ ഇരിക്കുക യാണ് എന്നു ഞങ്ങൾ പറയുകയില്ല. അങ്ങുന്ന് 'ബറകുൽ ഗിമാദി'ലേക്ക് തന്നെ ഞങ്ങളെ കൊണ്ടുപോയാലും ഞങ്ങൾ അങ്ങയോടൊപ്പം പോരുവാൻ തയ്യാറാണ്'

(*) 'കാലേബ് (കാലബ്) യിസ്രായേല്യരെ യഹോവയിലനുസരണമുള്ളവരാക്കു ന്നതിനു അവരെ പരിശീലിപ്പിക്കുന്ന വിഷയത്തിൽ ധീരനായിരുന്നു. ഒറ്റുകാരിൽ ഇവനും യോശുവ (യൂശഉ്)യുമാണ് വിശ്വസ്തന്മാർ'. എന്ന് വേ.പു. നിഘണ്ടുവിലും കാണുന്നു.

(അ; ന; ഇബ്നുഹിബ്ബാൻ) വളരെ പ്രയാസങ്ങൾ തരണം ചെയ്യേണ്ടുന്ന ഒരു പ്രദേശമാണ് 'ബറകുൽഗിമാദ്'.

ഇസ്റാഈല്യരുടെ ഈ ചരിത്ര സംഭവം ബൈബ്ളിൽ വളരെ വിസ്തരിച്ചു വിവരിച്ചിട്ടുണ്ട്. ഇസ്റാഈല്യരുടെ കറുത്തചരിത്ര സംഭവങ്ങളിലേക്ക് അവരുടെ തന്നെ രേഖകളിൽ അടങ്ങിയിരിക്കുന്ന ചില ഉദാഹരണങ്ങൾ എന്ന നിലക്ക് സന്ദർഭോചിതമായി കാണുന്ന അതിലെ പ്രസക്ത ഭാഗം ഇവിടെ ചുരുക്കി ഉദ്ധരിക്കാം. ഇസ്റാഈല്യരുടെ സംഭവ ബഹുലമായ ആ യാത്രാവിവരണ മദ്ധ്യേ സംഖ്യാപുസ്തകം പറയുന്നു:-

'അതിന്റെശേഷം ജനം ഹസേരോത്തിൽ നിന്ന് പുറപ്പെട്ട് പാരാൻ(*) മരുഭൂമിയിൽ പാളയമിറങ്ങി. യിസ്രയേൽ മക്കൾക്കു ഞാൻ കൊടുക്കുവാനിരിക്കുന്ന കനാൻ ദേശം (**) ഒറ്റു നോക്കുവാൻ പന്ത്രണ്ടു ഗോത്രത്തിൽ നിന്നും ഓരോ പ്രഭുക്കളെ അയക്കണമെന്നു യഹോവ മോശെയോടു കല്പിച്ച പ്രകാരം അവൻ അവരെ അയച്ചു'. (യഫുന്നയുടെ മകൻ കാലേബും, നൂന്റെ മകൻ ഹോശെയെന്ന യോശുവായും അടക്കം പന്ത്രണ്ടു പ്രഭുക്കളുടെ പേരും വിവരിച്ച ശേഷം അത് തുടരുന്നു:) 'അവിടെ കുടിയിരിക്കുന്ന ജനങ്ങളെയും ആ നാട്ടിനെയും സംബന്ധിച്ച എല്ലാ വിവരവും ഒറ്റുനോക്കി മടങ്ങിവന്നു. സർവ്വസഭ മുമ്പാകെ വർത്തമാനം അറിയിച്ചു: അത്പാലും തേനും ഒഴുകുന്ന ദേശം തന്നെ. അതിലെ ഫലങ്ങൾ ഇതാ. ജനങ്ങൾ ഏറ്റവും ബലവാന്മാരും, പട്ടണങ്ങൾ വലുതും ഉറപ്പുള്ളതും തന്നെ. കാലേബ് മുമ്പോട്ടു വന്നു അത് നമുക്ക് ജയിക്കുവാൻ കഴിയും എന്നുപറഞ്ഞു. എങ്കിലും കൂടെ പോയിരുന്നവർ പറഞ്ഞു: നമുക്ക് അവരുടെ നേരെ ചെല്ലുവാൻ കഴിയില്ല. അവർ അതികായന്മാർ. അവർ ആളെ തിന്നുകളയും. അവിടെ മല്ലന്മാരുടെ സന്തതികളും അനാക്യ മല്ലന്മാരും ഉണ്ട്. (***) അവരുടെ കാഴ്ചക്കു ഞങ്ങളെ വെട്ടുകിളികളെപ്പോലെ തോന്നി. (****) ഇത് കേട്ട സഭയൊക്കെ നിലവിളിച്ചു. എല്ലാവരും മോശെക്കും അഹറോനും വിരോധമായി പിറുപിറുത്തു: ഞങ്ങൾ മിസ്രയീമിലോ മരുഭൂമിയിലോ മരിച്ചു പോയിരുന്നെങ്കിൽ വാളാൽ കൊല്ലപ്പെടുകയില്ലായിരുന്നു. ഞങ്ങളെ അവിടെ നിന്ന് എന്തിനു കൊണ്ടുവന്നു?! ഞങ്ങളുടെ ഭാര്യമാരും കുട്ടികളും കൊള്ളയടിക്കപ്പെടുമല്ലോ....! അപ്പോൾ മോശയും അഹറോനും സഭയുടെ മുമ്പാകെ കവിണ്ണു വീണു. യോശുവയും കാലേബും വസ്ത്രം കീറി ഇങ്ങിനെ പറഞ്ഞു: ഞങ്ങൾ ഒറ്റു നോക്കിയ ദേശം ഏറ്റം നല്ലതു തന്നെ. യഹോവ നമ്മിൽ പ്രസാദിക്കുന്നുവെങ്കിൽ അവൻ നമുക്ക് അത് തരും. നിങ്ങൾ യഹോവയോട് മത്സരിക്കരുത്. ആ ജനത്തെ ഭയപ്പെടരുത്. അവർ നമുക്ക് ഇരയാകുന്നു. യഹോവ നമ്മുടെ കൂടെയുള്ളതുകൊണ്ട് നമുക്ക് അവരെ ഭയപ്പെടേണ്ടതില്ല. ജനങ്ങളുടെ മറുപടി: അവരെ കല്ലെറിയേണം എന്നായിരുന്നു'. (സംഖ്യാ പുസ്തകം, അധ്യായം 13,14).

(*) (**) 1 -ാം പടം നോക്കുക. (***) അനാക്യർ=നീണ്ട കഴുത്തുള്ളവർ. യെഹൂദ ഗോത്രത്തിന്റെ അതിർത്തിയിൽ വസിച്ചിരുന്ന പൂർവ്വ ജനങ്ങളാണ് ഇവർ. (വേ. പു. നി)

(****) ഇത്തരം ഇസ്രാഈലീ വർണനകളെ അടിസ്ഥാനമാക്കിക്കൊണ്ടുണ്ടായ ഏതാനും കെട്ടുകഥകളും അതിശയോക്തി കലർന്ന ചില വാർത്തകളും ചില ഖുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങളിൽ സ്ഥലം പിടിച്ചിട്ടുണ്ട്. അവയെ ചൂണ്ടിക്കാട്ടിക്കൊണ്ട് ഇബ്നു കഥീർ (റ) പറയുകയാണ്: وهذا شيء يستحيي من ذكره ***(ഇതൊക്കെ പറയുവാൻ ലജ്ജിക്കേണ്ടുന്ന വിഷയമാണ്).***

قَالَ رَبِّ إِنِّي لَآ أَمۡلِكُ إِلَّا نَفۡسِي وَأَخِيۖ فَٱفۡرُقۡ بَيۡنَنَا وَبَيۡنَ ٱلۡقَوۡمِ ٱلۡفَٰسِقِينَ ﴿٢٨﴾

《28》 അദ്ദേഹം [മൂസാ] പറഞ്ഞു: 'എന്റെ റബ്ബേ! നിശ്ചയമായും ഞാൻ, എന്റെ സ്വന്തത്തെയും എന്റെ സഹോദരനെയുമല്ലാതെ അധീനമാക്കുന്നില്ല!

ആകയാൽ, ഞങ്ങളുടെയും (ഈ) ധിക്കാരികളായ ജനതയുടെയും ഇടയിൽ നീ വേർപെടുത്തിത്തരേണമേ!'

《28》 قَالَ അദ്ദേഹം പറഞ്ഞു رَبِّ إِنِّي എന്റെ റബ്ബേ നിശ്ചയമായും ഞാൻ لَآ أَمۡلِكُ ഞാൻ അധീനമാക്കുന്നില്ല (എനിക്കു വിധേയമല്ല) إِلَّا نَفۡسِي എന്റെ സ്വന്ത(ദേഹ)മല്ലാതെ وَأَخِي എന്റെ സഹോദരനും فَٱفۡرُقۡ ആകയാൽ നീ പിരിച്ചു (വേർപ്പെടുത്തി) തരേണമേ بَيۡنَنَا ഞങ്ങൾക്കിടയിൽ وَبَيۡنَ ٱلۡقَوۡمِ (ഈ) ജനങ്ങൾക്കിടയിലും ٱلۡفَٰسِقِينَ തോന്നിയ വാസികളായ, ധിക്കാരികളായ

ഹാ! എത്ര വേദനാ നിർഭരമായ പ്രാർത്ഥന! എത്ര തന്നെ ഉപദേശിച്ചിട്ടും, എന്തു തന്നെ കണ്ടനുഭവിച്ചിട്ടും അനുസരണഭാവം കാണിക്കാത്ത-മിരട്ടുശീലരായ-ആ ജനതയുടെ മറുപടികേട്ടു മൂസാ (അ) മനംനൊന്തുകൊണ്ട് അല്ലാഹുവിനോട് അപേക്ഷിക്കുകയാണ്: 'എന്റെ റബ്ബേ! എന്റെ സ്വന്തം ദേഹവും, എന്റെ സുഖദു:ഖങ്ങളിൽ ആദ്യന്തം പങ്കുകൊണ്ടു വരുന്ന എന്റെ സഹോദരൻ ഹാറൂനുമല്ലാതെ മറ്റാരും എനിക്ക് വഴങ്ങാതായിരിക്കുന്നു! ഞങ്ങളുടെ കാര്യമല്ലാതെ ഈ ജനതയുടെ കാര്യങ്ങളൊന്നും എന്റെ നിയന്ത്രണത്തിന് അധീനമല്ലാതായിത്തീർന്നിരിക്കുന്നു! അതുകൊണ്ട് ഞങ്ങൾ ഇരുകൂട്ടർക്കുമിടയിൽ ഒരു അന്തിമ തീരുമാനമുണ്ടാക്കി കാര്യം കലാശിപ്പിച്ചു തരേണമേ! അല്ലാഹു അദ്ദേഹത്തിനു ഉത്തരം നൽകി:-

قَالَ فَإِنَّهَا مُحَرَّمَةٌ عَلَيۡهِمۡۛ أَرۡبَعِينَ سَنَةًۛ يَتِيهُونَ فِي ٱلۡأَرۡضِۚ فَلَا تَأۡسَ عَلَى ٱلۡقَوۡمِ ٱلۡفَٰسِقِينَ ﴿٢٩﴾

《29》 അവൻ [റബ്ബ്] പറഞ്ഞു: എന്നാൽ, നിശ്ചയമായും അത് [ആ രാജ്യം] അവരുടെ മേൽ നാൽപതു കൊല്ലം നിഷിദ്ധമാക്കപ്പെട്ടതാകുന്നു; (അതെ) അവർ ഭൂമിയിൽ അന്തം വിട്ടു (അലഞ്ഞു) നടക്കും. ആകയാൽ, (ആ) ധിക്കാരികളായ ജനങ്ങളുടെ പേരിൽ നീ വ്യസനപ്പെടരുത്'.

《29》 قَالَ അവൻ പറഞ്ഞു فَإِنَّهَا എന്നാൽ നിശ്ചയമായും അത് مُحَرَّمَةٌ നിഷിദ്ധമാക്ക (മുടക്ക)പ്പെട്ടതാണ് عَلَيۡهِمۡ അവരുടെ മേൽ, അവർക്ക് أَرۡبَعِينَ നാൽപത് سَنَةً കൊല്ലം يَتِيهُونَ അവർ അന്തംവിട്ടു (അലഞ്ഞു-പരിഭ്രമിച്ചു)തിരിയും فِي ٱلۡأَرۡضِ ഭൂമി

യിൽ فَلَا تَأْسَ അതിനാൽ നീ വ്യസനിക്കേണ്ട, വ്യാകുലപ്പെടരുത് عَلَى ٱلْقَوْمِ ജനതയുടെ പേരിൽ ٱلْفَٰسِقِينَ തോന്നിയവാസി (ധിക്കാരി)കളായ.

അവരുടെ ധിക്കാരത്തിനും മർക്കടമുഷ്ടിക്കും ഈ ഐഹിക ജീവിതത്തിൽ തന്നെ അല്ലാഹു അവർക്ക് നൽകിയ ഒരു ശിക്ഷയാണത്: നാൽപതുകൊല്ലം അവർ ഈ ഭൂമിയിൽ-സീനാ മരുഭൂമിയിൽ-വട്ടം കറങ്ങിക്കൊണ്ട് കഴിഞ്ഞുകൂടട്ടെ എന്ന്. അതെ, അപ്പോഴേക്ക് ആ ദുഷിച്ച തലമുറ നാശമടയും, അവരുടെ ഇളം തലമുറ രംഗത്തുവരുകയും ചെയ്യും. അപ്പോൾ അവർക്ക് പുതിയൊരു ചൈതന്യവും ആവേശവും ഉണ്ടായിക്കൊള്ളും. അങ്ങനെ അവർക്ക് വാഗ്ദാനം ചെയ്യപ്പെട്ട പുണ്യഭൂമി ജയിച്ചടക്കുവാനും, തങ്ങളുടെ അവകാശം വീണ്ടെടുക്കുവാനും അവർക്ക് സാധിച്ചുകൊള്ളും. അതുകൊണ്ട് ഇപ്പോൾ അവരെ, അവരുടെ പാട്ടിന് വിട്ടേക്കുക. അവരെപ്പറ്റി വ്യാകുലപ്പെടേണ്ടതില്ല എന്ന് സാരം.

അങ്ങനെ, സീനാവനാന്തരങ്ങളിലും മരുഭൂപ്രദേശങ്ങളിലുമായി ലക്ഷ്യമില്ലാതെ അലഞ്ഞു തിരിഞ്ഞു കൊണ്ട് നാൽപതുകൊല്ലം ഇസ്റാഈല്യർ കഴിഞ്ഞുകൂടേണ്ടി വന്നു. ഇതിനിടയിൽ പലതും അവരിൽ സംഭവിച്ചു. നാൽപതുകൊല്ലം കഴിയാറായപ്പോഴേക്കും അവിടവിടെവെച്ച് ശത്രുക്കളുമായി പല ഏറ്റുമുട്ടലുകളും കഴിഞ്ഞു പതുക്കെ അവർ മുന്നേറിക്കൊണ്ടിരുന്നു. ഇതിനിടെ-ബൈബ്ളിന്റെ കണക്കുപ്രകാരം മിസ്രയീമിൽ (ഈജിപ്തിൽ) നിന്നുപോന്ന 40-ാം കൊല്ലം 5 മാസം കഴിഞ്ഞു-ഹോർ പർവ്വതത്തി (جبل حور)ൽ വെച്ച് (*) ഹാറൂൻ (അ) കാലഗതി പ്രാപിച്ചു. (സംഖ്യാ 33 ൽ 38) അധികം താമസിയാതെ-ഏറെക്കുറെ ആറുമാസം കഴിഞ്ഞു-മോവാബ് (مواب) പ്രദേശത്തു (**) അബാരീം പർവ്വതത്തിൽ (***) നെബോ മലയിൽവെച്ച് വാഗ്ദാനം ചെയ്യപ്പെട്ട ആ രാജ്യം നോക്കിക്കണ്ട ശേഷം മൂസാ നബി (അ)യും കാലഗതിയടഞ്ഞു. ആ രാജ്യത്തിൽ പ്രവേശിക്കുവാൻ അദ്ദേഹത്തിന് വിധിയുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ പിൻഗാമിയായിരുന്ന യൂശഉ് (യോശുവാ) നബിയുടെ കാലത്ത് അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ് പല യുദ്ധങ്ങൾക്കുശേഷം ഇസ്റാഈല്യർ ആ രാജ്യം ജയിച്ചടക്കിയതും, അതിൽ കുടിയേറി താമസിച്ചതും, അവർക്കിടയിൽ രാജ്യം ഭാഗിക്കപ്പെട്ടതും. (****)

വിഭാഗം - 5

۞ وَٱتْلُ عَلَيْهِمْ نَبَأَ ٱبْنَىْ ءَادَمَ بِٱلْحَقِّ إِذْ قَرَّبَا قُرْبَانًا

﴾30﴿ **(നബിയേ,) അവർക്ക് ആദമിന്റെ രണ്ടു പുത്രന്മാരുടെ വൃത്താന്തവും യഥാർത്ഥ പ്രകാരം ഓതിക്കൊടുക്കുക: അതായത്, അവർ രണ്ടാളും ഒരു 'ക്വുർബാൻ' [ബലികർമം] നടത്തിയ സന്ദർഭം;**

(*) (**) (***) 1 -ാം പടം നോക്കുക.

(****) ഫലസ്തീൻ ഇസ്റാഈൽ ഗോത്രങ്ങൾക്ക് ഭാഗിക്കപ്പെട്ട സ്ഥലങ്ങൾ 2-ാം ഭൂപടത്തിൽ കാണാം

فَتُقُبِّلَ مِنۡ أَحَدِهِمَا وَلَمۡ يُتَقَبَّلۡ مِنَ ٱلۡأٓخَرِ	എന്നിട്ട് അവരിൽ ഒരാളിൽ നിന്നു അതു സ്വീകരിക്കപ്പെട്ടു; മറ്റവനിൽ നിന്നു സ്വീകരിക്കപ്പെട്ടതുമില്ല.
قَالَ لَأَقۡتُلَنَّكَۖ	അവൻ (മറ്റവൻ) പറഞ്ഞു: 'നിശ്ചയമായും ഞാൻ നിന്നെ കൊലപ്പെടുത്തും'.
قَالَ إِنَّمَا يَتَقَبَّلُ ٱللَّهُ مِنَ ٱلۡمُتَّقِينَ ﴿٣٠﴾	അവൻ [സ്വീകരിക്കപ്പെട്ടവൻ] പറഞ്ഞു: 'സൂക്ഷ്മത പാലിക്കുന്ന [ഭയഭക്തിയുള്ള]വരിൽനിന്നേ അല്ലാഹു സ്വീകരിക്കൂ.
لَئِنۢ بَسَطتَ إِلَيَّ يَدَكَ لِتَقۡتُلَنِي مَآ أَنَا۠ بِبَاسِطٖ يَدِيَ إِلَيۡكَ لِأَقۡتُلَكَۖ إِنِّيٓ أَخَافُ ٱللَّهَ رَبَّ ٱلۡعَٰلَمِينَ ﴿٣١﴾	﴾31﴿ 'എന്നെ കൊലപ്പെടുത്തുവാൻ വേണ്ടി എന്റെ നേരെ നിന്റെ കൈ നീ നീട്ടിയാൽതന്നെ, നിന്നെ കൊലചെയ്‌വാൻ വേണ്ടി നിന്റെ നേരെ എന്റെ കൈ ഞാൻ നീട്ടുന്നവനേ അല്ല. നിശ്ചയമായും ഞാൻ, ലോക രക്ഷിതാവായ അല്ലാഹുവിനെ ഭയപ്പെടുന്നു.
إِنِّيٓ أُرِيدُ أَن تَبُوٓأَ بِإِثۡمِي وَإِثۡمِكَ فَتَكُونَ مِنۡ أَصۡحَٰبِ ٱلنَّارِۚ	﴾32﴿ നിശ്ചയമായും ഞാൻ, എന്റെ കുറ്റവും നിന്റെ കുറ്റവും കൊണ്ട് നീ മടങ്ങുവാൻ [രണ്ടു കുറ്റവും നീ ഏറ്റെടുക്കുവാൻ] ഉദ്ദേശിക്കുന്നു; അങ്ങിനെ, നീ നരകത്തിന്റെ ആൾക്കാരിൽ പെട്ടവനായിരിക്കുവാൻ.
وَذَٰلِكَ جَزَٰٓؤُاْ ٱلظَّٰلِمِينَ ﴿٣٢﴾	അതാവട്ടെ, അക്രമികളുടെ പ്രതിഫലവുമാകുന്നു.

﴾30﴿ وَاتۡلُ ഓതിക്കൊടുക്കുക (പാരായണം ചെയ്യുക)യും ചെയ്യുക عَلَيۡهِمۡ അവർക്ക്, അവരിൽ نَبَأَ വൃത്താന്തം, വർത്തമാനം ابۡنَيۡ ءَادَمَ ആദമിന്റെ രണ്ടു പുത്രന്മാരുടെ بِالۡحَقِّ യഥാർത്ഥ പ്രകാരം إِذۡ قَرَّبَا അവർ രണ്ടാൾ ഖുർബാൻ (ബലികർമം) നടത്തിയപ്പോൾ قُرۡبَانًا ഒരു ബലികർമം فَتُقُبِّلَ എന്നിട്ട് സ്വീകരിക്കപ്പെട്ടു مِنۡ أَحَدِهِمَا ആ രണ്ടിലൊരാളിൽനിന്ന് وَلَمۡ يُتَقَبَّلۡ സ്വീകരിക്കപ്പെട്ടതുമില്ല مِنَ الۡأٓخَرِ മറ്റവനിൽനിന്ന് قَالَ അവൻ പറഞ്ഞു لَأَقۡتُلَنَّكَ നിശ്ചയമായും ഞാൻ നിന്നെ കൊല്ലും قَالَ അവൻ പറഞ്ഞു إِنَّمَا يَتَقَبَّلُ സ്വീകരിക്കയുള്ളൂ اللّٰهُ അല്ലാഹു مِنَ الۡمُتَّقِينَ സൂക്ഷ്മത പാലിക്കുന്നവരിൽ (ഭയഭക്തരിൽ) നിന്ന് മാത്രം ﴾31﴿ لَئِنۢ بَسَطتَ നീ നീട്ടിയാൽ (വിരുത്തിയാൽ)

തന്നെ إِلَيَّ എന്റെ നേരെ, എന്നിലേക്ക് يَدَكَ നിന്റെ കൈ لِتَقْتُلَنِي നീ എന്നെ കൊല്ലു
വാൻ വേണ്ടി مَآ أَنَا ഞാനല്ല بِبَاسِطٍ നീട്ടുന്ന (വിരുത്തുന്ന)വൻ, നീട്ടുന്നവനേ يَدِيَ
എന്റെ കൈ إِلَيْكَ നിന്റെ നേരെ لِأَقْتُلَكَ ഞാൻ നിന്നെ കൊല്ലുവാൻ വേണ്ടി إِنِّيٓ നിശ്ച
യമായും ഞാൻ أَخَافُ ഞാൻ ഭയപ്പെടുന്നു ٱللَّهَ അല്ലാഹുവിനെ رَبَّ ٱلْعَٰلَمِينَ ലോക
രക്ഷിതാവായ ﴾32﴿ إِنِّيٓ أُرِيدُ നിശ്ചയമായും ഞാൻ ഉദ്ദേശിക്കുന്നു أَن تَبُوٓأَ നീ മടങ്ങു
(സമ്പാദിക്കു-ഏൽക്കു-വഹിക്കു)വാൻ بِإِثْمِى എന്റെ കുറ്റം കൊണ്ട് (കുറ്റവും) وَإِثْمِكَ
നിന്റെ കുറ്റവും فَتَكُونَ അങ്ങനെ നീ ആയിരിക്കുക مِنْ أَصْحَٰبِ ആൾക്കാരിൽ
പെട്ട(വൻ) ٱلنَّارِ നരകത്തിന്റെ وَذَٰلِكَ അതാകട്ടെ جَزَٰٓؤُا۟ പ്രതിഫലമാകുന്നു ٱلظَّٰلِمِينَ
അക്രമികളുടെ

വ്യക്തമായ തെളിവുകളും ദൃഷ്ടാന്തങ്ങളും നിലവിലുണ്ടായിരുന്നിട്ടും ഇസ്റാഈല്യർ നബി ﷺയിൽ വിശ്വസിക്കാതെ, ശത്രുതയിൽ വർത്തിച്ചുവരുന്നതിനും, നബി ﷺയെയും സ്വഹാബികളെയും നശിപ്പിക്കുവാൻ ഗൂഢതന്ത്രങ്ങൾ നടത്തിവരുന്നതിനുമൊക്കെ യഥാർത്ഥ കാരണം അവരുടെ അസൂയയാകുന്നു. അസൂയ ഹൃദയത്തിൽ കടന്നുകൂടിയാൽ അത് മനുഷ്യനെ ഏത് നികൃഷ്ട കൃത്യങ്ങൾക്കും പ്രേരിപ്പിക്കുമെന്നുള്ളതിന് ഒരു ഉദാഹരണമായി ആദിമ കാലത്ത് സംഭവിച്ച ഒരു സംഭവം അല്ലാഹു ഉദ്ധരിക്കുന്നു. ആദം (അ)ന്റെ സ്വന്തം മക്കളിൽ കഴിഞ്ഞ ആ സംഭവത്തെപ്പറ്റി പല വാർത്തകളും കേട്ടുകേൾവികളും വേദക്കാർക്കിടയിൽ ഉണ്ടായിരുന്നു. എങ്കിലും സത്യത്തിന് നിരക്കാത്ത പലതും അതിൽ കടന്നുകൂടിയിരുന്നതുകൊണ്ടായിരിക്കാം 'യഥാർത്ഥ പ്രകാരം ആ വൃത്താന്തം അവർക്ക് ഓതിക്കൊടുക്കുക' എന്ന മുഖവുരയോടു കൂടി അതു വിവരിക്കുന്നത്. സംഭവത്തിൽ നിന്ന് പഠിക്കേണ്ട പാഠങ്ങൾ ഉൾക്കൊള്ളുന്ന വശത്തിന് അതിൽ അല്ലാഹു മുൻഗണന നൽകുകയും ചെയ്തിരിക്കുന്നു.

ആദം (അ)ന്റെ രണ്ടു പുത്രന്മാർ ഓരോ ബലി കർമം നടത്തി. ഒരാളുടെത് സ്വീകരിക്കപ്പെട്ടു. മറ്റെയാളുടെത് സ്വീകരിക്കപ്പെട്ടില്ല. തന്റേത് സ്വീകരിക്കപ്പെടാതെ തന്റെ സഹോദരന്റേത് മാത്രം സ്വീകരിക്കപ്പെട്ടതിൽ അവന്-സ്വീകരിക്കപ്പെടാത്തവന്-അസൂയയായി. അസൂയ നിമിത്തം സഹോദരനെ കൊലപ്പെടുത്തണം എന്നായി. അതവനോട് തുറന്നു പറയുക തന്നെ ചെയ്തു. എന്നാൽ, ആ സഹോദരൻ-ബലി സ്വീകരിക്കപ്പെട്ടവൻ-അവനെപ്പോലെ ദുഷ്ടനായിരുന്നില്ല. അവൻ ഗുണകാംക്ഷയും ശാന്തതയും നിറഞ്ഞ മറുപടിയാണ് അതിന് നൽകിയത്: 'അല്ലാഹുവിനെ സൂക്ഷിക്കുന്ന ഭയഭക്തന്മാരിൽനിന്നേ അല്ലാഹു കർമങ്ങൾ സ്വീകരിക്കയുള്ളൂ-നിനക്ക് സൂക്ഷ്മതയും ഭയഭക്തിയും ഇല്ലാത്തതുകൊണ്ടായിരിക്കാം നിന്റെ ബലി സ്വീകരിക്കപ്പെടാത്തത്-അതിൽ എന്നോട് അസൂയപ്പെടേണ്ടതില്ല. നിന്റെ നില നന്നാക്കലാണ് അതിനുള്ള പരിഹാരമാർഗം. അതിന് മുതിരാതെ എന്റെ കഥ കഴിക്കുവാൻ തന്നെയാണ് നീ ഒരുങ്ങുന്നതെങ്കിൽ അതുപോലെ അങ്ങോട്ടും ഒരുക്കം കൂട്ടുവാൻ ഞാൻ സന്നദ്ധനല്ല. ഞാൻ അല്ലാഹുവിനെ ഭയപ്പെടുന്നു. അവന്റെ ശിക്ഷക്ക് പാത്രമാകുന്ന ആ പാപകൃത്യത്തിന് ഞാൻ ആളല്ല. നിനക്ക് ചെയ്തേ തീരൂ എന്നുണ്ടെങ്കിൽ ആ കുറ്റത്തിന്റെ പങ്ക് മുഴുവനും നീ തന്നെ സമ്പാദിച്ചുകൊള്ളട്ടെ എന്നാണ് ഞാൻ കരുതുന്നത്. അതിൽ പങ്കുവഹിക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ, ആ കൃത്യം നീ ചെയ്തു കളഞ്ഞാൽ നീ നരക ശിക്ഷക്ക് വിധേയനായിത്തീരുമെന്നു നീ ഓർക്കണം. അതാണ് അക്രമകാരി

കൾക്ക് കിട്ടുവാനിരിക്കുന്ന ശിക്ഷ'. എന്നൊക്കെ ആ സഹോദരൻ അവനോട് ഉപദേശിച്ചു. ഇത്രയും കാര്യങ്ങളാണ് ഈ വചനങ്ങളിൽ നിന്ന് നമുക്ക് മനസ്സിലാക്കുവാൻ കഴിയുന്നത്.

എനി, ആദമിന്റെ രണ്ടു പുത്രന്മാർ ആരായിരുന്നു? ബലി ചെയ്തത് എന്തായിരുന്നു?എങ്ങിനെയായിരുന്നു? അത് സ്വീകരിക്കപ്പെട്ടതും സ്വീകരിക്കപ്പെടാത്തതും എങ്ങിനെ അറിഞ്ഞു? ഒരാളുടെ കുറ്റം മറ്റൊരാൾ വഹിക്കുകയില്ല എന്നിരിക്കെ, എന്റെ കുറ്റവും നിന്റെ കുറ്റവുമായി നീ മടങ്ങുക- രണ്ടു കുറ്റവും നീ സമ്പാദിക്കുക-എന്ന് പറഞ്ഞതിന്റെ താൽപര്യം എന്ത്? എന്നിവയെപ്പറ്റിയാണ് ആലോചിക്കുവാനുള്ളത്.

'ആദമിന്റെ രണ്ടു പുത്രന്മാർ (إبنى ادم) എന്ന് പറഞ്ഞതിൽനിന്ന് രണ്ടു പേരും അദ്ദേഹത്തിന്റെ നേരെ മക്കളായിരുന്നുവെന്നാണ് വ്യക്തമാകുന്നത്. മിക്കവാറും എല്ലാ ഖുർആൻ വ്യാഖ്യാതാക്കളും സ്വീകരിച്ചു വരുന്നതും അങ്ങിനെത്തന്നെ. കൊല നടത്തിയ മകന്റെ പേർ ഖാബീൽ (قابيل)എന്നും, കൊല്ലപ്പെട്ടവന്റെ പേർ ഹാബീൽ (هابيل) എന്നുമാണ് അറിയപ്പെടുന്നത്. മനുഷ്യർ എന്ന ഉദ്ദേശ്യത്തിൽ 'ആദമിന്റെ മക്കൾ (بنو ادم)' എന്നു പറയുക സാധാരണമാണല്ലോ. അതുപോലെ രണ്ടു മനുഷ്യന്മാർ എന്നേ ഇവിടെ ഉദ്ദേശ്യമുള്ളൂവെന്നും, ഇസ്റാഈല്യരിൽപെട്ട രണ്ടു പേരായിരിക്കണം അവർ എന്നും ചുരുക്കം ചില വ്യാഖ്യാതാക്കൾക്ക് അഭിപ്രായമുണ്ട്. ഈ അഭിപ്രായത്തിനുള്ള പ്രധാന കാരണം, അടുത്ത രണ്ടു വചനങ്ങളിൽ ഈ കൊലയെപ്പറ്റി വിവരിച്ചശേഷം 35-ാം വചനത്തിൽ, ഇക്കാരണം നിമിത്തമാണ് ഇസ്റാഈല്യരിൽ കൊലക്കു പകരം കൊല ശിക്ഷ നിശ്ചയിച്ചത് (مِنْ أَجْلِ ذَٰلِكَ كَتَبْنَا.....) എന്ന് അല്ലാഹു പറയുന്നതാകുന്നു. ഇത് അതിന് തക്കതായ ഒരു കാരണമാകുന്നില്ലെന്ന് അവിടെവെച്ചു മനസ്സിലാക്കാവുന്നതാണ്. മാത്രമല്ല, മൃതദേഹം മണ്ണിൽ മൂടി മറക്കുവാൻ പോലും ഘാതകന് അറിഞ്ഞു കൂടാത്ത വിധം മനുഷ്യ ബുദ്ധിയും പരിചയവും എത്തിക്കഴിഞ്ഞിട്ടില്ലാത്ത ഒരു കാലത്താണ് അത് സംഭവിച്ചതെന്ന് അടുത്ത വചനങ്ങളിൽ നിന്ന് സ്പഷ്ടമാകുന്നു. ഇസ്റാഈല്യർക്കിടയിലോ മറ്റോ പിൽക്കാലത്ത് നടന്ന ഒരു സംഭവമാണെങ്കിൽ ഒരിക്കലും അങ്ങിനെ വരുവാൻ ന്യായമില്ല. വിവരണത്തിൽ കുറച്ചൊക്കെ വ്യത്യാസത്തോടുകൂടിയാണെങ്കിലും ഈ വധ സംഭവം ബൈബ്ളിലും ഉദ്ധരിച്ചിട്ടുണ്ട്. ആദം (അ)ന്റെയും ഹവ്വാ (അ)ന്റെയും ആദ്യ പുത്രന്മാരായ കയിനും (ഖാബീലും) അനുജൻ ഹാബെലും (ഹാബീലും) ആണ് ഇതിലെ കഥാ പുരുഷന്മാരെന്നും കയീൻ ഹാബെലിനെ കൊന്നുവെന്നും അതിലും വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. (ഉൽപത്തി, അ:4). വേണ്ടാ നബി തിരുമേനി ﷺയുടെ ഒരു വചനം തന്നെ അതാണ് ശരിയെന്ന് കാണിച്ചുതരുന്നു. റസൂൽ ﷺ പറഞ്ഞതായി ഇബ്നുമസ്ഊദ് (റ) ഉദ്ധരിക്കുന്നു: 'ഏതൊരാളും അക്രമമായി കൊല്ലപ്പെടുന്ന പക്ഷം ആ രക്തത്തിൽ (രക്തം ചിന്തിയതിന്റെ ശിക്ഷയിൽ) നിന്ന് ഒരു പങ്ക് ആദമിന്റെ ഒന്നാമത്തെ പുത്രന്റെ മേൽ ഇല്ലാതിരിക്കുകയില്ല. കാരണം അവനാണ് കൊല നടപ്പിൽ വരുത്തിയവരിൽ ഒന്നാമത്തെ ആൾ.' (അ: ഹാ: തി: ന: ജ)

അവർ നടത്തിയ ബലികർമം (قربان) സംബന്ധിച്ചു തിട്ടമായി വല്ലതും പറയത്തക്ക തെളിവുകളൊന്നും നമുക്കില്ല. ഒരാൾ കർഷകനും, അയാൾ ബലിക്ക് സമർപ്പിച്ചത് ധാന്യവുമായിരുന്നുവെന്നും, മറ്റെയാൾ കാലികളെ പോറ്റുന്നവനും, അയാൾ സമർപ്പിച്ചത് ആടുമായിരുന്നുവെന്നും ചില ഖുർആൻ വ്യാഖ്യാതാക്കളും ബൈബ്ളും പറഞ്ഞു കാണുന്നുവെന്നുമാത്രം. ബലിക്ക് സമർപ്പിക്കപ്പെട്ട വസ്തു അഗ്നിയാൽ കരിക്കപ്പെട്ടു

പോകുന്നതാണ് ബലികർമം സ്വീകരിക്കപ്പെടുന്നതിന്റെ ലക്ഷണമെന്നും പറഞ്ഞു കാണുന്നു. (*) ഒന്നും ഉറപ്പിച്ചു പറയുവാൻ ഹദീഥിലോ മറ്റോ തെളിവുകാണുന്നില്ല. അതു പോലെത്തന്നെ, രണ്ടു പേരും ബലികർമം നടത്തുവാൻ കാരണമെന്തായിരുന്നുവെന്നുള്ളതും നമുക്ക് അജ്ഞാതമാകുന്നു. സ്വീകാര്യമായ വല്ലതെളിവും കൂടാതെ കേവലം ചില കഥകളെ മാത്രം ആസ്പദമാക്കി വല്ലതും പറയുന്നത് ശരിയല്ലല്ലോ. അല്ലാഹു മൗനമവലംബിച്ച ആ വിഷയത്തെപ്പറ്റി നമുക്കും മൗനമവലംബിക്കാം. മനുഷ്യരിൽ അസൂയ കടന്നു കൂടുന്നതിന്റെയും, അത് നിമിത്തം സംഭവിക്കുന്ന അനിഷ്ട സംഭവങ്ങളുടെയും പാഠങ്ങൾ മനസ്സിലാക്കുവാൻ അതൊന്നും ഇവിടെ അറിഞ്ഞിരിക്കേണ്ടുന്ന ആവശ്യം ഇല്ലല്ലോ.

എന്റെ കുറ്റവും നിന്റെ കുറ്റവും കൊണ്ട് നീ മടങ്ങുക (أَن تَبُوٓأَ بِإِثۡمِى وَإِثۡمِكَ) എന്ന് പറഞ്ഞതിന്റെ താൽപര്യം ഒന്നിലധികം പ്രകാരത്തിൽ വിവരിക്കപ്പെടാറുണ്ട്. ഒരാളുടെ കുറ്റം മറ്റൊരാൾ വഹിക്കുകയില്ലെന്ന മൗലിക തത്വത്തിനു ബാഹ്യത്തിൽ എതിരായി തോന്നുന്നതാണ് ഈ വ്യത്യാസത്തിനു കാരണം. എന്നെ നീ കൊല്ലുന്ന പക്ഷം എന്നെ കൊല്ലുന്ന കുറ്റവും, നിന്റെ ബലി സ്വീകരിക്കപ്പെടാതിരിക്കുമാറ് നീ ചെയ്ത മറ്റു കുറ്റങ്ങളും നീ വഹിക്കേണ്ടി വരുമെന്നാണ് ഒരഭിപ്രായം. അക്രമത്തിന്റെ പ്രതികാര നടപടിയെന്ന നിലക്ക് പരലോകത്തുവെച്ച് അക്രമിയുടെ സൽക്കർമങ്ങൾ-അവൻ ചെയ്ത അക്രമത്തിന്റെ തോതനുസരിച്ചു-അക്രമത്തിന് വിധേയനായ ആൾക്ക് നൽകപ്പെടുമെന്നും, സൽക്കർമങ്ങൾ പോരാതെ വരുന്ന പക്ഷം ആ കുറവ് തീരുന്നതുവരെ ഇവന്റെ പാപങ്ങളിൽനിന്ന് അവന്റെമേൽ ചുമത്തപ്പെടുമെന്നും ഹദീഥിൽ വന്നിട്ടുണ്ട്. അതനുസരിച്ചു നിന്റെ മറ്റു കുറ്റങ്ങൾക്ക് പുറമെ, എന്നെ കൊല്ലുന്നതുമൂലം എന്റെ കുറ്റങ്ങളും കൂടി നീ വഹിക്കേണ്ടതായി വരുമെന്നാണ് ആ വാക്കിന്റെ താൽപര്യമെന്നത്രെ വേറൊരഭിപ്രായം. വേറെയും ചില അഭിപ്രായങ്ങൾ ഇല്ലാതില്ല. ആദ്യത്തെ അഭിപ്രായത്തിലാണ് കൂടുതൽ വ്യക്തത കാണുന്നത്. الله اعلم. അവസാനം സംഭവം എങ്ങിനെ കലാശിച്ചുവെന്ന് അല്ലാഹു വിവരിക്കുന്നു:-

فَطَوَّعَتۡ لَهُۥ نَفۡسُهُۥ قَتۡلَ أَخِيهِ فَقَتَلَهُۥ فَأَصۡبَحَ مِنَ ٱلۡخَٰسِرِينَ ٣٣

﴾33﴿ എന്നിട്ട് അവന്റെ [ബലി സ്വീകരിക്കപ്പെടാത്തവന്റെ] സഹോദരനെ കൊല്ലുന്നതിന് അവന്റെ മനസ്സു വഴങ്ങിക്കൊടുത്തു; അങ്ങനെ അവൻ അവനെ കൊല ചെയ്തു. ആകയാൽ അവൻ നഷ്ടക്കാരിൽപെട്ടവനായി ത്തീർന്നു

(*) പലതരം ബലികർമങ്ങളെയും, യാഗയോഗങ്ങളെയും കുറിച്ചു ബൈബ്ളിൽ വിവരിക്കുന്നുണ്ട്. ചിലതിനെ അഗ്നികൊണ്ട് ചുട്ടുകരിക്കുന്നതായും, ചിലത് മുകളിൽ നിന്നും അഗ്നി ഇറങ്ങി കരിഞ്ഞു പോകുന്നതായും അതിൽ നിന്ന് മനസ്സിലാകുന്നു. ഇതു ശരിയായിരുന്നാൽ തന്നെയും തൗറാത്തിനും ഇസ്റാഈല്യർക്കും എത്രയോ മുമ്പ് നടന്നതും, മനുഷ്യചരിത്രത്തിൽ ഒന്നാമത്തേതായിരിക്കാവുന്നതുമായ ആ ബലി കർമം എങ്ങിനെ നടന്നുവെന്ന് അനുമാനിക്കുവാൻ അതൊരു മാനദണ്ഡമായി സ്വീകരിക്കുവാൻ വഴി കാണുന്നില്ല. الله اعلم

فَبَعَثَ ٱللَّهُ غُرَابًا يَبْحَثُ فِى ٱلْأَرْضِ

﴾34﴿ അപ്പോൾ, ഭൂമിയിൽ (മാന്തി) കുഴിച്ചു നോക്കുന്ന ഒരു കാക്കയെ അല്ലാഹു അയച്ചു;

لِيُرِيَهُۥ كَيْفَ يُوَٰرِى سَوْءَةَ أَخِيهِ ۚ

തന്റെ സഹോദരന്റെ നഗ്നജഡം [മൃതദേഹം] മറവു ചെയ്യുന്നതെങ്ങിനെയെന്നു അവനു കാണിച്ചുകൊടുക്കുവാൻ വേണ്ടി.

قَالَ يَٰوَيْلَتَىٰٓ أَعَجَزْتُ أَنْ أَكُونَ مِثْلَ هَٰذَا ٱلْغُرَابِ فَأُوَٰرِىَ سَوْءَةَ أَخِى ۖ

അവൻ പറഞ്ഞു: 'എന്റെ കഷ്ടമേ! ഞാൻ ഈ കാക്കയെപ്പോലെ ആയിരിക്കുകയും, അങ്ങനെ എന്റെ സഹോദരന്റെ നഗ്നജഡം [മൃതദേഹം] മറവു ചെയ്യുകയും ചെയ്‌വാൻ എനിക്ക് കഴിയാതായിപ്പോയോ?!'

فَأَصْبَحَ مِنَ ٱلنَّٰدِمِينَ ﴿٣٤﴾

അങ്ങനെ, അവൻ ഖേദക്കാരിൽ പെട്ടവനായിത്തീർന്നു.

﴾33﴿ فَطَوَّعَتْ എന്നിട്ടു വഴിപ്പെട്ടു, വഴങ്ങി لَهُۥ അവന് نَفْسُهُۥ അവന്റെ ആത്മാവ്, സ്വന്തം (മനസ്സ്) قَتْلَ കൊലക്ക്, കൊല്ലുന്നതിന് أَخِيهِ തന്റെ സഹോദരന്റെ, സഹോദരനെ فَقَتَلَهُۥ അങ്ങനെ അവൻ അവനെ കൊന്നു فَأَصْبَحَ അങ്ങനെ (അതിനാൽ) അവൻ (ആയി) مِنَ ٱلْخَٰسِرِينَ നഷ്ടക്കാരിൽ പെട്ട(വൻ) ﴾34﴿ فَبَعَثَ അപ്പോൾ അയച്ചു, നിയോഗിച്ചു ٱللَّهُ അല്ലാഹു غُرَابًا ഒരു കാക്കയെ يَبْحَثُ അത് കുഴിച്ചു നോക്കി (അന്വേഷണം നടത്തി)ക്കൊണ്ട് فِى ٱلْأَرْضِ ഭൂമിയിൽ لِيُرِيَهُۥ അവന് കാണിച്ചു കൊടുക്കുവാൻ വേണ്ടി كَيْفَ يُوَٰرِى അവൻ എങ്ങിനെ മറക്കും (മൂടും) എന്ന് سَوْءَةَ നഗ്ന ജഡം أَخِيهِ തന്റെ സഹോദരന്റെ قَالَ അവൻ പറഞ്ഞു يَٰوَيْلَتَىٰٓ എന്റെ കഷ്ടമേ, നാശമേ أَعَجَزْتُ ഞാൻ സാധിക്കാതായോ, എനിക്കു കഴിയാതായോ أَنْ أَكُونَ ഞാനായിരിക്കുവാൻ مِثْلَ പോലെ, തുല്യം, മാതിരി هَٰذَا ٱلْغُرَابِ ഈ കാക്കയുടെ فَأُوَٰرِىَ എന്നിട്ട് ഞാൻ (മൂടി) മറക്കുവാൻ سَوْءَةَ أَخِى എന്റെ സഹോദരന്റെ നഗ്നജഡം فَأَصْبَحَ അങ്ങനെ അവനായിത്തീർന്നു مِنَ ٱلنَّٰدِمِينَ ഖേദക്കാരിൽ (സങ്കട)ക്കാരിൽ പെട്ട(വൻ).

അതെ, കുറേ മനഃപ്രയാസത്തോടു കൂടിയാണെങ്കിലും അവസാനം തന്റെ സഹോദരനെ കൊലപ്പെടുത്തുവാൻ തന്നെ അവൻ തീരുമാനിച്ചു. ആ കൊടും പാതകം ചെയ്യുകതന്നെ ചെയ്തു. അങ്ങനെ, നിർദ്ദോഷിയും ഗുണകാംക്ഷിയുമായിരുന്ന തന്റെ ഏകോദര സഹോദരൻ അവന് നഷ്ടപ്പെട്ടു. പരലോക നഷ്ടമാകട്ടെ, ഏറ്റവും വമ്പിച്ചതും. അവിവേകം പ്രവർത്തിച്ചു കഴിഞ്ഞപ്പോൾ അന്തംവിടുകയായി. സഹോദരന്റെ മൃത

ദേഹംകൊണ്ട് എന്തു ചെയ്യണമെന്ന് അവന് അറിഞ്ഞുകൂടാ. മുമ്പൊരു സംഭവം ഇതു പോലെ മനുഷ്യൻ കാണുകയുണ്ടായിട്ടില്ലല്ലോ. മൃതദേഹം മറക്കുവാനുള്ള മാർഗം അല്ലാഹു തന്നെ അവന്-അല്ല, മനുഷ്യവർഗത്തിനു-കാട്ടിക്കൊടുത്തു. ഒരു കാക്കപ്പക്ഷിക്ക് നിലത്തു മാന്തി കുഴിയുണ്ടാക്കുവാൻ അവൻ തോന്നിപ്പിച്ചു. അത് കണ്ടപ്പോൾ അങ്ങിനെ ഒരു കുഴിയുണ്ടാക്കി സഹോദരന്റെ മൃതദേഹം അതിൽ മറച്ചു മൂടാമെന്ന് അവൻ മനസ്സിലാക്കി. അനുഭവത്തിൽ നിന്നും പരിസരങ്ങളിൽ നിന്നും പാഠം പഠിച്ചു കൊണ്ടാണല്ലോ മനുഷ്യബുദ്ധി വളരുന്നത്. കാക്കയുടെ പ്രവൃത്തി കണ്ടപ്പോൾ 'അയ്യോ! ഞാൻ ഇത്ര വിഡ്ഢിയായല്ലോ! ഈ കാക്കയുടെ അത്രപോലും ബുദ്ധി എനിക്ക് തോന്നിയില്ലല്ലോ!' എന്നായി. തന്റെ അവിവേകത്തിലും, തീരാനഷ്ടത്തിലും അവൻ ഖേദക്കാരനായിത്തീർന്നു.

മനുഷ്യസഹജമായ ഒരു സ്വഭാവമാണിത്. ദീർഘദൃഷ്ടിയും വീണ്ടുവിചാരവുമില്ലാതെ, അപ്പപ്പോൾ ഉണ്ടായിത്തീരുന്ന വികാരങ്ങൾക്ക് അധീനപ്പെട്ടു വല്ല കൊടുംകൃത്യങ്ങളും പ്രവർത്തിക്കുക, പ്രവർത്തിച്ചു കഴിയുമ്പോഴേക്കും 'അയ്യോ, പറ്റിപ്പോയല്ലോ. എനിയെന്തുവേണം' എന്നൊക്കെ സ്വയം അപലപിക്കുകയും ചെയ്യുക. ഈ ദുഃസ്വഭാവത്തിനു വശംവദരാകാതിരിക്കുവാൻ സൂക്ഷിക്കണമെന്ന് ഈ സംഭവ വിവരണത്തിൽ നിന്നും നാം പഠിക്കേണ്ടതുണ്ട്. കോപം, അസൂയ മുതലായവയിൽനിന്നു ഉടലെടുക്കുന്ന ഇത്തരം വികാരങ്ങളെ നിയന്ത്രിക്കുവാൻ കഴിയുന്നവരത്രെ ധീരന്മാരും മാന്യന്മാരും. അതാണ് ഒരു ഹദീഥിൽ നബി ﷺ ചൂണ്ടിക്കാട്ടുന്നത്: 'മൽപിടുത്തത്തിൽ വീഴ്ത്തുന്നതുകൊണ്ടല്ല ഊക്കനാകുന്നത്. കോപിക്കുമ്പോൾ തന്നെത്താൻ അധീനപ്പെടുത്തുന്നവനാണ് ഊക്കൻ' (ബു:മു).

ഈ രണ്ടു സഹോദരന്മാർ ഇസ്റാഈൽ ജനതയിൽ പെട്ടവരായിരുന്നുവെന്ന അഭിപ്രായത്തിന് നിരക്കാത്തതാണല്ലോ കാക്കയെപ്പറ്റിയുള്ള അല്ലാഹുവിന്റെ പ്രസ്താവന. കാരണം, ഇസ്റാഈല്യരുടെ കാലക്കാർക്ക് മൃതദേഹം ഭൂമിയിൽ കുഴി മാന്തി മറക്കുന്നതിനെപ്പറ്റി അറിയുകയില്ലെന്ന് വരുവാൻ ഒട്ടും ന്യായമില്ല. അതുകൊണ്ട് കാക്കയെക്കുറിച്ചു അല്ലാഹു നൽകിയ വിവരണത്തിന്റെ സാരം ചില ആധുനിക തൽപരന്മാർ ഇപ്രകാരവും വ്യാഖ്യാനിച്ചുകാണുന്നു: 'ഇത്തരം ഭയങ്കര കൃത്യങ്ങൾ ചെയ്താൽ പരിഭ്രമിച്ചു പോകലും മേലിൽ എന്ത് ചെയ്യണമെന്ന് തോന്നാതെ സ്തംഭിച്ചു നിൽക്കലും സാധാരണമാണ്. അങ്ങനെ സ്തംഭിച്ചു നിൽക്കുമ്പോൾ ഒരു കാക്ക വന്നു നിലത്തു മാന്തുന്നത് ഘാതകൻ കണ്ടു. അപ്പോഴാണ് ആയാൾക്ക് തോന്നിയത് എന്നല്ലാതെ, ഭൂമിയിലെ ഒന്നാമത്തെ കൊല സംഭവമായിരുന്നു ഇതെന്നും, മറവ് ചെയ്യുന്ന സമ്പ്രദായം അറിയാമായിരുന്നില്ല എന്നൊന്നും ഇതിനർത്ഥമില്ല'. ഇവർ ഈ പറഞ്ഞതും, അല്ലാഹു അർത്ഥ ശങ്കക്കിടമില്ലാത്തവിധം പ്രസ്താവിച്ച വാക്കുകളും തമ്മിൽ എത്ര അകലം! അല്ലാഹു ഒരു കാക്കയെ അയച്ചു (فَبَعَثَ ٱللَّهُ غُرَابًا) എന്നും 'അവന്റെ സഹോദരന്റെ മൃതദേഹം എങ്ങിനെ മറവ് ചെയ്യണമെന്ന് അവന് കാട്ടിക്കൊടുക്കുവാൻ വേണ്ടിയാണത് (لِيُرِيَهُۥ كَيْفَ يُوَارِي.....) എന്നും അല്ലാഹു പറയുന്നു. ഈ കാക്കയെപ്പോലെ ആയി എന്റെ സഹോദരന്റെ മൃതദേഹം മറക്കുവാൻ എനിക്കു കഴിയാതായോ?! കഷ്ടം!! (قَالَ يَـٰوَيْلَتَىٰٓ أَعَجَزْتُ.....) എന്ന് ഘാതകനും പറയുന്നു. അതേ സമയത്ത് ഇവർ പറയുന്നതെന്താണ്? 'അങ്ങിനെയല്ല, കാക്കയുടെ മാന്തൽ യാദൃശ്ചികമായി ഒത്തുകൂടിയതാണ്, അപ്പോഴേ ഘാതകന് മൃതദേഹം മറക്കുന്ന കാര്യം ഓർമവന്നുള്ളൂ 'വെന്ന്! ഇത് കേവലം ബാലിശമായ ഒരു ദുർവ്യാഖ്യാനമായിപ്പോയി എന്നേ മനസ്സിലാക്കുവാൻ കഴിയുന്നുള്ളൂ.

مِنۡ أَجۡلِ ذَٰلِكَ كَتَبۡنَا عَلَىٰ بَنِيٓ إِسۡرَٰٓءِيلَ	35》 അക്കാരണത്താൽ, ഇസ്റാഈൽ സന്തതികളുടെ മേൽ നാം രേഖപ്പെടുത്തി:
أَنَّهُۥ مَن قَتَلَ نَفۡسَۢا بِغَيۡرِ نَفۡسٍ أَوۡ فَسَادٖ فِي ٱلۡأَرۡضِ فَكَأَنَّمَا قَتَلَ ٱلنَّاسَ جَمِيعٗا	ഒരു ദേഹത്തി(നെ കൊല ചെയ്തതി)നോ, അല്ലെങ്കിൽ ഭൂമിയിൽ വല്ല കുഴപ്പ(പ്രവർത്തന)ത്തിനോ (പകരം) അല്ലാതെ ആരെങ്കിലും ഒരു ദേഹത്തെ കൊലപ്പെടുത്തിയാൽ, അവൻ മനുഷ്യരെ മുഴുവൻ കൊല ചെയ്തതു പോലെയാകുന്നുവെന്ന്;
وَمَنۡ أَحۡيَاهَا فَكَأَنَّمَآ أَحۡيَا ٱلنَّاسَ جَمِيعٗاۚ	ആരെങ്കിലും അതിനെ [ഒരു ദേഹത്തെ] ജീവിപ്പിക്കുന്നതായാൽ അവൻ മനുഷ്യരെ മുഴുവൻ ജീവിപ്പിച്ചതുപോലെയാകുന്നുവെന്നും.
وَلَقَدۡ جَآءَتۡهُمۡ رُسُلُنَا بِٱلۡبَيِّنَٰتِ ثُمَّ إِنَّ كَثِيرٗا مِّنۡهُم بَعۡدَ ذَٰلِكَ فِي ٱلۡأَرۡضِ لَمُسۡرِفُونَ ﴿٣٥﴾	നമ്മുടെ റസൂലുകൾ വ്യക്തമായ തെളിവുകളുമായി അവർക്ക് ചെല്ലുകയുമുണ്ടായിട്ടുണ്ട്. പിന്നെ, അതിനു ശേഷവും അവരിൽ നിന്ന് വളരെ ആളുകൾ ഭൂമിയിൽ അതിരു കവിഞ്ഞവർ തന്നെയാകുന്നു.

《35》 مِنۡ أَجۡلِ ذَٰلِكَ അക്കാരണത്താൽ كَتَبۡنَا നാം നിയമിച്ചു, രേഖപ്പെടുത്തി عَلَىٰ بَنِيٓ إِسۡرَٰٓءِيلَ ഇസ്റാഈൽ സന്തതികളുടെ മേൽ أَنَّهُۥ കാര്യം എന്ന് مَن قَتَلَ ആരെങ്കിലും കൊന്നാൽ, ആർ കൊല ചെയ്തുവോ نَفۡسَۢا ഒരു ദേഹത്തെ, ആളെ بِغَيۡرِ കൂടാതെ, അല്ലാതെ نَفۡسٍ ഒരു ദേഹം, ആൾ, ദേഹത്തിനു(പകരം) أَوۡ فَسَادٖ അല്ലെങ്കിൽ കുഴപ്പം, കുഴപ്പത്തിന്, നാശത്തിന് فِي ٱلۡأَرۡضِ ഭൂമിയിൽ فَكَأَنَّمَا قَتَلَ എന്നാലവൻ കൊന്നത്പോലെയാകുന്നു ٱلنَّاسَ മനുഷ്യരെ جَمِيعٗا മുഴുവൻ وَمَنۡ أَحۡيَاهَا ആരെങ്കിലും അതിനെ ജീവിപ്പിച്ചാൽ فَكَأَنَّمَآ أَحۡيَا എന്നാലവൻ ജീവിപ്പിച്ചത്പോലെയാകുന്നു ٱلنَّاسَ മനുഷ്യരെ جَمِيعٗا മുഴുവൻ وَلَقَدۡ جَآءَتۡهُمۡ അവർക്ക് വരുകയുണ്ടായിട്ടുണ്ട്, തീർച്ചയായും വന്നിരിക്കുന്നു رُسُلُنَا നമ്മുടെ റസൂലുകൾ, ദൂതന്മാർ بِٱلۡبَيِّنَٰتِ വ്യക്തമായ തെളിവുകളുമായി ثُمَّ പിന്നെ, അനന്തരം إِنَّ كَثِيرٗا വളരെ (ആളുകൾ) مِّنۡهُم അവരിൽ നിന്ന് بَعۡدَ ذَٰلِكَ അതിന് ശേഷം فِي ٱلۡأَرۡضِ ഭൂമിയിൽ لَمُسۡرِفُونَ അതിരു കവിഞ്ഞ (വിട്ട)വർതന്നെ.

മേൽ കണ്ടതുപോലെ, ഭൂമിയിൽ മനുഷ്യവാസം തുടങ്ങിയ ആരംഭകാലം മുതൽക്കു തന്നെ കൊലപാതകം ഭൂമിയിൽ സംഭവിച്ചു തുടങ്ങിയിട്ടുണ്ട്. അതിനുള്ള കാരണമാണെങ്കിൽ അവിവേകവും ദുർവികാരവുമായിരിക്കും. അതിന്റെ ഭവിഷ്യത്താകട്ടെ, അതി ഭയങ്കരവും. ആകയാൽ, ന്യായമായ കാരണം കൂടാതെ - ഒരാളെ കൊലപ്പെടുത്തിയതിന്റെ പ്രതികാരമായിട്ടോ, ഭൂമിയിൽ വല്ല കുഴപ്പവും ഉണ്ടാക്കുന്നതിന്റെ ശിക്ഷയായിട്ടോ അല്ലാതെ-ഒരാളെ ഒരാൾ കൊല്ലുന്നത് മനുഷ്യരെ മുഴുവൻ കൊല്ലുന്നതുപോലെ അത്രയും ഗൗരവപ്പെട്ട ഒരു മഹാപാതകമാണെന്നും, നേരെ മറിച്ച് ഒരാളുടെ ജീവൻ രക്ഷിക്കുന്നത് മുഴുവൻ മനുഷ്യരുടെയും ജീവൻ രക്ഷിക്കുന്നതുപോലെ അത്രയും മഹത്തായ ഒരു പുണ്യ കർമമാണെന്നും അല്ലാഹു ഇസ്റാഈല്യർക്ക് രേഖപ്പെടുത്തിക്കൊടുത്തിരുന്നു. അതിനുംപുറമെ വേണ്ടത്ര തെളിവുകൾ സഹിതം അല്ലാഹുവിന്റെ സന്ദേശങ്ങൾ എത്തിച്ചുകൊടുക്കുവാനായി വളരെ റസൂലുകളും അവരിൽ ഉണ്ടായിട്ടുണ്ട്. ഇതെല്ലാമായിട്ടും അവരിൽ പലരും പിന്നെയും തോന്നിയവാസവും നിയമലംഘനവും വഴി അതിരുവിടുകയാണ് ചെയ്തത്. ഇതാണ് ഈ വചനത്തിലടങ്ങിയ ആശയം.

ഒരു മതഗ്രന്ഥത്തിന്റെയും നിയമസംഹിതയുടെയും അനുയായികളായി അറിയപ്പെട്ട സമുദായങ്ങളിൽ ഒന്നാമത്തെ സമുദായം ഇസ്റാഈൽ സമുദായമാണല്ലോ. മറ്റേതു സമുദായത്തെക്കാളുമധികം ക്വുർആനിൽ പരാമർശങ്ങളുള്ളതും അവരെക്കുറിച്ചു തന്നെ. അവരെക്കുറിച്ചു സംസാരിച്ചു വരുന്ന മദ്ധ്യെയാണ് ഈ സംഭവം ഇവിടെ ഉദ്ധരിച്ചതും. അതുകൊണ്ടാണ്, അക്കാരണത്താൽ- ആദമിന്റെ പുത്രന്മാർ മുതൽക്ക് തന്നെ മനുഷ്യവധം ഭൂമിയിൽ ആരംഭിച്ചുവെന്ന കാരണത്താൽ-ഇസ്റാഈല്യർക്ക് അങ്ങിനെ രേഖപ്പെടുത്തിക്കൊടുത്തിട്ടുണ്ടെന്ന് പറഞ്ഞത്. അല്ലാതെ, ഇസ്റാഈല്യരിൽപെട്ട രണ്ടു സഹോദരന്മാരിൽ നടന്ന ഒരു കൊലപാതകം നിമിത്തമാണ് ഇസ്റാഈല്യരിൽ കൊലക്കുറ്റം നിഷിദ്ധമാക്കിയതെന്നോ, കൊലക്കുറ്റത്തിന്റെ ഗൗരവം അവരെ അറിയിക്കേണ്ടിവന്നതെന്നോ ഇസ്റാഈല്യർക്കുമുമ്പ് ലോകത്ത് കൊലപാതകം നടന്നിട്ടില്ലെന്നോ, ഇസ്റാഈല്യരുടെ മുമ്പ് മനുഷ്യവധം ഒരു വമ്പിച്ച കുറ്റമായി നിശ്ചയിക്കപ്പെട്ടിരുന്നില്ലെന്നോ ഒന്നുമല്ല ഇതിനർത്ഥം. ഇസ്റാഈല്യരിൽ കൊലക്കുറ്റത്തിനു വിധിക്കപ്പെട്ട നിയമപരമായ വശത്തെക്കുറിച്ചുമല്ല ഈ വചനത്തിൽ പ്രസ്താവിക്കുന്നത്. കൊലക്കുറ്റം അടക്കമുള്ള കയ്യേറ്റങ്ങളിൽ തൗറാത്തിലെ നിയമം എന്തായിരുന്നുവെന്നു താഴെ 48-ാം വചനത്തിൽ വേറെത്തന്നെ അല്ലാഹു പ്രത്യേകം പ്രസ്താവിക്കുന്നുണ്ട്.

പ്രതികാര നടപടിയെന്ന നിലക്കോ, ഭൂമിയിൽ കുഴപ്പമുണ്ടാക്കിയതിന്റെ പേരിലോ അല്ലാതെയുള്ള മനുഷ്യവധത്തെപ്പറ്റിയാണ് അല്ലാഹു ഈ വചനത്തിൽ പ്രസ്താവിച്ചത്. ആ രണ്ടു തരത്തിലുള്ള വധവും ആക്ഷേപാർഹമല്ലെന്ന് ഇതിൽ നിന്ന് വ്യക്തമാകുന്നു. പ്രതിക്കൊലയെ സംബന്ധിച്ച വിവരങ്ങൾ സൂറത്തുൽ ബക്വറഃ : 178, 179 വചനങ്ങളിൽ മുമ്പ് കഴിഞ്ഞുപോയി. ഭൂമിയിൽ കുഴപ്പമുണ്ടാക്കുന്നത് സംബന്ധിച്ച വിവരം അടുത്ത ആയത്തിൽ വരുന്നുമുണ്ട്.

എനി, ഒരാളെ കൊന്നാൽ എല്ലാവരെയും കൊന്നതുപോലെയാണെന്നും, ഒരാളെ ജീവിപ്പിച്ചാൽ എല്ലാവരെയും ജീവിപ്പിച്ചതുപോലെയാണെന്നും പറഞ്ഞതിന്റെ സാരമെന്താണെന്ന് നോക്കാം. മേൽ പ്രസ്താവിച്ച രണ്ടു കാര്യങ്ങൾ-പ്രതിക്രിയയും കുഴപ്പമുണ്ടാക്കലും-അല്ലാതെ കൊലപാതകത്തിന് ന്യായീകരണമില്ല. അപ്പോൾ, നിർദ്ദോഷിയായ ഒരു ജീവനെ അന്യായമായി നശിപ്പിക്കുവാൻ മുതിരുന്നവനെ സംബന്ധിച്ചിട

ത്തോളം-അവന് വേണ്ടിവന്നാൽ-ആരെയും കൊല്ലാമെന്നുള്ള നിലപാടാണല്ലോ ഉള്ളത്. മറിച്ച് ഒരാളെ മരണ ഹേതുക്കളിൽനിന്ന് രക്ഷപ്പെടുത്തുകയോ, കൊലപ്പെടുത്തുവാനുള്ള പ്രേരണയും അവസരവും ഉണ്ടായിട്ടുപോലും അതിന് തയ്യാറാകാതെ ഒഴിഞ്ഞു നിൽക്കുകയോ ചെയ്യുന്നവനെ സംബന്ധിച്ചിടത്തോളം എല്ലാ മനുഷ്യരുടെ ജീവനും പരിശുദ്ധമായിരിക്കുന്നതുമാണ്. കഴിവതും എല്ലാവരെയും രക്ഷപ്പെടുത്തുവാനുള്ള മനഃസ്ഥിതിയും അവനുണ്ടായിരിക്കും. നിർദ്ദോഷിയായ ഒരാളെ കൊലചെയ്ത ഘാതകനെ ജനങ്ങൾ വെറുപ്പോടും സംശയത്തോടും കൂടിയല്ലാതെ വീക്ഷിക്കാതിരിക്കുന്നതും ഒരാളുടെ ജീവൻ രക്ഷപ്പെടുത്തിയ ആളെ സന്തോഷത്തോടും സൽപ്രതീക്ഷയോടും കൂടി വീക്ഷിച്ചുവരുന്നതും അതുകൊണ്ടാണ്. ഒരു സത്യവിശ്വാസിയെ കൽപിച്ചുകൂട്ടി കൊലപ്പെടുത്തുന്നവന്റെ പ്രതിഫലം ശാശ്വതമായ നരക ശിക്ഷയാണെന്നും, അല്ലാഹു അവന്റെ നേരെ കോപിക്കുകയും അവനെ ശപിക്കുകയും ചെയ്യുമെന്നും, അവന് വമ്പിച്ച ശിക്ഷ ഒരുക്കി വെച്ചിട്ടുണ്ടെന്നുമൊക്കെ (وَمَن يَقْتُلْ مُؤْمِنًا مُّتَعَمِّدًا) സൂറഃ നിസാഉ് 93 ൽ അല്ലാഹു അറിയിച്ചിട്ടുണ്ടല്ലോ. അതുപോലെ കൊലപാതകത്തിന്റെ ഗൗരവം കാണിക്കുന്നതാണ് ഈ പ്രസ്താവനയും. എന്നല്ലാതെ, ഒരാളെ കൊന്നവന്റെമേൽ എല്ലാവരെയും കൊന്നതുപോലെയുള്ള നിയമപരമായ ശിക്ഷാനടപടി എടുക്കേണ്ടതുണ്ടെന്നോ, ഒരാളെ രക്ഷപ്പെടുത്തിയവന് എല്ലാവരെയും രക്ഷപ്പെടുത്തിയതിനുള്ള പാരിതോഷികം നൽകണമെന്നോ അല്ല. الله اعلم

إِنَّمَا جَزَٰٓؤُاْ ٱلَّذِينَ يُحَارِبُونَ ٱللَّهَ وَرَسُولَهُۥ وَيَسْعَوْنَ فِى ٱلْأَرْضِ فَسَادًا أَن يُقَتَّلُوٓاْ أَوْ يُصَلَّبُوٓاْ أَوْ تُقَطَّعَ أَيْدِيهِمْ وَأَرْجُلُهُم مِّنْ خِلَٰفٍ أَوْ يُنفَوْاْ مِنَ ٱلْأَرْضِ ۚ

﴾36﴿ നിശ്ചയമായും, അല്ലാഹുവിനോടും, അവന്റെ റസൂലിനോടും പോരാടുകയും, ഭൂമിയിൽ കുഴപ്പത്തിനു പരിശ്രമം നടത്തുകയും ചെയ്യുന്നവരുടെ പ്രതിഫലം, അവർ നിർദ്ദയം കൊല്ലപ്പെടുകയോ, ക്രൂശിക്കപ്പെടുകയോ (തന്നെ) ആകുന്നു; അല്ലെങ്കിൽ, (ഒന്നൊന്നിന്) എതിരിൽ നിന്നായി അവരുടെ കൈകളും കാലുകളും മുറിച്ചു കളയപ്പെടുകയോ, (സ്വന്തം) ഭൂമിയിൽനിന്ന് അവർ നാടുകടത്തപ്പെടുകയോ, (തന്നെ) ആകുന്നു.

ذَٰلِكَ لَهُمْ خِزْىٌ فِى ٱلدُّنْيَا ۖ وَلَهُمْ فِى ٱلْءَاخِرَةِ عَذَابٌ عَظِيمٌ ﴿٣٦﴾

അതവർക്ക് ഇഹത്തിൽ ഒരു അപമാനമായിരിക്കും; അവർക്ക് പരലോകത്തിലാകട്ടെ, വമ്പിച്ച ശിക്ഷയുമുണ്ടായിരിക്കും;

إِلَّا ٱلَّذِينَ تَابُواْ مِن قَبْلِ أَن تَقْدِرُواْ عَلَيْهِمْ ۖ

﴾37﴿ അവരുടെ മേൽ (നടപടി എടുക്കുവാൻ) നിങ്ങൾക്കു കഴിയുന്നതിന്മുമ്പായി പശ്ചാത്തപിച്ചവരൊഴികെ.

فَٱعۡلَمُوٓاْ أَنَّ ٱللَّهَ غَفُورٞ رَّحِيمٞ ٣٤

എന്നാൽ നിങ്ങൾ അറിഞ്ഞുകൊള്ളുക: അല്ലാഹു വളരെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നുവെന്ന്.

﴾36﴿ إِنَّمَا جَزَٰٓؤُاْ നിശ്ചയമായും പ്രതിഫലം (തന്നെ-മാത്രം) ٱلَّذِينَ യാതൊരു കൂട്ടരുടെ يُحَارِبُونَ പോരാടുന്ന, യുദ്ധം നടത്തുന്ന ٱللَّهَ وَرَسُولَهُۥ അല്ലാഹുവിനോടും അവന്റെ റസൂലിനോടും وَيَسۡعَوۡنَ പരിശ്രമിക്കുക (അദ്ധ്വാനിക്കുക-പ്രവർത്തിക്കുക)യും ചെയ്യുന്നു فِي ٱلۡأَرۡضِ ഭൂമിയിൽ (നാട്ടിൽ) فَسَادًا കുഴപ്പത്തിന് أَن يُقَتَّلُوٓاْ അവർ ധാരാളം (നിർദ്ദയമായി) കൊല്ലപ്പെടുകയാണ് أَوۡ يُصَلَّبُوٓاْ അല്ലെങ്കിൽ (ധാരാളം) ക്രൂശിക്കപ്പെടുക أَوۡ تُقَطَّعَ അല്ലെങ്കിൽ (ധാരാളം) മുറിക്കപ്പെടുക أَيۡدِيهِمۡ അവരുടെ കൈകൾ وَأَرۡجُلُهُم അവരുടെ കാലുകളും مِّنۡ خِلَٰفٍ എതിരിൽ നിന്നായി, എതിർവശത്തു നിന്ന് أَوۡ يُنفَوۡاْ അല്ലെങ്കിൽ അവർ നിഷേധിക്ക(നീക്കം ചെയ്യ)പ്പെടുക (നാടു കടത്തപ്പെടുക) مِنَ ٱلۡأَرۡضِ ഭൂമിയിൽ (നാട്ടിൽ) നിന്ന് ذَٰلِكَ അത് لَهُمۡ അവർക്ക് ഉണ്ട്താനും خِزۡيٞ അപമാനമാണ്, നിന്ദ്യതയാകുന്നു فِي ٱلدُّنۡيَا ഇഹത്തിൽ وَلَهُمۡ അവർക്ക് فِي ٱلۡأٓخِرَةِ പരലോകത്തിൽ عَذَابٌ عَظِيمٌ വമ്പിച്ച ശിക്ഷ ﴾37﴿ إِلَّا ٱلَّذِينَ യാതൊരുവരൊഴികെ تَابُواْ പശ്ചാത്തപിച്ച, അവർ ഖേദിച്ചു മടങ്ങി مِن قَبۡلِ മുമ്പായി أَن تَقۡدِرُواْ നിങ്ങൾക്കു കഴിയുന്നതിന് عَلَيۡهِمۡ അവരുടെ മേൽ, അവരോട് فَٱعۡلَمُوٓاْ എന്നാൽ നിങ്ങൾ അറിയുവിൻ, അറിയുക أَنَّ ٱللَّهَ അല്ലാഹു (ആകുന്നു) എന്ന് غَفُورٞ വളരെ പൊറുക്കുന്നവൻ رَّحِيمٞ കരുണാനിധി

ശിക്ഷാക്രമം വിവരിച്ചപ്പോൾ يقتلوا (യുക്തലൂ) يصلبوا (യുസ്ലബൂ) تقطع (തുക്ത്വഅ) എന്നിങ്ങിനെ സാധാരണ ക്രിയാരൂപങ്ങൾ ഉപയോഗിക്കാതെ يقتلوا، يصلبوا، تقطع (യുകത്തലൂ, യുസ്വല്ലബൂ, തുകത്ത്വഅ) എന്നിങ്ങനെയാണ് ഈ ക്രിയകൾ അല്ലാഹു ഉപയോഗിച്ചിരിക്കുന്നത്. അവരെ കൊല്ലുകയും ക്രൂശിക്കുകയും, കൈകാൽ മുറിക്കുകയും ചെയ്യുന്നതിൽ യാതൊരു വിട്ടുവീഴ്ചയും ദയയും അവരോട് കാണിക്കേണ്ടതില്ലെന്നും, ശിക്ഷാനടപടികൾ നിഷ്ക്കരുണം നടപ്പിൽ വരുത്തണമെന്നുമാണ് ഈ ക്രിയാരൂപങ്ങൾ കാണിക്കുന്നത്. അല്ലാഹുവിനോടും റസൂലിനോടും പോരാടുക എന്ന് പറഞ്ഞതിന്റെ താൽപര്യം, ധാർമിക വ്യവസ്ഥകൾക്കെതിരെ അക്രമങ്ങളും സമരങ്ങളും നടത്തുക എന്നത്രെ. ഇസ്ലാമിക ഭരണത്തിനും, മുസ്ലിംകൾക്കും എതിരെ നടത്തപ്പെടുന്ന അട്ടിമറി പ്രവർത്തനങ്ങളും, കൊള്ള, കൊല, കവർച്ച മുതലായ ഭീകരപ്രവർത്തനങ്ങളും നടത്തുന്ന എല്ലാവരുടെയും നേരെ ഭരണാധികാരികൾ കൈക്കൊള്ളേണ്ടുന്ന ശിക്ഷാനടപടികളെക്കുറിച്ചാണ് ഈ വചനത്തിൽ പ്രസ്താവിക്കുന്നത്. അവർ മുസ്ലിമെന്നോ, അമുസ്ലിമെന്നോ, വ്യക്തിയെന്നോ, സംഘമെന്നോ,

ഏതുകക്ഷിയെന്നോ ഉള്ള വ്യത്യാസം നോക്കേണ്ടതില്ല. തുരപ്പൻ പ്രവർത്തനങ്ങൾ നടത്തുന്ന കപട വിശ്വാസികളെപ്പറ്റി സൂറത്തുൽ ബക്വറഃയിൽ അല്ലാഹു പറയുന്നു: 'അവൻ തിരിഞ്ഞു പോയാൽ ഭൂമിയിൽ കുഴപ്പമുണ്ടാക്കുവാനും, വിളയും സന്തതിയും നശിപ്പിക്കുവാനും അവൻ അതിൽ പരിശ്രമം നടത്തുകയായി. അല്ലാഹു കുഴപ്പത്തെ ഇഷ്ടപ്പെടുകയില്ലതാനും' (2:205) കൊലപ്പെടുത്തുക, ക്രൂശിക്കുക, ഒരു വശത്തെ കയ്യും മറ്റേ വശത്തെ കാലും എന്ന നിലക്ക് കൈകാലുകൾ മുറിക്കുക, നാടുകടത്തി വിടുക എന്നീ നാലിൽ ഏതെങ്കിലും ഒരു ശിക്ഷാനടപടിയാണ് അവരുടെ നേരെ സ്വീകരിക്കപ്പെടേണ്ടത് എന്ന് മാത്രമേ അല്ലാഹു ഇവിടെ വ്യക്തമാക്കിയിട്ടുള്ളു. ഇവയിൽ ഇന്നിന്ന നടപടി ഇന്നിന്ന തരത്തിലുള്ളവർക്കാണെന്ന് സൂചിപ്പിക്കപ്പെട്ടിട്ടില്ല. കുറ്റത്തിന്റെ സ്വഭാവവും, ഭരണാധികാരിയുടെ അഭിപ്രായവും അനുസരിച്ചു ഇവയിൽ കൂടുതൽ യുക്തമായി തോന്നുന്ന നടപടി സ്വീകരിക്കാമെന്നാണ് ഇതിൽ നിന്ന് മനസ്സിലാക്കേണ്ടത്.

ഇതു സംബന്ധിച്ചു ഇബ്നു കഥീർ (റ) അദ്ദേഹത്തിന്റെ തഫ്സീറിൽ ചെയ്ത പ്രസ്താവനയുടെ ചുരുക്കം ഇപ്രകാരമാകുന്നു:- 'ഈ ആയത്തിനെക്കുറിച്ചു ഇബ്നു അബ്ബാസ് (റ)ൽ നിന്ന് ഉദ്ധരിച്ചുകൊണ്ട് അബൂത്വൽഹത്ത് പറയുന്നു: 'മുസ്‌ലിം സമൂഹത്തിൽ ആരെങ്കിലും വന്ന് ആയുധമേന്തുകയും, വഴിപോക്കരെ ഭയപ്പെടുത്തുകയും ചെയ്യുന്നതായാൽ മുസ്‌ലിംകളുടെ ഭരണനേതാവിന് അവരെ പിടികിട്ടുന്ന പക്ഷം, അഭിപ്രായ സ്വാതന്ത്ര്യമുണ്ടായിരിക്കും. വേണമെങ്കിൽ അവരെ കൊലപ്പെടുത്താം, വേണമെങ്കിൽ ക്രൂശിക്കാം, വേണമെങ്കിൽ കയ്യും കാലും മുറിക്കാം' ഇപ്രകാരം തന്നെയാണ് സഈദുബ്നുൽ മുസയ്യബ്, മുജാഹിദ്, അത്വാഉ് , ഹസൻബസ്വരീ, ഇബ്റാഹീം നക്ഈ, ദ്വഹ്ഹാക്ക് (റ) എന്നിവരും പറഞ്ഞിരിക്കുന്നത്. അവരിൽ നിന്നുള്ള രിവായത്തുകളെല്ലാം ഇബ്നു ജരീർ (റ) ഉദ്ധരിച്ചിട്ടുണ്ട്. ഇമാംമാലിക് (റ)ൽ നിന്നും അദ്ദേഹം അതുപോലെ ഉദ്ധരിച്ചിരിക്കുന്നു. ഈ വചനത്തിലുള്ള പോലെ أو (അല്ലെങ്കിൽ) എന്ന അവ്യയം ചേർത്തു പറഞ്ഞിട്ടുള്ള (5:98, 2:196, 5:92 മുതലായ) ആയത്തുകളിൽ പ്രസ്താവിക്കപ്പെട്ട കാര്യങ്ങൾ ഇഷ്ടംപോലെ ചെയ്‌വാൻ സ്വാതന്ത്ര്യമുണ്ടല്ലോ അപ്പോൾ, അതേ അവ്യയം ഉപയോഗിച്ചു പറഞ്ഞ ഈ കാര്യങ്ങളിലും ഇഷ്ടംപോലെ തിരഞ്ഞെടുക്കുവാൻ സ്വാതന്ത്ര്യമുണ്ടായിരിക്കണം എന്നുള്ളതാണ് ഈ അഭിപ്രായത്തിനുള്ള പിൻബലം. ഭൂരിപക്ഷം പണ്ഡിതന്മാരുടെയും അടുക്കൽ ഈ ശിക്ഷാ നടപടികൾ ഓരോന്നും ഓരോ അവസരങ്ങളിൽ സ്വീകരിക്കപ്പെടേണ്ടതാണ് എന്നത്രെ. അതായത്; ആളുകളെ കൊല്ലുകയും ധനം പിടിച്ചെടുക്കുകയും ചെയ്തിട്ടുള്ളവരെ കൊല്ലുകയും ക്രൂശിക്കുകയും വേണം. ധനം പിടിച്ചെടുത്തിട്ടില്ലെങ്കിൽ കുരിശിൽ കയറ്റേണ്ടതില്ല. ധനം എടുത്തു-കൊലചെയ്തിട്ടില്ല-എങ്കിൽ കൈകാലുകൾ മുറിക്കണം. വഴിപോക്കരെ ഭീതിപ്പെടുത്തി-ധനം എടുത്തിട്ടില്ല-എങ്കിൽ നാടു കടത്തണം എന്നൊക്കെ. മേൽ പ്രസ്താവിച്ച ചില മഹാന്മാരിൽ നിന്നും, മുൻഗാമികളായ വേറെ പലരിൽനിന്നും ഇങ്ങിനെ രിവായത്തുകൾ വന്നിട്ടുണ്ട്. കുരിശിലിടുന്നത് ജീവനോടെ ആകാമോ. അതല്ല മൃതദേഹം ജനങ്ങൾ കാണത്തക്കവിധം കുരിശിൽ തൂക്കിയാൽ മതിയോ എന്നതിലും ഭിന്നാഭിപ്രായമുണ്ട്'. (اهـ . ابن كثير)

വിശദാംശങ്ങളിൽ പണ്ഡിതന്മാർക്കിടയിൽ വളരെ അഭിപ്രായ വ്യത്യാസമുള്ള ഒരു വിഷയമാണിത്. ആയത്തിന്റെ വാചകരീതിയും മേൽകണ്ടതുപോലെയുള്ള പണ്ഡിതാഭിപ്രായങ്ങളും, ആ അഭിപ്രായങ്ങൾക്കുള്ള ന്യായങ്ങളും എല്ലാം കൂടി പരിശോധിക്കുമ്പോൾ മനസ്സിലാകുന്നത് ഇതാണ്: കുറ്റകൃത്യങ്ങളുടെ സ്വഭാവം കൂടി പരിഗണിച്ചു

കൊണ്ട് ഭരണാധിപന് കൂടുതൽ അനുയോജ്യമായിക്കാണുന്ന നടപടി ഏതാണോ അത് സ്വീകരിക്കുവാൻ സ്വാതന്ത്ര്യമുണ്ടായിരിക്കും. വാസ്തവം അല്ലാഹുവിനറിയാം.

ഇതെല്ലാം കേവലം ഐഹികമായ ശിക്ഷകൾ മാത്രമാണ്. അത്തരം അക്രമ പ്രവർത്തനങ്ങൾ നടത്തുന്നവരെ അപമാനിക്കുകയും നിന്ദിക്കുകയുമാണതിന്റെ ലക്ഷ്യം. അഥവാ, മേലിൽ അങ്ങിനെയുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ അവർക്കോ മറ്റുള്ളവർക്കോ ധൈര്യം തോന്നാതിരിക്കുവാൻ വേണ്ടിയാണത്. ഇതുകൊണ്ട് പരലോക ശിക്ഷയിൽനിന്ന് അവർക്ക് ഒഴിവ് ലഭിക്കുവാൻ പോകുന്നില്ല. അവിടെ വെച്ചു വമ്പിച്ച ശിക്ഷ ഇതിനു പുറമെ വേറെയും അവർ അനുഭവിക്കേണ്ടി വരുമെന്ന് അല്ലാഹു അറിയിക്കുന്നു. പക്ഷേ-അവർ എന്തുതന്നെ അക്രമം നടത്തിയിരുന്നാലും-അവരെ പിടികൂടുവാൻ കഴിയുന്നതിനു മുമ്പായി അവർ സ്വയം ഖേദിച്ചു മടങ്ങി കീഴടങ്ങുന്ന പക്ഷം, അവരുടെ മേൽ ശിക്ഷാനടപടിയെടുക്കേണ്ടതില്ലെന്നും, അല്ലാഹു അവർക്ക് പൊറുത്തുകൊടുത്തേക്കുമെന്നും രണ്ടാമത്തെ വചനത്തിൽ അറിയിക്കുന്നു. ആരെയും വൃഥാ ശിക്ഷിക്കണമെന്ന് അല്ലാഹുവിനു ഉദ്ദേശ്യമില്ലല്ലോ.

ജനായത്തം, അഭിപ്രായ സ്വാതന്ത്ര്യം എന്നൊക്കെ പേരു പറഞ്ഞുകൊണ്ട് നാട്ടിൽ നടമാടിക്കൊണ്ടിരിക്കുന്ന കുഴപ്പങ്ങളെയും അക്രമ പ്രവർത്തനങ്ങളെയും രാഷ്ട്രീയമെന്നും അല്ലാത്തതെന്നും വേർതിരിക്കുകയും, രാഷ്ട്രീയത്തിന്റെ പേരിൽ നടത്തപ്പെടുന്ന കൊള്ള, കൊല മുതലായവക്ക് ശിക്ഷയിൽ ലഘൂകരണം ചെയ്യപ്പെടുന്ന സമ്പ്രദായം ഇന്നു മിക്ക നാടുകളിലും ഉള്ളതാണ്. ഇതുമൂലം പൊതുജനങ്ങൾ അനുഭവിക്കുന്ന കഷ്ടപ്പാടും നഷ്ടങ്ങളും ഇന്നു ആരെയും പറഞ്ഞറിയിക്കേണ്ടതില്ല. ഇസ്ലാമിൽ ഇങ്ങിനെയൊരു വിഭജനമില്ല തന്നെ. ഈ വിഭജനത്തിനു യുക്തിയുടെയോ നീതിയുടെയോ ധാർമികതയുടെയോ പിൻബലമില്ലാത്തതാണ്. കക്ഷികളുടെ അധികാര മോഹത്തിൽനിന്ന് ഉടലെടുത്ത ഒരു കിരാതനിയമം മാത്രമാണിത്.

'രാഷ്ട്രീയമായി പുരോഗമിച്ച നാടുകൾ' എന്ന് വിശേഷിപ്പിക്കപ്പെടുന്ന രാജ്യങ്ങളിലാണ് ഇത്തരം വികൃത നിയമങ്ങൾ അധികം കാണുന്നത്. അതിന്റെ ഫലമോ? ജനങ്ങളുടെ ജീവനും സ്വത്തിനും രക്ഷയില്ലാത്തവിധം അസമാധാനവും, നാട്ടിൽ അരാജകത്വവും! മനുഷ്യ സ്വഭാവങ്ങളെക്കുറിച്ചു മനുഷ്യരെക്കാൾ അറിയുന്ന അല്ലാഹുവിന്റെ നിയമങ്ങൾ മാത്രമേ യഥാർത്ഥത്തിൽ മനുഷ്യവംശത്തിന് ഇഹത്തിലും പരത്തിലും സമാധാനം നൽകുകയുള്ളൂ.

ഈ വചനത്തിൽ പ്രസ്താവിച്ച ശിക്ഷാ നടപടി എടുക്കേണ്ടി വന്ന ഒരു സന്ദർഭം നബി തിരുമേനി ﷺയുടെ കാലത്തുണ്ടായി. ഉക്ൽ, ഉറയ്നഃ (عكل وعرينة) എന്നീ ഗോത്രങ്ങളിൽപെട്ട ഒരു സംഘം ആളുകൾ റസൂൽ തിരുമേനി ﷺയുടെ അടുക്കൽ വന്ന് ഇസ്ലാം സ്വീകരിച്ചു. അവർ ആരോഗ്യമില്ലാത്തവരായിരുന്നു. വയറ് തടിക്കുകയും ശരീരം മഞ്ഞവർണമായിത്തീരുകയും ചെയ്തിരുന്നു. അവർക്ക് മദീനയിലെ പ്രകൃതി പിടിക്കാതിരുന്നപ്പോൾ, അവരോട് 'ബൈത്തുൽമാൽ' (പൊതുഭണ്ഡാരം) വക ഒട്ടകങ്ങളെ മേക്കുന്ന ഇടയന്റെ ഒന്നിച്ചു വെളിയിൽ പോയി താമസിക്കുവാനും ഭക്ഷണത്തിന് അവയുടെ പാലും (ചികിത്സക്ക്) അവയുടെ മൂത്രവും ഉപയോഗിക്കുവാനും നബി ﷺ കൽപിച്ചു. അങ്ങിനെ, അവിടെവെച്ച് അവരുടെ ആരോഗ്യനില നന്നായിത്തീർന്നപ്പോൾ, അവർ നബി ﷺയുടെ മേക്കാരനെ മൃഗീയമാംവിധം കൊല്ലുകയും, ഒട്ടകങ്ങളുമായി കടന്നുകളയുകയും ചെയ്തു. വിവരമറിഞ്ഞപ്പോൾ അവരെ തിരഞ്ഞു പിടിക്കുവാൻ

നബി ﷺ ആളയച്ചു. കണ്ടു കിട്ടിയ ശേഷം അവരുടെ കൈകാലുകൾ മുറിക്കുവാനും കണ്ണുകുത്തുവാനും നബി ﷺ കൽപിച്ചു. അങ്ങനെ അവർ വെയിലത്തു കിടന്നു ചാവുകയാണുണ്ടായത്. ഈ സംഭവം പ്രധാനപ്പെട്ട ഹദീഥു ഗ്രന്ഥങ്ങളിലെല്ലാം ഉദ്ധരിച്ചിട്ടുള്ളതാണ്. അംഗച്ഛേദം ചെയ്തു കൊല്ലുന്നതും, കൊല്ലപ്പെട്ട ശരീരത്തെ അംഗഭംഗം വരുത്തുന്നതും നബി ﷺ വിരോധിച്ചിട്ടുള്ളത് പ്രസിദ്ധമാകുന്നു. എന്നാൽ അവരോട് ഇത്രയും നിഷ്കരുണം പെരുമാറാൻ കാരണം, അവർ ചെയ്ത നന്ദികേടോ, വിശ്വാസവഞ്ചനയോ അല്ല. അവർ നബി ﷺയുടെ ഇടയനെ കൈകാലുകൾ മുറിക്കുകയും, കണ്ണുകുത്തുകയും ചെയ്തുകൊണ്ടാണ് കൊലപ്പെടുത്തിയിരുന്നത്. ഇതാണതിന് കാരണമെന്ന് ഹദീഥിന്റെ ചില മാർഗങ്ങളിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നു.

വിഭാഗം - 6

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱتَّقُوا۟ ٱللَّهَ وَٱبْتَغُوٓا۟ إِلَيْهِ ٱلْوَسِيلَةَ وَجَٰهِدُوا۟ فِى سَبِيلِهِۦ لَعَلَّكُمْ تُفْلِحُونَ ﴿٣٨﴾

﴾38﴿ ഹേ, വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവിൻ; അവനിലേക്ക് സമീപനമാർഗം തേടുകയും ചെയ്യുവിൻ; അവന്റെ മാർഗത്തിൽ സമരം ചെയ്യുകയും ചെയ്യുവിൻ; നിങ്ങൾ വിജയം പ്രാപിച്ചേക്കാം.

﴾38﴿ يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا വിശ്വസിച്ചവരേ ٱتَّقُوا ٱللَّهَ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവിൻ وَٱبْتَغُوٓا നിങ്ങൾ തേടുക (അന്വേഷിക്കുക)യും ചെയ്യുവിൻ إِلَيْهِ അവങ്കലേക്ക് ٱلْوَسِيلَةَ സമീപനമാർഗം وَجَٰهِدُوا നിങ്ങൾ സമരം ചെയ്കയും ചെയ്യുവിൻ فِى سَبِيلِهِ അവന്റെ മാർഗത്തിൽ لَعَلَّكُمْ നിങ്ങളായേക്കാം, ആകുവാൻ വേണ്ടി تُفْلِحُونَ നിങ്ങൾ വിജയം പ്രാപിക്കുക

അല്ലാഹുവിനെ സൂക്ഷിക്കുകയും, അവന്റെ മാർഗത്തിൽ സമരം നടത്തുകയും ചെയ്യുന്നതിനെ സംബന്ധിച്ചു പലപ്പോഴും വിവരിച്ചിട്ടുണ്ട്. അല്ലാഹുവിലേക്കുള്ള സമീപനമാർഗം തേടുക (وَٱبْتَغُوٓا۟ إِلَيْهِ ٱلْوَسِيلَةَ) എന്നതിനെപ്പറ്റിയാണ് ഇവിടെ പ്രത്യേകം മനസ്സിരുത്തുവാനുള്ളത്. وسيلة (വസീലത്ത്) എന്ന വാക്കിന് ഉദ്ദേശിക്കപ്പെട്ട കാര്യത്തിലേക്ക് ചെന്നു ചേരുവാനുള്ള- സമീപിക്കുവാനുള്ള-മാർഗം (ما يتوصل اى يتقرب به الى المقصود) എന്നാണർത്ഥം. ഈ സമീപനം ആഗ്രഹപൂർവ്വമായിരിക്കുമെന്നു കൂടി ഇമാംറാഗിബ് ചൂണ്ടിക്കാട്ടുന്നുണ്ട്. നിഘണ്ടുക്കളിലും ക്വുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങളിലുമെല്ലാം കാണാവുന്നതാണിത്. ഉദ്ദേശിക്കപ്പെട്ട വിഷയത്തിലേക്കോ, ആളിലേക്കോ സമീപിക്കുവാനുള്ള വല്ല മാർഗവും സ്വീകരിച്ചു എന്ന അർത്ഥത്തിൽ توسل (തവസ്സല) എന്ന ക്രിയാരൂപവും ഉപയോഗിക്കപ്പെടുന്നു. وسيلة എന്ന വാക്കിനു 'ഇടതേട്ടം' എന്നും, توسل എന്ന

ക്രിയക്കു 'ഇടതേടി' എന്നുമൊക്കെ ചിലർ താൽപര്യപൂർവ്വം അർത്ഥം പറഞ്ഞു വരാറുണ്ട്. ചിലർ അതോടുകൂടി ഈ അർത്ഥത്തെ ചൂഷണം ചെയ്തുകൊണ്ട് വളരെ വമ്പിച്ച അബദ്ധങ്ങൾ പാമര ജനങ്ങൾക്കിടയിൽ പ്രചരിപ്പിച്ചു വരുകയും ചെയ്യുന്നു. വാക്കർത്ഥമോ, വിവർത്തനമോ എന്തുതന്നെ ആയാലും ശരി, ഈ വചനത്തിൽ അല്ലാഹുവിങ്കലേക്ക് 'വസീലത്തു' തേടുവിൻ (وَٱبْتَغُوٓا۟ إِلَيْهِ ٱلْوَسِيلَةَ) എന്ന് പറഞ്ഞത്കൊണ്ടുദ്ദേശ്യം, അല്ലാഹുവിന് വഴിപ്പെട്ടും സൽകർമങ്ങൾ ചെയ്തുംകൊണ്ട് അവന്റെ സാമീപ്യവും പ്രീതിയും നേടുവാൻ ശ്രമിക്കുവിൻ എന്നാണെന്ന് എല്ലാ ക്വുർആൻ വ്യാഖ്യാതാക്കളും വ്യക്തമാക്കിക്കാണാം. ഇതിൽ ക്വുർആൻ വ്യാഖ്യാതാക്കൾക്കിടയിൽ അഭിപ്രായവ്യത്യാസമേ ഇല്ല എന്ന് ഇബ്നു കഥീർ (റ) മുതലായവർ പ്രസ്താവിച്ചിട്ടുണ്ട്.

മരണപ്പെട്ടുപോയവരോ, ജീവിച്ചിരിപ്പുള്ളവരോ ആയ മഹാത്മാക്കളെക്കൊണ്ടോ, പുണ്യസ്ഥലങ്ങൾ പോലെയുള്ള വല്ല വസ്തുക്കളെക്കൊണ്ടോ ഇട തേടുക-ഏതെങ്കിലും ഒന്നിനെ മുൻനിറുത്തി പ്രാർത്ഥിക്കുക-എന്ന ഒരർത്ഥ വ്യാഖ്യാനം ഇസ്ലാമിന്റെ കാവൽഭടന്മാരായി അഭിനയിക്കുന്ന ചില പണ്ഡിതന്മാർ അടുത്ത കാലത്ത് നമ്മുടെ നാടുകളിൽ ഈ വാക്യത്തിനു നൽകിക്കാണുന്നു. ഇത് തികച്ചും വാസ്തവ വിരുദ്ധമാണെന്നു മാത്രമല്ല, ഇസ്ലാമിന്റെ അടിത്തറക്കുപോലും വിരുദ്ധമായ പല അന്ധവിശ്വാസങ്ങളും, അനാചാരങ്ങളും, ശിർക്കുപരമായ പ്രവർത്തനങ്ങളും ഇതുവഴി അവർ ഇസ്ലാമീകരിക്കുകയും ചെയ്തുവരുന്നു. ഈ തുറയിലുള്ള വാഗ്വാദങ്ങളും, തർക്കവിതർക്കങ്ങളും മുസ്ലിംകൾക്കിടയിൽ നടമാടിക്കൊണ്ടിരിക്കുന്ന കാലമായതുകൊണ്ടും, സത്യാന്വേഷികൾക്ക് സത്യം ഗ്രഹിക്കുവാൻ അധിക വിവരണമൊന്നും ആവശ്യമില്ലാത്തത്കൊണ്ടും ആ ഭാഗത്തേക്ക് നാം ഇവിടെ തിരിയുവാൻ ഉദ്ദേശിക്കുന്നില്ല.

إِنَّ ٱلَّذِينَ كَفَرُوا۟ لَوْ أَنَّ لَهُم مَّا فِى ٱلْأَرْضِ جَمِيعًا وَمِثْلَهُۥ مَعَهُۥ لِيَفْتَدُوا۟ بِهِۦ مِنْ عَذَابِ يَوْمِ ٱلْقِيَـٰمَةِ مَا تُقُبِّلَ مِنْهُمْ ۖ وَلَهُمْ عَذَابٌ أَلِيمٌ ﴿٣٦﴾

﴿39﴾ നിശ്ചയമായും, അവിശ്വസിച്ചവർ, 'ക്വിയാമത്ത്' നാളിലെ ശിക്ഷയിൽ നിന്നു തെണ്ടം നൽ(കി മോചിതരാ)കുവാൻ ഭൂമിയിലുള്ളത് മുഴുവനും, അതോടു കൂടി അതിന്റെ അത്രയും ഉണ്ടായിരുന്നാലും, അതവരിൽ നിന്ന് സ്വീകരിക്കപ്പെടുന്നതല്ല. അവർക്ക് വേദനയേറിയ ശിക്ഷയുമുണ്ടായിരിക്കും.

يُرِيدُونَ أَن يَخْرُجُوا۟ مِنَ ٱلنَّارِ وَمَا هُم بِخَـٰرِجِينَ مِنْهَا ۖ وَلَهُمْ عَذَابٌ مُّقِيمٌ ﴿٣٧﴾

﴿40﴾ നരകത്തിൽ നിന്ന് പുറത്തു പോകുവാൻ അവർ ഉദ്യമിക്കും; അവർ അതിൽനിന്ന് പുറത്ത് പോകുന്നവരല്ല താനും.

അവർക്ക് (മുറിയാതെ) നിലനിൽക്കുന്ന ശിക്ഷയുമുണ്ടായിരിക്കും.

﴾39﴿ إِنَّ ٱلَّذِينَ كَفَرُوا۟ നിശ്ചയമായും അവിശ്വസിച്ചവർ لَوْ أَنَّ لَهُم അവർക്കുണ്ടായി
രുന്നാലും مَّا فِى ٱلْأَرْضِ ഭൂമിയിലുള്ളത് جَمِيعًا മുഴുവൻ وَمِثْلَهُۥ അതുപോലുള്ളതും,
അതിന്റെ അത്രയും مَعَهُۥ അതോടുകൂടി لِيَفْتَدُوا۟ അവർ തെണ്ടം നൽകുവാൻ (മോ
ചനം നേടുവാൻ) بِهِۦ അതുകൊണ്ട്, അതിനാൽ مِنْ عَذَابِ ശിക്ഷയിൽ നിന്ന്
يَوْمِ ٱلْقِيَٰمَةِ ഖിയാമത്ത് നാളിലെ مَا تُقُبِّلَ സ്വീകരിക്കപ്പെടുകയില്ല مِنْهُمْ അവരിൽ
നിന്ന് وَلَهُمْ അവർക്കുണ്ട്താനും عَذَابٌ ശിക്ഷ أَلِيمٌ വേദനയേറിയ ﴾40﴿ يُرِيدُونَ
അവർ ഉദ്ദേശിക്കും, ഉദ്യമിക്കും أَن يَخْرُجُوا۟ അവർ പുറത്തു പോകുവാൻ مِنَ ٱلنَّارِ നര
കത്തിൽ നിന്ന് وَمَا هُم അവരല്ല താനും بِخَٰرِجِينَ പുറത്തുപോകുന്നവർ مِنْهَا അതിൽ
നിന്ന് وَلَهُمْ അവർക്കുണ്ട്താനും عَذَابٌ مُّقِيمٌ നിലനിൽക്കുന്ന ശിക്ഷ

നബി ﷺ അരുളിച്ചെയ്തതായി അനസ് (റ) പ്രസ്താവിക്കുന്നു: 'നരകക്കാരിൽപെട്ട ഒരു പുരുഷനെ കൊണ്ടുവരപ്പെടും. നിന്റെ കിടപ്പു സ്ഥാനം നിനക്ക് എങ്ങിനെ അനുഭവപ്പെട്ടുവെന്നു അവനോടു ചോദിക്കപ്പെടും. വളരെ മോശപ്പെട്ട കിടപ്പുസ്ഥാനം എന്നു അവൻ പറയും. അപ്പോൾ ഭൂമിയോളം സ്വർണം (നിനക്കുണ്ടായാൽ) നിനക്ക് തെണ്ടം നൽകാമോ എന്നു അവനോടു ചോദിക്കപ്പെടും. എന്റെ റബ്ബേ! അതെ. എന്ന് അവൻ പറയും. അപ്പോൾ അല്ലാഹു പറയും: 'നീ കളവ് പറയുകയാണ്. ഞാൻ നിന്നോട് അതിനെക്കാൾ നിസ്സാരമായ കാര്യമാണ് ആവശ്യപ്പെട്ടത്. എന്നിട്ട് നീ അത് ചെയ്തില്ല'. അങ്ങനെ, അവനെ നരകത്തിലേക്കു കൊണ്ടുപോകുവാൻ കൽപിക്കും (ബു; മു) നരകക്കാരായ അവിശ്വാസികളെപ്പറ്റി മറ്റൊരു സ്ഥലത്ത് അല്ലാഹു പറയുന്നു: 'ദു:ഖം നിമിത്തം അതിൽ നിന്ന് പുറത്തുപോകുവാൻ അവർ ഉദ്യമിക്കുമ്പോഴൊക്കെയും അവർ അതിലേക്ക് തന്നെ മടക്കപ്പെടും (സൂ:ഹജ്ജ്:22)

وَٱلسَّارِقُ وَٱلسَّارِقَةُ فَٱقْطَعُوٓا۟ أَيْدِيَهُمَا جَزَآءًۢ بِمَا كَسَبَا نَكَٰلًا مِّنَ ٱللَّهِ ۗ وَٱللَّهُ عَزِيزٌ حَكِيمٌ ﴿٣٨﴾

﴾41﴿ മോഷ്ടിച്ചവനും, മോഷ്ടിച്ചവളും, അവരുടെ കൈകൾ നിങ്ങൾ മുറിച്ചു കൊള്ളുവിൻ; അവർ പ്രവർത്തിച്ചതിനു (തക്ക) പ്രതിഫലമായിട്ട് -(അതെ) അല്ലാഹുവിൽ നിന്നുള്ള (പാഠം നൽകുന്ന) ഒരു ശിക്ഷയായിട്ട്. അല്ലാഹു പ്രതാപശാലിയാണ്; അഗാധജ്ഞനാണ്.

فَمَن تَابَ مِنۢ بَعْدِ ظُلْمِهِۦ وَأَصْلَحَ فَإِنَّ ٱللَّهَ يَتُوبُ عَلَيْهِ ۗ

﴾42﴿ എന്നാൽ ആരെങ്കിലും തന്റെ അക്രമത്തിനു ശേഷം പശ്ചാത്തപിക്കുകയും, നന്നായിത്തീരുകയും ചെയ്താൽ, നിശ്ചയമായും, അല്ലാഹു അവന്റെ മേൽ പശ്ചാത്താപം സ്വീകരിക്കുന്നതാണ്.

إِنَّ ٱللَّهَ غَفُورٌ رَّحِيمٌ ﴿٤٢﴾

നിശ്ചയമായും, അല്ലാഹു വളരെ പൊറുക്കുന്നവനാകുന്നു; കരുണാനിധിയാകുന്നു.

أَلَمْ تَعْلَمْ أَنَّ ٱللَّهَ لَهُۥ مُلْكُ ٱلسَّمَـٰوَٰتِ وَٱلْأَرْضِ

﴾43﴿ നിനക്കറിഞ്ഞുകൂടേ? അല്ലാഹുവിനാണ് ആകാശങ്ങളുടെയും, ഭൂമിയുടെയും രാജാധിപത്യമുള്ളതെന്ന്!

يُعَذِّبُ مَن يَشَآءُ وَيَغْفِرُ لِمَن يَشَآءُ ۗ

അവൻ ഉദ്ദേശിക്കുന്നവരെ അവൻ ശിക്ഷിക്കും; അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തു കൊടുക്കുകയും ചെയ്യും.

وَٱللَّهُ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿٤٣﴾

അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനുമത്രെ.

﴾41﴿ وَٱلسَّارِقُ മോഷ്ടിച്ചവൻ, കട്ടവൻ وَٱلسَّارِقَةُ മോഷ്ടിച്ചവളും, കട്ടവളും
فَٱقْطَعُوٓا۟ നിങ്ങൾ മുറിക്കുവിൻ أَيْدِيَهُمَا അവർ രണ്ടാളുടെയും കൈകൾ جَزَآءًۢ പ്രതിഫ
ലമായിട്ട്, കൂലിയായിട്ട് بِمَا كَسَبَا അവർ സമ്പാദിച്ച (പ്രവർത്തിച്ച)തിന് نَكَـٰلًا ഒരു (പാ
ഠമായ) ശിക്ഷയായിട്ട്, കൂലിയായിട്ട് مِّنَ ٱللَّهِ അല്ലാഹുവിൽ നിന്ന് وَٱللَّهُ അല്ലാഹുവാ
കട്ടെ عَزِيزٌ പ്രതാപശാലിയാണ് حَكِيمٌ അഗാധജ്ഞനാണ് ﴾42﴿ فَمَن تَابَ എന്നാൽ
ആരെങ്കിലും പശ്ചാത്തപിച്ചാൽ, ആർ മടങ്ങിയോ مِنۢ بَعْدِ ശേഷമായി ظُلْمِهِۦ തന്റെ
അക്രമത്തിന്റെ وَأَصْلَحَ അവൻ നന്നായിത്തീരുകയും, (കർമ്മം) നന്നാക്കുകയും
فَإِنَّ ٱللَّهَ എന്നാൽ നിശ്ചയമായും അല്ലാഹു يَتُوبُ عَلَيْهِ അവന്റെ പശ്ചാത്താപം
സ്വീകരിക്കും إِنَّ ٱللَّهَ നിശ്ചയമായും അല്ലാഹു غَفُورٌ വളരെ പൊറുക്കുന്നവനാണ് رَّحِيمٌ
കരുണാനിധിയാണ് ﴾43﴿ أَلَمْ تَعْلَمْ നീ അറിയുകയില്ലേ, നിനക്കറിഞ്ഞുകൂടേ أَنَّ ٱللَّهَ
നിശ്ചയമായും അല്ലാഹു لَهُۥ അവന്നാണ്, അവന്റെതാണ് (എന്ന്) مُلْكُ രാജത്വം,
രാജാധിപത്യം ٱلسَّمَـٰوَٰتِ ആകാശങ്ങളുടെ وَٱلْأَرْضِ ഭൂമിയുടെയും يُعَذِّبُ അവൻ
ശിക്ഷിക്കും, ശിക്ഷിക്കുന്നു مَن يَشَآءُ അവൻ ഉദ്ദേശിക്കുന്നവരെ وَيَغْفِرُ അവൻ പൊറു
ക്കുകയും ചെയ്യും, ചെയ്യുന്നു لِمَن يَشَآءُ അവൻ ഉദ്ദേശിക്കുന്നവർക്ക് وَٱللَّهُ അല്ലാഹു
عَلَىٰ كُلِّ شَىْءٍ എല്ലാ കാര്യത്തിനും, വസ്തുവിനും قَدِيرٌ കഴിവുള്ളവനാണ്

പുരുഷനാവട്ടെ സ്ത്രീയാവട്ടെ മോഷ്ടിച്ചാൽ അതിനുള്ള ശിക്ഷാനിയമം കൈമുറിക്കലാണ്. മോഷണക്കുറ്റത്തിനുള്ള ശിക്ഷാനടപടി എന്നതിന് പുറമെ ആ മോഷ്ടാവ് മേലിൽ മോഷണം നടത്താതിരിക്കുവാനും, മറ്റുള്ളവർക്ക് ഒരു പാഠമായിരിക്കുവാനും

അത് ഉപകരിക്കും. മോഷണം നടത്തൽ വളരെ നികൃഷ്ടമായ ഒരു പ്രവൃത്തിയാണെങ്കിലും അത് ചെയ്തശേഷം അതിൽ നിന്ന് ഖേദിച്ചു മടങ്ങുകയും, മേലിൽ നല്ല നടപടി സ്വീകരിച്ചു നന്നായിത്തീരുകയും ചെയ്താൽ അല്ലാഹു പൊറുത്തു കൊടുക്കും. ആകാശഭൂമികളുടെയെല്ലാം ആധിപത്യവും, ഭരണാധികാരവും അല്ലാഹുവിന് മാത്രമാകകൊണ്ട് ആരെയും രക്ഷിക്കുവാനും, ശിക്ഷിക്കുവാനും അവന് അധികാരവും അവകാശവുമുണ്ട്. എല്ലാറ്റിനും അവന് കഴിവും ഉണ്ട്. ശിക്ഷിക്കേണ്ടത് ആരെയാണെന്നും, പൊറുത്തു കൊടുത്തു രക്ഷിക്കേണ്ടത് ആരെയാണെന്നുമൊക്കെ അവൻ തീർച്ചയാക്കുന്നതാണ്. അതിലൊന്നും ആർക്കും ചോദ്യം ചെയ്വാൻ അവകാശമില്ല. അവൻ ഉദ്ദേശിക്കുന്നത് ചെയ്വാൻ അവന് ആരുടെയും സമ്മതമോ സഹായമോ ആവശ്യമില്ല എന്നൊക്കെയാണ് ഈ വചനങ്ങളിലടങ്ങിയ ആശയങ്ങൾ.

അന്യന്റെ ധനം ഗൂഢമായി എടുത്തുകൊണ്ടു പോകുന്നതിനാണ് മോഷണം (سرقة) എന്ന് പൊതുവെ പറയപ്പെടുന്നത്. പക്ഷേ, അതത് വസ്തുക്കൾക്ക് അനുയോജ്യമായ സൂക്ഷിപ്പു സ്ഥാനങ്ങളിൽ നിന്ന് ഗൂഢമായി എടുക്കുമ്പോഴേ അത് നിയമപ്രകാരം മോഷണത്തിൽ പെടുകയുള്ളൂ. അളവിലും തൂക്കത്തിലും കൃത്രിമം നടത്തി അന്യരുടെ അവകാശം വഞ്ചിച്ചെടുക്കുക, പൊതുസ്ഥലങ്ങളിൽ വീണു കിടക്കുന്ന സാധനം എടുത്തുകൊണ്ടു പോകുക മുതലായവക്കൊന്നും ഈ ശിക്ഷാനിയമം ബാധകമല്ല. വഞ്ചിച്ചോ, ഉപായത്തിലോ, ബലം പ്രയോഗിച്ചോ അന്യന്റെ ധനം കൈക്കലാക്കുന്നവന്റെ കൈമുറിക്കേണ്ടതില്ലെന്ന് ഹദീഥിൽ വന്നിട്ടുണ്ട് (ദാ; തി; ന; ജ). ഒരു നിശ്ചിത ശിക്ഷാ നിയമം (حد) വിധിക്കപ്പെട്ടിട്ടില്ലാത്തതും, അതേ സമയത്ത് ഗൗരവപ്പെട്ടതുമായ കേസുകളിൽ കുറ്റത്തിന്റെ സ്വഭാവവും ഗൗരവവും അനുസരിച്ച് യുക്തമായ അച്ചടക്ക നടപടി (تعزير) സ്വീകരിക്കുവാൻ ഭരണ കർത്താക്കൾക്ക് അധികാരം നൽകപ്പെട്ടിട്ടുണ്ട്. ആ അധികാരപരിധിയിൽ അത്തരം കേസുകൾ ഉൾപ്പെടുന്നതാണ്.

മോഷ്ടിക്കപ്പെട്ട വസ്തു എത്ര നിസ്സാരമായിരുന്നാലും കൈമുറിക്കേണ്ടതുണ്ടെന്ന് ചിലർ അഭിപ്രായപ്പെടുന്നു. മോഷ്ടാവിന്റെ കൈമുറിക്കണമെന്നല്ലാതെ ഈ വചനത്തിൽ അതിന് വേറെ ഉപാധികളൊന്നും പറഞ്ഞിട്ടില്ല എന്നാണവർ ന്യായം പറയുന്നത്. ഒരു നബി വചനത്തിൽ ഇപ്രകാരം വന്നിട്ടുമുണ്ട്: 'മോഷ്ടിക്കുന്നവനെ അല്ലാഹു ശപിക്കട്ടെ! ഒരു മുട്ട മോഷ്ടിച്ചിട്ട് കൈ മുറിക്കപ്പെടുന്നു! ഒരു കയർ മോഷ്ടിച്ചിട്ട് കൈമുറിക്കപ്പെടുന്നു!' (ബു). ഈ ഹദീഥും ഇവർ തെളിവായി എടുക്കുന്നു. വാസ്തവത്തിൽ, മറ്റു പല നബി വചനങ്ങളും പരിശോധിച്ചാൽ, ഈ ഹദീഥിന്റെ താൽപര്യം മോഷണക്കുറ്റത്തിന്റെ നിയമപരമായ വിശദീകരണം നൽകലല്ലെന്നും, അതിന്റെ ഹീനതയും അപലപനീയതയും വ്യക്തമാക്കലാണെന്നും കാണാവുന്നതാണ്. മോഷ്ടാവിന്റെ കൈ മുറിക്കേണമെങ്കിൽ മോഷ്ടിക്കപ്പെട്ട വസ്തുവിന്റെ വിലകൂടി പരിഗണിക്കപ്പെടേണ്ടതുണ്ടെന്ന് വ്യക്തമാക്കുന്ന ഒന്നിലധികം ബലപ്പെട്ട ഹദീഥുകൾ നിലവിലുണ്ട്. ഉദാഹരണമായി, നബി ﷺ ഇങ്ങിനെ പറഞ്ഞതായി ആഇശഃ (റ) ഉദ്ധരിക്കുന്നു: 'ഒരു ദീനാറിന്റെ (പൊൻപണത്തിന്റെ) നാലിൽ ഒരംശത്തിലോ, അതിനെക്കാൾ അധികമുള്ളതിലോ അല്ലാതെ കൈ മുറിക്കപ്പെടുകയില്ല' (ബു; മു). അഹ്മദ് (റ)ന്റെ രിവായത്തിൽ 'അതിൽ താഴെയുള്ളതിൽ മുറിച്ചുകൂടാ' എന്ന് കൂടിയുണ്ട്. മൂന്നു ദിർഹം (വെള്ളിപ്പണം) വിലപിടിപ്പുള്ള ഒരു പരിച മോഷ്ടിച്ച കേസിൽ ഒരാളുടെ കൈ മുറിക്കുവാൻ നബി ﷺ കൽപിച്ചിട്ടുണ്ടെന്ന് ഇബ്നു ഉമറും (റ) പ്രസ്താവിച്ചിരിക്കുന്നു (ബു; മു).

ഈ ഹദീഥുകളെയും മറ്റും അടിസ്ഥാനമാക്കിക്കൊണ്ട് മോഷ്ടിക്കപ്പെട്ട വസ്തുവിന്റെ വിലപിടിപ്പു കൂടി പരിഗണിക്കപ്പെടേണ്ടതുണ്ട് എന്നത്രെ ബഹുഭൂരിപക്ഷം പണ്ഡിതന്മാരുടെയും അഭിപ്രായം.

എന്നാൽ ചുരുങ്ങിയത് എത്ര വിലയുള്ള സാധനം മോഷ്ടിച്ചാലാണ് കൈ മുറിക്കപ്പെടേണ്ടത് എന്നുള്ളതിൽ പണ്ഡിതന്മാർക്ക് വ്യത്യസ്തമായ അഭിപ്രായങ്ങളാണുള്ളത്. ഹദീഥുകളെ മനസ്സിലാക്കിയതിലും, പരിചയുടെ വില കണക്കാക്കിയതിലും, രിവായത്തുകൾ തമ്മിൽ കൂട്ടിയോജിപ്പിക്കുന്നതിലും സ്വാഭാവികമായും ഉണ്ടാകുന്ന വ്യത്യസ്ത വീക്ഷണങ്ങളാണതിനു കാരണം. അവയിൽ പ്രധാനമായ രണ്ടഭിപ്രായങ്ങൾ:

(1) ആദ്യത്തെ ഹദീഥിൽ കാണുന്ന പ്രകാരം കാൽ ദീനാറിൽ കുറഞ്ഞ വിലക്കുള്ള വസ്തുക്കളിൽ കൈമുറിക്കൽ ഇല്ലെന്നും,

(2) രണ്ടാമത്തെ ഹദീഥിനെ ആസ്പദമാക്കി മൂന്നു ദിർഹമിന്റെ വിലപിടിപ്പുള്ളതിൽ കൈമുറിക്കാം-അതിന് താഴെയുള്ളതിൽ മുറിച്ചു കൂടാ-എന്നുമാകുന്നു. ചില രിവായത്തുകളുടെ വെളിച്ചത്തിൽ, അക്കാലത്തെ ക്രയവിക്രയ നിലവാരമനുസരിച്ച് കാൽ ദീനാറിന്റെ വിലയും, മൂന്നു ദിർഹമിന്റെ വിലയും, ഏതാണ്ട് സമമായിരുന്നുവെന്നും, അതുകൊണ്ട് പ്രസ്തുത രണ്ടു ഹദീഥുകളുടെയും താൽപര്യം ഒന്നു തന്നെയാണെന്നും ചിലർ പ്രസ്താവിച്ചു കാണാം. അതുകൊണ്ട് പ്രസ്തുത രണ്ടു ഹദീഥുകളുടെയും താൽപര്യം ഒന്നു തന്നെയാണെന്നും ചിലർ പ്രസ്താവിച്ചു കാണാം. ആപേക്ഷികമായി നോക്കുമ്പോൾ കാൽ ദീനാറിന്റെ അഭിപ്രായത്തിനാണ് മുൻഗണന കാണുന്നത്. الله اعلم

വലത്തെ കയ്യിന്റെ കൈപ്പത്തിയും മുഴങ്കയ്യും തമ്മിൽ ബന്ധിക്കുന്ന സന്ധിയിലാണ് കൈമുറിക്കേണ്ടതെന്നുള്ളതിൽ ഭിന്നാഭിപ്രായമില്ല. മുറിച്ച ശേഷം രക്തം കൂടുതൽ ഒഴുകിപ്പോകാതിരിക്കുവാൻ വേണ്ടുന്ന മാർഗം സ്വീകരിക്കേണ്ടതുണ്ട്. മോഷ്ടാവ് പശ്ചാത്തപിച്ചു മടങ്ങിയാൽ പൊറുത്തുകൊടുക്കുമെന്നു പറഞ്ഞതിന്റെ ഉദ്ദേശ്യം ഖേദിച്ചവന്റെ കൈമുറിക്കേണ്ടതില്ല എന്നല്ല. അല്ലാഹുവിങ്കൽ നിന്നുള്ള പരലോക ശിക്ഷ ഒഴിവാകുമെന്നാകുന്നു. കൈ മുറിച്ചാലും മോഷ്ടിക്കപ്പെട്ട വസ്തുവോ, അതില്ലെങ്കിൽ അതിന്റെ വിലയോ ഉടമസ്ഥന് തിരിച്ചു കൊടുക്കുകയും വേണം. ഒരാളുടെ പേരിൽ മോഷണം തെളിഞ്ഞു കഴിഞ്ഞാൽ-ശിക്ഷാനടപടി എടുക്കേണ്ടുന്ന മറ്റു കേസുകളും അങ്ങിനെത്തന്നെ-ശിക്ഷയിൽനിന്ന് പ്രതിയെ ഒഴിവാക്കിവിടുവാൻ ഭരണകർത്താവിനു അധികാരമില്ല. അതിനായി ശുപാർശ നടത്തുന്നതും തെറ്റാകുന്നു. മക്കാ വിജയകാലത്ത് ക്വുറൈശീ ഗോത്രത്തിലെ മഖ്സൂം (مخزوم) കുടുംബത്തിൽപെട്ട ഒരു സ്ത്രീ മോഷണം നടത്തിയപ്പോൾ അവളുടെ കൈമുറിക്കുവാൻ നബി ﷺ കൽപിക്കുകയുണ്ടായി. ക്വുറൈശികൾക്ക് ഇതു വലിയ മനോവേദനയായി. ഒടുക്കം അവർ, നബി ﷺ യുടെ പോറ്റുപുത്രനും സ്നേഹഭാജനവുമായ ഉസാമ (റ)യെ നബിയുടെ അടുക്കലേക്കു ശുപാർശക്കയച്ചു. തിരുമേനിയുടെ ഭാവം മാറി. അല്ലാഹുവിന്റെ ശിക്ഷാ നിയമത്തിൽ ശുപാർശക്ക് വന്നിരിക്കുകയാണോ നീ?! എന്ന് പറഞ്ഞുകൊണ്ട് അദ്ദേഹത്തെ ആക്ഷേപിച്ചു. അല്ലാഹുവിന്റെ റസൂലേ, എനിക്കു പാപമോചനം തേടണം എന്നപേക്ഷിച്ചുകൊണ്ട് അദ്ദേഹം മടങ്ങി. അനന്തരം തിരുമേനി ﷺ ഒരു പ്രസംഗം ചെയ്തു. ആ പ്രസംഗത്തിൽ തിരുമേനി ഇങ്ങിനെ പറഞ്ഞു: 'മുൻ സമുദായങ്ങൾ, അവരിലുള്ള

പ്രമാണികൾ മോഷ്ടിച്ചാൽ അവരെ വിട്ടുകളയുകയും, അവരിലുള്ള അബലന്മാർ മോഷ്ടിച്ചാൽ ശിക്ഷാനടപടി നടത്തുകയും ചെയ്തിരുന്നതുകൊണ്ടാണ് അവർ നാശത്തിൽ പതിച്ചത്. അല്ലാഹുവിനെതന്നെയാണ്! മുഹമ്മദിന്റെ മകൾ ഫാത്വിമഃ തന്നെ മോഷ്ടിച്ചാലും ഞാൻ അവളുടെ കൈ മുറിക്കുക തന്നെ ചെയ്യും' (ബു; മു). അന്യരുടെ വസ്തുക്കൾ വായ്പ വാങ്ങുകയും പിന്നിടത് നിഷേധിക്കുകയും ചെയ്യുന്നവളായിരുന്നു ആ സ്ത്രീ എന്ന് വേറെ ചില ഹദീഥുകളിൽ വന്നിട്ടുണ്ട്.

ഈ വചനത്തിൽ മോഷണക്കുറ്റത്തിനും, 36-ാം വചനത്തിൽ, അട്ടിമറി, കൊള്ള, കൊല മുതലായ ഭീകരപ്രവർത്തനങ്ങൾക്കും കടുത്ത ശിക്ഷാനിയമം നിശ്ചയിച്ചതിനുള്ള കാരണവും അതിലടങ്ങിയ യുക്തിയും-ചുരുങ്ങിയ വാക്കുകളിലാണെങ്കിലും -അല്ലാഹു ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മനുഷ്യനെപ്പറ്റിയും , അവന്റെ പ്രകൃതിയെപ്പറ്റിയും, അവന്റെ നന്മയെപ്പറ്റിയുമെല്ലാം മനുഷ്യനെക്കാൾ-അവൻ എത്രതന്നെ പുരോഗമിച്ചാലും ശരി-അധികം അറിയുക അല്ലാഹുവിനാണല്ലോ. ആകയാൽ, അല്ലാഹു ചൂണ്ടിക്കാട്ടിയ കാര്യങ്ങളിലടങ്ങിയ യുക്തിരഹസ്യങ്ങളെപ്പറ്റി ചിന്തിച്ചു മനസ്സിലാക്കുകയും, മനസ്സിലാക്കുവാൻ കഴിയാത്ത ഭാഗം അല്ലാഹുവിന്റെ അറിവിലേക്ക് വിട്ടുകൊടുക്കുകയും ചെയ്‌വാനേ മനുഷ്യന്ന് അർഹതയുള്ളൂ. അതിനപ്പുറം അവകാശപ്പെടുന്നവരിൽ നിന്നുമാത്രമേ ഇസ്‌ലാമിലെ ശിക്ഷാനിയമങ്ങൾ പഴഞ്ചനാണ്, കിരാത നിയമങ്ങളാണ് എന്നിത്യാദി പരിഹാസവും പുച്ഛവും പുറത്ത് വരുകയുള്ളൂ. ഇസ്‌ലാമിന്റെ ശത്രുക്കളിൽനിന്ന് ഇത്തരം വാദങ്ങൾ കേൾക്കുക സ്വാഭാവികം തന്നെ. എന്നാൽ, യൂറോപ്യൻ ചിന്താഗതികളിലും, ആധുനിക ഭൗതിക താല്പര്യങ്ങളിലും മുഴുകിയ ചില മുസ്‌ലിം പണ്ഡിതവേഷധാരികളും ആ വാദഗതിയെ ഏറ്റുപറയുന്നത് കാണാം. പക്ഷേ, അത്രത്തോളം തുറന്നു പറയുവാൻ ധൈര്യപ്പെടാതെ അവയെല്ലാം അക്കാലത്തേക്ക് മാത്രം ബാധകമായ ശിക്ഷകളായിരുന്നുവെന്നും, ഈ പരിഷ്കൃത യുഗത്തിന് യോജിച്ച ശിക്ഷാനടപടികൾ കൈകൊള്ളുകയാണ് ഇപ്പോൾ പ്രായോഗികമെന്നുമൊക്കെ അവർ അതൊന്ന് മയപ്പെടുത്തിപ്പറയുമെന്ന് മാത്രം.

ആരെന്തു പറഞ്ഞാലും ചില യാഥാർത്ഥ്യങ്ങൾ ആർക്കും നിഷേധിക്കുക സാധ്യമല്ല. ഇസ്‌ലാമിലെ ശിക്ഷാ നിയമങ്ങൾ യഥാവിധി നടപ്പിലുണ്ടായിരുന്ന ഏത് കാലത്തും ഏത് ദേശത്തും കൊല, കൊള്ള, കളവ്, വ്യഭിചാരം തുടങ്ങിയ നീചകൃത്യങ്ങൾ മറ്റേത് കാലത്തെയും ദേശത്തെയും അപേക്ഷിച്ചു നാമമാത്രമേ സംഭവിച്ചിട്ടുള്ളൂവെന്നുള്ളതിന് ചരിത്രം സാക്ഷിയാകുന്നു. മുസ്‌ലിം രാഷ്ട്രങ്ങൾ പലതും ലോകത്ത് നിലവിലുണ്ടെങ്കിലും ഇസ്‌ലാമിക ശിക്ഷാനിയമങ്ങൾ കുറേയൊക്കെ നടപ്പിലുള്ള ഏക രാഷ്ട്രം സുഊദി അറേബ്യയത്രെ. ഹിജാസ് അതിന്റെ കീഴിലായിട്ട് അമ്പതിൽപരം കൊല്ലം കഴിഞ്ഞു. അതിനു മുമ്പ് മനുഷ്യജീവനും സ്വത്തിനും ഹിജാസിൽ അനുഭവപ്പെട്ടിരുന്ന അരക്ഷിതാവസ്ഥയും, അതിനു ശേഷമുള്ള അഭയാവസ്ഥയും ഏറെക്കുറെ എല്ലാവർക്കും അറിയാവുന്നതാണ്. ആ രണ്ടവസ്ഥയും അനുഭവിച്ചറിഞ്ഞവർ ഇന്നും ധാരാളമുണ്ട്താനും. ശിക്ഷാനിയമങ്ങൾ എത്രത്തോളം ആധുനീകരിക്കുകയും ലഘൂകരിക്കുകയും ചെയ്യപ്പെടുന്നുവോ അത്രത്തോളം കുറ്റങ്ങളും കുറ്റവാസനകളും വർദ്ധിച്ചു വരുന്നുവെന്നുള്ളത് ഇന്നത്തെ 'പരിഷ്കൃത രാഷ്ട്രങ്ങൾ' തെളിയിച്ചു കഴിഞ്ഞ പരമാർത്ഥമാണ്. അതേ സമയം ഔദ്യോഗികമായ ലിഖിത നിയമങ്ങൾ (അവരുടെ ഭാഷയിൽ) പരിഷ്കൃതവും കാലോചിതവുമാണെങ്കിലും രാഷ്ട്രീയ എതിരാളികൾ പോലെയുള്ള ചിലരുടെ നേരെ അവർ എടുത്തുവരാറുള്ള ശിക്ഷാനടപടികൾ പലതും

കാട്ടാളന്മാർ പോലും ലജ്ജിച്ചു പോകുമാറ് പൈശാചികമായിരിക്കുകയും ചെയ്യും. പരിഷ്കൃത രീതിയിലുള്ള കാരാഗൃഹങ്ങളും പിഴകളുമാണല്ലോ ഇന്നത്തെ പ്രധാന ശിക്ഷാ മുറകൾ. ഏതെങ്കിലും ഒരു കുറ്റത്തിന് ശിക്ഷ അനുഭവിക്കേണ്ടിവന്നവർ അതിനു ശേഷം പിന്നെയും പത്തോ ഇരുപതോ പ്രാവശ്യം അതേ കുറ്റം തന്നെ അഭിമാനത്തോടെ ആവർത്തിക്കുന്നതും, അതേ ശിക്ഷ വീണ്ടും വീണ്ടും അനുഭവിക്കാൻ തയ്യാറാകുന്നതും ഇക്കാലത്ത് ദുർലഭമല്ല. ഒരു കളവു കേസിൽ കൈ മുറിക്കലിനോ, ഒരു വ്യഭിചാരക്കേസിൽ നൂറടിക്കോ വിധേയനായ ഒരാൾ പിന്നീട് ആ കുറ്റം ആവർത്തിക്കുവാൻ മുതിരുമോ?! അത് കണ്ടറിഞ്ഞവർ അതിനുശേഷം ആ കുറ്റം ചെയ്വാൻ ഭയപ്പെടാതിരിക്കുമോ?!

36-ാം വചനത്തിൽ ശിക്ഷാനിയമത്തെക്കുറിച്ചു പറഞ്ഞശേഷം ذَٰلِكَ لَهُمْ خِزْيٌ فِي ٱلدُّنْيَا (അത് അവർക്ക് ഇഹത്തിൽ അപമാനമായിരിക്കും) എന്നും, ഈ വചനത്തിൽ ശിക്ഷാനിയമത്തെക്കുറിച്ചു പറഞ്ഞശേഷം جَزَآءًۢ بِمَا كَسَبَا نَكَٰلًا مِّنَ ٱللَّهِ (അവർ പ്രവർത്തിച്ചതിനുള്ള പ്രതിഫലവും അല്ലാഹുവിങ്കൽ നിന്നുള്ള പാഠം നൽകുന്ന ഒരു ശിക്ഷയും) എന്നും അല്ലാഹു പറയുന്നത് എത്ര അർത്ഥഗർഭമാണെന്ന് ആലോചിച്ചു നോക്കുക! ഇസ്‌ലാമിലെ ശിക്ഷാ നിയമങ്ങളെ പഴഞ്ചനെന്നും, കിരാതമെന്നും പറഞ്ഞു അധിക്ഷേപിക്കുകയും, പരിഹസിക്കുകയും, അതോടുകൂടി, കാലാനുസൃതമെന്നും പരിഷ്കൃതമെന്നും അവകാശപ്പെടുന്ന ശിക്ഷാനിയമങ്ങൾ സ്വീകരിക്കുകയും, ഉൽബുദ്ധ രാഷ്ട്രങ്ങളെന്ന് അഭിമാനം കൊള്ളുകയും ചെയ്യുന്ന നാടുകളിൽ ഓരോ മണിക്കൂറിലും-അല്ല, ഓരോ മിനുട്ടിലും സെക്കന്റിലും തന്നെ-നടക്കുന്നത്ര കുറ്റങ്ങളും അക്രമ പ്രവർത്തനങ്ങളും ഇസ്‌ലാമിന്റെ ശിക്ഷാ നിയമങ്ങൾ അനുഷ്ഠിക്കുന്ന നാടുകളിൽ കൊല്ലക്കണക്കിൽ പോലും സംഭവിക്കാറില്ലെന്നുള്ളത്(*) അനിഷേധ്യമായ ഒരു യാഥാർത്ഥ്യമത്രെ. മനുഷ്യൻ എത്ര പുരോഗമിച്ചാലും അവനെപ്പറ്റി അവനെക്കാൾ അറിയുന്നവൻ അല്ലാഹു തന്നെയാണല്ലോ. സമുദായം പുരോഗമിച്ചു സംസ്കാര സമ്പന്നമായിത്തീരുന്നതുവരെ മാത്രമേ ശിക്ഷാ നിയമങ്ങളുടെ ആവശ്യമുള്ളൂ, അതുകൊണ്ട് സ്ഥിരമായ ഒരു ശിക്ഷാ നിയമത്തിന്റെ ആവശ്യമില്ല എന്ന് ചിലർ പറയാറുണ്ട്. കുറ്റകൃത്യങ്ങൾ സംഭവിക്കുമ്പോഴല്ലാതെ ആ നിയമം നടപ്പിൽ വരുത്തേണ്ടുന്ന ആവശ്യമില്ലെന്നുള്ളത് ശരി തന്നെ. എന്നാലും വല്ലപ്പോഴും അത് സംഭവിക്കുന്ന പക്ഷം, അപ്പോൾ എടുക്കേണ്ടുന്ന നടപടി എന്താണെന്ന് നേരത്തെക്കൂട്ടി നിർണയിച്ചു രേഖപ്പെടുത്തി വെക്കാതെ അതിന് നിവൃത്തിയില്ലല്ലോ.

(*) അമേരിക്കയിൽ ഓരോ 39 മിനുട്ടിലും ഓരോ വധവും, ഓരോ 17 മിനുട്ടിലും ഓരോ ബലാൽസംഗവും, ഓരോ 41 സെക്കന്റിലും ഓരോ കാർമോഷണവും, ഓരോ 17 സെക്കന്റിലും ഓരോ കവർച്ചയും നടമാടുന്നതായി പ്രസിദ്ധ പത്രമായ ടൈംസിന്റെ ഒരു സ്ഥിതി വിവരക്കണക്ക് ഉദ്ധരിച്ചുകൊണ്ട് 1972 ഡിസംബർ മാസത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട ഒരു ലഘുലേഖയിൽ ഒരു റിപ്പോർട്ട് കാണുകയുണ്ടായി. അതേ സമയത്ത് കഴിഞ്ഞ ഒരു വർഷം ഞങ്ങളുടെ നാട്ടിൽ ഒരൊറ്റ കൊലപാതകവും ഉണ്ടായിട്ടില്ലെന്ന് സുഊദി അറേബ്യയിലെ അന്നത്തെ നീതിന്യായ മന്ത്രി പ്രസ്താവിച്ചതായി അൽമദീന പത്രത്തിൽനിന്ന് ഉദ്ധരിച്ചുകൊണ്ടുള്ള ഒരു ലഘുലേഖയിൽ പ്രസ്താവിച്ചിരിക്കുന്നു. 1979 ഒക്ടോബർ മാസത്തിൽ പുറത്തുവന്ന ഒരു മാസികയിൽ, 1979 ജൂലായ് ആഗസ്റ്റ് ലക്കം യങ് മുസ്‌ലിം ഡയ്ജസ്റ്റ് മാസികയിൽ നിന്ന് ഉദ്ധരിച്ചുകൊണ്ടുള്ള ഒരു ലേഖനത്തിൽ, പരിഷ്കൃത നിയമങ്ങൾ നടപ്പിലുള്ള

﴿44﴾ ഹേ, റസൂലേ, അവിശ്വാസത്തിൽ (പതിക്കുവാൻ) ധൃതികൂട്ടിക്കൊണ്ടിരിക്കുന്നവർ നിന്നെ വ്യസനിപ്പിക്കാതിരുന്നുകൊള്ളട്ടെ, (അതെ) തങ്ങളുടെ വായകൾകൊണ്ട് 'ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു'വെന്ന് പറയുകയും, തങ്ങളുടെ ഹൃദയങ്ങൾ വിശ്വസിക്കാതിരിക്കുകയും ചെയ്തവരിൽ നിന്നും; യഹൂദരായിട്ടുള്ളവരിൽ നിന്നും (അവിശ്വാസത്തിൽ പതിക്കുവാൻ ധൃതികൂട്ടുന്നവർ).

۞ يَـٰٓأَيُّهَا ٱلرَّسُولُ لَا يَحْزُنكَ ٱلَّذِينَ يُسَـٰرِعُونَ فِى ٱلْكُفْرِ مِنَ ٱلَّذِينَ قَالُوٓا۟ ءَامَنَّا بِأَفْوَٰهِهِمْ وَلَمْ تُؤْمِن قُلُوبُهُمْ ۛ وَمِنَ ٱلَّذِينَ هَادُوا۟ ۛ

രാഷ്ട്രങ്ങളായി കരുതപ്പെടുന്ന കാനഡ, പശ്ചിമ ജർമനി, ഫ്രാൻസ്, എന്നീ രാജ്യങ്ങളിൽ ഓരോ പത്ത് ലക്ഷം ആളുകളിൽ (ക്രമപ്രകാരം) 75,000വും 43,000വും 32,000വും കുറ്റവാളികൾ ഉള്ളപ്പോൾ, സുഊദി അറേബ്യയിൽ പത്തു ലക്ഷത്തിൽ 22 പേർ മാത്രമാണ് കുറ്റവാളികളുള്ളതെന്നും പ്രസ്താവിച്ചിരിക്കുന്നു.

1979 ഡിസംബർ മാസത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട 'റാബിത്വത്തുൽ ആലമിൽ ഇസ്‌ലാമി' മാസികയുടെ ഒരു വിശേഷാൽ പതിപ്പിൽ സുഊദി ഗവർമെണ്ടിന്റെ അഭ്യന്തരമന്ത്രി നായിഫുബ്നു അബ്ദിൽ അസീസിന്റെ ഒരു പ്രസംഗം ഉദ്ധരിച്ചതിന്റെ പ്രസക്തഭാഗം ഇങ്ങിനെ സംഗ്രഹിക്കാം: 'ഞങ്ങളുടെ രാജ്യത്ത് വ്യഭിചാരം, കളവ്, മദ്യപാനം, കൊല മുതലായവ തെളിഞ്ഞാൽ ഞങ്ങൾ, അടി, കൈമുറിക്കൽ, കല്ലേറുപോലെയുള്ള ഇസ്‌ലാമിലെ ശിക്ഷ നൽകുന്നുവെന്ന് നിങ്ങൾക്കറിയാം. പക്ഷേ, ഞാൻ നിങ്ങളോടു ഉറപ്പിച്ചു പറയുന്നു: ഈ രാഷ്ട്രത്തിൽ കൊല്ലങ്ങളോളം തന്നെ വ്യഭിചാരക്കുറ്റം ഉണ്ടായതായി രേഖപ്പെടാറില്ല. ഒന്നോ രണ്ടോ കൊല്ലം കൂടുമ്പോൾ മാത്രം ഒന്ന് അല്ലെങ്കിൽ രണ്ട് മോഷണം ഉണ്ടായെന്നു വരും. അതേ സമയത്ത് പരിഷ്കൃത രാഷ്ട്രങ്ങളിൽ ധനത്തിനുവേണ്ടി, സമാധാന സംരക്ഷകരായ ആളുകളോട് (പോലീസിനോടും പട്ടാളത്തോടും) ഏറ്റു മുട്ടിയ കാരണത്താൽ കൈ മുറിഞ്ഞവരുടെയും, അംഗഭംഗം വന്നവരുടെയും കണക്കെടുക്കുന്ന പക്ഷം, ഞങ്ങളുടെ നാട്ടിൽ ശിക്ഷാനിയമ പ്രകാരം കൈമുറിഞ്ഞവരുടെ എത്രയോ ഇരട്ടികളായിരിക്കും ആ സംഖ്യ. അല്ലാഹുവിനു സ്തുതി!.

1981 മാർച്ച് 25ലെ ഒരു ദിനപത്രത്തിൽ കണ്ട ഒരു റിപ്പോർട്ടിൽ വായിച്ചതിന്റെ ചുരുക്കം കൂടി ഉദ്ധരിക്കാം: അമേരിക്കയിൽ 30 സെക്കന്റിൽ ഓരോ കൊലപാതകവും, 3 സെക്കന്റിൽ ഓരോ കവർച്ചയും കഴിഞ്ഞ വർഷത്തിൽ നടന്നു. അവിടെ പ്രതിവർഷം പത്തു ലക്ഷം തോക്കുകൾ വിൽക്കപ്പെടുന്നു. യു.എസ്. ഫെഡറൽ അന്വേഷണ ബ്യൂറോ വെളിപ്പെടുത്തിയതാണിത്. പ്രസിദ്ധ 'ടൈം' വാരികയുടെ ഒരു സർവ്വേ വിവരം 1-4-81ലെ മലയാള മനോരമ ദിനപ്പത്രം ഉദ്ധരിച്ചതിൽ 24 മിനുട്ടിൽ ഒരു കൊലയും 10 സെക്കന്റിൽ ഒരു കൊള്ളയും 7 മിനുട്ടിൽ ഒരു സ്ത്രീ ബലാൽക്കാരവും അമേരിക്കയിൽ നടന്നു വരുന്നതായി ഉദ്ധരിച്ചിരിക്കുന്നു. അവസാനം പത്രം പറയുന്നു: 'ഏറ്റവും പരിഷ്കൃത രാജ്യം. പക്ഷേ, കുറ്റകൃത്യങ്ങളുടെ പറുദീസ; അതാണ് ഇന്ന് അമേരിക്ക'.

سَمَّٰعُونَ لِلۡكَذِبِ سَمَّٰعُونَ لِقَوۡمٍ ءَاخَرِينَ لَمۡ يَأۡتُوكَۖ

വ്യാജത്തിലേക്ക് ചെവികൊടുത്തുകൊണ്ടിരിക്കുന്നവർ! നിന്റെ അടുക്കൽ വന്നിട്ടില്ലാത്ത വേറെ ചില ജനങ്ങളിലേക്ക് ചെവികൊടുത്തുകൊണ്ടിരിക്കുന്നവർ!

يُحَرِّفُونَ ٱلۡكَلِمَ مِنۢ بَعۡدِ مَوَاضِعِهِۦۖ يَقُولُونَ إِنۡ أُوتِيتُمۡ هَٰذَا فَخُذُوهُ وَإِن لَّمۡ تُؤۡتَوۡهُ فَٱحۡذَرُواْۚ

വാക്കുകളെ അതിന്റെ സ്ഥാന (നിർണയ)ങ്ങൾക്ക് ശേഷം അവർ മാറ്റം വരുത്തുന്നു. അവർ പറയുന്നു: 'നിങ്ങൾക്ക് ഇത് [ഈ മാറ്റം വരുത്തിയത്] നൽകപ്പെട്ടെങ്കിൽ നിങ്ങളത് സ്വീകരിച്ചുകൊള്ളുവിൻ; ഇത് നൽകപ്പെട്ടില്ലെങ്കിൽ നിങ്ങൾ കാത്തുകൊള്ളുകയും ചെയ്യുക.

وَمَن يُرِدِ ٱللَّهُ فِتۡنَتَهُۥ فَلَن تَمۡلِكَ لَهُۥ مِنَ ٱللَّهِ شَيۡـًٔاۚ

ഏതൊരുവനെ അല്ലാഹു പരീക്ഷണത്തിന് ഉദ്ദേശിക്കുന്നുവോ, അവന് വേണ്ടി അല്ലാഹുവിങ്കൽ നിന്ന് യാതൊന്നും (തന്നെ) നീ സ്വാധീനമാക്കുകയില്ല തന്നെ.

أُوْلَٰٓئِكَ ٱلَّذِينَ لَمۡ يُرِدِ ٱللَّهُ أَن يُطَهِّرَ قُلُوبَهُمۡۚ لَهُمۡ فِي ٱلدُّنۡيَا خِزۡيٌۖ

അക്കൂട്ടർ-അവരുടെ ഹൃദയങ്ങളെ ശുദ്ധീകരിക്കുവാൻ അല്ലാഹു ഉദ്ദേശിച്ചിട്ടില്ലാത്തവരത്രെ. അവർക്ക് ഇഹത്തിൽ അപമാനമുണ്ടായിരിക്കും.

وَلَهُمۡ فِي ٱلۡأٓخِرَةِ عَذَابٌ عَظِيمٞ ﴿٤١﴾

അവർക്ക് പരലോകത്തിൽ വമ്പിച്ച ശിക്ഷയുമുണ്ടായിരിക്കും.

﴾44﴿ يَٰٓأَيُّهَا ٱلرَّسُولُ ഹേ റസൂലേ لَا يَحۡزُنكَ നിന്നെ വ്യസനിപ്പിക്കാതിരിക്കട്ടെ, വ്യസനിപ്പിക്കരുത് ٱلَّذِينَ യാതൊരു കൂട്ടർ يُسَٰرِعُونَ ധൃതികൂട്ടുന്ന, ബദ്ധപ്പാടു കാണിച്ചു വരുന്ന فِي ٱلۡكُفۡرِ അവിശ്വാസത്തിൽ(പതിക്കുവാൻ) مِنَ ٱلَّذِينَ യാതൊരുത്തരിൽ നിന്ന് قَالُوٓاْ പറഞ്ഞ ءَامَنَّا ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു بِأَفۡوَٰهِهِمۡ അവരുടെ വായകൾ കൊണ്ട്

وَلَمْ تُؤْمِن വിശ്വസിച്ചിട്ടുമില്ല قُلُوبُهُمْ അവരുടെ ഹൃദയങ്ങൾ وَمِنَ ٱلَّذِينَ യാതൊരുവ
രിൽ നിന്നും هَادُوا യഹൂദികളായ سَمَّٰعُونَ അധികം കേൾക്കുന്നവർ, ചെവി
കൊടുത്തു കൊണ്ടിരിക്കുന്നവർ لِلْكَذِبِ വ്യാജത്തിന്, കളവിലേക്ക്, വ്യാജത്തിനുവേണ്ടി
سَمَّٰعُونَ കേൾക്കുന്ന (ചെവികൊടുക്കുന്ന)വർ لِقَوْمٍ ഒരു ജനതയെ, ജനങ്ങളിലേ
ക്ക്, ജനതക്കുവേണ്ടി ءَاخَرِينَ വേറെയുള്ള, മറ്റു لَمْ يَأْتُوكَ അവർ നിന്റെ അടുക്കൽ
വന്നിട്ടില്ല يُحَرِّفُونَ അവർ മാറ്റം വരുത്തുന്നു ٱلْكَلِمَ വാക്കുകളെ مِنۢ بَعْدِ ശേഷം مَوَاضِعِهِۦ
അതിന്റെ സ്ഥാനങ്ങൾക്ക് يَقُولُونَ അവർ പറയും إِنْ أُوتِيتُمْ നിങ്ങൾക്ക് നൽകപ്പെ
ട്ടുവെങ്കിൽ هَٰذَا ഇത് فَخُذُوهُ എന്നാലത് നിങ്ങൾ സ്വീകരിക്കുവിൻ, എടുക്കുവിൻ
وَإِن لَّمْ تُؤْتَوْهُ ഇത് നിങ്ങൾക്ക് നൽകപ്പെട്ടില്ലെങ്കിലോ فَٱحْذَرُوا۟ നിങ്ങൾ കാത്തു (ജാഗ്രത
വെച്ചു) കൊള്ളുവിൻ وَمَن ആർ, ഏതൊരുവൻ يُرِدِ ٱللَّهُ അല്ലാഹു ഉദ്ദേശിക്കുന്നതായാൽ
فِتْنَتَهُۥ അവനെ പരീക്ഷണത്തിന്, കുഴപ്പത്തിന് فَلَن تَمْلِكَ എന്നാൽ നീ സ്വാധീനമാക്കുക
(നിനക്ക് കഴിയുക)യേ ഇല്ല لَهُۥ അവന് വേണ്ടി مِنَ ٱللَّهِ അല്ലാഹുവിൽ നിന്ന്
شَيْـًٔا യാതൊന്നും, ഒരു കാര്യത്തിനും أُو۟لَٰٓئِكَ അക്കൂട്ടർ ٱلَّذِينَ യാതൊരുവരത്രെ
لَمْ يُرِدِ ٱللَّهُ അല്ലാഹു ഉദ്ദേശിച്ചിട്ടില്ല أَن يُطَهِّرَ അവൻ ശുദ്ധിയാക്കുവാൻ قُلُوبَهُمْ അവ
രുടെ ഹൃദയങ്ങളെ لَهُمْ അവർക്കുണ്ട് فِى ٱلدُّنْيَا ഇഹത്തിൽ خِزْىٌ അപമാനം, എളിമ
وَلَهُمْ അവർക്കുണ്ട്താനും فِى ٱلْءَاخِرَةِ പരലോകത്തിൽ عَذَابٌ ശിക്ഷ عَظِيمٌ വമ്പിച്ച

سَمَّٰعُونَ لِلْكَذِبِ أَكَّٰلُونَ لِلسُّحْتِ ۚ فَإِن جَآءُوكَ فَٱحْكُم بَيْنَهُمْ أَوْ أَعْرِضْ عَنْهُمْ ۖ وَإِن تُعْرِضْ عَنْهُمْ فَلَن يَضُرُّوكَ شَيْـًٔا ۖ

وَإِنْ حَكَمْتَ فَٱحْكُم بَيْنَهُم بِٱلْقِسْطِ ۚ إِنَّ ٱللَّهَ يُحِبُّ ٱلْمُقْسِطِينَ ﴿٤٥﴾

《45》 വ്യാജത്തിന് ചെവികൊടുത്തുകൊണ്ടിരിക്കുന്നവർ! നിഷിദ്ധ (ധന)ത്തെ തിന്നുകൊണ്ടിരിക്കുന്നവർ! എന്നാൽ, അവർ നിന്റെ അടുക്കൽ വരുന്ന പക്ഷം, നീ അവർക്കിടയിൽ വിധിച്ചു കൊള്ളുക, അല്ലെങ്കിൽ അവരിൽ നിന്ന് തിരിഞ്ഞു കളയുക, നീ അവരിൽ നിന്ന്തിരിഞ്ഞു കളയുന്ന പക്ഷം, അവർ നിനക്ക് യാതൊരു ഉപദ്രവവും വരുത്തുന്നതേയല്ല.

നീ വിധിക്കുകയാണെങ്കിലോ, നീതി മുറയനുസരിച്ചു അവർക്കിടയിൽ നീ വിധിക്കുകയും ചെയ്യുക. നിശ്ചയമായും, നീതിമുറ പാലിക്കുന്നവരെ അല്ലാഹു സ്നേഹിക്കുന്നതാണ്.

《45》 سَمَّٰعُونَ (ധാരാളം) കേൾക്കുന്നവർ, ചെവി കൊടുക്കുന്നവർ لِلْكَذِبِ വ്യാജ
ത്തിന്, വ്യാജത്തിനു വേണ്ടി أَكَّٰلُونَ തീറ്റക്കാർ, തിന്നുകൊണ്ടിരിക്കുന്നവർ لِلسُّحْتِ

ഹറാമിനെ, നിഷിദ്ധത്തെ فَإِن جَآءُوكَ എന്നാലവർ നിന്റെ അടുക്കൽ വന്നെങ്കിൽ فَٱحۡكُم എന്നാൽ നീ വിധിക്കുക بَيۡنَهُمۡ അവർക്കിടയിൽ أَوۡ أَعۡرِضۡ അല്ലെങ്കിൽ, നീ തിരിഞ്ഞു കളയുക, അവഗണിക്കുക عَنۡهُمۡ അവരിൽ നിന്ന്, അവരെപ്പറ്റി وَإِن تُعۡرِضۡ നീ തിരിഞ്ഞു കളയുന്ന പക്ഷം عَنۡهُمۡ അവരിൽ നിന്ന് فَلَن يَضُرُّوكَ അവർ നിനക്ക് ഉപദ്രവം വരുത്തുന്നതേയല്ല, നിന്നെ ഉപദ്രവിക്കയില്ലതന്നെ شَيۡـٔٗا യാതൊന്നും وَإِنۡ حَكَمۡتَ നീ വിധിച്ചുവെങ്കിലോ فَٱحۡكُم بَيۡنَهُم എന്നാലവർക്കിടയിൽ നീ വിധിക്കുക بِٱلۡقِسۡطِ നീതി മുറയനുസരിച്ച്, നീതികൊണ്ട് إِنَّ ٱللَّهَ നിശ്ചയമായും അല്ലാഹു يُحِبُّ അവൻ സ്നേഹിക്കുന്നു, ഇഷ്ടപ്പെടും ٱلۡمُقۡسِطِينَ നീതിമുറ പാലിക്കുന്നവരെ

وَكَيۡفَ يُحَكِّمُونَكَ وَعِندَهُمُ ٱلتَّوۡرَىٰةُ فِيهَا حُكۡمُ ٱللَّهِ ثُمَّ يَتَوَلَّوۡنَ مِنۢ بَعۡدِ ذَٰلِكَۚ وَمَآ أُوْلَـٰٓئِكَ بِٱلۡمُؤۡمِنِينَ ﴿٤٦﴾

﴿46﴾ നിന്നെ എങ്ങിനെ അവർ വിധികർത്താവാക്കും - അവരുടെ പക്കൽ തൗറാത്തുണ്ടായിരിക്കെ?! (അതെ) അല്ലാഹുവിന്റെ വിധി അതിലുണ്ട്; പിന്നെ(യും) അതിനുശേഷം അവർ തിരിഞ്ഞു പോകുന്നു (എന്നിരിക്കെ)!

അക്കൂട്ടർ, വിശ്വാസികളേ അല്ല.

﴿46﴾ وَكَيۡفَ എങ്ങിനെ يُحَكِّمُونَكَ നിന്നെ അവർ വിധികർത്താവാക്കും وَعِندَهُمُ അവരുടെ പക്കലിരിക്കെ, അവരുടെ അടുക്കലുണ്ടല്ലോ ٱلتَّوۡرَىٰةُ തൗറാത്ത് فِيهَا അതിലുണ്ട് حُكۡمُ ٱللَّهِ അല്ലാഹുവിന്റെ വിധി ثُمَّ يَتَوَلَّوۡنَ പിന്നെ അവർ തിരിഞ്ഞു പോകുന്നു مِنۢ بَعۡدِ ذَٰلِكَ അതിനു ശേഷം وَمَآ أُوْلَـٰٓئِكَ അക്കൂട്ടരല്ല بِٱلۡمُؤۡمِنِينَ വിശ്വാസികൾ

തന്നിഷ്ടത്തിനും, കാര്യലാഭങ്ങൾക്കുംവേണ്ടി അല്ലാഹുവിന്റെയും റസൂലിന്റെയും കൽപനകളെ ധിക്കരിച്ചും, മതനിയമങ്ങളെ മാറ്റിമറിച്ചും വരുന്ന യഹൂദികളും, അവരുടെ ചാരന്മാരും അനുഭാവികളുമായി വർത്തിക്കുന്ന കപടവിശ്വാസികളും അവിശ്വാസത്തിന്റെ അഗാധതയിലേക്ക് ദ്രുതഗമനം ചെയ്തും കൊണ്ടിരിക്കുകയാണ്. അതു കണ്ട് നബി ﷺ വ്യസനിക്കേണ്ടതില്ല. അവരെകൊണ്ടുള്ള ശല്യം അല്ലാഹു തീർത്തു തരുന്നതാണ് എന്ന് അല്ലാഹു നബി ﷺയെ സമാധാനിപ്പിക്കുന്നു. ഈ വചനങ്ങളുടെ അവതരണത്തിന് ആസ്പദമായ ഒരു സംഭവം ബുഖാരീ, മുസ്‌ലിം (റ) മുതലായവർ ഒന്നിലധികം മാർഗങ്ങളിൽ കൂടി ഉദ്ധരിച്ചിരിക്കുന്നു. ഈ വചനങ്ങളിലെ ഉള്ളടക്കം ഗ്രഹിക്കുവാൻ ഉതകുന്ന ആ സംഭവം ഇതാണ്:-

'യഹൂദികളിൽ ഒരു പുരുഷനും സ്ത്രീയും വ്യഭിചാരം ചെയ്തു. വ്യഭിചാരം ചെയ്തവരെ എറിഞ്ഞുകൊല്ലുവാനാണ് തൗറാത്തിലെ വിധി എങ്കിലും ആ വിധിക്കു പകരം അവർ മറ്റൊരു വിധി നിർമിച്ചു നടപ്പിൽവരുത്തുകയാണ് ചെയ്തിരുന്നത്. ചമ്മട്ടി കൊണ്ട് അടിക്കുക, മുഖത്തു ചൂടു കുത്തുക (തീ പൊള്ളിക്കുക), കഴുതപ്പുറത്ത് തിരിച്ചിരുത്തി അങ്ങാടി ചുറ്റിച്ചു അപമാനിക്കുക എന്നൊക്കെയാണ്. ഈ രണ്ടാളെപ്പറ്റി എന്ത് ശിക്ഷ

കൈക്കൊള്ളണമെന്ന് തീരുമാനിക്കുവാൻ അവർ നബി ﷺയുടെ അടുക്കലേക്കു ആള യച്ചു. അനുകൂലമായ വിധി കിട്ടിയാൽ അതു സ്വീകരിക്കാം. ഒരു പ്രവാചകന്റെ വിധി കിട്ടിയെന്ന് തൃപ്തി അടയുകയും ചെയ്യാം. ഇല്ലാത്തപക്ഷം, നബി ﷺയുടെ വിധി തങ്ങൾക്ക് ബാധകമല്ലെന്ന് പറഞ്ഞു തള്ളിക്കളയുകയും ചെയ്യാം. ഇതായിരുന്നു അവരുടെ ലക്ഷ്യം. തൗറാത്തിന്റെ നിയമമനുസരിച്ച് എറിഞ്ഞു കൊല്ലുവാൻ തന്നെയാണ് നബി ﷺ വിധിച്ചത്. തൗറാത്തിൽ അങ്ങിനെ വിധിയില്ലെന്ന് യഹൂദികൾ വാദിച്ചു. ഉണ്ടെന്നു അബ്ദുല്ലാഹിബ്നുസലാമും (റ) പറഞ്ഞു. അദ്ദേഹം മുമ്പ് യഹൂദ പണ്ഡിതനായിരുന്നുവല്ലോ. തിരുമേനി ﷺ അവരോട് തൗറാത്ത് കൊണ്ടു വരുവാൻ കല്പിച്ചു. അവരുടെ കൂട്ടത്തിൽ ഏറ്റവും വലിയ പണ്ഡിതനായിരുന്ന ഒരാൾ-ഇബ്നുസ്വൂരിയാ-തൗറാത്തെടുത്തു ആ വിഷയത്തെ സംബന്ധിച്ച ഭാഗം വായിച്ചു. ഇടക്ക് ഒരു സ്ഥലത്തെത്തിയപ്പോൾ അവൻ അവിടെ കൈവെച്ച് അതിനപ്പുറം വായിക്കുകയായി. തിരുമേനി അവനോട് കൈപൊക്കുവാൻ ആവശ്യപ്പെട്ടു. നോക്കുമ്പോൾ എറിഞ്ഞു കൊല്ലുവാൻ കൽപിക്കുന്ന സൂക്തമായിരുന്നു അത്.(*) അങ്ങനെ, തൗറാത്തിന്റെ നിയമമനുസരിച്ചു ആ പുരുഷനെയും സ്ത്രീയെയും എറിഞ്ഞുകൊന്നു'. ചില രിവായത്തുകളിൽ ഇങ്ങിനെയും കൂടിയുണ്ട്: 'തൗറാത്തിലെ വിധി തങ്ങൾ പറയും പ്രകാരമാണെന്നു പറഞ്ഞപ്പോൾ, കൂട്ടത്തിൽ മൗനമവലംബിച്ചു നിന്നിരുന്ന ഒരാളോട് അല്ലാഹുവിനെ മുൻനിറുത്തി സത്യം തുറന്നു പറയുവാൻ നബി ﷺ ആവശ്യപ്പെട്ടു. അങ്ങനെ, അയാൾ സത്യം തുറന്നു പറഞ്ഞു. എറിഞ്ഞു കൊല്ലണമെന്ന് തൗറാത്തിലുണ്ടെന്നും, കുലീന കുടുംബത്തിൽപെട്ട ചിലർക്കുവേണ്ടി ഞങ്ങൾ അതിൽ വിട്ടുവീഴ്ചചെയ്യുകയും, ക്രമേണ അതൊരു അംഗീകൃത നടപടിയായി സ്വീകരിക്കയുമാണ് ഉണ്ടായിട്ടുള്ളതെന്നും അയാൾ വ്യക്തമാക്കി'. ഇതാണാ സംഭവം.

ഉന്നത വർഗത്തിൽ പെട്ടവർ കൊലക്കുറ്റം ചെയ്താൽ പ്രതികാര നടപടിയിൽ ഇളവനുവദിച്ചുകൊണ്ടും, സാധാരണക്കാർ കൊലചെയ്താൽ പൂർണമായ നടപടി സ്വീകരിച്ചുകൊണ്ടും തീരുമാനമെടുക്കലും യഹൂദികളുടെ പതിവായിരുന്നുവെന്നും, ഒരു സംഭവത്തിൽ കക്ഷികൾ തമ്മിലുണ്ടായ വഴക്കിനെത്തുടർന്നു അവർ നബി ﷺ യുടെ തീരുമാനത്തിന് വെക്കുവാൻ നിശ്ചയിച്ചുവെന്നും, ആ സന്ദർഭത്തിലാണ് ഈ വചനങ്ങൾ അവതരിച്ചതെന്നും വേറെ ചില ഹദീഥുകളിലും വന്നിരിക്കുന്നു. 48-ാം വചനത്തിലെ ഉള്ളടക്കം ഇതിനോട് കൂടുതൽ യോജിക്കുന്നതായും ചൂണ്ടിക്കാട്ടപ്പെടുന്നു. ഇബ്നു കഥീർ (റ) പ്രസ്താവിച്ചതുപോലെ, ഒന്നിലധികം സംഭവങ്ങളെ തുടർന്ന് അവതരിച്ചതാകുന്നതിനും വിരോധമില്ലല്ലോ. الله اعلم

سَمَّٰعُونَ لِلْكَذِبِ എന്ന വാക്കിന് പരിഭാഷയിൽ കണ്ടതുപോലെ, 'വ്യാജത്തിലേക്കു ചെവികൊടുക്കുന്നവർ' എന്നും 'വ്യാജത്തിനുവേണ്ടി ചെവി കൊടുക്കുന്നവർ' എന്നും അർത്ഥം വരാം. കള്ളവാർത്തകൾ കേൾക്കുകയും, പ്രചരിപ്പിക്കുകയും ചെയ്യുന്നതിൽ അവർക്ക് വലിയ താൽപര്യമാണെന്നായിരിക്കും ആദ്യത്തെ അർത്ഥപ്രകാരം അതിന്റെ സാരം. രണ്ടാമത്തെ അർത്ഥപ്രകാരം എന്തെങ്കിലും ഹേതു കിട്ടി കളവ്

(*) ആവർത്തന പുസ്തകം അധ്യായം 22; സൂക്തം 21-26 ബൈബ്ളിൽ ഈ നിയമം ഇന്നും കാണാവുന്നതാണ്.

പറഞ്ഞു പരത്തുവാൻ വേണ്ടിയാണവർ നബി ﷺയുടെ അടുക്കൽ വന്നു വല്ലതും കേൾക്കുന്നത് എന്നും സാരമായിരിക്കും. سَمَّٰعُونَ لِقَوۡمٍ ءَاخَرِينَ എന്ന വാക്കിനും അതുപോലെ, 'മറ്റൊരു ജനതയിലേക്ക് ചെവി കൊടുക്കുന്നവർ' എന്നും, 'മറ്റൊരു ജനതക്കുവേണ്ടി ചെവികൊടുക്കുന്നവർ' എന്നും അർത്ഥം ആകാവുന്നതാണ്. നബി ﷺയുടെ വാക്കുകളിലേക്കല്ല-മറ്റൊരു കൂട്ടരുടെ വാക്കുകളിലേക്കാണ്-അവരുടെ ശ്രദ്ധ എന്ന് ഒന്നാമത്തേതിനും, മറ്റൊരു ജനതയുടെ ആവശ്യാർത്ഥമാണ്-അവർക്ക് ആരോപണങ്ങൾ ഉന്നയിക്കുവാൻ വല്ല പഴുതും ഉണ്ടാക്കിക്കൊടുക്കുവാൻ വേണ്ടിയാണ്-അവർ നബി ﷺയുടെ അടുക്കൽ ചെന്നു ചെവിയോർക്കുന്നത് എന്ന് രണ്ടാമത്തേതിനും സാരം നൽകപ്പെടുന്നു. ക്വുർആൻ വ്യാഖ്യാതാക്കളിൽ രണ്ടർത്ഥങ്ങളും സ്വീകരിച്ചവരുണ്ട്. 'മറ്റൊരു ജനത' കൊണ്ടുദ്ദേശ്യം, അഹങ്കാരം നിമിത്തം നബിﷺയുടെ അടുക്കൽ വരാതെ അകലെ നിന്ന് കുത്തിത്തിരിപ്പു നടത്തുന്ന യഹൂദികളാകുന്നു. ഇതു സൂചിപ്പിച്ചുകൊണ്ടാണ് لَمۡ يَأۡتُوكَ (നിന്റെ അടുക്കൽ വന്നിട്ടില്ലാത്ത) എന്ന് അവരെ വിശേഷിപ്പിച്ചത്. 'ചെവി കൊടുക്കുന്നവർ' എന്ന് മാത്രമല്ല, ചെവി കൊടുക്കൽ പതിവാക്കിയവർ, താൽപര്യപൂർവ്വം കേൾക്കാറുള്ളവർ' എന്നിങ്ങനെയുള്ള അർത്ഥം കൂടി അന്തർഭവിച്ചിട്ടുള്ളതാണ് سَمَّٰعُونَ (സമ്മാഊന) എന്ന വാക്കിന്റെ രൂപം. അതു പോലെത്തന്നെയാണ് أَكَّٰلُونَ (അക്കാലൂന) എന്ന വാക്കും. തീറ്റക്കാർ, അധികമായി തിന്നുന്നവർ, തിന്നൽ പതിവാക്കിയവർ എന്നിങ്ങിനെയുള്ള അർത്ഥങ്ങൾ അതിലും അടങ്ങിയിരിക്കുന്നു. (*) കള്ളാരോപണങ്ങളും ദുഷ്പ്രചരണങ്ങളും നടത്തുന്ന യഹൂദികളും, അവർക്കുവേണ്ടി ചാരവൃത്തി നടത്തുകയും അവരുടെ അപവാദങ്ങൾക്ക് വളം വെച്ചുകൊടുക്കുകയും ചെയ്യുന്ന കപടവിശ്വാസികളുമാണ് ഉദ്ദേശ്യം.

..يُحَرِّفُونَ ٱلۡكَلِمَ (വാക്കുകളുടെ സ്ഥാനങ്ങൾക്ക് ശേഷം അവർ മാറ്റം വരുത്തും) എന്നു പറഞ്ഞത് യഹൂദികളെക്കുറിച്ചാകുന്നു. ഇന്നിന്ന കാര്യങ്ങൾ ഇന്നിന്ന പ്രകാരമെന്ന് അല്ലാഹു വേദഗ്രന്ഥത്തിൽ നിർണയിച്ചു കഴിഞ്ഞിട്ട് പിന്നെയും അവയിൽ ചിലത് മൂടിവെക്കുകയും, ചിലതിന്റെ അർത്ഥവും സന്ദർഭവും മാറ്റുകയും, ചിലത് ദുർവ്യാഖ്യാനം നടത്തുകയും ചെയ്യുന്ന അവരുടെ പതിവിനെയാണ് ഇത് കുറിക്കുന്നത്. ....إِنۡ أُوتِيتُمۡ هَٰذَا فَخُذُوهُ (നിങ്ങൾക്ക് ഇത് നൽകപ്പെട്ടെങ്കിൽ സ്വീകരിച്ചുകൊള്ളുക; ഇല്ലെങ്കിൽ കാത്തുകൊള്ളുക) എന്ന് പറഞ്ഞത്-മുകളിൽ ഉദ്ധരിച്ച സംഭവത്തിൽ കണ്ടതു പോലെ-അവരുടെ അഭീഷ്ടങ്ങൾക്ക് യോജിക്കുന്ന വല്ലതും നബി ﷺ പറഞ്ഞാൽ അത് സ്വീകരിക്കുന്നതിനെ ഉദ്ദേശിച്ചുമാകുന്നു. അവർ എത്രമാത്രം ദുഷിച്ചുപോയിട്ടുണ്ടെന്നും, അവരുടെ ഹൃദയം എത്രത്തോളം കടുത്തുപോയിട്ടുണ്ടെന്നും ഇതിൽ നിന്നൊക്കെ വ്യക്തമാണല്ലോ. ആകയാൽ, അവർ നന്നായിത്തീരുമെന്നോ, അവരുടെ ഹൃദയം ശുദ്ധമായിത്തീരുമെന്നോ പ്രതീക്ഷിക്കേണ്ടതില്ലെന്ന് നബി ﷺയെ അറിയിക്കുന്നതാണ്: 'ആരെയെങ്കിലും അല്ലാഹു പരീക്ഷണം നടത്തുവാൻ ഉദ്ദേശിക്കുന്ന പക്ഷം അല്ലാഹുവിങ്കൽ നിന്ന് അവർക്കുവേണ്ടി വല്ലതും ചെയ്വാൻ നിനക്ക് കഴിയു

(*) അറബി വ്യാകരണ ശാസ്ത്രത്തി (علم النحو)ൽ ഇങ്ങിനെയുള്ള വിശേഷണ നാമങ്ങൾക്കു اسماء المبالغة (ശക്തികൂട്ടിപ്പറയുന്ന നാമങ്ങൾ) എന്ന് സാങ്കേതികമായി പറയപ്പെടുന്നു.

ന്നതേയല്ല; ഹൃദയം ശുദ്ധിയാക്കുവാൻ അല്ലാഹു ഉദ്ദേശിച്ചിട്ടില്ലാത്ത ഒരു കൂട്ടരാണ വർ' എന്ന വാക്യം.

فتنة (ഫിത്നഃ) എന്ന വാക്കിനു 'കുഴപ്പം, പരീക്ഷണം, ശിക്ഷ, അപമാനം, ദുർമാർഗം, ഭ്രാന്ത്, ആപത്ത്' എന്നൊക്കെ സന്ദർഭോചിതം അർത്ഥം വരും. എന്നാൽ ഇമാം റാസീ (റ) ചൂണ്ടിക്കാട്ടിയതുപോലെ-ഇവിടെ വാക്കർത്ഥം എന്തുകൊടുത്താലും യഹൂദികളെപ്പറ്റി മേൽ പ്രസ്താവിച്ച ദുർന്നടപ്പുകളിലാണത് കലാശിക്കുന്നത്. അല്ലാഹു അവരെ ഫിത്നയാക്കുവാൻ ഉദ്ദേശിച്ചുവെന്നും അവരുടെ ഹൃദയം ശുദ്ധിയാക്കുവാൻ ഉദ്ദേശിച്ചിട്ടില്ല എന്നും അല്ലാഹു വ്യക്തമാക്കിയിരിക്കുകയാണ്. ഒരു യുക്തിതത്വമോ, മാനദണ്ഡമോ കൂടാതെ അല്ലാഹു ചിലരെ ദുർമാർഗത്തിലാക്കുമെന്നല്ല ഇതിന്റെ താൽപര്യം. നന്നായിത്തീരുവാനും ഹൃദയം ശുദ്ധമാകുവാനുമുള്ള ആഗ്രഹമോ പ്രവർത്തനമോ ഒന്നും തന്നെ ഇല്ലാത്തതുകൊണ്ട് അവരെ ശുദ്ധീകരിച്ചു നന്നാക്കാതെ അവരുടെ ദുർമാർഗത്തിൽ യഥേഷ്ടം വിഹരിച്ചുകൊള്ളുവാൻ അവരെ അല്ലാഹു വിട്ടിരിക്കുകയാണ് എന്നത്രെ അതിന്റെ താൽപര്യം. (3:86 മുതലായ വചനങ്ങൾ നോക്കുക) ഇഹത്തിൽ അവർക്ക് അപമാനവും പരത്തിൽ വമ്പിച്ച ശിക്ഷയും ഉണ്ട്. (لَهُمْ فِي الدُّنْيَا خِزْيٌ....) എന്ന് പറഞ്ഞതിന്റെ സാരം പ്രത്യേകം വിവരിക്കേണ്ടതില്ലല്ലോ. അവരെപ്പറ്റി ഇത്രയൊക്കെ പ്രസ്താവിച്ചിട്ടു പിന്നെയും അവർ വ്യാജത്തിന് ചെവി കൊടുത്തു വരുന്നവരാണ്, അവർ നിഷിദ്ധം തിന്നൽ പതിവാക്കിയവരാണ് (سَمَّاعُونَ لِلْكَذِبِ أَكَّالُونَ لِلسُّحْتِ....) എന്നു കൂടി അല്ലാഹു ആക്ഷേപിക്കുന്നു. അല്ലാഹുവിനു അവരോടുള്ള കഠിനമായ വെറുപ്പം അമർഷവുമാണിത് കാണിക്കുന്നത്. അവരുടെ കാര്യങ്ങൾ വ്യാജത്തിൽ അധിഷ്ഠിതമാണ്, അവരുടെ ഉപജീവന മാർഗമാണെങ്കിൽ മതവിധികളെ മാറ്റി മറിച്ചു കൊടുക്കുന്നതിന്റ പേരിൽ കൈക്കൂലിയും കോഴയും വാങ്ങുക പോലെയുള്ള നിഷിദ്ധ കൃത്യങ്ങളുമാണ്. പിന്നെ അവർ എങ്ങിനെ നന്നായിത്തീരുവാനാണ്?! എന്നിങ്ങിനെ ഒരു സൂചന അതിൽ അടങ്ങിയിരിക്കുന്നു.

ഏതായാലും വല്ല വിഷയത്തിലും അവർ വിധി തേടിക്കൊണ്ട് വന്നാൽ, അവർക്ക് വിധി കൊടുക്കുകയോ, കൊടുക്കാതിരിക്കുയോ ഇഷ്ടം പോലെ ചെയ്യാം; പക്ഷേ, വിധി കൊടുക്കുന്ന പക്ഷം അതു നീതിമുറയനുസരിച്ചേ കൊടുക്കാവൂ എന്ന് അല്ലാഹു നബി ﷺയെ ഉപദേശിക്കുന്നു. അവരുടെ പക്കൽ തൗറാത്തുണ്ട്; ആവശ്യമുള്ള കാര്യങ്ങളെക്കുറിച്ചുള്ള വിധികളും അതിലുണ്ട്; എന്നിട്ടും അതവർ അനുസരിക്കാതെ പുറം തള്ളുകയാണ് ചെയ്യുന്നത്; എന്നിരിക്കെ ചിലപ്പോഴൊക്കെ അവർ നബി ﷺയുടെ അടുക്കൽ വന്നു വിധി തേടുന്നത് എന്തിനാണ്?! ഇതു ഒരത്ഭുതം തന്നെയാണ് എന്നത്രെ 46-ാം വചനത്തിൽ പറഞ്ഞതിന്റെ സാരം. അതെ, അതവരുടെ സദുദ്ദേശ്യത്തിൽ നിന്നുണ്ടാകുന്നതല്ല; തങ്ങളുടെ ആഗ്രഹത്തിനൊത്ത വിധി കിട്ടിയെങ്കിലോ എന്നുള്ള ദുർമോഹമാണതിന്റെ പിന്നിലുള്ളത് എന്നു വ്യക്തമാണല്ലോ.

46-ാം വചനത്തെയും അതുപോലെയുള്ള വേറെ ചില വചനങ്ങളെയും ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് മുസ്‌ലിംകളെക്കൊണ്ട് ബൈബ്ളിനെ അംഗീകരിപ്പിക്കുവാൻ പാതിരിമാർ നടത്താറുള്ള ശ്രമങ്ങളെപ്പറ്റി 50-ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ വിവരിക്കാം. ان شاء الله

വിഭാഗം - 7

إِنَّآ أَنزَلْنَا ٱلتَّوْرَىٰةَ فِيهَا هُدًى وَنُورٌ ۚ

﴾47﴿ നിശ്ചയമായും, നാം തൗറാത്ത് അവതരിപ്പിച്ചിരിക്കുന്നു; അതിൽ മാർഗദർശനവും പ്രകാശവുമുണ്ട്.

يَحْكُمُ بِهَا ٱلنَّبِيُّونَ ٱلَّذِينَ أَسْلَمُوا۟ لِلَّذِينَ هَادُوا۟ وَٱلرَّبَّـٰنِيُّونَ وَٱلْأَحْبَارُ

(ഇസ്‌ലാമിനെ അംഗീകരിച്ചു) കീഴൊതുങ്ങിയവരായ പ്രവാചകന്മാർ യഹൂദരായുള്ളവർക്ക് അത് പ്രകാരം വിധിച്ചുകൊടുത്തിരുന്നു: 'റബ്ബാനീ' കളും [പുണ്യ പുരുഷന്മാരും], പണ്ഡിതന്മാരും (വിധിച്ചു കൊടുത്തിരുന്നു);

بِمَا ٱسْتُحْفِظُوا۟ مِن كِتَـٰبِ ٱللَّهِ وَكَانُوا۟ عَلَيْهِ شُهَدَآءَ ۚ فَلَا تَخْشَوُا۟ ٱلنَّاسَ وَٱخْشَوْنِ وَلَا تَشْتَرُوا۟ بِـَٔايَـٰتِى ثَمَنًا قَلِيلًا ۚ

(അതെ) അല്ലാഹുവിന്റെ ഗ്രന്ഥത്തെ സംബന്ധിച്ച് അവരോടു കാത്തു സൂക്ഷിക്കുവാൻ ഏൽപിക്കപ്പെട്ടതും, അതിന് അവർ സാക്ഷ്യം വഹിക്കുന്നവരായിരുന്നതും നിമിത്തം. [അതു കൊണ്ടാണ് അവർ അതു പ്രകാരം വിധിച്ചിരുന്നത്] ആകയാൽ, നിങ്ങൾ മനുഷ്യരെ പേടിക്കരുത്; എന്നെ നിങ്ങൾ പേടിക്കുകയും ചെയ്യണം; എന്റെ 'ആയത്തു' [ലക്ഷ്യം]കൾക്ക് നിങ്ങൾ തുച്ഛമായ വില വാങ്ങുകയും ചെയ്യരുത്.

وَمَن لَّمْ يَحْكُم بِمَآ أَنزَلَ ٱللَّهُ فَأُو۟لَـٰٓئِكَ هُمُ ٱلْكَـٰفِرُونَ ﴿٤٧﴾

ആർ അല്ലാഹു അവതരിപ്പിച്ചത് പ്രകാരം വിധിക്കുന്നില്ലയോ, അക്കൂട്ടർ തന്നെയാണ് അവിശ്വാസികൾ.

﴾47﴿ إِنَّآ أَنزَلْنَا നിശ്ചയമായും നാം അവതരിപ്പിച്ചു ٱلتَّوْرَىٰةَ തൗറാത്തിനെ فِيهَا هُدًى അതിലുണ്ട് മാർഗദർശനം وَنُورٌ പ്രകാശവും يَحْكُمُ بِهَا അതുകൊണ്ട് (അതുപ്രകാരം) വിധിച്ചിരുന്നു ٱلنَّبِيُّونَ നബി (പ്രവാചകൻ)മാർ ٱلَّذِينَ أَسْلَمُوا۟ ഇസ്‌ലാം അംഗീകരിച്ച (കീഴൊതുങ്ങിയ)വരായ لِلَّذِينَ هَادُوا۟ യഹൂദികളായവർക്ക് وَٱلرَّبَّـٰنِيُّونَ റബ്ബാനീകളും (പുണ്യവാന്മാരും, മതനേതാക്കളും) وَٱلْأَحْبَارُ പണ്ഡിതന്മാരും بِمَا ٱسْتُحْفِظُوا۟ അവർ സൂക്ഷിക്കു(കാക്കു)വാൻ ഏൽപിക്കപ്പെട്ടിരിക്കകൊണ്ട് مِن كِتَـٰبِ ٱللَّهِ അല്ലാഹുവിന്റെ

عَلَيۡهِ ഗ്രന്ഥത്തിൽ നിന്നും, ഗ്രന്ഥത്തെ സംബന്ധിച്ചു وَكَانُوا അവർ ആയിരിക്കുകയും
അതിന്, അതിന്റെ മേൽ شُهَدَآءَ സാക്ഷികൾ فَلَا تَخۡشَوُا അതിനാൽ നിങ്ങൾ പേടി
ക്കേണ്ട النَّاسَ മനുഷ്യരെ وَاخۡشَوۡنِ എന്നെ നിങ്ങൾ പേടിക്കുകയും ചെയ്‌വിൻ
وَلَا تَشۡتَرُوا നിങ്ങൾ വാങ്ങുകയും അരുത് بِـَٔايَٰتِي എന്റെ ആയത്തുകൾക്ക് ثَمَنًا قَلِيلًا
അൽപ(തുച്ഛ)വില وَمَن لَّمۡ يَحۡكُم ആർ വിധിച്ചില്ലയോ بِمَآ أَنزَلَ ٱللَّهُ അല്ലാഹു അവതരി
പ്പിച്ചതുകൊണ്ട്, അവതരിപ്പിച്ച പ്രകാരം فَأُوْلَٰٓئِكَ هُمُ എന്നാൽ അക്കൂട്ടർ തന്നെ ٱلۡكَٰفِرُونَ
അവിശ്വാസികൾ, നന്ദികെട്ടവർ

കഴിഞ്ഞ വചനത്തിലെ പ്രതിപാദ്യ വിഷയങ്ങളുമായി ബന്ധപ്പെട്ടത് തന്നെയാണ് ഈ വചനവും അടുത്ത ചില വചനങ്ങളും തൗറാത്തിന്റെ അനുയായികളെന്ന് വാദിക്കുന്ന ആ ജനതയുടെ-യഹൂദികളുടെ-സ്ഥിതിഗതികൾ മുമ്പ് വിവരിച്ചതു പോലെയാണ്. എന്നാൽ, ആ ഗ്രന്ഥം അല്ലാഹു അവതരിപ്പിച്ചതാണ്. ജനങ്ങൾക്ക് സന്മാർഗം പ്രാപിക്കുവാനാവശ്യമായ മാർഗദർശനങ്ങളും, അജ്ഞാനാന്ധകാരങ്ങളിൽനിന്ന് മോചനം നൽകുവാനുള്ള പ്രകാശവും ഉൾക്കൊള്ളുന്നതാണത്. അല്ലാഹുവിങ്കൽ നിന്നുള്ള ഏക മതമായ ഇസ്‌ലാമിന്റെ അനുയായികളെന്ന നിലക്ക് അവന്റെ നിയമ നിർദ്ദേശങ്ങൾക്കു കീഴൊതുങ്ങിക്കൊണ്ടിരിക്കുന്ന പല പ്രവാചകന്മാരും, അതത് കാലങ്ങളിലെ മത നേതാക്കളും പുണ്യവാന്മാരുമായിരുന്ന 'റബ്ബാനീ'കളും, പണ്ഡിതന്മാരുമൊക്കെ അതിലെ നിയമങ്ങളനുസരിച്ചു അവർക്കിടയിൽ വളരെക്കാലം വിധി നടത്തിപ്പോന്നിട്ടുമുണ്ട്. വേദഗ്രന്ഥത്തിന്റെ സംരക്ഷണവും, അതിന്റെ പ്രബോധന കൃത്യവും ഏൽപിക്കപ്പെട്ടവരായിരുന്നു അവർ. അതിന്റെ സത്യതക്കും പരിശുദ്ധതക്കും അവർ സാക്ഷികളുമായിരുന്നു. അതുകൊണ്ട് അവർ ആ ചുമതല നിർവ്വഹിച്ചുപോന്നു. ഈ പാരമ്പര്യം നിലനിറുത്തേണ്ടുന്നവരാണ് യഹൂദികൾ എന്നൊക്കെയാണ് ഈ വചനത്തിലെ ആദ്യഭാഗത്തിന്റെ സാരം.

'ആകയാൽ, നിങ്ങൾ ജനങ്ങളെ പേടിക്കേണ്ട, എന്നെ നിങ്ങൾ പേടിക്കുകയും വേണം' (فَلَا تَخۡشَوُاْ ٱلنَّاسَ .....) എന്ന വാക്യം യഹൂദികളെയും സത്യവിശ്വാസികളെയും അഭിമുഖീകരിച്ചു കൊണ്ടുള്ളതാണ്. ജനങ്ങളെ ഭയന്നുകൊണ്ട്- ജനാനുകൂല്യം നഷ്ടപ്പെടുമെന്ന് പേടിച്ചുകൊണ്ട്-അല്ലാഹുവിന്റെ നിയമങ്ങൾ മാറ്റിമറിക്കലും അത് ഒരു വരുമാന മാർഗമായി സ്വീകരിക്കലും നിറുത്തൽ ചെയ്യണമെന്ന ഒരു സൂചന, യഹൂദികളെ സംബന്ധിച്ചിടത്തോളം ഈ വാക്യത്തിൽ അടങ്ങിയിരിക്കുന്നു. യഹൂദികളുടെ അത്തരം ദുഃസ്വഭാവങ്ങൾ നിങ്ങളിൽ ഉണ്ടായിത്തീരുന്നത് സൂക്ഷിക്കണമെന്നൊരു താക്കീത് അതിൽ സത്യവിശ്വാസികൾക്കും ഉണ്ടായിരിക്കും. 'എന്റെ ആയത്തുകൾക്ക് തുച്ഛമായ വില വാങ്ങരുത്' എന്ന അടുത്ത വാക്യത്തിൽനിന്ന് ഇത് മനസ്സിലാക്കാവുന്നതാണ്. 'അല്ലാഹു അവതരിപ്പിച്ചതനുസരിച്ചു ആർ വിധിക്കുന്നില്ലയോ അക്കൂട്ടർ തന്നെയാണ് അവിശ്വാസികൾ' (وَمَن لَّمۡ يَحۡكُم .... ٱلۡكَٰفِرُونَ) എന്ന് പറഞ്ഞുകൊണ്ട് ഈ താക്കീത് വീണ്ടും അല്ലാഹു ഒന്നുകൂടി ശക്തിപ്പെടുത്തുന്നു.

അല്ലാഹു അവതരിപ്പിച്ചതനുസരിച്ച് വിധിക്കാത്തവരെപ്പറ്റി അവർ അക്രമികളാകുന്നു (هُمُ الظَّالِمُونَ) എന്ന് അടുത്ത വചനത്തിലും, അവർ തോന്നിയവാസികളാണ് (هُمُ الْفَاسِقُونَ) എന്നു 50-ാം വചനത്തിലും അല്ലാഹു പറയുന്നുണ്ട്. ഈ വചനത്തിൽ അവർ അവിശ്വാസികളാണ് (هُمُ الْكَافِرُونَ) എന്നും പറഞ്ഞിരിക്കുന്നു. 'അവർ അവിശ്വാസികളാണ്' എന്നുള്ള ഈവാക്യം അതിന്റെ പ്രത്യക്ഷാർത്ഥത്തിലുള്ള ഒരു പൊതു തത്വമെന്ന നിലക്കല്ല അല്ലാഹു പറഞ്ഞിരിക്കുന്നത് എന്നാണ് മനസ്സിലാകുന്നത്. കാരണം-അങ്ങിനെയാകുമ്പോൾ-സംശയരഹിതമായി അറിയപ്പെടുന്ന മറ്റു ചില തത്വങ്ങളുമായി അത് യോജിക്കാതെ വരുന്നു. ഉദാഹരണമായി: ക്വുർആനിൽ പ്രസ്താവിക്കപ്പെട്ടിട്ടില്ലാത്ത വല്ല വിധിയും-അത് യഥാർത്ഥത്തിൽ ശരിയായ വിധി ആയിരുന്നാൽ തന്നെയും-വിധിക്കുന്നവരെല്ലാം അവിശ്വാസികളായിരുന്നുവെന്ന് പറയേണ്ടിവരും. അതുപോലെതന്നെ, ക്വുർആന്റെ വല്ല വിധിയെയും നിഷേധിക്കുകയോ, തന്റെ വിധി ഒരു മതവിധിയായി ഗണിക്കുകയോ ചെയ്യാതെ ആരെങ്കിലും ഒരു തെറ്റായ വിധി വിധിച്ചാൽ അവരും അവിശ്വാസികളാണ്- ഇസ്‌ലാമിൽ നിന്ന് പുറത്തായവരാണ്-എന്നും പറയേണ്ടിവരും. അതുകൊണ്ട് هُمُ الْكَافِرُونَ (അവർ അവിശ്വാസികളാണ്) എന്നുള്ള ഈ വാക്യത്തിന്റെ ഉദ്ദേശ്യം വിവരിക്കുന്നതിൽ മുൻഗാമികളും പിൻഗാമികളുമായ ക്വുർആൻ വ്യാഖ്യാതാക്കൾ ഒന്നിലധികം നിലപാട് സ്വീകരിച്ചു കാണുന്നു. അതിന്റെ രത്നച്ചുരുക്കം ഇതാണ്:-

(1) പ്രസ്തുത മൂന്നു വാക്യങ്ങളും-അവിശ്വാസികളാണെന്നും, അക്രമികളാണെന്നും, തോന്നിയവാസികളാണെന്നും പറഞ്ഞത്-യഹൂദികളെ സംബന്ധിച്ചുള്ളതാകുന്നു.

(2) യഹൂദികളും ക്രിസ്ത്യാനികളും അടങ്ങുന്ന വേദക്കാരെ സംബന്ധിച്ചു പറഞ്ഞതാണ് ആ വാക്യങ്ങൾ. 44 മുതൽ 54 വരെയുള്ള വചനങ്ങളിലെ പരാമർശങ്ങൾ പ്രധാനമായും അവരെക്കുറിച്ചാണെന്നുള്ളത് ഇതിനു തെളിവായും പറയപ്പെടുന്നു. ഈ അഭിപ്രായത്തെയാണ് ഇബനു ജരീർ (റ) പിൻതാങ്ങിയിരിക്കുന്നത്.

(3) അല്ലാഹുവിന്റെ ഏതെങ്കിലും വിധിയെ നിഷേധിക്കുന്നവരെപ്പറ്റിയാണ് ഈ വാക്യം. അത് തനി അവിശ്വാസം തന്നെയാണെന്ന് പറയേണ്ടതില്ലല്ലോ.

(4) ഇവിടെ كفر (അവിശ്വാസം) കൊണ്ട് വിവക്ഷ സത്യവിശ്വാസത്തിനെതിരായ അവിശ്വാസമല്ല. അല്ലാഹുവിനോടുള്ള നന്ദികേടും, സാക്ഷാൽ അവിശ്വാസത്തിലേക്ക് നയിക്കുന്ന കാരണവും എന്ന അർത്ഥത്തിലാണത് പറഞ്ഞിരിക്കുന്നത്. അല്ലാഹുവിന്റെ വിധി നിയമങ്ങൾ സ്വീകരിക്കാതിരിക്കുന്നതിന്റെ ഗൗരവം ചൂണ്ടിക്കാട്ടുവാനാണ് ആ വാക്ക് ഉപയോഗിച്ചിരിക്കുന്നത്.

ഈ വാക്യത്തെപ്പറ്റി ഇബ്നു അബ്ബാസ് (റ) പറഞ്ഞതായി ഇബ്നു അബീഹാതിമും, ഹാകിമും (റ) മറ്റു ചിലരും ഉദ്ധരിക്കുന്നു: 'ഇത് നിങ്ങൾ വിചാരിക്കുന്ന ആ അവിശ്വാസമല്ല'. ത്വാഊസ് (റ) പറഞ്ഞതായി വകീഉ്(റ) ഉദ്ധരിക്കുന്നു: 'ഇത് മതത്തിൽ നിന്ന് നീക്കം ചെയ്യുന്ന അവിശ്വാസമല്ല'. ഇത് സംബന്ധിച്ചു പല രിവായത്തുകളും ഇബ്നുജരീർ (റ) ഉദ്ധരിച്ചു കാണാം. കുറെയെല്ലാം ഇബ്നു കഥീറും (റ) ഉദ്ധരിച്ചിട്ടുണ്ട്. അവ ഉദ്ധരിച്ച ശേഷം ഇബ്നുജരീർ (റ) പറയുകയാണ്: 'ഈ പ്രസ്താവന

കളിൽ എന്റെ അടുക്കൽ വാസ്തവത്തോടു കൂടുതൽ യോജിച്ചത്, ഈ ആയത്തുകൾ വേദക്കാരിലുള്ള അവിശ്വാസികളെപ്പറ്റി അവതരിച്ചതാണെന്നാകുന്നു. കാരണം, ഇതിന്റെ മുമ്പും പിമ്പുമുള്ള ആയത്തുകൾ അവരെപ്പറ്റിയും അവരുടെ വിഷയത്തിലും അവതരിച്ചതാണ്. അപ്പോൾ ഇതും (ഈ വാക്യം) അവരെ ഉദ്ദേശിച്ചായിരിക്കുവാനാണ് കൂടുതൽ ന്യായം. അല്ലാഹു ഒരു പൊതുവായ വിധിയായിട്ടാണല്ലോ ഇത് പ്രസ്താവിച്ചിരിക്കുന്നത്; എന്നിരിക്കെ, എങ്ങിനെയാണ് അത് അവരെപ്പറ്റിയുള്ള പ്രത്യേക വിധിയാകുന്നത്? എന്ന് ആരെങ്കിലും ചോദിച്ചാൽ, അതിന് മറുപടി: അല്ലാഹുവിന്റെ വിധിയെ നിഷേധിക്കുന്നവരായിരുന്ന ഒരു ജനതയെക്കുറിച്ചു അല്ലാഹു പ്രസ്താവിച്ച ഒരു പൊതു വിധിയാണിത്. അവന്റെ വിധി അവർ തള്ളിക്കളഞ്ഞ രൂപത്തിൽ തള്ളിക്കളഞ്ഞതു കൊണ്ട് അവർ അവിശ്വാസികളാണ് എന്നത്രെ അല്ലാഹു പറഞ്ഞത്. അല്ലാഹുവിന്റെ വിധിയെ നിഷേധിച്ചുകൊണ്ട് അവൻ അവതരിപ്പിച്ച പ്രകാരം വിധിക്കാതിരിക്കുന്ന എല്ലാവരെപ്പറ്റിയും പറയുവാനുള്ളത്-ഇബ്നു അബ്ബാസ് പറഞ്ഞതുപോലെ-അവർ അവിശ്വാസകളാണ് എന്ന് തന്നെയാകുന്നു....'

മുമ്പും പിമ്പും നോക്കാതെ, സന്ദർഭത്തിൽനിന്ന് അടർത്തിയെടുത്തും, വാക്കർത്ഥം മാത്രം കണക്കിലെടുത്തുകൊണ്ടും ഈ വാക്യത്തിന് അർത്ഥം കൽപിക്കുക വഴി, മുസ്‌ലിം സമുദായത്തിന് മുൻകാലത്ത് വളരെയധികം ആപത്തു വരുത്തിവെച്ച ഒരു കക്ഷിയാണ് 'ഖവാരിജ്' (الخوارج). ക്വുർആനിൽ പറയപ്പെട്ടിട്ടില്ലാത്ത വല്ല വിധിയും ഉണ്ടാക്കുന്നവർ അവിശ്വാസികളാണ്-അവർ ഇസ്‌ലാമിൽ നിന്ന് പുറത്താകും-എന്നായിരുന്നു അവരുടെ വാദം.(*) അലിയും, മുആവിയായും (റ) തമ്മിൽ ഖിലാഫത്ത് സംബന്ധിച്ചു നടന്ന വഴക്കുകാലത്ത് രണ്ടുകൂട്ടരും ചേർന്ന് ചില മദ്ധ്യസ്ഥന്മാരെ നിയമിക്കുകയും അവരുടെ വിധി സ്വീകരിക്കുവാൻ സമ്മതിക്കുകയും ഉണ്ടായ സംഭവം ചരിത്ര പ്രസിദ്ധമാണ്. രണ്ടുകൂട്ടരും ക്വുർആന്റെ വിധിയല്ല സ്വീകരിച്ചത്-മധ്യസ്ഥന്മാരുടെ വിധിയാണ് സ്വീകരിച്ചത്-അതുകൊണ്ട് ഇരു കക്ഷിയും അവിശ്വാസികളായി ഇസ്‌ലാമിൽ നിന്ന് പുറത്തുപോയിരിക്കുന്നു വെന്ന് 'ഖവാരിജ്' വാദിച്ചു. ഈ വാക്യമായിരുന്നു അവർക്കതിനുള്ള തെളിവ്. ഇതിനെത്തുടർന്ന് അവരും മറ്റുള്ളവരും-പ്രത്യേകിച്ച് അലി (റ)യുടെ കക്ഷിയും അവരും-തമ്മിൽ പല ഏറ്റുമുട്ടലുകളും നടക്കുകയുമുണ്ടായി. അലി (റ) അടക്കം പല സ്വഹാബികളുടെയും, കുട്ടികളും സ്ത്രീകളുമടക്കം മുസ്‌ലിംകളായ പലരുടെയും രക്തം അവർ ചിന്തുകയുണ്ടായി. إِنِ الْحُكْمُ إِلَّا لِلَّهِ (അല്ലാഹുവിനല്ലാതെ വിധിയില്ല. (6:57; 12:40) എന്ന ക്വുർആൻ വാക്യമായിരുന്നു ഖവാരിജ് കക്ഷിയുടെ മുദ്രാവാക്യം. ഇതിനെപ്പറ്റി അലി (റ) പറഞ്ഞത് വളരെ ശ്രദ്ധേയമായിരുന്നു. അദ്ദേഹം പറഞ്ഞു: كلمة حق اريد بها الباطل (യഥാർത്ഥമായ ഒരു വാക്ക് അതുകൊണ്ട് അയഥാർത്ഥമായത് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു).

(*) ഖവാരിജ് എന്ന പേരിലുള്ള ആ കക്ഷി ഇന്നു നിലവിലില്ല. എങ്കിലും അവരുടെ പോലെയുള്ള ചില അഭിപ്രായങ്ങൾ സ്വീകരിച്ചുവരുന്ന ചില കക്ഷികളെ ഇക്കാലത്തും കാണാവുന്നതാണ്. ഖവാരിജിന്റെ വാദം അന്നു പ്രധാനമായും മതപരമായ ലക്ഷ്യം വെച്ചായിരുന്നു. ഇക്കാലത്തുള്ളവർ പ്രധാനമായും ചില രാഷ്ട്രീയ താൽപര്യത്തോടുകൂടിയാണത് ഏറ്റുപറയുന്നത്.

وَكَتَبْنَا عَلَيْهِمْ فِيهَآ أَنَّ ٱلنَّفْسَ بِٱلنَّفْسِ وَٱلْعَيْنَ بِٱلْعَيْنِ وَٱلْأَنفَ بِٱلْأَنفِ وَٱلْأُذُنَ بِٱلْأُذُنِ وَٱلسِّنَّ بِٱلسِّنِّ وَٱلْجُرُوحَ قِصَاصٌ ۚ

﴿48﴾ അവരുടെ [യഹൂദന്മാരുടെ]മേൽ അതിൽ [തൗറാത്തിൽ] നാം നിയമമാക്കുകയും ചെയ്തിരിക്കുന്നു: ആൾക്ക് ആളും [ജീവനു ജീവനും], കണ്ണിനു കണ്ണും, മൂക്കിനു മൂക്കും, ചെവിക്കു ചെവിയും, പല്ലിനു പല്ലും മുറിവു(കൾക്കു മുറിവു)കളും പ്രതികാര നടപടിയാകുന്നുവെന്ന്.

فَمَن تَصَدَّقَ بِهِۦ فَهُوَ كَفَّارَةٌ لَّهُۥ ۚ وَمَن لَّمْ يَحْكُم بِمَآ أَنزَلَ ٱللَّهُ فَأُو۟لَٰٓئِكَ هُمُ ٱلظَّٰلِمُونَ ﴿٤٨﴾

എന്നാൽ ആരെങ്കിലും അതിനെ [പ്രതികാര നടപടിയെ] ധർമമാക്കി (മാപ്പാക്കി)യാൽ അതവനു പ്രായശ്ചിത്തമായിരിക്കും. ആർ അല്ലാഹു അവതരിപ്പിച്ചതു പ്രകാരം വിധിക്കുന്നില്ലയോ അക്കൂട്ടർ തന്നെയാണ് അക്രമികൾ.

﴿48﴾ وَكَتَبْنَا നാം രേഖപ്പെടുത്തുക (നിയമമാക്കുക)യും ചെയ്തു عَلَيْهِمْ അവരുടെ മേൽ فِيهَآ അതിൽ أَنَّ النَّفْسَ ആൾ (ജീവൻ-ആത്മാവ്-ദേഹം) بِالنَّفْسِ ആൾക്ക് പകരം എന്ന് وَٱلْعَيْنَ കണ്ണും بِالْعَيْنِ കണ്ണിനു (പകരം) وَالْأَنفَ മൂക്കും بِالْأَنفِ മൂക്കിനു (പകരം) وَٱلْأُذُنَ ചെവിയും, കാതും بِالْأُذُنِ ചെവിക്കു, കാതിനു (പകരം) وَٱلسِّنَّ പല്ലും بِٱلسِّنِّ പല്ലിനു (പകരം) وَالْجُرُوحَ മുറിവുകളും قِصَاصٌ പ്രതികാര നടപടിയാകുന്നു (എന്ന്) فَمَن എന്നാൽ (എനി) ആർ, ആരെങ്കിലും تَصَدَّقَ ദാനധർമമാക്കി (വിട്ടുകൊടുത്തു) എന്നാൽ بِهِ അതിനെ فَهُوَ എന്നാലത് كَفَّارَةٌ പ്രാശ്ചിത്തമാണ്, പൊറുപ്പിക്കുന്നതാണ് لَّهُ അവന് وَمَن لَّمْ يَحْكُم ആർ വിധിച്ചില്ലയോ بِمَآ أَنزَلَ اللَّهُ അല്ലാഹു അവതരിപ്പിച്ചതുകൊണ്ട് (പ്രകാരം) فَأُولَٰئِكَ هُمُ എന്നാൽ അക്കൂട്ടർ തന്നെ الظَّٰلِمُونَ അക്രമികൾ

യഹൂദികൾ മതകാര്യങ്ങളിൽ ചെയ്ത ഒരു തോന്നിയവാസം വെളിപ്പെടുത്തുന്നതാണ് ഈ വചനവും. യോഗ്യന്മാരായ ആളുകൾ വ്യഭിചാരകുറ്റം ചെയ്താൽ ശിക്ഷയിൽ ഇളവ് നൽകിയിരുന്നത് പോലെ, ഉന്നത വിഭാഗക്കാരായ ആളുകൾ കൊലക്കുറ്റം ചെയ്താൽ പ്രതിക്കൊലയിൽ നിന്ന് ഒഴിവാക്കിക്കൊണ്ടും, തെണ്ടം നൽകുന്നതിൽ ഇളവ് നൽകിക്കൊണ്ടുമുള്ള ചില നടപടികളും അവർ സ്വീകരിച്ചു വന്നിരുന്നു. തൗറാത്തിലാകട്ടെ, കൊന്നവനെ കൊല്ലുക, കണ്ണ്, മൂക്ക്, ചെവി മുതലായ അവയവങ്ങളെ നഷ്ടപ്പെടുത്തുന്നവരോട് അതേ പ്രകാരം തന്നെ പകരം ചെയ്യുക, മുറിവുകൾ വരുത്തുന്ന പക്ഷം അതേ പ്രകാരം അങ്ങോട്ടും മുറിവ് വരുത്തുക എന്നാണ് നിയമിച്ചിട്ടു

ള്ളത്. യോഗ്യരും അയോഗ്യരുമെന്നോ, പ്രമാണി വർഗവും അധമ വർഗവുമെന്നോ ഉള്ള വ്യത്യാസമൊന്നും അതിലില്ല. പക്ഷേ, അക്രമിയോട് പ്രതികാരം ചെയ്‌വാനുള്ള അവകാശം ആരെങ്കിലും വിട്ടുകൊടുത്തുകൊണ്ട് അവനെ പ്രതികാരത്തിൽനിന്ന് ഒഴിവാക്കുന്നതായാൽ അത് പുണ്യകർമവും പാപമോചനത്തിന് കാരണമായിത്തീരുന്നതുമാണെന്നും വിധിക്കപ്പെട്ടിട്ടുണ്ട്. തൗറാത്തിലെ വിധി നടപ്പിൽ വരുത്താതെ തൽസ്ഥാനത്ത് മറ്റൊരു പുതിയ വിധിയുണ്ടാക്കി നടപ്പിൽ വരുത്തുന്നത് അക്രമവും അനീതിയുമാകുന്നു എന്ന് സാരം. പ്രതിക്രിയ നടത്തുന്നതിൽ തൗറാത്തിലെ ഈ നിയമം തന്നെയാണ് ഇസ്‌ലാമിൽ ഇപ്പോഴും നിലവിലുള്ളത്.

കഴിഞ്ഞ വചനത്തിൽ, അല്ലാഹുവിന്റെ നിയമത്തിനെതിരായി മറ്റൊരു മതനിയമം സ്വീകരിക്കുന്നവർ യഥാർത്ഥത്തിൽ വേദഗ്രന്ഥത്തെ നിഷേധിക്കുകയാണ് ചെയ്യുന്നതെന്ന നിലക്ക്-അവർ അവിശ്വാസികളാണ് (هُمُ ٱلْكَٰفِرُونَ) എന്ന് പറഞ്ഞു. പ്രതികാര നടപടിയിൽ സ്വീകരിക്കപ്പെട്ട പുതിയ സമ്പ്രദായം അക്രമവിധേയരായ ആളുകളോട് ചെയ്യുന്ന അനീതിയാണെന്ന നിലക്ക് അവരെപ്പറ്റി ഈ വചനത്തിൽ അവർ അക്രമികളാണ് (هُمُ ٱلظَّٰلِمُونَ) എന്ന് പറഞ്ഞിരിക്കുന്നു.

സാക്ഷാൽ തൗറാത്തിന്റെ ഉള്ളടക്കങ്ങളിൽ പിന്നീട് പല മാറ്റത്തിരുത്തലുകൾ നടന്നിട്ടുണ്ടെങ്കിലും, അതൊന്നും ബാധിക്കാതെ സുരക്ഷിതമായിതന്നെ അവശേഷിക്കുന്ന ചില ഭാഗങ്ങളും ഇന്നത്തെ ബൈബ്ളിൽ ഉണ്ടെന്നുള്ളത് നിഷേധിക്കാവതല്ല. ആ ഭാഗങ്ങൾ ഇന്നിന്നതാണെന്ന് തീർത്തു പറയുവാൻ സാധ്യമല്ല എന്നേയുള്ളൂ. അക്കൂട്ടത്തിൽ ഒന്നായിരിക്കാം പ്രതിക്രിയ സംബന്ധിച്ച് താഴെ കാണുന്ന വാക്യങ്ങളും. (അല്ലാഹുവിന്നറിയാം) വിഗ്രഹം ഉണ്ടാക്കരുത്, പ്രതിമകൾ വെക്കരുത് എന്നിങ്ങിനെ തുടങ്ങി ജീവിതത്തിന്റെ പല വശങ്ങളെയും ബാധിക്കുന്ന വളരെയധികം നിയമങ്ങളും വിധികളും വിവരിക്കുന്ന കൂട്ടത്തിൽ പുറപ്പാട് പുസ്തകത്തിൽ ഇങ്ങിനെ കാണാം: '..... ജീവനു പകരം ജീവൻ കൊടുക്കണം, കണ്ണിനു പകരം കണ്ണ്; പല്ലിനു പകരം പല്ല്; കൈക്കു പകരം കൈ; കാലിനു പകരം കാൽ; പൊള്ളലിനു പകരം പൊള്ളൽ; മുറിവിനു പകരം മുറിവ്; തിണർപ്പിനു പകരം തിണർപ്പ്' (പുറപ്പാട് അ: 21ൽ 23-25).

وَقَفَّيْنَا عَلَىٰٓ ءَاثَٰرِهِم بِعِيسَى ٱبْنِ مَرْيَمَ مُصَدِّقًا لِّمَا بَيْنَ يَدَيْهِ مِنَ ٱلتَّوْرَىٰةِ ۖ

﴿49﴾ (മേൽപറഞ്ഞ) അവരുടെ (കാൽ) പാടുകളിലായി നാം മർയമിന്റെ മകൻ ഈസായെ തുടർന്നയക്കുകയും ചെയ്തു; തന്റെ മുമ്പിലിരിക്കുന്ന തൗറാത്തിനെ (ശരിവെച്ചു) സത്യപ്പെടുത്തുന്നവനായിക്കൊണ്ട്.

وَءَاتَيْنَٰهُ ٱلْإِنجِيلَ فِيهِ هُدًى وَنُورٌ وَمُصَدِّقًا لِّمَا بَيْنَ يَدَيْهِ مِنَ ٱلتَّوْرَىٰةِ

അദ്ദേഹത്തിനു നാം 'ഇൻജീൽ' നൽകുകയും ചെയ്തു; അതിൽ മാർഗദർശനവും, പ്രകാശവും ഉണ്ടായിക്കൊണ്ടും, അതിന്റെ മുമ്പിലിരിക്കുന്ന തൗറാത്തിനെ (ശരിവെച്ച്) സത്യമാക്കിക്കൊണ്ടും;

وَهُدًى وَمَوْعِظَةً لِّلْمُتَّقِينَ ﴿٤٩﴾

സൂക്ഷ്മത പാലിക്കുന്നവർക്ക് മാർഗദർശനവും, സദുപദേശവുമായി ക്കൊണ്ടും.

وَلْيَحْكُمْ أَهْلُ ٱلْإِنجِيلِ بِمَآ أَنزَلَ ٱللَّهُ فِيهِ ۚ

﴾50﴿ ഇൻജീലിന്റെ ആൾക്കാർ അതിൽ അല്ലാഹു അവതരിപ്പിച്ച പ്രകാരവും വിധിച്ചുകൊള്ളട്ടെ.

وَمَن لَّمْ يَحْكُم بِمَآ أَنزَلَ ٱللَّهُ فَأُو۟لَـٰٓئِكَ هُمُ ٱلْفَـٰسِقُونَ ﴿٥٠﴾

അല്ലാഹു അവതരിപ്പിച്ച പ്രകാരം ആർ വിധിക്കുന്നില്ലയോ അക്കൂട്ടർ തന്നെയാണ് തോന്നിയവാസികൾ.

﴾49﴿ وَقَفَّيْنَا നാം തുടർത്തുക (തുടർന്നയക്കുക)യും ചെയ്തു عَلَىٰٓ ءَاثَـٰرِهِم അവരുടെ
(കാൽ) പാടുകളിലായി, പിറകിൽ بِعِيسَى ഈസായെ, ഈസായെക്കൊണ്ട് ٱبْنِ مَرْيَمَ
മർയമിന്റെ മകൻ مُصَدِّقًا സത്യപ്പെടുത്തിക്കൊണ്ട് لِّمَا بَيْنَ يَدَيْهِ തന്റെ മുമ്പിലുള്ളതിനെ
مِنَ ٱلتَّوْرَىٰةِ തൗറാത്താകുന്ന, തൗറാത്തിൽ നിന്നും وَءَاتَيْنَـٰهُ അദ്ദേഹത്തിന് നാം നൽകു
കയും ചെയ്തു ٱلْإِنجِيلَ ഇൻജീൽ فِيهِ അതിലുണ്ടായിക്കൊണ്ട് هُدًى മാർഗദർശനം,
നേർവഴി وَنُورٌ പ്രകാശവും وَمُصَدِّقًا സത്യപ്പെടുത്തുന്നതായും لِّمَا بَيْنَ يَدَيْهِ അതിന്റെ
മുമ്പിലുള്ളതിനെ مِنَ ٱلتَّوْرَىٰةِ തൗറാത്താകുന്ന وَهُدًى മാർഗദർശനമായും, മാർഗദർശ
നമായിക്കൊണ്ടും وَمَوْعِظَةً സദുപദേശവും لِّلْمُتَّقِينَ സൂക്ഷ്മത പാലിക്കുന്നവർക്ക്
﴾50﴿ وَلْيَحْكُمْ ഇൻജീലിന്റെ ആൾക്കാർ أَهْلُ ٱلْإِنجِيلِ വിധിച്ചുകൊള്ളട്ടെ بِمَآ أَنزَلَ ٱللَّهُ
അല്ലാഹു അവതരിപ്പിച്ച പ്രകാരം, ഇറക്കിയതുകൊണ്ട് فِيهِ അതിൽ وَمَن لَّمْ يَحْكُم
ആർ വിധിച്ചില്ലയോ, വല്ലവരും വിധിക്കാതിരുന്നാൽ بِمَآ أَنزَلَ ٱللَّهُ അല്ലാഹു അവതരി
പ്പിച്ച പ്രകാരം, ഇറക്കിയതുകൊണ്ട് فَأُو۟لَـٰٓئِكَ هُمُ എന്നാൽ അക്കൂട്ടർ തന്നെ ٱلْفَـٰسِقُونَ
തോന്നിയവാസികൾ, ധിക്കാരികൾ

തൗറാത്ത് അവതരിപ്പിച്ചതിനെയും പല പ്രവാചകന്മാർ മുഖേനയും അതിന്റെ അധ്യാപനങ്ങൾ പ്രബോധനം ചെയ്തുവന്നതിനെയും കുറിച്ചു പലതും പ്രസ്താവിച്ച ശേഷം, അവരുടെയെല്ലാം പിറകിലായി ഈസാ നബി (അ)യെ നിയോഗിച്ചതിനെയും, അദ്ദേഹം മുഖേന ഇൻജീൽ അവതരിപ്പിച്ചതിനെയും കുറിച്ചു പ്രസ്താവിക്കുന്നു. ഈസാ നബി (അ)യാകട്ടെ, ഇൻജീലാകട്ടെ, തൗറാത്തിനെ പുറംതള്ളുകയോ, നീക്കം ചെയ്യുകയോ ചെയ്തിട്ടില്ല. ആ അധ്യാപനങ്ങളെ ശരിവെക്കുകയും, അതിലേക്ക് ക്ഷണി ക്കുകയുമാണ് ചെയ്തിരുന്നത്. സൂഃ ആലുഇംറാൻ 50 ൽ കണ്ടതുപോലെ, അൽപമാ ത്രമായ ചില കാര്യങ്ങളൊഴിച്ചു ബാക്കി വിഷയങ്ങളിലെല്ലാം തൗറാത്തിന്റെ നിയമ ങ്ങൾ- മൂസാ (അ) മുഖേന നടപ്പാക്കപ്പെട്ട ശരീഅത്ത് നിയമങ്ങൾ-തന്നെയായിരുന്നു ഈസാ നബി (അ)യും പിൻപറ്റിയിരുന്നത്. ഇൻജീലിനെ സംബന്ധിച്ചു പറയുകയാ ണെങ്കിൽ, തൗറാത്തിനെപ്പോലെയുള്ള ഒരു നിയമ പ്രമാണമായിരുന്നില്ല അത്. പ്രധാ

നമായും അത് സദുപദേശങ്ങളുടെയും സുവിശേഷങ്ങളുടെയും ഒരു സമാഹാരമായി രുന്നു. 'ഇൻജീൽ'എന്ന വാക്കിന്റെ അർത്ഥം തന്നെ സുവിശേഷം എന്നത്രെ. എല്ലാ പ്രവാചകന്മാരുടെയും പ്രബോധന ലക്ഷ്യവും, എല്ലാവരും പ്രബോധനം ചെയ്യേണ്ടി യിരുന്ന മതവും ഒന്നാകകൊണ്ട് ഓരോ പ്രവാചകനും വരുമ്പോൾ, തന്റെ മുമ്പുള്ള പ്രവാചകന്മാർ സ്വീകരിച്ചു വന്ന അതേ നടപടിമാർഗം അദ്ദേഹവും പിൻപറ്റേണ്ടതു ണ്ടല്ലോ. അനുഷ്ഠാന മുറകളുടെ വിശദാംശങ്ങളിൽ കാലികമായ പരിതഃസ്ഥിതികൾ നിമിത്തം വല്ല മാറ്റവും ആവശ്യമായി വരുമ്പോൾ, അതിൽ മാത്രം അദ്ദേഹം മുഖേന പുതിയ ചില നിയമ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുകയും, അല്ലാത്തവയിൽ പൂർവ്വ മാർഗം പിന്തുടരുകയുമാണ് പതിവ്.

ഈസാ (അ) ഇങ്ങിനെ പ്രസ്താവിച്ചതായി ബൈബ്ളിന്റെ പുതിയ നിയമത്തിൽ തന്നെ കാണാവുന്നതാണ്: 'ഞാൻ ന്യായപ്രമാണത്തെ (തൗറാത്തിനെ)യോ, പ്രവാച കന്മാരെയോ നീക്കേണ്ടതിനു വന്നു എന്നു നിരൂപിക്കരുത്. നീക്കുവാനല്ല, നിവൃത്തി പ്പാനത്രെ ഞാൻ വന്നത്..... സകലതും നിവൃത്തിയാവോളം ന്യായപ്രമാണത്തിൽനിന്നു ഒരു വള്ളിയെങ്കിലും പുള്ളിയെങ്കിലും ഒരു നാളും ഒഴിഞ്ഞുപോകയില്ല' (മത്തായി, 5ൽ 17-19). ആദ്യകാലങ്ങളിൽ ഈസാ നബി (അ)യിൽ വിശ്വസിച്ചവരും തൗറാത്തിന്റെ പഴയ നിയമനടപടികൾ തന്നെയാണ് അംഗീകരിച്ചു വന്നിരുന്നത്. കാലക്രമത്തിൽ യഹൂ ദികളും ക്രിസ്ത്യാനികളും തമ്മിൽ പകയും ശത്രുതയും മുഴുത്തതോടുകൂടിയാണ് ക്രിസ്ത്യാനികൾ പഴയ നിയമം വർജ്ജിക്കുവാൻ തുടങ്ങിയതും, തൽസ്ഥാനത്ത് പുരോ ഹിതവർഗം പുതിയ നിയമനടപടിച്ചട്ടങ്ങൾ സൃഷ്ടിച്ചുകൊണ്ടിരുന്നതുമെന്ന് ക്രിസ്തീയ ഗ്രന്ഥങ്ങൾ തന്നെ സമ്മതിക്കുന്ന ഒരു യാഥാർത്ഥ്യമാകുന്നു.

ഇൻജീലിന്റെ ആൾക്കാർ അതിലുള്ളപ്രകാരം വിധിച്ചുകൊള്ളട്ടെ (وَلْيَحْكُمْ أَهْلُ الْإِنجِيلِ...) എന്ന് പറഞ്ഞതിൽ നിന്ന് ഇൻജീലിൽ സുവിശേഷങ്ങൾക്കും സദുപദേശ ങ്ങൾക്കും പുറമെ ചില നിയമങ്ങളും അടങ്ങിയിട്ടുണ്ടെന്ന് മനസ്സിലാക്കാം. എന്നാൽ, ഇൻജീലിന്റെ അനുയായികൾ തൗറാത്തിനെയോ, ഖുർആനെയോ അംഗീകരിക്കേണ്ട തില്ലെന്നോ, അവർ ഇൻജീലിനെ മാത്രം അവലംബിച്ചാൽ മതിയെന്നോ അല്ല ആ പറ ഞ്ഞതിന്റെ ഉദ്ദേശ്യം. തൗറാത്തിനെ ശരിവെച്ചും അതിന്റെ സത്യത സ്ഥാപിച്ചുംകൊ ണ്ടാണ് ഈസാ നബി (അ)യും ഇൻജീലും വന്നിട്ടുള്ളത്. എന്നിരിക്കെ അവർ തൗറാ ത്തിനെ പിൻപറ്റൽ അനിവാര്യമായിത്തീരുന്നു. നബി തിരുമേനി ﷺയുടെ വരവിനെ ക്കുറിച്ചുള്ള സുവിശേഷങ്ങളും, തിരുമേനിയിൽ വിശ്വസിക്കേണ്ടതുണ്ടെന്നുള്ള മുന്നറി യിപ്പുകളും രണ്ടിലും-തൗറാത്തിലും ഇൻജീലിലും-ഉണ്ട്താനും(*). അപ്പോൾ, ഇൻജീ ലിലുള്ള കൽപനകൾ യഥാവിധി സ്വീകരിക്കുന്ന പക്ഷം അവർ നബി ﷺയിലും ഖുർ ആനിലും വിശ്വസിക്കലും അനിവാര്യമായിത്തീരുന്നു. ഞങ്ങൾക്ക് ഒരു വേദഗ്രന്ഥമു ണ്ട്, അതിനെയാണ് ഞങ്ങൾ പിൻപറ്റുന്നത് എന്ന് അവകാശപ്പെടുന്ന യഹൂദികൾ അവ രുടെ ആ വേദഗ്രന്ഥത്തിന്റെ യഥാർത്ഥ അധ്യാപനങ്ങളിൽനിന്ന് വ്യതിചലിച്ചതുപോ ലെ, അതേ അവകാശവാദം നടത്തുന്ന ഇൻജീലുകാർ-ക്രിസ്ത്യാനികൾ, അവരുടെ വേദഗ്രന്ഥത്തിൽനിന്നും വ്യതിചലിച്ചിരിക്കുയാണ് ചെയ്തിരിക്കുന്നത്. 'ഇൻജീലിന്റെ ആൾക്കാർ അതിൽ അല്ലാഹു അവതരിപ്പിച്ചതു പ്രകാരം വിധിക്കട്ടെ' എന്നു പറയു വാൻ കാരണം അതാകുന്നു. അല്ലാഹു ഈസാ നബി (അ)ക്ക് നൽകിയ യഥാർത്ഥ ഇൻജീലും അതിൽ അല്ലാഹു അവതരിപ്പിച്ചതുമാണ് ഉദ്ദേശ്യമെന്ന് വ്യക്തമാണ്.

(*) സൂഃ സ്വഫ്ഫ് 6-ാം വചനത്തിന്റെ വ്യാഖ്യാനം നോക്കുക.

അഥവാ, സുവിശേഷങ്ങൾ എന്ന പേരിൽ പലരും എഴുതിയുണ്ടാക്കിയതല്ല.

അങ്ങിനെ വിധിക്കാത്ത പക്ഷം- അല്ലാഹു അതിൽ അവതരിപ്പിച്ച വിധികൾ സ്വീകരിക്കാത്തപക്ഷം-അത് തോന്നിയവാസവും ധിക്കാരവുമാണെന്ന് അല്ലാഹുഅവരെ താക്കീത് നൽകുകയും ചെയ്തിരിക്കുന്നു. فسق (ഫാസിക്വ്) എന്ന വാക്കിനു 'അനുസരണം കെട്ടവൻ, തോന്നിയവാസി, ധിക്കാരി, തെമ്മാടി, കൽപന ധിക്കരിക്കുന്നവൻ' എന്നൊക്കെ അർത്ഥം പറയാം. കുഫ്റ് (അവിശ്വാസം) അടക്കമുള്ളവൻ കുറ്റങ്ങൾ ചെയ്യുന്ന എല്ലാവർക്കും ക്വുർആനിൽ ഈ വാക്ക് ഉപയോഗിക്കാറുണ്ട്. 'കുഫ്റി'ന് താഴെയുള്ള വൻകുറ്റം വല്ലതും ചെയ്തവരെയും, പതിവായി ചെറിയ കുറ്റങ്ങൾ ചെയ്തു വരുന്നവരെയും ഉദ്ദേശിച്ചു മാത്രമാണ് സാധാരണയായി പലരും 'ഫാസിക്വ്' എന്ന് പറഞ്ഞുവരാറുള്ളതെങ്കിലും ഇത് പിൽക്കാലത്ത് പ്രചാരത്തിൽ വന്ന ഒരു സാങ്കേതികാർത്ഥമാകുന്നു.

തൗറാത്ത്, ഇൻജീൽ, സബൂർ എന്നിവയെപ്പറ്റി ക്രിസ്തീയ പാതിരിമാരുടെ പ്രചാരണം

وَعِندَهُمُ ٱلتَّوْرَىٰةُ فِيهَا حُكْمُ ٱللَّهِ (അവരുടെ അടുക്കൽ തൗറാത്തുണ്ട്-അതിൽ അല്ലാഹുവിന്റെ വിധിയുണ്ട്.) എന്ന് 46ലും; ഇൻജീലിലുള്ള പ്രകാരം വിധിക്കട്ടെ എന്ന് ഈ വചനത്തിലും അല്ലാഹു പറഞ്ഞുവല്ലോ. ഇതുപോലെ മുൻവേദ ഗ്രന്ഥങ്ങളെ സംബന്ധിച്ചു വേറെ ചില ക്വുർആൻ വ്യാക്യങ്ങളെയും പൊക്കിക്കാട്ടിക്കൊണ്ട് ഇന്നു ക്രിസ്തീയ സഭകളുടെ കൈവശമുള്ള ബൈബ്ളിലെ പഴയ നിയമ വിഭാഗത്തിലെ ആദ്യത്തെ അഞ്ചു പുസ്തകങ്ങൾക്കാണ് തൗറാത്ത് എന്ന് പറയുന്നതെന്നും, പുതിയ നിയമ വിഭാഗത്തിലെ ആദ്യത്തെ നാലു സുവിശേഷങ്ങളാണ് ഇൻജീൽ എന്നും, പഴയ നിയമത്തിലെ സങ്കീർത്തന പുസ്തകമാണ് സബൂർ എന്നും ക്രിസ്ത്യാനികൾ വാദിച്ചു വരാറുണ്ട്. സത്യാവസ്ഥ അറിയാത്ത ചില പാമരന്മാർ അത് ശരിയാണെന്ന് ധരിക്കുകയും ചെയ്തേക്കും. തികച്ചും അബദ്ധമാണ് ഈ വാദം. കാരണം തെളിവ് സഹിതം വിശദീകരിക്കുന്ന പക്ഷം അത് കുറേ ദീർഘിച്ചു പോകും. ഇത്തരം ക്രിസ്തീയവാദങ്ങളെ ഖണ്ഡിച്ചുകൊണ്ടുള്ള പല ഗ്രന്ഥങ്ങളും നിലവിലുണ്ട്താനും. അതുകൊണ്ട് ചുരുക്കം ചില സൂചനകൾ മാത്രം ഇവിടെ നൽകുന്നു:-

(1) ഇസ്റാഈല്യർ വാക്കുകളെ അവയുടെ സ്ഥാനം വിട്ടു തെറ്റിക്കുന്നുവെന്നും, അവർക്ക് ഉൽബോധനം ചെയ്യപ്പെട്ടതിൽനിന്നും ഒരു ഭാഗം അവർ വിസ്മരിച്ചിരിക്കുന്നുവെന്നും 14-ാം വചനത്തിൽ അല്ലാഹു പറഞ്ഞു. ക്രിസ്ത്യാനികൾക്ക് ഉൽബോധനം ചെയ്യപ്പെട്ടതിൽ ഒരു ഭാഗം അവർ വിസ്മരിച്ചിരിക്കുന്നുവെന്ന് 15-ാം വചനത്തിലും, വേദക്കാർ പലതും മറച്ചുവെച്ചു കൊണ്ടിരിക്കുന്നതായി 16-ാം വചനത്തിലും പറഞ്ഞു. സ്വന്തം കൈകൊണ്ട് ഗ്രന്ഥം എഴുതിയുണ്ടാക്കിയശേഷം അത് അല്ലാഹുവിന്റെ പക്കൽ നിന്നുള്ളതാണെന്ന് അവർ പറഞ്ഞിരുന്നതായി അൽബക്വറഃ 79 ലും, യഥാർത്ഥവും അയഥാർത്ഥവുമായി അവർ കൂട്ടിക്കലർത്തുന്നതായും, അറിഞ്ഞുകൊണ്ടുതന്നെ അവർ യഥാർത്ഥം മറച്ചുവെക്കുന്നതായും ആലുഇംറാൻ 71 ലും ആക്ഷേപിച്ചിരിക്കുന്നു. ഇതുപോലെ വേറെയും പല പ്രസ്താവനകളും ക്വുർആനിൽ കാണാം. ഇതെല്ലാം പ്രസ്താവിക്കുന്ന ക്വുർആൻ അവർ സത്യവേദ ഗ്രന്ഥമായി അവകാശപ്പെടുന്ന ബൈബ്ളിൽ തൗറാത്തും ഇൻജീലും സബൂറും സുരക്ഷിതമായി നിലവിലുണ്ടെന്നും, അവരുടെ പക്കലുള്ള ആ ഭാഗങ്ങളെ ഉദ്ദേശിച്ചാണ് ആ പേരുകൾ പറയുന്നതെന്നും

എങ്ങിനെ കരുതാം?! മാത്രമല്ല, അല്ലാഹുവിനെയും പ്രവാചകന്മാരെയും സംബന്ധിച്ചു നീചവും നിന്ദ്യവുമായ ചില കഥനങ്ങൾ കൂടി ബൈബ്ളിൽ പലേടത്തും കാണാം. അല്ലാഹു അവതരിപ്പിച്ച ഒരു ഗ്രന്ഥത്തിൽ അങ്ങിനെ വല്ലതും ഉണ്ടാകാമോ?!

(2) തൗറാത്താണെന്നു വാദിക്കപ്പെടുന്ന പഴയ നിയമത്തിലെ ഉൽപ്പത്തി, പുറപ്പാട്, ലേവ്യർ, സംഖ്യ, ആവർത്തനം എന്നീ അഞ്ചു പുസ്തകങ്ങളും, സബൂറെന്നു വാദിക്കപ്പെടുന്ന സങ്കീർത്തനങ്ങളും എഴുതിയ കർത്താക്കൾ ആരാണെന്നും, അവയുടെ കാലം ഏതാണെന്നുമുള്ളതിൽ ക്രിസ്ത്യാനികൾക്കിടയിൽ ഇതുവരെ തർക്കം തീർന്നിട്ടില്ല. ബൈബ്ളിലെ മിക്ക പുസ്തകങ്ങളുടെ സ്ഥിതിയും ഇതുതന്നെ. മാത്രമല്ല, ആ അഞ്ചു പുസ്തകങ്ങൾ അപ്പടി മോശെ (മൂസാ നബി) എഴുതിയതല്ലെന്നു കാണിക്കുന്ന പല തെളിവുകളും അവയിൽ തന്നെ ഉണ്ട്താനും. സങ്കീർത്തന പുസ്തകത്തിന്റെ സ്ഥിതിയും ഇതുതന്നെ. ചുരുക്കിപ്പറഞ്ഞാൽ, മോശെ എഴുതിയ ചില കാര്യങ്ങളൊക്കെ ആ അഞ്ചു പുസ്തകങ്ങളിലും ദാവീദ് (ദാവൂദ് നബി(അ)) എഴുതിയ ഏതാനും ഗാനങ്ങൾ സങ്കീർത്തനങ്ങളിലും ഉണ്ടായിരിക്കാമെന്നും, ആ ഭാഗം ഏതാണെന്നു തീർത്തു പറയുക സാധ്യമല്ലെന്നുമാണ് പണ്ഡിതാഭിപ്രായമെന്ന് ക്രിസ്ത്യാനികളുടെ ആധികാരിക ഗ്രന്ഥങ്ങളിൽ തന്നെ പ്രസ്താവിക്കുന്നുമുണ്ട്. അപ്പോൾ, തൗറാത്തും സബൂറും ബൈബ്ളിലുള്ള മേൽപറഞ്ഞ പുസ്തകങ്ങളാണെന്ന് എങ്ങിനെ പറയും?! തൗറാത്തിന്റെ മൂലപ്രതിപോലും വളരെകാലം നഷ്ടപ്പെട്ടു പോയ ശേഷം ഒരാൾ തന്റെ ഓർമയിൽനിന്ന് എഴുതിയുണ്ടാക്കിയതാണെന്നും, അതിൽ നിന്നു പിന്നീട് പകർത്തപ്പെട്ടതാണ് നിലവിലുള്ള തോറാ (തൗറാത്ത്) എന്ന ന്യായപ്രമാണമെന്നും അവർ തന്നെ പറയുകയും ചെയ്യുന്നു. എന്നിരിക്കെ, പ്രസ്തുത വാദത്തിന്റെ സ്ഥിതി എന്തായിരിക്കും?! ആലോചിച്ചു നോക്കുക!

(3) ഇൻജീലാണെന്ന് വാദിക്കപ്പെടുന്ന നാലു സുവിശേഷങ്ങളാണെങ്കിൽ യേശു (ഈസാ നബി) എഴുതിയതോ, അറിഞ്ഞതോ അല്ല. അദ്ദേഹം ഭൂമിയിൽ നിന്നു ഉയർത്തപ്പെട്ടശേഷം പല കൊല്ലങ്ങൾ കഴിഞ്ഞു 65 മുതൽ 110 വരെയുള്ള കൊല്ലങ്ങളിൽ പലരാലും എഴുതിയുണ്ടാക്കപ്പെട്ടവയാകുന്നു. ക്രിസ്ത്യാനികൾ തന്നെ സമ്മതിക്കുന്നതാണിത്. ഓരോന്നും എഴുതിയ ആളെക്കുറിച്ചും, ഉള്ളടക്കങ്ങൾ തമ്മിലുള്ള വൈവിധ്യങ്ങളെക്കുറിച്ചും ഇന്നുവരേക്കും തീരുമാനമാവാത്ത തർക്കങ്ങൾ നിലവിലുണ്ട്താനും. മാത്രമല്ല, യേശുവിന്റെ ഇൻജീൽ (സുവിശേഷം) എന്നും, ദൈവത്തിന്റെ ഇൻജീൽ എന്നും പറയുന്ന വേറൊരു ഇൻജീൽ തന്നെ ഉണ്ടായിരുന്നതായി പുതിയ നിയമത്തിലെ ചില ലേഖനങ്ങളിൽ കാണാവുന്നതുമാണ്. പ്രസ്തുത നാലു സുവിശേഷങ്ങൾക്ക് സുവിശേഷം (ഇൻജീലുകൾ) എന്ന പേർ പറഞ്ഞു വന്നതുപോലും ക്രി. 150 മുതൽക്കുമാകുന്നു. അതേ സമയം വേറെയും പലരാലും എഴുതിയുണ്ടാക്കപ്പെട്ട വളരെ എണ്ണം സുവിശേഷങ്ങൾ ഉണ്ടായിരുന്നതിൽ ഈ നാലെണ്ണം മാത്രം സ്വീകരിച്ചു മറ്റുള്ളവ തള്ളപ്പെടുകയാണ് ചെയ്തിരിക്കുന്നതും. ഇത്രയുംസംഗതികളിൽ നിന്ന് ബൈബ്ളിലെ സുവിശേഷങ്ങളൊന്നും ഈസാ നബി (അ)ക്ക് നൽകപ്പെട്ടതല്ലെന്നും സ്പഷ്ടമായല്ലോ.

(4) ഇന്ന് പ്രചാരത്തിലുള്ള ബൈബ്ൾ, പഴയ നിയമവും പുതിയ നിയമവും കൂടി 66 പുസ്തകങ്ങൾ അടങ്ങിയതാണ്. വ്യത്യസ്തരായ ക്രിസ്തീയ സഭക്കാർ സ്വീകരിച്ചുവരുന്ന ബൈബ്ളുകളുടെ ഉള്ളടക്കങ്ങളിൽ പരസ്പരം പല വ്യത്യാസങ്ങൾ കാണാവുന്നത് തൽക്കാലം വിസ്മരിക്കുക. നമ്മുടെ നാട്ടിൽ കൂടുതൽ പ്രചാരമുള്ളത് ക്രിസ്ത്വബ്ദം 14-ാം നൂറ്റാണ്ടിൽ ക്രിസ്തുമതത്തിന്റെ നവീകരണാർത്ഥം രംഗത്തു വന്ന

പ്രൊട്ടസ്റ്റന്റ് വിഭാഗത്തിൽ പെട്ട ലൂഥറൽ സഭക്കാരുടെ ബൈബ്ളുകളാകുന്നു. മുൻകാലത്തുണ്ടായിരുന്ന ബൈബ്ളുകളും ഇക്കാലത്തെ ബൈബ്ളുകളും തമ്മിലും, പല ഭാഷകളിലും തർജ്ജമ ചെയ്യപ്പെട്ടിട്ടുള്ള ബൈബ്ൾ പ്രതികൾ തമ്മിലും, വ്യത്യസ്ത വിഭാഗക്കാരും കാലക്കാരും ദേശക്കാരും ഉപയോഗിച്ചു വരുന്ന ബൈബ്ളുകൾ തമ്മിലും പല വ്യത്യാസങ്ങളും കാണാവുന്നതാണ്. ഉള്ളടക്കത്തിലും ആശയത്തിലും മാത്രമല്ല, വേദപുസ്തകങ്ങളായി അംഗീകരിക്കപ്പെട്ടവയിലും, അംഗീകരിക്കപ്പെടാതെ തള്ളപ്പെട്ടവ (അപ്പൊക്രീഫാ)യിലും ക്രിസ്ത്യാനികൾ ഭിന്നാഭിപ്രായക്കാരാകുന്നു. എന്നിരിക്കെ, ക്രിസ്തീയ സമുദായ മദ്ധ്യെ തർക്കത്തിലായിരുന്നതും, ഇപ്പോഴും തർക്കം തീർന്നിട്ടില്ലാത്തതും, ഇപ്പോഴും പരിഷ്കാരവും തിരുത്തും നടന്നുകൊണ്ടിരിക്കുന്നതുമായ ബൈബ്ളിൽ അല്ലാഹു അവതരിപ്പിച്ചതായി ക്വുർആനിൽ പറയുന്ന ആ വേദഗ്രന്ഥങ്ങൾ മൂന്നും ബൈബ്ളിലെ ചില പുസ്തകങ്ങളാണന്നും പറയുന്നത് ശരിയല്ലെന്നുള്ളതിൽ സംശയലേശമില്ല തന്നെ.

മേൽ ചൂണ്ടിക്കാട്ടിയ ഓരോ വസ്തുതയും ആധികാരിക ക്രിസ്തീയ സാഹിത്യങ്ങളെ ആധാരമാക്കി പ്രസ്താവിച്ചതാണ്. വേണമെന്ന് തോന്നുന്നവർ ഓരോ വിഷയത്തെക്കുറിച്ചും വേദപുസ്തക നിഘണ്ടുക്കളിലെ ഉപന്യാസങ്ങളെയും, ക്രൈസ്തവ സഭാചരിത്ര ഗ്രന്ഥങ്ങളെയും പരിശോധിച്ചു നോക്കേണ്ടതാകുന്നു.(*)

ഒരു സംഗതി ഇവിടെ വ്യക്തമാക്കുവാൻ ആഗ്രഹിക്കുന്നു: അല്ലാഹു മൂസാ നബി (അ)ക്കും, ഈസാ നബി (അ)ക്കും അവതരിപ്പിച്ച ഗ്രന്ഥങ്ങളെ (തൗറാത്ത്-ഇൻജീലുകളെ)യും ദാവൂദ് നബി (അ)ക്കു നൽകിയ സബൂറിനെയും സംബന്ധിച്ചാണ് അവ ബൈബ്ളിൽ ഇല്ലെന്നു നാം മുകളിൽ പ്രസ്താവിച്ചത്. എന്തൊക്കെ ഭേദഗതികളും മാറ്റത്തിരുത്തങ്ങളും നടന്നിട്ടും നടക്കുന്നുമുണ്ടെങ്കിലും ശരി, അല്ലാഹു അവതരിപ്പിച്ച ആ യഥാർത്ഥ ഗ്രന്ഥങ്ങളിലെ നിയമങ്ങളും ഉപദേശങ്ങളും-ഇക്കാലത്തുംമുൻകാലത്തും -ബൈബ്ളിലെ പുസ്തകങ്ങളിൽ പലതും അടങ്ങിയിരിക്കുമെന്നുള്ളത് ശരിയാണ്. ഇതിന് സന്ദർഭോചിതം ചില ഉദാഹരണങ്ങൾ നാം ചൂണ്ടിക്കാട്ടാറുമുണ്ട്. പക്ഷേ, അവ ഏതൊക്കെയാണ്, എവിടെയൊക്കെയാണ്, എത്രയൊക്കെയാണ് എന്നൊന്നും നിർണയിക്കുക സാധ്യമല്ല തന്നെ. അല്ലാഹു പറയുന്നു:

وَأَنزَلْنَآ إِلَيْكَ ٱلْكِتَٰبَ بِٱلْحَقِّ مُصَدِّقًا لِّمَا بَيْنَ يَدَيْهِ مِنَ ٱلْكِتَٰبِ وَمُهَيْمِنًا عَلَيْهِ ۖ

﴾51﴿ **(നബിയേ) നിനക്കും നാം യഥാർത്ഥ പ്രകാരം വേദഗ്രന്ഥം അവതരിപ്പിച്ചു തന്നിരിക്കുന്നു; അതിന്റെ മുമ്പിലുള്ള വേദഗ്രന്ഥത്തെ (ശരിവെച്ചു) സത്യപ്പെടുത്തുന്നതായിക്കൊണ്ടും, അതിൽ മേൽനോട്ടം ചെയ്യുന്നതായിക്കൊണ്ടും.**

فَٱحْكُم بَيْنَهُم بِمَآ أَنزَلَ ٱللَّهُ ۖ

ആകയാൽ, അല്ലാഹു അവതരിപ്പിച്ചത് പ്രകാരം അവർക്കിടയിൽ നീ വിധിച്ചുകൊള്ളുക.

(*) കേരള നദ്‌വത്തുൽ മുജാഹിദീൻ പ്രസിദ്ധീകരിച്ച 'ബൈബ്ളിന്റെ വിശ്വസനീയത' എന്ന പുസ്തകം ഈ വിഷയത്തിൽ ഒരു അവലംബ ഗ്രന്ഥമാണ്.

وَلَا تَتَّبِعْ أَهْوَآءَهُمْ عَمَّا جَآءَكَ مِنَ ٱلْحَقِّ ۚ

നിനക്ക് വന്നിട്ടുള്ള യഥാർത്ഥത്തെ വിട്ടു അവരുടെ ഇച്ഛകളെ നീ പിൻപറ്റുകയും ചെയ്യരുത്.

لِكُلٍّ جَعَلْنَا مِنكُمْ شِرْعَةً وَمِنْهَاجًا ۚ

നിങ്ങളിൽ എല്ലാവർക്കും (തന്നെ) ഓരോ (നിയമ) നടപടിക്രമവും, ഓരോ തുറന്ന (കർമ) മാർഗവും നാം ഏർപ്പെടുത്തിയിരിക്കുന്നു.

وَلَوْ شَآءَ ٱللَّهُ لَجَعَلَكُمْ أُمَّةً وَٰحِدَةً وَلَٰكِن لِّيَبْلُوَكُمْ فِى مَآ ءَاتَىٰكُمْ ۖ فَٱسْتَبِقُوا۟ ٱلْخَيْرَٰتِ ۚ

അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ നിങ്ങളെ(യെല്ലാം) അവൻ ഒരേ സമുദായമാക്കുക തന്നെ ചെയ്യുമായിരുന്നു എങ്കിലും, നിങ്ങൾക്ക് അവൻ നൽകിയിട്ടുള്ളതിൽ നിങ്ങളെ പരീക്ഷണം ചെയ്‌വാൻ വേണ്ടിയത്രെ (അങ്ങിനെ ചെയ്യാതിരുന്നത്). അതിനാൽ, നല്ല കാര്യങ്ങൾക്ക് (മത്സര പൂർവ്വം) മുൻ കടന്നു വരുവിൻ!

إِلَى ٱللَّهِ مَرْجِعُكُمْ جَمِيعًا فَيُنَبِّئُكُم بِمَا كُنتُمْ فِيهِ تَخْتَلِفُونَ ﴿٤٨﴾

അല്ലാഹുവിങ്കലേക്കാണ് നിങ്ങളുടെയെല്ലാംമടങ്ങിവരവ്. അപ്പോൾ, നിങ്ങൾ (തമ്മിൽ) ഏതൊന്നിൽ ഭിന്നാഭിപ്രായത്തിലായിരുന്നുവോ അതിനെപ്പറ്റി അവൻ നിങ്ങളെ ബോധ്യപ്പെടുത്തുന്നതാണ്.

﴾51﴿ وَأَنزَلْنَا നാം അവതരിപ്പിക്കുകയും ചെയ്തിരിക്കുന്നു إِلَيْكَ നിന്നിലേക്ക്, നിനക്ക് ٱلْكِتَٰبَ (വേദ) ഗ്രന്ഥം بِٱلْحَقِّ യഥാർത്ഥ പ്രകാരം مُصَدِّقًا സത്യപ്പെടുത്തിക്കൊണ്ട് لِّمَا بَيْنَ يَدَيْهِ അതിന്റെ മുമ്പിലുള്ളതിനെ مِنَ ٱلْكِتَٰبِ (വേദ) ഗ്രന്ഥമാകുന്ന, ഗ്രന്ഥത്തിൽ നിന്നും وَمُهَيْمِنًا മേൽനോട്ടം ചെയ്യുന്നതായും, മേലന്വേഷണം വഹിച്ചുകൊണ്ടും, കാവൽക്കാരനായും عَلَيْهِ അതിന്റെ മേൽ, അതിൽ فَٱحْكُم അതിനാൽ നീ വിധിച്ചു കൊള്ളുക بَيْنَهُم അവർക്കിടയിൽ بِمَآ أَنزَلَ അവതരിപ്പിച്ചതുകൊണ്ട് (പ്രകാരം) ٱللَّهُ അല്ലാഹു وَلَا تَتَّبِعْ നീ പിൻപറ്റുക(തുടരുക)യും ചെയ്യരുത് أَهْوَآءَهُمْ അവരുടെ ഇച്ഛകളെ عَمَّا جَآءَكَ നിനക്ക് വന്നതിനെ വിട്ട് مِنَ ٱلْحَقِّ യഥാർത്ഥമാകുന്ന, യഥാർത്ഥത്തിൽ നിന്ന് لِكُلٍّ എല്ലാവർക്കും (തന്നെ) جَعَلْنَا നാം ആക്കി (ഏർപ്പെടുത്തി)യിരിക്കുന്നു مِنكُمْ നിങ്ങളിൽ നിന്ന് شِرْعَةً ഒരു (ഓരോ) നടപടിക്രമം, നിയമമാർഗം وَمِنْهَاجًا ഒരു (ഓരോ) തുറന്ന മാർഗവും, പ്രത്യക്ഷ വഴിയും وَلَوْ شَآءَ ٱللَّهُ അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ

لَجَعَلَكُمْ നിങ്ങളെ അവൻ ആക്കുക തന്നെ ചെയ്യുമായിരുന്നു أُمَّةً وَاحِدَةً ഏക (ഒരേ) സമുദായം وَلَٰكِن എങ്കിലും لِّيَبْلُوَكُمْ നിങ്ങളെ പരീക്ഷണം ചെയ്‌വാൻ വേണ്ടിയാകുന്നു فِى مَآ ءَاتَىٰكُمْ നിങ്ങൾക്കവൻ നൽകിയതിൽ فَٱسْتَبِقُوا۟ അതിനാൽ നിങ്ങൾ മുൻകട ന്നുവരുവിൻ, മുൻകടക്കുവാൻ ശ്രമിക്കുവിൻ ٱلْخَيْرَٰتِ നല്ലവക്ക്, നല്ല കാര്യങ്ങളിലേക്ക് إِلَى ٱللَّهِ അല്ലാഹുവിങ്കലേക്കാണ് مَرْجِعُكُمْ നിങ്ങളുടെ മടക്കം, മടങ്ങുന്ന സ്ഥാനം, മട ങ്ങിവരവ് جَمِيعًا മുഴുവനും, എല്ലാവരുടെയും فَيُنَبِّئُكُم അപ്പോഴവൻ നിങ്ങളെ ബോധ്യ പ്പെടുത്തും بِمَا كُنتُمْ നിങ്ങളായിരുന്നതിനെപ്പറ്റി فِيهِ അതിൽ تَخْتَلِفُونَ നിങ്ങൾ ഭിന്നാഭി പ്രായത്തിലായിരിക്കും, വ്യത്യാസപ്പെട്ടുകൊണ്ടിരിക്കും.

തൗറാത്തിനെയും ഇൻജീലിനെയും കുറിച്ച് വിവരിച്ചശേഷം, ക്വുർആനെയും അതിന്റെ സവിശേഷതകളെയും കുറിച്ചു പ്രസ്താവിക്കുകയാണ്. ആ രണ്ടു വേദഗ്ര ന്ഥങ്ങളുമെന്നപോലെ, ക്വുർആനാകുന്ന വേദഗ്രന്ഥവും അല്ലാഹു തന്നെയാണ് അവ തരിപ്പിച്ചിരിക്കുന്നത്. ആശയക്കുഴപ്പത്തിനോ സംശയത്തിനോ അവകാശമില്ലാത്ത വിധം സത്യയാഥാർത്ഥ്യങ്ങളും, ന്യായയുക്തങ്ങളുമായ കാര്യങ്ങളാണ് അതിലുള്ളത്. അതിന്റെ മുമ്പുള്ള വേദഗ്രന്ഥങ്ങളെ അത് നിഷേധിക്കുകയോ ഖണ്ഡിക്കുകയോ ചെയ്യു ന്നില്ല. അവയെ ശരിവെക്കുകയും, അവയുടെ സത്യത സ്ഥാപിക്കയുമാണ് ചെയ്യുന്ന ത്. അതിനു പുറമെ, അവയെ സംബന്ധിച്ച് ഒരു മേൽനോട്ടവും അവയുടെ ഒരു സംര ക്ഷണവും കൂടിയാണ് ക്വുർആൻ. ഏതെങ്കിലും തരത്തിലുള്ള കൈകടത്തൽ മുഖേ നയോ ദുർവ്യാഖ്യാനങ്ങൾവഴിയോ അവയിൽ ഏർപ്പെട്ടിട്ടുള്ള വൈകല്യങ്ങളെയും അവ യുടെ അനുയായികളാൽ പൂഴ്ത്തിവെക്കപ്പെട്ട ഭാഗങ്ങളെയും അത് വെളിക്കു കൊണ്ടു വരുന്നതാണ്. അങ്ങനെ, അവയുടെ സാക്ഷാൽ ദൗത്യങ്ങളെന്തായിരുന്നുവെന്ന് ക്വുർ ആൻ തുറന്നു കാട്ടിക്കൊണ്ടിരിക്കും എന്നൊക്കെയാണ് ക്വുർആനെപ്പറ്റി പ്രസ്താവിച്ച തിന്റെ താൽപര്യം.

مهيمن എന്ന വാക്കിനാണ് 'മേൽനോട്ടം നടത്തുന്നത്' എന്ന് നാം അർത്ഥം കൽപ്പി ച്ചത്. 'കാത്തുസൂക്ഷിക്കുന്നത്, വിശ്വാസ്ഥത പാലിക്കുന്നത്, സാക്ഷ്യം വഹിക്കുന്നത്, വിധി കൽപിക്കുന്നത്' എന്നിങ്ങിനെയും അതിന് അർത്ഥങ്ങൾ കൽപിക്കപ്പെട്ടിരിക്കു ന്നു. ഇബ്നു കഥീർ (റ) ചൂണ്ടിക്കാട്ടിയതുപോലെ, എല്ലാം തന്നെ തത്വത്തിൽ യോജി ക്കുന്നതും ക്വുർആന്റെ ഗുണവിശേഷങ്ങളുമാകുന്നു.

ഇങ്ങിനെയുള്ള ഒരു ഗ്രന്ഥം നബി ﷺക്ക് നൽകപ്പെട്ടിട്ടുള്ള സ്ഥിതിക്ക് എല്ലാകാ ര്യത്തിലും വിധി കൽപിക്കുന്നതും, തീരുമാനം നിശ്ചയിക്കുന്നതും ആ ഗ്രന്ഥം അനു സരിച്ചു മാത്രമായിരിക്കണം, അതിനെ വിട്ടേച്ചു മുൻ ഗ്രന്ഥങ്ങളുടെ അനുയായികളായ വേദക്കാരുടെയോ മറ്റോ തന്നിഷ്ടങ്ങൾക്ക് വഴങ്ങിക്കൊടുക്കരുത്, അതിലൊന്നും അവരെ അനുസരിക്കുകയും ചെയ്യരുത് എന്ന് അല്ലാഹു നബി ﷺയോട് കൽപിക്കുകയും ചെയ്യു ന്നു. ഈ കൽപന നബി ﷺയെ അഭിമുഖീകരിച്ചുകൊണ്ടാണ് പ്രത്യക്ഷത്തിൽ ഉള്ള തെങ്കിലും മുസ്‌ലിം സമുദായത്തെ പൊതുവിലും, പണ്ഡിതന്മാരെയും വിധികർത്താ ക്കളെയും വിശേഷിച്ചും ബാധിക്കുന്നതാണെന്ന് പറയേണ്ടതില്ല. യഥാർത്ഥമായ മത വിധികൾക്കെതിരായി-ജനങ്ങളുടെ അഭിലാഷവും, ആവശ്യവും അനുസരിച്ച്-മതവി

ധികൾ നൽകുന്നവരും, മതപ്രമാണങ്ങളെ അപ്രകാരം വ്യാഖ്യാനിച്ചു കൊടുക്കുന്നവരും അല്ലാഹുവിന്റെ ഈ കൽപ്പന ലംഘിക്കുന്നവരത്രെ. അല്ലാഹു നമ്മെ കാത്തു രക്ഷിക്കട്ടെ. ആമീൻ.

ക്വുർആൻ അതിന്റെ മുമ്പുള്ള വേദഗ്രന്ഥങ്ങളെയെല്ലാം ശരിവെക്കുന്നു; എല്ലാ നബിമാരും പ്രബോധനം ചെയ്തിട്ടുള്ളത് ഒരേ മതവുമാണ്. എന്നിരിക്കെ, നിയമ നടപടികളിലും, ആചാരാനുഷ്ഠാന മുറകളിലും എല്ലാ സമുദായവും പൂർണമായും ഒരേ പ്രകാരത്തിലായിരിക്കേണ്ടതല്ലേ? അനുഭവത്തിൽ അങ്ങിനെയല്ലല്ലോ ഉള്ളത്? എന്നൊരു സംശയത്തിന് അവകാശമുണ്ട്. അതിനുള്ള മറുപടിയെന്നോണം രണ്ടു കാര്യങ്ങൾ അല്ലാഹു ഉണർത്തുന്നു:

(1) നിങ്ങളിൽ എല്ലാവർക്കും-ഓരോ സമുദായത്തിനും-തന്നെ ഓരോ നിയമ നടപടി ക്രമവും, ഓരോ തുറന്ന കർമ മാർഗവും നാം ഏർപ്പെടുത്തിത്തന്നിരിക്കുന്നു. (لِكُلٍّ جَعَلْنَا مِنكُمْ شِرْعَةً وَمِنْهَاجًا) അതായത്: മൗലിക തത്വങ്ങളും മൂലസിദ്ധാന്തങ്ങളും ഒന്നു തന്നെ. പ്രായോഗിക ജീവിതത്തിൽ അവയെ സാക്ഷാൽക്കരിക്കുന്നതിനായി ഓരോ സമുദായത്തിനും-അതാതിന്റെ ബുദ്ധിപരവും മാനസികവും സാമൂഹികവുമായ വളർച്ചക്കും, കാലദേശ പരിതഃസ്ഥിതികൾക്കും അനുസരിച്ചു-ഓരോ നിയമ നടപടി ക്രമവും (شرعة) ഓരോ വ്യക്തമായ കർമ മാർഗവും (منهاج) നാം നിശ്ചയിച്ചുവെച്ചതാണ്. എന്നല്ലാതെ, മൂല്യങ്ങളിലോ, അടിസ്ഥാനങ്ങളിലോ, ലക്ഷ്യങ്ങളിലോ അവയൊന്നും വിഭിന്നമല്ല എന്ന് സാരം. നബി ﷺ പറഞ്ഞതായി അബൂഹുറയ്റ (റ)യിൽ നിന്ന് ബുഖാരിയും മുസ്ലിമും (റ) ഉദ്ധരിക്കുന്നു: 'പ്രവാചക സമൂഹങ്ങളാകുന്ന ഞങ്ങൾ പല മാതൃവഴിക്കുള്ള സഹോദരങ്ങളാകുന്നു. ഞങ്ങളുടെ മതം ഒന്നത്രെ'.

നിങ്ങളെ ഒരേ ഒരു സമുദായം ആക്കുവാൻ അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവൻ അങ്ങനെത്തന്നെ ചെയ്യുമായിരുന്നു. എങ്കിലും അവനത് ചെയ്യാതിരുന്നത്, നിങ്ങൾക്ക്-ഓരോ സമുദായത്തിനും-അവൻ നിശ്ചയിച്ചു തന്നിട്ടുള്ളതിൽ നിങ്ങൾ എന്തു നില കൈക്കൊള്ളുന്നുവെന്ന് നിങ്ങളെ പരീക്ഷിക്കുവാൻ വേണ്ടിയാകുന്നു. (وَلَوْ شَآءَ ٱللَّهُ لَجَعَلَكُمْ .... فِى مَآ ءَاتَىٰكُمْ) എന്ന് അല്ലാഹു അറിയിക്കുന്നു. അതെ, എല്ലാവർക്കും ഒരേ തരത്തിലുള്ള നിയമക്രമവും ആചാര മാർഗവും നിശ്ചയിച്ചു കൊണ്ട് മനുഷ്യരെ മുഴുവനും ഒരൊറ്റ സമുദായമാക്കിത്തീർക്കുവാൻ അല്ലാഹുവിന് കഴിയാഞ്ഞിട്ടല്ല. പക്ഷേ, അങ്ങിനെയല്ല അവൻ ഉദ്ദേശിച്ചത്. ഒരേ ലക്ഷ്യത്തിലേക്ക് എത്തിച്ചേരുവാൻ വേണ്ടി ഓരോ കൂട്ടർക്കും ഓരോ ക്രമവും മാർഗവും നിർദ്ദേശിച്ചു കൊടുക്കുക. എന്നിട്ട് അവരവർക്ക് നിശ്ചയിക്കപ്പെട്ട പരിധിയിൽ ഒതുങ്ങി നിന്നുകൊണ്ട് ആരാണ് ലക്ഷ്യത്തിലേക്ക് കൂടുതൽ മുന്നേറിവരുന്നതെന്നും, ആരാണ് കൂടുതൽ വിജയം വരിക്കുന്നവരെന്നും ഒരു പരീക്ഷണം നടത്തുക. ഇതാണ് അവൻ ഉദ്ദേശിച്ചിരിക്കുന്നത്.

മനുഷ്യവർഗത്തിന്റെ സാക്ഷാൽ ജീവിത വിജയം നിലകൊള്ളുന്നത് അല്ലാഹുവിന്റെ പ്രീതിയിലും പരലോക നന്മയിലുമാണല്ലോ. അതിനുള്ള ഏക മാർഗം അവന്റെ ഏകത്വവും പരമാധികാരവും സമ്മതിച്ചുകൊണ്ടും അവന്റെ ആജ്ഞാനിർദ്ദേശങ്ങളനുസരിച്ചുകൊണ്ടും ജീവിക്കലുമാകുന്നു. ആ സ്ഥിതിക്ക് മനുഷ്യരെല്ലാം എന്തുകൊണ്ട് ഒരേ സമുദായമായില്ല. എന്തുകൊണ്ട് ഒരേ കർമ പദ്ധതിയും നിയമ സംഹിതയും നൽകപ്പെട്ടവരായില്ല എന്ന് ചോദ്യം ചെയ്യുകയോ തർക്കിക്കുകയോ അല്ല നിങ്ങൾ

വേണ്ടത്. സൽക്കർമങ്ങളും സന്മാർഗ നിഷ്ഠയും വഴി-ഓരോ കൂട്ടരും മറ്റെവരെ മുൻകടക്കേണമെന്ന ഉൽസാഹത്തിൽ-വീറോടുകൂടി മുന്നേറുവാൻ ശ്രമിക്കയാണ് ചെയ്യേണ്ടത് എന്നത്രെ നിങ്ങൾ നല്ല കാര്യങ്ങളിലേക്ക് വാശിയോടെ മുന്നോട്ട് വരുവിൻ (فَٱسْتَبِقُوا۟ ٱلْخَيْرَٰتِ)എന്നു പറഞ്ഞതിന്റെ താൽപര്യം. ഓരോ കൂട്ടരും ഏത് നില കൈകൊണ്ടിരുന്നാലും എല്ലാവരും തിരിച്ചു വരുന്നത് അല്ലാഹുവിങ്കലേക്കാണല്ലോ. അപ്പോൾ, ഓരോ കൂട്ടരും സ്വീകരിച്ച നിലപാട് എന്തായിരുന്നുവെന്നു അവരെ ശരിക്കും ബോധ്യപ്പെടുത്തിക്കൊണ്ട് അവൻ നടപടി എടുത്തുകൊള്ളുന്നതുമാണ് (إِلَى ٱللَّهِ مَرْجِعُكُمْ ...الخ) എന്നും അവസാനമായി എല്ലാവരെയും അല്ലാഹു താക്കീത് ചെയ്യുന്നു.

وَلَوْ شَآءَ ٱللَّهُ... (അല്ലാഹു ഉദ്ദേശിച്ചെങ്കിൽ നിങ്ങളെ അവൻ ഒരേ സമുദായമാക്കുമായിരുന്നു. എങ്കിലും നിങ്ങൾക്ക് നൽകിയതിൽ നിങ്ങളെ പരീക്ഷണം ചെയ്‌വാൻ വേണ്ടിയാണ്). എന്ന വാക്യങ്ങളുടെ വ്യാഖ്യാനമെന്ന നിലക്ക് ചില ആളുകൾ ഇവിടെ എഴുതിക്കാണുന്ന ഒരു വിവരണം കാണുമ്പോൾ ആശ്ചര്യം തോന്നിപ്പോകുന്നു. അത് വായിക്കുന്ന മാത്രയിൽതന്നെ, നിഷ്പക്ഷ ഹൃദയമുള്ള ഏതൊരാൾക്കും ആ വിവരണത്തിന്റെ പിന്നിലുള്ള മനസ്സിരിപ്പ് എന്താണെന്നു ഏറെക്കുറേ മനസ്സിലാക്കാവുന്നതാണ്. 'ചിന്ത, കഴിവ്, വാസന മുതലായവയിൽ മനുഷ്യർ വ്യത്യസ്തരാണ്. സർവ്വജ്ഞനായ അല്ലാഹുവിന്റെ ഒരു തന്ത്രമാണിത്. ഈ വ്യത്യസ്തതയിൽനിന്നേ മനുഷ്യജീവിതം അഭിവൃദ്ധിപ്പെടുകയുള്ളൂ. അതുകൊണ്ട് പുരോഗമന വാഞ്ഛയും പരസ്പരം മുൻകടക്കുവാനുള്ള ഔൽസുക്യവും മനുഷ്യരിൽ ഉണ്ടാക്കിത്തീർക്കേണ്ടതിന് പല തന്ത്രങ്ങളും അല്ലാഹു പ്രയോഗിച്ചിട്ടുണ്ട്. അല്ലെങ്കിൽ മനുഷ്യർ ഇന്നത്തെ നിലയിൽ എത്തിച്ചേരുകയില്ലായിരുന്നു. മലക്കുകൾ തുടങ്ങി പക്ഷി മൃഗാദികൾവരെയുള്ളവയെല്ലാം എക്കാലത്തും ഒരേ അവസ്ഥയിൽ നിലകൊള്ളുന്നു. പുരോഗമന വാഞ്ഛയും, അതിനുള്ള കഴിവും അവർക്കില്ല. ഇത് മനുഷ്യനാണുള്ളത്. ഈ അനുഗ്രഹമാണിവിടെ ഓർമിപ്പിക്കുന്നത്. നിങ്ങൾക്ക് തന്നിട്ടുള്ള മേൽ ചൂണ്ടിക്കാട്ടിയ ആ കഴിവുകളിൽ നിങ്ങളെ പരീക്ഷിക്കുന്നതിനു വേണ്ടിയാണത് എന്നത്രെ لِّيَبْلُوَكُمْ فِى مَآ ءَاتَىٰكُمْ (നിങ്ങൾക്ക് നൽകിയതിൽ നിങ്ങളെ പരീക്ഷിക്കുവാൻ വേണ്ടി) എന്ന വാക്യത്തിന്റെ അർത്ഥം. ഇതാണ് അവരുടെ വാക്കുകളിലൂടെത്തന്നെ ആ വിവരണത്തിന്റെ രീതി. ഈ വിവരണത്തിന്റെ സൗകര്യാർത്ഥം ക്വുർആന്റെ വാക്കുകളുടെ അർത്ഥത്തിൽ പോലും ഇവർ കൈകടത്തിയിരുന്നു. لَجَعَلَكُمْ أُمَّةً وَٰحِدَةً (നിങ്ങളെ അവൻ ഒരേ സമുദായം ആക്കുമായിരുന്നു.) എന്ന വാക്കിനു 'നിങ്ങളെയെല്ലാം അവൻ (പക്ഷിമൃഗങ്ങളെപ്പോലെ) ഒരേ സമുദായമാക്കി നിറുത്തിപ്പോരുമായിരുന്നു' എന്നും, فِى مَآ ءَاتَىٰكُمْ (നിങ്ങൾക്ക് നൽകിയതിൽ- തന്നിട്ടുള്ളതിൽ) എന്ന വാക്കിനു 'നിങ്ങൾക്ക് തന്നിട്ടുള്ള കഴിവുകളിൽ' എന്നുമാണ് ഇവർ കൊടുത്തു കാണുന്ന അർത്ഥം.

അൽപമെങ്കിലും അറബി അറിയുകയും ഈ വാക്യങ്ങളുടെ മുമ്പും പിമ്പുമായി ഇതേ വചനത്തിൽ തന്നെയുള്ള മറ്റു വാക്യങ്ങൾ ഗൗനിക്കുകയും ചെയ്യുന്ന ഏതൊരാളും നിശ്ചയമായും ഇത് കാണുമ്പോൾ വിസ്മയിച്ചുപോകും. എന്തോ ചില താൽപര്യങ്ങൾ ക്വുർആന്റെ പേരിൽ വെളിക്കിറക്കുവാൻ കൽപിച്ചുകൂട്ടി ചെയ്ത ഒരു കുതന്ത്രമാണിതെന്നുള്ളതിൽ ആരും സംശയിക്കയില്ല. ആ വിവരണത്തിലെ ഭാഷ

പോലും സത്യവിശ്വാസികളായ ആളുകളെ വിസ്മയിപ്പിച്ചുപോകും. ഇവരുടെ പ്രസ്താവനയിലടങ്ങിയ ആശയത്തെക്കുറിച്ചു നാം ഒന്നും പറയുന്നില്ല. പക്ഷേ, അതും അല്ലാഹു പറഞ്ഞ ആ വാക്യങ്ങളും തമ്മിൽ ആശയപരമായി യാതൊരു ബന്ധവുമില്ലെന്ന് മേൽ വിവരിച്ചതിൽ നിന്നും, ആയത്തിന്റെ നേർക്കുനേരെയുള്ള അർത്ഥത്തിൽ നിന്നും ആർക്കും വ്യക്തമാകുന്നതാണ്. അല്ലാഹു നമുക്കെല്ലാം സത്യത്തെ സത്യമായി കാണുവാൻ തൗഫീക് നൽകട്ടെ. آمين

وَأَنِ ٱحْكُم بَيْنَهُم بِمَآ أَنزَلَ ٱللَّهُ وَلَا تَتَّبِعْ أَهْوَآءَهُمْ

﴿52﴾ അല്ലാഹു അവതരിപ്പിച്ചതു പ്രകാരം അവർക്കിടയിൽ നീ വിധിക്കണം, അവരുടെ ഇച്ഛകളെ നീ പിൻപറ്റുകയും ചെയ്യരുത് എന്നും (നാം കൽപിച്ചിരിക്കുന്നു).

وَٱحْذَرْهُمْ أَن يَفْتِنُوكَ عَنۢ بَعْضِ مَآ أَنزَلَ ٱللَّهُ إِلَيْكَ ۖ فَإِن تَوَلَّوْا۟ فَٱعْلَمْ أَنَّمَا يُرِيدُ ٱللَّهُ أَن يُصِيبَهُم بِبَعْضِ ذُنُوبِهِمْ ۗ

അല്ലാഹു നിനക്ക് അവതരിപ്പിച്ചിട്ടുള്ള ചിലതിൽ നിന്ന് അവർ നിന്നെ കുഴപ്പത്തിലാ(ക്കി തെറ്റി)ക്കുന്നതിനെക്കുറിച്ചു നീ കാത്തുകൊള്ളുകയും ചെയ്യുക. എനി, അവർ തിരിഞ്ഞു കളയുന്ന പക്ഷം നീ അറിഞ്ഞുകൊള്ളുക: അവരുടെ ചില പാപങ്ങൾ നിമിത്തം അവർക്ക് (ആപത്തു) ബാധിപ്പിക്കുവാൻ തന്നെ അല്ലാഹു ഉദ്ദേശിക്കുന്നുവെന്ന്.

وَإِنَّ كَثِيرًا مِّنَ ٱلنَّاسِ لَفَٰسِقُونَ ﴿٥٢﴾

നിശ്ചയമായും, മനുഷ്യരിൽ നിന്ന് വളരെ ആളുകളും തോന്നിയവാസികൾ തന്നെയാണ്.

أَفَحُكْمَ ٱلْجَٰهِلِيَّةِ يَبْغُونَ ۚ

﴿53﴾ അപ്പോൾ, 'ജാഹിലിയ്യത്തി'ന്റെ [അജ്ഞാന കാലത്തിലെ] വിധിയാണോ അവർ തേടുന്നത്?!

وَمَنْ أَحْسَنُ مِنَ ٱللَّهِ حُكْمًا لِّقَوْمٍ يُوقِنُونَ ﴿٥٣﴾

ഉറപ്പി(ച്ചു വിശ്വസി)ക്കുന്ന ജനങ്ങൾക്ക് അല്ലാഹുവിനെക്കാൾ വിധി നന്നായുള്ളവൻ (വേറെ) ആരുണ്ട്?!

﴿52﴾ وَأَنِ ٱحْكُم നീ വിധിക്കണമെന്നും بَيْنَهُم അവർക്കിടയിൽ بِمَآ أَنزَلَ അവതരിപ്പിച്ചതു പ്രകാരം ٱللَّهُ അല്ലാഹു وَلَا تَتَّبِعْ നീ പിൻപറ്റുകയും ചെയ്യരുത്(എന്നും) أَهْوَآءَهُمْ അവരുടെ ഇച്ഛകളെ وَٱحْذَرْهُمْ അവരെ നീ കരുതി (കാത്തു-ശ്രദ്ധിച്ചു-ജാഗ്രതയോ

ടെ)യിരിക്കുകയും ചെയ്യുക أَن يَفْتِنُوكَ അവർ നിന്നെ കുഴപ്പത്തിലാക്കുന്ന (തെറ്റിച്ചു കളയുന്ന)തിനെക്കുറിച്ച് عَنۢ بَعْضِ ചിലതിനെ വിട്ട്, ചിലതിൽ നിന്ന് مَآ أَنزَلَ ٱللَّهُ അല്ലാഹു അവതരിപ്പിച്ചതിലെ إِلَيْكَ നിനക്ക്, നിന്നിലേക്ക് فَإِن تَوَلَّوْا۟ എനി അവർ തിരിഞ്ഞു പോകുന്ന പക്ഷം فَٱعْلَمْ അപ്പോൾ നീ അറിയുക أَنَّمَا يُرِيدُ ഉദ്ദേശിക്കുകതന്നെയാണെന്ന് ٱللَّهُ അല്ലാഹു أَن يُصِيبَهُم അവർക്ക് (അവരെ) ബാധിപ്പിക്കുവാൻ, വിപത്തു വരുത്തുവാൻ بِبَعْضِ ചിലത് നിമിത്തം ذُنُوبِهِمْ അവരുടെ പാപങ്ങളിലെ وَإِنَّ كَثِيرًا നിശ്ചയമായും വളരെ (ആളുകൾ) مِّنَ ٱلنَّاسِ മനുഷ്യരിൽ നിന്ന് لَفَٰسِقُونَ തോന്നിയവാസികൾ തന്നെ ﴾53﴿ أَفَحُكْمَ അപ്പോൾ വിധിയെയോ ٱلْجَٰهِلِيَّةِ ജാഹിലിയ്യത്തിന്റെ, അജ്ഞാനകാലത്തെ يَبْغُونَ അവർ തേടുന്നു, അന്വേഷിക്കുന്നു وَمَنْ أَحْسَنُ അധികം നല്ലവൻ ആരുണ്ട്, (ആരാണ്) مِنَ ٱللَّهِ അല്ലാഹുവിനെക്കാൾ حُكْمًا വിധിയാൽ, വിധി لِّقَوْمٍ ഒരു ജനതക്ക് يُوقِنُونَ ഉറപ്പിക്കുന്ന, ഉറച്ചു വിശ്വസിക്കുന്ന

അല്ലാഹു അവതരിപ്പിച്ച പ്രകാരം തന്നെ വിധിക്കണം, വേദക്കാരുടെയോ മറ്റോ തന്നിഷ്ടങ്ങൾക്ക് വഴങ്ങിപ്പോകരുത് എന്ന് നബി ﷺയോട് അല്ലാഹു വീണ്ടും ഊന്നിപ്പറയുന്നു. ഈ കൽപനക്കെതിരായി നബി ﷺ വല്ലതും ചെയ്തേക്കുവാൻ ഇടയുള്ളതുകൊണ്ടല്ല ഇക്കാര്യം ഇത്ര ശക്തിപ്പെടുത്തിപ്പറയുന്നത്. ഏതെങ്കിലും തരത്തിൽ നബി ﷺയെ വശീകരിച്ചോ വഞ്ചിച്ചോ നേർമാർഗത്തിൽനിന്ന് വ്യതിചലിപ്പിക്കാമെന്ന വ്യാമോഹം ശത്രുക്കൾ ഉപേക്ഷിക്കുവാൻ വേണ്ടിയാണത്. അവർ അതിന് തക്കം പാർത്തുകൊണ്ടേ ഇരിക്കുകയാണല്ലോ. ഇബ്നു ജരീറും, ഇബ്നു അബീഹാതിമും (റ) ഇബ്നു അബ്ബാസ് (റ)ൽ നിന്ന് ഇപ്രകാരം നിവേദനം ചെയ്തിരിക്കുന്നു:- 'നമുക്ക് മുഹമ്മദിനെ ഒന്നു കുഴപ്പത്തിലാക്കുവാൻ ശ്രമിക്കാം എന്ന് കഅ്ബുബ്നുസഅദും വേറെ മൂന്ന് യഹൂദീ നേതാക്കളും കൂടി തമ്മിൽ പറഞ്ഞുറച്ചു. അവർ നബി ﷺയുടെ അടുക്കൽ ചെന്നു ഇങ്ങിനെ പറഞ്ഞു: മുഹമ്മദേ, ഞങ്ങൾ യഹൂദികളിലുള്ള പണ്ഡിതന്മാരും നേതാക്കളുമാണെന്ന് താങ്കൾക്കറിയാമല്ലോ. ഞങ്ങൾ താങ്കളെ പിൻപറ്റിയാൽ അവർ ഞങ്ങളെയും പിൻപറ്റും. അവർ ഞങ്ങൾക്ക് എതിരായി പ്രവർത്തിക്കുകയില്ല. ഞങ്ങൾക്കും ഞങ്ങളുടെ ജനങ്ങൾക്കുമിടയിൽ ഒരു വഴക്കുകേസുണ്ട്. അവരെക്കുറിച്ച് ഞങ്ങൾ താങ്കളുടെ അടുക്കൽ തീരുമാനത്തിനു വെക്കാം. അപ്പോൾ, അവർക്കെതിരിൽ ഞങ്ങൾക്ക് ഗുണമായി വിധി നൽകണം. എന്നാൽ, ഞങ്ങൾ താങ്കളെ വിശ്വസിക്കുകയും സത്യപ്പെടുത്തുകയും ചെയ്തുകൊള്ളാം. ഈ ആവശ്യം നബി ﷺ നിരസിക്കുകയാണ് ചെയ്തത്. ഈ അവസരത്തിൽ ഈ വചനങ്ങൾ (52, 53) അവതരിച്ചു'.

അല്ലാഹുവിന്റെ വിധി സ്വീകരിക്കുവാൻ തയ്യാറില്ലാതെ അവർ തിരിഞ്ഞു പോകുകയാണെങ്കിൽ, അവരുടെ ചില പാപങ്ങൾ കാരണം അല്ലാഹു അവർക്ക് ആപത്ത് ബാധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് പറഞ്ഞുവല്ലോ. അവരുടെ പാപങ്ങളും തെറ്റുകുറ്റങ്ങളും കുറച്ചൊന്നുമല്ല. എല്ലാറ്റിനും കൂടിയുള്ള ശിക്ഷ ഇവിടെവെച്ചല്ല-പരലോകത്തുവെച്ചാണ്-നൽകപ്പെടുക. എന്നാലും ചിലതിന്റെ അനന്തരഫലം ഇവിടെവെച്ചു തന്നെ അവർ അനുഭവിക്കേണ്ടി വരുമെന്നാണിതിന്റെ താൽപര്യം. ആ ആപത്തുകൾ

യഹൂദികൾ അനുഭവിക്കുകയുംചെയ്തു. യഹൂദികൾ പ്രധാനമായും രണ്ടു ഗോത്രങ്ങൾ ചേർന്നതായിരുന്നു. ക്വുറയ്ദ്വയും, നദ്വീറും (قريضة والنضير). നദ്വീർ ഗോത്രം ചില സംഭവങ്ങളെത്തുടർന്നു ഒന്നടങ്കം മദീനയിൽ നിന്നും നാടുകടത്തപ്പെട്ടു. ക്വുറയ്ദ്വയാകട്ടെ, അവരാൽ തന്നെ നിയമിതനായ മദ്ധ്യസ്ഥന്റെ തീരുമാനമനുസരിച്ചു അവരിൽ വലിയവരെല്ലാം കൊല്ലപ്പെടുകയും ചെയ്തു. ഇങ്ങിനെയുള്ള പല അനുഭവങ്ങളും അവർ നേരിടേണ്ടിവന്നത് അവർ അല്ലാഹുവിന്റെ വിധിയും കൽപനയും തള്ളിക്കളഞ്ഞതുകൊണ്ടു മാത്രമായിരുന്നു. യഹൂദികളോ, അല്ലെങ്കിൽ മറ്റുള്ള വല്ലവരുമോ ഉപദേശങ്ങളും തെളിവുകളും ധാരാളം നൽകപ്പെട്ടിട്ടും സത്യം സ്വീകരിക്കുവാൻ തയ്യാറാകാതെ മുരടിച്ചു നിൽക്കുന്നത് കണ്ട് മനോവേദനപ്പെട്ടു കൊണ്ടിരിക്കേണ്ടതില്ല-അത് മനുഷ്യ സഹജമായ ഒരു സ്വഭാവമാണ്-എന്ന് നബി ﷺയെ സമാധാനിപ്പിക്കുകയാണ് وَإِنَّ كَثِيرًا مِّنَ ٱلنَّاسِ لَفَـٰسِقُونَ (മനുഷ്യരിൽ വളരെ ആളുകളും തോന്നിയവാസികൾ തന്നെ) എന്ന വാക്യം.

അല്ലാഹുവിന്റെ വിധി സ്വീകരിക്കാത്ത യഹൂദികളെക്കുറിച്ചു തന്നെയാണ് ചോദ്യരൂപത്തിലുള്ള രണ്ട് വാക്യങ്ങളടങ്ങിയ രണ്ടാമത്തെ വചനവും. ഇസ്‌ലാമിന് മുമ്പ് ശിർക്കിന്റെ വാഴ്ച നടന്നിരുന്ന അജ്ഞാനകാലത്തെ ഉദ്ദേശിച്ചാണ് ജാഹിലിയ്യത്ത് (الجاهلية) എന്നു പറയുന്നത്. വേദക്കാരെ സംബന്ധിച്ചിടത്തോളം, അവരുടെ കാര്യങ്ങളിൽ അവർക്ക് തീരുമാനമെടുക്കുവാൻ ഒരു വേദഗ്രന്ഥമുണ്ടെന്നു അവകാശപ്പെടാം. മുശ്‌രിക്കുകളാണെങ്കിൽ, പൂർവ്വീകാചാരങ്ങളും, അന്ധവിശ്വാസങ്ങളുമല്ലാതെ വേറെ അവലംബങ്ങളൊന്നും അവർക്കില്ല. അവരുടെ വിധികർത്താക്കൾക്കുള്ള യോഗ്യതയാണെങ്കിൽ, കുലമഹാത്മ്യവും, കയ്യൂക്കും മാത്രവും. അപ്പോൾ വേദക്കാർ വേദഗ്രന്ഥത്തിന്റെ വിധി സ്വീകരിക്കാതിരിക്കുന്ന പക്ഷം, അവർ ജാഹിലിയ്യാ സമ്പ്രദായത്തിലേക്ക് അധഃപതിക്കുക എന്നാണതിന്റെ അർത്ഥം. അതുകൊണ്ടാണ് 'ജാഹിലിയ്യത്തിന്റെ വിധിയാണോ അവർ തേടുന്നത്-അഥവാ ആഗ്രഹിക്കുന്നത്!' എന്നു ആക്ഷേപരൂപത്തിൽ അല്ലാഹു ചോദിക്കുന്നത്. അല്ലാഹുവിലും വേദഗ്രന്ഥത്തിലുമൊക്കെ വിശ്വസിക്കുന്നുവെന്ന് അവർ അവകാശപ്പെടുന്നുണ്ടെങ്കിലും ആ വിശ്വാസം നാമമാത്രമല്ലാതെ-ഉറപ്പായ വിശ്വാസം-അവർക്കില്ല. ഉറപ്പായി വിശ്വസിക്കുന്നുവെങ്കിൽ വേദഗ്രന്ഥത്തിൽ അല്ലാഹു നൽകിയ വിധി വിട്ട് മറ്റൊന്ന് അവർ സ്വീകരിക്കുവാൻ ഇടയില്ല. എന്നിങ്ങനെയുള്ള സൂചനയാണ് രണ്ടാമത്തെ ചോദ്യത്തിൽ അടങ്ങിയിരിക്കുന്നത്.

ഇസ്‌ലാമിന് മുമ്പുള്ള അജ്ഞാന കാലക്കാർ നടപ്പാക്കിയിരുന്ന വിധികൾക്ക് മാത്രമല്ല حكم الجاهلية (ജാഹിലിയ്യത്തിന്റെ വിധി) എന്നു പറയുകയെന്നും, അല്ലാഹുവിന്റെയും വേദഗ്രന്ഥത്തിന്റെയും നിയമങ്ങൾക്കെതിരായ എല്ലാ വിധികളും 'ജാഹിലിയ്യത്തിന്റെ വിധി' തന്നെയാണെന്നും മേൽവിവരിച്ചതിൽനിന്ന് ഏറെക്കുറെ മനസ്സിലാക്കാം. ഹസൻ (റ) പറഞ്ഞതായി ഇബ്നു അബീഹാതിം (റ) ഉദ്ധരിക്കുന്നു: 'അല്ലാഹുവിന്റെ വിധിയല്ലാത്ത മറ്റൊന്നു കൊണ്ട് ആരെങ്കിലും വിധിച്ചാൽ അവൻ ജാഹിലിയ്യത്തിന്റെ വിധി വിധിച്ചു'. ഒരു ഹദീഥിൽ നബി ﷺ പറയുന്നു: 'മനുഷ്യരിൽ വെച്ച് അല്ലാഹുവിങ്കലേക്ക് ഏറ്റവും വെറുക്കപ്പെട്ടവൻ, ഇസ്‌ലാമിൽ ജാഹിലിയ്യത്തിന്റെ നടപടി ആഗ്രഹിക്കുന്നവനും ന്യായം കൂടാതെ വല്ല മനുഷ്യന്റെയും രക്തം ചിന്തുവാൻ ശ്രമിക്കുന്നവനുമാകുന്നു'. ത്വബ്റാനീ (റ) ഇബ്നു അബ്ബാസ് (റ)ൽ നിന്നും, ബുഖാരീ (റ) അബുൽയമാനി (റ)ൽ നിന്നും ഉദ്ധരിച്ചതാണിത്. (كما فى ابن كثير)

വിഭാഗം - 8

۞ يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تَتَّخِذُوا۟ ٱلْيَهُودَ وَٱلنَّصَـٰرَىٰٓ أَوْلِيَآءَ ۘ

﴾54﴿ ഹേ, വിശ്വസിച്ചവരേ, യഹൂദികളെയും നസ്വ്റാനി [ക്രിസ്ത്യാനി]കളെയും നിങ്ങൾ ബന്ധുമിത്രങ്ങളാക്കി (അഥവാ സഹായികളാക്കി) വെക്കരുത്.

بَعْضُهُمْ أَوْلِيَآءُ بَعْضٍ ۚ وَمَن يَتَوَلَّهُم مِّنكُمْ فَإِنَّهُۥ مِنْهُمْ ۗ

അവരിൽ ചിലർ ചിലരുടെ [തമ്മ തമ്മിൽ] ബന്ധുമിത്രങ്ങളാകുന്നു. നിങ്ങളിൽനിന്ന് ആരെങ്കിലും അവരോടു മൈത്രി സ്ഥാപിക്കുന്ന പക്ഷം, നിശ്ചയമായും അവൻ, അവരിൽ പെട്ടവനായിരിക്കും.

إِنَّ ٱللَّهَ لَا يَهْدِى ٱلْقَوْمَ ٱلظَّـٰلِمِينَ ﴿٥١﴾

നിശ്ചയമായും അല്ലാഹു, അക്രമികളായ ജനങ്ങളെ സന്മാർഗത്തിലാക്കുകയില്ല.

فَتَرَى ٱلَّذِينَ فِى قُلُوبِهِم مَّرَضٌ يُسَـٰرِعُونَ فِيهِمْ

﴾55﴿ എന്നാൽ, ഹൃദയങ്ങളിൽ ഒരു (തരം) രോഗമുള്ളവർ അവരിൽ [അവരുമായി മൈത്രി സ്ഥാപിക്കുന്നതിൽ] ധൃതികൂട്ടിക്കൊണ്ടിരിക്കുന്നതായി നിനക്കു കാണാം.

يَقُولُونَ نَخْشَىٰٓ أَن تُصِيبَنَا دَآئِرَةٌ ۚ فَعَسَى ٱللَّهُ أَن يَأْتِىَ بِٱلْفَتْحِ أَوْ أَمْرٍ مِّنْ عِندِهِۦ

അവർ പറയുന്നു: 'ഞങ്ങൾക്ക് വല്ല അത്യാഹിതവും ബാധിക്കുന്നതിനെ ഞങ്ങൾ ഭയപ്പെടുന്നു'. എന്നാൽ അല്ലാഹു വിജയത്തെ, അല്ലെങ്കിൽ തന്റെ പക്കൽനിന്നുള്ള (മറ്റു) വല്ല കാര്യത്തെയും കൊണ്ടുവരുമാറായേക്കാം;

فَيُصْبِحُوا۟ عَلَىٰ مَآ أَسَرُّوا۟ فِىٓ أَنفُسِهِمْ نَـٰدِمِينَ ﴿٥٢﴾

അങ്ങനെ, അവർ തങ്ങളുടെ മനസ്സുകളിൽ രഹസ്യമാക്കിവെച്ചതിനെക്കുറിച്ച് അവർ 'ഖേദക്കാരായിത്തീർന്നേക്കും. [ഇതവർ ഓർത്തിരിക്കട്ടെ].

﴾54﴿ يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ഹേ വിശ്വസിച്ചവരേ لَا تَتَّخِذُوا۟ നിങ്ങൾ ആക്കരുത്, സ്വീകരിക്കരുത് ٱلْيَهُودَ യഹൂദികളെ وَٱلنَّصَـٰرَىٰٓ നസ്വ്റാനി (ക്രിസ്ത്യാനി)കളെയും أَوْلِيَآءَ മിത്ര

ങ്ങൾ, ബന്ധുക്കൾ, ഉടയവർ, സഹായികൾ, കൈകാര്യക്കാർ بَعْضُهُمْ അവരിൽ ചിലർ
يَتَوَلَّهُم أَوْلِيَآءُ മിത്രങ്ങളാകുന്നു, ബന്ധുക്കളാകുന്നു بَعْضٍ ചിലരുടെ وَمَن ആരെങ്കിലും
അവരോട് മൈത്രിസ്ഥാപിച്ചാൽ, അവരെ ബന്ധുവാക്കിയാൽ مِّنكُمْ നിങ്ങളിൽ നിന്ന്
فَإِنَّهُۥ എന്നാൽ നിശ്ചയമായും അവൻ مِنْهُمْ അവരിൽ പെട്ടവനാണ് إِنَّ ٱللَّهَ നിശ്ചയ
മായും അല്ലാഹു لَا يَهْدِى സന്മാർഗത്തിലാക്കുക (വഴിചേർക്കുക)യില്ല ٱلْقَوْمَ ജന
ങ്ങളെ ٱلظَّـٰلِمِينَ അക്രമികളായ ﴾55﴿ فَتَرَى എന്നാൽ നീ കാണും, നിനക്ക് കാണാം
ٱلَّذِينَ യാതൊരുവരെ فِى قُلُوبِهِم അവരുടെ ഹൃദയങ്ങളിലുണ്ട് مَّرَضٌ ഒരു രോഗം, വല്ല
രോഗവും يُسَـٰرِعُونَ അവർ ധൃതികൂട്ടുന്നതായി فِيهِمْ അവരിൽ يَقُولُونَ അവർ പറ
യുന്നു, പറഞ്ഞുകൊണ്ട് نَخْشَىٰٓ ഞങ്ങൾ ഭയപ്പെടുന്നു أَن تُصِيبَنَا ഞങ്ങളെ ബാധിക്കു
മെന്ന് دَآئِرَةٌ വല്ല അത്യാഹിതവും فَعَسَى ٱللَّهُ എന്നാൽ അല്ലാഹു ആയേക്കാം أَن يَأْتِىَ
വരുക, വരുവാൻ بِٱلْفَتْحِ വിജയം കൊണ്ട് أَوْ أَمْرٍ അല്ലെങ്കിൽ വല്ല കാര്യവും مِّنْ عِندِهِۦ
തന്റെ പക്കൽ നിന്ന് فَيُصْبِحُوا۟ അങ്ങനെ അവരായിത്തീരും, ആയിരിക്കുക عَلَىٰ مَآ أَسَرُّوا۟
അവർ രഹസ്യമാക്കി വെച്ചതിനെപ്പറ്റി فِىٓ أَنفُسِهِمْ അവരുടെ സ്വന്തങ്ങളിൽ, മനസ്സുക
ളിൽ نَـٰدِمِينَ ഖേദിക്കുന്നവർ, ഖേദക്കാർ

وَيَقُولُ ٱلَّذِينَ ءَامَنُوٓا۟ أَهَـٰٓؤُلَآءِ ٱلَّذِينَ أَقْسَمُوا۟ بِٱللَّهِ جَهْدَ أَيْمَـٰنِهِمْ ۙ إِنَّهُمْ لَمَعَكُمْ ۚ

﴾56﴿ വിശ്വസിച്ചവർ (അപ്പോൾ) പറയുകയും ചെയ്യും: 'തങ്ങൾ നിങ്ങളുടെ കൂടെത്തന്നെയാണ് എന്ന്. തങ്ങൾക്കു കഴിയും പ്രകാരം അല്ലാഹുവിൽ സത്യം ചെയ്തുറപ്പിച്ചവർ ഇക്കൂട്ടരാണോ?!

حَبِطَتْ أَعْمَـٰلُهُمْ فَأَصْبَحُوا۟ خَـٰسِرِينَ ﴿٥٦﴾

(അതെ) അവരുടെ പ്രവർത്തനങ്ങൾ നിഷ്ഫലമായി; അങ്ങനെ അവർ നഷ്ടക്കാരായിത്തീർന്നിരിക്കുകയാണ്.

﴾56﴿ وَيَقُولُ പറയുകയും ചെയ്യും ٱلَّذِينَ ءَامَنُوٓا۟ വിശ്വസിച്ചവർ أَهَـٰٓؤُلَآءِ ഇക്കൂട്ടരോ ٱلَّذِينَ
യാതൊരു കൂട്ടർ أَقْسَمُوا۟ അവർ സത്യം ചെയ്തു (ഉറപ്പിച്ചു) بِٱللَّهِ അല്ലാഹുവിനെ
ക്കൊണ്ട്, അല്ലാഹുവിൽ جَهْدَ കഴിവത് (ഞെരുങ്ങിയത്-അദ്ധ്വാനം) أَيْمَـٰنِهِمْ തങ്ങളുടെ
സത്യങ്ങളിൽ [جَهْدَ أَيْمَـٰنِهِمْ തങ്ങളുടെ കഴിവു പ്രകാരമുള്ള സത്യം] إِنَّهُمْ നിശ്ചയ
മായും അവർ لَمَعَكُمْ നിങ്ങളുടെ കൂടെത്തന്നെ (എന്ന്) حَبِطَتْ പൊളിഞ്ഞു (നിഷ്ഫല
മായി) أَعْمَـٰلُهُمْ അവരുടെ പ്രവൃത്തികൾ فَأَصْبَحُوا۟ അങ്ങനെ അവരായിത്തീർന്നു
خَـٰسِرِينَ നഷ്ടപ്പെട്ടവർ

ഇസ്‌ലാമിനു ശക്തിയും പ്രതാപവും വർദ്ധിച്ചുകൊണ്ടിരിക്കുകയാണെങ്കിലും ശത്രുക്കളുടെ ശക്തി ക്ഷയിച്ചു കഴിഞ്ഞിട്ടില്ല. മദീനായിലെ പ്രധാന ശത്രുക്കൾ യഹൂദികളും രണ്ടാമതായി ക്രിസ്ത്യാനികളുമാണ്. സത്യവിശ്വാസം ഹൃദയത്തിൽ കടന്നിട്ടില്ലാത്ത കപട വിശ്വാസികളെ സംബന്ധിച്ചിടത്തോളം ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും ഭാവിയെപ്പറ്റി അവർക്ക് സംശയമാണ്. യഹൂദികളും ക്രിസ്ത്യാനികളുമാകട്ടെ, അവരുടെ ദൃഷ്ടിയിൽ മുമ്പേ കെട്ടുറപ്പും ശക്തിയുമുള്ള സമൂഹവുമാകുന്നു. ആ സ്ഥിതിക്ക് അവസാനം മുസ്‌ലിംകൾ പരാജയത്തിലും ശത്രുക്കൾ വിജയത്തിലും കലാശിക്കുകയാണെങ്കിൽ തങ്ങളുടെ ഭാവി അപകടത്തിലായിരിക്കുമല്ലോ. അതിനാൽ, തങ്ങളുടെ ഭാവി സുരക്ഷിതമായിരിക്കുവാൻ വേണ്ടിയുള്ള മുൻകരുതലായി ശത്രുവിഭാഗത്തോട്-പ്രത്യേകിച്ചും യഹൂദികളോട്-കപടവിശ്വാസികൾ വളരെ അണഞ്ഞ സ്നേഹബന്ധവും മൈത്രിയും പുലർത്തിപ്പോന്നിരുന്നു. ഇതിനെപ്പറ്റിയാണ് ഈ വചനങ്ങളിൽ പരാമർശിക്കുന്നത്. അടുത്ത ഭാവിയിൽ അല്ലാഹു മുസ്‌ലിംകൾക്ക് പൂർണ വിജയം നൽകി ശത്രുക്കളെ നാമാവശേഷമാക്കുകയോ, അല്ലെങ്കിൽ വേറെ വല്ല നടപടിയും എടുക്കുകയോ ചെയ്തേക്കാം. ആ അവസരത്തിൽ ഹൃദയത്തിന് രോഗം ബാധിച്ചവരായ ഈ കപടന്മാർ ഖേദത്തിലാകും. അവർ മിത്രങ്ങളാക്കിവെച്ച ആ ശത്രുക്കൾ അവരെ സഹായിക്കുവാൻ ഉണ്ടായിരിക്കയില്ല. മുസ്‌ലിംകൾ അവരെ വിശ്വസിക്കുകയുമില്ല. അപ്പോൾ, അതുവരെ തങ്ങൾ സ്വീകരിച്ച സ്വകാര്യ അടവുകളെല്ലാം തങ്ങൾക്ക് നഷ്ടം വരുത്തുകയാണുണ്ടായതെന്ന് അവർക്ക് ബോധ്യമാകും എന്നൊക്കെ അല്ലാഹു അവർക്ക് മുന്നറിയിപ്പ് നൽകുന്നു. ഒടുക്കം സംഭവിച്ചതും അതുതന്നെയാണല്ലോ.

'തങ്ങൾ നിങ്ങളുടെ കൂടെത്തന്നെയാണെന്ന് സത്യം ചെയ്തു പറഞ്ഞവർ ഇവരാണോ' എന്നു സത്യവിശ്വാസികൾ പറയുന്നതിന്റെ താത്പര്യം രണ്ടു വിധത്തിലാവാം:

(1) ഞങ്ങളും നിങ്ങളോടൊപ്പം മുസ്‌ലിംകളാണെന്ന് സത്യം ചെയ്തു പറഞ്ഞുകൊണ്ട് മുസ്‌ലിം വേഷം അണിഞ്ഞവരാണോ ഇവർ എന്നും,

(2) ഞങ്ങൾ നിങ്ങളുടെ പക്ഷത്താണുള്ളത്- ഇസ്‌ലാമിന്റെ വേഷം താൽക്കാലികമായ കാര്യലാഭത്തിനുവേണ്ടി സ്വീകരിച്ചതാണ്-എന്ന് ശത്രുവിഭാഗങ്ങളോട് സത്യം ചെയ്തു പറഞ്ഞവരാണോ ഇവർ എന്നും. രണ്ടായാലും അവരെക്കുറിച്ചുള്ള ഒരു പരിഹാസ വാക്കാണത്. 'അവരുടെ പ്രവൃത്തികൾ നിഷ്ഫലമായി' എന്നും, 'അവർ നഷ്ടക്കാരായി' എന്നും പറഞ്ഞതിൽ, അവരുടെ ഗൂഢപ്രവർത്തനങ്ങളും കൂട്ടുകെട്ടുകളും പൊളിഞ്ഞുപോയതും, മുസ്‌ലിംകളെന്ന നാട്യത്തിൽ അവർ ചെയ്ത നമസ്കാരം, നോമ്പ് പോലെയുള്ള സൽക്കർമങ്ങൾ വിഫലമായിത്തീരുന്നതും ഉൾപ്പെടുന്നു.

വേദക്കാരായ ശത്രുക്കളുമായി മൈത്രീബന്ധം പുലർത്തിക്കൊണ്ടിരിക്കുന്നതിനെപ്പറ്റിയാണ് ഈ വചനങ്ങളിൽ അല്ലാഹു ആക്ഷേപിച്ചത്. മുശ്‌രിക്കുകളെ ബന്ധുമിത്രങ്ങളാക്കി വെക്കുന്നതിനെപ്പറ്റി താഴെ വചനങ്ങളിലും മറ്റും വേറെത്തന്നെ പ്രത്യേകം പ്രസ്താവിക്കുന്നുണ്ട്. മദീനായിലെ വേദക്കാരല്ലാത്തവർ-അറബികൾ-പൊതുവിൽ മുസ്‌ലിംകളുമാണ്. അവരിൽ കുറേ ആളുകൾ കപടവിശ്വാസികളായുണ്ടെന്നു മാത്രം. തൊട്ട അയൽവാസികളായ യഹൂദവർഗം അവിടത്തെ അറബികളെ അപേക്ഷിച്ചു മുമ്പേ ശക്തിയും പ്രതാപവും ആർജ്ജിച്ചവരായിരുന്നതുകൊണ്ട് ചിരകാലമായി അറബികൾ അവരോട് മിത്രബന്ധം പുലർത്തിപ്പോരുകയും, അവർക്ക് വിധേയരായിത്തീരുകയും ചെയ്തിരുന്നു. ഇസ്‌ലാം വന്നപ്പോൾ സത്യവിശ്വാസികളുടെ ആ ബന്ധത്തിന് വിരാമ

മിട്ടു. യഹൂദികളുമായി വളരെ അണഞ്ഞു ബന്ധപ്പെട്ടിരുന്ന ആളും, അവരിൽ വളരെ സ്വാധീനമുണ്ടായിരുന്ന ഒരു നേതാവുമായിരുന്നു ഉബാദത്തുബ്നുസ്സ്വാമിത്ത് (റ). യഹൂദികളോട് എനിക്കുള്ള ബന്ധം ഇതാ ഞാൻ ഉപേക്ഷിക്കുന്നുവെന്ന് അദ്ദേഹം നബി ﷺ യുടെ മുമ്പിൽ പരസ്യമായി പ്രഖ്യാപിക്കുകതന്നെ ചെയ്തു. അതേ സമയത്ത് അവസരവാദികളായ കപടവിശ്വാസികൾ സ്വഭാവേന ആ പഴയ ബന്ധം നിലനിറുത്തുവാനും പുതുക്കിക്കൊണ്ടിരിക്കുവാനും മുതിർന്നു. അതിൽ മുൻകയ്യെടുത്തത് അവരുടെ നേതാവായ അബ്ദുല്ലാഹിബ്നു ഉബയ്യ് തന്നെ. ഉബാദത്ത് (റ) പറഞ്ഞതിനു നേരെ വിപരീതമായി-അല്ലാഹു ചൂണ്ടിക്കാട്ടിയതുപോലെ-എനിക്ക് അവരുമായുള്ള ബന്ധം മുറിക്കുവാൻ സാധ്യമല്ലെന്നും മറ്റും പറയുകയാണ് അയാൾ ചെയ്തത്. രണ്ടുപേരെയും സംബന്ധിച്ച ഈ വിവരം ഇബ്നു ജരീർ (റ) ഉദ്ധരിച്ചു കാണാം.

എന്നാൽ, ഈ വചനങ്ങൾ അവതരിക്കുന്ന കാലത്ത് ക്രിസ്ത്യാനികളുമായി മദീനയിലെ അറബികൾക്കോ, കപടവിശ്വാസികൾക്കോ വല്ല പ്രത്യേക ബന്ധവും ഉണ്ടായിരുന്നതായി അറിയപ്പെടുന്നില്ല. ഇവിടെയാകട്ടെ, യഹൂദികളോടും ക്രിസ്ത്യാനികളോടും ബന്ധം സ്ഥാപിക്കുന്നതിനപ്പറ്റി ഒരേ രീതിയിലാണ് അല്ലാഹു വിരോധിച്ചിരിക്കുന്നതും. അതിനു കാരണവും അല്ലാഹു തന്നെ ചൂണ്ടിക്കാട്ടുകയും ചെയ്തു: 'അവരിൽ ചിലർ ചിലരുടെ ബന്ധുമിത്രങ്ങളാണ്' (بَعْضُهُمْ أَوْلِيَآءُ بَعْضٍ) എന്ന്. അതായത്, യഹൂദികളും ക്രിസ്ത്യാനികളും തമ്മിൽ. ആഭ്യന്തരമായി നോക്കുമ്പോൾ ഇരുകൂട്ടർക്കുമിടയിൽ എത്രയോ അകൽച്ചയും വെറുപ്പും ഉണ്ടെങ്കിൽപോലും മുസ്ലിംകൾക്കും ഇസ്ലാമിനും എതിരിൽ അവർ മിത്രങ്ങളും പരസ്പര സഹായികളും തന്നെയായിരിക്കും എന്നു സാരം. ഈ യാഥാർത്ഥ്യം ചിലപ്പോഴൊക്കെ പ്രത്യക്ഷത്തിൽ പ്രകടമായി കാണാറില്ലെങ്കിലും അവർക്ക് ആവശ്യമായി തോന്നുന്ന സന്ദർഭങ്ങളിൽ രണ്ടുകൂട്ടരും ഇസ്ലാമിനെതിരിൽ യോജിച്ചുകൊണ്ടിരിക്കുന്നതിന് കഴിഞ്ഞ കാലങ്ങളിൽ പല ഉദാഹരണവുമുണ്ട്.

മർഹൂം സയ്യിദ് ക്വുത്വുബ് ചൂണ്ടിക്കാട്ടിയതുപോലെ, ഇരുനൂറു കൊല്ലക്കാലം നീണ്ടു നിന്ന കുരിശു യുദ്ധങ്ങളിലും, അന്തലൂസ്യായിലും, അബ്സീനിയായിലും, സോമാലിയയിലും, എറിത്രയായിലുമൊക്കെ അതിന്നവർ മാതൃക കാണിച്ചിട്ടുണ്ട്. വേണ്ടാ, മുസ്ലിം ലോകത്തിന് ആകമാനം ഒരു തീരാപ്രശ്നമായിത്തീർന്നിട്ടുള്ള ഫലസ്തീനിലെ യഹൂദ രാഷ്ട്രത്തിന്റെ സ്ഥാപകന്മാരും, രക്ഷകർത്താക്കളും, സഹായികളുമെല്ലാം ക്രിസ്ത്യാനികളാണെന്നു പറയപ്പെടുന്നവരല്ലാതെ മറ്റാരാണ്?! പോരാ, നിർമത നിരീശ്വര വാദികളോ, ബഹുദൈവ വിശ്വാസികളോ മുസ്ലിംകൾക്കെതിരിൽ യുദ്ധകാഹളം ഊതുമ്പോൾ, അവർക്കു മുമ്പിലും പിമ്പിലും ചൂട്ടുപിടിച്ചു കൊടുക്കുകയല്ലാതെ, ഒരു ദൈവിക മതത്തിന്റെ ആൾക്കാരെന്ന നിലക്ക് അവർക്കെതിരെ മുസ്ലിംകളെ അവർ സഹായിച്ച സംഭവം കാണുവാൻ പ്രയാസം. വല്ലതുമുണ്ടെങ്കിൽ അത്, താൽക്കാലികമോ, രാഷ്ട്രീയമോ ആയ വല്ല ലക്ഷ്യത്തെയും മുൻനിറുത്തിയായിരിക്കും. ചുരുക്കിപ്പറഞ്ഞാൽ, വേദക്കാർക്ക്-അവർ വേദ ഗ്രന്ഥത്തിന്റെ ആൾക്കാരെന്ന നിലക്ക്-ചില പ്രത്യേകതകൾ മുസ്ലിംകൾ കൽപിക്കുന്നുണ്ടെങ്കിലും മുസ്ലികളെ ആ നിലക്ക് അവർ കണക്കാക്കാറില്ല എന്നത്രെ ചരിത്രം കാണിച്ചു തരുന്നത്.

നിങ്ങളിൽ നിന്ന് ആരെങ്കിലും അവരോട് മൈത്രീബന്ധം സ്ഥാപിക്കുന്ന പക്ഷം അവനും അവരുടെ കൂട്ടത്തിൽ പെട്ടവനാണ് (وَمَن يَتَوَلَّهُم مِّنكُمْ....) എന്നു പറഞ്ഞ

വാക്യം വളരെ ശ്രദ്ധേയമാകുന്നു. ഇസ്‌ലാമിന്റെ ശത്രുക്കളും അല്ലാഹുവിന്റെ ശത്രുക്കളുമായ അവരോടുള്ള മനസ്സിന്റെ അടുപ്പവും, ഇസ്‌ലാമിനോടും മുസ്‌ലിംകളോടുമുള്ള അതിന്റെ അകൽച്ചയുമാണല്ലോ അത് കുറിക്കുന്നത്. അപ്പോൾ, വേദക്കാരുടെ അതേ നില തന്നെയാണ് അവരുടേതും എന്ന് പറയാം. ഇസ്‌ലാമിനും, മുസ്‌ലിംകൾക്കും എതിരെ പകയും വിദ്വേഷവും പുലർത്തിക്കൊണ്ടിരിക്കുന്ന ഏതു കൂട്ടരോടും അണഞ്ഞ സ്നേഹബന്ധം പുലർത്തുന്ന എല്ലാ മുസ്‌ലിംകളുടെയും സ്ഥിതി ഇതുതന്നെ. വേദക്കാരോടെന്നല്ല, അമുസ്‌ലിംകളായ എല്ലാവരോടും രഞ്ജിപ്പിലും മമതയിലും വർത്തിക്കേണ്ടതാണെന്നുള്ള വിധിയും, ഇസ്‌ലാമിനോട് പകയും ശത്രുതയും വെച്ചുകൊണ്ടിരിക്കുന്നവരെ മിത്രങ്ങളായി സ്വീകരിക്കരുതെന്ന വിധിയും വെവ്വേറെയാണെന്നും, ഒന്നൊന്നിനു എതിരില്ലാത്തതാണെന്നും ഓർമിക്കേണ്ടതുണ്ട്.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ مَن يَرْتَدَّ مِنكُمْ عَن دِينِهِۦ فَسَوْفَ يَأْتِى ٱللَّهُ بِقَوْمٍ يُحِبُّهُمْ وَيُحِبُّونَهُۥٓ أَذِلَّةٍ عَلَى ٱلْمُؤْمِنِينَ أَعِزَّةٍ عَلَى ٱلْكَـٰفِرِينَ يُجَـٰهِدُونَ فِى سَبِيلِ ٱللَّهِ وَلَا يَخَافُونَ لَوْمَةَ لَآئِمٍ ۚ

﴾57﴿ ഹേ, വിശ്വസിച്ചവരേ, നിങ്ങളിൽ നിന്ന് ആരെങ്കിലും തന്റെ മതം വിട്ട് മടങ്ങിക്കളയുന്ന [മതഭ്രംശം സ്വീകരിക്കുന്ന] പക്ഷം, അപ്പോൾ, (അവൻ അറിഞ്ഞിരിക്കട്ടെ:) വഴിയെ അല്ലാഹു ഒരു ജനതയെകൊണ്ടുവരും: അവൻ അവരെ സ്നേഹിക്കും, അവർ അവനെയും സ്നേഹിക്കും: സത്യവിശ്വാസികളോട് എളിയവരും [വിനയമുള്ളവരും] അവിശ്വാസികളോട് പ്രതാപശാലികളും [ഗൗരവമുള്ളവരും] ആയുള്ളവർ; അവർ അല്ലാഹുവിന്റെ മാർഗത്തിൽ സമരം ചെയ്യും; ഒരാക്ഷേപക്കാരന്റെ ആക്ഷേപവും അവർ ഭയപ്പെടുകയുമില്ല. [ഇങ്ങിനെയുള്ള ഒരു ജനതയെകൊണ്ടുവരും.]

ذَٰلِكَ فَضْلُ ٱللَّهِ يُؤْتِيهِ مَن يَشَآءُ ۚ وَٱللَّهُ وَٰسِعٌ عَلِيمٌ ﴿٥٧﴾

അത് അല്ലാഹുവിന്റെ അനുഗ്രഹമത്രെ; അവൻ ഉദ്ദേശിക്കുന്നവർക്ക് അതവൻ നൽകുന്നു. അല്ലാഹു വിശാലനും, സർവ്വജ്ഞനുമാകുന്നു.

﴾57﴿ يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا വിശ്വസിച്ചവരേ مَن يَرْتَدَّ ആരെങ്കിലും മടങ്ങിക്കളഞ്ഞാൽ, (ഭ്രഷ്ടായിപ്പോകുന്ന പക്ഷം) مِنكُمْ നിങ്ങളിൽ നിന്ന് عَن دِينِهِ തന്റെ മതത്തെ വിട്ട് فَسَوْفَ എന്നാൽ (അപ്പോൾ) വഴിയെ يَأْتِى ٱللَّهُ അല്ലാഹു വരും بِقَوْمٍ ഒരു ജനതയെക്കൊണ്ട് يُحِبُّهُمْ അവൻ അവരെ സ്നേഹിക്കും وَيُحِبُّونَهُ അവർ അവനെയും സ്നേഹിക്കും أَذِلَّةٍ എളിയവരായ عَلَى ٱلْمُؤْمِنِينَ സത്യവിശ്വാസികളോട് أَعِزَّةٍ പ്രതാപവാന്മാരായ, ഗൗര

മുള്ളവര്‍ عَلَى الْكَٰفِرِينَ അവിശ്വാസികളോട് يُجَٰهِدُونَ അവര്‍ സമരം ചെയ്യും لَوْمَةَ അല്ലാഹുവിന്റെ മാര്‍ഗത്തില്‍ وَلَا يَخَافُونَ അവര്‍ ഭയപ്പെടുകയില്ല فِى سَبِيلِ اللَّهِ ആക്ഷേപം, ആരോപണം لَآئِمٍ ഒരാക്ഷേപക്കാരന്റെയും ذَٰلِكَ അത് فَضْلُ اللَّهِ അല്ലാഹുവിന്റെ അനുഗ്രഹം (ദയവ്-ഔദാര്യം) ആകുന്നു يُؤْتِيهِ അവന്‍ അത് നല്‍കുന്നു, നല്‍കും مَن يَشَآءُ അവന്‍ ഉദ്ദേശിക്കുന്നവര്‍ക്ക് وَاللَّهُ وَٰسِعٌ അല്ലാഹു വിശാലനാണ് عَلِيمٌ (സര്‍വ്വ)ജ്ഞനാണ്.

സത്യവിശ്വാസികള്‍ ഇസ്‌ലാമിന്റെ ശത്രുക്കളെ മിത്രങ്ങളും ബന്ധുക്കളുമാക്കി വെക്കരുതെന്നും, മുസ്‌ലിംകളുമായി സ്നേഹബന്ധവും കൂട്ടുകെട്ടും പുലര്‍ത്തിപ്പോരുന്ന കപടവിശ്വാസികള്‍ അവസാനം വഷളായിത്തീരുമെന്നും കഴിഞ്ഞ വചനങ്ങളില്‍ പ്രസ്താവിച്ചു. എന്നാല്‍, വല്ലവരും സത്യവിശ്വാസം സ്വീകരിച്ചു മുസ്‌ലിമായ ശേഷം ഇസ്‌ലാമിനെ ഉപേക്ഷിച്ചു കുഫ്‌റിലേക്ക് തന്നെ മാറിപ്പോകുന്നുവെന്ന് വെക്കുക. എന്നാലും അതുകൊണ്ട് അല്ലാഹുവിനോ, അവന്റെ മതത്തിനോ യാതൊരു ദോഷവും ഭവിക്കുവാനില്ലെന്നും, അവര്‍ക്ക് പകരം അവരെക്കാള്‍ നല്ലതായ മറ്റൊരു കൂട്ടരെ അല്ലാഹു തല്‍സ്ഥാനത്ത് കൊണ്ടുവരുമെന്നും ഈ വചനത്തില്‍ അല്ലാഹു ഉറപ്പിച്ചു പറയുന്നു. ഈ കാര്യം 47:38 മുതലായ സ്ഥലങ്ങളിലും അല്ലാഹു പ്രസ്താവിച്ചു കാണാവുന്നതാണ്.

പുതുതായി അല്ലാഹു രംഗത്ത് കൊണ്ടുവരുന്നവരുടെ സവിശേഷതകള്‍ എന്തായിരിക്കുമെന്നു കൂടി അല്ലാഹു ചൂണ്ടിക്കാട്ടുന്നു.

(1) അല്ലാഹു അവരെ സ്നേഹിക്കുന്നതാകുന്നു. അവന്റെ സഹായവും അനുഗ്രഹങ്ങളും അവര്‍ക്കുണ്ടായിക്കൊണ്ടിരിക്കും.

(2) അവര്‍ അല്ലാഹുവിനെ സ്നേഹിക്കുന്നവരായിരിക്കും. അഥവാ അവനെ അവര്‍ പരിപൂര്‍ണമായി അനുസരിക്കുകയും, അവന്റെ പ്രീതിക്കുവേണ്ടി നിഷ്കളങ്കമായി പ്രവര്‍ത്തിക്കുകയും ചെയ്യും.

(3) സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം അവര്‍ എളിയവരും വിനീതന്മാരുമായിരിക്കും. പരസ്പരം സ്നേഹവാത്സല്യത്തോടും സഹായ സഹകരണത്തോടും, ഗുണകാംക്ഷയോടും കൂടി വര്‍ത്തിക്കും.

(4) അതേ സമയത്ത് അവിശ്വാസികളെ സംബന്ധിച്ചിടത്തോളം അവര്‍ ഗൗരവമേറിയവരും പ്രതാപശാലികളുമായിരിക്കുകയും ചെയ്യും. ശത്രുക്കളുടെ മുമ്പില്‍ തല കുനിക്കുകയോ, ദൗര്‍ബല്യം നടിക്കുകയോ, സത്യത്തില്‍ വിട്ടു വീഴ്ച ചെയ്കയോ ചെയ്യാതെ അവര്‍ സധീരം ഉറച്ചു നില്‍ക്കും. അഥവാ സൂ: ഫത്ഹില്‍ പറഞ്ഞതുപോലെ അവിശ്വാസികളോട് കഠിനന്മാരും, തമ്മതമ്മില്‍ ദയാലുക്കളും (أَشِدَّآءُ عَلَى الْكُفَّارِ رُحَمَآءُ بَيْنَهُمْ) ആയിരിക്കും.

(5) അല്ലാഹുവിന്റെ മാര്‍ഗത്തില്‍ അവര്‍ സമരം ചെയ്തു കൊണ്ടിരിക്കും. അല്ലാഹുവിന്റെ ദീനിന്റെ നന്മക്കുവേണ്ടി ദേഹനഷ്ടമോ, ധന നഷ്ടമോ ഒന്നും അവര്‍ വക

വെക്കുകയില്ല.

(6) ആരുടെ ആക്ഷേപവും അവർക്ക് ഭയമില്ല. സത്യത്തിന്നെതിരിൽ ശക്തന്റെ ശക്തിക്കോ, അധികാരസ്ഥന്റെ അധികാരത്തിനോ, അക്രമിയുടെ അക്രമത്തിനോ അവർ വില കൽപ്പിക്കുകയില്ല. അല്ലാഹുവിന്റെ ആക്ഷേപം മാത്രമേ അവർ ഭയപ്പെടുകയുള്ളൂ.

ഇസ്‌ലാമിൽ വന്നശേഷം പരസ്യമായി അതിനെ ഉപേക്ഷിച്ചു സത്യവിശ്വാസികളിൽ ഏതെങ്കിലും ഒരു കൂട്ടർ കുഫ്റിലേക്ക് തിരിച്ചു പോകുമെന്നോ, ഇല്ലെന്നോ അല്ലാഹു പ്രസ്താവിച്ചിട്ടില്ല. അങ്ങിനെ സംഭവിക്കുകയാണെങ്കിൽ, അവരെക്കാൾ ഉത്തമമായ മറ്റൊരു കൂട്ടരെ പകരം കൊണ്ടുവരുമെന്നത്രെ പറഞ്ഞത്. വാസ്തവത്തിൽ, ഇസ്‌ലാമിന്റെ കഴിഞ്ഞകാല ചരിത്രം പരിശോധിച്ചാൽ അങ്ങിനെ ചിലപ്പോൾ സംഭവിച്ചതായും, ആ വിടവുകൾ അല്ലാഹു ഓരോ പ്രകാരത്തിൽ നികത്തിയിട്ടുള്ളതായും, ഇസ്‌ലാമിനെ പൂർവ്വാധികം ശക്തിപ്പെടുത്തിയതായും കാണുവാൻ കഴിയും. പല മഹാന്മാരും ഒന്നിലധികം ഉദാഹരണങ്ങൾ ഇതിന് എടുത്തു കാണിക്കാറുമുണ്ട്. അവയിൽ പല നിലക്കും പ്രാധാന്യമർഹിക്കുന്ന സംഭവം അബൂബക്ർ സ്വിദ്ദീക് (റ)ന്റെ ഖിലാഫത്ത് കാലത്തുണ്ടായത് തന്നെയാകുന്നു. റസൂൽ തിരുമേനി ﷺ കാലഗതി പ്രാപിക്കുമ്പോൾ നിലവിലുണ്ടായിരുന്ന മുസ്‌ലിം നാടുകളുടെയും ജനസംഖ്യയുടെയും ഭൂരിഭാഗവും-മദീനാ പരിസരങ്ങളിലുള്ളവരും, മക്കായിൽ ഖുറൈശികളും, ത്വാഇഫിൽ ഥക്വീഫ് ഗോത്രവും ഒഴിച്ചു മറ്റെല്ലാവരും തന്നെ എന്നു പറയാം-ഇസ്‌ലാമിൽ നിന്നു പിൻമാറിക്കളഞ്ഞ സംഭവം പ്രസിദ്ധമാണല്ലോ. അവരോട് ഏറ്റുമുട്ടുന്ന വിഷയത്തിൽ ധീരപുരുഷനായ ഉമർ (റ) അടക്കം എല്ലാവരും ആദ്യം എതിരഭിപ്രായക്കാരായിരുന്നു. എന്നിട്ടുപോലും പർവ്വതസമാനം അചഞ്ചലനായി ഉറച്ചു നിന്ന സ്വിദ്ദീക് (റ)ന്റെ അഭിപ്രായത്തിനു വഴങ്ങിക്കൊണ്ട് സത്യവിശ്വാസികൾ അതിനെ നേരിട്ടു. ചരിത്ര പ്രസിദ്ധമായ പല സംഘട്ടനങ്ങൾക്കുശേഷം, മടങ്ങിപ്പോയവർ ഇസ്‌ലാമിലേക്കു തന്നെ തിരിച്ചു വരുക മാത്രമല്ല, ഇസ്‌ലാമിന്റെ ശക്തി പൂർവ്വാധികം വർദ്ധിക്കുകയും മുസ്‌ലിംകൾ കൂടുതൽ കെട്ടുറപ്പും ബലവും ആർജ്ജിക്കുകയുമുണ്ടായി. അതിനെത്തുടർന്നു അദ്ദേഹത്തിന്റെ ഖിലാഫത്ത് കാലത്തും, അനന്തരം ഉമർ (റ)ന്റെ ഖിലാഫത്ത് കാലത്തും മുസ്‌ലിംകളിൽ പ്രകടമായിരുന്ന സ്വഭാവ വൈശിഷ്ട്യവും അവരുടെ മനോവീര്യവും പരിശോധിച്ചാൽ, ഇതവതരിപ്പിച്ചതിന്റെ അടുത്തകാലത്തു തന്നെ സംഭവിക്കാനിരിക്കുന്ന ഒരു യാഥാർത്ഥ്യത്തെക്കുറിച്ചുള്ള പ്രവചനം കൂടിയാണ് ഈ വചനമെന്ന് പറയാവുന്നതാണ്. الله اعلم

إِنَّمَا وَلِيُّكُمُ ٱللَّهُ وَرَسُولُهُۥ وَٱلَّذِينَ
ءَامَنُوا۟ ٱلَّذِينَ يُقِيمُونَ ٱلصَّلَوٰةَ
وَيُؤْتُونَ ٱلزَّكَوٰةَ وَهُمْ رَٰكِعُونَ ﴿٥٨﴾

﴿58﴾ നിശ്ചയമായും, നിങ്ങളുടെ ബന്ധുമിത്രം അല്ലാഹുവും, അവന്റെ റസൂലും, വിശ്വസിച്ചവരും മാത്രമാകുന്നു; (അതെ) നമസ്കാരം നിലനിറുത്തുകയും, സകാത്ത് കൊടുക്കുകയും ചെയ്യുന്നവർ; അവരാകട്ടെ, (ഭയഭക്തിയർപ്പിച്ചു) കുമ്പിടുന്നവരുമായിരിക്കും. [മറ്റാരും നിങ്ങൾക്ക് ബന്ധുമിത്രങ്ങളല്ല.]'

وَمَن يَتَوَلَّ ٱللَّهَ وَرَسُولَهُۥ وَٱلَّذِينَ ءَامَنُوا۟ فَإِنَّ حِزْبَ ٱللَّهِ هُمُ ٱلْغَٰلِبُونَ ﴿٥٩﴾

﴾59﴿ ആർ അല്ലാഹുവിനോടും, അവന്റെ റസൂലിനോടും, വിശ്വസിച്ചവരോടും മൈത്രി സ്ഥാപിക്കുന്നുവോ, എന്നാൽ, (അറിയുക) നിശ്ചയമായും അല്ലാഹുവിന്റെ കക്ഷി തന്നെയാണ് വിജയം നേടുന്നവർ.

﴾58﴿ إِنَّمَا നിശ്ചയമായും തന്നെ (മാത്രം) وَلِيُّكُمُ നിങ്ങളുടെ ബന്ധുമിത്രം(ങ്ങൾ), സഹായകൻ (സഹായകർ) ٱللَّهُ അല്ലാഹുവാകുന്നു وَرَسُولُهُ അവന്റെ റസൂലും وَٱلَّذِينَ ءَامَنُوا۟ വിശ്വസിച്ചവരും ٱلَّذِينَ യാതൊരുവരായ يُقِيمُونَ അവർ നിലനിർത്തും ٱلصَّلَوٰةَ നമസ്കാരം وَيُؤْتُونَ അവർ കൊടുക്കുകയും (ചെയ്യും-ചെയ്യുന്ന) ٱلزَّكَوٰةَ സകാത്ത് وَهُمْ അവരാകട്ടെ, അവരായുംകൊണ്ട് رَٰكِعُونَ കുമ്പിടുന്ന (ഭയഭക്തി അർപ്പിക്കുന്ന)വരാണ്

﴾59﴿ وَمَن يَتَوَلَّ ആർ (വല്ലവരും) മൈത്രി സ്ഥാപിച്ചാൽ, ബന്ധുവാക്കിയാൽ ٱللَّهَ وَرَسُولَهُ അല്ലാഹുവിനെയും അവന്റെ റസൂലിനെയും وَٱلَّذِينَ ءَامَنُوا۟ വിശ്വസിച്ചവരെയും فَإِنَّ حِزْبَ ٱللَّهِ എന്നാൽ നിശ്ചയമായും അല്ലാഹുവിന്റെ കക്ഷി, സംഘം هُمُ അവർ (തന്നെ) ٱلْغَٰلِبُونَ ജയിച്ചടക്കുന്നവർ, വിജയികൾ

54-ാം വചനത്തിൽ യഹൂദികളെയും ക്രിസ്ത്യാനികളെയും സത്യവിശ്വാസികൾ ബന്ധുമിത്രങ്ങളാക്കി വെക്കരുതെന്ന് കൽപിച്ചു. വേദക്കാരെയും അവിശ്വാസികളെയും ബന്ധുമിത്രങ്ങളാക്കരുതെന്ന് അടുത്ത വചനത്തിൽ വീണ്ടും പറയുന്നുമുണ്ട്. ഇത്പോലെയുള്ള വാക്യങ്ങൾ ക്വുർആനിൽ വേറെയും കാണാം. അപ്പോൾ, പിന്നെ അവർ ആരെയാണ് ബന്ധുമിത്രങ്ങളാക്കേണ്ടത് എന്ന് ആദ്യത്തെ വചനത്തിൽ പ്രസ്താവിക്കുന്നു. അല്ലാഹുവും, അവന്റെ റസൂലും, കപടന്മാരല്ലാത്ത വിശ്വാസികളും മാത്രമാണ് സത്യവിശ്വാസികളുടെ 'വലിയ്യു'കൾ (ബന്ധുമിത്രങ്ങൾ) എന്നത്രെ ആ വചനത്തിലെ ആശയം. രണ്ടാമത്തെ വചനത്തിൽ അവരെ വലിയ്യുകളായി സ്വീകരിക്കുന്നവർ അല്ലാഹുവിന്റെ കക്ഷിക്കാരാണെന്നും, അവരാണ് വിജയം വരിക്കുന്നവർ എന്നും പ്രസ്താവിക്കുന്നു.

'ബന്ധുമിത്രം' എന്നു നാം അർത്ഥം കൽപ്പിച്ചത് ولي (വലിയ്യ്) എന്ന വാക്കിനാകുന്നു. അത് ഏകവചനമാണെങ്കിലും ആ പദരൂപം ഭാഷാനിയമപ്രകാരം ഒന്നിലധികം ആളുകളെക്കുറിച്ചും ഉപയോഗിക്കുന്നതിനു വിരോധമില്ല. അപ്പോൾ അതിനു അതിന്റെ ബഹുവചനമായ اولياء (ഔലിയാഉ്)ന്റെ അർത്ഥവും കൽപിക്കാം. ഇമാം റാസീ (റ) മുതലായവർ വ്യക്തമാക്കിയതുപോലെ, സ്നേഹസഹായങ്ങളുടെ (المحبّة والنصرة) അടിസ്ഥാനത്തിലും, കൈകാര്യകർത്തൃത്വത്തിന്റെ (التصرف) അടിസ്ഥാനത്തിലും 'വലിയ്യു'കൾ ഉണ്ടായിരിക്കും. ചങ്ങാതി, സ്നേഹിതൻ, അയൽക്കാരൻ, സഖ്യബന്ധമുള്ളവൻ, ബന്ധു, സഹായകൻ എന്നിവർക്കൊക്കെ 'വലിയ്യ്' എന്ന് പറയപ്പെടുന്നത്

ഒന്നാമത്തെ അടിസ്ഥാനത്തിലും, അനാഥയുടെ സ്വത്ത് കൈകാര്യം ചെയ്യുന്നവർക്കും, കുട്ടികളുടെ രക്ഷാധികാരികൾക്കും 'വലിയ്യ്' എന്നു പറയപ്പെടുന്നത് രണ്ടാമത്തെ അടിസ്ഥാനത്തിലുമാകുന്നു.

രണ്ടടിസ്ഥാനത്തിൽ നോക്കിയാലും അല്ലാഹു സത്യവിശ്വാസികളുടെ സാക്ഷാൽ വലിയ്യ് തന്നെ. സംശയമില്ല. ഈ ആശയമാണ് (2:257, 3:68, 2:107) മുതലായ വചനങ്ങളിൽ) 'അല്ലാഹു സത്യവിശ്വാസികളുടെ വലിയ്യാണ്' എന്നും 'അവനല്ലാതെ നിങ്ങൾക്ക് വലിയ്യില്ല' എന്നും പോലെയുള്ള വാക്യങ്ങളിൽ അടങ്ങിയിരിക്കുന്നത്. 58-ാം വചനത്തിൽ തന്നെ ഇക്കാര്യം സൂചിപ്പിക്കപ്പെട്ടിട്ടുണ്ട്. ഭാഷാ നിയമപ്രകാരം ബഹുവചനത്തിന്റെ അർത്ഥം 'വലിയ്യ്' എന്ന വാക്കിനു നൽകുവാൻ സാധ്യതയുണ്ടെങ്കിലും സാധാരണമായ ശൈലിയനുസരിച്ച് انما اولياؤكم എന്നു പറയാതെ ഏകവചന രൂപത്തിൽ إِنَّمَا وَلِيُّكُمُ... എന്നാണല്ലോ പറഞ്ഞിരിക്കുന്നത്. സാക്ഷാൽ വലിയ്യ് അല്ലാഹു മാത്രമാണെന്നും, അവനെ വലിയ്യാക്കുന്നതിനെത്തുടർന്ന് റസൂലിനെയും, വിശ്വാസികളെയും വലിയ്യുകളാക്കലും ഏർപ്പെടുന്നുവെന്നുമാണ് ഇത് സൂചിപ്പിക്കുന്നത്. ഇമാം ബൈദ്വാവീ (റ) മുതലായവർ ഇത് പ്രത്യേകം ചൂണ്ടിക്കാട്ടിയിരിക്കുന്നു. ക്വുർആന്റെ പ്രയോഗങ്ങളിൽ ഇത്തരം സൂചനകൾ സുലഭമാണ് താനും. എന്നാൽ, വിശ്വാസികളെ സംബന്ധിച്ചിടത്തോളം, അവർ സ്നേഹത്തിന്റെയും സഹായത്തിന്റെയും അടിസ്ഥാനത്തിലുള്ള വലിയ്യുകളല്ലാതെ കൈകാര്യകർത്തൃത്വത്തിന്റെ അടിസ്ഥാനത്തിലുള്ള വലിയ്യുകളാകുന്നില്ല. ഈ വാസ്തവം ഇമാം റാസീ (റ) മുതലായ പല മഹാന്മാരും വ്യക്തമാക്കിയിട്ടുണ്ടെന്ന് മാത്രമല്ല, ക്വുർആന്റെ പ്രസ്താവനകളിൽനിന്നു തന്നെ അത് മനസ്സിലാക്കുകയും ചെയ്യാം. വേദക്കാരായ യഹൂദികളും ക്രിസ്ത്യാനികളും പരസ്പരം വലിയ്യുകളാണെന്നും 54-ാം വചനത്തിലും, അവിശ്വാസികൾ പരസ്പരം വലിയ്യുകളാണെന്ന് അൻഫാൽ 73 ലും, മുഹാജിറുകളും അൻസ്വാരികളും പരസ്പരം വലിയ്യുകളാണെന്ന് അൻഫാൽ 72 ലും, സത്യവിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും പരസ്പരം വലിയ്യുകളാണെന്ന് തൗബ 71 ലും, അക്രമികളായ ആളുകൾ പരസ്പരം വലിയ്യുകളാണെന്ന് ജാഥിയഃ 19 ലും അല്ലാഹു പറയുന്നു. ഇവരെല്ലാവരും പരസ്പരം രക്ഷാധികാരികളോ കൈകാര്യ കർത്താക്കളോ അല്ലെന്നും, സ്നേഹബന്ധത്തിലും പരസ്പര സഹായത്തിലും നിലകൊള്ളുന്ന വലിയ്യുകൾ-അതെ, ബന്ധുമിത്രങ്ങൾ-മാത്രമാണെന്നും പറയേണ്ടതില്ലല്ലോ.

അപ്പോൾ, അല്ലാഹുവും റസൂലും വിശ്വസിച്ചവരും മാത്രമാണ് നിങ്ങളുടെ വലിയ്യുകൾ (إِنَّمَا وَلِيُّكُمُ ٱللَّهُ...) എന്ന് ഒന്നിച്ചു പറയുമ്പോൾ, സ്നേഹത്തിന്റെയും സഹായത്തിന്റെയും അടിസ്ഥാനത്തിലുള്ള വലിയ്യുകൾ- ബന്ധുമിത്രങ്ങൾ-എന്ന അർത്ഥത്തിലാണതെന്ന് വ്യക്തമായി. അതേ സമയത്ത് അല്ലാഹുവിനെ മാത്രം ഉദ്ദേശിച്ചു വലിയ്യ് എന്ന് പറയുമ്പോൾ, 'ബന്ധുമിത്രം, രക്ഷാധികാരി, കൈകാര്യം നടത്തുന്നവൻ, സഹായി' എന്നിങ്ങനെയുള്ള അർത്ഥങ്ങൾ സന്ദർഭോചിതം അതിനു നൽകാവുന്നതുമാണ്. അടിസ്ഥാനരഹിതമായ ചില രിവായത്തുകളെ ആസ്പദമാക്കിയും, 'വലിയ്യ്' എന്ന വാക്കിന് 'കൈകാര്യ കർത്താവ്' എന്നർത്ഥം വരാവുന്നതിനെ ചൂഷണം ചെയ്തും ശിആ കക്ഷി അലി (റ)ക്കാണ് ഖിലാഫത്തിന് അർഹതയുള്ളതെന്ന അവരുടെ തെറ്റായ വാദത്തിന് ഈ വചനങ്ങൾ തെളിവാക്കുവാൻ ശ്രമിക്കാറുണ്ട്. ഇതു സംബന്ധിച്ച് ഇമാം റാസീ (റ) അദ്ദേഹത്തിന്റെ തഫ്സീറിൽ ഒരു നീണ്ട പ്രസ്താവന തന്നെ ചെയ്തുകാ

ണാം. അതൊന്നും ഇവിടെ ഉദ്ധരിക്കേണ്ടുന്ന ആവശ്യം കാണുന്നില്ല. 'വലിയ്യ്' എന്ന വാക്കിന് ശീആക്കൾ സ്വീകരിച്ച അർത്ഥത്തെയും അവരുടെ വാദമുഖങ്ങളിൽ ചിലതിനെയും അനുകരിച്ചുകൊണ്ട് പൊതുജനങ്ങളുടെ ശിർക്കുപരമായ അന്ധവിശ്വാസങ്ങളെ ന്യായീകരിക്കാറുള്ള ചില പണ്ഡിതന്മാർ ഇക്കാലത്ത് ഈ (58-൨൦) വചനം ദുർവ്യാഖ്യാനം ചെയ്തു. മുതലെടുക്കുന്നതായി കേൾക്കുന്നു. സദ്‌വൃത്തരും മഹാന്മാരുമായ ചില സത്യവിശ്വാസികൾക്ക് ഈ ലോകകാര്യങ്ങളിൽ ചില അദൃശ്യമായ കൈകാര്യങ്ങൾ നടത്തുവാനുള്ള കഴിവുണ്ടെന്നും, അതുകൊണ്ട് അവരോട് അതിനായി അപേക്ഷിക്കാമെന്നുമാണ് അവരുടെ വ്യാഖ്യാനത്തിന്റെ രത്നച്ചുരുക്കം. ഇമാം റാസീ (റ) യുടെ ചില വാക്യങ്ങളാണ് തൽക്കാലം അവരോട് നമുക്ക് പറയുവാനുള്ളത്. ശീആക്കളുടെ വാദമുഖങ്ങളെ-നാം മുകളിൽ ചൂണ്ടിക്കാട്ടിയതും അല്ലാത്തതുമായ പല വസ്തുതകളും നിരത്തിവെച്ചു കൊണ്ട്-ഖണ്ഡിച്ചു സംസാരിക്കുന്ന മദ്ധ്യേ അദ്ദേഹം പറഞ്ഞതിന്റെ സാരം ഇതാണ്:-

' ...വേദക്കാരെയും അവിശ്വാസികളെയും വലിയ്യുകളാക്കരുതെന്ന് പറഞ്ഞതിന്റെ അർത്ഥം അവരെ സഹായികളാക്കരുത് എന്നാണെന്നുള്ളതിൽ സംശയമില്ല. അപ്പോൾ (إِنَّمَا وَلِيُّكُمُ ٱللَّهُ) എന്നുള്ള ഈ ആയത്തിലും അതുതന്നെയാണർത്ഥം. നീതിപാലിക്കുകയും, കക്ഷിത്വം ഉപേക്ഷിക്കുകയും, ഈ ആയത്തിന്റെ മുമ്പും പിമ്പും പറഞ്ഞത് ചിന്തിക്കുകയും ചെയ്യുന്ന ഏതൊരാൾക്കും ഖണ്ഡിതമായി അറിയാം: ....إِنَّمَا وَلِيُّكُمُ എന്ന ഈ ആയത്തിൽ പറയുന്ന 'വലിയ്യി'ന്റെ അർത്ഥം സഹായകനും, സ്നേഹമുള്ളവനും എന്നല്ലാതെ മറ്റൊന്നുമല്ലെന്നും, (കൈകാര്യം നടത്തുന്ന) നേതാവ് എന്ന് അതിന് അർത്ഥം വരുവാൻ നിവൃത്തിയില്ലെന്നും....'

വിഭാഗം - 9

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ لَا تَتَّخِذُواْ ٱلَّذِينَ ٱتَّخَذُواْ دِينَكُمْ هُزُوًا وَلَعِبًا مِّنَ ٱلَّذِينَ أُوتُواْ ٱلْكِتَٰبَ مِن قَبْلِكُمْ وَٱلْكُفَّارَ أَوْلِيَآءَ ۚ وَٱتَّقُواْ ٱللَّهَ إِن كُنتُم مُّؤْمِنِينَ ﴿٦٠﴾

﴾60﴿ ഹേ, വിശ്വസിച്ചവരേ, നിങ്ങളുടെ മുമ്പ് വേദഗ്രന്ഥം നൽകപ്പെട്ടവരിൽ നിന്ന് നിങ്ങളുടെ മതത്തെ പരിഹാസവും കളിയുമാക്കിത്തീർത്തവരെയും, (നിഷേധികളായ) അവിശ്വാസികളെയും നിങ്ങൾ ബന്ധുമിത്രങ്ങളാക്കി വെക്കരുത്.

നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവിൻ-നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ.

﴾60﴿ يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا ഹേ, വിശ്വസിച്ചവരേ لَا تَتَّخِذُوا നിങ്ങൾ ആക്കിവെക്ക(സ്വീകരിക്ക)രുത് ٱلَّذِينَ ٱتَّخَذُوا ആക്കിത്തീർത്തവരെ دِينَكُمْ നിങ്ങളുടെ മതത്തെ هُزُوًا പരി

أُوتُوا الْكِتَـٰبَ ഗ്രന്ഥം നൽകപ്പെട്ട مِنَ الَّذِينَ യാതൊരുകൂട്ടരിൽ നിന്ന് وَلَعِبًا കളിയും, വിളയാട്ടം ഹാസം مِن قَبْلِكُمْ നിങ്ങളുടെ മുമ്പ് وَالْكُفَّارَ അവിശ്വാസികളെയും, നിഷേധികളെയും أَوْلِيَآءَ ബന്ധുമിത്രങ്ങൾ وَاتَّقُوا اللَّهَ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്‌വിൻ إِن كُنتُم നിങ്ങളാണെങ്കിൽ مُّؤْمِنِينَ സത്യവിശ്വാസികൾ

സത്യനിഷേധികളായ എല്ലാ അവിശ്വാസികൾക്കും كفار (കുഫ്ഫാർ) എന്നു പറയപ്പെടുമെങ്കിലും വേദക്കാരെപ്പറ്റി ആദ്യം പ്രത്യേകം എടുത്തു പറഞ്ഞിരിക്കകൊണ്ട് ഇവിടെ അതുകൊണ്ട് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത് മുശ്‌രിക്കുകളാണെന്ന് മനസ്സിലാക്കാം. ഇസ്‌ലാമിനെപ്പറ്റി പരിഹസിക്കലും, കളിയാക്കലും വേദക്കാരുടെയും മുശ്‌രിക്കുകളുടെയും പതിവുതന്നെ. പക്ഷേ, മുശ്‌രിക്കുകളെ അപേക്ഷിച്ച് പല നിലക്കും അതിൽ നിന്നു ഒഴിഞ്ഞു നിൽക്കേണ്ടവരാണ് വേദക്കാർ. അതുകൊണ്ടും, സംസാരവിഷയം പ്രധാനമായും വേദക്കാരെ പരാമർശിച്ചുകൊണ്ടുള്ളതാകകൊണ്ടുമായിരിക്കാം മതത്തെ പരിഹസിക്കുന്നവരും കളിയാക്കുന്നവരുമെന്ന് അവരെ പ്രത്യേകം വിശേഷിപ്പിച്ചത്. അല്ലാഹുവിനറിയാം. وَالْكُفَّارَ (വൽ കുഫ്ഫാറ) എന്നതിന്റെ സ്ഥാനത്തു 'വൽ കുഫ്ഫാരി' എന്നും വായിക്കപ്പെട്ടിട്ടുണ്ട്. ഇതനുസരിച്ച് 'വേദക്കാരിൽ നിന്നും അവിശ്വാസികളിൽ നിന്നും മതത്തെ പരിഹാസവും കളിയുമാക്കിത്തീർത്തവരെ ബന്ധുമിത്രങ്ങളാക്കരുത്' എന്നായിരിക്കും അർത്ഥം. വേദക്കാരെക്കുറിച്ചു സംസാരിക്കുന്ന സന്ദർഭമാകകൊണ്ട് അവരെ പ്രത്യേകം എടുത്തു പറഞ്ഞ ശേഷം, എല്ലാ അവിശ്വാസികളുടെ സ്ഥിതിയും അങ്ങിനെത്തന്നെ എന്നു പൊതുവിൽ പറഞ്ഞതായിരിക്കും അപ്പോൾ അത്. അവരുടെ പരിഹാസത്തിന് ഒരു ഉദാഹരണം അല്ലാഹു ചൂണ്ടിക്കാട്ടുന്നു:-

وَإِذَا نَادَيْتُمْ إِلَى ٱلصَّلَوٰةِ ٱتَّخَذُوهَا هُزُوًا وَلَعِبًا ۚ

﴿61﴾ **നിങ്ങൾ നമസ്കാരത്തിലേക്ക് (ബാങ്ക്) വിളിച്ചാൽ, അവരതിനെ പരിഹാസവും, കളിയുമാക്കിത്തീർക്കുന്നു.**

ذَٰلِكَ بِأَنَّهُمْ قَوْمٌ لَّا يَعْقِلُونَ ﴿٥٨﴾

അത്, അവർ (ബുദ്ധികൊടുത്തു) ഗ്രഹിക്കാത്ത ഒരു ജനതയാണെന്നുള്ളതു കൊണ്ടത്രെ.

﴿61﴾ وَإِذَا نَادَيْتُمْ നിങ്ങൾ വിളിച്ചാൽ إِلَى ٱلصَّلَوٰةِ നമസ്കാരത്തിലേക്ക് ٱتَّخَذُوهَا അതിനെ അവർ ആക്കും هُزُوًا പരിഹാസം وَلَعِبًا കളിയും ذَٰلِكَ അത് بِأَنَّهُمْ قَوْمٌ അവർ ഒരു ജനതയാണെന്നതുകൊണ്ടാണ് لَّا يَعْقِلُونَ ബുദ്ധികൊടുക്കാത്ത, ഗ്രഹിക്കാത്ത

ബാങ്കുവിളി കേൾക്കുമ്പോൾ അതിനെയോ, നമസ്കാരത്തെയോ ചില യഹൂദികളും ക്രിസ്ത്യാനികളും പരിഹസിച്ചു സംസാരിച്ചിരുന്നതായ ചില സംഭവങ്ങൾ നിവേദനം ചെയ്യപ്പെട്ടിട്ടുമുണ്ട്. അവരുടെ ബുദ്ധിശൂന്യതയും വിവരക്കുറവുമാണ് ഇതിനു

കാരണമെന്ന് അവസാനത്തെ വാകൃം ചൂണ്ടിക്കാട്ടുന്നു.

قُلْ يَٰٓأَهْلَ ٱلْكِتَٰبِ هَلْ تَنقِمُونَ مِنَّآ إِلَّآ أَنْ ءَامَنَّا بِٱللَّهِ وَمَآ أُنزِلَ إِلَيْنَا وَمَآ أُنزِلَ مِن قَبْلُ وَأَنَّ أَكْثَرَكُمْ فَٰسِقُونَ ﴿٦٢﴾

﴿62﴾ (നബിയേ) പറയുക: 'വേദക്കാരേ, ഞങ്ങളെക്കുറിച്ചു നിങ്ങൾ (വല്ലതും) അധിക്ഷേപിക്കുന്നുവോ? ഞങ്ങൾ അല്ലാഹുവിലും, ഞങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടിട്ടുള്ളതിലും, മുമ്പ് അവതരിപ്പിക്കപ്പെട്ടിട്ടുള്ളതിലും വിശ്വസിച്ചുവെന്നുള്ളതും, നിങ്ങളിൽ അധികമാളും തോന്നിയവാസികളാണെന്നുള്ളതുമല്ലാതെ!'

﴿62﴾ قُلْ നീ പറയുക يَٰٓأَهْلَ الْكِتَٰبِ വേദക്കാരേ هَلْ تَنقِمُونَ നിങ്ങൾ അധിക്ഷേപിക്കുന്നുവോ, കുറ്റപ്പെടുത്തുന്നോ مِنَّآ ഞങ്ങളെക്കുറിച്ച് إِلَّآ أَنْ ءَامَنَّا ഞങ്ങൾ വിശ്വസിച്ചുവെന്നതല്ലാതെ بِٱللَّهِ അല്ലാഹുവിൽ وَمَآ أُنزِلَ إِلَيْنَا ഞങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടതിലും وَمَآ أُنزِلَ അവതരിപ്പിക്കപ്പെട്ടതിലും مِن قَبْلُ മുമ്പ് وَأَنَّ أَكْثَرَكُمْ നിങ്ങളിൽ അധികമാളുമാണെന്നതും فَٰسِقُونَ തോന്നിയവാസികൾ, ധിക്കാരികൾ

ഞങ്ങൾ അല്ലാഹുവിൽ ശരിക്കും വിശ്വസിച്ചവരാണ്, ഞങ്ങളുടെ വേദഗ്രന്ഥമാകുന്ന ക്വുർആനിലും, അതിന്റെ മുമ്പുള്ള എല്ലാ വേദഗ്രന്ഥങ്ങളിലും ഞങ്ങൾ വിശ്വസിക്കുന്നു, ഇതാണല്ലോ നിങ്ങൾക്ക് ഞങ്ങളെപ്പറ്റി ആക്ഷേപിക്കുവാനുള്ള കാരണം. ഇതല്ലാതെ, ആക്ഷേപ വിധേയമായ ഒരു തെറ്റും ഞങ്ങൾ ചെയ്തിട്ടില്ല. ഇത് ആക്ഷേപിക്കപ്പെടാവുന്ന ഒരു വിഷയമാണോ? ഇതിന്റെ പേരിൽ നിങ്ങൾ ഞങ്ങളെ ആക്ഷേപിക്കുവാൻ കാരണം നിങ്ങളിലുള്ള ഭൂരിഭാഗം ആളുകളും തോന്നിയവാസികളും ധിക്കാരികളുമാണെന്നുള്ളത് മാത്രമാകുന്നു. അല്ലാത്തപക്ഷം, ഒരിക്കലും ഈ ആക്ഷേപത്തിന് കാരണമില്ല എന്ന് സാരം.

قُلْ هَلْ أُنَبِّئُكُم بِشَرٍّ مِّن ذَٰلِكَ مَثُوبَةً عِندَ ٱللَّهِ ۚ مَن لَّعَنَهُ ٱللَّهُ وَغَضِبَ عَلَيْهِ

﴿63﴾ നീ പറയുക: 'അല്ലാഹുവിന്റെ അടുക്കൽ അതിനെക്കാൾ പ്രതിഫലം മോശമായവരെപ്പറ്റി ഞാൻ നിങ്ങൾക്ക് വിവരമറിയിക്കട്ടെയോ? യാതൊരുവരെ അല്ലാഹു ശപിക്കുകയും, അവരുടെ മേൽ അവൻ കോപിക്കുകയും ചെയ്തിരിക്കുന്നുവോ അവരാണ് (അത്);

وَجَعَلَ مِنۡهُمُ ٱلۡقِرَدَةَ وَٱلۡخَنَازِيرَ وَعَبَدَ ٱلطَّٰغُوتَۚ

(അതെ) അവരിൽ നിന്നും (ചിലരെ) അവൻ കുരങ്ങുകളും പന്നികളുമാക്കുകയും ചെയ്തിരിക്കുന്നു; അവർ 'ത്വാഗൂത്തി'നെ (ദുർമൂർത്തിയെ) ആരാധിക്കുകയും ചെയ്തിരിക്കുന്നു (ഇങ്ങിനെയുള്ളവർ).

أُوْلَٰٓئِكَ شَرٌّ مَّكَانٗا وَأَضَلُّ عَن سَوَآءِ ٱلسَّبِيلِ ﴿٦٣﴾

അക്കൂട്ടർ, (ഏറ്റം) സ്ഥാനം മോശമായവരും. ശരിയായ മാർഗം വിട്ട് ഏറ്റം പിഴച്ചുപോയവരുമാകുന്നു'.

﴾63﴿ قُلۡ നീ പറയുക هَلۡ أُنَبِّئُكُم ഞാൻ നിങ്ങൾക്ക് വിവരമറിയിക്കട്ടെയോ, നിങ്ങളെ ബോധ്യപ്പെടുത്തട്ടെയോ بِشَرٍّ മോശമായവരെപ്പറ്റി مِّن ذَٰلِكَ അതിനെക്കാൾ مَثُوبَةً പ്രതിഫലം, പ്രതിഫലത്തിൽ عِندَ اللَّهِ അല്ലാഹുവിന്റെ അടുക്കൽ مَن യാതൊരുവനാണ്, ആരോ ആകുന്നു لَّعَنَهُ اللَّهُ അവനെ (അവരെ) അല്ലാഹു ശപിച്ചിരിക്കുന്നു وَغَضِبَ عَلَيۡهِ അവന്റെ (അവരുടെ) മേൽ അവൻ കോപിക്കുകയും ചെയ്തിരിക്കുന്നു وَجَعَلَ مِنۡهُمُ അവരിൽ നിന്നും അവൻ ആക്കുക (ഉണ്ടാക്കുക)യും ചെയ്തു الۡقِرَدَةَ കുരങ്ങുകളെ وَالۡخَنَازِيرَ പന്നികളെയും وَعَبَدَ അവൻ (അവർ) ആരാധിക്കുകയും ചെയ്തിരിക്കുന്നു الطَّٰغُوتَ ദുർമൂർത്തിയെ أُوْلَٰٓئِكَ അക്കൂട്ടർ شَرٌّ (കൂടുതൽ-ഏറ്റം) മോശമാണ് مَّكَانٗا സ്ഥാനം, സ്ഥാനത്താൽ وَأَضَلُّ അധികം പിഴച്ചവരാണ് عَن سَوَآءِ السَّبِيلِ ശരിയായ മാർഗം വിട്ട്

വേദക്കാർക്ക്-യഹൂദികൾക്ക് വിശേഷിച്ചും-ഒരു വായടപ്പൻ മറുപടിയാണിത്. ഏറ്റവും നല്ല നിലയിൽ പ്രശംസിക്കപ്പെടുവാൻ അവകാശപ്പെട്ട ചില ഗുണങ്ങളുടെ പേരിലാണല്ലോ നിങ്ങൾ ഞങ്ങളെപ്പറ്റി അധിക്ഷേപങ്ങൾ പുറപ്പെടുവിച്ചു കൊണ്ടിരിക്കുന്നത്. എന്നാൽ, നിങ്ങൾ നിങ്ങളുടെ സ്ഥിതി ഒന്നാലോചിച്ചു നോക്കുക. പല നിലക്കും ഞങ്ങളെക്കാളും ഏറ്റവും മോശമായ അവസ്ഥയാണ് നിങ്ങളുടേത്. അല്ലാഹുവിന്റെ ശാപകോപങ്ങളുടെ ഒരു നീണ്ട പാരമ്പര്യം നിങ്ങൾക്കുണ്ട്. എത്രത്തോളമെന്നാൽ, നിങ്ങളുടെ സമൂഹത്തിൽ പെട്ട ചിലരെ അല്ലാഹു കുരങ്ങന്മാരും പന്നികളുമാക്കി മാറ്റുകപോലും ചെയ്തിരിക്കുന്നു. അല്ലാഹു അല്ലാത്തവരെ ആരാധിച്ചുകൂടാ എന്നുള്ളതാണല്ലോ ദീനിന്റെ ഏറ്റവും കാതലായ വശം. എന്നിട്ടും നിങ്ങൾ ചില ദുർമൂർത്തികളെ ആരാധിക്കുകയും ചെയ്തിരിക്കുന്നു. ഇങ്ങിനെയുള്ള നിങ്ങളാണ് ഏറ്റവും മോശപ്പെട്ടവരും വഴിപിഴച്ചവരും. എന്നിരിക്കെ, സത്യവിശ്വാസം സ്വീകരിക്കുകയും, ദിവ്യഗ്രന്ഥങ്ങളെയെല്ലാം ശരിവെക്കുകയും, അല്ലാഹുവിനെ മാത്രം ആരാധിക്കുകയും ചെയ്യുന്ന ഞങ്ങളെ ആക്ഷേപിക്കുവാനും കുറ്റപ്പെടുത്തുവാനും നിങ്ങൾക്കെന്തവകാശമാണുള്ളത്? എന്നിങ്ങനെയാണ് ഈ വചനത്തിന്റെ താൽപര്യം.

യഹൂദികളുടെ മേൽ അല്ലാഹുവിന്റെ കോപശാപങ്ങളുണ്ടെന്ന് ക്വുർആനിൽ പല സ്ഥലത്തും അല്ലാഹു പ്രസ്താവിച്ചിട്ടുള്ളതാണ്. ശബ്ബത്ത് നാളിൽ അവർ ചെയ്ത അക്രമത്തെത്തുടർന്ന് അവരിൽ ചിലരെ കുരങ്ങുകളാക്കി കോലം മറിച്ചതിനെപ്പറ്റി അൽബക്വറഃ 65 ലും, അഅ്റാഫ് 166 ലും പ്രസ്താവിച്ചിരിക്കുന്നു. എന്നാൽ, അവരിൽ ചിലരെ പന്നികളാക്കിയ വിവരം അവിടങ്ങളിലൊന്നും പ്രസ്താവിക്കപ്പെട്ടിട്ടില്ല. ശബ്ബത്ത് നാളിന്റെ സംഭവത്തിൽ ചിലർ കുരങ്ങുകളായി മറിക്കപ്പെട്ടതുപോലെ, ചിലർ പന്നികളായി മറിക്കപ്പെടുകയും ഉണ്ടായിട്ടുണ്ടെന്നും, ആ സന്ദർഭത്തിലല്ല-വേറെ സന്ദർഭത്തിലാണ്-അതുണ്ടായതെന്നുമൊക്കെ പറയപ്പെടുന്നുണ്ട്. അല്ലാഹുവിന്നറിയാം. ഒന്നും ഉറപ്പിച്ചു പറയത്തക്ക തെളിവുകളില്ല. ചിലർക്ക് കുരങ്ങുകളുടെയും പന്നികളുടെയും സ്വഭാവം നൽകി അധഃപതിപ്പിക്കുകയാണുണ്ടായതെന്നാണ് ഉദ്ദേശ്യമെന്ന് ചില ആളുകൾ പറഞ്ഞു കാണുന്നു. ക്വുർആന്റെ വാചകവും, ചില ഹദീഥുകളും നോക്കുമ്പോൾ ഈ അഭിപ്രായം സ്വീകരിക്കുവാൻ മാർഗം കാണുന്നില്ല. കോലം മറിക്കപ്പെട്ടവരുടെ സന്തതികളാണോ കുരങ്ങുകളും പന്നികളും? എന്ന് നബി ﷺ യോട് ചോദിക്കപ്പെട്ടുവെന്നും കോലം മറിക്കപ്പെട്ടവർക്ക് സന്തതിയും പിന്തുടർച്ചയും ഉണ്ടായിട്ടില്ല, കുരങ്ങുകളും പന്നികളും അതിനു മുമ്പു തന്നെ ഉണ്ടായിരുന്നുവെന്നു നബി ﷺ മറുപടി പറഞ്ഞുവെന്നും ഇബ്നുമസ്ഊദ് (റ) പ്രസ്താവിച്ചതായി മുസ്ലിം (റ) രേഖപ്പെടുത്തിയിരിക്കുന്നു. അബൂദാവൂദ് ത്വയാലസിയുടെയും ഇമാം അഹ്മദിന്റെയും (റ) രിവായത്തിൽ, കുരങ്ങുകളും പന്നികളും യഹൂദികളുടെ സന്തതികളാണോ എന്നാണ് ആ ചോദ്യത്തിലെ വാചകം. യഹൂദികൾ കുരങ്ങുകളായും പന്നികളായും കോലം മറിക്കപ്പെടുകയുണ്ടായിട്ടുണ്ടെന്നാണല്ലോ ഈ ഹദീഥുകളിൽ നിന്ന് വ്യക്തമാകുന്നത്. പക്ഷേ, അത് എപ്പോഴായിരുന്നുവെന്നും മറ്റും നമുക്ക് അറിഞ്ഞുകൂടാ.

طاغوت (ത്വാഗൂത്ത്) എന്ന വാക്കിന്റെ ഭാഷാർത്ഥം, പ്രയോഗം എന്നിവയെ സംബന്ധിച്ച് അൽബക്വറഃ 256, 257 എന്നീ വചനങ്ങളുടെ വ്യാഖ്യാനത്തിലും മറ്റും നാം മുമ്പ് വിവരിച്ചു കഴിഞ്ഞിട്ടുണ്ട്. അല്ലാഹു അല്ലാത്ത എല്ലാ ആരാധ്യ വസ്തുക്കൾക്കും പിശാചിനും ആ വാക്ക് ഉപയോഗിക്കപ്പെടാറുണ്ടെന്ന് അവിടെ നാം ചൂണ്ടിക്കാട്ടിയിരിക്കുന്നു. യഹൂദികളെ സംബന്ധിച്ചിടത്തോളം അവർ പശുക്കുട്ടിയെ ദൈവമാക്കി ആരാധിച്ച കഥ പ്രസിദ്ധമാണ്. കൂടാതെ, അല്ലാഹുവിന്റെ ആജ്ഞാനിർദ്ദേശങ്ങൾക്ക് പകരം പിശാചിന്റെ ദുരുപദേശങ്ങൾ സ്വീകരിച്ചുവെന്നും, പണ്ഡിത പുരോഹിതന്മാരുടെ നിയമ നിർമാണങ്ങളെ മതനിയമങ്ങളായി സ്വീകരിച്ചുകൊണ്ട് അവരെ റബ്ബുകളാക്കി വെച്ചുവെന്നും മറ്റുമുള്ള അർത്ഥത്തിലും ആവാം 'അവർ ത്വാഗൂത്തിനെ ആരാധിച്ചു' വെന്ന് പറഞ്ഞത്. الله اعلم

وَإِذَا جَآءُوكُمْ قَالُوٓا۟ ءَامَنَّا وَقَد دَّخَلُوا۟ بِٱلْكُفْرِ وَهُمْ قَدْ خَرَجُوا۟ بِهِۦ

﴾64﴿ അവർ നിങ്ങളുടെ അടുക്കൽ വരുമ്പോൾ 'ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു' എന്ന് അവർ പറയുന്നതാണ്. (വാസ്തവമാകട്ടെ) അവിശ്വാസത്തോടെയത്രെ അവർ കടന്നു വന്നിട്ടുള്ളത്; അവർ അതുമായി (തന്നെ) പുറത്തു പോകുകയും ചെയ്തിരിക്കയാണ്.

وَٱللَّهُ أَعۡلَمُ بِمَا كَانُواْ يَكۡتُمُونَ ﴿٦٤﴾

അല്ലാഹുവാകട്ടെ, അവർ ഒളിച്ചു വെച്ചുകൊണ്ടിരിക്കുന്നതിനെപ്പറ്റി നല്ലവണ്ണം അറിയുന്നവനാകുന്നു.

وَتَرَىٰ كَثِيرًا مِّنۡهُمۡ يُسَٰرِعُونَ فِي ٱلۡإِثۡمِ وَٱلۡعُدۡوَٰنِ وَأَكۡلِهِمُ ٱلسُّحۡتَۚ لَبِئۡسَ مَا كَانُواْ يَعۡمَلُونَ ﴿٦٥﴾

《65》 അവരിൽ നിന്ന് പലരെയും കുറ്റത്തിലും, അതിക്രമത്തിലും, നിഷിദ്ധ (ധന)ത്തെ തിന്നുന്നതിലും അവർ ധൃതികൂട്ടിക്കൊണ്ടിരിക്കുന്നതായി നിനക്ക് കാണാവുന്നതുമാണ്.

അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് വളരെ ചീത്ത തന്നെ!

لَوۡلَا يَنۡهَىٰهُمُ ٱلرَّبَّٰنِيُّونَ وَٱلۡأَحۡبَارُ عَن قَوۡلِهِمُ ٱلۡإِثۡمَ وَأَكۡلِهِمُ ٱلسُّحۡتَۚ لَبِئۡسَ مَا كَانُواْ يَصۡنَعُونَ ﴿٦٦﴾

《66》 അവർ കുറ്റമായത് പറയുന്നതിനെയും, അവർ നിഷിദ്ധ (ധന)ത്തെ തിന്നുന്നതിനെയും സംബന്ധിച്ച് റബ്ബാനീ'കളും [പുണ്യപുരുഷന്മാരും], പണ്ഡിതന്മാരും അവരെ എന്തുകൊണ്ട് വിരോധിക്കുന്നില്ല?!

അവർ പ്രവർത്തിച്ചു (തൊഴിലാക്കി) കൊണ്ടിരിക്കുന്നത് വളരെ ചീത്ത തന്നെ!

《64》 وَإِذَا جَآءُوكُمۡ അവർ നിങ്ങളുടെ അടുക്കൽ വന്നാൽ قَالُوٓاْ അവർ പറയുന്നതാണ് ءَامَنَّا ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു وَقَد دَّخَلُواْ അവർ കടന്നുവന്നിട്ടുണ്ട് താനും بِٱلۡكُفۡرِ അവിശ്വാസത്തോടെ وَهُمۡ അവരാകട്ടെ قَدۡ خَرَجُواْ പുറത്തുപോകുകയും ചെയ്തിരിക്കുന്നു بِهِۦ അതുകൊണ്ട്, അതുമായി, അതോടെ وَٱللَّهُ അല്ലാഹു أَعۡلَمُ ഏറ്റം (അധികം-വളരെ) അറിയുന്നവനാണ് بِمَا كَانُواْ അവർ ആയിരുന്നതിനെപ്പറ്റി يَكۡتُمُونَ ഒളിച്ചു (മറച്ചു-മൂടി)വെക്കും 《65》 وَتَرَىٰ നീ കാണും, നിനക്കു കാണാം كَثِيرًا പലരെയും, വളരെ ആളുകളെ مِّنۡهُمۡ അവരിൽനിന്ന് يُسَٰرِعُونَ അവർ ധൃതി കൂട്ടുന്നതായി فِي ٱلۡإِثۡمِ കുറ്റത്തിൽ (പാപത്തിൽ) وَٱلۡعُدۡوَٰنِ അതിക്രമത്തിലും وَأَكۡلِهِمُ അവർ തിന്നുന്നതിലും ٱلسُّحۡتَ ഹറാമിനെ, നിഷിദ്ധത്തെ لَبِئۡسَ വളരെ മോശം (ചീത്ത)തന്നെ مَا كَانُواْ അവരായിരുന്നത്, ആയിക്കൊണ്ടിരിക്കുന്നത് يَعۡمَلُونَ അവർ പ്രവർത്തിക്കും 《66》 لَوۡلَا എന്തുകൊണ്ടില്ല, ആയിക്കൂടേ يَنۡهَىٰهُمُ അവരെ വിരോധിക്കുക ٱلرَّبَّٰنِيُّونَ റബ്ബാനികൾ, പുണ്യപുരുഷന്മാർ وَٱلۡأَحۡبَارُ പണ്ഡിതന്മാരും, വേദശാസ്ത്രിമാരും عَن قَوۡلِهِمُ അവർ പറയുന്നതിനെപ്പറ്റി ٱلۡإِثۡمَ പാപം وَأَكۡلِهِمُ അവർ തിന്നുന്നതിനെയും ٱلسُّحۡتَ

ഹറാം, നിഷിദ്ധം لَبِئْسَ വളരെ മോശം തന്നെ مَا كَانُوا അവരായിരുന്നത്, ആയി വരുന്നത് يَصْنَعُونَ തൊഴിലാക്കുക, പ്രവർത്തിച്ചുണ്ടാക്കുക

യഹൂദികളിലുണ്ടായിരുന്ന ചില കപടന്മാരെക്കുറിച്ചാണ് ആദ്യത്തെ പരാമർശം. നബി ﷺ യുടെയും സ്വഹാബികളുടെയും അടുക്കൽ വരുമ്പോൾ അവർ വിശ്വാസികളായി അഭിനയിക്കും. വാസ്തവമാകട്ടെ, ഹൃദയത്തിൽ അവിശ്വാസവും നിഷേധവും ഒളിച്ചുവെച്ചും കൊണ്ടായിരിക്കും അവരുടെ വരവ്. ചില അവിശ്വാസികളായ ആളുകൾ നബി ﷺ യുടെ അടുക്കൽ വന്നാൽ അവിടുത്തെ ഉപദേശങ്ങൾ കേട്ടു അവർക്ക് മനഃപരിവർത്തനം ഉണ്ടാകാറുണ്ട്. ഇവർക്ക് അതും സംഭവിക്കാറില്ല. ഇവർ വന്നപ്പോഴുള്ള അതേ അവിശ്വാസത്തോടും നിഷേധത്തോടും കൂടിത്തന്നെയായിരിക്കും ഇവരുടെ മടക്കവും. ഈ ഒളിച്ചുകളിയൊന്നും അല്ലാഹുവിങ്കൽ വിലപ്പോകുകയില്ല. യഥാർത്ഥം അവന് നല്ലപോലെ അറിയാം എന്ന് സാരം.

യഹൂദികളിൽ പരക്കെയുള്ള ചില ദുഃസ്സമ്പ്രദായങ്ങളാണ് അടുത്ത വചനങ്ങളിൽ പരാമർശിക്കപ്പെട്ടിരിക്കുന്നത്. പാപകരവും കുറ്റകരവുമായ കാര്യങ്ങൾ പറയുക. പ്രവർത്തിക്കുക, നിയമാതിർത്തികളും ധാർമിക വരമ്പുകളും അതിലംഘിക്കുക, കൈക്കൂലി പലിശപോലുള്ള ഹറാമായ ധനം ഉപയോഗിക്കുക എന്നിങ്ങിനെയുള്ള കാര്യങ്ങളിൽ യാതൊരു മടിയും കൂടാതെ വ്യാപൃതരാവുക അവരുടെ തൊഴിലായിത്തീർന്നിരിക്കുന്നു. അത്തരം കാര്യങ്ങളെക്കുറിച്ച് അവരെ ഗുണദോഷിക്കുവാനും വിലക്കുവാനും ബാധ്യസ്ഥരായ അവരുടെ പുണ്യപുരുഷന്മാരും പണ്ഡിതാചാരികളുമാകട്ടെ അവരുടെ കടമ നിർവ്വഹിച്ചിരുന്നതുമില്ല. അവർ മൗനാനുവാദം നൽകിയും മറ്റും അവർക്ക് പ്രോൽസാഹനം നൽകുകയാണ് ചെയ്തത്. അങ്ങനെ, ഇരുകൂട്ടരും അങ്ങേയറ്റം ചീത്തപ്പെട്ടു കഴിഞ്ഞിരിക്കുന്നുവെന്നാണ് ആ പരാമർശത്തിന്റെ ചുരുക്കം. അല്ലാഹു തുടരുന്നു:-

وَقَالَتِ ٱلْيَهُودُ يَدُ ٱللَّهِ مَغْلُولَةٌ ۚ غُلَّتْ أَيْدِيهِمْ وَلُعِنُوا۟ بِمَا قَالُوا۟ ۘ

﴿67﴾ യഹൂദികൾ പറയുന്നു: 'അല്ലാഹുവിന്റെ കൈ(കുടുക്കി) ബന്ധിക്കപ്പെട്ടതാണ്' എന്ന്!-അവരുടെ കൈകൾ (കുടുക്കി) ബന്ധിക്കപ്പെടട്ടെ! അവർ (ആ) പറഞ്ഞത് നിമിത്തം അവർ ശപിക്കപ്പെടുകയും ചെയ്യട്ടെ! (അഥവാ അവ ബന്ധിക്കപ്പെടുകയും അവർ ശപിക്കപ്പെടുകയും ചെയ്തിരിക്കുന്നു).

بَلْ يَدَاهُ مَبْسُوطَتَانِ يُنفِقُ كَيْفَ يَشَآءُ ۚ

(അങ്ങനെയല്ല-)പക്ഷേ, അവന്റെ രണ്ടു കൈകളും (നീട്ടി) നിവർത്തപ്പെട്ടവയാകുന്നു; അവൻ എങ്ങിനെ ഉദ്ദേശിക്കുന്നുവോ (അതുപ്രകാരം) അവൻ ചിലവഴിക്കുന്നു.

وَلَيَزِيدَنَّ كَثِيرًا مِّنْهُم مَّآ أُنزِلَ إِلَيْكَ مِن رَّبِّكَ طُغْيَٰنًا وَكُفْرًا ۚ

നിന്റെ റബ്ബിങ്കൽ നിന്ന് നിനക്ക് അവതരിക്കപ്പെട്ടിട്ടുള്ളത് അവരിൽ വളരെ പേർക്കും ധിക്കാരവും അവിശ്വാസവും വർദ്ധിപ്പിക്കുകതന്നെ ചെയ്യുന്നു.

وَأَلْقَيْنَا بَيْنَهُمُ ٱلْعَدَٰوَةَ وَٱلْبَغْضَآءَ إِلَىٰ يَوْمِ ٱلْقِيَٰمَةِ ۚ

അവർക്കിടയിൽ ക്വിയാമത്ത് നാൾവരേക്കും നാം ശത്രുതയും, വിദ്വേഷവും ഇട്ടിരിക്കുകയാണ്.

كُلَّمَآ أَوْقَدُوا۟ نَارًا لِّلْحَرْبِ أَطْفَأَهَا ٱللَّهُ ۚ وَيَسْعَوْنَ فِى ٱلْأَرْضِ فَسَادًا ۚ

യുദ്ധത്തിനുവേണ്ടി അവർ വല്ല തീയും കത്തിക്കുമ്പോഴൊക്കെ അല്ലാഹു അതിനെ കെടുത്തിക്കളയുന്നു; ഭൂമിയിൽ കുഴപ്പത്തിനായി അവർ പരിശ്രമം നടത്തുകയും ചെയ്യുന്നു.

وَٱللَّهُ لَا يُحِبُّ ٱلْمُفْسِدِينَ ﴿٦٤﴾

അല്ലാഹുവാകട്ടെ, കുഴപ്പമുണ്ടാക്കുന്നവരെ ഇഷ്ടപ്പെടുന്നുമില്ല.

﴾67﴿ وَقَالَتِ الْيَهُودُ യഹൂദികൾ പറഞ്ഞു, പറയുന്നു يَدُ اللَّهِ അല്ലാഹുവിന്റെ കൈ مَغْلُولَةٌ ബന്ധിക്കപ്പെട്ടതാണ്, കൂടുക്കപ്പെട്ടതാണ് غُلَّتْ ബന്ധിക്കപ്പെടട്ടെ, ബന്ധിക്കപ്പെട്ടിരിക്കുന്നു أَيْدِيهِمْ അവരുടെ കൈകൾ وَلُعِنُوا അവർ ശപിക്കപ്പെടുകയും ചെയ്യട്ടെ, ശപിക്കപ്പെടുകയും ചെയ്തിരിക്കുന്നു بِمَا قَالُوا അവർ പറഞ്ഞതു നിമിത്തം بَلْ പക്ഷേ, എന്നാൽ يَدَاهُ അവന്റെ രണ്ടു കൈകൾ مَبْسُوطَتَانِ വിരുത്ത(പരത്ത-നിവർത്ത)പ്പെട്ടതാണ് يُنفِقُ അവൻ ചിലവഴിക്കും كَيْفَ يَشَاءُ അവൻ എങ്ങിനെ ഉദ്ദേശിക്കുന്നുവോ (അങ്ങിനെ), ഉദ്ദേശിക്കുന്ന പ്രകാരം وَلَيَزِيدَنَّ അവൻ വർദ്ധിപ്പിക്കുകതന്നെ ചെയ്യും كَثِيرًا مِّنْهُم അവരിൽ നിന്നു ധാരാളം പേർക്കും مَّا أُنزِلَ അവതരിപ്പിക്കപ്പെട്ടത് إِلَيْكَ നിനക്ക്, നിന്നിലേക്ക് مِن رَّبِّكَ നിന്റെ റബ്ബിൽ നിന്ന് طُغْيَانًا അതിരു കവിച്ചൽ, ധിക്കാരം وَكُفْرًا അവിശ്വാസവും وَأَلْقَيْنَا നാം ഇടുകയും (ഏർപ്പെടുത്തുകയും) ചെയ്തിരിക്കുന്നു بَيْنَهُمُ അവർക്കിടയിൽ الْعَدَاوَةَ ശത്രുത وَالْبَغْضَاءَ വിദ്വേഷവും, ഈർഷ്യതയും إِلَىٰ يَوْمِ الْقِيَامَةِ ക്വിയാമത്തുനാൾ വരെ كُلَّمَا أَوْقَدُوا അവർ കത്തിക്കുമ്പോഴെല്ലാം نَارًا തീ لِّلْحَرْبِ യുദ്ധത്തിന്, പടക്ക് أَطْفَأَهَا അതിനെ കെടുത്തുന്നതാണ് اللَّهُ അല്ലാഹു وَيَسْعَوْنَ അവർ പരിശ്രമിക്കു(അദ്ധ്വാനിക്കു)കയും ചെയ്യുന്നു فِي الْأَرْضِ ഭൂമിയിൽ فَسَادًا കുഴപ്പത്തിന്, നാശത്തിന് وَاللَّهُ അല്ലാഹുവാകട്ടെ لَا يُحِبُّ ഇഷ്ടപ്പെടുകയില്ല الْمُفْسِدِينَ കുഴപ്പം (നാശം) ഉണ്ടാക്കുന്നവരെ

വേദക്കാരെ സംബന്ധിച്ച് പൊതുവായും, യഹൂദികളെ സംബന്ധിച്ച് പ്രത്യേക മായും പരാമർശിച്ചു കൊണ്ടുള്ള പ്രസ്താവനകളാണല്ലോ കഴിഞ്ഞ ഏതാനും വചന ങ്ങൾ മുതൽ തുടർന്നു വരുന്നത്. കൂട്ടത്തിൽ യഹൂദികൾക്കിടയിൽ തെറ്റായ പല സംസാ രങ്ങളും പ്രചരിച്ചിട്ടുണ്ടായിരുന്നുവെന്ന് കഴിഞ്ഞ വചനത്തിൽ സൂചിപ്പിക്കുകയുണ്ടാ യി. അതിനൊരു ഉദാഹരണമാണ് ഈ വചനത്തിൽ കാണുന്നത്. അത്യാർത്തിയും പിശുക്കും നിമിത്തം-കഴിവുണ്ടായിരുന്നാൽ പോലും-ദാരിദ്ര്യ ജീവിതം സ്വീകരിച്ചുവ രുന്ന ഒരു സമൂഹമാണ് യഹൂദികൾ. ഒരു കാലത്ത് ക്ഷേമൈശ്വര്യങ്ങളിൽ മികച്ചു നിന്നിരുന്ന അവർ അല്ലാഹുവിന്റെ കോപശാപങ്ങൾക്ക് വിധേയരായ കൂട്ടത്തിൽ ദാരിദ്ര്യം അവർക്കൊരു നിത്യശാപമായിത്തീർന്നു. ഇതിൽ നിന്നാണ് അല്ലാഹുവിനെക്കുറിച്ചു يَدُ اللَّهِ مَغْلُولَةٌ (അല്ലാഹുവിന്റെ കൈ ബന്ധിക്കപ്പെട്ടതാണ്) എന്നതുപോലെയുള്ള ചില വാക്കുകൾ-മര്യാദകെട്ടതും ധിക്കാര പരവുമായ ചില പ്രയോഗങ്ങൾ-അവരുടെ നാവി ലൂടെ പുറത്തുവന്നു കൊണ്ടിരുന്നത്. ആ വാക്കിന്റെ സാക്ഷാൽ അർത്ഥമല്ല അത് കൊണ്ടുദ്ദേശിക്കപ്പെടുന്നത്. അല്ലാഹു പിശുക്കനാണ്-നമുക്ക് വേണ്ടുന്നത് നൽകുവാൻ അവൻ കനിയുന്നില്ല-എന്നാണുദ്ദേശ്യം. പിശുക്കിനെ ഉദ്ദേശിച്ചു കൈ ബന്ധിക്കപ്പെടു ക- കൈക്ക് വിലങ്ങുവെക്കപ്പെടുക-എന്നും, ഔദാര്യത്തെ ഉദ്ദേശിച്ചു കൈനീട്ടുക- നിവർത്തിപ്പിടിക്കുക-എന്നുമുള്ള പ്രയോഗം അറബി ഭാഷയിൽ പതിവുള്ളതാണ്. ഇത നുസരിച്ചാണ് ഈ വചനത്തിലും ആ പ്രയോഗങ്ങൾ കാണുന്നത്. ആ ശപിക്കപ്പെട്ട സമൂഹം 'അല്ലാഹു ദരിദ്രനും നാം ധനികന്മാരുമാകുന്നു' (إِنَّ ٱللَّهَ فَقِيرٌ وَنَحْنُ أَغْنِيَآءُ) എന്നും പറഞ്ഞിരുന്നതായി 3:181 ൽ അല്ലാഹു പറഞ്ഞുവല്ലോ. അതുപോലെയുള്ള ഒരു വൃത്തികെട്ട വാക്കാണ് ഇതും. ഹൃദയം ദുഷിച്ചു കഴിഞ്ഞാൽ അതിന്റെ നാറ്റം വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയുമാണല്ലോ പ്രകടമാവുക.

ആ വാക്കിന് മറുപടി നൽകുന്നതിനു മുമ്പായി, അവരോടുള്ള പ്രതിഷേധമായി ട്ടാണ് غُلَّتْ أَيْدِيهِمْ وَلُعِنُوا...الخ എന്ന വാക്യം നിലകൊള്ളുന്നത്. 'അവരുടെ കൈകൾ ബന്ധിക്കപ്പെടുകയും അവർ ശപിക്കപ്പെടുകയും ചെയ്യട്ടെ' എന്ന് പ്രാർത്ഥനാ രൂപ ത്തിലുള്ളതും, 'അവരുടെ കൈകൾ ബന്ധിക്കപ്പെടുകയും അവർ ശപിക്കപ്പെടുകയും ചെയ്തിരിക്കുന്നു' എന്ന് വാർത്താ രൂപത്തിലുള്ളതും ആകാവുന്നതാണ് ആ വാക്യം.(*) ഒരാളുടെ ആക്ഷേപാർഹമായ വല്ല ചെയ്തികളെക്കുറിച്ചും പറയുമ്പോൾ തത്തുല്യ മായ ഒരു വാക്കിൽ അയാൾക്കെതിരെ പ്രാർത്ഥനാ രൂപത്തിലുള്ള വല്ല വാക്യവും ഉപ യോഗിക്കൽ അറബികളിലും, അറബികളല്ലാത്തവരിലും പതിവുള്ളതാണ്. سبنى سبه الله (അവൻ എന്നെ പഴിച്ചു, അവനെ അല്ലാഹു പഴിക്കട്ടെ) പോലെയുള്ള വാക്കുകൾ ഇതിന് ഉദാഹരണമാകുന്നു. അറബി ഭാഷയിൽ ഇങ്ങിനെയുള്ള വാക്യങ്ങളിൽ ഭൂതകാ ലത്തെക്കുറിക്കുന്ന ക്രിയാരൂപം (الماضى) ആയിരിക്കും ഉപയോഗിക്കപ്പെടുക. അതു കൊണ്ടാണ് അവ പ്രാർത്ഥനാ രൂപത്തിലുള്ളതും വാർത്താരൂപത്തിലുള്ളതും(**) ആവാ മെന്ന് വരുന്നത്. ആ ശപിക്കപ്പെട്ടവർ പറയുന്നത് കള്ളമാണ്; അല്ലാഹുവിന്റെ കൈ

(*) രണ്ടർത്ഥത്തിലും വരാവുന്ന ഈ പ്രയോഗം മനസ്സിരുത്തുന്നത് പലപ്പോഴും ഉപകാരപ്രദമായിരിക്കും.

(**) يعنى انشائية دعائية وخبرية

ബന്ധിക്കപ്പെട്ടതല്ല; അഥവാ അവൻ പിശുക്കനും ലുബ്ധനുമല്ല; അവന്റെ കൈകൾ നീണ്ടു നിവർന്നിരിക്കുന്നവ തന്നെയാണ്; അഥവാ അവൻ അത്യുദാരനും ലോഭം കൂടാതെ ചിലവഴിക്കുന്നവനുമാകുന്നു എന്നൊക്കെയാണ് بَلْ يَدَاهُ مَبْسُوطَتَانِ എന്നുള്ള മറുപടിയുടെ താൽപര്യം.

അല്ലാഹുവിന്റെ കൈ (يد الله) അല്ലാഹുവിന്റെ മുഖം (وجه الله) എന്നിങ്ങിനെയുള്ള പ്രയോഗങ്ങളെപ്പറ്റി മുൻഗാമികളായ പണ്ഡിതന്മാരും പിൻഗാമികളായ പണ്ഡിതന്മാരും സ്വീകരിച്ചു വരാറുള്ള രണ്ടു മാർഗങ്ങളുണ്ടെന്നും, അല്ലാഹുവിന് സൃഷ്ടികളോട് സാദൃശ്യം തോന്നിക്കുമാറുള്ള അർത്ഥവ്യാഖ്യാനങ്ങൾ അവക്ക് നൽകുവാൻ പാടില്ലെന്നും അൽബക്വറഃ 115-ാം വചനത്തിന്റെ വ്യാഖ്യാനത്തിലും മറ്റുമായി നാം ഇതിനു മുമ്പ് ഒന്നിലധികം പ്രാവശ്യം വിവരിച്ചു കഴിഞ്ഞിട്ടുള്ളതാണ്.

തുടർന്നുള്ള വാക്യങ്ങളിൽ യഹൂദികളെ സംബന്ധിച്ച ചില കാര്യങ്ങൾ അല്ലാഹു വെളിപ്പെടുത്തിയിരിക്കുന്നു.

(1) നബി ﷺ ക്ക് അവതരിപ്പിക്കപ്പെട്ട ഈ ക്വുർആൻ ഇവരിൽ പലർക്കും അനുഗ്രഹമായിട്ടല്ല-നേരെമറിച്ച് അവിശ്വാസവും ധിക്കാരവും വർദ്ധിപ്പിക്കുന്നതായിട്ടാണ്-ഉള്ളതെന്ന്. കാരണം, അതിലേക്ക് ശ്രദ്ധകൊടുക്കുവാനോ, അതിന്റെ മാർഗദർശനങ്ങൾ സ്വീകരിക്കുവാനോ അവർ തയ്യാറില്ലാത്തതിനു പുറമെ, അതിലെ ഓരോ വിഷയവും അവർ നിഷേധിക്കുകയും പരിഹാസ്യമാക്കുകയും ചെയ്യുന്നുതാനും. അപ്പോൾ, അതിലെ ഓരോ വിഷയവും അവതരിക്കുമ്പോൾ അവരുടെ അവിശ്വാസത്തെയും ധിക്കാരത്തെയും അത് വർദ്ധിപ്പിച്ചു കൊണ്ടിരിക്കുമല്ലോ.

(2) അവർക്കിടയിൽ ക്വിയാമത്ത് നാൾവരെ അല്ലാഹു ശത്രുതയും വിദ്വേഷവും ഏർപ്പെടുത്തിയിരിക്കുന്നുവെന്ന്'. അവർക്കിടയിൽ (بينهم) എന്നതുകൊണ്ടുദ്ദേശ്യം യഹൂദികൾ തമ്മതമ്മിൽ എന്നും, യഹൂദികളും ക്രിസ്ത്യാനികളും തമ്മിൽ എന്നും ആകാവുന്നതാണ്. രണ്ടായാലും സംഗതി വാസ്തവം തന്നെ. യഹൂദികളും ക്രിസ്ത്യാനികളും തമ്മിലുള്ള ശത്രുതയും വിദ്വേഷവും ചരിത്ര പ്രസിദ്ധമായതും, പണ്ടുമുതൽക്കേ ആരംഭിച്ചതും, ലോകാവസാനം വരെ നില നിൽക്കുന്നതുമാകുന്നു. അതിൽ വല്ലപ്പോഴും വല്ല മാറ്റവും കാണുന്നുവെങ്കിൽ അത് താൽക്കാലികമായ ചില സ്വാർത്ഥതാൽപര്യങ്ങളെ മുൻനിറുത്തി മാത്രമുണ്ടായതായിരിക്കും. മുപ്പതുകൊല്ലം മുമ്പ് നിലവിൽവന്ന ഇസ്റാഈൽ രാഷ്ട്രത്തിന്റെ സ്ഥാപനത്തിനു ക്രിസ്തീയ രാഷ്ട്രങ്ങൾ മുന്നിട്ടിറങ്ങുവാനുള്ള കാരണവും അതല്ലാതെ മറ്റൊന്നുമല്ലെന്ന് പ്രസിദ്ധമാണ്. എനി, യഹൂദ സമുദായത്തിന്റെ അഭ്യന്തരസ്ഥിതിയോ? അൽപം ദശാബ്ദങ്ങൾക്ക് മുമ്പ് പ്രസ്തുത ഇസ്റാഈൽ രാഷ്ട്രത്തിന്റെ സ്ഥാപനത്തിനുള്ള കരുനീക്കങ്ങൾ തുടങ്ങിയത് മുതൽ അതിനു വേണ്ടി യഹൂദ ലോകം ഒന്നിച്ചുവെന്നത് ഒഴിവാക്കിക്കൊണ്ട് അവരുടെ ചരിത്രത്തിലേക്ക് നോക്കിയാൽ, കക്ഷിവഴക്കും, അന്തഃഛിദ്രവും, അഭിപ്രായ ഭിന്നതയും നീങ്ങിയ കാലം അവർക്കിടയിൽകാണുകയില്ല. മുഴുത്ത നാസ്തികന്മാരും കടുത്ത യാഥാസ്ഥികന്മാരും മുമ്പും ഇക്കാലത്തും അവരിലുണ്ട്. ഇസ്റാഈലി രക്തത്തിന്റെയും, യഹൂദ നാമത്തിന്റെയും, മുസ്ലിം വിരോധത്തിന്റെയും പേരിൽ മാത്രമേ അവർക്കിടയിൽ യഥാർത്ഥത്തിൽ യോജിപ്പുള്ളൂ.

(3) അവർ യുദ്ധാഗ്നി കത്തിക്കുമ്പോഴൊക്കെ അല്ലാഹു കെടുത്തി കളയുന്നുവെന്ന്. അതായത്, മദീനയിലെ മുസ്‌ലിംകൾക്കെതിരിൽ യുദ്ധം സംഘടിപ്പിക്കുവാൻ പല തരം ഗൂഢതന്ത്രങ്ങളും, വഞ്ചനാപരമായ കൂട്ടുകെട്ടുകളും നടത്തിക്കൊണ്ടിരിക്കുന്നതിൽ ചരിത്ര പ്രസിദ്ധി നേടിയവരാണല്ലോ യഹൂദികൾ. അപ്പോഴൊക്കെ അല്ലാഹു അവരുടെ ഉദ്ദേശ്യം പരാജയപ്പെടുത്തുകയാണ് ചെയ്തതെന്ന് സാരം.

(4) അവർ ഭൂമിയിൽ കുഴപ്പവും നാശവും ഉണ്ടാക്കുവാൻ ശ്രമിക്കുന്നുവെന്ന് നബി ﷺയുടെ കാലത്തും അതിനു ശേഷം ഇന്നോളം ഭൂമിയിൽ കുഴപ്പം സൃഷ്ടിക്കുവാനല്ലാതെ-വല്ല പൊതു നന്മയും വരുത്തുവാൻ വേണ്ടി-എന്തെങ്കിലും പരിശ്രമം നടത്തിയ ഒരു ചരിത്രം യഹൂദികൾക്കുണ്ടോ?

وَلَوْ أَنَّ أَهْلَ ٱلْكِتَٰبِ ءَامَنُوا۟ وَٱتَّقَوْا۟ لَكَفَّرْنَا عَنْهُمْ سَيِّـَٔاتِهِمْ وَلَأَدْخَلْنَٰهُمْ جَنَّٰتِ ٱلنَّعِيمِ ﴿٦٨﴾

﴿68﴾ വേദക്കാർ വിശ്വസിക്കുകയും, സൂക്ഷ്മത പാലിക്കുകയും ചെയ്തിരുന്നുവെങ്കിൽ, അവർക്ക് നാം അവരുടെ തിന്മകളെ മൂടി (മാപ്പാക്കി) ക്കൊടുക്കുകയും, സുഖാനുഗ്രഹത്തിന്റെ സ്വർഗങ്ങളിൽ അവരെ നാം പ്രവേശിപ്പിക്കുകയും തന്നെ ചെയ്യുമായിരുന്നു.

﴿68﴾ وَلَوْ أَنَّ ആയിരുന്നെങ്കിൽ أَهْلَ الْكِتَٰبِ വേദക്കാർ ءَامَنُوا അവർ വിശ്വസിച്ചു وَاتَّقَوْا അവർ സൂക്ഷിക്കുകയും ചെയ്തു لَكَفَّرْنَا നാം മൂടിക്കളയുക(മറക്കുക) തന്നെ ചെയ്യുമായിരുന്നു عَنْهُمْ അവർക്ക്, അവരിൽ നിന്ന് سَيِّـَٔاتِهِمْ അവരുടെ തിന്മകളെ وَلَأَدْخَلْنَٰهُمْ അവരെ നാം പ്രവേശിപ്പിക്കുകയുംതന്നെ ചെയ്യും جَنَّٰتِ സ്വർഗങ്ങളിൽ النَّعِيمِ സുഖാനുഗ്രഹത്തിന്റെ

وَلَوْ أَنَّهُمْ أَقَامُوا۟ ٱلتَّوْرَىٰةَ وَٱلْإِنجِيلَ وَمَآ أُنزِلَ إِلَيْهِم مِّن رَّبِّهِمْ لَأَكَلُوا۟ مِن فَوْقِهِمْ وَمِن تَحْتِ أَرْجُلِهِم ۚ مِّنْهُمْ أُمَّةٌ مُّقْتَصِدَةٌ ۖ

﴿69﴾ തൗറാത്തും, ഇൻജീലും, അവരുടെ റബ്ബിങ്കൽ നിന്ന് അവരിലേക്ക് അവതരിപ്പിക്കപ്പെട്ടതും അവർ നിലനിറുത്തിയിരുന്നുവെങ്കിൽ, അവരുടെ മുകൾ ഭാഗത്തു നിന്നും, അവരുടെ കാലുകളുടെ താഴ്ഭാഗത്തു നിന്നും അവർ തിന്നുക [അവർക്ക് ആഹാരം ലഭിക്കുക] തന്നെ ചെയ്യുമായിരുന്നു. അവരിൽ മിതത്വം പാലിക്കുന്ന ഒരു സമൂഹം ഉണ്ട്.

വഅവരിൽ നിന്ന് വളരെ പേരാകട്ടെ, അവർ പ്രവർത്തിച്ചു വരുന്നത് വളരെ ചീത്ത! وَكَثِيرٌ مِّنْهُمْ سَآءَ مَا يَعْمَلُونَ ﴿٦٦﴾

وَلَوْ أَنَّهُمْ أَقَامُوا ﴿69﴾ അവർ നിലനിർത്തിയിരുന്നുവെങ്കിൽ التَّوْرَىٰةَ തൗറാത്തിനെ وَالْإِنجِيلَ
ഇൻജീലിനെയും وَمَآ أُنزِلَ അവതരിപ്പിക്കപ്പെട്ടതിനെയും إِلَيْهِم അവരിലേക്ക് مِّن رَّبِّهِمْ
അവരുടെ റബ്ബിങ്കൽ നിന്ന് لَأَكَلُوا അവർ തിന്നുക തന്നെ ചെയ്യുമായിരുന്നു مِن فَوْقِهِمْ
അവരുടെ മീതെ (മുകൾ ഭാഗത്തു) നിന്ന് وَمِن تَحْتِ താഴെ (അടിഭാഗത്തു)നിന്നും
أَرْجُلِهِم അവരുടെ കാലുകളുടെ مِّنْهُمْ അവരിൽ ഉണ്ട് أُمَّةٌ ഒരു സമുദായം (സമൂഹം)
مُّقْتَصِدَةٌ മിതത്വം പാലിക്കുന്ന, മദ്ധ്യാവസ്ഥ സ്വീകരിക്കുന്ന وَكَثِيرٌ مِّنْهُمْ അവരിൽ വളരെ
പേർ سَآءَ വളരെ ചീത്ത مَا يَعْمَلُونَ അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്

തൗറാത്തിന്റെയും, ഇൻജീലിന്റെയും യഥാർത്ഥ അധ്യാപനങ്ങളും, ഖുർആൻ അടക്കം അല്ലാഹു അവതരിപ്പിച്ചിട്ടുള്ള മറ്റു ഗ്രന്ഥങ്ങളുടെ അധ്യാപനങ്ങളും തമ്മിൽ പൊരുത്തക്കേടോ വൈരുദ്ധ്യമോ ഇല്ല. ഓരോന്നും മറ്റേതിനെ ശക്തിപ്പെടുത്തുകയും സത്യപ്പെടുത്തുകയുമാണ് ചെയ്യുന്നത്. ആ സ്ഥിതിക്ക് ഭേദഗതിയോ മാറ്റത്തിരുത്തലോ കൂടാതെ തൗറാത്തും ഇൻജീലും സ്വീകരിക്കുന്ന പക്ഷം, അവർ ഖുർആനിലും നബി ﷺ യിലും വിശ്വസിക്കാതിരിക്കുവാൻ നിവൃത്തിയില്ല. അങ്ങനെ അവർ ചെയ്തിരുന്നാൽ, പരലോകത്തുവെച്ച് ലഭിക്കുന്ന അനുഗ്രഹങ്ങൾക്ക് പുറമെ ഇഹലോകത്ത് വെച്ചും അതിന്റെ ഫലം അവർക്ക് അനുഭവപ്പെടുമായിരുന്നുവെന്ന് അല്ലാഹു അറിയിക്കുന്നു. പക്ഷേ, തൗറാത്തിനെയും ഇൻജീലിനെയും മാറ്റിമറിക്കുകയും തോന്നിയതെല്ലാം മതമാക്കുകയുമാണ് അവർ ചെയ്തത്.

മുകൾ ഭാഗത്ത് നിന്നും അടിഭാഗത്ത് നിന്നും തിന്നാം എന്ന് പറഞ്ഞതിന്റെ താൽപര്യം, ഉപരിഭാഗത്ത് നിന്നുണ്ടാകുന്ന മഴ തുടങ്ങിയ അനുഗ്രഹങ്ങളും, കീഴ്ഭാഗത്തുണ്ടാകുന്ന ഉൽപന്നങ്ങളുടെ ആധിക്യം മുതലായ അനുഗ്രഹങ്ങളും അവർക്ക് ധാരാളം ആസ്വദിച്ചുകൊണ്ടിരിക്കാമെന്നും, അവരുടെ ഐഹിക ജീവിതം ക്ഷേമകരവും സന്തുഷ്ടവുമായിരിക്കുമെന്നുമാകുന്നു. മായം കലരാത്ത സത്യവിശ്വാസവും, സന്മാർഗനിഷ്ഠയും പുലർത്തിപ്പോരുന്നവർക്ക് പാരത്രിക ജീവിതത്തിലെ സുഖസൗകര്യങ്ങൾ മാത്രമല്ല, ഐഹിക ജീവിതത്തിലും ക്ഷേമൈശ്വര്യങ്ങൾ ലഭിക്കുമാറാകുന്നതാണെന്ന് അല്ലാഹു വേറെ സ്ഥലങ്ങളിലും ഉണർത്താറുള്ളതാണ്. (അഅ്റാഫ് 96; നൂഹ് 10-12 മുതലായവ നോക്കുക.) പക്ഷേ, ഒരു കാലത്തോ, ദേശത്തോ ഉള്ള ജനങ്ങളുടെ ജീവിതം ക്ഷേമകരമായിത്തീർന്നതു കൊണ്ട് ആ കാലത്തോ ദേശത്തോ ഉള്ളവരൊക്കെ സന്മാർഗ നിഷ്ഠയുള്ളവരായിരിക്കുമെന്ന് കണക്കാക്കുവാൻ നിവൃത്തിയില്ല. കാരണം, തിന്മ മുഖേന മാത്രമല്ല-നന്മ മുഖേനയും അല്ലാഹു ജനങ്ങളെ പരീക്ഷണം നടത്തുന്നതാകുന്നു. ونبلوكم بالشر والخير فتنة

സത്യവിശ്വാസവും സന്മാർഗനിഷ്ഠയും പാലിക്കുന്നവർക്ക് അവരുടെ

ഐഹികജീവിതത്തിലും അല്ലാഹു അഭിവൃദ്ധി നൽകുമെന്ന തത്വം ബൈബ്ളും ഉൽഘോഷിക്കുന്നുണ്ട്. 'എന്റെ കൽപന പ്രമാണിച്ചു അനുസരിച്ചാൽ ഞാൻ തക്ക സമയത്ത് മഴതരും, ഭൂമി വിളവ് തരും, വൃക്ഷവും ഫലം തരും' എന്നിങ്ങിനെ വളരെയധികം വാഗ്ദാനങ്ങൾ ലേവ്യാ പുസ്തകം 26-ാം അധ്യായത്തിലും, 'ഞാൻ ആജ്ഞാപിക്കുന്ന സകല കൽപനകളും അനുസരിച്ചു നടന്നാൽ യഹോവ നിന്നെ സർവ്വ ജാതികൾക്കും മീതെയാക്കും, പട്ടണത്തിൽ നീ അനുഗ്രഹിക്കപ്പെടും, വയലിൽ നീ അനുഗ്രഹിക്കപ്പെടും, ശത്രുക്കളെ നിന്റെ മുമ്പിൽ തോൽക്കുമാറാക്കും' എന്നിങ്ങിനെ വളരെ വാഗ്ദാനങ്ങൾ ആവർത്തന പുസ്തകം 28-ാം അധ്യായത്തിലും കാണാം.

വേദക്കാർ മുഴുവനും തൗറാത്തും ഇൻജീലും നിലനിറുത്താതെ-അവയുടെ അധ്യാപനങ്ങൾ യഥാവിധി പാലിക്കാതെ- വഴിപിഴച്ചുപോയവരാണെന്ന് പറഞ്ഞുകൂടാ; അവരിൽ അധികമാളുകളുടെയും സ്ഥിതി അതാണെങ്കിലും അവരിൽതന്നെ ചില ആളുകൾ സന്മാർഗത്തിൽ നിന്ന് വളരെയൊന്നും അകന്നു പോകാത്തവരായി നിലവിലുണ്ട് എന്നത്രെ അവസാനത്തെ രണ്ടു വാക്യങ്ങൾ ചൂണ്ടിക്കാട്ടുന്നത്. ഈ തരക്കാരിൽപെട്ട ആളുകളായിരിക്കും അവരിൽ നിന്ന് നബി ﷺ യിലും ഖുർആനിലും വിശ്വസിക്കുവാൻ മുമ്പോട്ട് വരുന്നവരെന്നു പറയേണ്ടതില്ല.

വിഭാഗം - 10

۞ يَـٰٓأَيُّهَا ٱلرَّسُولُ بَلِّغْ مَآ أُنزِلَ إِلَيْكَ مِن رَّبِّكَ ۖ وَإِن لَّمْ تَفْعَلْ فَمَا بَلَّغْتَ رِسَالَتَهُۥ ۚ

وَٱللَّهُ يَعْصِمُكَ مِنَ ٱلنَّاسِ ۗ إِنَّ ٱللَّهَ لَا يَهْدِى ٱلْقَوْمَ ٱلْكَـٰفِرِينَ ﴿٧٠﴾

﴾70﴿ ഹേ, റസൂലേ, നിന്റെ റബ്ബിങ്കൽനിന്ന് നിനക്ക് അവതരിപ്പിക്കപ്പെട്ടത് നീ എത്തിച്ചു കൊടുക്കുക [പ്രബോധനം ചെയ്യുക]. നീ (അത്) ചെയ്തില്ലെങ്കിൽ, അവന്റെ ദൗത്യം നീ എത്തിച്ചുകൊടുത്തില്ല.

അല്ലാഹു മനുഷ്യരിൽ നിന്ന് നിന്നെ കാത്തു രക്ഷിക്കുന്നതാണ്. നിശ്ചയമായും അല്ലാഹു അവിശ്വാസികളായ ജനങ്ങളെ നേർമാർഗത്തിലാക്കുകയില്ല.

﴾70﴿ يَاأَيُّهَاالرَّسُولُ ഹേ, റസൂലേ, بَلِّغْ നീ എത്തിക്കുക مَاأُنزِلَ إِلَيْكَ നിനക്ക് അവതരിപ്പിക്കപ്പെട്ടത് مِن رَّبِّكَ നിന്റെ റബ്ബിങ്കൽ നിന്ന് وَإِن لَّمْ تَفْعَلْ എന്നാൽ നീ ചെയ്തില്ലെങ്കിൽ, فَمَا بَلَّغْتَ നീ എത്തിച്ചില്ല رِسَالَتَهُ അവന്റെ ദൗത്യത്തെ وَاللَّهُ يَعْصِمُكَ അല്ലാഹു നിന്നെ കാക്കും, രക്ഷിക്കും مِنَ النَّاسِ മനുഷ്യരിൽ നിന്ന് إِنَّ اللَّهَ നിശ്ചയമായും അല്ലാഹു لَا يَهْدِي നേർമാർഗത്തിലാക്കുകയില്ല الْقَوْمَ ജനങ്ങളെ الْكَافِرِينَ അവിശ്വാസികളായ

അല്ലാഹു നൽകിയിട്ടുള്ള സന്ദേശങ്ങളെ മുഴുവനും എതിർപ്പോ, അക്രമമോ ഭയപ്പെടാതെ, സധീരം ജനങ്ങൾക്ക് എത്തിച്ചു കൊടുക്കണമെന്നും, അതിൽ വല്ല വീഴ്ചയും വരുത്തിയാൽ അല്ലാഹു ഏൽപിച്ച ദൗത്യനിർവ്വഹണത്തിന്റെ കടമ നിറവേറുകയില്ലെന്നും അല്ലാഹു നബി ﷺയോട് ആജ്ഞാപിക്കുന്നു. ആരുടെ എതിർപ്പും, ശത്രുതയും ഭയപ്പെടേണ്ടതില്ല-ജനങ്ങളിൽ നിന്നുണ്ടായേക്കുന്ന ആപത്തുകളെല്ലാം ഞാൻ കാത്തുകൊള്ളാം-എന്ന് അതോടൊപ്പം അല്ലാഹു ഏറ്റുപറയുകയും ചെയ്യുന്നു.

ഹജ്ജത്തുൽ വിദാഇൽ നബി ﷺ ചെയ്ത പ്രസിദ്ധമായ പ്രസംഗത്തിൽ അവിടുന്ന് ജനങ്ങളോട് ഇപ്രകാരം ചോദിക്കുകയുണ്ടായി: 'ഹേ, മനുഷ്യരേ, എന്നെപ്പറ്റി നിശ്ചയമായും നിങ്ങളോട് ചോദിക്കപ്പെടുന്നതാണ്. അപ്പോൾ നിങ്ങൾ എന്തായിരിക്കും പറയുക?' ജനങ്ങൾ പറഞ്ഞു: 'അവിടുന്ന് എത്തിച്ചു തരുകയും, നിർവ്വഹിക്കുകയും, ഉപദേശിക്കുകയും ചെയ്തിരിക്കുന്നുവെന്ന് ഞങ്ങൾ സാക്ഷ്യം വഹിക്കും'. അപ്പോൾ തിരുമേനി അവിടുത്തെ ചൂണ്ടാണിവിരൽ ആകാശത്തേക്ക് ഉയർത്തുകയും അവരുടെ നേരെ താഴ്ത്തി ആംഗ്യം കാണിക്കുകയും ചെയ്തുകൊണ്ട് മൂന്നു പ്രാവശ്യം ഇങ്ങിനെ പറഞ്ഞു: 'അല്ലാഹുവേ, നീ സാക്ഷ്യം വഹിക്കണേ!' (മുസ്‌ലിം) ചില വിഷമഘട്ടങ്ങളിൽ നബി ﷺയുടെ രക്ഷക്കുവേണ്ടി ചിലർ കാവൽ നിൽക്കാറുണ്ടായിരുന്ന പതിവ് ഈ വചനം അവതരിച്ചശേഷം അവിടുന്ന് നിറുത്തൽ ചെയ്തുവെന്നും, എന്നെ കാത്തു രക്ഷിച്ചുകൊള്ളാമെന്ന് അല്ലാഹു ഏറ്റിട്ടുണ്ട്-എനി പാറാവുകാരുടെ ആവശ്യമില്ല-എന്ന് അവിടുന്ന് പറഞ്ഞുവെന്നും ചില ഹദീഥുകളിൽ വന്നിട്ടുണ്ട്. അപകടത്തിന്റെ വക്കോളം എത്തിയ എത്രയോ ആപൽസന്ധികളിൽ അത്യാശ്ചര്യമാംവണ്ണം നബി ﷺക്കു രക്ഷ നൽകപ്പെട്ട സംഭവങ്ങൾ നബി ﷺയുടെ ജീവിതത്തിൽ ധാരാളം കാണാവുന്നതാണ്. (അൽപം ചില ഉദാഹരണങ്ങൾ 12-ാം വചനത്തിന്റെ വിവരണത്തിൽ കഴിഞ്ഞുപോയിട്ടുണ്ടല്ലോ).

قُلْ يَٰٓأَهْلَ ٱلْكِتَٰبِ لَسْتُمْ عَلَىٰ شَىْءٍ

﴿71﴾ **(നബിയേ) പറയുക: 'വേദക്കാരേ, നിങ്ങൾ യാതൊന്നിലും (തന്നെ) അല്ല,**

حَتَّىٰ تُقِيمُوا۟ ٱلتَّوْرَىٰةَ وَٱلْإِنجِيلَ
وَمَآ أُنزِلَ إِلَيْكُم مِّن رَّبِّكُمْ ۗ

തൗറാത്തും, ഇൻജീലും, നിങ്ങളുടെ റബ്ബിങ്കൽ നിന്ന് നിങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടിട്ടുള്ളതും നിങ്ങൾ നിലനിറുത്തുവോളം'.

وَلَيَزِيدَنَّ كَثِيرًا مِّنْهُم مَّآ أُنزِلَ
إِلَيْكَ مِن رَّبِّكَ طُغْيَٰنًا وَكُفْرًا ۖ

നിന്റെ റബ്ബിങ്കൽ നിന്ന് നിനക്ക് അവതരിപ്പിക്കപ്പെട്ടിട്ടുള്ളത് അവരിൽ നിന്ന് വളരെ പേർക്കും ധിക്കാരവും അവിശ്വാസവും വർദ്ധിപ്പിക്കുക തന്നെ ചെയ്യുന്നു.

فَلَا تَأْسَ عَلَى ٱلْقَوْمِ ٱلْكَٰفِرِينَ ﴿٧١﴾

അതിനാൽ, അവിശ്വാസികളായ (ആ) ജനങ്ങളുടെ പേരിൽ നീ വ്യസനപ്പെടേണ്ടാ.

﴿71﴾ قُلْ നീ പറയുക يَاأَهْلَ الْكِتَابِ വേദക്കാരേ لَسْتُمْ നിങ്ങളല്ല عَلَىٰ شَيْءٍ യാതൊന്നി
ലും, ഒരു കാര്യത്തിലും حَتَّىٰ تُقِيمُوا നിങ്ങൾ നിലനിറുത്തുവോളം التَّوْرَاةَ തൗറാത്തിനെ
وَالإِنْجِيلَ ഇൻജീലിനെയും وَمَا أُنْزِلَ إِلَيْكُمْ നിങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടതും
مِنْ رَبِّكُمْ നിങ്ങളുടെ റബ്ബിങ്കൽ നിന്ന് وَلَيَزِيدَنَّ വർദ്ധിപ്പിക്കുക തന്നെ ചെയ്യും
كَثِيرًا مِنْهُمْ അവരിൽ നിന്ന് വളരെ പേർക്കും مَا أُنْزِلَ إِلَيْكَ നിനക്ക് അവതരിപ്പിക്കപ്പെട്ടത്
مِنْ رَبِّكَ നിന്റെ റബ്ബിങ്കൽ നിന്ന് طُغْيَانًا ധിക്കാരം, അതിക്രമം, അതിരുകവിയൽ وَكُفْرًا
അവിശ്വാസവും فَلَا تَأْسَ അതിനാൽ നീ വ്യസനപ്പെടേണ്ടാ, സങ്കടപ്പെടരുത് عَلَى الْقَوْمِ
ജനങ്ങളുടെ മേൽ الْكَافِرِينَ അവിശ്വാസികളായ

തൗറാത്തും ഇൻജീലും നിലനിർത്തുന്നത് സംബന്ധിച്ചു 68,69 വചനങ്ങളുടെയും, ക്വുർആൻ അവർക്ക് ധിക്കാരവും അവിശ്വാസവും വർദ്ധിപ്പിക്കുമെന്നതിനെപ്പറ്റി 67-ാം വചനത്തിന്റെയും വ്യാഖ്യാനത്തിൽ വിവരിച്ചത് ഓർക്കുക. അവരുടെ കൈവശം തൗറാത്തെന്നും ഇൻജീലെന്നുമുള്ള പേരിൽ അവർ സ്വീകരിച്ചുവരുന്ന കൃത്രിമ വേദങ്ങളല്ല -യഥാർത്ഥ തൗറാത്തും ഇൻജീലുമാണ്-ഉദ്ദേശ്യം. അവ ശരിക്കും നിലനിറുത്തുന്ന പക്ഷം അവർ സത്യവിശ്വാസം സ്വീകരിക്കാതിരിക്കയില്ലതാനും. (തൗറാത്തും ഇൻജീലും ബൈബ്ളിലുണ്ടെന്ന വാദത്തെപ്പറ്റി 50-ാം വചനത്തിന്റെ വിവരണത്തിൽ പറഞ്ഞത് ഓർക്കുക). 'നിങ്ങൾക്കവതരിപ്പിക്കപ്പെട്ടത്' എന്ന് പറഞ്ഞതുകൊണ്ട് വിവക്ഷ ക്വുർആനാകുന്നു.

إِنَّ ٱلَّذِينَ ءَامَنُوا۟ وَٱلَّذِينَ هَادُوا۟ وَٱلصَّـٰبِـُٔونَ وَٱلنَّصَـٰرَىٰ

﴿72﴾ നിശ്ചയമായും, വിശ്വസിച്ചവരും, യഹൂദരായവരും 'സ്വാബിഉ'കളും ക്രിസ്ത്യാനികളും,-

مَنْ ءَامَنَ بِٱللَّهِ وَٱلْيَوْمِ ٱلْـَٔاخِرِ وَعَمِلَ صَـٰلِحًا فَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ ﴿٧٢﴾

(ആരാവട്ടെ, അവരിൽ) ആർ അല്ലാഹുവിലും, അന്ത്യനാളിലും വിശ്വസിക്കുകയും, സൽകർമം പ്രവർത്തിക്കുകയും ചെയ്തുവോ, എന്നാൽ അവരുടെ മേൽ യാതൊരു ഭയവുമില്ല, അവർ വ്യസനിക്കുകയുമില്ല.

﴿72﴾ إِنَّ الَّذِينَ آمَنُوا നിശ്ചയമായും വിശ്വസിച്ചവർ وَالَّذِينَ هَادُوا യഹൂദരായവരും
وَالصَّابِئُونَ 'സ്വാബിഉ'കളും وَالنَّصَارَىٰ ക്രിസ്ത്യാനികളും, مَنْ آمَنَ ആർ വിശ്വസിച്ചു
بِاللَّهِ അല്ലാഹുവിൽ وَالْيَوْمِ الآخِرِ അന്ത്യദിനത്തിലും وَعَمِلَ പ്രവർത്തിക്കുകയും
ചെയ്തു صَالِحًا സൽകർമം فَلَا خَوْفٌ എന്നാൽ ഭയമില്ല عَلَيْهِمْ അവരുടെ മേൽ
وَلَا هُمْ يَحْزَنُونَ അവർ വ്യസനിക്കുന്നതുമല്ല.

സത്യവിശ്വാസികൾ-അഥവാ മുസ്ലിംകൾ, യഹൂദികൾ, സ്വാബിഉകൾ, ക്രിസ്ത്യാനികൾ എന്നിങ്ങനെ ഏതെങ്കിലും പേരിലുള്ള സമുദായത്തിൽ പെട്ടവരായതുകൊണ്ട് വിജയവും രക്ഷയും അവരുടെ കുത്തകാവകാശമാകുന്നതല്ല. അല്ലാഹുവിലും അന്ത്യദിനത്തിലും ശരിക്ക് വിശ്വസിക്കുകയും, ആ വിശ്വാസത്തിൽ അധിഷ്ഠിതമായ സൽകർമങ്ങൾ ചെയ്യുകയും ചെയ്യുന്നവർ ആരാണോ-അവർ ഏത് സമുദായക്കാരായാലും ശരി -അവർക്കാണ് രക്ഷയുള്ളത്. അവർക്കു ഭയമോ വ്യസനമോ ഉണ്ടായിരിക്കുകയില്ല എന്ന് സാരം. ഇത് യഥാർത്ഥ സത്യവിശ്വാസികളിൽ മാത്രമേ സാക്ഷാൽകൃതമാകുകയുള്ളൂവെന്ന് പറയേണ്ടതില്ലല്ലോ. കാരണം, അല്ലാഹുവിലും അന്ത്യദിനത്തിലുമുള്ള യഥാർത്ഥ വിശ്വാസം അവർക്ക് മാത്രമാണുണ്ടാവുക.

ഈ വിഷയം ഇതേമാതിരി സൂറത്തുൽ ബക്വറഃ 62 ലും അല്ലാഹു പ്രസ്താവിച്ചിട്ടുണ്ട്. ഈ വിഷയകമായി കൂടുതൽ വിശദീകരണങ്ങളും നാം നൽകിയിട്ടുണ്ട്. അവിടെ നോക്കുക. 'മതം ഏതായാലും മനുഷ്യൻ നന്നായാൽ മതി' എന്നൊരു ആകർഷകമായ പുത്തൻ സിദ്ധാന്തം ചില മതമില്ലാ മതക്കാർ പ്രചരിപ്പിക്കാറുണ്ട്. ഈ സിദ്ധാന്തത്തെ അനുകൂലിക്കുമാറുള്ള ചില വ്യാഖ്യാനങ്ങൾ ഈ വചനങ്ങൾക്ക് ചില ആളുകൾ-അറിഞ്ഞോ അറിയാതെയോ-നൽകിക്കാണാറുമുണ്ട്. ഇത് നിരർത്ഥകവും വാസ്തവ വിരുദ്ധവുമാണെന്നും, ഒരു മുസ്ലിമിനും അതിനോട് യോജിക്കുവാൻ സാധ്യമല്ലെന്നും അൽബക്വറഃയിൽ വെച്ചു നാം കാര്യകാരണ സഹിതം ചൂണ്ടിക്കാട്ടിയിരിക്കുന്നു. അല്ലാഹുവിന്റെ അടുക്കൽ സ്വീകാര്യമായ മതം ഒന്നേയുള്ളൂ-ഇസ്ലാം (إِنَّ الدِّينَ عِندَ اللَّهِ الْإِسْلَامُ). അതല്ലാത്ത മറ്റൊരു മതവും അവങ്കൽ സ്വീകാര്യമല്ലതന്നെ. (وَمَن يَبْتَغِ غَيْرَ الْإِسْلَامِ دِينًا فَلَن يُقْبَلَ مِنْهُ....)

لَقَدْ أَخَذْنَا مِيثَٰقَ بَنِىٓ إِسْرَٰٓءِيلَ
وَأَرْسَلْنَآ إِلَيْهِمْ رُسُلًا ۖ
كُلَّمَا جَآءَهُمْ رَسُولٌۢ بِمَا لَا تَهْوَىٰٓ أَنفُسُهُمْ فَرِيقًا كَذَّبُوا۟ وَفَرِيقًا يَقْتُلُونَ ﴿٧٣﴾

﴿73﴾ ഇസ്റാഈൽ സന്തതികളുടെ ഉറപ്പ് [കരാർ] നാം വാങ്ങുക തന്നെ ചെയ്തിട്ടുണ്ട്.

അവരിലേക്ക് നാം റസൂലുകളെ അയക്കുകയും ചെയ്തു.

അവരുടെ മനസ്സുകൾ ഇച്ഛിക്കാത്ത കാര്യവുമായി ഓരോ റസൂൽ അവരിൽ ചെല്ലുമ്പോഴൊക്കെയും ഒരു വിഭാഗത്തെ അവർ വ്യാജമാക്കുകയായി, (വേറെ) ഒരു വിഭാഗത്തെ അവർ കൊലപ്പെടുത്തുകയും ചെയ്തിരുന്നു!

﴿73﴾ لَقَدْ أَخَذْنَا തീർച്ചയായും നാം വാങ്ങി مِيثَاقَ ഉറപ്പ്, കരാർ بَنِي إِسْرَائِيلَ ഇസ്റാഈൽ സന്തതികളുടെ وَأَرْسَلْنَا നാം അയക്കുകയും ചെയ്തു إِلَيْهِمْ അവരിലേക്ക് رُسُلًا റസൂലുകളെ كُلَّمَا جَاءَهُمْ അവർക്ക് വരു(ചെല്ലു)മ്പോഴെല്ലാം رَسُولٌ ഒരു റസൂൽ

بِمَالَاتَهْوَىٰ ഇച്ഛിക്കാത്തതുമായി, ഇഷ്ടപ്പെടാത്തതും കൊണ്ട് أَنفُسُهُمْ അവരുടെ സ്വന്ത ങ്ങൾ (മനസ്സുകൾ) فَرِيقًا ഒരു വിഭാഗത്തെ, സംഘത്തെ كَذَّبُوا അവർ വ്യാജമാക്കി, കളവാക്കുകയായി وَفَرِيقًا ഒരു വിഭാഗത്തെ يَقْتُلُونَ അവർ കൊലപ്പെടുത്തുകയും ചെയ്യുന്നു (ചെയ്തിരുന്നു)

وَحَسِبُوٓا۟ أَلَّا تَكُونَ فِتْنَةٌ فَعَمُوا۟ وَصَمُّوا۟ ثُمَّ تَابَ ٱللَّهُ عَلَيْهِمْ

﴾74﴿ **ഒരു പരീക്ഷണവും (അ ഥവാ കുഴപ്പവും) ഉണ്ടാകുകയി ല്ലെന്ന് അവർ കണക്കുകൂട്ടി; അങ്ങ നെ, അവർ അന്ധരാവുകയും, ബധി രരാവുകയും ചെയ്തു. പിന്നീട്, അല്ലാഹു അവരുടെ പശ്ചാത്താപം സ്വീകരിച്ചു.**

ثُمَّ عَمُوا۟ وَصَمُّوا۟ كَثِيرٌ مِّنْهُمْ وَٱللَّهُ بَصِيرٌۢ بِمَا يَعْمَلُونَ ﴿٧٤﴾

പിന്നെ (വീണ്ടും) അവർ-അവ രിൽ വളരെ ആളുകൾ-അന്ധരും ബധിരരുമായി. അല്ലാഹു അവർ പ്രവർത്തിച്ചു വരുന്നതിനെപ്പറ്റി കണ്ട റിയുന്നവനത്രെ.

﴾74﴿ وَحَسِبُوا അവർ കണക്കുകൂട്ടി, ധരിച്ചു, വിചാരിച്ചു أَلَّاتَكُونَ ഉണ്ടാകുകയില്ലെന്ന് فِتْنَةٌ പരീക്ഷണം, കുഴപ്പം فَعَمُوا അങ്ങനെ അവർ അന്ധരായി, അവർക്ക് അന്ധത യായി وَصَمُّوا അവർ ബധിരരുമായി, ബധിരത ബാധിച്ചു ثُمَّتَابَ പിന്നെ മടങ്ങി (പശ്ചാ ത്താപം സ്വീകരിച്ചു) اللهُ അല്ലാഹു عَلَيْهِمْ അവരുടെ ثُمَّعَمُوا പിന്നീട് അവർ അന്ധ രായി وَصَمُّوا അവർ ബധിരരുമായി كَثِيرٌمِّنْهُمْ അവരിൽ നിന്നു വളരെ (ആളുകൾ) وَاللهُ അല്ലാഹുവാകട്ടെ بَصِيرٌ കണ്ടറിയുന്നവനാണ് بِمَايَعْمَلُونَ അവർ പ്രവർത്തിക്കു ന്നതിനെപ്പറ്റി

ആദ്യത്തെ ആയത്തിൽ പ്രസ്താവിക്കപ്പെട്ട കാര്യങ്ങളെക്കുറിച്ച് ഇതിനുമുമ്പ് പല പ്പോഴും വിവരിക്കപ്പെട്ടു കഴിഞ്ഞിട്ടുള്ളതുകൊണ്ട് ഇവിടെ വിശേഷിച്ചൊന്നും പറയേ ണ്ടതില്ല. രണ്ടാമത്തെ ആയത്തിന്റെ സാരം ഇങ്ങിനെ വിവരിക്കാം: മോക്ഷവും വിജ യവും തങ്ങളുടെ കുത്തകയായിക്കരുതിയ അവർ തങ്ങൾ എന്തു നിലപാട് സ്വീകരി ച്ചാലും അല്ലാഹുവിന്റെ ഭാഗത്തു നിന്ന് തങ്ങൾക്ക് ഒരു പരീക്ഷണവും കുഴപ്പവും നേരി ടേണ്ടി വരികയില്ലെന്ന് ധരിച്ചുവശായി. അങ്ങനെ, സത്യവും സന്മാർഗവും നോക്കിക്കാ ണാതെയും, പ്രവാചകന്മാരുടെ സത്യോപദേശങ്ങൾക്ക് ചെവി കൊടുക്കാതെയും തോന്നിയവാസത്തിൽ മുഴുകി. അപ്പോൾ, അല്ലാഹു അവരിൽ ചില പരീക്ഷണങ്ങളും ശിക്ഷാ നടപടികളും ഏർപ്പെടുത്തി. പിന്നീട് അവരിൽ പശ്ചാത്താപം ഉണ്ടായി

ത്തീരുകയും അല്ലാഹു അത് സ്വീകരിക്കുകയും ചെയ്തു. കുറേ കഴിഞ്ഞപ്പോൾ വീണ്ടും അവരുടെ മട്ടുമാറി. പഴയപടി തന്നെ അന്ധരും ബധിരരുമായിത്തീർന്നു. ചുരുക്കം ആളുകൾ ഇതിൽനിന്ന് ഒഴിവാണെങ്കിലും മിക്കവരുടെയും സ്ഥിതി ഇതായിരുന്നു. എല്ലാം അല്ലാഹു വീക്ഷിച്ചുകൊണ്ടിരിക്കുന്നുണ്ട്, വഴിയെ തക്ക നടപടി അവൻ എടുക്കുക തന്നെ ചെയ്യും.

ഇസ്റാഈല്യരുടെ ചരിത്രത്തിൽ, അവർ വമ്പിച്ച പരീക്ഷണങ്ങൾക്ക് വിധേയരാകുകയും, അവരിൽ തോന്നിയവാസവും ദുർന്നടപ്പും പടർന്നു പിടിക്കുകയും ചെയ്ത ഘട്ടങ്ങൾ പലതും കഴിഞ്ഞുപോയിട്ടുള്ളതുകൊണ്ട് ഈ വചനത്തിൽ സൂചിപ്പിക്കപ്പെട്ട ആ രണ്ടു ഘട്ടങ്ങൾ അവയിൽ ഏതാണെന്ന് ഉറപ്പു പറയുക സാധ്യമല്ല. അവരുടെ അക്രമം മുഴുത്തുകൊണ്ടിരുന്ന ഒരു കാലത്ത് ബാബിലോണിയായിലെ ബുഖ്ത്തുനസ്സർ (നെബുഖേദ് നേസർ) രാജാവ് ബൈത്തുൽ മുക്വദ്ദസിനെ ആക്രമിച്ചു നശിപ്പിക്കുകയും, യഹൂദികളെ കൂട്ടത്തോടെ അടിമകളാക്കി ബാബിലോണിയയിലേക്ക് കൊണ്ടുപോകുകയും ഉണ്ടായി. കുറെ കൊല്ലങ്ങൾക്ക് ശേഷം അവരുടെ സ്ഥിതിഗതികളിൽ മാറ്റം ഉണ്ടായിത്തീരുകയും, അവർക്ക് മോചനം ലഭിക്കുകയും ചെയ്തു. പിന്നെയും അവരുടെ നില ദുഷിച്ചു വഷളായിത്തീരുകയാണുണ്ടായത്. ഒരു പക്ഷേ-ചില വ്യാഖ്യാതാക്കൾ പറയുന്നതുപോലെ-ഈ സംഭവങ്ങളായിരിക്കാം ഈ വചനത്തിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്നത്. അല്ലാഹുവിന്നറിയാം. ഈ സംഭവങ്ങളെപ്പറ്റി കൂടുതൽ വിവരം സൂറത്തു ബനൂഇസ്റാഈലിൽ വരുന്നതാണ്. ان شاء الله

لَقَدْ كَفَرَ ٱلَّذِينَ قَالُوٓا۟ إِنَّ ٱللَّهَ هُوَ ٱلْمَسِيحُ ٱبْنُ مَرْيَمَ ۖ

75 'നിശ്ചയമായും, അല്ലാഹു തന്നെയാണ് മർയമിന്റെ മകൻ മസീഹ്' എന്ന് പറഞ്ഞവർ തീർച്ചയായും അവിശ്വസിച്ചിരിക്കുന്നു.

وَقَالَ ٱلْمَسِيحُ يَـٰبَنِىٓ إِسْرَٰٓءِيلَ ٱعْبُدُوا۟ ٱللَّهَ رَبِّى وَرَبَّكُمْ ۖ

'ഇസ്റാഈൽ സന്തതികളേ, നിങ്ങൾ എന്റെ റബ്ബും നിങ്ങളുടെ റബ്ബുമായ അല്ലാഹുവിനെ ആരാധിക്കണം' എന്ന് മസീഹ് പറയുകയും ചെയ്തിരിക്കുന്നു. [എന്നിട്ടും അവരത് പറഞ്ഞുണ്ടാക്കി,]

إِنَّهُۥ مَن يُشْرِكْ بِٱللَّهِ فَقَدْ حَرَّمَ ٱللَّهُ عَلَيْهِ ٱلْجَنَّةَ وَمَأْوَىٰهُ ٱلنَّارُ ۖ وَمَا لِلظَّـٰلِمِينَ مِنْ أَنصَارٍ ﴿٧٥﴾

നിശ്ചയമായും, കാര്യം: അല്ലാഹുവിനോട് ആരെങ്കിലും പങ്ക് ചേർക്കുന്ന പക്ഷം, തീർച്ചയായും അവന്റെ പേരിൽ അല്ലാഹു സ്വർഗം നിഷിദ്ധമാക്കിയിരിക്കുന്നു; അവന്റെ സങ്കേതം നരകവുമായിരിക്കും. അക്രമികൾക്ക് സഹായികളായി (ആരും) ഇല്ലതാനും.

لَّقَدْ كَفَرَ ٱلَّذِينَ قَالُوٓا۟ إِنَّ ٱللَّهَ ثَالِثُ ثَلَـٰثَةٍ ۘ وَمَا مِنْ إِلَـٰهٍ إِلَّآ إِلَـٰهٌ وَٰحِدٌ ۚ

وَإِن لَّمْ يَنتَهُوا۟ عَمَّا يَقُولُونَ لَيَمَسَّنَّ ٱلَّذِينَ كَفَرُوا۟ مِنْهُمْ عَذَابٌ أَلِيمٌ ﴿٧٦﴾

أَفَلَا يَتُوبُونَ إِلَى ٱللَّهِ وَيَسْتَغْفِرُونَهُۥ ۚ

وَٱللَّهُ غَفُورٌ رَّحِيمٌ ﴿٧٧﴾

﴾76﴿ 'നിശ്ചയമായും, അല്ലാഹു മൂന്നിൽ [മൂന്ന് ദൈവങ്ങളിൽ] ഒരുവനാകുന്നു'വെന്നു പറഞ്ഞവർ തീർച്ചയായും അവിശ്വസിച്ചിരിക്കുന്നു. ഒരേ ഒരു ആരാധ്യനല്ലാതെ (വേറെ) ഒരാരാധ്യനും ഇല്ല താനും,

അവർ പറഞ്ഞുകൊണ്ടിരിക്കുന്നതിൽനിന്ന് അവർ വിരമിക്കുന്നില്ലെങ്കിൽ, അവരിൽ നിന്ന് അവിശ്വസിച്ചവരെ വേദനയേറിയ ശിക്ഷ ബാധിക്കുക തന്നെ ചെയ്യും.

﴾77﴿ അപ്പോൾ, അവർ അല്ലാഹുവിങ്കലേക്ക് (ഖേദിച്ചു) മടങ്ങുകയും, അവർക്ക് അവനോട് പാപമോചനം തേടുകയും ചെയ്തുകൂടേ?

അല്ലാഹുവാകട്ടെ, വളരെ പൊറുക്കുന്നവനും, കരുണാനിധിയുമാകുന്നു.

﴾75﴿ لَقَدْ كَفَرَ തീർച്ചയായും അവിശ്വസിച്ചിരിക്കുന്നു الَّذِينَ قَالُوا പറഞ്ഞവർ إِنَّ اللَّهَ നിശ്ചയമായും അല്ലാഹു هُوَ അവൻ തന്നെ الْمَسِيحُ ابْنُ مَرْيَمَ മർയമിന്റെ മകൻ മസീഹ് وَقَالَ الْمَسِيحُ മസീഹ് പറയുകയും ചെയ്തിരിക്കുന്നു, പറഞ്ഞിരിക്കുന്നു താനും يَا بَنِي إِسْرَائِيلَ ഇസ്‌റാഈൽ സന്തതികളേ اعْبُدُوا اللَّهَ നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവിൻ رَبِّي وَرَبَّكُمْ എന്റെ റബ്ബും നിങ്ങളുടെ റബ്ബുമായ إِنَّهُ നിശ്ചയമായും അത് (കാര്യം) مَنْ يُشْرِكْ ആർ പങ്കുചേർക്കുന്നുവോ بِاللَّهِ അല്ലാഹുവിൽ فَقَدْ حَرَّمَ എന്നാൽ തീർച്ചയായും നിഷിദ്ധമാക്കിയിരിക്കുന്നു اللَّهُ അല്ലാഹു عَلَيْهِ അവന്റെ മേൽ الْجَنَّةَ സ്വർഗം وَمَأْوَاهُ അവന്റെ പ്രാപ്യസ്ഥാനം, സങ്കേതം النَّارُ നരക(വു)മാകുന്നു وَمَا لِلظَّالِمِينَ അക്രമികൾക്കില്ലതാനും مِنْ أَنْصَارٍ സഹായികളായിട്ട് (ആരും) ﴾76﴿ لَقَدْ كَفَرَ തീർച്ചയായും അവിശ്വസിച്ചിരിക്കുന്നു الَّذِينَ قَالُوا പറഞ്ഞവർ إِنَّ اللَّهَ നിശ്ചയമായും അല്ലാഹു ثَالِثُ ثَلَاثَةٍ മൂന്നിൽ മൂന്നാമനാണ് (ഒരാളാണ്) وَمَا مِنْ إِلَٰهٍ ഒരു ആരാധ്യനും ഇല്ല താനും إِلَّا إِلَٰهٌ وَاحِدٌ ഒരേ ഒരാരാധ്യനല്ലാതെ وَإِنْ لَمْ يَنْتَهُوا അവർ വിരമിക്കു(ഒഴിവാകു)ന്നില്ലെങ്കിൽ عَمَّا يَقُولُونَ അവർ പറയുന്നതിൽ നിന്ന് لَيَمَسَّنَّ നിശ്ചയമായം സ്പർശിക്കും, ബാധിക്കും الَّذِينَ كَفَرُوا അവിശ്വസിച്ചവരെ مِنْهُمْ അവരിൽ നിന്ന് عَذَابٌ أَلِيمٌ വേദനയേറിയ ശിക്ഷ

﴾77﴿ أَفَلَا يَتُوبُونَ അപ്പോൾ അവർ പശ്ചാത്തപിക്കുന്നില്ലേ إِلَى اللَّهِ അല്ലാഹുവിങ്കലേക്ക് وَيَسْتَغْفِرُونَهُ അവനോട് അവർ പാപമോചനം തേടുകയും وَاللَّهُ അല്ലാഹുവാകട്ടെ غَفُورٌ വളരെ പൊറുക്കുന്നവനാണ് رَحِيمٌ കരുണാനിധിയാണ്

എന്റെയും നിങ്ങളുടെയുമെല്ലാം റബ്ബാകുന്നു അല്ലാഹു, അവൻ മാത്രമേ ആരാധ്യനും ദൈവവുമായുള്ളൂ. അവനെ മാത്രമേ ആരാധിക്കാവൂ, അവനോട് വല്ലതിനെയും പങ്ക് ചേർക്കുന്നവർക്ക് സ്വർഗം നിഷിദ്ധവും നരകം ആധാരവുമായിരിക്കും എന്നിങ്ങനെയുള്ള യഥാർത്ഥ തൗഹീദിലേക്കായിരുന്നു മസീഹാകുന്ന ഈസാ (അ) ഇസ്റാഈല്യരെ ക്ഷണിച്ചു കൊണ്ടിരുന്നത്. എന്നിട്ടും അവരിൽ ഒരു കൂട്ടർ, അല്ലാഹുവാകുന്ന ദൈവം തന്നെയാണ് അദ്ദേഹം എന്ന് പറഞ്ഞു അദ്ദേഹത്തെ ദൈവമാക്കുകയാണ് ചെയ്തത്. വേറൊരു കൂട്ടർ (പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിങ്ങിനെ) മൂന്നു ആളുകൾ-ത്രിഭൂതങ്ങൾ-ചേർന്നതാണ് സാക്ഷാൽ ദൈവമെന്നും അവയിൽ ഒന്നാണ് (പിതാവായ) അല്ലാഹു എന്നും പറഞ്ഞുണ്ടാക്കി. ഈ രണ്ടു കൂട്ടരും തനി അവിശ്വാസികളാകുന്നു. വല്ല ദുർവ്യാഖ്യാനങ്ങളുടെയും മറവ് പിടിച്ചു കൊണ്ട് ആ വാദങ്ങളിൽ ഉറച്ചു നിൽക്കാതെ, അത്തരം ദുർവാദങ്ങളിൽനിന്ന് വിരമിച്ചു പശ്ചാത്തപിക്കുന്ന പക്ഷം അല്ലാഹു അവർക്ക് പൊറുത്തുകൊടുക്കും. ഇല്ലാത്ത പക്ഷം, അതി കഠിനമായ ശിക്ഷയായിരിക്കും അവരുടെ അനുഭവം എന്നിപ്രകാരമാണ് ഈ വചനങ്ങളുടെ സാരം.

ഈ വചനത്തിലും അടുത്ത വചനത്തിലുമായി ഈസാ നബി (അ)യെയും, ക്രിസ്ത്യാനികളെയും സംബന്ധിച്ച് അല്ലാഹു പ്രസ്താവിച്ച യാഥാർത്ഥ്യങ്ങൾ അത്രയും ക്രിസ്ത്യാനികൾക്കുപോലും നിഷേധിക്കുവാൻ കഴിയാത്തവിധം അവരുടെ പ്രമാണങ്ങളിൽ തന്നെ ഇന്നും ഒളിഞ്ഞു കിടപ്പുണ്ടെന്ന് അടുത്ത വചനത്തിന്റെ വിവരണത്തിൽ കാണാവുന്നതാണ്. ان شاء الله

المسيح (മസീഹ്) എന്നു ഈസാ നബി (അ)ക്ക് പറയപ്പെടുവാനുള്ള കാരണവും, അതിന്റെ അർത്ഥവും സംബന്ധിച്ചു ആലു ഇംറാൻ 45-ന്റെ വ്യാഖ്യാനത്തിലും മറ്റും മുമ്പ് നാം വിവരിച്ചിരിക്കുന്നു. ثَالِثُ ثَلَاثَةٍ എന്ന വാക്കിന്റെ നേരെ അർത്ഥം 'മൂന്നിൽ മൂന്നാമൻ' എന്നത്രെ. മൂന്നിൽ ഒരാൾ എന്നാണ് ഉദ്ദേശ്യം. 'നാലിൽ ഒരാൾ, അഞ്ചിൽ ഒരാൾ' എന്നീ അർത്ഥങ്ങളിൽ رابع اربعة، خامس خمسة (നാലിൽ നാലാമൻ, അഞ്ചിൽ അഞ്ചാമൻ) എന്നിങ്ങിനെയുള്ള പ്രയോഗം അറബി ഭാഷയിലെ ഒരു ശൈലിയാകുന്നു. ഈ വചനങ്ങളിലെ പരാമർശ വിഷയങ്ങളെപ്പറ്റി-ക്രിസ്ത്യാനികളുടെ ത്രിയേകത്വ വാദം മുതലായവയെപ്പറ്റി-സൂറത്തുന്നിസാഉ് 171-ാം വചനത്തിന്റെ വിവരണത്തിലും മറ്റുമായി സവിശദം സംസാരിച്ചു കഴിഞ്ഞിട്ടുള്ളതുകൊണ്ട് ഇവിടെ അതാവർത്തിക്കേണ്ടതില്ല.

مَّا ٱلۡمَسِيحُ ٱبۡنُ مَرۡيَمَ إِلَّا رَسُولٌ

﴾78﴿ **മർയമിന്റെ മകൻ മസീഹ് ഒരു റസൂൽ (ദൈവ ദൂതൻ) അല്ലാതെ (മറ്റൊന്നും) അല്ല.**

قَدْ خَلَتْ مِن قَبْلِهِ ٱلرُّسُلُ وَأُمُّهُۥ صِدِّيقَةٌ ۖ كَانَا يَأْكُلَانِ ٱلطَّعَامَ

അദ്ദേഹത്തിനു മുമ്പ് റസൂലുകൾ (പലരും) കഴിഞ്ഞു പോയിട്ടുണ്ട്. അദ്ദേഹത്തിന്റെ ഉമ്മയാകട്ടെ, ഒരു സത്യസന്ധ(യായ സ്ത്രീ)യുമാകുന്നു. രണ്ടുപേരും ഭക്ഷണം കഴിക്കുമായിരുന്നു.

ٱنظُرْ كَيْفَ نُبَيِّنُ لَهُمُ ٱلْـَٔايَٰتِ ثُمَّ ٱنظُرْ أَنَّىٰ يُؤْفَكُونَ ﴿٧٨﴾

നോക്കുക: ദൃഷ്ടാന്തങ്ങളെ അവർക്ക് നാം എപ്രകാരം വിവരിച്ചു കൊടുക്കുന്നുവെന്ന്! (എന്നിട്ട്) പിന്നെ നോക്കുക; അവർ (സത്യത്തിൽ നിന്ന്) എങ്ങിനെ തെറ്റിക്കപ്പെടുന്നുവെന്ന്!

﴾78﴿ مَاالْمَسِيحُ മസീഹല്ല ابْنُمَرْيَمَ മർയമിന്റെ മകൻ إِلا رَسُولٌ ഒരു റസൂല(ദൂതന)ല്ലാതെ قَدْخَلَتْ കഴിഞ്ഞുപോയിട്ടുണ്ട് مِنْقَبْلِهِ അദ്ദേഹത്തിന്റെ മുമ്പ് الرُّسُلُ റസൂലുകൾ, ദൂതന്മാർ وَأُمُّهُ അദ്ദേഹത്തിന്റെ മാതാവ്, ഉമ്മയാകട്ടെ صِدِّيقَةٌ ഒരു സത്യസന്ധയാകുന്നു كَانَا അവർ രണ്ടാളുമായിരുന്നു يَأْكُلَانِ തിന്നു(കഴിക്കു)മായിരുന്നു الطَّعَامَ ഭക്ഷണം انْظُرْ നോക്കുക كَيْفَ എങ്ങിനെ, എപ്രകാരമാണ് نُبَيِّنُ നാം വിവരിച്ചു കൊടുക്കുന്നു, വ്യക്തമാക്കുന്നത് لَهُمُ അവർക്ക് الآيَاتِ ദൃഷ്ടാന്തങ്ങളെ ثُمَّانْظُرْ പിന്നെ നോക്കുക أَنَّى എങ്ങിനെ يُؤْفَكُونَ അവർ തെറ്റിക്കപ്പെടുന്നു എന്ന്

ഈസാമസീഹ് (അ) വരുന്നതിനു മുമ്പ് ഈ ഭൂമിയിൽ വളരെ റസൂലുകൾ കഴിഞ്ഞു പോയിട്ടുണ്ട്. അവരാരും ദൈവമായിരുന്നില്ല. അങ്ങിനെ അവർ വാദിച്ചിട്ടുമില്ല. അവരെപ്പോലെ ഒരു റസൂൽ മാത്രമാണ് ഈസാ മസീഹും. എന്നിരിക്കെ, അദ്ദേഹം മാത്രം എങ്ങിനെ ഒരു ദൈവമാകും?! അദ്ദേഹത്തിനു പിതാവില്ലെന്നത് ശരി, എന്നാലും ഒരു മാതാവിൽ നിന്നാണദ്ദേഹം ജനിച്ചത്. ആ മാതാവാകട്ടെ, സത്യസന്ധയായ ഒരു ഉത്തമ വനിതയായിരുന്നു. ദിവ്യത്വമുള്ള ആളായിരുന്നില്ല. രണ്ടാളും മനുഷ്യസൃഷ്ടികളായിരുന്നുവെന്നുള്ളതിന് മതിയായ തെളിവാണല്ലോ അവർ രണ്ടാളും ഭക്ഷണത്തിന്റെ ആവശ്യമുള്ളവരും, അതു കഴിച്ചു ജീവിച്ചിരുന്നവരുമാണെന്നുള്ളത്. ഇത്രയും സ്പഷ്ടമായ ദൃഷ്ടാന്തങ്ങളുണ്ടായിരുന്നിട്ടും, അവ വേണ്ടതുപോലെ വിവരിച്ചു കൊടുത്തിട്ടും ക്രിസ്ത്യാനികൾ സത്യത്തിൽ നിന്ന് തെറ്റിപ്പോകുന്നത് നോക്കൂ! ആശ്ചര്യം തന്നെ! എന്നു സാരം.

ഈസാ (അ) ഒരു മനുഷ്യൻ തന്നെയായിരുന്നു; മറ്റു റസൂലുകളെപ്പോലെ അദ്ദേഹവും ജനങ്ങളെ ഉപദേശിച്ചത് തൗഹീദായിരുന്നു; അദ്ദേഹം ദൈവമാണെന്നോ, മുക്കൂട്ടു ദൈവങ്ങളിൽ ഒന്നാണെന്നോ, ദൈവപുത്രനാണെന്നോ ഉള്ള ശിർക്കുവാദങ്ങളൊക്കെ പിന്നീടുണ്ടായിത്തീർന്നതാണ്; അദ്ദേഹവും അദ്ദേഹത്തിന്റെ മാതാവും എല്ലാ മനുഷ്യരെയും പോലെ ഭക്ഷണം, വെള്ളം, വായു, ഉറക്കം പോലെയുള്ള മനുഷ്യ പ്രകൃതങ്ങ

ളായ ആവശ്യങ്ങൾ ഉള്ളവരായിരുന്നു എന്നിങ്ങിനെയുള്ള യാഥാർത്ഥ്യങ്ങൾ ക്രിസ്ത്യാനികളുടെ വേദപ്രമാണങ്ങളിൽ തന്നെ ഇന്നും കാണാവുന്നതാണ്. പക്ഷേ, ഈസാ (അ)നെക്കുറിച്ചു ക്രിസ്തീയ നേതാക്കളും സഭകളും കെട്ടിച്ചമച്ചുണ്ടാക്കിയ പുതിയ സിദ്ധാന്തങ്ങളും, അവക്കൊപ്പിച്ചുകൊണ്ടുള്ള അവരുടെ ദുർവ്യാഖ്യാനങ്ങളും അവയിൽ കൂടുതൽ സ്ഥലം പിടിച്ചു കഴിഞ്ഞിട്ടുള്ളതുകൊണ്ടും, വേദപ്രമാണങ്ങളിലെ സത്യപ്രസ്താവനകളുടെ നേരെ അവരുടെ പണ്ഡിത വിഭാഗം ഒരു കണ്ണടക്കൽ നയം സ്വീകരിച്ചു വരുന്നതു കൊണ്ടും ആ യാഥാർത്ഥ്യങ്ങളെപ്പറ്റി ക്രിസ്തീയ ബഹുജനങ്ങൾക്ക് മനസ്സിലാക്കുവാൻ കഴിയുന്നില്ല. ഇതാണ് പരമാർത്ഥം. ക്രിസ്തീയ വേദ പ്രമാണങ്ങളിൽ ഏറ്റവും പ്രധാനമായവ പുതിയ നിയമത്തിലെ നാല് സുവിശേഷ പുസ്തകങ്ങളാണല്ലോ. അവയിലും, അവരുടെ ആധികാരിക ഗ്രന്ഥങ്ങളായ മറ്റു ചിലതിലും ഇതിന് പല തെളിവുകളും കാണാം.

പിശാചും യേശുവും തമ്മിൽ നടന്ന ഒരു വാഗ്വാദത്തിൽ യേശു പിശാചിനോട്: 'സാത്താനേ, എന്നെ വിട്ടു പോ, നിന്റെ ദൈവമായ കർത്താവിനെ നമസ്കരിച്ച് അവനെ മാത്രമേ ആരാധിക്കാവു എന്നു എഴുതിയിരിക്കുന്നുവല്ലോ' എന്നു പറഞ്ഞുവെന്നും, അപ്പോൾ പിശാച് അവനെ വിട്ടുപോയി എന്നും, മത്തായി (അ: 4 ൽ 10,11) ഉദ്ധരിക്കുന്നു. എല്ലാറ്റിലുംവെച്ചു മുഖ്യ കൽപന ഏതെന്ന് ഒരു ശാസ്ത്രിയുടെ ചോദ്യത്തിന് യേശു പറഞ്ഞ മറുപടി മാർക്കോസ് ഇങ്ങിനെ ഉദ്ധരിക്കുന്നു: 'എല്ലാറ്റിലും മുഖ്യ കല്പനയോ? യിസ്രായേലേ, കേൾക്ക: നമ്മുടെ ദൈവമായ കർത്താവു ഏക കർത്താവ്. നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ ഹൃദയത്തോടും, പൂർണാത്മാവോടും, പൂർണ മനസ്സോടുംകൂടെ സ്നേഹിക്കണം എന്നാകുന്നു (മാർക്കോസു അ:12 ൽ 29,30 ഈ വിവരം ഇപ്രകാരം ലൂക്കോസിലും (അ:10 ൽ 26,27) കാണാവുന്നതാണ്.

വേദപുസത്ക നിഘണ്ടു പറയുന്നത് നോക്കുക: 'ആദ്യത്തെ (മത്തായി, മർക്കോസ്, ലൂക്കോസ് എന്നീ) മൂന്നു സുവിശേഷങ്ങളിൽ യേശു യഥാർത്ഥ മനുഷ്യത്വമുള്ളവനാണെന്ന് കാണുന്നു. അവൻ ശരീരത്തിലും ബുദ്ധിയിലും സ്വാഭാവികമായി വളർച്ച പ്രാപിച്ചു. വിശപ്പും ദാഹവും അനുഭവിച്ചു. ഉപദ്രവങ്ങൾ സഹിച്ചു. സന്തോഷം, ദുഃഖം, സ്നേഹം, കോപം ആദിയായവ എല്ലാ മനുഷ്യരെയും പോലെ അവനുമുണ്ടായിരുന്നു. സാധാരണ മനുഷ്യരെക്കാളും ജ്ഞാനിയായിരുന്നുവെങ്കിലും സർവ്വജ്ഞത ഉണ്ടായിരുന്നില്ല....അത്തിവൃക്ഷത്തിൽ ഫലമുണ്ടായിരിക്കുമെന്ന് വിചാരിച്ചു ചെന്ന് നോക്കുമ്പോൾ ഫലമുണ്ടായിരുന്നില്ല. അവൻ പ്രവർത്തിച്ച അത്ഭുതങ്ങൾ സ്വന്തം ശക്തിയാലല്ല, ദൈവ വിശ്വാസത്താലാണ് ചെയ്തതെന്നു വിചാരിപ്പാൻ ന്യായമുണ്ട്, യേശു അവതാര പുരുഷനായി വന്നപ്പോൾ അവനു മനുഷ്യ ചിത്തവും ദൈവ ചിത്തവും എന്നിങ്ങനെ രണ്ടു ചിത്തങ്ങൾ (മനസ്സുകൾ) ഉണ്ടായിരുന്നുവെന്ന് ചിലർ അഭിപ്രായപ്പെടുന്നു. അതിന് ഈ (മൂന്നു) സുവിശേഷങ്ങളിൽ യാതൊരു ആധാരവുമില്ല'. (പുറം. 413,414).(*)

(*) യേശുക്രിസ്തുവിന്റെ തത്വത്തെ സംബന്ധിച്ച് പുതിയ നിയമത്തിലുള്ള സിദ്ധാന്തങ്ങൾ' എന്ന ശീർഷകത്തിൽ വേദപുസ്തക നിഘണ്ടുവിൽ(പുറം 413-420) ഒരു വലിയ ഉപന്യാസമുണ്ട്. അതിൽനിന്നുള്ളതാണ് ഈ ഉദ്ധരണി. യേശു ആർ? അവനും പിതാവും (സാക്ഷാൽ ദൈവവും) തമ്മിലും, അവനും മനുഷ്യരും തമ്മിലും ബന്ധമെന്ത്? എന്നു തുടങ്ങിയ വിഷയങ്ങളെപ്പറ്റി വ്യക്തമായി അറിയു

قُلْ أَتَعْبُدُونَ مِن دُونِ ٱللَّهِ مَا لَا يَمْلِكُ لَكُمْ ضَرًّا وَلَا نَفْعًا ۚ

﴿79﴾ നീ പറയുക: 'നിങ്ങള്‍ക്ക് വല്ല ഉപദ്രവത്തിനാകട്ടെ ഉപകാരത്തിനാകട്ടെ കഴിയാത്തതിനെ അല്ലാഹുവിനു പുറമെ നിങ്ങള്‍ ആരാധിക്കുന്നുവോ?!

വാന്‍ അതിങ്ങിനെ വിഭജിക്കേണ്ടതുണ്ടെന്ന് പറഞ്ഞുകൊണ്ട് ആദ്യം അവയെ ആദ്യത്തെ മൂന്നു സുവിശേഷങ്ങളിലെയും, അപ്പോസ്തല ഉപദേശത്തിലെയും, പൗലോസിന്റെ ലേഖനത്തിലെയും, എബ്രായ ലേഖനത്തിലെയും, വെളിപാട് പുസ്തകത്തിലെയും യോഹന്നാന്റെ സുവിശേഷത്തിലെയും സിദ്ധാന്തങ്ങള്‍ എന്നിങ്ങിനെ ആറുതരം സിദ്ധാന്തങ്ങളായി നിഘണ്ടു വേര്‍തിരിച്ചിരിക്കുന്നു. അവസാനം ഏഴാമതായി നിഘണ്ടുവിന്റെ സ്വന്തം വകയായി ഒരു 'സമാപന'ത്തോടുകൂടിയാണ് ഉപന്യാസം മുഴുമിക്കുന്നത്. ഈ ഉപന്യാസം ഒരാവര്‍ത്തി വായിക്കുന്നവര്‍ക്ക്-ക്രിസ്തീയ പക്ഷപാത രോഗം പിടിപെടാത്തപക്ഷം-പലതും അതില്‍ നിന്നു മനസ്സിലാക്കുവാന്‍ സാധിക്കും. ഉദാഹരണമായി:-

(1) നിഘണ്ടു വിവരിച്ച ആറില്‍ ഓരോ ഇനം സിദ്ധാന്തങ്ങളും തമ്മില്‍ അന്യോന്യം പല തരത്തിലുള്ള വൈരുദ്ധ്യങ്ങള്‍ കാണാം.

(2) ഇന്നു ക്രിസ്ത്യാനികള്‍ക്കിടയില്‍ നിലവിലുള്ള പല വിശ്വാസ സിദ്ധാന്തങ്ങള്‍ക്ക് കടക വിരുദ്ധമായിട്ടാണ് അവയില്‍ മിക്കതും ഉള്ളത്.

(3) പ്രസ്തുത വൈരുദ്ധ്യങ്ങളെയും പൊരുത്തക്കേടുകളെയും കഴിവതും ഇണക്കി യോജിപ്പിക്കുവാന്‍ വേണ്ടിയുള്ള നിഘണ്ടുവിന്റെ ഒരു ശ്രമം മാത്രമാണ് അതിന്റെ വകയായി കൊടുത്ത ആ സമാപനം. അതില്‍ നിഘണ്ടുവിന് വിജയം അവകാശപ്പെടാന്‍ കഴിഞ്ഞിട്ടുമില്ല.

(4) ക്രിസ്തീയ വേദ പുസ്തകങ്ങളില്‍ പല നിലക്കും കൂടുതല്‍ പ്രാധാന്യമുള്ള ആദ്യത്തെ മൂന്നു സുവിശേഷങ്ങളുടെയും ഏകോപിച്ച അഭിപ്രായമാണ് മുകളില്‍ കണ്ട ഉദ്ധരണി. നാലാമത്തെ സുവിശേഷമാകുന്ന യോഹന്നാന്റെ ഗ്രന്ഥത്തില്‍ യേശു ക്രിസ്തുവിനു ദൈവത്വവും, ദൈവ പുത്രത്വവും കല്‍പിക്കപ്പെട്ടിട്ടുണ്ടെങ്കിലും മറ്റു മൂന്നു സുവിശേഷങ്ങളിലെ ഉള്ളടക്കങ്ങള്‍ക്കാണ് വില കല്‍പിക്കേണ്ടതെന്ന് ക്രിസ്തീയ ഗ്രന്ഥങ്ങളില്‍ നിന്നു തന്നെ മനസ്സിലാക്കാം.

(5) അതുകൊണ്ടുതന്നെയാണ്-ആറുതരം സിദ്ധാന്തങ്ങളില്‍ രണ്ടാം സ്ഥാനമോ മൂന്നാം സ്ഥാനമോ നല്‍കാതെ-പുതിയ നിയമത്തിലെ സുവിശേഷമല്ലാത്ത ചില ലേഖനങ്ങളിലെ സിദ്ധാന്തങ്ങള്‍ക്ക് മുന്‍ഗണന നല്‍കിക്കൊണ്ട് യോഹന്നാന്റെ സുവിശേഷത്തെ ആറാം സ്ഥാനത്താക്കി തരം താഴ്ത്തിയതും. [ഈ സുവിശേഷത്തിന്റെ കര്‍ത്താവ് ആരെന്നും, ഇതിലുള്ളത് യഥാര്‍ത്ഥ സംഭവങ്ങളാണോ എന്നും, ഇതില്‍ പറയുന്ന യേശു അപ്രകാരമുള്ളവന്‍തന്നെയാണോ എന്നും മറ്റും പല തര്‍ക്കങ്ങള്‍ മുമ്പും ഇപ്പോഴും ഉണ്ടെന്നും, (പേജ് 430) ആദ്യത്തെ മൂന്നു സുവിശേഷങ്ങളും യേശുവിന്റെ ചരിത്രം വാമൊഴിയായി അവരവര്‍ കേട്ട് രചിച്ചതാണെന്നും, യേശുക്രിസ്തു ദൈവ പുത്രനാണെന്ന് തെളിയിക്കുവാന്‍ വേണ്ടി വേറൊരു സുവിശേഷം എഴുതിയുണ്ടാക്കുകയാണ് യോഹന്നാന്‍ ചെയ്തിരിക്കുന്നത് എന്നും (പേജ് 498) നിഘണ്ടുതന്നെ വ്യക്തമാക്കിയിട്ടുണ്ട്.]

وَٱللَّهُ هُوَ ٱلسَّمِيعُ ٱلْعَلِيمُ ﴿٧٦﴾

അല്ലാഹുതന്നെയാണ് (എല്ലാം) കേൾക്കുന്നവനും അറിയുന്നവനുമായുള്ളവൻ'.

قُلْ يَٰٓأَهْلَ ٱلْكِتَٰبِ لَا تَغْلُوا۟ فِى دِينِكُمْ غَيْرَ ٱلْحَقِّ وَلَا تَتَّبِعُوٓا۟ أَهْوَآءَ قَوْمٍ قَدْ ضَلُّوا۟ مِن قَبْلُ وَأَضَلُّوا۟ كَثِيرًا وَضَلُّوا۟ عَن سَوَآءِ ٱلسَّبِيلِ ﴿٨٠﴾

﴾80﴿ നീ പറയുക: 'വേദക്കാരേ, ന്യായമല്ലാത്ത വിധം നിങ്ങൾ നിങ്ങളുടെ മതത്തിൽ അതിരു കവിയരുത്. ചില ജനങ്ങളുടെ തന്നിഷ്ടങ്ങളെ നിങ്ങൾ പിൻപറ്റുകയും ചെയ്യരുത്: അവർ മുമ്പേ വഴിപിഴച്ചിട്ടുണ്ട്; വളരെ ആളുകളെ അവർ വഴി പിഴപ്പിക്കുകയും ചെയ്തിരിക്കുന്നു; ശരിയായ മാർഗം വിട്ട് അവർ തെറ്റിപ്പോകുകയും ചെയ്തിരിക്കുന്നു (ഇങ്ങിനെയുള്ള ഒരു ജനതയുടെ)'.

﴾79﴿ قُلْ നീ പറയുക أَتَعْبُدُونَ നിങ്ങൾ ആരാധിക്കുന്നുവോ مِن دُونِ اللَّهِ അല്ലാഹുവിനു പുറമെ, അല്ലാഹുവിനെ കൂടാതെ مَا لَا يَمْلِكُ സ്വാധീനമാക്കുന്നില്ലാത്ത (കഴിയാത്ത) തിനെ لَكُمْ നിങ്ങൾക്ക് ضَرًّا ഉപദ്രവത്തിന് وَلَا نَفْعًا ഉപകാരത്തിനും ഇല്ലാത്ത وَاللَّهُ هُوَ അല്ലാഹുതന്നെ السَّمِيعُ (എല്ലാം) കേൾക്കുന്നവൻ الْعَلِيمُ അറിയുന്നവൻ, അറിയുന്നവനായ ﴾80﴿ قُلْ يَا أَهْلَ الْكِتَابِ പറയുക: വേദക്കാരേ لَا تَغْلُوا നിങ്ങൾ അതിരു കവിയരുത് فِي دِينِكُمْ നിങ്ങളുടെ മതത്തിൽ غَيْرَ الْحَقِّ ന്യായം (യഥാർത്ഥം വേണ്ടപ്പെട്ടത്) അല്ലാത്ത വിധം وَلَا تَتَّبِعُوا നിങ്ങൾ പിൻപറ്റുകയും അരുത് أَهْوَاءَ ഇച്ഛകളെ, തന്നിഷ്ടങ്ങളെ قَوْمٍ ഒരു ജനതയുടെ, ചില ജനങ്ങളുടെ قَدْ ضَلُّوا അവർ പിഴച്ചുപോയിട്ടുണ്ട് مِن قَبْلُ മുമ്പ് وَأَضَلُّوا അവർ പിഴപ്പിക്കുകയും ചെയ്തു كَثِيرًا വളരെ (ആളുകളെ) وَضَلُّوا അവർ വഴിതെറ്റുകയും ചെയ്തു عَن سَوَاءِ السَّبِيلِ ശരിയായ മാർഗം വിട്ട്

ഒന്നാമത്തെ ആയത്തിലെ ആശയം വ്യക്തമാണ്. സ്വന്തം നിലക്ക് എന്തെങ്കിലും ഉപദ്രവമോ ഉപകാരമോ ചെയ്‌വാൻ കഴിവില്ലാത്ത വസ്തുക്കളെ-അവ നിർജ്ജീവികളോ ജീവികളോ ഏതായാലും ശരി-ആരാധിക്കുന്നതിന്റെ അർത്ഥശൂന്യതയാണത് ചൂണ്ടിക്കാട്ടുന്നത്. ഈസാ നബി (അ)യും ഇതിൽ നിന്ന് ഒഴിവല്ലല്ലോ. മേൽ കണ്ടതുപോലെ, മനുഷ്യപ്രകൃതങ്ങളായ സ്വഭാവങ്ങളെല്ലാം അദ്ദേഹത്തിലും ഉണ്ടായിരുന്നുവെന്നും, അദ്ദേഹം വേദനയും, യാതനയും അനുഭവിക്കേണ്ടിവന്നിട്ടുണ്ടെന്നും അദ്ദേഹത്തിന് ദൈവത്വം കൽപിക്കുന്ന ക്രിസ്ത്യാനികൾ പോലും സമ്മതിക്കുന്നു. സ്വന്തം ദേഹത്തിനുപോലും കഷ്ടതകളിൽ നിന്ന് മുക്തി നൽകുവാൻ കഴിയാത്ത അദ്ദേഹത്തിന് മറ്റുള്ളവർക്ക് മുക്തി നൽകുവാൻ എങ്ങിനെ കഴിയും?!

രണ്ടാമത്തെ വചനത്തിൽ വേദക്കാരേ എന്നു വിളിച്ചുകൊണ്ട് രണ്ടു കാര്യങ്ങൾ അവരോട് അല്ലാഹു വിരോധിക്കുന്നു (1) മതത്തിൽ ന്യായമല്ലാത്ത അതിരു കവിയൽ പാടില്ല. മതത്തിൽ നിന്നു പിഴച്ചുപോകൽ നിഷേധത്തിൽ നിന്നും അനാദരവിൽ നിന്നും ഉണ്ടാകുന്നതുപോലെത്തന്നെ, അതിൽ അതിരു കവിയുന്നത്കൊണ്ടും ഉണ്ടായിത്തീരുന്നു. ഇതിന് ഏറ്റവും നല്ല ഉദാഹരണമാണ് ക്രിസ്ത്യാനികളുടെ വഴിപിഴവ്. മതത്തിൽ അവർക്കുണ്ടായ ഭക്തിക്കുറവിൽനിന്നോ പ്രവാചകനിലുള്ള വിശ്വാസക്കുറവിൽ നിന്നോ അല്ല അവർ നേർമാർഗം വിട്ടുപോകാൻ കാരണമുണ്ടായത്. മനുഷ്യനും അല്ലാഹുവിന്റെ സൃഷ്ടിയും അടിമയുമായ ഒരു പ്രവാചകന് അവർ ദൈവത്വം നൽകി ഇല്ലാത്ത പദവികൾ കൽപിച്ചു. അദ്ദേഹത്തിന്റെ മാതാവിനുപോലും പലരും ദിവ്യത്വം കൽപിച്ചു. അദ്ദേഹത്തിന്റെയും, മാതാവിന്റെയും മാത്രമല്ല-അദ്ദേഹം ക്രൂശിക്കപ്പെട്ടിട്ടുണ്ടെന്ന നിഗമനത്തിൽ-കുരിശിന്റെ പോലും പ്രതിമകളും രൂപങ്ങളും അവർ ആരാധ്യവസ്തുക്കളാക്കി. ദൈവഭക്തിയിൽ മുഴുകുക എന്ന പേരിൽ ഒരു വരം പൗരോഹിത്യ സമ്പ്രദായവും അവ സൃഷ്ടിച്ചുണ്ടാക്കി. പണ്ഡിത പുരോഹിത വർഗങ്ങൾക്ക് മതനിയമങ്ങൾ ഇഷ്ടംപോലെ നിയമിക്കുവാനുള്ള അവകാശം വകവെച്ചു കൊടുത്തു. അങ്ങനെ അവരെ റബ്ബുകളാക്കിത്തീർത്തു. ഇങ്ങിനെയുള്ള പലതുമാണ് ഈ അതിരുകവിയൽ കൊണ്ടുദ്ദേശ്യം. യഥാർത്ഥ വിശ്വാസത്തിൽ വന്ന ഈ അതിരുകവിയൽ ശിർക്കിന്റെ അടിത്തട്ടിലേക്കാണ് അവരെ തള്ളി വിട്ടത്. അങ്ങേയറ്റം ലജ്ജയോടും വ്യസനത്തോടും കൂടിയാണെങ്കിലും, ക്രിസ്ത്യാനികളുടെ ഈ അതിരുകവിയൽരോഗം മിക്കതും മുസ്‌ലിം സമുദായത്തിലേക്കും ക്രമേണ പകർന്നിട്ടുണ്ടെന്ന വാസ്തവം സമ്മതിക്കാതെ വയ്യ. والعياذ بالله

(2) മുമ്പേ വഴിപിഴച്ചു പോകുകയും, വളരെ ആളുകളെ വഴിപിഴപ്പിക്കുകയും, നേർമാർഗത്തിൽ നിന്നു തെറ്റിപ്പോകുകയും ചെയ്തിട്ടുള്ള ജനങ്ങളുടെ തന്നിഷ്ടങ്ങളെ പിൻപറ്റരുത്. ഈ വാക്യം ശ്രദ്ധേയമായ പല യാഥാർത്ഥ്യങ്ങളിലേക്കും വിരൽ ചൂണ്ടുന്നുണ്ട്. ക്വുർആൻ അവതരിപ്പിക്കുന്ന കാലത്തു നിലവിലുള്ള ക്രിസ്തീയ മതതത്വങ്ങൾ ഒട്ടുമുഴുവനും തന്നെ ഈസാ നബി (അ)യോ, ഇൻജീലോ പഠിപ്പിച്ചതല്ലെന്നു പറയേണ്ടതില്ല. കുറേ ഭാഗം മുമ്പേ വഴിപിഴച്ചു കഴിഞ്ഞിരുന്ന യഹൂദികളിൽ നിന്നും, ആദ്യകാല ക്രൈസ്തവ നേതാക്കളിൽ നിന്നും കടന്നുകൂടിയതാണ്. വലിയൊരു ഭാഗം യവന (ഗ്രീക്ക്) തത്വശാസ്ത്രത്തിൽനിന്നും, ചില ഭാഗം ഹൈന്ദവ സിദ്ധാന്തങ്ങളിൽ നിന്നും, ചിലതു ബാബിലോണിയൻ ചിന്താഗതിയിൽ നിന്നും ഉടലെടുത്തതുമാകുന്നു. ക്വുർആൻ അവതരിക്കുന്നതിന് ചില നൂറ്റാണ്ടുകൾക്കു മുമ്പു തന്നെ മതത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ സുനഹദോസു (ക്രിസ്തീയ മഹാസഭ)കളുടെ ഒന്നിലധികം പൊളിച്ചെഴുത്ത് നടന്നു കഴിഞ്ഞിരുന്നു. (ക്രിസ്ത്യാനികളുടെ ആധികാരിക ഗ്രന്ഥങ്ങളിൽനിന്നു ഇതിനുള്ള തെളിവുകൾ പലതും ഇതിനു മുമ്പ്-സൂഃ നിസാഉലും ഈ സൂറത്തിലും മറ്റുമായി-നാം ചൂണ്ടിക്കാട്ടിയിട്ടുണ്ട്.) ജനങ്ങളെ വഴിപിഴപ്പിക്കുകയും, സ്വയം തെറ്റിപ്പോകുകയും ചെയ്തതിനെപ്പറ്റി പിന്നെ പ്രത്യേകം പറയേണ്ടതില്ലല്ലോ. ക്വുർആൻ അവതരിച്ചതിനു ശേഷവും ക്രിസ്തീയ സഭകൾ അവരുടെ മതസിദ്ധാന്തങ്ങളിലും നിയമങ്ങളിലും പുതിയ പുതിയ തീരുമാനങ്ങൾ ഉണ്ടാക്കുകയും, മുൻ തീരുമാനങ്ങളിൽ ഭേദഗതി സ്വീകരിക്കുകയും ചെയ്യുന്ന പതിവു തുടർന്നു കൊണ്ടേയിരിക്കുകയാണ്.

വിഭാഗം - 11

لُعِنَ ٱلَّذِينَ كَفَرُواْ مِنۢ بَنِيٓ
إِسۡرَٰٓءِيلَ عَلَىٰ لِسَانِ دَاوُۥدَ وَعِيسَى
ٱبۡنِ مَرۡيَمَۚ
ذَٰلِكَ بِمَا عَصَواْ وَّكَانُواْ
يَعۡتَدُونَ ٨١

《81》 ഇസ്റാഈൽ സന്തതികളിൽ നിന്ന് അവിശ്വസിച്ചവർ ദാവൂദിന്റെയും, മർയമിന്റെ മകൻ ഈസായുടെയും നാവിലൂടെ ശപിക്കപ്പെട്ടിരിക്കുന്നു.

അത്, അവർ അനുസരണക്കേട് ചെയ്യുകയും, അതിരു വിട്ടുകൊണ്ടിരിക്കുകയും ചെയ്തതു നിമിത്തമത്രെ.

كَانُواْ لَا يَتَنَاهَوۡنَ عَن
مُّنكَرٖ فَعَلُوهُۚ لَبِئۡسَ مَا
كَانُواْ يَفۡعَلُونَ ٨٢

《82》 അവർ ചെയ്ത ദുരാചാരത്തെക്കുറിച്ചു അവർ പരസ്പരം വിരോധിക്കാറില്ലായിരുന്നു. അവർ ചെയ്തുകൊണ്ടിരുന്നത് വളരെ ചീത്ത തന്നെ!

تَرَىٰ كَثِيرٗا مِّنۡهُمۡ يَتَوَلَّوۡنَ
ٱلَّذِينَ كَفَرُواْۚ
لَبِئۡسَ مَا قَدَّمَتۡ لَهُمۡ أَنفُسُهُمۡ أَن
سَخِطَ ٱللَّهُ عَلَيۡهِمۡ وَفِي ٱلۡعَذَابِ
هُمۡ خَٰلِدُونَ ٨٣

《83》 അവരിൽ നിന്നു പലരെയും അവിശ്വസിച്ചവരോട് മൈത്രീബന്ധം സ്ഥാപിക്കുന്നതായി നിനക്ക് കാണാം.

അവരുടെ സ്വന്തങ്ങൾ തങ്ങൾക്കു വേണ്ടി മുന്നൊരുക്കി വെച്ചിട്ടുള്ളത് വളരെ ചീത്ത തന്നെ! അതായത്, അല്ലാഹു അവരുടെമേൽ ക്രോധിച്ചിരിക്കുകയാണെന്നുള്ളത്. ശിക്ഷയിലാകട്ടെ, അവർ ശാശ്വതന്മാരുമാകുന്നു. [ഇതാണവർ തങ്ങൾക്ക് വേണ്ടി ഒരുക്കിവെച്ചിരിക്കുന്നത്]

وَلَوۡ كَانُواْ يُؤۡمِنُونَ بِٱللَّهِ
وَٱلنَّبِيِّ وَمَآ أُنزِلَ إِلَيۡهِ مَا
ٱتَّخَذُوهُمۡ أَوۡلِيَآءَ وَلَٰكِنَّ كَثِيرٗا
مِّنۡهُمۡ فَٰسِقُونَ ٨٤

《84》 അവർ അല്ലാഹുവിലും, നബിയിലും, അദ്ദേഹത്തിലേക്ക് അവതരിപ്പിക്കപ്പെട്ടതിലും വിശ്വസിച്ചുകൊണ്ടിരുന്നെങ്കിൽ അവർ അവരെ ബന്ധുമിത്രങ്ങളാക്കുമായിരുന്നില്ല. എങ്കിലും, അവരിൽ വളരെ ആളുകളും തോന്നിയവാസികളാകുന്നു.

﴾81﴿ لُعِنَ ശപിക്കപ്പെട്ടിരിക്കുന്നു الَّذِينَ كَفَرُوا അവിശ്വസിച്ചവർ مِنۢ بَنِيٓ إِسۡرَٰٓءِيلَ ഇസ്റാ
ഈൽ സന്തതികളിൽ നിന്ന് عَلَىٰ لِسَانِ നാവിലായി, നാവിലൂടെ دَاوُۥدَ ദാവൂദിന്റെ وَعِيسَى
ഈസായുടെയും ابۡنِ مَرۡيَمَ മർയമിന്റെ മകൻ ذَٰلِكَ അത് بِمَا عَصَوا۟ അവർ അനുസരണ
ക്കേട് ചെയ്തതുകൊണ്ടാകുന്നു وَّكَانُوا۟ അവർ ആയിരുന്നു يَعۡتَدُونَ അവർ അതിരു
വിടും ﴾82﴿ كَانُوا۟ അവരായിരുന്നു لَا يَتَنَاهَوۡنَ അവർ പരസ്പരം വിരോധിക്കയില്ല,
ഒഴിഞ്ഞു നിൽക്കാതെ عَن مُّنكَرٍ ദുരാചാരത്തെക്കുറിച്ച്, വെറുക്കപ്പെട്ടതിൽ നിന്ന് فَعَلُوهُ
അവർ ചെയ്ത لَبِئۡسَ വളരെ (എത്രയോ) ചീത്ത തന്നെ مَا كَانُوا۟ അവരായിരു
ന്നത് يَفۡعَلُونَ അവർ ചെയ്യും. ﴾83﴿ تَرَىٰ നീ കാണും, നിനക്കു കാണാം كَثِيرًا مِّنۡهُمۡ
അവരിൽ നിന്ന് വളരെ, പലരെയും يَتَوَلَّوۡنَ അവർ മൈത്രീബന്ധം സ്ഥാപിക്കുന്നതായി
(അടുത്തു ബന്ധപ്പെടുന്നതായി) الَّذِينَ كَفَرُوا۟ അവിശ്വസിച്ചവരോട് لَبِئۡسَ വളരെ ചീത്ത
(മോശം)തന്നെ مَا قَدَّمَتۡ മുൻചെയ്തു (മുന്നൊരുക്കി)വെച്ചത് لَهُمۡ അവർക്കു(തങ്ങൾക്ക്)
വേണ്ടി أَنفُسُهُمۡ അവരുടെ സ്വന്തങ്ങൾ (സ്വയം), തങ്ങൾ തന്നെ أَن سَخِطَ ക്രോധിച്ചുവെ
ന്നുള്ളത് اللَّهُ അല്ലാഹു عَلَيۡهِمۡ അവരുടെ മേൽ وَفِي الۡعَذَابِ ശിക്ഷയിലാകട്ടെ هُمۡ അവർ
خَٰلِدُونَ ശാശ്വതന്മാരാകുന്നു, നിത്യവാസികളുമാണ് ﴾84﴿ وَلَوۡ كَانُوا۟ അവരായിരുന്നു
വെങ്കിൽ يُؤۡمِنُونَ അവർ വിശ്വസിക്കുന്നു(ണ്ടായിരുന്നെങ്കിൽ) بِاللَّهِ അല്ലാഹുവിൽ
وَالنَّبِيِّ നബിയിലും وَمَآ أُنزِلَ അവതരിപ്പിക്കപ്പെട്ടതിലും إِلَيۡهِ അദ്ദേഹത്തിലേക്ക് مَا اتَّخَذُوهُ
അവർ ആക്കു(സ്വീകരിക്കു)മായിരുന്നില്ല هُمۡ അവരെ أَوۡلِيَآءَ മിത്രങ്ങൾ, ബന്ധപ്പെട്ടവർ
وَلَٰكِنَّ എങ്കിലും كَثِيرًا വളരെ (ആളുകൾ), പലരും مِّنۡهُمۡ അവരിൽ നിന്ന് فَٰسِقُونَ
തോന്നിയവാസി (ധിക്കാരി)കളാണ്

ഇസ്റാഈൽ സമുദായത്തിന്റെ- അവരിൽ ബഹുഭൂരിഭാഗം വരുന്ന അവിശ്വാസികളുടെ-ധിക്കാരത്തിന്റെയും അനുസരണക്കേടിന്റെയും ചരിത്രം പുതിയതൊന്നുമല്ല. അതിനൊരു നീണ്ടകാല പാരമ്പര്യം തന്നെയുണ്ട്. അവരിലേക്ക് നിയോഗിക്കപ്പെട്ട പ്രവാചകന്മാരിൽ പ്രമുഖരായ രണ്ടു പ്രവാചകന്മാരാണ് ദാവൂദ് നബി (അ)യും, ഈസാ നബി (അ)യും. രണ്ടുപേർ മുഖാന്തരവും അവർ ശപിക്കപ്പെടുകയാണുണ്ടായത്. അവരുടെ അനുസരണക്കേടും ധിക്കാരവും തന്നെയാണതിന് കാരണം. ദുരാചാരങ്ങളും നിഷിദ്ധങ്ങളും അവർക്കിടയിൽ സർവ്വത്രയായിരുന്നു. ആരെന്തു തോന്നിയവാസം ചെയ്താലും അത് തടയുവാനോ, ഗുണദോഷിക്കുവാനോ ആളുണ്ടായിരുന്നില്ല. അത്രത്തോളം അവർ ദുഷിച്ചിരുന്നു എന്നൊക്കെയാണ് ആദ്യത്തെ രണ്ടു വചനങ്ങളുടെ താൽപര്യം. ..... كَانُوا۟ لَا يَتَنَاهَوۡنَ എന്ന വാക്യത്തിനു 'അവർ ചെയ്തുപോയ ദുരാചാരത്തിൽ നിന്ന് അവർ ഒഴിഞ്ഞു മാറുമായിരുന്നില്ല' എന്നും അർത്ഥം വരാം. ഒരിക്കൽ ഒരു തോന്നിയവാസം ചെയ്താൽ അതിൽ നിന്നു സ്വയം പശ്ചാത്തപിച്ചു മടങ്ങുകയോ, മറ്റുള്ളവർ അത് മുടക്കം ചെയ്യുകയോ പതിവില്ല. അങ്ങനെ, അതു പിന്നെയും പിന്നെയും ആവർത്തിച്ചുകൊണ്ടിരിക്കും എന്നായിരിക്കും അപ്പോൾ സാരം. രണ്ടായാലും തത്വത്തിൽ ഒന്നു തന്നെ. ഇങ്ങിനെയുള്ള ഒരു പാരമ്പര്യത്തിന്റെ പിൻഗാമികളാണ് ഇപ്പോൾ നിലവിലുള്ളവരും. അതുകൊണ്ട് അവരിൽ നിന്ന് വളരെയൊന്നും നന്മ പ്രതീ

ക്ഷിക്കേണ്ടതില്ല എന്നാണിതിലെ സൂചന.

വേദക്കാരും പ്രവാചകന്മാരുടെ അനുയായികളെന്ന് അവകാശപ്പെടുന്നവരുമായ സ്ഥിതിക്ക് അവരുടെ അടുപ്പവും കൂടുതൽ ബന്ധവും സത്യവിശ്വാസികളുമായിട്ടാണ് വേണ്ടത്. പക്ഷേ, അവരിൽ അധികമാളുകളും ബന്ധുമിത്രങ്ങളാക്കിപ്പോരുന്നത് മുശ്രിക്കുകളാകുന്ന അവിശ്വാസികളെയാണ്. ഇതിനുള്ള കാരണവും മുകളിൽ പറഞ്ഞതു തന്നെ. അല്ലാഹുവിന്റെ ക്രോധവും ശാപവും ശാശ്വതമായ ശിക്ഷയുമാണ് തങ്ങളുടെ ഭാവിക്കുവേണ്ടി അവർ അതുമൂലം നേടിവെച്ചിരിക്കുന്നത്. വാസ്തവത്തിൽ ഇവരും ആ അവിശ്വാസികളും തമ്മിൽ വ്യത്യാസമൊന്നുമില്ല. ഇരുകൂട്ടരും സത്യനിഷേധികൾ തന്നെ. അല്ലായിരുന്നുവെങ്കിൽ ഇവർ അല്ലാഹുവിലും അവന്റെ പ്രവാചകനിലും വേദഗ്രന്ഥത്തിലും വിശ്വസിക്കേണ്ടതായിരുന്നു. ഞങ്ങൾ അവരെപ്പോലെ അവിശ്വാസികളല്ല-ഞങ്ങൾ വിശ്വാസികളാണ്-എന്നുള്ള ഇവരുടെ വാദം ശരിയാണെങ്കിൽ അവർ ആ അവിശ്വാസികളെ ബന്ധുമിത്രങ്ങളായി സ്വീകരിക്കുകയില്ലല്ലോ എന്നൊക്കെയാണ് പിന്നത്തെ രണ്ടു വചനങ്ങളുടെ താൽപര്യം.

സൽക്കാര്യങ്ങൾ കൊണ്ടു ഉപദേശിക്കലും, ദുഷ്കാര്യങ്ങളെക്കുറിച്ചു വിരോധിക്കലും സത്യവിശ്വാസികളുടെ മേൽ പൊതുവിലും, അറിവും കഴിവുമുള്ളവരുടെ മേൽ വിശേഷിച്ചും കടമയാകുന്നു. ഈ വിഷയം ക്വുർആൻ വചനങ്ങളിലും, നബി വചനങ്ങളിലും വളരെ ഊന്നിപ്പറഞ്ഞിട്ടുള്ളതുമാണ്. മാതൃകക്കായി ചില നബി വചനങ്ങൾ ഇവിടെ ഉദ്ധരിക്കാം.

1. നബി ﷺ പറഞ്ഞതായി ഇബ്നുമസ്ഊദ് (റ) ഉദ്ധരിച്ച ഒരു ഹദീഥിന്റെ സാരം ഇങ്ങിനെയാകുന്നു: 'ഇസ്റാഈല്യരിൽ ആദ്യം പോരായ്മ (വീഴ്ച) കടന്നുകൂടിയതിങ്ങിനെയാണ്: ഒരാൾ ഒരു തെറ്റു ചെയ്യുന്നതായി കാണുമ്പോൾ, എടോ, അല്ലാഹുവിനെ സൂക്ഷിക്കണം, ഈ പ്രവൃത്തി ഉപേക്ഷിക്കണം, ഇത് പാടില്ലാത്തതാണ് എന്നിങ്ങിനെ അവനോട് മറ്റൊരാൾ പറയും. പിന്നീട് പിറ്റേ ദിവസം അവനെ അതേമാതിരി കാണുമ്പോൾ അയാൾ അവനൊന്നിച്ചു ഭക്ഷണ പാനീയത്തിലും സഹവാസത്തിലും പങ്കെടുക്കുകയും ചെയ്യും. അതിന് അത് തടസ്സമായിരിക്കയില്ല. അങ്ങനെ ചെയ്വാൻ തുടങ്ങിയപ്പോൾ അല്ലാഹു അവരുടെ ഹൃദയങ്ങളെ തമ്മിൽ തല്ലിച്ചു (അവർക്കിടയിൽ ഭിന്നിപ്പുണ്ടായി)'. പിന്നീട് നബി ﷺ ഈ ക്വുർആൻ വചനങ്ങൾ ഓതുകയും ചെയ്തു. എന്നിട്ട് പറഞ്ഞു: 'അത് പാടില്ല, അല്ലാഹുവിനെത്തന്നെയാണ ! നിങ്ങൾ സദാചാരം കൊണ്ടു കൽപിക്കുകയും ദുരാചാരത്തെക്കുറിച്ച് വിരോധിക്കുകയും തന്നെ വേണം. നിങ്ങൾ അക്രമിയുടെ കൈക്ക് പിടിക്കുകയും ചെയ്യണം. അവനെ യഥാർത്ഥത്തിലൂടെ ചരിക്കുമാറാക്കുകയും വേണം' (ദാ; തി; ജ).

2. നബി ﷺ പറഞ്ഞതായി ഹുദൈഫത്തുബ്നുൽ യമാൻ (റ) ഉദ്ധരിക്കുന്നു: 'എന്റെ ആത്മാവ് യാതൊരുവന്റെ കയ്യിലാണോ അവൻ തന്നെയാണ! നിങ്ങൾ സദാചാരം കൊണ്ടു കൽപിക്കുകയും, ദുരാചാരത്തെക്കുറിച്ചു വിരോധിക്കുകയും ചെയ്യുകതന്നെ വേണം. അല്ലാത്തപക്ഷം, അല്ലാഹു അവന്റെ അടുക്കൽ നിന്നും നിങ്ങളുടെ മേൽ വല്ല ശിക്ഷാനടപടിയും അയച്ചേക്കാവുന്നതാണ്. പിന്നീട് നിങ്ങൾ അവനോട് പ്രാർത്ഥിക്കുമ്പോൾ അവൻ നിങ്ങൾക്ക് ഉത്തരം നൽകുകയില്ല' (അ; തി).

3. അബൂഉമാമഃ (റ) ഉദ്ധരിച്ച ഒരു നബിവചനം: 'ജിഹാദിൽ (ധർമസമരത്തിൽ) വെച്ചു ഏറ്റവും ശ്രേഷ്ഠമായത്, ഒരു അക്രമിയായ ഭരണാധികാരിയുടെ അടുക്കൽവെച്ചു പറയപ്പെടുന്ന സത്യത്തിന്റെ ഒരു വാക്യമാകുന്നു'. (ജ.)

4. നബി ﷺ പറഞ്ഞതായി അബൂസഈദിൽ ഖുദ്രി (റ) ഉദ്ധരിക്കുന്നു: 'നിങ്ങ

ളിൽ ആരെങ്കിലും ഒരു ദുരാചാരം കണ്ടാൽ അവനത് തന്റെ കൈകൊണ്ടു മാറ്റിക്കൊള്ളട്ടെ. അതിന് സാധിക്കാത്തപക്ഷം തന്റെ നാവുകൊണ്ട്; അതിനും സാധിക്കാത്ത പക്ഷം തന്റെ ഹൃദയംകൊണ്ട്. സത്യവിശ്വാസത്തിൽ ഏറ്റവും ദുർബ്ബലമായതത്രെ അത്' (മു).

۞ لَتَجِدَنَّ أَشَدَّ ٱلنَّاسِ عَدَٰوَةً لِّلَّذِينَ ءَامَنُوا۟ ٱلْيَهُودَ وَٱلَّذِينَ أَشْرَكُوا۟ ۖ

﴾85﴿ നിശ്ചയമായും, വിശ്വസിച്ചവരോട് മനുഷ്യരിൽ വെച്ച് ഏറ്റവും കഠിന ശത്രുതയുള്ളവർ യഹൂദികളും, ശിർക്ക് ചെയ്യുന്നവരുമായി [ബഹുദൈവ വിശ്വാസികളുമായി] നീ കാണുന്നതാണ്.

وَلَتَجِدَنَّ أَقْرَبَهُم مَّوَدَّةً لِّلَّذِينَ ءَامَنُوا۟ ٱلَّذِينَ قَالُوٓا۟ إِنَّا نَصَـٰرَىٰ ۚ ذَٰلِكَ بِأَنَّ مِنْهُمْ قِسِّيسِينَ وَرُهْبَانًا وَأَنَّهُمْ لَا يَسْتَكْبِرُونَ ﴿٨٥﴾

നിശ്ചയമായും, വിശ്വസിച്ചവരോട് അവരിൽവെച്ച് ഏറ്റവും അടുത്ത സ്നേഹബന്ധമുള്ളവർ, ഞങ്ങൾ 'നസ്റാനി'കളാണെന്ന് പറയുന്നവരായും [ക്രിസ്ത്യാനികളായും] നീ കാണുന്നതാണ്. അവരിൽ ചില പണ്ഡിതാചാര്യന്മാരും, പുരോഹിതന്മാരും ഉണ്ടെന്നുള്ളതും, അവർ അഹംഭാവം നടിക്കുന്നില്ലെന്നുള്ളതും നിമിത്തമാകുന്നു അത്.

﴾85﴿ لَتَجِدَنَّ നിശ്ചയമായും നീ കണ്ടെത്തും(കാണും-നിനക്കനുഭവപ്പെടും أَشَدَّ النَّاسِ മനുഷ്യരിൽ ഏറ്റം കഠിനമായവരെ عَدَاوَةً ശത്രുത, ശത്രുതയിൽ لِلَّذِينَ آمَنُوا വിശ്വസിച്ചവരോട് الْيَهُودَ യഹൂദികളായി, യഹൂദരാണെന്ന് وَالَّذِينَ أَشْرَكُوا ശിർക്കു ചെയ്തവരും (ബഹുദൈവ വിശ്വാസികളും) وَلَتَجِدَنَّ നിശ്ചയമായും നീ കണ്ടെത്തുക(കാണുക)യും ചെയ്യും أَقْرَبَهُمْ അവരിൽ ഏറ്റവും അടുത്തവരെ مَوَدَّةً സ്നേഹബന്ധം, താൽപര്യത്തിൽ لِلَّذِينَ آمَنُوا വിശ്വസിച്ചവരോട് الَّذِينَ قَالُوا പറഞ്ഞവർ, പറയുന്നവർ إِنَّا نَصَارَىٰ ഞങ്ങൾ നസ്റാനികൾ ആണെന്ന് ذَٰلِكَ അത് بِأَنَّ مِنْهُمْ അവരിലുണ്ട് എന്നതു കൊണ്ടാകുന്നു قِسِّيسِينَ പണ്ഡിതന്മാർ, ആചാര്യന്മാർ, വിദ്വാന്മാർ وَرُهْبَانًا പുരോഹിതന്മാരും, സന്യാസികളും, ഭക്തന്മാരും وَأَنَّهُمْ അവർ എന്നുള്ളതും لَا يَسْتَكْبِرُونَ അഹംഭാവം നടിക്കുകയില്ല (എന്നുള്ളതും)

ജുസ്ഉ് - 7

وَإِذَا سَمِعُوا۟ مَآ أُنزِلَ إِلَى ٱلرَّسُولِ تَرَىٰٓ أَعْيُنَهُمْ تَفِيضُ مِنَ ٱلدَّمْعِ مِمَّا عَرَفُوا۟ مِنَ ٱلْحَقِّ ۖ يَقُولُونَ رَبَّنَآ ءَامَنَّا فَٱكْتُبْنَا مَعَ ٱلشَّٰهِدِينَ ﴿٨٦﴾

﴿86﴾ റസൂലിലേക്ക് അവതരിപ്പിക്കപ്പെട്ടതിനെ അവർ കേട്ടാൽ, യഥാർത്ഥത്തിൽനിന്നും അവർ മനസ്സിലാക്കിയത് നിമിത്തം, അവരുടെ കണ്ണുകൾ അശ്രുവിനാൽ ഒഴുകുന്നതായി നിനക്ക് കാണാം.

അവർ പറയും: ‘ഞങ്ങളുടെ റബ്ബേ, ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു; ആകയാൽ, നീ ഞങ്ങളെ സാക്ഷ്യം വഹിക്കുന്നവരോടൊപ്പം രേഖപ്പെടുത്തണേ!

وَمَا لَنَا لَا نُؤْمِنُ بِٱللَّهِ وَمَا جَآءَنَا مِنَ ٱلْحَقِّ وَنَطْمَعُ أَن يُدْخِلَنَا رَبُّنَا مَعَ ٱلْقَوْمِ ٱلصَّٰلِحِينَ ﴿٨٧﴾

﴿87﴾ അല്ലാഹുവിലും, യഥാർത്ഥത്തിൽ നിന്നും ഞങ്ങൾക്ക് വന്നിട്ടുള്ളതിലും വിശ്വസിക്കാതിരിക്കുമാറ് ഞങ്ങൾക്കെന്താണ് (തടസ്സം) ഉള്ളത്, സദ്വൃത്തരായ ജനങ്ങളോടൊപ്പം ഞങ്ങളുടെ റബ്ബ് ഞങ്ങളെ പ്രവേശിപ്പിക്കുവാൻ ഞങ്ങൾ മോഹിച്ചുകൊണ്ടിരിക്കെ!?

فَأَثَٰبَهُمُ ٱللَّهُ بِمَا قَالُوا۟ جَنَّٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَٰرُ خَٰلِدِينَ فِيهَا ۚ وَذَٰلِكَ جَزَآءُ ٱلْمُحْسِنِينَ ﴿٨٨﴾

﴿88﴾ അങ്ങനെ, അവർ (ആ) പറഞ്ഞതുകൊണ്ട് അടിഭാഗത്തിലൂടെ അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗങ്ങളെ അല്ലാഹു അവർക്ക് പ്രതിഫലം നൽകി; (അവർ) അതിൽ നിത്യവാസികളായ നിലയിൽ; സുകൃതവാന്മാരുടെ പ്രതിഫലമത്രെ അത്.

وَٱلَّذِينَ كَفَرُوا۟ وَكَذَّبُوا۟ بِـَٔايَٰتِنَآ أُو۟لَٰٓئِكَ أَصْحَٰبُ ٱلْجَحِيمِ ﴿٨٩﴾

﴿89﴾ അവിശ്വസിക്കുകയും, നമ്മുടെ ‘ആയത്തു’ [ലക്ഷ്യം]കളെ വ്യാജമാക്കുകയും ചെയ്തവരാകട്ടെ, അക്കൂട്ടർ, ജ്വലിക്കുന്ന നരകത്തിന്റെ ആൾക്കാരാകുന്നു.

﴿86﴾ وَإِذَا سَمِعُوا അവർ കേട്ടാൽ مَآ أُنزِلَ അവതരിപ്പിക്കപ്പെട്ടത് إِلَى الرَّسُولِ റസൂലിലേക്ക് تَرَىٰ നിനക്ക് കാണാം أَعْيُنَهُمْ അവരുടെ കണ്ണുകളെ تَفِيضُ അവ ഒഴുകുന്നതായി

مِنَ الدَّمْعِ കണ്ണുനീരിനാൽ مِمَّا عَرَفُوا അവർ മനസ്സിലാക്കിയ (അറിഞ്ഞ)തിനാൽ مِنَ الْحَقِّ യഥാർത്ഥത്തിൽ നിന്നും يَقُولُونَ അവർ പറയും, പറഞ്ഞും കൊണ്ട് رَبَّنَا ഞങ്ങളുടെ റബ്ബേ (രക്ഷിതാവേ) آمَنَّا ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു فَاكْتُبْنَا ആകയാൽ ഞങ്ങളെ നീ രേഖപ്പെടുത്തേണമേ مَعَ الشَّاهِدِينَ സാക്ഷ്യംവഹിക്കുന്നവരുടെ കൂടെ ﴾87﴿ وَمَا لَنَا ഞങ്ങൾക്കെന്താണു(ള്ളത്) لَا نُؤْمِنُ ഞങ്ങൾ വിശ്വസിക്കാതെ (ഇരിക്കുമാറ്) بِاللَّهِ അല്ലാഹുവിൽ وَمَا جَاءَنَا ഞങ്ങൾക്ക് വന്നിട്ടുള്ളതിലും مِنَ الْحَقِّ യഥാർത്ഥത്തിൽ നിന്ന് وَنَطْمَعُ ഞങ്ങൾ മോഹിച്ചുകൊണ്ടിരിക്കെ, ഞങ്ങൾ ആഗ്രഹിക്കുകയും ചെയ്യുന്നു أَنْ يُدْخِلَنَا ഞങ്ങളെ പ്രവേശിപ്പിക്കുവാൻ رَبُّنَا ഞങ്ങളുടെ റബ്ബ് مَعَ الْقَوْمِ ജനങ്ങളോടുകൂടെ الصَّالِحِينَ സദ്‌വൃത്തരായ ﴾88﴿ فَأَثَابَهُمُ അങ്ങനെ (അതിനാൽ) അവർക്ക് പ്രതിഫലം കൊടുത്തു اللَّهُ അല്ലാഹു بِمَا قَالُوا അവർ പറഞ്ഞതിനാൽ جَنَّاتٍ സ്വർഗങ്ങളെ تَجْرِي ഒഴുകും مِنْ تَحْتِهَا അതിന്റെ അടിയിലൂടെ الْأَنْهَارُ അരുവികൾ خَالِدِينَ നിത്യവാസികളായിക്കൊണ്ട് فِيهَا അതിൽ, അവയിൽ وَذَٰلِكَ അത് جَزَاءُ പ്രതിഫലമാകുന്നു الْمُحْسِنِينَ നന്മ ചെയ്യുന്നവരുടെ, സുകൃതം ചെയ്യുന്നവരുടെ ﴾89﴿ وَالَّذِينَ كَفَرُوا അവിശ്വസിച്ചവരാകട്ടെ وَكَذَّبُوا അവർ വ്യാജമാക്കുകയും ചെയ്തു بِآيَاتِنَا നമ്മുടെ ആയത്തു (ലക്ഷ്യം)കളെ أُولَٰئِكَ അക്കൂട്ടർ أَصْحَابُ ആൾക്കാരാണ് الْجَحِيمِ ജ്വലിക്കുന്ന നരകത്തിന്റെ

ക്വുർആൻ അവതരിക്കുന്ന കാലത്ത് ഇസ്‌ലാമിന്റെ പ്രത്യക്ഷ ശത്രുക്കളായുള്ളത് യഹൂദികളും, മുശ്‌രിക്കുകളും, ക്രിസ്ത്യാനികളുമാണല്ലോ. ഈ മൂന്നു കൂട്ടരിൽ യഹൂദികളും, മുശ്‌രിക്കുകളുമാണ് സത്യവിശ്വാസികളോട് ഏറ്റവുമധികം ശത്രുതവെച്ചുകൊണ്ടിരിക്കുന്നതെന്നും, മൂന്നു കൂട്ടരിൽവെച്ച് അവരോട് കൂടുതൽ സ്നേഹമുള്ളവർ ക്രിസ്ത്യാനികളാണെന്നും അല്ലാഹു സത്യവിശ്വാസികളെ അറിയിക്കുന്നു. ആ നിലക്കായിരിക്കണം ഓരോ കൂട്ടരോടുമുള്ള പെരുമാറ്റമെന്നാണിതിന്റെ സൂചന. യഹൂദികളുടെയും മുശ്‌രിക്കുകളുടെയും ശത്രുത കൂടുതൽ കഠിനമാകുവാനുള്ള കാരണം അല്ലാഹു ഇവിടെ വ്യക്തമാക്കിയിട്ടില്ല. വ്യക്തമാക്കാതെത്തന്നെ അത് അറിയാവുന്നതുമാണ്. ക്രിസ്ത്യാനികളുടെ ശത്രുത അത്ര കഠിനമല്ലാതിരിക്കുവാനും, മറ്റേവരെ അപേക്ഷിച്ചു അവർക്ക് സത്യവിശ്വാസികളോട് കൂടുതൽ താൽപര്യം തോന്നുവാനുമുള്ള കാരണം അല്ലാഹു തന്നെ തുടർന്നു വിവരിച്ചിരിക്കുന്നു.

ക്രിസ്ത്യാനികളെപ്പറ്റി ക്വുർആനിൽ സാധാരണ ഉപയോഗിക്കാറുള്ള വാക്ക് نَصَارَىٰ (നസ്വ്റാനികൾ) എന്നാണ്. ഇവിടെ الَّذِينَ قَالُوا إِنَّا نَصَارَىٰ (ഞങ്ങൾ നസ്വ്റാനികളാണെന്ന് പറയുന്നവർ) എന്നത്രെ അല്ലാഹു ഉപയോഗിച്ചവാക്ക്. ഈ പ്രയോഗത്തിലടങ്ങിയ സൂചനയെപ്പറ്റി 15-ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ മുമ്പ് വിവരിച്ചിട്ടുണ്ട്. ഗർവ്വും അഹംഭാവവുമില്ലാത്ത ശുദ്ധഹൃദയരായ ചില പണ്ഡിതാചാര്യന്മാരും, ഭക്തരായ പുരോഹിതന്മാരും ക്രിസ്ത്യാനികളിൽ ഉണ്ടെന്നുള്ളതാണ് അവർക്ക് സത്യവിശ്വാസികളോട് കൂടുതൽ അടുപ്പമുണ്ടാകുവാൻ അല്ലാഹു ചൂണ്ടിക്കാട്ടിയ കാരണം. അവരുടെ ഏതാനും ഗുണങ്ങളും അതോടൊപ്പം എടുത്തു കാണിച്ചിരിക്കുന്നു. അല്ലാഹുവിന്റെ വചനങ്ങൾ കേട്ടാൽ

കണ്ണുനീരൊഴുക്കിക്കൊണ്ട് അതിനോട് അവർ അനുസരണവും ഭക്തിയും കാണിക്കുകയും അതിൽ അവർ വിശ്വസിക്കുകയും ചെയ്യുമെന്നും, തങ്ങളെ സത്യത്തിന് സാക്ഷ്യം വഹിക്കുന്ന സജ്ജനങ്ങളിൽ ഉൾപ്പെടുത്തുവാൻ വേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കുമെന്നും അല്ലാഹുവിങ്കൽ നിന്നുള്ള അനുഗ്രഹവും പ്രതിഫലവും മോഹിച്ചുകൊണ്ടിരിക്കുന്നവരാണ് അവരെന്നുമാണത്.

ഇന്നത്തെ ക്രിസ്ത്യാനികളുടെ നില എന്തുതന്നെയാണെങ്കിലും നബി തിരുമേനി ﷺയുടെ കാലത്ത് യഹൂദികളെയും മുശ്‌രിക്കുകളെയും അപേക്ഷിച്ച് നോക്കുമ്പോൾ, ക്രിസ്ത്യാനികൾ ഇസ്‌ലാമിനോട് അവലംബിച്ച നയം വളരെ ശാന്തമായിരുന്നുവെന്ന് കാണാവുന്നതാണ്. മക്കയിൽ നിന്നു മുസ്‌ലിംകൾ ഒന്നാമതായി ഹിജ്‌റഃപോയത് ഒരു ക്രിസ്തീയ ഭരണത്തിൻകീഴിലായിരുന്ന ഹബ്ശ (അബീസീനിയ)യിലേക്കാണല്ലോ. അവിടത്തെ രാജാവായിരുന്ന നജ്ജാശീ (*) അവരെ ആദരിക്കുകയും, ഇസ്‌ലാമിനെപ്പറ്റി അന്വേഷിച്ചറിയുകയും ചെയ്തു. ജഅ്ഫറുബ്നു അബീത്വാലിബ് (റ) സൂറത്തു മർയം ഓതിക്കേൾപ്പിച്ചപ്പോൾ, ഈസാ (അ)യെയും മർയം (അ)നെയും സംബന്ധിച്ച യാഥാർത്ഥ്യം മനസ്സിലാക്കിയ അദ്ദേഹവും കൂടെയുള്ളവരും കണ്ണുനീരൊഴുക്കി. രാജാവ് ഇസ്‌ലാം മതം സ്വീകരിക്കുകയും ചെയ്തു. അദ്ദേഹം മരണപ്പെട്ട വാർത്ത വഹ്‌യ് മൂലം അറിഞ്ഞപ്പോൾ നബി ﷺ അദ്ദേഹത്തിന്റെ പേരിൽ ജനാസഃ നമസ്കാരം നടത്തിയ സംഭവം പ്രസിദ്ധമാണ്. റോമാ ചക്രവർത്തിയായിരുന്ന ഹിറക്ലിയൂസിനെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചുകൊണ്ട് നബി ﷺ കത്തയച്ചപ്പോൾ, അദ്ദേഹം കത്ത് സാദരം സ്വീകരിക്കുകയും, നബി ﷺയുടെ ദൗത്യം സത്യമാണെന്നു മനസ്സിലാക്കി ഇസ്‌ലാമിലേക്കു ചായ്‌വ് കാണിക്കുകയും ചെയ്തു. പക്ഷേ, ക്രിസ്തീയ നേതാക്കളുടെ കഠിനമായ പ്രതിഷേധം കാരണം രാജാധികാരം നഷ്ടപ്പെട്ടേക്കുമെന്ന് ഭയന്നു പിന്നീട് ഒഴിഞ്ഞു മാറുകയാണുണ്ടായത്. ഹിറക്ലിയൂസിന്റെ കീഴിൽ മിസ്‌റിലെ (ഈജിപ്തിലെ) ഭരണാധികാരിയായിരുന്ന മുകൗഖിസിന് തിരുമേനി അയച്ച കത്ത് അദ്ദേഹവും സസന്തോഷം സ്വീകരിച്ചു തിരുമേനിക്ക് പല സമ്മാനങ്ങളും കാഴ്ചവസ്തുക്കളും അയക്കുകയും ചെയ്തു. തിരുമേനിയുടെ പുത്രൻ ഇബ്‌റാഹീം എന്ന കുട്ടിയുടെ മാതാവായിരുന്ന മാരിയത്തുൽ ക്വിബ്ത്വിയ്യഃ (റ) ആ സമ്മാനങ്ങളിൽപെട്ട ഒരു അടിമ സ്ത്രീയായിരുന്നു. പല രാജ്യങ്ങളും മുസ്‌ലിംകൾക്ക് കപ്പം കൊടുത്തുകൊണ്ട് സമാധാനം പാലിച്ചതല്ലാതെ അവർക്കെതിരെ ഒരു യുദ്ധത്തിനു അവർ മുതിരുകയുണ്ടായില്ല. അദിയ്യുബ്നു ഹാതിം (റ) പോലെയുള്ള പ്രധാന നേതാക്കളടക്കം വളരെ ക്രിസ്ത്യാനികൾ ഇസ്‌ലാമിൽ പ്രവേശിക്കുകയും ചെയ്തു. യഹൂദികളിൽ നിന്നാകട്ടെ, അബ്ദുല്ലാഹിബ്നു സലാമും (റ) വളരെ കുറഞ്ഞ വ്യക്തികളും മാത്രമേ ഇസ്‌ലാം അംഗീകരിച്ചുള്ളൂ.

(*) ആയിരക്കണക്കിനു വർഷങ്ങളായി അബീസീനിയാ എന്ന എത്യോപ്യാ ഭരിച്ചുപോന്നിരുന്ന നജ്ജാശീ (നെഗാശി) രാജവംശം അതിന്റെ അവസാന കാലങ്ങളിൽ മുസ്‌ലിംകളുടെ നേരെ ശത്രുതയും പക്ഷഭേദവും കാണിക്കുകയാണ് ചെയ്തത്. അടുത്തകാലത്തു-ഇതെഴുതുന്നതിന്റെ രണ്ടു മൂന്നു വർഷം മുമ്പ്-അവിടെ ഉണ്ടായ ചില വിപ്ലവങ്ങളെത്തുടർന്ന് അവസാനത്തെ രാജാവായ ഹെയ്‌ലീസലാസീ സ്ഥാനഭ്രഷ്ടനാക്കപ്പെടുകയും, അങ്ങനെ ആ ഭരണം അസ്തമിക്കുകയും ചെയ്തിരിക്കുന്നു.

മേൽ വിവരിച്ചതിൽ നിന്ന് ഇസ്‌ലാമിനോടുള്ള ക്രിസ്ത്യാനികളുടെ സമീപനം മറ്റുള്ളവരെ അപേക്ഷിച്ചു വളരെ നല്ല നിലയിലായിരുന്നുവെന്നും, മറ്റുള്ളവരെപ്പോലെ അവർ മർക്കട മുഷ്ടിയുള്ളവരായിരുന്നില്ലെന്നും മനസ്സിലാക്കാമല്ലോ. അല്ലാഹുവിന്റെ ഈ പ്രശംസ അവർക്ക് ലഭിക്കുവാനുള്ള കാരണവും അതൊക്കെത്തന്നെ. ഇങ്ങിനെയുള്ള ഏതെങ്കിലും ഒരു പെരുമാറ്റമോ സ്വഭാവമോ വേദക്കാരായ യഹൂദികളിൽ നിന്ന് പ്രകടമായ ചരിത്രമില്ല. കഴിഞ്ഞ ഏതാനും കാലങ്ങളിൽ മുസ്‌ലിംകൾക്കെതിരെ അവർ പ്രത്യക്ഷമായ പടയെടുപ്പ് നടത്തിയിട്ടില്ലെങ്കിൽ അതവരുടെ ദൗർബ്ബല്യംകൊണ്ട് മാത്രമായിരുന്നു. ഇസ്റാഈൽ രാഷ്ട്രം സ്ഥാപിതമായതോടു കൂടി തങ്ങൾക്ക് തിരിച്ചു കിട്ടിയ ശക്തിയും കെട്ടുറപ്പും അവർ മുസ്‌ലിംകൾക്കെതിരെ ഉപയോഗപ്പെടുത്തി വരുന്നത് ഇന്നു ആർക്കും അജ്ഞാതമല്ല. പിൽക്കാല ക്രിസ്ത്യാനികളെ സംബന്ധിച്ചു പറയുകയാണെങ്കിൽ, ക്വുർആൻ അവതരിക്കുന്ന കാലത്തെ സ്ഥിഗതികളിൽ നിന്നു അവരും വ്യത്യാസപ്പെട്ടിരിക്കുന്നു. മുസ്‌ലിംകൾക്കെതിരെ അനേകം രക്തക്കളങ്ങൾ ഒഴുക്കുകയും അക്രമങ്ങളും സംഘട്ടനങ്ങളും നടത്തുകയും ചെയ്ത ചരിത്രമാണവർക്കുള്ളത്. അന്തലൂസ്യായിൽ (സ്പെയ്നിൽ) നിന്നു മുസ്‌ലിംകളെ നിഷ്കാസനം ചെയ്തതും യുദ്ധങ്ങളുമൊക്കെ അവയിൽ ചിലതാണ്.

മറ്റൊരു വശത്തിലൂടെ നോക്കിയാൽ-ഇബ്നുകഥീർ, ബൈദ്വാവീ (റ) മുതലായവർ സൂചിപ്പിച്ചു കാണുന്നതുപോലെ-യഹൂദരെയും, മുശ്‌രിക്കുകളെയും അപേക്ഷിച്ച് എക്കാലത്തും ഇസ്‌ലാമിനോടും മുസ്‌ലിംകളോടും കൂടുതൽ അടുപ്പമുണ്ടായിരിക്കുവാൻ സ്വാഭാവികമായും കാരണമുള്ളത് ക്രിസ്ത്യാനികൾക്കാകുന്നു. കർക്കശമായ മതശാസനകളും, നിയമങ്ങളും ക്രിസ്തുമതത്തിൽ കുറവാണ്. കാരുണ്യം, വിനയം, എതിരാളികളോട് സഹിഷ്ണുത, സഹനം മുതലായ സ്വഭാവ ഗുണങ്ങൾക്ക് അതിൽ കൂടുതൽ സ്ഥാനവും നൽകപ്പെട്ടിരിക്കുന്നു. മിക്കതിലും അതിരുകവിയലാണുള്ളതെന്നത്രെ വസ്തുത. വലത്തേ മുഖത്ത് അടിച്ചവന് ഇടത്തേ മുഖവും തിരിച്ചുകൊടുക്കണമെന്നതുപോലെയുള്ള ക്രിസ്തുമത തത്വങ്ങൾ ഇതിന് ഉദാഹരണമാണ്. ഇത്തരം തത്വങ്ങളെ പൊക്കിക്കാട്ടിക്കൊണ്ട് അന്യരെ ക്രിസ്തുമതത്തിലേക്ക് ആകർഷിക്കുവാൻ പാതിരിമാർ ശ്രമം നടത്തുക പതിവാണ്. ക്രിസ്ത്യാനികളിൽ നിന്നുണ്ടായ മേൽ സൂചിപ്പിച്ചതു പോലെയുള്ള കഠിന സംഘട്ടനങ്ങളുടെ കാരണം സൂക്ഷ്മമായി പരിശോധിച്ചാൽ, പ്രസ്തുത സ്വഭാവ ഗുണങ്ങളിൽ നിന്ന്-സ്വാർത്ഥപരമായ പ്രേരണകൾ നിമിത്തം-അവർ അകന്നുപോയതാണെന്നു പറയാം.

ക്രിസ്ത്യാനികൾക്ക് സത്യവിശ്വാസികളോടുള്ള ശത്രുതയിൽ ലാഘവം ഉണ്ടാകുവാനുള്ള കാരണം ഇമാം ഇബ്നു തൈമിയ്യ (റ) ഇങ്ങിനെ ചൂണ്ടിക്കാട്ടുന്നു: 'അല്ലാഹുവിന്റെയും മതത്തിന്റെയും ശത്രുക്കളോട് ക്രിസ്തു മതത്തിൽ ശത്രുതയും വിദ്വേഷവും ഇല്ല. എന്നിരിക്കെ, മര്യാദ പാലിക്കുന്നവരായ സത്യവിശ്വാസികളോട് അവരുടെ ശത്രുതയും വിദ്വേഷവും എങ്ങിനെയായിരിക്കും?! ഇത് അവരെ സംബന്ധിക്കുന്ന ഒരു പ്രശംസയൊന്നുമല്ല. തുടർന്ന് 85-ാം വചനം മുഖേന തങ്ങളുടെ സത്യതക്കും ക്വുർആൻ സാക്ഷ്യം വഹിക്കുന്നതായി ക്രിസ്തീയ പണ്ഡിതന്മാർ സമർത്ഥിച്ചു വരാറുള്ളതിന് ഇമാം അവർകൾ ഇങ്ങിനെ മറുപടി നൽകുന്നു: 'ആ വചനത്തിൽ നിന്ന് അതിന് തെളിവു ലഭിക്കുന്നില്ല. കാരണം, അടുത്ത (86-ാം) വചനത്തിൽ, റസൂലിന് അവതരിക്കപ്പെട്ടത് അവർ കേട്ടാൽ യഥാർത്ഥം മനസ്സിലാകുന്നതു നിമിത്തം അവരുടെ കണ്ണുകൾ അശ്രുക്കളാൽ ഒഴുകുന്നതാണ്. (وَإِذَا سَمِعُوا مَا أُنزِلَ إِلَى الرَّسُولِ...) എന്നുകൂടി

അല്ലാഹു പറഞ്ഞിരിക്കുന്നുവല്ലോ'(*) അതായത്, റസൂലിന് അവതരിച്ച ക്വുർആൻ കേട്ട് സത്യം മനസ്സിലാക്കുകയും, അങ്ങനെ തങ്ങളുടെ പക്കൽ വന്ന തെറ്റുകൾ മനസ്സിലാക്കുകയും ചെയ്തുകൊണ്ട് അവർ വ്യസനപ്പെട്ടു കണ്ണുനീരൊഴുക്കുന്നുവെങ്കിൽ മാത്രമേ ഈ വചനം അവരുടെ സത്യതക്ക് സാക്ഷ്യമായിത്തീരുകയുള്ളൂ. അങ്ങിനെയുള്ളവർ ക്രിസ്തുമതം വിട്ടു മുസ്‌ലിംകളായിത്തീരുകയും ചെയ്യുമല്ലോ.

قِسِيسُون (ക്വിസ്സീസൂൻ) എന്ന വാക്കിന് 'പണ്ഡിതാചാര്യന്മാർ' എന്നും رُهْبَان (റുഹ്ബാൻ) എന്ന വാക്കിന് 'പുരോഹിതന്മാർ' എന്നുമാണ് നാമിവിടെ വിവർത്തനം ചെയ്തിരിക്കുന്നത്. 'പഠനത്തിന് മിനക്കെട്ടവർ, ഭക്തരായ പണ്ഡിതന്മാർ, മതോപദേശികൾ, ഗുരുവര്യന്മാർ, ധർമാദ്ധ്യക്ഷന്മാർ, ആചാര്യന്മാർ, പാതിരിയച്ചന്മാർ' എന്നൊക്കെയുള്ള അർത്ഥങ്ങളിൽ ഒന്നാമത്തെ വാക്ക് ഉപയോഗിക്കപ്പെടുന്നു. 'ആരാധനയിൽ മുഴുകിയവർ, സന്യാസികൾ, മഠവാസികൾ, യോഗികൾ, ഭക്തന്മാർ' എന്നൊക്കെ രണ്ടാമത്തേതിനും അർത്ഥങ്ങൾ വരും. വേദക്കാരുടെ ഇടയിലാണ് അധികവും ഈ വാക്കുകളുടെ ഉപയോഗമുള്ളത്.

വിഭാഗം - 12

വേദക്കാരെക്കുറിച്ചും അവരെ അഭിമുഖീകരിച്ചും വളരെ കാര്യങ്ങൾ വിവരിച്ച ശേഷം സത്യവിശ്വാസികളെ അഭിമുഖീകരിച്ചുകൊണ്ട് അല്ലാഹു പറയുന്നു:-

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تُحَرِّمُوا۟ طَيِّبَٰتِ مَآ أَحَلَّ ٱللَّهُ لَكُمْ وَلَا تَعْتَدُوٓا۟ ۚ إِنَّ ٱللَّهَ لَا يُحِبُّ ٱلْمُعْتَدِينَ ﴿٩٠﴾

﴿90﴾ **ഹേ, വിശ്വസിച്ചവരേ,**

നിങ്ങൾക്ക് അല്ലാഹു അനുവദനീയമാക്കിത്തന്നിട്ടുള്ളതിലെ (നല്ല) വിശിഷ്ടവസ്തുക്കളെ നിങ്ങൾ നിഷിദ്ധമാക്കരുത്; നിങ്ങൾ അതിരുവിടുകയും ചെയ്യരുത്.

നിശ്ചയമായും അല്ലാഹു, അതിരുവിടുന്നവരെ ഇഷ്ടപ്പെടുകയില്ല.

وَكُلُوا۟ مِمَّا رَزَقَكُمُ ٱللَّهُ حَلَٰلًا طَيِّبًا ۚ وَٱتَّقُوا۟ ٱللَّهَ ٱلَّذِىٓ أَنتُم بِهِۦ مُؤْمِنُونَ ﴿٩١﴾

﴿91﴾ **അല്ലാഹു നിങ്ങൾക്ക് നൽകിയതിൽ നിന്ന് അനുവദനീയവും വിശിഷ്ടവുമായത് നിങ്ങൾ തിന്നുകൊള്ളുകയും ചെയ്യുവിൻ. നിങ്ങൾ യാതൊരു അല്ലാഹുവിൽ വിശ്വസിക്കുന്നവരാണോ അവനെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുവിൻ.**

(*) راجع ص 55 وص 56 ج 2 من الجواب الصحيح لمن بدل دين المسيح لابن تيمية رح – طبع مطابع المجد التجارية

﴾90﴿ يَاأَيُّهَاالَّذِينَ آمَنُوا ഹേ, വിശ്വസിച്ചവരേ لاتُحَرِّمُوا നിങ്ങൾ ഹറാമാ(നിഷിദ്ധമാ)ക്ക രുത് طَيِّبَاتِ നല്ല വസ്തുക്കളെ, വിശിഷ്ടമായവയെ مَاأَحَلَّ അനുവദനീയമാക്കിത്തന്ന തിലെ اللهُ അല്ലാഹു لَكُمْ നിങ്ങൾക്ക് وَلاتَعْتَدُوا നിങ്ങൾ അതിരു വിടുകയും അരുത് إِنَّ اللهَ നിശ്ചയമായും അല്ലാഹു لا يُحِبُّ ഇഷ്ടപ്പെടുകയില്ല, സ്നേഹിക്കുന്നതല്ല الْمُعْتَدِينَ അതിരുവിടുന്നവരെ ﴾91﴿ وَكُلُوا നിങ്ങൾ തിന്നുകയും ചെയ്യുവിൻ مِمَّارَزَقَكُمُ നിങ്ങൾക്ക് നൽകിയതിൽ നിന്ന് اللهُ അല്ലാഹു حَلالا അനുവദനീയമായത് طَيِّبًا നല്ലത്, വിശിഷ്ടമായത് وَاتَّقُوااللهَ അല്ലാഹുവിനെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുവിൻ الَّذِي യാതൊരുവനായ أَنتُم بِهِ നിങ്ങൾ അവനിൽ مُؤْمِنُونَ വിശ്വസിക്കുന്നവരാണ്

ക്രിസ്ത്യാനികൾ അവരുടെ വിശ്വാസങ്ങളിലും ആചാരാനുഷ്ഠാനങ്ങളിലും അതിരുകവിയുകയും, അവർക്ക് അനുവദനീയമായിരുന്ന ചില സുഖസൗകര്യങ്ങളെ പരിത്യജിച്ചു സന്യാസ ജീവിതം അനുഷ്ഠിക്കുകയും ചെയ്തു വന്നതുപോലെ സത്യവിശ്വാസികൾ ചെയ്യരുതെന്നും, അല്ലാഹു തങ്ങൾക്ക് അനുവദിച്ചു കൊടുത്ത നല്ല വസ്തുക്കളൊന്നും അവർ സ്വയം നിഷിദ്ധമാക്കിത്തീർക്കരുതെന്നും അല്ലാഹു കൽപിക്കുന്നു. നേരെമറിച്ചു അവ ഉപയോഗപ്പെടുത്തുന്നതിൽ അതിരു വിട്ടുപോകരുതെന്നും കൽപിക്കുന്നു. അല്ലാഹു അനുവദനീയമാക്കിത്തന്നവയെ ഉപയോഗിക്കാതെ സ്വയം നിഷിദ്ധമാക്കിത്തീർക്കുന്നത് അവന്റെ അനുഗ്രഹത്തിനു നേരെയുള്ള നന്ദികേടാകുന്നു. മറിച്ച് അവ അമിതമായി ഉപയോഗപ്പെടുത്തുന്നത് അക്രമവും അനീതിയുമായിരിക്കും. അനുവദിക്കപ്പെട്ട വസ്തുക്കളിൽ-അവ ഭക്ഷ്യവസ്തുക്കളാവട്ടെ, അല്ലാത്തവയാകട്ടെ-മിതത്വം പാലിക്കാതിരിക്കുന്നതും. അനുവദിക്കപ്പെടാത്ത വസ്തുക്കളെ ഉപയോഗിക്കുന്നതും-രണ്ടുംതന്നെ- അതിരു കവിയലായിരിക്കുന്നതാണ്. അനുവദനീയമായ നല്ല വസ്തുക്കൾ എന്ന് പറഞ്ഞതിന്റെ വിവക്ഷയെപ്പറ്റി അൽബകറഃ 168 ന്റെ വ്യാഖ്യാനത്തിൽ വിവരിച്ചിട്ടുള്ളത് ഓർക്കുക.

സ്വഹാബികളിൽ പെട്ട ചില ആളുകൾ ഒരുമിച്ചുകൂടി തങ്ങളിൽ ചിലർ മേലിൽ മാംസം കഴിക്കുകയില്ലെന്നും, ചിലർ സദാ നോമ്പുപിടിക്കുമെന്നും, വേറെ ചിലർ വിവാഹം കഴിക്കുകയില്ലെന്നും, മറ്റു ചിലർ രാത്രിയിൽ ഉറങ്ങാതെ നമസ്കരിക്കുമെന്നുമൊക്കെ നിശ്ചയിക്കുകയുണ്ടായി. നബി തിരുമേനി ﷺ ആ വിവരം അറിഞ്ഞപ്പോൾ, അവരെപ്പറ്റി ആക്ഷേപിച്ചു. 'ഞാൻ മാംസം കഴിക്കുന്നു, ഞാൻ നോമ്പ് പിടിക്കുകയും പിടിക്കാതിരിക്കുകയും ചെയ്യുന്നു. ഞാൻ രാത്രി ഉറങ്ങുകയും നമസ്കരിക്കുകയും ചെയ്യുന്നു, ഞാൻ സ്ത്രീകളെ വിവാഹം കഴിക്കുന്നു, ഇതാണ് എന്റെ ചര്യ. എന്റെ ചര്യയോട് വെറുപ്പുള്ളവർ എന്റെ കൂട്ടത്തിൽപെട്ടവരല്ല'. എന്നിങ്ങിനെ അവിടുന്ന് അവരോട് പറയുകയും ചെയ്തു. ഇതുപോലെയുള്ള ചില സംഭവങ്ങളാണ് ഈ വചനങ്ങളുടെ അവതരണത്തിനു കാരണമെന്ന് പല രിവായത്തുകളിലും വന്നിരിക്കുന്നു.

لَا يُؤَاخِذُكُمُ ٱللَّهُ بِٱللَّغْوِ فِيٓ أَيْمَـٰنِكُمْ وَلَـٰكِن يُؤَاخِذُكُم بِمَا عَقَّدتُّمُ ٱلْأَيْمَـٰنَ ۖ

﴾92﴿ നിങ്ങളുടെ സത്യങ്ങളിലെ വ്യർത്ഥവാക്കു മൂലം അല്ലാഹു നിങ്ങളെ പിടികൂടുകയില്ല. പക്ഷേ, നിങ്ങൾ (മനഃപൂർവ്വം) സത്യങ്ങളെ ഉറപ്പിക്കുന്നതുമൂലം അവൻ നിങ്ങളെ പിടികൂടുന്നതാണ്.

فَكَفَّـٰرَتُهُۥٓ إِطْعَامُ عَشَرَةِ مَسَـٰكِينَ مِنْ أَوْسَطِ مَا تُطْعِمُونَ أَهْلِيكُمْ أَوْ كِسْوَتُهُمْ أَوْ تَحْرِيرُ رَقَبَةٍ ۖ

അപ്പോൾ അതിന്റെ [അതു ലംഘിച്ചതിന്റെ] പ്രായശ്ചിത്തം, നിങ്ങൾ നിങ്ങളുടെ വീട്ടുകാർക്ക് ഭക്ഷിക്കുവാൻ കൊടുക്കാറുള്ളതിന്റെ മദ്ധ്യനിലക്കുള്ളതിൽ നിന്ന് പത്ത് സാധുക്കൾക്ക് ഭക്ഷണം കൊടുക്കലാകുന്നു; അല്ലെങ്കിൽ അവർക്ക് വസ്ത്രം (കൊടുക്കുക); അല്ലെങ്കിൽ ഒരു അടിമയെ സ്വതന്ത്രമാക്കുക.

فَمَن لَّمْ يَجِدْ فَصِيَامُ ثَلَـٰثَةِ أَيَّامٍ ۚ ذَٰلِكَ كَفَّـٰرَةُ أَيْمَـٰنِكُمْ إِذَا حَلَفْتُمْ ۚ

എനി വല്ലവർക്കും (അതൊന്നും) കിട്ടിയില്ലെങ്കിൽ, മൂന്നു ദിവസത്തെ നോമ്പു പിടിക്കലാണ് (വേണ്ടത്) അത്, നിങ്ങൾ ശപഥം ചെയ്താൽ നിങ്ങളുടെ സത്യ(ലംഘന)ങ്ങൾക്കുള്ള പ്രായശ്ചിത്തമത്രെ.

وَٱحْفَظُوٓا۟ أَيْمَـٰنَكُمْ ۚ

നിങ്ങളുടെ സത്യങ്ങളെ നിങ്ങൾ കാത്തു സൂക്ഷിക്കുകയും ചെയ്യുവിൻ.

كَذَٰلِكَ يُبَيِّنُ ٱللَّهُ لَكُمْ ءَايَـٰتِهِۦ لَعَلَّكُمْ تَشْكُرُونَ ﴿٨٩﴾

അപ്രകാരം അല്ലാഹു അവന്റെ 'ആയത്തു' [ലക്ഷ്യം]കളെ നിങ്ങൾക്ക് വിവരിച്ചുതരുന്നു; നിങ്ങൾ നന്ദി കാണിച്ചേക്കാമല്ലോ.

﴾92﴿ لَا يُؤَاخِذُكُمُ നിങ്ങളെ പിടികൂടുക(പിടിച്ചു ശിക്ഷിക്കുക)യില്ല اللهُ അല്ലാഹു بِاللَّغْوِ വ്യർത്ഥമായത് (പൊയ്‌വാക്ക്-നിരർത്ഥമായത്) മൂലം فِي أَيْمَانِكُمْ നിങ്ങളുടെ സത്യങ്ങളിൽ وَلَٰكِنْ എങ്കിലും يُؤَاخِذُكُمْ നിങ്ങളെ അവൻ പിടികൂടും بِمَا عَقَّدْتُمُ നിങ്ങൾ ഉറപ്പിക്കുന്നതുമൂലം, സ്ഥാപിച്ചു പറയുന്നതുകൊണ്ട് الْأَيْمَانَ സത്യങ്ങളെ فَكَفَّارَتُهُ എന്നാൽ (അപ്പോൾ) അതിന്റെ പ്രായശ്ചിത്തം إِطْعَامُ ഭക്ഷണം നൽകലാണ് عَشَرَةِ

പത്ത് مَسَاكِينَ സാധുക്കൾക്ക്, പാവങ്ങൾക്ക് مِنْ أَوْسَطِ മദ്ധ്യ നിലയിലുള്ളതിൽനിന്ന് مَا تُطْعِمُونَ നിങ്ങൾ ഭക്ഷണം നൽകുന്നതിൽ أَهْلِيكُمْ നിങ്ങളുടെ ആൾക്കാർക്ക് أَوْ كِسْوَتُهُمْ അല്ലെങ്കിൽ അവരുടെ ഉടുപ്പ്, അവർക്കുള്ള വസ്ത്രം (നൽകൽ) أَوْ تَحْرِيرُ അല്ലെങ്കിൽ സ്വതന്ത്രമാക്കൽ رَقَبَةٍ ഒരു അടിമയെ فَمَنْ لَمْ يَجِدْ എനി ആർക്കെങ്കിലും കിട്ടാത്തപക്ഷം, വല്ലവനും എത്തപ്പെടാതിരുന്നാൽ فَصِيَامُ എന്നാൽ നോമ്പ് പിടിക്കൽ ثَلَاثَةِ أَيَّامٍ മൂന്നു ദിവസങ്ങൾ ذَٰلِكَ അത് كَفَّارَةُ പ്രായശ്ചിത്തമാകുന്നു أَيْمَانِكُمْ നിങ്ങളുടെ സത്യങ്ങളുടെ إِذَا حَلَفْتُمْ നിങ്ങൾ ശപഥം (സത്യം) ചെയ്താൽ وَاحْفَظُوا നിങ്ങൾ സൂക്ഷിക്കുക(കാക്കുക)യും ചെയ്യുവിൻ أَيْمَانَكُمْ നിങ്ങളുടെ സത്യങ്ങളെ كَذَٰلِكَ അപ്രകാരം يُبَيِّنُ اللَّهُ അല്ലാഹു വിവരിക്കുന്നു لَكُمْ നിങ്ങൾക്ക് آيَاتِهِ അവന്റെ ആയത്തുകളെ لَعَلَّكُمْ നിങ്ങളായേക്കാം, ആകുവാൻ വേണ്ടി تَشْكُرُونَ നിങ്ങൾ നന്ദി ചെയ്യും

മനഃപൂർവ്വമല്ലാതെ നാവിലൂടെ വന്നു പോകുന്ന സത്യവാചകങ്ങളുടെ പേരിൽ-അവ പാലിക്കാത്തപക്ഷം-അല്ലാഹു നടപടി എടുക്കുകയില്ല. ഉദ്ദേശ്യപൂർവ്വം ഉറപ്പിച്ചു പറയുന്ന സത്യങ്ങൾ പാലിക്കൽ നിർബന്ധമാകുന്നു. ഇല്ലാത്തപക്ഷം അതിന്റെ പേരിൽ അല്ലാഹു നടപടിയെടുക്കും. അഥവാ അത് ശിക്ഷാർഹമാകുന്നു എന്നൊക്കെയാണ് ആയത്തിന്റെ ആദ്യ ഭാഗത്തിൽ പ്രസ്താവിക്കുന്നത്. സത്യങ്ങളെ സംബന്ധിച്ച പല വിവരങ്ങളും അൽ ബക്വറഃയിൽ മുമ്പ് കഴിഞ്ഞു പോയിട്ടുണ്ട്. അതിലെ 224, 225 എന്നീ വചനങ്ങളും വ്യാഖ്യാനങ്ങളും നോക്കുക. വ്യർത്ഥമായ വാക്ക് (اللغو) കൊണ്ടുള്ള വിവക്ഷ എന്താണെന്നും അവിടെ വിവരിച്ചിട്ടുണ്ട്.

ഇന്നപ്രകാരം ചെയ്തുകൊള്ളാം, അല്ലെങ്കിൽ ചെയ്യുകയില്ല എന്ന് ഒരാൾ സത്യം ചെയ്തു പറഞ്ഞാൽ, അത് നിറവേറ്റൽ അയാളുടെ കടമയായിത്തീരുന്നു. എങ്കിലും ആ സത്യം മൂലം വല്ല സൽക്കാര്യത്തിനും തടസ്സം നേരിടുന്ന പക്ഷം, പ്രായശ്ചിത്തം (كفارة) നൽകിക്കൊണ്ട് അതിൽ നിന്ന് മടങ്ങേണ്ടതാകുന്നു. ഇതിനെപ്പറ്റി സൂറത്തുൽ ബക്വറഃയിൽ മുമ്പ് വിവരിച്ചിട്ടുള്ളതാണ്. ഏത് കാരണത്താലായാലും സത്യം ലംഘിക്കുന്നവർ അതിന് പ്രായശ്ചിത്തം നൽകേണ്ടതുണ്ടെന്നും ആ പ്രായശ്ചിത്തം എപ്രകാരമാണെന്നുമാണ് പിന്നീടുള്ള വാക്യങ്ങളിൽ അല്ലാഹു പ്രസ്താവിക്കുന്നത്. പത്തു സാധുക്കൾക്ക് ഭക്ഷണം കൊടുക്കുക, അല്ലെങ്കിൽ പത്തു സാധുക്കൾക്ക് വസ്ത്രം നൽകുക, അല്ലെങ്കിൽ ഒരു അടിമയെ മോചിപ്പിച്ചു വിടുക. ഇതാണ് സത്യം പിഴച്ചാലുള്ള പ്രായശ്ചിത്തം. ഇവയിൽ ആദ്യം പറഞ്ഞ ചിലത് പിന്നീട് പറഞ്ഞതിനെക്കാൾ ലാഘവം കൂടിയതാണെങ്കിലും മൂന്നിൽ ഏതെങ്കിലും ഒന്നു മാത്രമേ നിർബന്ധമുള്ളൂ. ഒന്നും സാധിക്കാതെ വന്നാൽ മൂന്നു ദിവസം നോമ്പ് നോൽക്കൽ നിർബന്ധമാകുന്നു.

നിങ്ങൾ നിങ്ങളുടെ കുടുംബങ്ങൾക്ക് നൽകുന്ന മദ്ധ്യനിലയിലുള്ള ഭക്ഷണത്തിൽ നിന്നായിരിക്കണം സാധുക്കൾക്ക് ഭക്ഷണം നൽകുന്നത് എന്ന് അല്ലാഹു വ്യക്തമാക്കിയിരിക്കുന്നു. അതതു സ്ഥലങ്ങളിൽ പൊതുജന മദ്ധ്യെ സാധാരണ ഉപയോഗിക്കപ്പെട്ടു

വരുന്ന ഭക്ഷണപദാർത്ഥമാണ് ഇതുകൊണ്ടുദ്ദേശ്യം. എന്നാൽ, ഓരോരുത്തർക്കും നൽകേണ്ടുന്ന ഭക്ഷ്യപദാർത്ഥത്തിന്റെ അളവ് എത്രയെന്നും വസ്ത്രം ഏതൊക്കെ- അല്ലെങ്കിൽ എത്രയൊക്കെ-യെന്നും ഇവിടെ പ്രസ്താവിക്കപ്പെട്ടിട്ടില്ല. അതുകൊണ്ട് ഈ വിഷയത്തിൽ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായവ്യത്യാസം കാണാം. (വിശദവിവരങ്ങൾക്ക് യഥാസ്ഥാനങ്ങളെ സമീപിക്കേണ്ടതാകുന്നു). കഴിയുന്നതും കൂടുതൽ നന്നാക്കിയും പൂർണമായ തോതിലും ഓരോന്നും നൽകലാണ് ഏറ്റവും ഉത്തമമെന്ന് പറയേണ്ടതില്ലല്ലോ. അത്യാവശ്യ സന്ദർഭം നേരിടുമ്പോൾ മാത്രം സത്യം ചെയ്യുക, ഏതെങ്കിലും തിന്മക്ക് കാരണമാകുന്ന വിധത്തിലോ, നന്മക്ക് തടസ്സം നേരിടാവുന്ന വിധത്തിലോ സത്യം ചെയ്യാതിരിക്കുക, സത്യം ചെയ്തശേഷം അതിനെ അവഗണിക്കാതെ കർശനമായി പാലിക്കുക, ലംഘിച്ചു പോയെങ്കിൽ ഉടനടി പ്രായശ്ചിത്തം നിറവേറ്റുക എന്നിവയെല്ലാം ഉൾപ്പെടുന്ന ഒരു കല്പനയാണ് നിങ്ങളുടെ സത്യങ്ങളെ നിങ്ങൾ കാത്തുസൂക്ഷിക്കുവിൻ (وَاحْفَظُوٓا۟ أَيْمَـٰنَكُمْ) എന്ന വാക്യം.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟
إِنَّمَا ٱلْخَمْرُ وَٱلْمَيْسِرُ وَٱلْأَنصَابُ
وَٱلْأَزْلَـٰمُ رِجْسٌ مِّنْ عَمَلِ
ٱلشَّيْطَـٰنِ
فَٱجْتَنِبُوهُ لَعَلَّكُمْ تُفْلِحُونَ ﴿٩٣﴾

﴾93﴿ ഹേ, വിശ്വസിച്ചവരേ,

നിശ്ചയമായും കള്ളും, 'മൈസിറും' [ചൂതാട്ടവും], ബലി പീഠങ്ങളും (അഥവാ പ്രതിഷ്ഠകളും), അമ്പുകോലുകളും പിശാചിന്റെ പ്രവർത്തനത്തിൽപെട്ട മ്ലേച്ഛം മാത്രമാകുന്നു.

അതിനാൽ നിങ്ങളത് വർജ്ജിക്കുവിൻ-നിങ്ങൾ വിജയം പ്രാപിച്ചേക്കാം.

إِنَّمَا يُرِيدُ ٱلشَّيْطَـٰنُ أَن يُوقِعَ
بَيْنَكُمُ ٱلْعَدَٰوَةَ وَٱلْبَغْضَآءَ فِى ٱلْخَمْرِ
وَٱلْمَيْسِرِ وَيَصُدَّكُمْ عَن ذِكْرِ ٱللَّهِ
وَعَنِ ٱلصَّلَوٰةِ ۖ فَهَلْ أَنتُم مُّنتَهُونَ
﴿٩٤﴾

﴾94﴿ നിശ്ചയമായും പിശാച് ഉദ്ദേശിക്കുക തന്നെ ചെയ്യുന്നു: കള്ളിലൂടെയും, 'മൈസിറി' [ചൂതാട്ടത്തി]ലൂടെയും നിങ്ങൾക്കിടയിൽ ശത്രുതയും വിദ്വേഷവും ഉണ്ടാക്കുവാനും; അല്ലാഹുവിനെ ഓർക്കുന്നതിൽ നിന്നും, നമസ്കാരത്തിൽ നിന്നും നിങ്ങളെ തടയുവാനും. ആകയാൽ, നിങ്ങൾ വിരമിക്കുന്നവരാണോ?! [വിരമിക്കുവാൻ തയ്യാറുണ്ടോ?!]

﴾93﴿ يَٰٓأَيُّهَا ٱلَّذِينَ آمَنُوا ഹേ വിശ്വസിച്ചവരേ إِنَّمَا ٱلْخَمْرُ നിശ്ചയമായും (തന്നെ-മാത്രം) കള്ള് (മദ്യം) وَٱلْمَيْسِرُ മയ്സിറും (ചൂതാട്ടവും) وَٱلْأَنصَابُ ബലിപീഠങ്ങളും, പ്രതിഷ്ഠ

مِنْ عَمَلِ കളും وَالْأَزْلَامُ അമ്പുകോലുകളും رِجْسٌ മ്ലേച്ഛം (തന്നെ-മാത്രം)ആകുന്നു പ്രവർത്തനത്തിൽ പെട്ട الشَّيْطَانِ പിശാചിന്റെ فَاجْتَنِبُوهُ അതിനാൽ അതിനെ നിങ്ങൾ വർജ്ജിക്കുവിൻ, വെടിയുവിൻ لَعَلَّكُمْ നിങ്ങളായേക്കാം تُفْلِحُونَ നിങ്ങൾ വിജയം പ്രാപിക്കും ﴾94﴿ إِنَّمَا يُرِيدُ നിശ്ചയമായും ഉദ്ദേശിക്കുകതന്നെ (മാത്രം) ചെയ്യുന്നു الشَّيْطَانُ പിശാച് أَنْ يُوقِعَ ഉണ്ടാക്കുവാൻ (തന്നെ-മാത്രം) بَيْنَكُمُ നിങ്ങൾക്കിടയിൽ الْعَدَاوَةَ ശത്രുത وَالْبَغْضَاءَ വിദ്വേഷവും فِي الْخَمْرِ കള്ളിൽ (കള്ളിലൂടെ) وَالْمَيْسِرِ മൈസി റിലും وَيَصُدَّكُمْ നിങ്ങളെ തടയു(തടുക്കു)വാനും عَنْ ذِكْرِ اللهِ അല്ലാഹുവിനെ ഓർമിക്കു ന്നതിൽ നിന്ന് وَعَنِ الصَّلَاةِ നമസ്കാരത്തിൽ നിന്നും فَهَلْ أَنْتُمْ എന്നാൽ (അതിനാൽ) നിങ്ങൾ ആകുന്നുവോ مُنْتَهُونَ വിരമിക്കുന്നവർ

الخمر (കള്ള്) എന്നാൽ ലഹരിയുണ്ടാക്കുന്ന എല്ലാ പാനീയങ്ങളുമാണ് ഉദ്ദേശ്യ മെന്നും الميسر(ചൂതാട്ടം) എന്ന വാക്കിൽ, എളുപ്പമാർഗത്തിലൂടെ-വെറും ഭാഗ്യമെന്ന നിലക്ക്-ധനം സമ്പാദിക്കുവാൻ ഉതകുന്ന പന്തയങ്ങൾ, ഷോടതികൾ മുതലായവയും, എല്ലാതരം ചൂതുകളികളും ഉൾപ്പെടുമെന്നും അൽബക്വറഃ 219-ാം വചനത്തിന്റെ വ്യാഖ്യാ നത്തിൽ നാം ചൂണ്ടിക്കാട്ടുകയുണ്ടായിട്ടുണ്ട്. انصاب (ബലിപീഠങ്ങൾ) എന്ന വാക്ക് نصب (നുസ്വബ്)ന്റെ ബഹുവചനമാണ്. ബിംബങ്ങൾക്ക് ബലിയർപ്പിക്കപ്പെടുന്ന മൃഗ ങ്ങളെ അറുക്കുവാൻ വേണ്ടി പ്രതിഷ്ഠിക്കപ്പെടുന്ന കല്ലുകളാണ് അത്കൊണ്ട് വിവ ക്ഷയെന്നും, ഭാഗ്യനിർഭാഗ്യങ്ങളും ഓഹരികളും നിജപ്പെടുത്താൻ വേണ്ടി പ്രത്യേക രൂപത്തിൽ അടയാളപ്പെടുത്തപ്പെട്ടിട്ടുള്ള ഒരുതരം അമ്പുകോലുകളാണ് ازلام കൊണ്ടു വിവക്ഷയെന്നും ഈ സൂറത്തിലെ 4-ാം വചനത്തിന്റെ വ്യാഖ്യാനത്തിലും വിവരിച്ചിട്ടു ണ്ട്. കൂടുതൽ വിവരം അവിടങ്ങളിൽ നോക്കുക. ആരാധനാകർമങ്ങൾക്കായി പ്രതി ഷ്ഠിക്കപ്പെടുന്ന എല്ലാതരം പ്രതിഷ്ഠകൾക്കും انصاب എന്ന് പറയപ്പെടുമെന്ന് ക്വുർ ആൻ വ്യാഖ്യാതാക്കളിൽ ഒരു പക്ഷത്തിന് അഭിപ്രായമുണ്ട്.

കള്ളിന്റെ നിരോധം മൂന്നു ഘട്ടങ്ങളിലായിട്ടാണ് നടപ്പാക്കപ്പെട്ടതെന്ന് പല ഹദീ ഥുകളിൽ നിന്നും വ്യക്തമാകുന്നു. ഭക്ഷണസാധനം കണക്കെ ചിരകാലമായി കള്ള് കുടിക്കു അറബികളിൽ സർവ്വത്ര പ്രചാരം സിദ്ധിച്ചിട്ടുണ്ടായിരുന്നതുകൊണ്ട് ഒറ്റയടിക്ക് അത് നിശ്ശേഷം നിരോധിക്കുന്ന പക്ഷം, അതവർക്ക് വളരെ വിഷമമായി അനുഭവപ്പെ ടുമല്ലോ. അതുകൊണ്ട് ആദ്യം സൂ:അൽബക്വറഃയിലെ .... يَسْأَلُونَكَ عَنِ الْخَمْرِ وَالْمَيْسِرِ (ക ള്ളിനെയും ചൂതാട്ടത്തെയും സംബന്ധിച്ചു അവർ നിന്നോട് ചോദിക്കും......) എന്ന 219 -ാം വചനം അവതരിച്ചു. ആ രണ്ടിലും വലിയ കുറ്റമുണ്ടെന്നും, അതേ സമയത്ത് ചില പ്രയോജനങ്ങളും അവയിൽ അടങ്ങിയിട്ടുണ്ടെന്നും, എങ്കിലും കുറ്റത്തിന്റെ ഭാഗമാണ് മികച്ചു നിൽക്കുന്നതെന്നും അറിയിച്ചുകൊണ്ട് ആ വചനം മുഖേന അല്ലാഹു അവരെ അതിൽ നിരുൽസാഹപ്പെടുത്തി. പിന്നീട് സൂ: നിസാഇലെ ... لَا تَقْرَبُوا الصَّلَاةَ وَأَنْتُمْ سُكَارَى (നിങ്ങൾ ലഹരി ബാധിതരായിക്കൊണ്ട് നമസ്കാരത്തെ സമീപിക്കരുത്.) എന്നു തുട

ങ്ങുന്ന 43-ാം വചനം അവതരിക്കുകയും, ഭാഗികമായ നിരോധം ഏർപ്പെടുത്തുകയും ചെയ്തു. ബലിപീഠങ്ങളിൽ വെച്ച് അറുക്കപ്പെട്ടവയും, അമ്പുകോലുകൾ വഴി ഭാഗ്യം നോക്കലും ഈ സൂറത്തിലെ 4-ാം വചനം മുഖേന നിഷിദ്ധമാക്കുകയും ചെയ്തു. ഇപ്പോൾ, ഈ വചനത്തിൽ പ്രസ്തുത നാലും-കള്ളും, ചൂതാട്ടവും, ബലിപീഠങ്ങളും, അമ്പുകോലുകളും-കർശനമായി വിരോധിക്കപ്പെട്ടിരിക്കുകയാണ്.

ഇവ നാലും പിശാചിന്റെ പ്രവർത്തനങ്ങളാണ് എന്നും, വഷളും, നീചവുമായ ഏർപ്പാടുകളാണെന്നും, കള്ളിനെയും ചൂതാട്ടത്തെയും സംബന്ധിച്ചിടത്തോളം അതിനു പുറമെ, അത് രണ്ടും മനുഷ്യൻ തമ്മതമ്മിൽ ശത്രുതയും വിദ്വേഷവും ഉണ്ടാക്കിത്തീർക്കുവാനുള്ള പൈശാചിക പ്രേരണകളാണെന്നും, അല്ലാഹുവിനെക്കുറിച്ചുള്ള ഓർമയും ബോധവും നശിപ്പിക്കുന്നതാണെന്നും, നമസ്കാരത്തെക്കുറിച്ചു ശ്രദ്ധയില്ലാതാക്കുന്നതാണെന്നും പ്രത്യേകം ചൂണ്ടിക്കാട്ടിയിരിക്കുന്നു. അഥവാ ഇവയെല്ലാം വിരോധിച്ചുകൊണ്ടുള്ള വിധി പുറപ്പെടുവിക്കുന്നതോടൊപ്പം ആ വിധിയിലടങ്ങിയ തത്വങ്ങളുംകൂടി അല്ലാഹു വിവരിച്ചു തന്നിരിക്കുന്നു. എന്തെങ്കിലും പ്രതിഫലം നിശ്ചയിച്ചുകൊണ്ടുള്ള ചൂതാട്ടങ്ങൾ മാത്രമെ നിരോധത്തിനു വിധേയമാകുകയുള്ളൂവെന്നു ചിലർ ധരിക്കാറുള്ളത് ശരിയല്ലെന്ന് ഈ വിധിന്യായങ്ങളിൽ നിന്നു മനസ്സിലാക്കാം. കള്ളുകൊണ്ടും, ചൂതാട്ടംകൊണ്ടും ജനമദ്ധ്യേ നടമാടിക്കൊണ്ടിരിക്കുന്ന അനർത്ഥങ്ങളും തോന്നിയവാസങ്ങളും എല്ലാവർക്കും അറിയാവുന്നതാണല്ലോ.

ഇത്രയെല്ലാം പ്രസ്താവിച്ചു കഴിഞ്ഞ ശേഷം അല്ലാഹു സത്യവിശ്വാസികളോട് ചോദിക്കുന്നു: കാര്യം ഇങ്ങിനെയെല്ലാമായിരിക്കെ, നിങ്ങൾ വിരമിക്കുവാൻ തയ്യാറുണ്ടോ? (فَهَلْ أَنتُم مُّنتَهُونَ) എന്ന്! ഈ ചോദ്യത്തിന്റെ ഗൗരവം ഒന്നാലോചിച്ചു നോക്കുക! സത്യവിശ്വാസത്തിന്റെ കണികപോലും ഹൃദയത്തിലുള്ള ഒരാൾക്ക് ഞാൻ തയ്യാറില്ല, എന്ന് പറയുവാൻ ധൈര്യം വരുമോ?! അതിനു അവന്റെ നാവ് അനങ്ങുമോ! നിശ്ചയമായും ഇല്ല. ഈ വചനം അവതരിച്ചപ്പോൾ അതുവരേക്കും കള്ളുകുടി നിറുത്തൽ ചെയ്തിട്ടില്ലാത്ത ചില സ്വഹാബികൾ ഉച്ചൈസ്തരം പ്രഖ്യാപിച്ചു: انتهينا انتهينا (ഞങ്ങൾ വിരമിച്ചു! വിരമിച്ചു!)

പല മാർഗങ്ങളിലൂടെയും നിവേദനം ചെയ്യപ്പെട്ട ഒരു ഹദീഥിന്റെ സാരം ഇപ്രകാരമാകുന്നു: അനസ് (റ) പറയുകയാണ്: ഞാൻ അബൂത്വൽഹാ (റ)യുടെ വീട്ടിൽ (*) ആളുകൾക്ക് കള്ളു കൊടുക്കുന്നവനായിരുന്നു. അബൂഉബൈദഃ, ഉബയ്യുബ്നു കഅ്ബ്, സുഹൈലുബ്നു ബൈദ്വാഉ് (റ) മുതലായവർക്ക് ഞാൻ കള്ളുകൊടുത്തു കൊണ്ടിരിക്കുകയാണ്. അവർക്കു ലഹരി പിടിപെട്ട് തുടങ്ങിയിരുന്നു. ആ സന്ദർഭത്തിൽ മുസ്ലിംകളിൽപെട്ട ഒരാൾ വന്നിട്ടു പറഞ്ഞു: 'കള്ള് ഹറാമാക്കപ്പെട്ടത് നിങ്ങൾ അറിഞ്ഞിട്ടില്ലേ? മദീനായിലെ തെരുവുകളിൽ കള്ളുകളെല്ലാം ഒഴുകിക്കഴിഞ്ഞിരിക്കുന്നു'. അബൂത്വൽഹ (റ) പറഞ്ഞു: 'അനസേ, പാത്രത്തിൽ ശേഷിപ്പുള്ള കള്ളെല്ലാം ചിന്തിക്കളയുക'. അല്ലാഹുവിനെത്തന്നെയാണ! പിന്നീട് ആരും കുടിച്ചില്ല. ശേഷിപ്പുള്ളതൊക്കെ തെരുവിൽ ചിന്തിക്കളഞ്ഞു. അക്കാലത്ത് അവിടെ കാരക്കയിൽ നിന്നു നിർമിക്കപ്പെടുന്ന കള്ളായിരുന്നു ഉണ്ടായിരുന്നത്. ഈ അവസരത്തിൽ ചില ആളുകൾ പറയുകയുണ്ടായി:

(*) അനസുബ്നു മാലിക് (റ)ന്റെ മാതാവിനെ വിവാഹം കഴിച്ചിരുന്ന ആളും ഒരു കള്ള് വ്യാപാരിയും ആയിരുന്നു അബൂത്വൽഹത്തൽ അൻസ്വാരീ (റ).

'ഇന്ന ആളും, ഇന്ന ആളും (യുദ്ധത്തിൽ) കൊല്ലപ്പെട്ടിട്ടുണ്ടല്ലോ. അവരുടെ വയറ്റിൽ കള്ളുണ്ടായിരുന്നുവല്ലോ. (അവർക്ക് കുറ്റം ഉണ്ടാകുകയില്ലേ?)' ഇതു സംബന്ധിച്ച് لَيْسَ عَلَى الَّذِينَ آمَنُوا... എന്നുള്ള (അടുത്ത 96-ാമത്തെ) വചനം അവതരിക്കയുണ്ടായി. (അ; ബു; മു.)

കള്ള് കുടിക്കുന്നവരെയും, കുടിപ്പിക്കുന്നവരെയും, വിൽക്കുന്നവരെയും, വാങ്ങുന്നവരെയും വാറ്റുന്നവരെയും വാറ്റിക്കുന്നവരെയും കൊണ്ടു പോകുന്നവരെയും ആർക്കുവേണ്ടി കൊണ്ടുപോകുന്നുവോ അവരെയും, അതിന്റെ വില ഉപയോഗിക്കുന്നവരെയും റസൂൽ ﷺ ശപിച്ചിരിക്കുന്നുവെന്ന് ഇബ്നു ഉമർ (റ) പ്രസ്താവിച്ചതായി ഒരു ഹദീഥിൽ വന്നിരിക്കുന്നു. (അ). മറ്റൊരു ഹദീഥിൽ നബി ﷺ പറഞ്ഞതായി അദ്ദേഹം ഉദ്ധരിക്കുന്നു: 'എല്ലാ ലഹരിയുണ്ടാക്കുന്നതും കള്ളാണ്; ലഹരിയുണ്ടാക്കുന്നതെല്ലാം ഹറാമാകുന്നു. ഒരാൾ കള്ള് കുടിച്ചിട്ട് അതിൽ നിന്ന് ഖേദിച്ചു മടങ്ങാതെ മരണപ്പെടുന്ന പക്ഷം അവൻ പരലോകത്ത് (സ്വർഗത്തിൽ) അതു കുടിക്കുകയില്ല' (ബു; മു). ഒരിക്കൽ ഉമർ (റ) നബി ﷺയുടെ മിമ്പറിൽ (പ്രസംഗ പീഠത്തിൽ) കയറി ചെയ്ത പ്രസംഗത്തിൽ ഇങ്ങിനെ പറഞ്ഞു: 'കള്ളിനെ നിഷിദ്ധമാക്കിക്കൊണ്ട് ക്വുർആൻ അവതരിച്ചിരിക്കുന്നു. അഞ്ചു വസ്തുക്കളിൽ നിന്നാണ് കള്ള് ഉണ്ടാക്കപ്പെടുന്നത്. മുന്തിരിയും, കാരക്കയും, തേനും, ഗോതമ്പും, യവവും. കള്ള് എന്നാൽ ബുദ്ധിയെ മൂടിക്കളയുന്ന (ലഹരിയുണ്ടാക്കുന്ന)തെല്ലാം തന്നെയാകുന്നു' (ബു). ലഹരിയുണ്ടാക്കുന്ന പാനീയം എന്നല്ലാതെ, മുന്തിരിക്കള്ള് എന്നോ മറ്റോ തരവ്യത്യാസം കള്ളിൽ പരിഗണിക്കപ്പെടുകയില്ലെന്നത്രെ ഉമർ (റ) പറഞ്ഞതിന്റെ താൽപര്യം. ആയത്തിൽ ഉപയോഗിച്ച വാക്ക് خمر (ഖംറ്) എന്നാണല്ലോ. ആ വാക്ക് അക്കാലത്ത് അധികവും ഉപയോഗിച്ചിരുന്നത് മുന്തിരിക്കള്ളിനായിരുന്നു. മറ്റുള്ള കള്ളുകൾക്ക് فضيخ (ഫദ്വീഖ്) എന്നും പറഞ്ഞു വന്നിരുന്നു. അതാണ് ഉമർ (റ) അങ്ങിനെ പറയുവാൻ കാരണം.

പല പ്രദേശങ്ങളിൽ നിന്നുമുള്ള നിവേദക സംഘങ്ങൾ നബി ﷺയുടെ അടുക്കൽ വന്നു ഇസ്‌ലാമിനെക്കുറിച്ചു പഠിച്ചുപോയിരുന്നുവല്ലോ. അബ്ദുൽ ക്വൈസ് ഗോത്രത്തിന്റെ നിവേദക സംഘവും അവയിൽ ഒന്നായിരുന്നു. അവർക്ക് നബി ﷺ പലതും പഠിപ്പിച്ച കൂട്ടത്തിൽ കള്ളിന്റെ പാത്രങ്ങൾപോലും വർജ്ജിക്കുവാൻ ഉപദേശിക്കുകയുണ്ടായി. അപ്പോൾ, അവരുടെ സംഘത്തിൽ ഏറ്റവും ചെറുപ്പക്കാരനും ബുദ്ധിമാനുമായിരുന്ന അശജ്ജ് (عبد الله بن عوف الأشج رضـ) അൽപമൊന്ന് കൈകൊണ്ട് ആംഗ്യം കാണിച്ചുകൊണ്ട് നബി ﷺയോട് ചോദിച്ചു: 'റസൂലേ, ഞങ്ങളുടെ നാട് ഒരു പരുക്കനും കാലാവസ്ഥ ഗുണമില്ലാത്തതുമാണ്. ഞങ്ങൾക്ക് ഈ പാനീയം കുടിക്കാത്തപക്ഷം വയറു തടിക്കുന്നതാണ്. അതുകൊണ്ട് ഞങ്ങൾക്ക് ഇത്രകണ്ടു കുടിക്കുവാൻ അനുവദിച്ചു കൂടേ?' അപ്പോൾ തിരുമേനി അവിടുത്തെ രണ്ടു കൈപത്തികൾ കാട്ടിക്കൊണ്ട് 'ഞാൻ തനിക്ക് ഇത്രത്തോളം കുടിക്കുവാൻ അനുവദിച്ചാൽ താൻ ഇത്രത്തോളം കുടിച്ചേക്കും' എന്നു പറഞ്ഞ് രണ്ടു കൈകളും നീട്ടി അകറ്റിക്കാണിക്കുകയുണ്ടായി. തിരുമേനി തുടർന്നു: 'അങ്ങനെ, ഒരാൾ കുടിച്ചു ലഹരി പിടിച്ചാൽ അവൻ തന്റെ പിതൃവ്യപുത്രന്റെ (സഹോദരന്റെ) നേരെ എഴുന്നേറ്റ് വാളുകൊണ്ട് വെട്ടുകയും ചെയ്യും', പല ചരിത്ര ഗ്രന്ഥങ്ങളിലും ഹദീഥ് ഗ്രന്ഥങ്ങളിലും കാണാവുന്ന ഒരു സംഭവമാണിത്.

കള്ളുണ്ടാക്കുന്ന ഒരാളായിരുന്നു ത്വാരിക്വ്ബ്നു സുവൈദിൻ ജുഅഫീ (റ). അദ്ദേഹത്തോട് നബി ﷺ അത് വിരോധിച്ചപ്പോൾ, ഞാനതു മരുന്നിന്നായിട്ടാണ് ഉണ്ടാക്കാറുള്ളതെന്ന് അദ്ദേഹം പറഞ്ഞു. തിരുമേനിയുടെ മറുപടി ഇതായിരുന്നു: 'അത് മരുന്നല്ല; എങ്കിലും രോഗമാണ്.' (അ; മു; ദാ) കള്ള് മനുഷ്യന്റെ ആരോഗ്യത്തിന് ദോഷകരമാണെന്നു പൊതുവെ എല്ലാവർക്കും അറിയാവുന്നതാണല്ലോ.

കള്ള് കുടിക്കുന്നവരുടെ മേൽ സ്വീകരിക്കപ്പെടേണ്ടുന്ന ഒരു പ്രത്യേക ശിക്ഷാനിയമം (حد) ക്വുർആൻ കൊണ്ടോ മറ്റോ സ്ഥാപിതമായിട്ടില്ല. എങ്കിലും ഭരണകർത്താവിന്റെ യുക്തമനുസരിച്ച് തക്കതായ വല്ല ശിക്ഷയും (تعزير) നൽകേണ്ടതാണ് എന്നത്രെ നബി ﷺയുടെ സുന്നത്തിൽനിന്ന് അറിയപ്പെടുന്നത്. നബി ﷺയുടെ കാലത്ത് നാൽപത് അടിയാണ് കള്ള് കുടിച്ചവർക്ക് നൽകപ്പെട്ടിരുന്ന ശിക്ഷ. (ബു. മു). അബൂബക്ർ (റ)ന്റെ ഖിലാഫത്തു കാലത്തും ഉമർ (റ) ന്റെ ഖിലാഫത്തിന്റെ ആദ്യകാലങ്ങളിലും അങ്ങിനെത്തന്നെയായിരുന്നു. പിന്നീട് ജനങ്ങളിൽ കുടി അധികമായെന്ന് കണ്ടപ്പോൾ, ഉമർ (റ) എൺപത് അടിവീതം ശിക്ഷ നൽകി (ബു.)

وَأَطِيعُوا۟ ٱللَّهَ وَأَطِيعُوا۟ ٱلرَّسُولَ وَٱحْذَرُوا۟ ۚ

﴾95﴿ നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുവിൻ; റസൂലിനെയും അനുസരിക്കുവിൻ; (അനുസരണക്കേട്) കാത്തുകൊള്ളുകയും ചെയ്യുവിൻ

فَإِن تَوَلَّيْتُمْ فَٱعْلَمُوٓا۟ أَنَّمَا عَلَىٰ رَسُولِنَا ٱلْبَلَٰغُ ٱلْمُبِينُ ﴿٩٥﴾

എനി, നിങ്ങൾ തിരിഞ്ഞു കളയുകയാണെങ്കിൽ, നിങ്ങൾ അറിഞ്ഞുകൊള്ളണം: നമ്മുടെ റസൂലിന്റെ മേൽ വ്യക്തമായ പ്രബോധനം മാത്രമാണ് (ബാധ്യത) ഉള്ളതെന്ന്.

لَيْسَ عَلَى ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ جُنَاحٌ فِيمَا طَعِمُوٓا۟ إِذَا مَا ٱتَّقَوا۟ وَّءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ ثُمَّ ٱتَّقَوا۟ وَّءَامَنُوا۟ ثُمَّ ٱتَّقَوا۟ وَّأَحْسَنُوا۟ ۗ

﴾96﴿ വിശ്വസിക്കുകയും, സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരുടെ മേൽ അവർ (മുമ്പ്) ഭക്ഷിച്ചതിൽ കുറ്റമില്ല; അവർ സൂക്ഷിക്കുകയും, വിശ്വസിക്കുകയും, സൽക്കർമങ്ങൾ പ്രവർത്തിക്കുകയും, പിന്നെയും സൂക്ഷിക്കുകയും വിശ്വസിക്കുകയും പിന്നെയും സൂക്ഷിക്കുകയും സുകൃതം ചെയ്യുകയും ചെയ്താൽ.

وَٱللَّهُ يُحِبُّ ٱلْمُحْسِنِينَ ﴿٩٦﴾

അല്ലാഹു സുകൃതം ചെയ്യുന്നവരെ ഇഷ്ടപ്പെടുകയും ചെയ്യുന്നു

﴾95﴿ وَأَطِيعُوا اللَّهَ നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുകയും ചെയ്യുവിൻ
وَأَطِيعُوا الرَّسُولَ റസൂലിനെയും നിങ്ങൾ അനുസരിക്കുവിൻ وَاحْذَرُوا നിങ്ങൾ കാത്തു
കൊള്ളുക (ജാഗ്രത വെക്കുക)യും ചെയ്യുക فَإِن تَوَلَّيْتُمْ എനി നിങ്ങൾ തിരിഞ്ഞുകള
ഞ്ഞെങ്കിൽ فَاعْلَمُوا നിങ്ങൾ അറിയുവിൻ أَنَّمَا മാത്രമെന്ന്, നിശ്ചയമായും എന്ന്
عَلَىٰ رَسُولِنَا നമ്മുടെ റസൂലിന്റെ മേൽ (ഉള്ളത്) الْبَلَاغُ പ്രബോധനം, എത്തിക്കൽ (മാ
ത്രമാണെന്ന്) الْمُبِينُ പ്രത്യക്ഷമായ, വ്യക്തമായ ﴾96﴿ لَيْسَ ഇല്ല عَلَى الَّذِينَ യാതൊരുവ
രുടെ മേൽ آمَنُوا വിശ്വസിച്ച وَعَمِلُوا പ്രവർത്തിക്കുകയും ചെയ്ത الصَّالِحَاتِ സൽകർമ
ങ്ങൾ جُنَاحٌ കുറ്റം, തെറ്റ് فِيمَا طَعِمُوا അവർ ഭക്ഷിച്ചതിൽ إِذَا مَا اتَّقَوْا അവർ സൂക്ഷി
ച്ചാൽ وَآمَنُوا അവർ വിശ്വസിക്കുകയും وَعَمِلُوا അവർ പ്രവർത്തിക്കുകയും الصَّالِحَاتِ
സൽക്കർമങ്ങളെ ثُمَّ اتَّقَوْا പിന്നെയും അവർ സൂക്ഷിച്ചു وَآمَنُوا അവർ വിശ്വസിക്കു
കയും ചെയ്തു ثُمَّ اتَّقَوْا പിന്നെയും അവർ സൂക്ഷിച്ചു وَأَحْسَنُوا അവർ നന്മ (സുകൃ
തം) പ്രവർത്തിക്കുകയും وَاللَّهُ അല്ലാഹു, അല്ലാഹുവാകട്ടെ يُحِبُّ സ്നേഹിക്കുന്നു,
ഇഷ്ടപ്പെടുന്നു الْمُحْسِنِينَ നന്മ (സുകൃതം) ചെയ്യുന്നവരെ

കഴിഞ്ഞ വചനത്തിൽ കള്ള് തുടങ്ങിയ വസ്തുക്കളെ കർശനമായി നിരോധിച്ച ശേഷം, അതിനെത്തുടർന്ന് അല്ലാഹുവിന്റെയും റസൂലിന്റെയും കൽപനകൾ അനുസരിക്കണമെന്നും, അനുസരിക്കാതെ തിരിഞ്ഞുകളയുന്നപക്ഷം അതിന്റെ ഭവിഷ്യത്തിനെപ്പറ്റി ജാഗരൂകരായിരുന്നുകൊള്ളണമെന്നും, അല്ലാഹുവിന്റെ സന്ദേശങ്ങൾ ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുകയല്ലാതെ-അവരെ അനുസരിപ്പിക്കുക-റസൂലിനു ചുമതലയില്ലെന്നും ആദ്യത്തെതിനു മുമ്പ് അവ ഉപയോഗിച്ചവർക്ക് അതിന്റെ പേരിൽ കുറ്റമൊന്നും ഇല്ലെന്നും രണ്ടാമത്തെ വചനത്തിൽ അറിയിക്കുന്നു. മുമ്പ് കള്ള് കുടിച്ചിരുന്ന സത്യവിശ്വാസികളിൽ ചിലർ ഈ കൽപന വരും മുമ്പ് മരണമടഞ്ഞുപോയപ്പോൾ അവർ അത് നിമിത്തം കുറ്റക്കാരായിത്തീരുമോ എന്നു ചിലർക്ക് സംശയമുണ്ടായെന്ന് മേലെ ഉദ്ധരിച്ച അനസ് (റ)ന്റെ ഹദീഥിൽ കണ്ടുവല്ലോ. അങ്ങനെയുള്ള സംശയങ്ങൾക്കും മറുപടി കൂടിയാണിത്. അവർ സൂക്ഷിക്കുകയും വിശ്വസിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും (إِذَا مَا اتَّقَوْا وَآمَنُوا وَعَمِلُوا...) എന്ന് തുടങ്ങിയ വാക്യങ്ങളുടെയും സാരം ഇതാണ്; അവർ ശരിക്കും സത്യവിശ്വാസികളും, സൽകർമങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരും, അല്ലാഹുവിന്റെ വിധി വിലക്കുകളെ സൂക്ഷിച്ചു പോരുന്നവരും ആയിരിക്കുകയും, വീണ്ടും വീണ്ടും അതേ നിലയിൽ തന്നെ-അവസാനം വരെ- തുടർന്നുപോരുകയും ചെയ്താൽ അവർക്ക് ഒരു കുറ്റവും വരാനില്ല. അവർ സുകൃതവാന്മാരായിരിക്കും. അങ്ങിനെയുള്ളവർ അല്ലാഹുവിന്റെ സ്നേഹത്തിന് പാത്രമായിരിക്കുന്നതുമാണ്.

വിഭാഗം - 13

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَيَبْلُوَنَّكُمُ ٱللَّهُ بِشَىْءٍ مِّنَ ٱلصَّيْدِ تَنَالُهُۥٓ أَيْدِيكُمْ وَرِمَاحُكُمْ لِيَعْلَمَ ٱللَّهُ مَن يَخَافُهُۥ بِٱلْغَيْبِ ۚ

﴾97﴿ ഹേ, വിശ്വസിച്ചവരേ, നിങ്ങളുടെ കൈകളും, കുന്തങ്ങളും എത്തത്തക്കവിധം വേട്ട(യാടിപ്പിടിക്കപ്പെടുന്ന) ജന്തുക്കളിൽപെട്ട വല്ലതും മുഖേന നിശ്ചയമായും അല്ലാഹു നിങ്ങളെ പരീക്ഷണം നടത്തുന്നതാണ്; അദൃശ്യമായ നിലയിൽ, അല്ലാഹുവിനെ ഭയപ്പെടുന്നവരെ അവൻ (വേർതിരിഞ്ഞ്) അറിയുവാൻ വേണ്ടി.

فَمَنِ ٱعْتَدَىٰ بَعْدَ ذَٰلِكَ فَلَهُۥ عَذَابٌ أَلِيمٌ ﴿٩٧﴾

എന്നിട്ട് അതിനുശേഷം ആരെങ്കിലും അതിരുവിട്ടാൽ, അവന് വേദനയേറിയ ശിക്ഷയുണ്ടായിരിക്കും.

﴾97﴿ يَٰٓأَيُّهَا ٱلَّذِينَ آمَنُوا വിശ്വസിച്ചവരേ لَيَبْلُوَنَّكُمُ നിശ്ചയമായും നിങ്ങളെ പരീക്ഷണം ചെയ്യുക തന്നെ ചെയ്യും ٱللَّهُ അല്ലാഹു بِشَىْءٍ വല്ല വസ്തുവെയും കൊണ്ട്, വല്ലതും മുഖേന مِنَ ٱلصَّيْدِ വേട്ടജന്തുവിൽപെട്ട تَنَالُهُۥ അതിനോട് എത്തുമാറ്, അതിനെ കിട്ടത്തക്കവണ്ണം أَيْدِيكُمْ നിങ്ങളുടെ കൈകൾ, കൈകൾക്ക് وَرِمَاحُكُمْ നിങ്ങളുടെ കുന്തങ്ങളും, കുന്തങ്ങൾക്കും لِيَعْلَمَ ٱللَّهُ അല്ലാഹു അറിയുവാൻ വേണ്ടി مَن يَخَافُهُۥ അവനെ ഭയപ്പെടുന്നവനെ, ആർ ഭയപ്പെടുമെന്ന് بِٱلْغَيْبِ അദൃശ്യത്തിൽ (കാണാതെ) فَمَنِ എന്നിട്ടു വല്ലവരും, ആർ ٱعْتَدَىٰ അതിരുവിട്ടു(വെങ്കിൽ) بَعْدَ ذَٰلِكَ അതിനു ശേഷം فَلَهُۥ عَذَابٌ എന്നാലവന് ശിക്ഷയുണ്ടായിരിക്കും أَلِيمٌ വേദനയേറിയ

ഹജ്ജിലോ ഉംറഃയിലോ പ്രവേശിച്ചു കഴിഞ്ഞാൽ അത് അവസാനിക്കുന്നതുവരെ ഒരു ജീവിയെയും വേട്ടയാടിപ്പിടിക്കുവാനോ, വേട്ടയാടുന്നതിൽ പങ്കു വഹിക്കാനോ പാടില്ലാത്തതാണ്. ജാഹിലിയ്യത്തിലും ഇസ്‌ലാമിലും അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു നിയമമാണത്. സത്യവിശ്വാസികളുടെ കൂട്ടത്തിൽ അല്ലാഹുവിനെ ശരിക്കും ഭയപ്പെടുന്ന നിഷ്ക്കളങ്കന്മാരും, വേണ്ടത്ര ഭയപ്പാടില്ലാത്തവരും ഉണ്ടായിരിക്കുമല്ലോ. രണ്ടു കൂട്ടരും പ്രത്യക്ഷത്തിൽ വേർതിരിഞ്ഞു വെളിപ്പെടുവാൻ വേണ്ടി അവരെ ഒരു പരീക്ഷണം നടത്തുമെന്ന് അല്ലാഹു അറിയിക്കുന്നു. അതായത്, അവർ ഇഹ്റാമിൽ പ്രവേശിച്ച ശേഷം അവരുടെ കൈകൊണ്ടും കുന്തംകൊണ്ടും വേഗത്തിൽ വേട്ടയാടിപിടിക്കത്തക്കവണ്ണം, സൗകര്യത്തിൽ ചെറുതും വലുതുമായ ജീവികൾ അവരുടെ മുന്നിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കും. വേണ്ടത്ര ഭയപ്പാടും ഭക്തിയും ഇല്ലാത്തവർ അത് കാണുമ്പോൾ അവയെ പിടിച്ചു ഭക്ഷിക്കുവാൻ ശ്രമിക്കുകയും യഥാർത്ഥ ഭയഭക്തന്മാരായ

ആളുകൾ തങ്ങൾക്ക് പാടില്ലാത്ത ആ കൃത്യത്തിൽ നിന്ന് മനഃപൂർവ്വം ഒഴിഞ്ഞു നിൽക്കുകയും ചെയ്യുക സ്വാഭാവികമാണ്. അങ്ങനെ, രണ്ടു തരക്കാരും വേർതിരിച്ചറിയപ്പെടുമാറാകുമെന്നർത്ഥം. ഇങ്ങിനെയൊരു പരീക്ഷണം ഉണ്ടാകുമെന്ന് അറിയിച്ചിട്ടു പിന്നെയും വല്ലവരും വല്ല ജീവികളെയും വേട്ടയാടിപിടിക്കുന്ന പക്ഷം അതു നിയമലംഘനവും അതിരു കവിയലുമാണെന്നും, അവർക്ക് കഠിനശിക്ഷയുണ്ടായിരിക്കുമെന്നും അല്ലാഹു താക്കീതും ചെയ്യുന്നു.

ഹുദൈബിയ്യാ സംഭവമുണ്ടായ കൊല്ലത്തിൽ നബി ﷺയും സ്വഹാബികളും ഉംറഃക്ക് പോയിരുന്ന അവസരത്തിൽ അവർ ഇങ്ങിനെ ഒരു പരീക്ഷണത്തിന് വിധേയരാകുകയുണ്ടായെന്നും, ആ സന്ദർഭത്തിലാണ് ഈ വചനം അവതരിച്ചതെന്നും മുക്വാതിൽ (റ) പ്രസ്താവിച്ചതായി നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. (അല്ലാഹുവിന്നറിയാം) ഏതായാലും ഇത്തരം പരീക്ഷണങ്ങളെ സത്യവിശ്വാസികൾക്ക് ചിലപ്പോൾ നേരിടേണ്ടി വരുമെന്നും, ആ പരീക്ഷണങ്ങളിൽ വിജയം വരിക്കുന്ന യഥാർത്ഥ ഭയഭക്തരായിരിക്കണം സത്യവിശ്വാസികൾ എന്നുമുള്ള ഒരു ആഹ്വാനമാണ് ഇതിൽ അടങ്ങിയിരിക്കുന്നത്.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تَقْتُلُوا۟ ٱلصَّيْدَ وَأَنتُمْ حُرُمٌ ۚ

﴾98﴿ **ഹേ, വിശ്വസിച്ചവരേ, നിങ്ങൾ 'ഇഹ്റാമി'ൽ പ്രവേശിച്ചവരായിരിക്കെ വേട്ട(യാടിപ്പിടിക്കപ്പെടുന്ന) ജന്തുക്കളെ കൊല്ലരുത്**

وَمَن قَتَلَهُۥ مِنكُم مُّتَعَمِّدًا فَجَزَآءٌ مِّثْلُ مَا قَتَلَ مِنَ ٱلنَّعَمِ

നിങ്ങളിൽ ആരെങ്കിലും കൽപിച്ചു കൂട്ടി അതിനെ കൊല്ലുന്ന പക്ഷം, അവർ കൊന്നതിന് തുല്യമായി കാലികളിൽ നിന്ന് ഒരു പ്രതിഫലം [പ്രായശ്ചിത്തം] വേണ്ടതാണ്.

يَحْكُمُ بِهِۦ ذَوَا عَدْلٍ مِّنكُمْ هَدْيًۢا بَـٰلِغَ ٱلْكَعْبَةِ أَوْ كَفَّـٰرَةٌ طَعَامُ مَسَـٰكِينَ أَوْ عَدْلُ ذَٰلِكَ صِيَامًا لِّيَذُوقَ وَبَالَ أَمْرِهِۦ ۗ عَفَا ٱللَّهُ عَمَّا سَلَفَ ۚ

നിങ്ങളിൽ നിന്നുള്ള നീതിമാന്മാരായ രണ്ടാൾ അതിനെപ്പറ്റി വിധികൽപിക്കുന്നവിധം (അതുപോലെയുള്ളത്); കഅ്ബത്തിങ്കൽ എത്തിച്ചേരുന്ന ഒരു ബലി മൃഗമായിക്കൊണ്ട്. അല്ലെങ്കിൽ ഒരു പ്രായശ്ചിത്തം-അതായത് സാധുക്കൾക്ക് ഭക്ഷണം (നൽകുക)-അല്ലെങ്കിൽ അതിനു സമാനം നോമ്പ് [രണ്ടിലൊന്ന് വേണം]; അവന്റെ കാര്യത്തിന്റെ [അവൻ ചെയ്തതിന്റെ] ദുഷ്ഫലം അവൻ അനുഭവിക്കുവാൻ വേണ്ടി(യാണ് അത്). മുൻകഴിഞ്ഞതിനെപ്പറ്റി അല്ലാഹു മാപ്പു നൽകിയിരിക്കുന്നു.

وَمَنۡ عَادَ فَيَنتَقِمُ ٱللَّهُ مِنۡهُۚ وَٱللَّهُ عَزِيزٞ ذُو ٱنتِقَامٍ ﴿٩٨﴾

വല്ലവരും (എനി) ആവർത്തിക്കുന്ന പക്ഷം, അവനോട് അല്ലാഹു ശിക്ഷാ നടപടി എടുക്കുന്നതുമാണ്. അല്ലാഹു പ്രതാപശാലിയും, ശിക്ഷാ നടപടി എടുക്കുന്നവനുമാകുന്നു.

﴿98﴾ يَاأَيُّهَاالَّذِينَ آمَنُوا ഹേ വിശ്വസിച്ചവരേ لَا تَقْتُلُوا നിങ്ങൾ കൊലപ്പെടുത്തരുത് الصَّيْدَ വേട്ട (വേട്ടയാടി പിടിക്കപ്പെടുന്ന) ജന്തുവെ وَأَنتُمْ നിങ്ങൾ ആയിരിക്കെ حُرُمٌ ഇഹ്റാം ചെയ്തവർ (ഇഹ്റാമിൽ പ്രവേശിച്ചവർ) وَمَن قَتَلَهُ അതിനെ ആരെങ്കിലും കൊല്ലുന്ന പക്ഷം مِنكُم നിങ്ങളിൽ നിന്ന് مُتَعَمِّدًا കൽപിച്ചു (കരുതി) കൂട്ടിയവനായിട്ട് فَجَزَاءٌ എന്നാൽ ഒരു പ്രതിഫലമാകുന്നു (വേണ്ടത്) مِثْلُ مَا യാതൊന്നുപോലെയുള്ള, തുല്യമായി قَتَلَ അവൻ കൊന്ന مِنَ النَّعَمِ കാലി (ആടുമാടൊട്ടകം)കളിൽ നിന്ന് يَحْكُمُ بِهِ അതിനെപ്പറ്റി വിധി കൽപിക്കും ذَوَا عَدْلٍ രണ്ടു നീതിമാന്മാർ مِنكُمْ നിങ്ങളിൽ നിന്ന് هَدْيًا ബലിമൃഗമായിക്കൊണ്ട് بَالِغَ الْكَعْبَةِ കഅ്ബത്തിങ്കൽ എത്തുന്ന أَوْ كَفَّارَةٌ അല്ലെങ്കിൽ ഒരു പ്രായശ്ചിത്തം طَعَامُ അതായത് ഭക്ഷണം مَسَاكِينَ സാധുക്കളുടെ, പാവങ്ങൾക്ക് أَوْ عَدْلُ അല്ലെങ്കിൽ കിടയായത്, സമാനമായത് ذَٰلِكَ അതിന്റെ, അതിന് صِيَامًا നോമ്പ്, നോമ്പായിട്ട് لِيَذُوقَ അവൻ രുചി നോക്കു (ആസ്വദിക്കു-അനുഭവിക്കു)വാൻ വേണ്ടി وَبَالَ ദോഷം, കെടുതി, ദുഷ്ഫലം أَمْرِهِ അവന്റെ കാര്യത്തിന്റെ عَفَا اللَّهُ അല്ലാഹു മാപ്പു നൽകിയിരിക്കുന്നു عَمَّا سَلَفَ മുൻകഴിഞ്ഞതിനെക്കുറിച്ച് وَمَنْ عَادَ വല്ലവരും മടങ്ങിയാൽ, (ആവർത്തിച്ചാൽ-വീണ്ടും ചെയ്താൽ) فَيَنتَقِمُ അപ്പോൾ ശിക്ഷാ (പ്രതികാര) നടപടിയെടുക്കും اللَّهُ അല്ലാഹു مِنْهُ അവനോട്, അവനെക്കുറിച്ച് وَاللَّهُ عَزِيزٌ അല്ലാഹു പ്രതാപശാലിയാകുന്നു ذُو انتِقَامٍ ശിക്ഷാ (പ്രതികാര) നടപടിയെടുക്കുന്നവൻ

ഹജ്ജിന്നോ ഉംറഃക്കോ വേണ്ടി ഇഹ്റാമിൽ പ്രവേശിച്ചു കഴിഞ്ഞാൽ പിന്നീട് ജന്തുക്കളെ വേട്ടയാടി പിടിക്കുവാൻ പാടില്ലെന്ന് ഈ സൂറത്തിലെ 2 ഉം 3 ഉം വചനങ്ങളിൽ നിന്നു തന്നെ അറിയാവുന്നതാണ്. ഈ വചനത്തിൽ അത് വ്യക്തമായിത്തന്നെ വിരോധിച്ചിരിക്കുന്നു. ഈ കൽപന വന്നിട്ട് പിന്നെയും ആരെങ്കിലും വല്ല ജന്തുക്കളെയും വേട്ടയാടിപ്പിടിക്കുന്നപക്ഷം അതിന്റെ പ്രായശ്ചിത്തം എന്താണെന്നും വിവരിച്ചിരിക്കുന്നു. കടിക്കുന്ന നായ, പാമ്പ് മുതലായ ഉപദ്രവ ജീവികളെ എവിടെ വെച്ചും കൊല്ലാവുന്നതാണെന്ന് ബലവത്തായ പല ഹദീഥുകളിലും വന്നിട്ടുള്ളതുകൊണ്ട് അവയല്ലാത്ത ഇതര ജീവികളെ വേട്ടയാടുന്നതിനെപ്പറ്റിയാണ് ഈ നിരോധം എന്ന് മനസ്സിലാക്കാം. ഒരാൾ ഒരു ജീവിയെ വേട്ടയാടി പിടിക്കുന്നപക്ഷം, ആട്, മാട്, ഒട്ടകം എന്നിവയിൽ അതിനോട് കിടയൊക്കുന്ന ഒരു മൃഗത്തെ ബലികഴിക്കണമെന്നും, കൊല്ലപ്പെട്ട ജീവി അവയിൽ ഏതിനോടാണ് തുല്യതയുള്ളതെന്ന കാര്യം സത്യവിശ്വാസികളായ രണ്ടു

നീതിമാന്മാരുടെ അഭിപ്രായം അനുസരിച്ചു തിരുമാനിക്കപ്പെടേണ്ടതാണെന്നും അറിയിക്കുന്നു.

കൊല്ലപ്പെട്ട ജീവിയുടെ സ്ഥിതിയും തരവും നോക്കി അത് ആടിനോട് തുല്യമായി കാണുന്ന പക്ഷം ഒരു ആടിനെയും, മാടിനോട് തുല്യമായിക്കാണുന്ന പക്ഷം ഒരു മാടിനെയും, ഒട്ടകത്തോട് തുല്യമായിക്കാണുന്ന പക്ഷം ഒരു ഒട്ടകത്തെയുമാണ് ബലികഴിക്കേണ്ടത്. ഉദാഹരണമായി: ഒട്ടകപ്പക്ഷിയെ വേട്ടയാടുന്നവൻ ഒട്ടകത്തെയും, കാട്ടുപശുപോലെയുള്ളവയെ വേട്ടയാടിയവൻ മാടിനെയും, മാനിനെ വേട്ടയാടിയവൻ ആടിനെയും ബലി അറുക്കേണ്ടതാണെന്ന് സ്വഹാബികളുടെ കാലത്ത് കണക്കാക്കപ്പെട്ടിരുന്നതായി ചില രിവായത്തുകളിൽ വന്നിട്ടുണ്ട്. ഓരോ വസ്തുവിന്റെയും തുല്യത നിശ്ചയിക്കുന്നതിൽ വ്യത്യസ്തമായ അഭിപ്രായങ്ങൾ ഉണ്ടാകാവുന്നതാകകൊണ്ട് അത് രണ്ടു നീതിമാന്മാരുടെ വിധിക്ക് വിട്ടിരിക്കുകയാണ്. പ്രായശ്ചിത്തമായി നിശ്ചയിക്കപ്പെട്ട ബലിമൃഗങ്ങളെ കഅ്ബഃയുടെ പരിസരങ്ങളിൽ കൊണ്ടു ചെന്നു സാധാരണ ബലിമൃഗങ്ങളെപ്പോലെ അവിടെവെച്ചു തന്നെ ബലികഴിക്കണമെന്നും, അല്ലാത്തപക്ഷം അതിന്റെ വില കണക്കാക്കി അതിനുള്ള ഭക്ഷണസാധനം സാധുക്കൾക്ക് കൊടുക്കുകയോ, അല്ലെങ്കിൽ അതിന്റെ തോതനുസരിച്ച്-ആ വിലക്ക് എത്ര സാധുവിന്റെ ഭക്ഷണം വരുമോ അത്ര എണ്ണം-നോമ്പ് നോൽക്കുകയോ ചെയ്യേണ്ടതാണെന്നും അല്ലാഹു വ്യക്തമാക്കിയിരിക്കുന്നു. മേൽപറഞ്ഞ കാര്യങ്ങളിൽ ഓരോന്നിനെയും സംബന്ധിക്കുന്ന കൂടുതൽ വിശദീകരണങ്ങളും, അവയിൽ പണ്ഡിതന്മാർക്കിടയിലുള്ള അഭിപ്രായവ്യത്യാസങ്ങളും കർമശാസ്ത്ര ഗ്രന്ഥങ്ങളിൽ നിന്നും മറ്റും അറിയേണ്ടതാകുന്നു.

പ്രായശ്ചിത്തം ഇത്ര കർശനമാക്കിയിരിക്കുന്നത്, അല്ലാഹു നിരോധിച്ചിട്ട് പിന്നെയും ആ തെറ്റു ചെയ്യുന്നതിന്റെ അനന്തരഫലം അനുഭവിക്കുവാൻ വേണ്ടിയാണെന്നും, ഈ കൽപന വരുന്നതിനു മുമ്പ് വല്ലവരും ഇഹ്റാമിൽ വേട്ടയാടുകയുണ്ടായിട്ടുണ്ടെങ്കിൽ അത് അല്ലാഹു മാപ്പാക്കിത്തന്നിട്ടുണ്ടെന്നും, മേലിൽ അതാവർത്തിക്കുന്നവർക്ക് കഠിന ശിക്ഷ ലഭിക്കുമെന്നും അല്ലാഹു തുടർന്നു അറിയിക്കുന്നു.

ഇഹ്റാമിൽ കൽപിച്ചുകൂട്ടി വേട്ടയാടിയവർ മാത്രമേ പ്രായശ്ചിത്തം ചെയ്യേണ്ടതുള്ളൂവെന്നാണ് ആയത്തിൽനിന്ന് ബാഹ്യത്തിൽ മനസ്സിലാകുന്നത്. കൽപിച്ചുകൂട്ടിയല്ലാതെ, അബദ്ധത്തിൽ ചെയ്താലും മേൽ പറഞ്ഞവിധം പ്രായശ്ചിത്തം നൽകാറുണ്ടായിരുന്നതായിട്ടാണ് നബി ﷺയുടെയും സ്വഹാബികളുടെയും ചര്യകളിൽനിന്ന് അറിയപ്പെടുന്നത്. ഏതായാലും കൽപിച്ചുകൂട്ടി ചെയ്തവർ മാത്രമേ അല്ലാഹുവിങ്കൽ കുറ്റക്കാരാവുകയുള്ളൂവെന്നതിൽ സംശയമില്ല.

أُحِلَّ لَكُمْ صَيْدُ ٱلْبَحْرِ وَطَعَامُهُۥ مَتَٰعًا لَّكُمْ وَلِلسَّيَّارَةِ ۖ

﴾99﴿ സമുദ്രത്തിലെ വേട്ട(യാടിപ്പിടിക്കപ്പെടുന്ന) ജന്തുക്കളും, അതിലെ ഭക്ഷ്യങ്ങളും നിങ്ങൾക്ക് അനുവദനീയമാക്കപ്പെട്ടിരിക്കുന്നു; നിങ്ങൾക്കും, യാത്രാസംഘങ്ങൾക്കും ഉപയോഗത്തിന്നായിക്കൊണ്ട്.

وَحُرِّمَ عَلَيْكُمْ صَيْدُ ٱلْبَرِّ مَا دُمْتُمْ حُرُمًا ۗ

നിങ്ങൾ 'ഇഹ്റാമി'ൽ പ്രവേശിച്ചവരായിരിക്കുമ്പോഴൊക്കെയും നിങ്ങളുടെ മേൽ കരയിലെ വേട്ട(യാടിപ്പിടിക്കപ്പെടുന്ന) ജന്തുക്കൾ നിഷിദ്ധമാക്കപ്പെടുകയും ചെയ്തിരിക്കുന്നു.

وَٱتَّقُوا۟ ٱللَّهَ ٱلَّذِىٓ إِلَيْهِ تُحْشَرُونَ ﴿٩٩﴾

യാതൊരു അല്ലാഹുവിങ്കലേക്കു നിങ്ങൾ ഒരുമിച്ചു കൂട്ടപ്പെടുമോ അവനെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുവിൻ.

﴾99﴿ أُحِلَّ لَكُمْ നിങ്ങൾക്ക് അനുവദനീയമാക്കപ്പെട്ടിരിക്കുന്നു صَيْدُ الْبَحْرِ സമുദ്രത്തിലെ വേട്ട ജന്തു(ക്കൾ) وَطَعَامُهُ അതിലെ ഭക്ഷണവും (ഭക്ഷ്യവും) مَتَاعًا لَكُمْ നിങ്ങൾക്ക് ഉപയോഗത്തിനായിക്കൊണ്ട്, സുഖഭോഗമായിട്ട് وَلِلسَّيَّارَةِ യാത്രാസംഘത്തിനും وَحُرِّمَ عَلَيْكُمْ നിങ്ങളുടെ മേൽ നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു صَيْدُ الْبَرِّ കരയിലെ വേട്ട ജന്തു(ക്കൾ) مَا دُمْتُمْ നിങ്ങളായിക്കൊണ്ടിരിക്കുമ്പോൾ حُرُمًا ഇഹ്റാമിൽ പ്രവേശിച്ചവർ وَاتَّقُوا اللهَ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവിൻ الَّذِي യാതൊരുവനായ إِلَيْهِ അവങ്കലേക്ക് تُحْشَرُونَ നിങ്ങൾ ഒരുമിച്ചു കൂട്ടപ്പെടുന്നു

ഈ വചനത്തിൽ രണ്ടു വിധികൾ അടങ്ങിയിരിക്കുന്നു: (1) സമുദ്രത്തിൽ നിന്ന്വേട്ടയാടി പിടിക്കപ്പെടുന്നവയും, അതിൽ നിന്ന് ലഭിക്കുന്ന ഭക്ഷ്യവസ്തുക്കളും അനുവദനീയമാണെന്ന്. പൊതുവിൽ എല്ലാവരുടെയും, പ്രത്യേകിച്ചു സമുദ്രത്തിലൂടെ യാത്ര ചെയ്യുന്നവരുടെയും ഉപയോഗത്തെ മുൻനിറുത്തിയാണിത് അനുവദനീയമാക്കപ്പെട്ടിരിക്കുന്നതെന്നും അല്ലാഹു ചൂണ്ടിക്കാട്ടുന്നു. വേട്ടയാടി പിടിക്കപ്പെടുന്ന ജന്തു (صيد)ക്കളും, ഭക്ഷ്യവസ്തു (طعام)ക്കളും എന്ന് രണ്ടുതരമായി സമുദ്രവിഭവങ്ങളെ തരം തിരിച്ചിരിക്കയാൽ ഓരോന്നുകൊണ്ടും ഉദ്ദേശ്യമെന്താണെന്ന് പലരും പല പ്രകാരത്തിൽ വിവരിച്ചുകാണാം. ഏതെങ്കിലും വിധേനയുള്ള പരിശ്രമം മൂലം ലഭ്യമാകുന്നതും, കരക്കണഞ്ഞതുകൊണ്ടോ മറ്റോ അദ്ധ്വാനം കൂടാതെ ലഭ്യമാകുന്നതും എന്നാണ് ആ വിവരണങ്ങളുടെ സാരമെന്ന് സാമാന്യമായി പറയാം. ഏതായാലും സമുദ്രത്തിൽ നിന്ന് വേട്ടയാടി പിടിക്കപ്പെടാറുള്ളതും ഭക്ഷണാവശ്യാർത്ഥം ഉപയോഗിക്കപ്പെടാറുള്ളതുമായ എല്ലാ വസ്തുക്കളും അനുവദനീയമാണെന്നും മ്ളേച്ഛമല്ലാത്തതും ഉപദ്രവകരമല്ലാത്തതുമായ എല്ലാ കടൽവിഭവങ്ങളെയും ഭക്ഷിക്കാവുന്നതാണെന്നും ഇതിൽ നിന്നും മൊത്തത്തിൽ മനസ്സിലാക്കാവുന്നതാണ്.

സമുദ്ര ജീവികൾ ചത്താലും ഭക്ഷിക്കുന്നതിനു വിരോധമില്ലെന്നു ഹദീഥുകളിൽ വ്യക്തമായി പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. ഒരു നബി വചനത്തിലെ വാചകം: 'സമുദ്രജലം ശുദ്ധമായതും, അതിലെ ശവം അനുവദനീയവുമാണ്' എന്നാകുന്നു. പ്രധാനപ്പെട്ട പല

ഹദീഥു പണ്ഡിതന്മാരും രേഖപ്പെടുത്തിയിട്ടുള്ളതാണിത്. നബി ﷺയുടെ കാലത്തുണ്ടായ ഒരു സംഭവം ഇതിനു തെളിവാകുന്നു: അബൂഉബൈദഃ (റ) ന്റെ നേതൃത്വത്തിൽ മുന്നൂറു പേരടങ്ങുന്ന ഒരു സൈന്യസംഘത്തെ നബി ﷺ ഒരിക്കൽ സമുദ്രതീരപ്രദേശത്തേക്കയക്കുകയുണ്ടായി. വഴിമദ്ധ്യേ അവരുടെ ഭക്ഷ്യപദാർത്ഥങ്ങൾ തീർന്നുപോയി. ചിലരുടെ പക്കൽ ശേഷിച്ചിരുന്ന അൽപാൽപ വസ്തുക്കളെ അദ്ദേഹം ഒരുമിച്ചു കൂട്ടി അതിൽ നിന്നു എല്ലാവർക്കും ഓരോ ചെറിയ വിഹിതം-ഓരോ കാരക്ക വീതം-സമമായി ഭാഗിച്ചുകൊടുത്തുകൊണ്ടിരുന്നു. ഇങ്ങിനെയിരിക്കെ കടൽവക്കത്തു ഒരു കുന്നോളം പോന്ന ഒരു വലിയ തിമിംഗല മൽസ്യം ചത്തുകിടക്കുന്നതായി അവർ കണ്ടു. വിശന്നു വലഞ്ഞിരുന്ന അവർ അതിനെ വെട്ടിമുറിച്ചു കഷ്ണങ്ങളാക്കി ഏതാനും ദിവസങ്ങളോളം അത് ഭക്ഷിച്ചുപോന്നു. മൽസ്യത്തിന്റെ രണ്ടു വാരിയെല്ലുകൾ ചേർത്തു വെച്ചു നാട്ടിപ്പിടിപ്പിച്ചപ്പോൾ ഒരു വലിയ ഒട്ടകത്തിനു അതിന്റെ ഉള്ളിൽകൂടി തൊടാതെ കടന്നു പോകാമായിരുന്നുവത്രെ. സൈന്യം മടങ്ങിവന്നു നബി ﷺയോട് വിവരം പറഞ്ഞപ്പോൾ തിരുമേനി പറഞ്ഞു: 'അത് അല്ലാഹു നിങ്ങൾക്ക് നൽകിയ ആഹാരമാണ്. അതിന്റെ മാംസം നിങ്ങളുടെ കൈവശം ബാക്കിയുണ്ടോ? ഉണ്ടെങ്കിൽ നമുക്കും ഭക്ഷിക്കുവാൻ തരുക'. അങ്ങനെ തിരുമേനിയും അതിൽ നിന്ന് ഭക്ഷിക്കുകയുണ്ടായി. ബുഖാരി, മുസ്‌ലിം (റ) മുതലായവർ ഉദ്ധരിച്ചതാണ് ഈ സംഭവം.

(2) ഇഹ്റാമിൽ പ്രവേശിച്ചവർക്ക് കരജീവികളെ വേട്ടയാടിപ്പിടിക്കുവാനോ, വേട്ടയാടി പിടിക്കപ്പെട്ടതിനെ ഭക്ഷിക്കുവാനോ പാടില്ല. ഇഹ്റാമിൽ പ്രവേശിച്ചവന് വേട്ടയാടുന്നതിൽ വല്ല പങ്കും വഹിക്കുവാനാകട്ടെ, അവനെ ഉദ്ദേശിച്ചു മറ്റാരെങ്കിലും വേട്ടയാടിക്കൊണ്ടു വന്നതിനെ തിന്നുവാനാകട്ടെ പാടില്ലെന്നുകൂടി ഹദീഥുകളിൽ നിന്ന് മനസ്സിലാക്കുവാൻ കഴിയും. നേർക്കു നേരെ വേട്ടയിൽ പങ്കു വഹിച്ചില്ലെങ്കിലും അതിന് സഹായകമായിത്തീരുന്ന ഭാഗികമായ വല്ല ഇടപെടലുകളെങ്കിലും ഉണ്ടാകുന്നതുപോലും സൂക്ഷിക്കേണ്ടതുണ്ട് എന്നൊരു സൂചനകൂടി അവസാനത്തെ വാക്യത്തിൽ അടങ്ങിയിരിക്കുന്നതായി കാണാവുന്നതാണ്. ഇഹ്റാമിൽ പ്രവേശിക്കുന്നവർക്ക് ജന്തുക്കളെ വേട്ടയാടിപ്പിടിക്കുവാൻ പാടില്ലെന്ന് നിയമിച്ചതിൽ അന്തർഭവിച്ചിട്ടുള്ള ചില തത്വങ്ങൾ അടുത്ത വചനത്തിൽ നിന്നു മനസ്സിലാക്കാവുന്നതാകുന്നു. അല്ലാഹു പറയുന്നു:-

۞ جَعَلَ ٱللَّهُ ٱلۡكَعۡبَةَ ٱلۡبَيۡتَ ٱلۡحَرَامَ قِيَٰمًا لِّلنَّاسِ وَٱلشَّهۡرَ ٱلۡحَرَامَ وَٱلۡهَدۡيَ وَٱلۡقَلَٰٓئِدَۚ

﴾100﴿ (ആ) അലംഘനീയ വീടാകുന്ന കഅ്ബഃയെ അല്ലാഹു മനുഷ്യർക്ക് ഒരു നിലനിൽപ് (കേന്ദ്രം) ആക്കിയിരിക്കുന്നു; അലംഘനീയമായ മാസത്തെയും, ബലി(ക്ക് കൊണ്ടുപോകുന്ന) മൃഗത്തെയും, (അവയുടെ) കഴുത്തിൽ തൂക്കപ്പെട്ട (അടയാള) വസ്തുക്കളെയും (അവർക്ക് നിലനിൽപാക്കിയിരിക്കുന്നു).

ذَٰلِكَ لِتَعْلَمُوٓا۟ أَنَّ ٱللَّهَ يَعْلَمُ مَا فِى ٱلسَّمَٰوَٰتِ وَمَا فِى ٱلْأَرْضِ وَأَنَّ ٱللَّهَ بِكُلِّ شَىْءٍ عَلِيمٌ ﴿١٠٠﴾

അത്, ആകാശങ്ങളിലുള്ളതും, ഭൂമിയിലുള്ളതും (എല്ലാം) അല്ലാഹു അറിയുന്നുവെന്ന് നിങ്ങൾ അറിയുവാൻ വേണ്ടിയത്രെ; അല്ലാഹു എല്ലാ കാര്യത്തെക്കുറിച്ചും അറിയുന്നവനാകുന്നുവെന്നും (അറിയുവാൻ വേണ്ടിയാണ്).

ٱعْلَمُوٓا۟ أَنَّ ٱللَّهَ شَدِيدُ ٱلْعِقَابِ وَأَنَّ ٱللَّهَ غَفُورٌ رَّحِيمٌ ﴿١٠١﴾

《101》 നിങ്ങൾ അറിഞ്ഞുകൊള്ളുക: അല്ലാഹു ശിക്ഷാ നടപടി കഠിനമായുള്ളവനാണെന്നും, അല്ലാഹു വളരെ പൊറുക്കുന്നവനും, കരുണാനിധിയുമാണെന്നും.

مَّا عَلَى ٱلرَّسُولِ إِلَّا ٱلْبَلَٰغُ ۗ وَٱللَّهُ يَعْلَمُ مَا تُبْدُونَ وَمَا تَكْتُمُونَ ﴿١٠٢﴾

《102》 റസൂലിന്റെ മേൽ പ്രബോധനമല്ലാതെ (ബാധ്യത) ഇല്ല. അല്ലാഹു വാകട്ടെ, നിങ്ങൾ വെളിവാക്കുന്നതും, നിങ്ങൾ മൂടിവെക്കുന്നതും അറിയുന്നുതാനും.

《100》 جَعَلَ اللَّهُ അല്ലാഹു ആക്കി, ഏർപ്പെടുത്തിയിരിക്കുന്നു الْكَعْبَةَ കഅ്ബഃയെ الْبَيْتَ الْحَرَامَ അലംഘനീയ വീടാകുന്ന (വീടായ) قِيَامًا ഒരു നിലനില്പ് لِلنَّاسِ മനുഷ്യർക്ക് وَالشَّهْرَ മാസത്തെയും الْحَرَامَ അലംഘനീയമായ وَالْهَدْيَ ബലിമൃഗത്തെയും وَالْقَلَائِدَ (ബലിമൃഗങ്ങളുടെ) കഴുത്തിൽ തൂക്കപ്പെട്ടവയും, കണ്ഠാഭരണങ്ങളെയും ذَٰلِكَ അത് لِتَعْلَمُوا നിങ്ങൾ അറിയുവാൻ വേണ്ടിയാണ് أَنَّ اللَّهَ അല്ലാഹു (ആകുന്നു) എന്ന് يَعْلَمُ അറിയുന്നതാണ് (എന്ന്) مَا فِي السَّمَاوَاتِ ആകാശങ്ങളിലുള്ളത് وَمَا فِي الْأَرْضِ ഭൂമിയിലുള്ളതും وَأَنَّ اللَّهَ അല്ലാഹു (ആകുന്നു)എന്നും بِكُلِّ شَيْءٍ എല്ലാ കാര്യത്തെ (വസ്തുവെ)ക്കുറിച്ചും عَلِيمٌ അറിയുന്നവനാണ് (എന്നും) 《101》 اعْلَمُوا നിങ്ങൾ അറിയുവിൻ أَنَّ اللَّهَ അല്ലാഹു ആകുന്നു എന്ന് شَدِيدُ കഠിനമായവനാണ് (എന്ന്) الْعِقَابِ ശിക്ഷാ നടപടി, പ്രതികാര നടപടി وَأَنَّ اللَّهَ അല്ലാഹു (ആകുന്നു) എന്നും غَفُورٌ വളരെ പൊറുക്കുന്നവൻ رَحِيمٌ കരുണാനിധി 《102》 مَا عَلَى الرَّسُولِ റസൂലിന്റെ മേൽ ഇല്ല إِلَّا الْبَلَاغُ എത്തിക്കൽ (പ്രബോധനം) അല്ലാതെ وَاللَّهُ അല്ലാഹുവാകട്ടെ يَعْلَمُ അറിയും, അറിയുന്നുതാനും مَا تُبْدُونَ നിങ്ങൾ വെളിവാക്കുന്നത് وَمَا تَكْتُمُونَ നിങ്ങൾ ഒളിച്ചു (മറച്ചു) വെക്കുന്നതും

ഇബ്റാഹീം നബി (അ) തന്റെ മകന്‍ ഇസ്മാഈല്‍ (അ)നെയും, അദ്ദേഹത്തിന്റെ മാതാവിനെയും മക്കയില്‍ കൊണ്ടുവന്നാക്കിയ കാലത്ത് അവിടെ ജനവാസമോ, ജല സൗകര്യം മുതലായവയോ ഉണ്ടായിരുന്നില്ല. പിന്നീട് 'സംസം' വെള്ളം പ്രത്യക്ഷപ്പെട്ട തോടെ ജനങ്ങള്‍ ക്രമേണ അവിടെ വന്നു താമസമാക്കുവാന്‍ തുടങ്ങി. അല്ലാഹുവിന്റെ കല്‍പന പ്രകാരം ഇബ്റാഹീം നബി (അ)യും ഇസ്മാഈല്‍ നബി (അ)യുംകൂടി കഅ്ബാ മന്ദിരം കെട്ടി ഉയര്‍ത്തിയ ശേഷം ഇബ്റാഹീം (അ) പല പ്രാര്‍ത്ഥനകളും ചെയ്തകൂട്ടത്തില്‍, ആ രാജ്യത്തിന്റെ നന്മക്കും അഭിവൃദ്ധിക്കുംവേണ്ടിയും പ്രാര്‍ത്ഥിച്ചു എന്നൊക്കെ സൂഃ അല്‍ബക്വറഃയില്‍ വെച്ചു നാം കണ്ടുവല്ലോ. കാലക്രമത്തില്‍ അറേബ്യാ ഉപഭൂഖണ്ഡത്തിന്റെ പൊതു കേന്ദ്രം തന്നെയായിത്തീര്‍ന്നു മക്കാ നഗരം. ആരാധനാകേന്ദ്രം മാത്രമല്ല, അഭയത്തിന്റെയും, കച്ചവടത്തിന്റെയും സംസ്കാരത്തിന്റെയുമെല്ലാം കേന്ദ്രം തന്നെയായി ആ രാജ്യം പരിലസിച്ചു.

ഇതിനെല്ലാം പുറമെ, നാലു മാസക്കാലം യുദ്ധം നിരോധിക്കപ്പെട്ടിരിക്കകൊണ്ട് ആ കാലങ്ങളില്‍ ആര്‍ക്കും എവിടെ നിന്നും അവിടെ നിര്‍ഭയംവന്ന് ആരാധനാ കര്‍മങ്ങള്‍ നടത്തിപ്പോകുവാനും, കച്ചവടങ്ങളും കച്ചവട യാത്രകളും നടത്തുവാനും സാധിക്കുമായിരുന്നു. ഹറമില്‍വെച്ചു കഠിന ശത്രുക്കള്‍പോലും പരസ്പരം കണ്ടുമുട്ടിയാല്‍ മുഖത്തോടുമുഖം നോക്കി തിരിഞ്ഞു പോകുകയല്ലാതെ, അവനെതിരെ എന്തെങ്കിലും കയ്യേറ്റം നടത്തുവാന്‍ നിവൃത്തിയില്ല. ഹറമിന്റെ അതിര്‍ത്തിക്കുള്ളില്‍പെട്ട മരങ്ങളും ചെടികളും നശിപ്പിക്കുവാനോ, ജന്തുക്കളെ കൊല്ലുവാനോ പാടില്ല. ഹജ്ജിനോ ഉംറഃക്കോ ഇഹ്റാമില്‍ പ്രവേശിച്ചവന്-അവര്‍ ഹറമിന് പുറത്തായിരുന്നാലും-ജന്തുക്കളെ വേട്ടയാടിക്കൂടാ. കഅ്ബഃ പരിസരങ്ങളില്‍വെച്ചു ബലി കര്‍മത്തിനായിക്കൊണ്ടുവരപ്പെടുന്ന മൃഗങ്ങളെ ആര്‍ക്കും ഉപദ്രവിക്കാവതല്ല. ബലി മൃഗങ്ങളെ തിരിച്ചറിയുവാനായി അവയുടെ കഴുത്തില്‍ വല്ല ചെരുപ്പോ മറ്റോ കെട്ടിത്തൂക്കിയിരിക്കും. അത് കണ്ടാല്‍ പിന്നീട് ആരും അവയെ ഉപദ്രവിക്കുകയേ ഇല്ല. മൊത്തത്തില്‍ പറഞ്ഞാല്‍, ജനങ്ങളുടെ-വിശേഷിച്ചും അറബികളുടെ- സമാധാന ജീവിതത്തിന്റെയും അഭിവൃദ്ധിയുടെയും നിലനില്‍പുകേന്ദ്രം തന്നെയായിരുന്നു മക്കാ നഗരം. അതിനൊക്കെ കാരണം പരിശുദ്ധ കഅ്ബഃയും തന്നെ. ഈ നിലനില്‍പിന്റെ ഉപാധികളില്‍ പ്രധാനമായ ചിലതാണ് 100-ാം വചനത്തില്‍ ആദ്യം അല്ലാഹു ചൂണ്ടിക്കാട്ടിയത്. മനുഷ്യരടക്കം ആകാശ ഭൂമികളില്‍ എന്തെല്ലാം സ്ഥിതി ചെയ്യുന്നുണ്ട്, അവയുടെ നിലനില്‍പിനും അഭിവൃദ്ധിക്കും ആവശ്യമായത് എന്തെല്ലാമാണ് എന്നിത്യാദി കാര്യങ്ങളെല്ലാം അല്ലാഹുവിനറിയാം. അതുകൊണ്ടുതന്നെയാണ് അവന്‍ ഇങ്ങിനെയുള്ള ക്രമീകരണങ്ങള്‍ ചെയ്തുവരുന്നതും. അവയെപ്പറ്റി ചിന്തിച്ചാല്‍ നിങ്ങള്‍ക്ക് തന്നെ അത് മനസ്സിലാക്കുവാന്‍ കഴിയുന്നതുമാണ് എന്നൊക്കെയാണ് അതിലെ തുടര്‍ന്നുള്ള വ്യാകൃങ്ങളുടെ സാരം. 101, 102 വചനങ്ങളിലെ ആശയങ്ങള്‍ പ്രത്യേകം വിവരിക്കേണ്ടുന്ന ആവശ്യമില്ലല്ലോ.

قُل لَّا يَسۡتَوِى ٱلۡخَبِيثُ وَٱلطَّيِّبُ وَلَوۡ أَعۡجَبَكَ كَثۡرَةُ ٱلۡخَبِيثِۚ

﴿103﴾ **(നബിയേ) പറയുക: 'ചീത്തയും നല്ലതും (അഥവാ ദുഷിച്ചതും വിശിഷ്ടമായതും) സമമാകുകയില്ല; ചീത്തയുടെ പെരുപ്പം നിന്നെ ആശ്ചര്യപ്പെടുത്തിയാലും ശരി.**

فَاتَّقُوا اللَّهَ يَا أُولِي الْأَلْبَابِ لَعَلَّكُمْ تُفْلِحُونَ ﴿١٠٣﴾

ആകയാൽ, ബുദ്ധിമാന്മാരേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവിൻ; നിങ്ങൾ വിജയം പ്രാപിച്ചേക്കാം.

﴾103﴿ قُلْ പറയുക لَا يَسْتَوِي സമമാകുകയില്ല الْخَبِيثُ ചീത്തയായത്, ദുഷിച്ചത് وَالطَّيِّبُ നല്ലതും, വിശിഷ്ടമായതും وَلَوْ أَعْجَبَكَ നിന്നെ ആശ്ചര്യപ്പെടുത്തിയാലും ശരി كَثْرَةُ ആധിക്യം الْخَبِيثِ ചീത്തയുടെ, ദുഷിച്ചതിന്റെ فَاتَّقُوا അതിനാൽ നിങ്ങൾ സൂക്ഷിക്കുവിൻ اللَّهَ അല്ലാഹുവിനെ يَا أُولِي الْأَلْبَابِ ബുദ്ധിമാന്മാരേ, (സൽ) ബുദ്ധിയുള്ളവരേ لَعَلَّكُمْ നിങ്ങളായേക്കാം, ആകുവാൻ വേണ്ടി تُفْلِحُونَ നിങ്ങൾ വിജയം പ്രാപിക്കും

വളരെ ഗൗരവപൂർവ്വം മനസ്സിരുത്തേണ്ടുന്ന ഒരു യാഥാർത്ഥ്യമാണ് ഈ ചെറുവചനത്തിൽ നമ്മെ അറിയിക്കുവാൻ അല്ലാഹു നബിﷺയോട് കൽപിക്കുന്നത്. മിക്ക ആളുകൾക്കും ആശയക്കുഴപ്പവും അമളിയും പിണയുവാൻ കാരണമായിത്തീരുന്ന ഒരു തെറ്റുദ്ധാരണ ഇതുമൂലം അല്ലാഹു തിരുത്തിയിരിക്കുന്നു. കാര്യങ്ങളാവട്ടെ, വസ്തുക്കളാകട്ടെ, നല്ലത് എപ്പോഴും നല്ലത് തന്നെ. ചീത്ത എപ്പോഴും ചീത്തയും തന്നെ. ചീത്തയുടെ ആധിക്യം അതിനെ നല്ലതാക്കി തീർക്കുകയോ, നല്ലതിന്റെ കുറവ് അതിനെ ചീത്തയാക്കിത്തീർക്കുകയോ ചെയ്യുന്നില്ല. ചീത്തയായുള്ളതിന് സർവ്വത്ര പ്രചാരം സിദ്ധിച്ചാലും അതിനെ ചീത്തയായിത്തന്നെ ഗണിക്കുകയും അതിൽ നിന്ന് ഒഴിഞ്ഞുമാറിക്കൊണ്ട് അല്ലാഹുവിനെ സൂക്ഷിക്കുകയുമാണ് ബുദ്ധിമാന്മാർ ചെയ്യേണ്ടത്. അതാണ് വിജയത്തിനുള്ള മാർഗം. നേരെ മറിച്ച് അതിന്റെ ആധിക്യത്തിൽ വഞ്ചിക്കപ്പെടുകയും, അങ്ങനെ അതിൽ അകപ്പെടുകയും ചെയ്യുന്നത് വിഡ്ഢിത്തവും പരാജയവും മാത്രമായിരിക്കും എന്നൊക്കെയാണ് ഈ വചനത്തിൽ പ്രസ്താവിച്ചതിന്റെ സാരം.

ഏത് രംഗത്ത് നോക്കിയാലും നന്മയെ അപേക്ഷിച്ച് തിന്മക്കായിരിക്കും ജനമദ്ധ്യേ മുൻതൂക്കവും പ്രചാരവും കാണുക. സ്വഭാവഗുണങ്ങൾ, പെരുമാറ്റങ്ങൾ, ധാർമിക മര്യാദകൾ, മതപരവും സദാചാരപരവുമായ അച്ചടക്കങ്ങൾ, അനുഷ്ഠാന നിയമങ്ങൾ തുടങ്ങിയ എല്ലാ തുറകളിലും ഇതുതന്നെയാണ് അനുഭവം. പരിഷ്കാരത്തിലും സംസ്കാരത്തിലും മനുഷ്യൻ അങ്ങേയറ്റം പുരോഗമിച്ചിട്ടുണ്ടെന്ന് അവകാശപ്പെടുന്ന ഇക്കാലത്ത് ഈ യാഥാർത്ഥ്യം പൂർവ്വാധികം സ്പഷ്ടമായിക്കൊണ്ടാണിരിക്കുന്നത്. ഒരു കാര്യം, അല്ലെങ്കിൽ ഒരു ആശയം-അതെത്ര തന്നെ നീചമോ നികൃഷ്ടമോ ആയിക്കൊള്ളട്ടെ - ജനമദ്ധ്യേ പ്രചരിച്ചു കഴിഞ്ഞാൽ അതിന്റെ നീചരതയും നികൃഷ്ടതയും അതോടെ അവഗണിക്കപ്പെടുകയും ക്രമേണ അതൊരു മാന്യതയും ഉൽകൃഷ്ടതയുമായി രൂപാന്തരപ്പെടുകയും ചെയ്യുന്നത് വിരളമല്ല. ഭരണരംഗത്തും, രാഷ്ട്രീയ രംഗത്തും, സാമൂഹ്യരംഗത്തും, ആദർശരംഗത്തും, നിയമരംഗത്തുമെല്ലാംതന്നെ ഇതാണവസ്ഥ. ജനായത്തം, ജനകീയം എന്നൊക്കെയുള്ള പുരോഗമനാശയങ്ങളുടെ അടിത്തറ പരിശോധിച്ചാൽ ഭൂരിപക്ഷത്തിന്റെ അഭീഷ്ടങ്ങളാണ് നന്മയുടെയും തിന്മയുടെയും മാനദണ്ഡം എന്നായിരിക്കും അതിന്റെ ആകെത്തുക. ഒരു കള്ളം നൂറുവട്ടം ആവർത്തിക്കപ്പെട്ടാൽ അതൊരു സത്യമായിത്തീരുമെന്ന പ്രതീതിയാണ് പരക്കെയുള്ളതെന്ന് പറയാം. മദ്യ

പാനം, വ്യഭിചാരം, അന്യന്റെ അവകാശം കയ്യേറൽ മുതലായ നീചകൃത്യങ്ങൾപോലും ഈ അളവുകോൽ കൊണ്ടാണ് ഇന്ന് അളക്കപ്പെടുന്നത്. ധാർമികവും, സദാചാരപര വുമായ തുറകളിൽ ഇക്കാലത്ത് മനുഷ്യരിൽ പ്രചരിച്ചുവരുന്ന അരാജകത്വത്തിന്റെ പ്രധാന കാരണവും അതുതന്നെ. അഥവാ നന്മക്കും തിന്മക്കും സ്ഥിരതയില്ലായ്മ. നല്ല തിനെ നല്ലതായും, ചീത്തയെ ചീത്തയായും അംഗീകരിച്ചുകൊണ്ടുള്ള സുസ്ഥിരമായ ഒരു അടിസ്ഥാനത്തിൽ കാര്യങ്ങൾ കയ്യാളപ്പെടാത്തപക്ഷം, മനുഷ്യത്വം മൃഗീയതയി ലേക്കും പൈശാചികത്വത്തിലേക്കും അധഃപതിക്കുകയേ ചെയ്കയുള്ളൂ. സമാധാനം ലോകത്തു നിന്ന് നിശ്ശേഷം നഷ്ടപ്പെടുകയും ചെയ്യും.

മുസ്‌ലിം സമുദായത്തിൽ കടന്നുകൂടി സ്ഥിരപ്രതിഷ്ഠ പ്രാപിച്ചു കഴിഞ്ഞ അനാ ചാരങ്ങളും, അന്ധവിശ്വാസങ്ങളും, അല്ലാഹുവിന്റെയും റസൂലിന്റെയും അധ്യാപന ങ്ങൾക്ക് നിരക്കാത്ത അഭിപ്രായാദർശങ്ങളുമെല്ലാം തന്നെ, ഭൂരിപക്ഷത്തിന്റെയും ന്യൂന പക്ഷത്തിന്റെയും പേരിൽ വിലയിരുത്തുന്ന ഒരു സമ്പ്രദായം പലരിലും കാണാം. അല്ലാഹു ചൂണ്ടിക്കാട്ടിയ ഈ യാഥാർത്ഥ്യത്തിന് കടകവിരുദ്ധമത്രെ ഈ വിലയിരു ത്തൽ. മിക്കപ്പോഴും സത്യത്തിന്റെ പക്ഷം ന്യൂനപക്ഷവും അസത്യത്തിന്റെ പക്ഷം ഭൂരിപക്ഷവുമായിരിക്കും. 'മനുഷ്യരിൽ അധികമാളുകളും വിശ്വസിക്കുകയില്ല' (11:17). 'മനുഷ്യരിൽ അധികമാളുകളും അറിയുകയില്ല' (12:21). 'മനുഷ്യരിൽ അധികമാളുകളും നന്ദി കാണിക്കുകയില്ല' (12:38) എന്നിങ്ങിനെയുള്ള അനേകം ക്വുർആൻ വചനങ്ങളിൽ നിന്നും ഈ വാസ്തവം വ്യക്തമായി മനസ്സിലാക്കാവുന്നതാകുന്നു. യഥാർത്ഥ പണ്ഡി തന്മാരുടെ ലക്ഷണങ്ങൾ പറയുന്ന മദ്ധ്യേ ഇമാം ഗസ്സാലി (റ) അദ്ദേഹത്തിന്റെ 'ഇഹ്‌യാ ഉലുമുദ്ദീൻ' എന്ന ഗ്രന്ഥത്തിൽ പറയുകയാണ്: 'പുതുനിർമിതങ്ങളായ കാര്യങ്ങളിൽ (അനാചാരങ്ങളിൽ) ഭൂരിപക്ഷം ആളുകൾ യോജിച്ചാലും അവയെ അവൻ (പണ്ഡി തൻ) കഠിനമായി സൂക്ഷിക്കേണ്ടതാണ്. സ്വഹാബികളുടെ കാലശേഷം പുതുതായി നിർമിക്കപ്പെട്ട കാര്യങ്ങളിൽ സൃഷ്ടികൾ ഏകോപിച്ചു കാണുന്നത്കൊണ്ട് അവൻ വഞ്ചിതനാവരുത്...' ചുരുക്കിപ്പറഞ്ഞാൽ ഒരു കാര്യം നല്ലതും ശരിയുമാണെന്ന് നിശ്ചയിക്കുന്നതിന് അതിന്റെ പ്രചാരമോ ജനസമ്മതിയോ മാനദണ്ഡമല്ല. അല്ലാഹു ഏതൊന്ന് നല്ലതാണെന്ന് നിശ്ചയിച്ചിട്ടുണ്ടോ അത് എപ്പോഴും നല്ലതുതന്നെ. അത് അനുസരിക്കുവാൻ ആളുണ്ടെങ്കിലും ഇല്ലെങ്കിലും ശരി. അവൻ ചീത്തയെന്ന് നിശ്ചയി ച്ചത് എപ്പോഴും ചീത്തയും തന്നെ. അതിനെ അനുകൂലിക്കുന്നവരുടെ ആധിക്യംകൊണ്ടോ ഭൂരിപക്ഷംകൊണ്ടോ അത് ചീത്തയല്ലാതാകുന്നില്ല.

വിഭാഗം - 14

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تَسْـَٔلُوا۟ عَنْ أَشْيَآءَ إِن تُبْدَ لَكُمْ تَسُؤْكُمْ وَإِن تَسْـَٔلُوا۟ عَنْهَا حِينَ يُنَزَّلُ ٱلْقُرْءَانُ تُبْدَ لَكُمْ

﴾104﴿ **ഹേ, വിശ്വസിച്ചവരേ, ചില കാര്യങ്ങളെക്കുറിച്ചു നിങ്ങൾ ചോദിക്കരുത്: അവ നിങ്ങൾക്ക് വെളിവാക്കപ്പെട്ടാൽ അവ നിങ്ങളെ അതൃപ്തിപ്പെടുത്തും; ക്വുർആൻ അവതരിക്കപ്പെടുന്ന സമയത്ത് അവയെപ്പറ്റി നിങ്ങൾ ചോദിക്കുന്നതായാൽ, നിങ്ങൾക്ക് അവ വെളിവാക്കപ്പെടുകയും ചെയ്യും.**

عَفَا ٱللَّهُ عَنْهَا ۗ وَٱللَّهُ غَفُورٌ حَلِيمٌ ﴿١٠٤﴾

അവയെക്കുറിച്ചു അല്ലാഹു മാപ്പു നൽകിയിരിക്കുകയാണ്. അല്ലാഹു വളരെ പൊറുക്കുന്നവനാണ്; സഹന ശീലനാണ്.

قَدْ سَأَلَهَا قَوْمٌ مِّن قَبْلِكُمْ ثُمَّ أَصْبَحُوا۟ بِهَا كَـٰفِرِينَ ﴿١٠٥﴾

﴿105﴾ **നിങ്ങളുടെ മുമ്പ് ഒരു ജനത അവ (സംബന്ധിച്ച്) ചോദിക്കുകയുണ്ടായി; പിന്നീട് അവർ അവയിൽ അവിശ്വാസികളായിത്തീർന്നു.**

﴿104﴾ يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا ഹേ വിശ്വസിച്ചവരേ لَا تَسْـَٔلُوا നിങ്ങൾ ചോദിക്കരുത് (അന്വേഷിക്കരുത്) عَنْ أَشْيَآءَ ചില (പല)കാര്യങ്ങളെക്കുറിച്ച് إِن تُبْدَ അവ വെളിവാക്ക(വ്യക്തമാക്ക)പ്പെട്ടാൽ لَكُمْ നിങ്ങൾക്ക് تَسُؤْكُمْ അവ നിങ്ങളെ അതൃപ്തിപ്പെടുത്തും, നിങ്ങൾക്ക് അനിഷ്ടം വരുത്തും وَإِن تَسْـَٔلُوا നിങ്ങൾ ചോദിക്കുന്ന പക്ഷം عَنْهَا അവയെപ്പറ്റി حِينَ يُنَزَّلُ ഇറക്ക(അവതരപ്പിക്ക)പ്പെടുന്ന സമയത്ത് ٱلْقُرْءَانُ ക്വുർആൻ تُبْدَ لَكُمْ അവ നിങ്ങൾക്ക് വെളിവാക്കപ്പെടും عَفَا ٱللَّهُ അല്ലാഹു മാപ്പു ചെയ്തിരിക്കുന്നു عَنْهَا അവയെപ്പറ്റി وَٱللَّهُ അല്ലാഹു غَفُورٌ വളരെ പൊറുക്കുന്നവനാണ് حَلِيمٌ സഹനശീലനാണ് ﴿105﴾ قَدْ سَأَلَهَا അവ ചോദിച്ചിട്ടുണ്ട് قَوْمٌ ഒരു ജനത مِّن قَبْلِكُمْ നിങ്ങളുടെ മുമ്പ്, മുമ്പുള്ള ثُمَّ أَصْبَحُوا പിന്നീട് അവരായിത്തീർന്നു بِهَا അവയിൽ, അവയെപ്പറ്റി كَـٰفِرِينَ അവിശ്വാസികൾ, നിഷേധികൾ

അനാവശ്യമായ ചോദ്യങ്ങൾ ഉന്നയിക്കുകയും, ഉപകാരപ്രദമല്ലാത്ത അന്വേഷണങ്ങൾ നടത്തുകയും ചെയ്യുന്നതിനെയാണ് അല്ലാഹു വിരോധിക്കുന്നത്. അങ്ങിനെയുള്ള ചോദ്യങ്ങൾക്ക് ലഭിക്കുന്ന മറുപടി പലപ്പോഴും ചോദ്യകർത്താവിന്പോലും അതൃപ്തിയും വിഷമവും ഉളവാക്കുന്നതായിരിക്കും. എന്നാൽ, ക്വുർആൻ അവതരിക്കുമ്പോൾ അത്തരം വല്ല സംശയങ്ങളോ അവ്യക്തതയോ തോന്നുന്നപക്ഷം, അതിനെപ്പറ്റി ചോദിച്ചറിയുകയാണെങ്കിൽ അതിന് പരിഹാരം ലഭിക്കുകയും ചെയ്യും. ഇതിനു മുമ്പ് ഇങ്ങിനെ വല്ല ചോദ്യങ്ങളും ചോദിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അത് അല്ലാഹു മാപ്പാക്കിയിരിക്കുന്നു. മേലിൽ ആരും അങ്ങിനെ ചെയ്യരുത്. മുമ്പുള്ള സമുദായക്കാർ-വേദക്കാർ-അത്തരം അനാവശ്യ ചോദ്യങ്ങൾ പലതും ചോദിക്കയുണ്ടായിട്ടുണ്ട്. എന്നിട്ട് ആ ചോദ്യങ്ങൾക്ക് കിട്ടിയ മറുപടിക്കനുസരിച്ച് നിറവേറ്റേണ്ടിയിരുന്ന ബാധ്യതകൾ അവർ നിറവേറ്റുകയുണ്ടായില്ല. അവയെ ലംഘിക്കുകയും നിഷേധിക്കുകയുമാണവർ ചെയ്തത്. അതുപോലെ സത്യവിശ്വാസികളും ആയിത്തീരാതിരിക്കുവാനാണ് ഇങ്ങനെ ഉപദേശിക്കുന്നത് എന്നൊക്കെയാണ് അല്ലാഹു പറഞ്ഞതിന്റെ താൽപര്യം.

ഒരു കാര്യം ഇന്നിന്ന പ്രകാരമായിരിക്കണമെന്ന് വിശദീകരിക്കപ്പെട്ടിട്ടില്ലാത്തപ്പോൾ

ജനങ്ങൾക്ക് അവരുടെ ഹിതവും സൗകര്യവും അനുസരിച്ച് അത് കൈകാര്യം ചെയ്‌വാൻ വിഷമമുണ്ടായിരിക്കയില്ല. വിശദാംശങ്ങളെപ്പറ്റി ചോദ്യം ചെയ്യുമ്പോൾ ലഭിക്കുന്ന വിശദീകരണം അത് ഇന്നിന്നപ്രകാരമായിരിക്കണമെന്നുള്ള ഒരു സുനിശ്ചിതത്വം ഉളവാക്കുന്നു. അതോടെ അതിൽ മുമ്പുണ്ടായിരുന്ന വിശാലതയും സൗകര്യവും നീങ്ങിപ്പോകുകയും, അതിൽ കൃത്യതയും കണിശതയും വർദ്ധിക്കുകയും ചെയ്യുന്നു. അതിന് ഇടവരുത്താതിരിക്കുകയാണ് നല്ലത് എന്നത്രെ ഈ നിരോധത്തിലടങ്ങിയ തത്വം. ഇസ്റാഈല്യർ മൂസാ നബി (അ)യോടും, മറ്റു ചില പ്രവാചകന്മാരോടും അനാവശ്യ ചോദ്യങ്ങൾ നടത്തിക്കൊണ്ടിരുന്നതും, അവസാനം, അവർക്ക് ലഭിച്ച വിശദീകരണങ്ങൾ അവർക്കുതന്നെ ദോഷകരമായി കലാശിച്ചതും, അവരുടെ അനുസരണക്കേടിനും നിഷേധത്തിനും അത് വഴിവെക്കുകയുണ്ടായതുമാണ് അല്ലാഹു ചൂണ്ടിക്കാണിച്ചത്. അതിന്റെ പല ഉദാഹരണങ്ങളും സൂറത്തുൽ ബകറഃ 67-71 ലും മറ്റുമായി അല്ലാഹു ഉദ്ധരിച്ചിട്ടുണ്ടുതാനും.

ഈ നിരോധം അവതരിക്കുവാൻ കാരണമാകുമാറുള്ള ചില സംഭവങ്ങൾ ഹദീഥുകളിൽ വന്നിരിക്കുന്നു. ഒരിക്കൽ നബി ﷺയോട് പലരും പലതും ചോദിച്ചുകൊണ്ടിരുന്നു. തിരുമേനിക്ക് ദ്വേഷ്യം പിടിച്ചു. 'ചോദിച്ചോളൂ! ചോദിച്ചോളൂ!' എന്നു പറഞ്ഞു. സ്വഹാബികൾക്ക് ഭയമായി. അവർ തല മൂടിയിട്ട് കരയുവാൻ തുടങ്ങി. ഈ അവസരത്തിൽ കൂട്ടത്തിലൊരാൾ എഴുന്നേറ്റു. അയാളുടെ സാക്ഷാൽ പിതാവിലേക്കു ചേർക്കപ്പെട്ടുകൊണ്ടല്ല അയാൾ വിളിക്കപ്പെട്ടിരുന്നത്. അയാൾ ചോദിച്ചു: 'നബിയേ, എന്റെ പിതാവ് ആരാണ്?' തിരുമേനി ഉത്തരം പറഞ്ഞു: 'തന്റെ പിതാവ് ഹുദാഫഃ (حذافة)യാകുന്നു.' അപ്പോൾ, ഉമർ (റ) നബി ﷺയുടെ അടുക്കലേക്കു ചെന്നു 'ഞങ്ങൾ അല്ലാഹുവിനെ റബ്ബായും, അങ്ങയെ റസൂലായും, ഇസ്‌ലാമിനെ മതമായും തൃപ്തിപ്പെട്ടിരിക്കുന്നു. അങ്ങുന്ന് ഞങ്ങൾക്ക് മാപ്പു തരണം' എന്നപേക്ഷിച്ചുകൊണ്ടിരുന്നു. അങ്ങനെ തിരുമേനി സമാധാനപ്പെട്ടു. ഈ സംഭവം, ബുഖാരി, മുസ്‌ലിം (റ) മുതലായവർ ഉദ്ധരിച്ചതാണ്.

ഹജ്ജ് കർമം നിർബന്ധമാക്കിക്കൊണ്ട് ക്വുർആൻ അവതരിച്ചപ്പോൾ ചില സ്വഹാബികൾ നബി ﷺയോട്: 'എല്ലാ കൊല്ലവും നിർബന്ധമാണോ?' എന്ന് ചോദിച്ചു. തിരുമേനി മറുപടിയൊന്നും പറഞ്ഞില്ല. ചോദ്യകർത്താവ് ചോദ്യം ആവർത്തിച്ചുകൊണ്ടിരുന്നു. തിരുമേനി അപ്പോഴൊക്കെ മിണ്ടാതിരിക്കുകയാണ് ചെയ്തത്. മൂന്നാമത്തെ പ്രാവശ്യത്തിൽ തിരുമേനി പറഞ്ഞു: 'അതെ' എന്നു ഞാൻ പറഞ്ഞാൽ അത് നിർബന്ധമാകുകതന്നെ ചെയ്യും. നിർബന്ധമായാൽ നിങ്ങൾക്കതിന് സാധ്യമാകാതെയും വരും. ഞാൻ നിങ്ങളെ ഒഴിവാക്കി വിടുമ്പോൾ നിങ്ങൾ എന്നെ (ചോദ്യം ചെയ്യാതെ) വിട്ടേക്കണം. നിങ്ങളുടെ മുമ്പുള്ളവർ നാശമടഞ്ഞത് അവരുടെ ചോദ്യത്തിന്റെ ആധിക്യവും, അവരുടെ നബിമാരോട് അവർ വിയോജിപ്പ് കാണിച്ചതും നിമിത്തംതന്നെയാണ്. അതുകൊണ്ട് ഞാൻ നിങ്ങളോട് വല്ലതും കൽപിച്ചാൽ, അതിൽ നിന്നും കഴിയുന്നത്ര നിങ്ങൾ ചെയ്തുകൊള്ളുക. ഞാൻ നിങ്ങളോട് വല്ലതും വിരോധിച്ചാൽ അത് നിങ്ങൾ (പാടെ) വിട്ടേക്കുകയും ചെയ്തുകൊള്ളുക. അഹ്മദ്, മുസ്‌ലിം, ഹാകിം (റ) മുതലായവർ ഉദ്ധരിച്ചതാണിത്.

ഇതുപോലെയുള്ള ചില സംഭവങ്ങൾ വേറെയും ഉദ്ധരിക്കപ്പെട്ടിരിക്കുന്നു. ഇങ്ങിനെയുള്ള ചില കാരണങ്ങളാണ് ഈ വചനത്തിന്റെ അവതരണഹേതു എന്ന് ഹദീഥു

കളിൽ നിന്ന് മനസ്സിലാകുന്നു. നബി ﷺ അരുളിച്ചെയ്തതായി സഅ്ദുബ്നു അബീവക്കാസ് (റ) പ്രസ്താവിക്കുന്നു: 'മുസ്ലിംകളിൽവെച്ചു വമ്പിച്ച തെറ്റുകാരൻ യാതൊരുവനാകുന്നു: നിഷിദ്ധമാക്കപ്പെട്ടിട്ടില്ലാത്ത ഒരു കാര്യം, അവന്റെ ചോദ്യം നിമിത്തം നിഷിദ്ധമാക്കപ്പെട്ടു' (ബു; മു). മറ്റൊരു നബി വചനത്തിലെ വാചകം ഇങ്ങിനെയാണ്: 'നിങ്ങളോടുള്ള കാരുണ്യം നിമിത്തം-മറന്നുപോയതുകൊണ്ടല്ല-പല കാര്യങ്ങളെക്കുറിച്ചും അല്ലാഹു മൗനം അവലംബിച്ചിട്ടുണ്ട്. അവയെപ്പറ്റി നിങ്ങൾ ചോദ്യം നടത്തരുത്'.

വിവരമില്ലാത്ത കാര്യം ചോദിച്ചറിയരുതെന്നോ, സംശയത്തിനു പരിഹാരം തേടിക്കൂടാ എന്നോ അല്ല. ഇതുപോലെയുള്ള ക്വുർആൻ വചനങ്ങളുടെയും, നബി വചനങ്ങളുടെയും പൊരുൾ. അനാവശ്യമായ വിശദീകരണം ആവശ്യപ്പെടുക, സങ്കൽപ ചോദ്യങ്ങൾ ഉന്നയിക്കുക, സംഭവിക്കാത്ത കാര്യങ്ങളെക്കുറിച്ച് ചോദ്യം നടത്തുക, അനുഷ്ഠിക്കുവാനല്ലാതെ-തർക്കത്തിനുവേണ്ടിയോ പരീക്ഷിക്കുവാൻ വേണ്ടിയോ-ചോദിക്കുക മുതലായവയാണ് വിരോധിക്കപ്പെട്ടിരിക്കുന്നത്. അറിയാത്ത കാര്യങ്ങൾ അന്വേഷിച്ചു മനസ്സിലാക്കണമെന്നുള്ളത് ക്വുർആനിൽ നിന്നും ഹദീഥിൽ നിന്നും അറിയപ്പെട്ടിട്ടുള്ളതാകുന്നു.

مَا جَعَلَ ٱللَّهُ مِنۢ بَحِيرَةٍ وَلَا سَآئِبَةٍ وَلَا وَصِيلَةٍ وَلَا حَامٍ

﴾106﴿ 'ബഹീറത്താ'കട്ടെ, 'സാഇബത്താ'കട്ടെ, 'വസ്വീലത്താ'കട്ടെ, 'ഹാം' ആകട്ടെ (ഒന്നും തന്നെ) അല്ലാഹു ഏർപ്പെടുത്തിയിട്ടില്ല;

وَلَٰكِنَّ ٱلَّذِينَ كَفَرُوا۟ يَفْتَرُونَ عَلَى ٱللَّهِ ٱلْكَذِبَ

പക്ഷേ, അവിശ്വസിച്ചവർ അല്ലാഹുവിന്റെ പേരിൽ വ്യാജം കെട്ടിച്ചമക്കുകയാണ്.

وَأَكْثَرُهُمْ لَا يَعْقِلُونَ ﴿١٠٦﴾

അവരിൽ അധികമാളും ബുദ്ധി കൊടു(ത്തു ഗ്രഹി)ക്കുന്നില്ല.

وَإِذَا قِيلَ لَهُمْ تَعَالَوْا۟ إِلَىٰ مَآ أَنزَلَ ٱللَّهُ وَإِلَى ٱلرَّسُولِ قَالُوا۟ حَسْبُنَا مَا وَجَدْنَا عَلَيْهِ ءَابَآءَنَآ

﴾107﴿ അവരോട്: 'അല്ലാഹു ഇറക്കിയതിലേക്കും റസൂലിലേക്കും വരുവിൻ' എന്ന് പറയപ്പെട്ടാൽ, അവർ പറയും: 'ഞങ്ങളുടെ പിതാക്കളെ ഏതൊരു പ്രകാരത്തിൽ ഞങ്ങൾ കണ്ടെത്തിയോ അതുമതി ഞങ്ങൾക്ക്' എന്ന്.

﴾106﴿ مَا جَعَلَ اللهُ അല്ലാഹു ആക്കി (ഏർപ്പെടുത്തി)യിട്ടില്ല مِنۢ بَحِيرَةٍ ഒരു ബഹീറത്തിനെയും وَلَاسَآئِبَةٍ സാഇബത്തിനെയുമില്ല وَلَاوَصِيلَةٍ വസ്വീലത്തിനെയുമില്ല وَلَاحَامٍ

أَوَلَوْ كَانَ ءَابَآؤُهُمْ لَا يَعْلَمُونَ شَيْـًٔا وَلَا يَهْتَدُونَ ﴿١٠٧﴾

അവരുടെ പിതാക്കൾക്ക് യാതൊന്നു അറിയാതെയും, അവർ സന്മാർഗം പ്രാപിക്കാതെയുമായിരുന്നാലുമോ?! [എന്നാലും അവർക്ക് അതു തന്നെ മതിയോ?!]

ഹാമിനെയും ഇല്ല وَلَٰكِنَّ എങ്കിലും الَّذِينَ كَفَرُوا അവിശ്വസിച്ചവർ يَفْتَرُونَ അവർ കെട്ടിച്ചമക്കുന്നു عَلَى اللَّهِ അല്ലാഹുവിന്റെ മേൽ الْكَذِبَ കളവ്, വ്യാജം وَأَكْثَرُهُمْ അവരിൽ അധികമാളും لَا يَعْقِلُونَ ബുദ്ധി കൊടുക്കുന്നില്ല, ഗ്രഹിക്കുന്നില്ല, ചിന്തിക്കുന്നില്ല ﴾107﴿ وَإِذَا قِيلَ لَهُمْ അവരോടു പറയപ്പെട്ടാൽ تَعَالَوْا നിങ്ങൾ വരുവിൻ إِلَىٰ مَا أَنزَلَ ഇറക്കിയതിലേക്ക് اللَّهُ അല്ലാഹു وَإِلَى الرَّسُولِ റസൂലിലേക്കും قَالُوا അവർ പറയും, പറയുകയായി حَسْبُنَا ഞങ്ങൾക്കുമതി مَا وَجَدْنَا عَلَيْهِ ഞങ്ങൾ (യാതൊരു പ്രകാരം) കണ്ടെത്തിയോ അത് آبَاءَنَا ഞങ്ങളുടെ പിതാക്കളെ أَوَلَوْ كَانَ ആയിരുന്നാലുമോ آبَاؤُهُمْ അവരുടെ പിതാക്കൾ لَا يَعْلَمُونَ അവർ അറിയാതെ, അറിയുകയില്ല شَيْئًا യാതൊന്നും وَلَا يَهْتَدُونَ അവർ നേർമാർഗം പ്രാപിക്കാതെയും (പ്രാപിക്കുന്നുമില്ല).

മുശ്‌രിക്കുകൾ അവരുടെ ദൈവങ്ങൾക്ക്-വിഗ്രഹങ്ങൾക്ക്-നേർച്ച വഴിപാടായി നിശ്ചയിക്കപ്പെട്ടിരുന്ന ചിലതരം മൃഗങ്ങളെപ്പറ്റിയാണ് ഈ വചനത്തിൽ പ്രസ്താവിക്കുന്നത്. ഓരോന്നിന്റെയും നിർവ്വചനത്തിൽ പലഅഭിപ്രായങ്ങളും ഉള്ളതുകൊണ്ട് ഉദാഹരണാർത്ഥം ഓരോന്നു മാത്രം വിവരിക്കാം: ഒരു ഒട്ടകം അഞ്ചു പ്രസവം കഴിഞ്ഞാൽ അതിനെ ദൈവങ്ങൾക്കായി ഉഴിഞ്ഞിടുകയും, അതിന്റെ അടയാളമായി അതിന്റെ കാതു കീറുകയും ചെയ്യുക പതിവായിരുന്നു. പിന്നീട് ആരും അതിന്റെ പാൽ കറക്കുകയില്ല. പാൽ ദൈവങ്ങൾക്കാണെന്നാണ് സങ്കൽപം. ഇങ്ങിനെയുള്ള ഒട്ടകമാണ് ബഹീറത്ത് (بحيرة). രോഗശമനം മുതലായ വല്ല കാര്യങ്ങളെയും മുൻനിറുത്തി ദൈവങ്ങൾക്ക് നേർച്ചയിടുകയും, അനന്തരം യഥേഷ്ടംമേഞ്ഞു നടക്കുവാൻ വിടുകയും ചെയ്യപ്പെടുന്ന ഒട്ടകത്തിനാണ് 'സാഇബത്ത്' (سائبة) എന്ന് പറയുന്നത്. പിന്നീടതിനെ വാഹനമായോ മറ്റോ ഉപയോഗിക്കുകയില്ല. ഒരു ആടിന്റെ ആദ്യത്തെ പ്രസവത്തിൽ ജനിച്ചത് ആൺകുട്ടിയായാൽ അത് ദൈവങ്ങൾക്കും, പെൺകുട്ടിയായാൽ അവർക്കുമായിരിക്കും. ആണിനെയും പെണ്ണിനെയും പ്രസവിച്ചാൽ അത് 'വസ്വീലത്ത്' (وصيلة) ആയിത്തീരുന്നതാണ്. ഒരു നിശ്ചിത എണ്ണം സന്താനങ്ങളുടെ പിതാവായിത്തീർന്ന ഒട്ടകക്കൂറ്റൻ പിന്നീട് ദൈവങ്ങൾക്കായി ഒഴിച്ചു വിടപ്പെടും. അതിനു 'ഹാം' (حام) എന്നും പറയപ്പെടും. ഓരോന്നിന്റെയും നിർവ്വചനങ്ങൾ വേറെ രൂപങ്ങളിലും വിവരിക്കപ്പെട്ടുകാണാം. ഓരോന്നിനെക്കുറിച്ചും ചില വിശദീകരണങ്ങൾ പറയപ്പെടുന്നുണ്ട്. ആയത്തിലെ ആശയം മനസ്സിലാക്കുന്നതിന് അവയൊന്നും വിസ്തരിക്കേണ്ടുന്ന ആവശ്യം കാണുന്നില്ല. മൊത്തത്തിൽ പറഞ്ഞാൽ, മൃഗങ്ങളെ വിഗ്രഹങ്ങൾക്ക് നേർച്ചയാക്കി വിടുന്ന

പലസമ്പ്രദായങ്ങളും മുശ്‌രിക്കുകൾക്കിടയിൽ ഉണ്ടായിരുന്നു. അവ ഒന്നും തന്നെ അല്ലാഹു നിയമിച്ചതോ അനുവദിച്ചതോ അല്ല. അവരാകട്ടെ, എല്ലാം അല്ലാഹു കൽപിച്ച പുണ്യകർമങ്ങളും, ആരാധനാമുറകളുമാണെന്ന നിലക്കാണ് അതൊക്കെ ചെയ്തു വരുന്നത്. ഇത് അല്ലാഹുവിന്റെ പേരിൽ വ്യാജം കെട്ടിച്ചമക്കലാണെന്ന് പറയേണ്ടതില്ലല്ലോ. അവരുടെ പൂർവ്വികന്മാർ ആചരിച്ചു വന്നതിനെ അനുകരിക്കുകയെന്നല്ലാതെ, എന്തെങ്കിലും തെളിവോ ന്യായമോ അവർക്കില്ല താനും.

അന്നത്തെ മുശ്‌രിക്കുകൾ സ്വീകരിച്ചിരുന്ന അതേ രൂപത്തിലും അതേ നാമത്തിലുമല്ലെങ്കിലും, അവയോട് സാമ്യമുള്ള പലതരം നേർച്ച വഴിപാടുകൾ ഇന്നും വിഗ്രഹാരാധകന്മാർക്കിടയിൽ നടപ്പുണ്ട്. വിഗ്രഹാരാധകരിൽ മാത്രമല്ല, ഇസ്‌ലാമിനെപ്പറ്റി കാര്യമായൊന്നും അറിഞ്ഞുകൂടാത്ത പാമര മുസ്‌ലിംകൾക്കിടയിൽ തന്നെയും പലതും കാണാവുന്നതാണ്. മൃഗങ്ങളെമാത്രമല്ല, ചിലർ പ്രാവ്, കോഴി മുതലായ പക്ഷികളെയും വഴിപാടാക്കി വിടാറുണ്ട്. പക്ഷേ, ഇവർ വിഗ്രഹങ്ങളുടെ പേരിലല്ല, വല്ല മഹാത്മാക്കളുടെ പേരിലോ, അവരുടെ ക്വബ്ർസ്ഥാനങ്ങളുടെ പേരിലോ ആയിരിക്കും നേർച്ചയാക്കിയിരിക്കുക എന്നു മാത്രം. അല്ലാഹു അല്ലാത്ത ആരുടെ പേരിലായാലും എന്തിന്റെ പേരിലായാലും അത് ശിർക്കിൽ പെട്ടതു തന്നെ. ഇങ്ങിനെ വഴിപാടാക്കപ്പെട്ട ജീവികളെ- അവനിമിത്തം ഉപദ്രവങ്ങൾ ഉണ്ടായിരുന്നാൽ പോലും- വിരട്ടുവാനോ അടിക്കുവാനോ പാടില്ലെന്നുപോലും പല വിഡ്ഢികളും കരുതി വരുന്നു.

അല്ലാമാ സ്വാവീ (റ)യുടെ ഒരു പ്രസ്താവന ഇവിടെ വളരെ ശ്രദ്ധേയമാകുന്നു. അദ്ദേഹം ഈ വചനത്തിന്റെ വിവരണത്തിൽ പറയുകയാണ്: 'ഹറാമിന്റെ (നിഷിദ്ധത്തിന്റെ) വിഷയത്തിൽ ഇതുപോലെതന്നെയാണ് പൊതുജനങ്ങളിലുള്ള ചില ഭോഷന്മാർ ചെയ്യാറുള്ളതും. അതായത്: ഏതെങ്കിലും ഒരു വലിയ്യിന്റെ (മഹാത്മാവിന്റെ) പേരിൽ ഒരു മൂരിക്കുട്ടനെയോ ആട്ടിനെയോ ജനങ്ങളുടെ സ്വത്തുക്കളിൽ നിന്ന് തിന്നുമാറ് അവർ വിട്ടുകളയും. ആരും അതിന് തടസ്സം വരുത്തുവാൻ തുനിയുകയില്ല. ഇവർക്ക് ആരെങ്കിലും ഉപദേശം നൽകുകയും, അത് ഹറാമാ(നിഷിദ്ധമാ)ണെന്ന് പറയുകയും ചെയ്താൽ, അവനെപ്പറ്റി അവർ തെറ്റായ ധാരണ ധരിക്കുകയും, അവൻ ഔലിയാക്കളെ (മഹാത്മാക്കളെ) സ്നേഹിക്കുന്നില്ലെന്ന് പറയുകയും ചെയ്യും. അത് പുണ്യകർമവും വഴിപാടുമാണെന്ന് അവർ വിശ്വസിച്ചാൽ അവർ അവിശ്വാസികളായി. ഇല്ലാത്ത പക്ഷം, അത് ഹറാമായ കാര്യങ്ങളിൽ പെട്ടതുമാകുന്നു. ഒരു (നല്ല) കാര്യത്തിലാണ് തങ്ങളെന്ന് അവർ വിചാരിക്കുന്നു. അറിയുക. നിശ്ചയമായും അവർ വ്യാജവാദികളാകുന്നു'.(*)

പ്രമാണങ്ങൾ ഉദ്ധരിച്ചുകൊണ്ട് ഇത്തരം ആളുകളെ ഉപദേശിക്കുന്നവരോട് ഇവർക്കും പറയുവാനുള്ള ന്യായം മുൻകാലത്ത് ആ മുശ്‌രിക്കുകൾ പറഞ്ഞു വന്നിരുന്ന അതേ വാക്കുകൾ തന്നെ. അതെ, ഞങ്ങളുടെ പൂർവ്വികന്മാർ മുതൽക്കേ ആചരിച്ചു വന്ന ഈ നടപടികൾ ഞങ്ങൾ ഉപേക്ഷിക്കുവാൻ പോകുന്നില്ല എന്ന്. അന്ധവിശ്വാസങ്ങളുടെയും, അനാചാരങ്ങളുടെയും പൊതുവെയുള്ള ന്യായീകരണം എക്കാലത്തും പൂർവ്വികന്മാരെ അന്ധമായി അനുകരിച്ചു പോരുക എന്നുള്ളതാകുന്നു. പൂർവ്വികന്മാർ ചെയ്തത് തെറ്റോ ശരിയോ എന്നൊന്നും അവർക്ക് ആലോചനാ വിഷയമേ അല്ല.

(*) حاشية الصاوي على تفسير الجلالين ج 1 ص 249

അതുകൊണ്ടാണ് അവരുടെ ഈ അനുകരണത്തെ അപലപിച്ചുകൊണ്ടും, അവരുടെ ബുദ്ധിയെ തട്ടി ഉണർത്തിക്കൊണ്ടും അല്ലാഹു ചോദിക്കുന്നത്: .....أَوَلَوْ كَانَ آبَاؤُهُمْ (അവരുടെ പിതാക്കൾക്ക് ഒന്നും അറിഞ്ഞിരുന്നതുമില്ല, അവർ നേർമാർഗം പ്രാപിച്ചിരുന്നതുമില്ല, എന്നാലും അവരെ പിൻപറ്റുകതന്നെയാണോ അവർ ചെയ്യുന്നത്?!) അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും ന്യായീകരണത്തിനു ഉപയോഗപ്പെടുത്താറുള്ള മറ്റൊരു അടവ് ഭൂരിപക്ഷവാദമാണ്. ഇതിനെപ്പറ്റി 103-ാം വചനത്തിലും അതിന്റെ വിവരണത്തിലും പ്രസ്താവിച്ചുവല്ലോ. ഇത്തരം അനുകരണവാദികളും, ഭൂരിപക്ഷവാദികളും പ്രത്യേകം ശ്രദ്ധിക്കേണ്ടുന്ന ഒരു ഉപദേശമാണ് അടുത്ത വചനത്തിൽ അല്ലാഹു നൽകുന്നത്:-

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ عَلَيْكُمْ أَنفُسَكُمْ ۖ لَا يَضُرُّكُم مَّن ضَلَّ إِذَا ٱهْتَدَيْتُمْ ۚ إِلَى ٱللَّهِ مَرْجِعُكُمْ جَمِيعًا فَيُنَبِّئُكُم بِمَا كُنتُمْ تَعْمَلُونَ ﴿١٠٨﴾

﴾108﴿ ഹേ, വിശ്വസിച്ചവരേ, നിങ്ങൾ നിങ്ങളുടെ സ്വന്ത(ശരീര)ങ്ങളെ കാത്തു (സൂക്ഷിച്ചു) കൊള്ളുവിൻ. നിങ്ങൾ സന്മാർഗം പ്രാപിച്ചാൽ, വഴിപിഴച്ചവർ നിങ്ങൾക്ക് ഉപദ്രവം വരുത്തുന്നതല്ല.

അല്ലാഹുവിങ്കലേക്കത്രെ നിങ്ങളെല്ലാവരുടെയും മടങ്ങിവരവ്. അപ്പോൾ നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിനെപ്പറ്റി അവൻ നിങ്ങളെ ബോധ്യപ്പെടുത്തുന്നതാണ്.

﴾108﴿ يَاأَيُّهَا الَّذِينَ آمَنُوا ഹേ വിശ്വസിച്ചവരേ عَلَيْكُمْ നിങ്ങളുടെ ബാധ്യത, നിങ്ങൾ മുറുകെ പിടിക്കുക, കാത്തുകൊള്ളുക, സൂക്ഷിക്കുക أَنفُسَكُمْ നിങ്ങളുടെ സ്വന്തങ്ങൾ, ദേഹങ്ങളെ, ആത്മാക്കളെ, ശരീരങ്ങളെ (സ്വന്തംകാര്യങ്ങൾ) لَا يَضُرُّكُمْ നിങ്ങളെ ദ്രോഹിക്കയില്ല, നിങ്ങൾക്ക് ഉപദ്രവം ചെയ്കയില്ല مَنْ ضَلَّ വഴിപിഴച്ചവർ إِذَا اهْتَدَيْتُمْ നിങ്ങൾ സന്മാർഗം പ്രാപിച്ചാൽ, നേർമാർഗത്തിലായാൽ إِلَى اللهِ അല്ലാഹുവിങ്കലേക്കാണ് مَرْجِعُكُمْ നിങ്ങളുടെ മടക്കം, മടങ്ങി വരവ് جَمِيعًا മുഴുവനും, എല്ലാവരും فَيُنَبِّئُكُمْ അപ്പോൾ അവൻ നിങ്ങളെ ബോധ്യപ്പെടുത്തും, നിങ്ങൾക്ക് അറിയിച്ചു തരും بِمَا كُنتُمْ നിങ്ങൾ ആയിരുന്നതിനെപ്പറ്റി تَعْمَلُونَ നിങ്ങൾ പ്രവർത്തിക്കും

നിങ്ങൾ ഓരോരുത്തരും അവരവരുടെ സ്വന്തം കാര്യങ്ങൾ- രക്ഷാമാർഗം-ശ്രദ്ധിക്കണം; മറ്റുള്ളവർ വഴി പിഴച്ചുപോയതുകൊണ്ട് നിങ്ങൾക്ക് ദോഷമൊന്നും വരാനില്ല; നിങ്ങൾ നേരായ മാർഗത്തിലാണോ അല്ലേ എന്നതാണ് നിങ്ങൾ ഗൗനിക്കേണ്ടത്; എല്ലാ

വരും അവനവന്റെ കർമഫലം തന്നെ അനുഭവിക്കേണ്ടി വരും; മറ്റൊരാളുടെ പിഴവു കൊണ്ട് നിങ്ങൾക്ക് ഒഴിവുകഴിവ് ലഭിക്കാൻ പോകുന്നില്ല; നിങ്ങളെല്ലാവരും തന്നെ അല്ലാഹുവിങ്കലേക്കാണ് അവസാനം മടങ്ങി എത്തുക; അപ്പോൾ ഓരോരുത്തരുടെയും ചെയ്തികളെക്കുറിച്ചു-അവ ശരിയോ തെറ്റോ എന്നും മറ്റും- അവൻ നിങ്ങളെ ശരിക്കും ബോധ്യപ്പെടുത്തി വേണ്ട നടപടികൾ എടുത്തുകൊള്ളും എന്നൊക്കെയാണ് ഈ വചനത്തിന്റെ സാരം. മറ്റുള്ളവർക്ക് വേണ്ടുന്ന ഉപദേശങ്ങൾ നൽകുക, നല്ല കാര്യങ്ങൾകൊണ്ട് ഉപദേശിക്കുക, ചീത്ത കാര്യങ്ങളെക്കുറിച്ചു വിരോധിക്കുക, അനാചാര ദുരാചാരങ്ങളെ നീക്കം ചെയ്‌വാൻ ശ്രമിക്കുക എന്നിവയൊന്നും ആവശ്യമില്ലെന്നല്ല ഇപ്പറഞ്ഞതിന്റെ താൽപര്യം. മറ്റുള്ളവർ ചെയ്യുന്നത് ശരിയോ തെറ്റോ എന്നു നോക്കാതെ അനുകരിക്കുക, മറ്റുള്ളവർ പിഴച്ചു പോയെങ്കിൽ നാമും പിഴച്ചുപോയിക്കൊള്ളട്ടെ എന്ന നിലപാട് സ്വീകരിക്കുക, തെളിവും ന്യായവും നോക്കാതെ-ഭൂരിപക്ഷത്തിന്റെയോ നല്ലവരെന്ന് കരുതപ്പെടുന്നവരുടെയോ പ്രവൃത്തികളെ മാത്രം ആധാരമാക്കി-കാര്യങ്ങൾ വിലയിരുത്തുക, സ്വന്തം ഗുണദോഷങ്ങളെപ്പറ്റി ഗൗനിക്കാതെ അന്യരുടെ കാര്യത്തിൽ ശ്രദ്ധപതിക്കുക എന്നിങ്ങനെയുള്ള സമ്പ്രദായങ്ങൾ ഉപേക്ഷിച്ചു സ്വന്തം രക്ഷാമാർഗങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്തുകയാണ് വേണ്ടത് എന്നത്രെ താൽപര്യം.

അബൂബക്ർ സ്വിദ്ദീക് (റ) അദ്ദേഹത്തിന്റെ ഒരു പ്രസംഗത്തിൽ ഇക്കാര്യം പ്രത്യേകം ഉണർത്തുകയുണ്ടായി. അദ്ദേഹം പറഞ്ഞു: ഹേ, മനുഷ്യരേ, നിങ്ങൾ عَلَيْكُمْ أَنفُسَكُمْ..... എന്നുള്ള (ഈ) വചനം ഓതുന്നു. അതിനെ അതിന്റെ സ്ഥാനത്തല്ലാതെ നിങ്ങൾ വെക്കുകയും ചെയ്യുന്നു. റസൂൽ ﷺ ഇങ്ങിനെ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്: 'ഒരു നിരോധിക്കപ്പെട്ട കാര്യം കണ്ടിട്ട് ജനങ്ങൾ അതിന് മാറ്റം വരുത്താതിരിക്കുന്നപക്ഷം, അല്ലാഹു അവരിൽ പൊതുവായ വല്ല ശിക്ഷയും ഏർപ്പെടുത്തുവാൻ ഇടയാകുന്നതാണ്' (അ; ദാ; തി; ജ; ന;). അബൂഥഅ്ലബത്തൽ ഖുശനീ (റ)യോടു ഈ ക്വുർആൻ വചനത്തെപ്പറ്റി ചോദിക്കപ്പെട്ടപ്പോൾ, അദ്ദേഹം നൽകിയ മറുപടി ഇതായിരുന്നു: 'സൂക്ഷ്മമായി അറിയുന്ന ഒരാളോട്-അതായത്, റസൂൽ തിരുമേനി ﷺയോട്-ഞാൻ അതിനെപ്പറ്റി ചോദിച്ചിരിക്കുന്നു. അപ്പോൾ അവിടുന്ന് പറഞ്ഞു: 'എന്നാൽ, നിങ്ങൾ സദാചാരത്തെക്കുറിച്ചു ഉപദേശിക്കണം; ദുരാചാരത്തെക്കുറിച്ചു നിരോധിക്കുകയും ചെയ്യണം. അങ്ങനെ, ലുബ്ധതക്ക് വഴിപ്പെടുന്നതായും, തന്നിഷ്ടം പിൻപറ്റപ്പെടുന്നതായും, ഐഹിക കാര്യത്തിന് പ്രാധാന്യം നൽകപ്പെടുന്നതായും, ഓരോരുത്തരും അവരവരുടെ അഭിപ്രായം കൊണ്ട് തൃപ്തി അടയുന്നതായും നീ കണ്ടാൽ, അപ്പോൾ നീ നിന്റെ സ്വന്തം കാര്യം നോക്കുക. പൊതുജനങ്ങളുടെ കാര്യം നീ വിട്ടേക്കുകയും ചെയ്യുക. നിങ്ങളുടെ പിന്നാലെ ചില നാളുകൾ വരാനിരിക്കുന്നു; അന്ന് ക്ഷമകൈക്കൊള്ളുന്നവൻ തീക്കനലിൻമേൽ പിടിച്ചവനെപ്പോലെയായിരിക്കും. അന്ന് (സൽക്കർമം) പ്രവർത്തിക്കുന്നവർക്ക് നിങ്ങളുടെ പ്രവൃത്തിപോലെ പ്രവർത്തിക്കുന്ന അമ്പതുപേരുടെ അത്ര പ്രതിഫലമുണ്ടായിരിക്കുന്നതാണ്.' (തി; ദാ; ജ.)

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُواْ شَهَـٰدَةُ بَيْنِكُمْ إِذَا حَضَرَ أَحَدَكُمُ ٱلْمَوْتُ حِينَ ٱلْوَصِيَّةِ ٱثْنَانِ ذَوَا عَدْلٍ مِّنكُمْ

﴿109﴾ ഹേ, വിശ്വസിച്ചവരേ, നിങ്ങളിൽ ഒരാൾക്ക് മരണം ആസന്നമായാൽ, 'വസ്വിയ്യത്തി'ന്റെ സമയത്ത് നിങ്ങൾക്കിടയിലുള്ള സാക്ഷ്യം, നിങ്ങളിൽ നിന്നുള്ള നീതിമാന്മാരായ രണ്ടാളുകളാകുന്നു.

أَوْ ءَاخَرَانِ مِنْ غَيْرِكُمْ إِنْ أَنتُمْ ضَرَبْتُمْ فِى ٱلْأَرْضِ فَأَصَـٰبَتْكُم مُّصِيبَةُ ٱلْمَوْتِ ۚ

അല്ലെങ്കിൽ നിങ്ങളല്ലാത്തവരിൽ നിന്നുള്ള വേറെ രണ്ടാളുകൾ,-നിങ്ങൾ ഭൂമിയിൽ യാത്ര ചെയ്യുകയും, എന്നിട്ട് നിങ്ങൾക്ക് മരണവിപത്ത് ബാധിക്കുകയും ചെയ്തുവെങ്കിൽ.

تَحْبِسُونَهُمَا مِنۢ بَعْدِ ٱلصَّلَوٰةِ فَيُقْسِمَانِ بِٱللَّهِ إِنِ ٱرْتَبْتُمْ

അവരെ രണ്ടാളെയും നിങ്ങൾ നമസ്കാരത്തിനുശേഷം തടഞ്ഞു നിറുത്തണം; എന്നിട്ട്-നിങ്ങൾക്ക് സന്ദേഹം ഏർപ്പെട്ടാൽ- അവർ രണ്ടാളും അല്ലാഹുവിൽ (ഇങ്ങിനെ) സത്യം ചെയ്യണം.

لَا نَشْتَرِى بِهِۦ ثَمَنًا وَلَوْ كَانَ ذَا قُرْبَىٰ ۙ وَلَا نَكْتُمُ شَهَـٰدَةَ ٱللَّهِ

'അടുത്ത (കുടുംബ)ബന്ധമുള്ളവനായിരുന്നാലും ഞങ്ങൾ ഇതിന് (പകരം) ഒരു പ്രതിഫലവും വാങ്ങുന്നതല്ല; അല്ലാഹുവിന്റെ സാക്ഷ്യം ഞങ്ങൾ ഒളിച്ചുവെക്കുന്നതുമല്ല;-

---

﴿109﴾ يَاأَيُّهَا الَّذِينَ آمَنُوا ഹേ വിശ്വസിച്ചവരേ شَهَادَةُ സാക്ഷ്യം بَيْنِكُمْ നിങ്ങൾക്കിട
യിൽ إِذَا حَضَرَ ആസന്നമായാൽ أَحَدَكُمُ നിങ്ങളിലൊരാൾക്ക് الْمَوْتُ മരണം حِينَ الْوَصِيَّةِ
വസിയ്യത്തിന്റെ സമയത്ത് اثْنَانِ രണ്ടാളാകുന്നു ذَوَا عَدْلٍ നീതിമാന്മാരായ, മര്യാദയു
ള്ളവരായ مِنْكُمْ നിങ്ങളിൽ നിന്നുള്ള أَوْ آخَرَانِ അല്ലെങ്കിൽ വേറെ (മറ്റു) രണ്ടാൾ
مِنْ غَيْرِكُمْ നിങ്ങളല്ലാത്തവരിൽ നിന്ന് إِنْ أَنْتُمْ നിങ്ങൾ (ആയി) എങ്കിൽ ضَرَبْتُمْ നിങ്ങൾ
യാത്ര ചെയ്തു (എങ്കിൽ) فِي الْأَرْضِ ഭൂമിയിൽ فَأَصَابَتْكُمْ എന്നിട്ട് നിങ്ങളെ ബാധിച്ചു
(എങ്കിൽ) مُصِيبَةُ വിപത്ത് الْمَوْتِ മരണത്തിന്റെ, മരണമാകുന്ന تَحْبِسُونَهُمَا അവരെ
രണ്ടാളെയും നിങ്ങൾ തടഞ്ഞു നിറുത്തണം, തടഞ്ഞുംകൊണ്ട് مِنْ بَعْدِ الصَّلَاةِ നമസ്കാ
രത്തിനു ശേഷം فَيُقْسِمَانِ എന്നിട്ടവർ രണ്ടാളും സത്യം ചെയ്യണം بِاللَّهِ അല്ലാഹുവിൽ,
അല്ലാഹുവിനെക്കൊണ്ട് إِنِ ارْتَبْتُمْ നിങ്ങൾ സന്ദേഹപ്പെട്ടാൽ, സംശയിച്ചുവെങ്കിൽ
لَا نَشْتَرِي بِهِ അതിനു (പകരം) ഞങ്ങൾ വാങ്ങുകയില്ല (എന്ന്) ثَمَنًا ഒരു വില (പ്രതിഫ

إِنَّآ إِذًا لَّمِنَ ٱلْـَٔاثِمِينَ ﴿١٠٦﴾

എന്നാൽ [അങ്ങിനെ ചെയ്താൽ] നിശ്ചയമായും ഞങ്ങൾ, കുറ്റക്കാരിൽ പെട്ടവർ തന്നെയായിരിക്കും'.

فَإِنْ عُثِرَ عَلَىٰٓ أَنَّهُمَا ٱسْتَحَقَّآ إِثْمًا فَـَٔاخَرَانِ يَقُومَانِ مَقَامَهُمَا مِنَ ٱلَّذِينَ ٱسْتَحَقَّ عَلَيْهِمُ ٱلْأَوْلَيَـٰنِ فَيُقْسِمَانِ بِٱللَّهِ

﴾110﴿ എനി, അവർ രണ്ടുപേരും കുറ്റത്തിന് അവകാശപ്പെട്ടിരിക്കുന്നുവെന്ന് വെളിവാകുന്ന പക്ഷം, അപ്പോൾ, യാതൊരു കൂട്ടർക്കെതിരെ അത് [കുറ്റം] അവകാശപ്പെട്ടുവോ അവരിൽ നിന്ന് വേറെ രണ്ടാൾ-കൂടുതൽ ബന്ധപ്പെട്ട രണ്ടാൾ- അവരുടെ സ്ഥാനത്ത് (സാക്ഷികളായി) നില്ക്കണം; എന്നിട്ട് അവർ രണ്ടുപേരും (ഇങ്ങിനെ) സത്യം ചെയ്യണം:

لَشَهَـٰدَتُنَآ أَحَقُّ مِن شَهَـٰدَتِهِمَا وَمَا ٱعْتَدَيْنَآ إِنَّآ إِذًا لَّمِنَ ٱلظَّـٰلِمِينَ ﴿١١٠﴾

ഞങ്ങളുടെ സാക്ഷ്യം ഈ രണ്ടുപേരുടെ സാക്ഷ്യത്തെക്കാൾ യഥാർത്ഥമായുള്ളതാണ്; ഞങ്ങൾ ക്രമം തെറ്റുകയും ചെയ്തിട്ടില്ല; എന്നാൽ [അങ്ങിനെ ചെയ്താൽ] നിശ്ചയമായും ഞങ്ങൾ, അക്രമികളിൽ പെട്ടവർ തന്നെയായിരിക്കും'.

وَلَا نَكْتُمُ ലം) وَلَوْ كَانَ ആയിരുന്നാലും ذَاقُرْبَىٰ അടുത്ത (കുടുംബ) ബന്ധമുള്ളവൻ ഞങ്ങൾ ഒളിച്ചു (മൂടി) വെക്കുകയുമില്ല شَهَادَةَ اللَّهِ അല്ലാഹുവിന്റെ സാക്ഷ്യത്തെ إِنَّا നിശ്ചമായും ഞങ്ങൾ إِذًا അപ്പോൾ, എന്നാൽ (അങ്ങിനെയെങ്കിൽ), അന്നേരം لَمِنَ الْآثِمِينَ കുറ്റക്കാരിൽ (പാപികളിൽ)പെട്ടവർ തന്നെ ﴾110﴿ فَإِنْ عُثِرَ എനി (എന്നിട്ട്) വെളിവായെങ്കിൽ عَلَىٰٓ أَنَّهُمَا അവർ രണ്ടാളുമെന്ന് اسْتَحَقَّا രണ്ടാളും അവകാശപ്പെട്ടിരിക്കുന്നു, അർഹമായിരിക്കുന്നു إِثْمًا കുറ്റത്തിന്, പാപത്തിന് فَآخَرَانِ എന്നാൽ വേറെ രണ്ടാൾ يَقُومَانِ എഴുന്നേൽക്കണം مَقَامَهُمَا അവർ രണ്ടാളുടെ സ്ഥാനത്ത് مِنَ الَّذِينَ യാതൊരുവരിൽ നിന്ന് اسْتَحَقَّ അതവകാശപ്പെട്ടു عَلَيْهِمُ അവരുടെ മേൽ (അവർക്കെതിരെ) الْأَوْلَيَانِ കൂടുതൽ ബന്ധപ്പെട്ട രണ്ടാൾ فَيُقْسِمَانِ എന്നിട്ട് അവർ രണ്ടാളും സത്യം ചെയ്യണം بِاللَّهِ അല്ലാഹുവിൽ لَشَهَادَتُنَا തീർച്ചയായും ഞങ്ങളുടെ സാക്ഷ്യം أَحَقُّ കൂടുതൽ യഥാർത്ഥ (ന്യായ)മാണ്, അധികം അർഹമായതാണ് مِنْ شَهَادَتِهِمَا അവർ രണ്ടാളുടെയും സാക്ഷ്യത്തെക്കാൾ وَمَا اعْتَدَيْنَا ഞങ്ങൾ അതിരു വിട്ടിട്ടുമില്ല, ക്രമം തെറ്റിയിട്ടുമില്ല إِنَّا നിശ്ചയമായും ഞങ്ങൾ إِذًا എന്നാൽ, അന്നേരം, അപ്പോൾ لَمِنَ الظَّالِمِينَ അക്രമികളിൽപെട്ടവർതന്നെ.

ذَٰلِكَ أَدْنَىٰٓ أَن يَأْتُوا۟ بِٱلشَّهَٰدَةِ عَلَىٰ وَجْهِهَآ أَوْ يَخَافُوٓا۟ أَن تُرَدَّ أَيْمَٰنٌۢ بَعْدَ أَيْمَٰنِهِمْ ۗ وَٱتَّقُوا۟ ٱللَّهَ وَٱسْمَعُوا۟ ۗ

﴾111﴿ അത്, സാക്ഷ്യം അതിന്റെ (ശരിയായ) വിധത്തിൽ അവർ കൊണ്ടുവരുവാൻ കൂടുതൽ അടുപ്പമുള്ളതാകുന്നു[ഉപകരിക്കുന്നതാണ്]; അല്ലെങ്കിൽ, തങ്ങളുടെ സത്യങ്ങൾക്കുശേഷം സത്യങ്ങൾ (മറ്റുള്ളവരിലേക്ക്) തിരിച്ചുവിടപ്പെടുന്നതിനെ അവർ ഭയപ്പെടുവാൻ (ഉപകരിക്കുന്നതാണ്). നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും, കേൾക്കുക [അനുസരിക്കുക]യും ചെയ്യുവിൻ.

وَٱللَّهُ لَا يَهْدِى ٱلْقَوْمَ ٱلْفَٰسِقِينَ ﴿١١١﴾

അല്ലാഹു, തോന്നിയവാസികളായ ജനങ്ങളെ സന്മാർഗത്തിലാക്കുകയില്ല താനും.

﴾111﴿ ذَٰلِكَ أَدْنَىٰٓ അത് കൂടുതൽ അടുത്ത (അണഞ്ഞ-ഉപകരിക്കുന്ന-സൗകര്യപ്പെടുന്ന)താണ് أَنْ يَأْتُوا അവർ വരുവാൻ بِالشَّهَادَةِ സാക്ഷ്യവും കൊണ്ട് عَلَىٰ وَجْهِهَا അതിന്റെ വിധത്തിൽ (വഴിപ്രകാരം) أَوْ يَخَافُوا അല്ലെങ്കിൽ അവർ ഭയപ്പെടുവാൻ أَنْ تُرَدَّ തിരിച്ചുവിട(മടക്ക-തള്ള)പ്പെടുന്നതിനെ أَيْمَانٌ സത്യങ്ങൾ, വല്ലസത്യങ്ങളും بَعْدَ أَيْمَانِهِمْ അവരുടെ (തങ്ങളുടെ) സത്യങ്ങൾക്ക് ശേഷം وَاتَّقُوا നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുവിൻ اللهَ അല്ലാഹുവിനെ وَاسْمَعُوا നിങ്ങൾ കേൾക്കുകയും ചെയ്യുവിൻ وَاللهُ അല്ലാഹു ആകട്ടെ لَا يَهْدِي അവൻ സന്മാർഗത്തിലാക്കുകയില്ല الْقَوْمَ ജനങ്ങളെ الْفَاسِقِينَ തോന്നിയവാസികളായ, ദുർന്നടപ്പുകാരായ, തെമ്മാടികളായ

ധനം കൈവശമുള്ളവർ മരണാസന്നവേളയിൽ വസിയ്യത്ത് ചെയ്യൽ ആവശ്യമാണെന്ന് സൂറത്തുൽ ബക്വറഃ 180 ൽ പ്രസ്താവിച്ചിരിക്കുന്നു. വസിയ്യത്ത് സംബന്ധിച്ച പല വിവരവും അവിടെ കഴിഞ്ഞുപോയിട്ടുണ്ട്. വസിയ്യത്തുമായി ബന്ധപ്പെട്ട മറ്റു ചില കാര്യങ്ങളാണ് ഈ വചനങ്ങളിൽ പ്രസ്താവിച്ചിരിക്കുന്നത്. അവ ഇങ്ങിനെ സംഗ്രഹിക്കാം:-

(1) വസിയ്യത്ത് ചെയ്യുമ്പോൾ നീതിയും മര്യാദയുമുള്ള രണ്ടാളുകളെ സാക്ഷി നിറുത്തേണ്ടതാണ്. നിങ്ങളിൽനിന്നുള്ളവർ (منكم) എന്ന് പറഞ്ഞിരിക്കകൊണ്ട് സാക്ഷികൾ മുസ്‌ലിംകളായിരിക്കണമെന്ന് വ്യക്തമാകുന്നു. സത്യവിശ്വാസികളെ സംബോധന ചെയ്തുകൊണ്ടാണല്ലോ അല്ലാഹു ഈ വിഷയം അവതരിപ്പിക്കുന്നത്.

(2) വല്ല യാത്രാവേളയിലുമാണ് വസിയ്യത്ത് നടക്കുന്നതെങ്കിൽ-അപ്പോൾ മുസ്‌ലിംകളെത്തന്നെ സാക്ഷികളായി കിട്ടുവാൻ പ്രയാസമായേക്കുന്നതുകൊണ്ട്-മുസ്‌ലിംക

ളല്ലാത്ത രണ്ടു പേരെ സാക്ഷിയാക്കാവുന്നതാണ്. നിങ്ങളല്ലാത്തവരിൽ നിന്ന് (من غيركم) എന്ന് പറഞ്ഞത് അമുസ്‌ലിംകളെ ഉദ്ദേശിച്ചാകുന്നു. എന്നാൽ, മുസ്‌ലിംകളുമായി സമരത്തിലും ശത്രുതയിലും വർത്തിക്കുന്ന രണ്ടു പേരായാൽ പോരാ-മുസ്‌ലിംകളുടെ ഭരണത്തിന് കീഴൊതുങ്ങിക്കഴിയുന്ന അമുസ്‌ലിംകളായിരിക്കണം-ഇവർ എന്ന് ക്വുർആൻ വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടു കാണുന്നു. മുസ്‌ലിംകളുമായി സമരത്തിലും ശത്രുതയിലും വർത്തിക്കുന്നവരെ മുസ്‌ലിംകൾക്ക് സാക്ഷ്യം വഹിക്കുന്നതിനും തുടർന്നു പറയുന്ന നടപടികൾക്കും സൗകര്യപ്പെട്ടുകിട്ടുകയില്ലെന്നും, അവരെ വിശ്വസിച്ചുകൊണ്ട് കാര്യത്തിന്റെ സത്യാസത്യം തീരുമാനിക്കുവാൻ നിവൃത്തിയില്ലെന്നുമുള്ളതാണ് അവർ ഇതിന് പറയുന്ന കാരണം.

(3) സാക്ഷികളുടെ മൊഴികളിൽ-മരണപ്പെട്ടവന്റെ അനന്തരാവകാശികൾക്കോ, വസ്വിയ്യത്ത് ആർക്കുവേണ്ടി ചെയ്യപ്പെട്ടിരിക്കുന്നുവോ അവർക്കോ-വല്ല സംശയമോ തർക്കമോ നേരിടുന്നപക്ഷം, സാക്ഷികളെക്കൊണ്ട് സത്യം ചെയ്യിപ്പിക്കാവുന്നതാണ്. ഇത് നമസ്കാരാനന്തരമായിരിക്കണം. അഥവാ ജമാഅത്ത് നമസ്കാരം കഴിഞ്ഞ ഉടനെ പൊതുസദസ്സിൽ വെച്ചായിരിക്കണം. നമസ്കാരം കഴിഞ്ഞ ഉടനെയും, പള്ളിയിൽ വെച്ചും, ജനമദ്ധ്യേവെച്ചും ആയിരിക്കുമ്പോൾ കളവ് പറയുവാൻ സത്യവിശ്വാസികൾക്ക് ധൈര്യം വരുക വളരെ പ്രയാസമായിരിക്കുന്നതാണ്.

(4) സത്യം ചെയ്യുമ്പോൾ തങ്ങൾ പറയുന്നത് ശരിയാണെന്നും, പക്ഷഭേദമോ സ്വാർത്ഥതാൽപര്യമോ ഒന്നും തങ്ങൾക്കില്ലെന്നും, പരമാർത്ഥം മൂടിവെക്കുകയില്ലെന്നുമൊക്കെ അവർ വ്യക്തമാക്കേണ്ടതാകുന്നു. സാക്ഷികൾ ഇങ്ങിനെ സത്യം ചെയ്തു പറയുന്നതോടെ അവർ സാക്ഷ്യപ്പെടുത്തിയ പ്രകാരം ആ വസ്വിയ്യത്ത് ബലത്തിൽ വരുന്നതും, അനന്തരാവകാശികൾ അത് നടപ്പിൽ വരുത്തുവാൻ ബാധ്യസ്ഥരുമായിത്തീരുന്നു.

(5) സാക്ഷികൾ ഇങ്ങിനെ സത്യം ചെയ്തിട്ടും-എതിരായ തെളിവുകളാൽ-അവർ തെറ്റ് ചെയ്തിരിക്കുന്നതായി വെളിപ്പെടുന്ന പക്ഷം, വേറെ രണ്ടു സാക്ഷികൾ മൂലം ആ തെറ്റ് സ്ഥാപിക്കേണ്ടതാണ്. ആദ്യത്തെ സാക്ഷികളുടെ മൊഴി ആർക്ക് ദോഷമായിട്ടാണോ കലാശിക്കുന്നതെങ്കിൽ അവരുടെ ഭാഗത്ത് നിന്നായിരിക്കണം ഈ സാക്ഷികളെ കൊണ്ടുവരുന്നത്. ആദ്യത്തേവരെക്കാൾ സാക്ഷ്യത്തിന് കൊള്ളാവുന്ന വിധം കൂടുതൽ മര്യാദയും, വസ്വിയ്യത്ത് ചെയ്ത ആളുമായി കൂടുതൽ ബന്ധപ്പെട്ടവരുമായിരിക്കണം ഇവർ.

(6) ഞങ്ങൾ പറയുന്നതാണ് കൂടുതൽ ശരിയായ രൂപം, ഞങ്ങൾ പറയുന്നതിൽ യാതൊരു ക്രമക്കേടും ഇല്ല, ആ വസ്വിയ്യത്തിന്റെ സത്യവും കൃത്യവുമായ രൂപം ഇന്ന പ്രകാരമാണ് എന്നൊക്കെ ഇവർ സത്യം ചെയ്തു പറയണം. ഇതോടുകൂടി ആദ്യത്തേവരുടെ സാക്ഷ്യം നിഷ്ഫലമായിത്തീരുന്നു. ഇവരുടെ മൊഴിയനുസരിച്ചു വസ്വിയ്യത്ത് നിറവേറ്റപ്പെടുകയും വേണം. വസ്വിയ്യത്തിന്റെ യഥാർത്ഥ രൂപം ഇന്നതാണെന്ന് ഓരോ സാക്ഷിയും വ്യക്തമാക്കേണ്ടതുണ്ടെന്നും പ്രത്യേകം പറയേണ്ടതില്ല.

വേണ്ടിവന്നാൽ സാക്ഷികളെക്കൊണ്ട് സത്യം ചെയ്യിക്കാമെന്നും, ആദ്യത്തെ സാക്ഷികളുടെ മൊഴി ശരിയല്ലെന്ന് കണ്ടാൽ അവരുടെ സാക്ഷ്യം തള്ളിക്കളഞ്ഞു പുതിയ വേറെ സാക്ഷികളുടെ മൊഴി സ്വീകരിക്കാമെന്നും നിശ്ചയിച്ചതിന്റെ കാരണം

അല്ലാഹുതന്നെ ചൂണ്ടിക്കാട്ടിയിരിക്കുന്നു; കള്ളവും ക്രിത്രിമവും കൂടാതെ സാക്ഷ്യം യഥാവിധി നിർവഹിക്കുവാൻ അത് ഉപകരിക്കും; തങ്ങൾ സത്യം ചെയ്തു തെളിയിച്ചാലും അത് ശരിയല്ലെന്ന് കണ്ടാൽ തങ്ങളുടെ സാക്ഷ്യം തള്ളപ്പെടുകയും, അങ്ങിനെ തങ്ങൾ വഷളാകുകയും ചെയ്യുമെന്ന് അവർക്ക് ഭയം തോന്നുകയും ചെയ്യും എന്നതാണത്. അവസാനം, അല്ലാഹുവിനെ സൂക്ഷിക്കണമെന്നും, അവന്റെ കൽപനാ നിർദ്ദേശങ്ങൾ ശരിക്കും കേട്ടനുസരിക്കണമെന്നും, അങ്ങിനെ ചെയ്യാതിരിക്കുന്നത് തോന്നിയവാസമാണെന്നും, തോന്നിയവാസികൾക്ക് സന്മാർഗം പ്രാപിക്കുവാൻ കഴിയുകയില്ലെന്നും അല്ലാഹു താക്കീതും ചെയ്തിരിക്കുന്നു. വസിയ്യത്തു ചെയ്യുന്നവർക്കും അത് നടപ്പിൽ വരുത്തുന്നവർക്കും, അതിന്റെ സാക്ഷികൾക്കും വസിയ്യത്ത് പ്രകാരം ധനം ലഭിക്കുവാൻ അവകാശപ്പെട്ട ആളുകൾക്കും, അധികാരസ്ഥന്മാർക്കുമെല്ലാം തന്നെ ബാധകമായതത്രെ ഈ താക്കീത്.

വസിയ്യത്തിനും, അത് യഥാവിധി നടപ്പിൽ വരുത്തുന്നതിനും അല്ലാഹു എത്രത്തോളം പ്രാധാന്യം കൽപിച്ചിട്ടുണ്ടെന്ന് ഇതിൽനിന്നൊക്കെ മനസ്സിലാക്കാവുന്നതാകുന്നു. സാക്ഷികളെ സത്യം ചെയ്യിപ്പിക്കുക, അത് ശരിയല്ലെന്ന് കണ്ടാൽ കൂടുതൽ നല്ലവരെ കൊണ്ടുവന്നു അവരുടെ സത്യം കേൾക്കുക, മുസ്ലിംകളെ സാക്ഷിയായി കിട്ടുവാൻ പ്രയാസം നേരിടുമ്പോൾ അമുസ്ലിംകളെ സാക്ഷിയായി സ്വീകരിക്കുക എന്നിങ്ങനെയുള്ള വിധികളെല്ലാം വസിയ്യത്തിന്റെ വിഷയത്തിലല്ലാതെ മറ്റൊരു വിഷയത്തിലും വിശുദ്ധ ക്വുർആനിൽ പ്രസ്താവിക്കപ്പെട്ടുകാണുകയില്ല. ഇതൊക്കെയായിട്ടും വസിയ്യത്തിന്റെയും, അത് പാലിക്കുന്നതിന്റെയും വിഷയത്തിൽ ഇന്നു മുസ്ലിം സമുദായം സ്വീകരിച്ചുവരുന്ന നിലപാട് വളരെ പരിതാപകരമായിട്ടാണിരിക്കുന്നതെന്ന് പറയേണ്ടിയിരിക്കുന്നു. വസിയ്യത്തിന്റെ കാര്യത്തിൽ മാത്രമല്ല, അനന്തരാവകാശികൾക്ക് അവരുടെ നിശ്ചിത ഓഹരികൾ വീതിച്ചു കൊടുക്കുന്നതിലും, സക്കാത്തിന്റെ നിയമങ്ങൾ പാലിക്കുന്നതിലും, കടമിടപാടുകൾ കൊടുത്തു തീർക്കുന്നതിലുമെല്ലാം തന്നെ ഇന്ന് മുസ്ലിം സമുദായം-മൊത്തമായി പറഞ്ഞാൽ വളരെ അനാസ്ഥയിലാണുള്ളത്. അല്ലാഹുവിൽ ശരണം! അല്ലാഹു സമുദായത്തിന് സൽബുദ്ധിയും, തന്റേടവും തോന്നിപ്പിക്കട്ടെ!

വിഭാഗം - 15

۞ يَوْمَ يَجْمَعُ ٱللَّهُ ٱلرُّسُلَ فَيَقُولُ مَاذَآ أُجِبْتُمْ

﴾112﴿ **അല്ലാഹു റസൂലുകളെ ഒരുമിച്ചു കൂട്ടുന്ന ദിവസം! എന്നിട്ട് അവൻ പറയും: 'എന്താണ് നിങ്ങൾക്ക് ഉത്തരം നൽകപ്പെട്ടത്?'**

قَالُوا۟ لَا عِلْمَ لَنَآ ۖ إِنَّكَ أَنتَ عَلَّٰمُ ٱلْغُيُوبِ ﴿١١٢﴾

അവർ പറയും: 'ഞങ്ങൾക്ക് അറിവില്ല! നിശ്ചയമായും, നീ തന്നെയാണ് അദൃശ്യകാര്യങ്ങളെ നന്നായി അറിയുന്നവൻ'.

﴾112﴿ يَوْمَ يَجْمَعُ ഒരുമിച്ചു കൂട്ടുന്ന ദിവസം اللَّهُ അല്ലാഹു الرُّسُلَ റസൂലുകളെ فَيَقُولُ

എന്നിട്ട് (അപ്പോൾ) അവൻ പറയും (ചോദിക്കും) مَاذَا എന്താണ് أُجِبْتُمْ നിങ്ങൾക്ക് ഉത്തരം (മറുപടി) നൽകപ്പെട്ടത് قَالُوا അവർ പറയും لَا عِلْمَ അറിവില്ല لَنَا ഞങ്ങൾക്ക് إِنَّكَ أَنْتَ നിശ്ചയമായും നീ തന്നെ عَلَّامُ നല്ലപോലെ (വളരെ) അറിയുന്നവൻ الْغُيُوبِ അദൃശ്യ(മറഞ്ഞ) കാര്യങ്ങളെ

ക്വിയാമത്ത് നാളിൽ അല്ലാഹു എല്ലാ റസൂലുകളെയും അവരുടെ സമുദായങ്ങളെയും ചോദ്യം ചെയ്യുന്നതാണ്. فَلَنَسْأَلَنَّ الَّذِينَ أُرْسِلَ إِلَيْهِمْ وَلَنَسْأَلَنَّ الْمُرْسَلِينَ (യാതൊരു കൂട്ടരിലേക്ക് റസൂലിനെ അയക്കപ്പെട്ടിരിക്കുന്നുവോ അവരോട് നിശ്ചയമായും നാം ചോദിക്കും: റസൂലായി അയക്കപ്പെട്ടവരോടും നിശ്ചയമായും നാം ചോദിക്കുന്നതാണ്. (അഅ്റാഫ്:6) റസൂലുകളോട് ചോദിക്കപ്പെടുന്നതിനെക്കുറിച്ചാണ് ഈ വചനത്തിൽ പറയുന്നത്. നിങ്ങൾ നിങ്ങളുടെ സമുദായത്തെ തൗഹീദിലേക്കും, സത്യദീനിലേക്കും ക്ഷണിച്ചിട്ട് അവരിൽനിന്നുണ്ടായ മറുപടി എന്താണെന്നത്രെ ചോദ്യത്തിന്റെ താൽപര്യം. ലോകാരംഭം മുതൽ ലോകാവസാനംവരെയുള്ള സൃഷ്ടികൾ ആകമാനം ഒരുമിച്ചു കൂട്ടപ്പെടുന്ന ആ മഹാസമ്മേളനത്തിൽ പ്രവാചകന്മാർ പോലും നടുങ്ങി വിറച്ചു പോകുന്നു. അവരുടെ കാലശേഷം അവരുടെ സമുദായത്തിന്റെ സ്ഥിതി എന്തായിരുന്നുവെന്ന് അവർക്കറിയുകയില്ലെന്ന് വ്യക്തമാണ്. അവരുടെ ജീവിതകാലത്ത് അവരിൽ നിന്നുണ്ടായ പ്രതികരണം കുറെയൊക്കെ അവർ കണ്ടറിഞ്ഞിരിക്കുമെന്നു മാത്രം. എന്നാലും സസൂക്ഷ്മവും സാർവ്വത്രികവുമായ അറിവ് അല്ലാഹുവിന് മാത്രമാണല്ലോ ഉള്ളത്. എല്ലാം തികച്ചും പരിപൂർണമായി അറിഞ്ഞുംകൊണ്ട് തന്നെയാണ് അല്ലാഹു ചോദിക്കുന്നതും. ഇതെല്ലാം കാരണമായി, ഭക്തിയാദരപൂർവ്വം റസൂലുകൾ മറുപടി പറയുന്നു: لَا عِلْمَ لَنَا... (ഞങ്ങൾക്ക് അറിവില്ല, നീ തന്നെയാണല്ലോ അദൃശ്യ കാര്യങ്ങളെ നന്നായി അറിയുന്നവൻ) എന്ന്.

ക്വിയാമത്തു നാളിൽ എല്ലാ റസൂലുകളോടും അവരുടെ സമുദായങ്ങളോടും പ്രത്യേകം പ്രത്യേകം ചോദ്യോത്തരങ്ങൾ നടക്കുമെന്ന് ക്വുർആനിൽ നിന്നും നബി വചനങ്ങളിൽ നിന്നും അറിയപ്പെട്ടതാണ്. എല്ലാ റസൂലുകളോടും പൊതുവെയുള്ള ചോദ്യവും അവരുടെ മറുപടിയുമാണ് മുകളിൽ കാണുന്നത്. ഈസാ നബി (അ)യെ അഭിമുഖീകരിച്ചുകൊണ്ടുള്ള ഒരു പ്രസ്താവനയാണ് അടുത്ത വചനങ്ങളിൽ കാണുന്നത്:-

إِذْ قَالَ ٱللَّهُ يَٰعِيسَى ٱبْنَ مَرْيَمَ ٱذْكُرْ نِعْمَتِى عَلَيْكَ وَعَلَىٰ وَٰلِدَتِكَ

إِذْ أَيَّدتُّكَ بِرُوحِ ٱلْقُدُسِ تُكَلِّمُ ٱلنَّاسَ فِى ٱلْمَهْدِ وَكَهْلًا ۖ

﴾113﴿ അല്ലാഹു പറയുന്ന സന്ദർഭം: 'മർയമിന്റെ മകൻ ഈസാ, നിനക്കും നിന്റെ മാതാവിനും എന്റെ [ഞാൻ ചെയ്ത] അനുഗ്രഹം നീ ഓർക്കുക:

-(അതെ) പരിശുദ്ധാത്മാവിനെക്കൊണ്ട് ഞാൻ നിന്നെ ബലപ്പെടുത്തിയ സന്ദർഭം, തൊട്ടിലിൽ വെച്ചും, മദ്ധ്യവയസ്കനായിക്കൊണ്ടും നീ മനുഷ്യരോട് സംസാരിക്കുന്ന നിലക്ക്;

وَإِذْ عَلَّمْتُكَ ٱلْكِتَٰبَ وَٱلْحِكْمَةَ
وَٱلتَّوْرَىٰةَ وَٱلْإِنجِيلَ ۖ

-ഗ്രന്ഥവും, വിജ്ഞാനവും, തൗറാത്തും, ഇൻജീലും നിനക്ക് ഞാൻ പഠിപ്പിച്ചു തന്ന സന്ദർഭവും,

وَإِذْ تَخْلُقُ مِنَ ٱلطِّينِ كَهَيْـَٔةِ ٱلطَّيْرِ
بِإِذْنِى فَتَنفُخُ فِيهَا فَتَكُونُ طَيْرًۢا
بِإِذْنِى ۖ

-കളിമണ്ണിൽ നിന്നും എന്റെ അനുമതി പ്രകാരം പക്ഷിയുടെ ആകൃതിപോലെ നീ രൂപപ്പെടുത്തുകയും, എന്നിട്ട് അതിൽ നീ ഊതുകയും, അപ്പോൾ അത് എന്റെ അനുവാദംകൊണ്ട് പക്ഷിയായിത്തീരുകയും ചെയ്യുന്ന സന്ദർഭവും;

وَتُبْرِئُ ٱلْأَكْمَهَ وَٱلْأَبْرَصَ
بِإِذْنِى ۖ

-ജാത്യാന്ധനെയും, വെള്ളപ്പാണ്ഡുകാരനെയും എന്റെ അനുവാദപ്രകാരം നീ സുഖപ്പെടുത്തുന്ന (സന്ദർഭവും;

وَإِذْ تُخْرِجُ ٱلْمَوْتَىٰ بِإِذْنِى ۖ

-മരണപ്പെട്ടവരെ എന്റെ അനുവാദ പ്രകാരം നീ (ജീവിപ്പിച്ചു) പുറത്തു വരുത്തുന്ന സന്ദർഭവും;

وَإِذْ كَفَفْتُ بَنِىٓ إِسْرَٰٓءِيلَ عَنكَ
إِذْ جِئْتَهُم بِٱلْبَيِّنَٰتِ فَقَالَ ٱلَّذِينَ
كَفَرُوا۟ مِنْهُمْ إِنْ هَٰذَآ إِلَّا سِحْرٌ
مُّبِينٌ ﴿١١٢﴾

-ഇസ്റാഈൽ സന്തതികളെ നിന്നിൽ നിന്ന് ഞാൻ തടുത്തു തന്ന സന്ദർഭവും; (അതെ) അവരുടെ അടുക്കൽ നീ വ്യക്തമായ തെളിവുകളുമായി ചെല്ലുകയും, എന്നിട്ട് അവരിൽ നിന്നും അവിശ്വസിച്ചവർ 'ഇത് വ്യക്തമായ ആഭിചാരമല്ലാതെ (മറ്റൊന്നും) അല്ല' എന്നു പറയുകയും ചെയ്തപ്പോൾ;-

وَإِذْ أَوْحَيْتُ إِلَى ٱلْحَوَارِيِّـۧنَ أَنْ
ءَامِنُوا۟ بِى وَبِرَسُولِى قَالُوٓا۟ ءَامَنَّا
وَٱشْهَدْ بِأَنَّنَا مُسْلِمُونَ ﴿١١٤﴾

﴿114﴾ 'ഹവാരിയ്യു'കൾക്ക് എന്നിലും, എന്റെ റസൂലിലും നിങ്ങൾ വിശ്വസിക്കണമെന്ന് നാം 'വഹ്‌യ്' [രഹസ്യ സന്ദേശം] നൽകിയ സന്ദർഭവും; (അതെ) അവർ പറഞ്ഞു: 'ഞങ്ങൾ വിശ്വസിച്ചു, ഞങ്ങൾ 'മുസ്‌ലിം'കളാണെന്ന് താൻ സാക്ഷ്യം വഹിച്ചും കൊള്ളുക' എന്ന്. [ഇതെല്ലാം ഓർക്കുക]

يَاعِيسَى ابْنَ مَرْيَمَ إِذْ قَالَ ﴿113﴾ പറഞ്ഞപ്പോൾ, പറഞ്ഞ (പറയുന്ന) സന്ദർഭം اللَّهُ അല്ലാഹു
മർയമിന്റെ മകൻ ഈസാ اذْكُرْ നീ ഓർക്കുക, സ്മരിക്കുക نِعْمَتِي എന്റെ അനുഗ്രഹം
عَلَيْكَ നിനക്ക് وَعَلَى وَالِدَتِكَ നിന്റെ മാതാവിനും إِذْ أَيَّدتُّكَ നിന്നെ ഞാൻ ബലപ്പെടുത്തിയ
സന്ദർഭം بِرُوحِ الْقُدُسِ പരിശുദ്ധാത്മാവിനെക്കൊണ്ട് تُكَلِّمُ നീ സംസാരിക്കുന്ന
നിലക്ക് النَّاسَ മനുഷ്യരോട് فِي الْمَهْدِ തൊട്ടിലിൽ വെച്ച് وَكَهْلًا മദ്ധ്യവയസ്കനായും
وَإِذْ عَلَّمْتُكَ നിനക്ക് ഞാൻ പഠിപ്പിച്ചു തന്ന സന്ദർഭവും الْكِتَابَ ഗ്രന്ഥം, എഴുത്ത്
وَالْحِكْمَةَ വിജ്ഞാനവും وَالتَّوْرَاةَ തൗറാത്തും وَالْإِنجِيلَ ഇൻജീലും وَإِذْ تَخْلُقُ നീ
സൃഷ്ടിക്കു (രൂപപ്പെടുത്തു)ന്ന സന്ദർഭവും مِنَ الطِّينِ കളിമണ്ണിനാൽ كَهَيْئَةِ ആകൃതി
പോലെ, മാതിരി الطَّيْرِ പക്ഷി(പറവ)യുടെ بِإِذْنِي എന്റെ സമ്മത (അനുമതി-ഉത്തരവ്)
പ്രകാരം فَتَنفُخُ എന്നിട്ടു നീ ഊതും فِيهَا അതിൽ فَتَكُونُ അപ്പോൾ അതായിത്തീരും
طَيْرًا പക്ഷി, പറവ بِإِذْنِي എന്റെ സമ്മതപ്രകാരം, അനുമതികൊണ്ട് وَتُبْرِئُ നീ സുഖ
പ്പെടുത്തുകയും ചെയ്തിരുന്ന الْأَكْمَهَ ജാത്യാന്ധനെ (ജനനാൽ കാഴ്ചയില്ലാത്തവ
നെ) وَالْأَبْرَصَ വെള്ളപ്പാണ്ഡുകാരനെയും بِإِذْنِي എന്റെ അനുവാദം കൊണ്ട്, ഉത്തരവു
പ്രകാരം وَإِذْ تُخْرِجُ നീ പുറത്തു വരുത്തുന്ന സന്ദർഭവും الْمَوْتَىٰ മരണപ്പെട്ടവരെ بِإِذْنِي
എന്റെ അനുവാദം കൊണ്ട്. അനുമതി പ്രകാരം وَإِذْ كَفَفْتُ ഞാൻ തടുത്ത സന്ദർഭവും
بَنِي إِسْرَائِيلَ ഇസ്റാഈൽ സന്തതികളെ عَنكَ നിന്നിൽ നിന്ന് إِذْ جِئْتَهُم നീ അവരുടെ
അടുക്കൽ ചെന്നപ്പോൾ بِالْبَيِّنَاتِ വ്യക്തമായ തെളിവുകളുമായി فَقَالَ അപ്പോൾ പറഞ്ഞു
الَّذِينَ كَفَرُوا അവിശ്വസിച്ചവർ مِنْهُمْ അവരിൽ നിന്ന് إِنْ هَٰذَا ഇതല്ല إِلَّا سِحْرٌ സിഹ്ർ (ആ
ഭിചാരം-മാരണം) അല്ലാതെ مُّبِينٌ വ്യക്ത(സ്പഷ്ട)മായ ﴿114﴾ وَإِذْ أَوْحَيْتُ ഞാൻ വഹ്യ്
(സ്വകാര്യ സന്ദേശം) നൽകിയ സന്ദർഭവും إِلَى الْحَوَارِيِّينَ ഹവാരിയ്യുകൾക്ക് أَنْ آمِنُوا
നിങ്ങൾ വിശ്വസിക്കുവിൻ എന്ന് بِي എന്നിൽ, എന്നെക്കൊണ്ട് وَبِرَسُولِي എന്റെ റസൂ
ലിലും, റസൂലിനെക്കൊണ്ടും قَالُوا അവർ പറഞ്ഞു آمَنَّا ഞങ്ങൾ വിശ്വസിച്ചു (എന്ന്)
وَاشْهَدْ നീസാക്ഷ്യം വഹിക്കുക (എന്നും) بِأَنَّنَا ഞങ്ങൾ (ആകുന്നു) എന്ന് مُسْلِمُونَ
മുസ്‌ലിംകൾ, കീഴൊതുങ്ങിയവർ

ഈസാ നബി (അ)ക്കും മാതാവിനും ചെയ്തുകൊടുത്ത അനുഗ്രഹങ്ങളെ ആദ്യം പൊതുവിൽ ഓർമിപ്പിച്ച ശേഷം, അദ്ദേഹത്തിന് പ്രത്യേകമായി ചെയ്തുകൊടുത്ത അസാധാരണങ്ങളായ പല അനുഗ്രഹങ്ങളെയും അദ്ദേഹത്തെ അല്ലാഹു ഓർമിപ്പിക്കുകയാണ്. ഈ വചനത്തിൽ പ്രസ്താവിച്ച എല്ലാ വിഷയങ്ങളെക്കുറിച്ചും ആലുഇംറാൻ 42 മുതൽ 51 വരെയുള്ള ഏതാനും വചനങ്ങളിലും, അവയുടെ വ്യാഖ്യാനത്തിലുമായി മുമ്പ് വിസ്തരിച്ചു പറഞ്ഞിട്ടുള്ളത്കൊണ്ട് ഇവിടെ വീണ്ടും അതാവർത്തിക്കുന്നില്ല. അദ്ദേഹത്തിന്റെ കൈക്ക് സംഭവിച്ചതായി ഈ വചനത്തിൽ ചൂണ്ടിക്കാട്ടിയ അമാ

നുഷിക ദൃഷ്ടാന്തങ്ങളെല്ലാം സിഹ്ർ (ആഭിചാരം അഥവാ മാരണം) ആണെന്ന് പറഞ്ഞു ഇസ്റാഈല്യർ-യഹൂദികൾ-അദ്ദേഹത്തെ നിഷേധിക്കുകയും അക്രമിക്കുകയും, അവസാനം കുരിശിൽ തറച്ചു കൊല്ലുവാൻ ശ്രമം നടത്തുകയും ചെയ്തതും, അദ്ദേഹത്തെ അല്ലാഹു ആകാശത്തേക്കുയർത്തി രക്ഷപ്പെടുത്തിയതും അവിടെ വിവരിച്ചിട്ടുണ്ട്. ഇതിനെപ്പറ്റിയാണ് ഇസ്റാഈല്യരെ തടുത്തുതന്നുവെന്ന് പറഞ്ഞത്. ഈ സംഭാഷണം നടന്നത് അദ്ദേഹത്തിന്റെ ഭൗതിക ജീവിതത്തിൽ വെച്ചല്ലെന്നു വ്യക്തമാണ്. അദ്ദേഹം ആകാശത്തേക്കു ഉയർത്തപ്പെട്ട ശേഷം നടന്നതോ, അല്ലെങ്കിൽ-ഇബ്നു കഥീർ (റ) ചൂണ്ടിക്കാട്ടിയ പോലെ-പരലോകത്തു വെച്ചു കിയാമത്തു നാളിൽ നടക്കുന്നതോ ആയിരിക്കാവുന്നതാണ്. ഈ വചനത്തിലെ ക്രിയാരൂപങ്ങൾ ഭൂതകാല (الماضى) രൂപത്തിലായിക്കാണുന്നത് ഇതിനു തടസ്സമാകുന്നില്ലെന്നും, ഭാവിയിൽ സംഭവിക്കുമെന്നു തിട്ടമായ കാര്യങ്ങളെക്കുറിച്ച് ഇങ്ങിനെ ഭൂതകാല രൂപത്തിൽ പ്രസ്താവിക്കുക ക്വുർആന്റെ ഒരു പതിവാണെന്നും ഇബ്നു കഥീർ (റ) പ്രസ്താവിച്ചിരിക്കുന്നു.

അല്ലാഹുവിങ്കലേക്കുള്ള മാർഗത്തിൽ എന്നെ സഹായിക്കുന്നവർ ആരാണുള്ളതെന്ന് ഈസാ (അ) ചോദിച്ചപ്പോൾ 'ഹവാരിയ്യു'കൾ-അദ്ദേഹത്തിന്റെ പ്രബോധന ദൗത്യങ്ങൾ ലോകത്തു പ്രചരിപ്പിച്ചവരും, അപ്പോസ്തലന്മാർ (ദൂതന്മാർ) എന്ന പേരിലറിയപ്പെടുന്ന അദ്ദേഹത്തിന്റെ പന്ത്രണ്ടു ശിഷ്യന്മാർ-തങ്ങൾ അതിന് തയ്യാറാണെന്ന് പറഞ്ഞു മുന്നോട്ട് വന്ന സംഭവവും ആലുഇംറാനിൽ വിവരിച്ചു കഴിഞ്ഞതാണ്. അതിനെക്കുറിച്ചാണ് 114-ാം വചനത്തിൽ ഓർമിപ്പിക്കുന്നത്. ഹവാരിയ്യുകൾക്ക് വഹ്യ് നൽകി എന്ന് പറഞ്ഞതുകൊണ്ട് അവർ പ്രവാചകന്മാരായിരുന്നുവെന്ന് കരുതേണ്ടതില്ല. നബിമാരല്ലാത്തവരെക്കുറിച്ചും അവർക്ക് വഹ്യ് നൽകി എന്ന പ്രയോഗം ക്വുർആനിൽ കാണാവുന്നതാകുന്നു. മൂസാ നബിയുടെ മാതാവിന് വഹ്യ് നൽകി എന്ന് ഒരു സ്ഥലത്തും (28:7) തേനീച്ചക്ക് വഹ്യ് നൽകി എന്ന് വേറെ ഒരു സ്ഥലത്തും (16:68) പ്രസ്താവിച്ചു കാണാം. 'സ്വകാര്യ സന്ദേശം നൽകി, തോന്നിപ്പിച്ചു, ബോധനം നൽകി' എന്നിങ്ങിനെ ഭാഷാർത്ഥത്തിലുള്ള വഹ്യാണ് അവിടങ്ങളിൽ അതുകൊണ്ടുദ്ദേശ്യം. അഥവാ നബിമാർക്ക് പ്രത്യേകമായി നൽകപ്പെടുന്ന സാങ്കേതികാർത്ഥത്തിലുള്ള വഹ്യല്ല. ഈ വഹ്യിനെപ്പറ്റി സൂഃശൂറാ 51 ൽ അല്ലാഹു വിവരിച്ചിട്ടുണ്ട്. കൂടുതൽ വിവരം അവിടെ നോക്കുക. ഹവാരിയ്യുകളോട് ബന്ധപ്പെട്ട ഒരു പ്രത്യേക സംഭവം അടുത്ത വചനങ്ങളിൽ അല്ലാഹു വിവരിക്കുന്നു:-

إِذْ قَالَ ٱلْحَوَارِيُّونَ يَٰعِيسَى ٱبْنَ مَرْيَمَ هَلْ يَسْتَطِيعُ رَبُّكَ أَن يُنَزِّلَ عَلَيْنَا مَآئِدَةً مِّنَ ٱلسَّمَآءِ ۖ قَالَ ٱتَّقُوا۟ ٱللَّهَ إِن كُنتُم مُّؤْمِنِينَ ﴿١١٥﴾

﴾115﴿ 'ഹവാരിയ്യു'കൾ പറഞ്ഞ സന്ദർഭം (ഓർക്കുക): 'മർയമിന്റെ മകൻ ഈസാ, ആകാശത്തു നിന്ന് ഒരു ഭക്ഷണത്തളിക ഞങ്ങൾക്ക് ഇറക്കിത്തരുവാൻ താങ്കളുടെ റബ്ബിന് സാധിക്കുമോ?' അദ്ദേഹം പറഞ്ഞു: 'നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവിൻ'.

قَالُواْ نُرِيدُ أَن نَّأۡكُلَ مِنۡهَا وَتَطۡمَئِنَّ قُلُوبُنَا وَنَعۡلَمَ أَن قَدۡ صَدَقۡتَنَا وَنَكُونَ عَلَيۡهَا مِنَ ٱلشَّٰهِدِينَ ﴿١١٦﴾

﴿116﴾ അവര്‍ പറഞ്ഞു: 'ഞങ്ങള്‍ അതില്‍ നിന്ന് തിന്നുവാന്‍ ഉദ്ദേശിക്കുന്നു; ഞങ്ങളുടെ ഹൃദയങ്ങള്‍ സമാധാനമടയുവാനും, താങ്കള്‍ ഞങ്ങളോട് സത്യം പറഞ്ഞിരിക്കുന്നുവെന്ന് ഞങ്ങള്‍ക്ക് അറിയുവാനും.

ഞങ്ങള്‍ അതിന് [ആ ഭക്ഷണത്തളികക്ക്] സാക്ഷ്യം വഹിക്കുന്നവരില്‍ പെട്ടവരായിരിക്കുവാനും (ഉദ്ദേശിക്കുന്നു)'.

قَالَ عِيسَى ٱبۡنُ مَرۡيَمَ ٱللَّهُمَّ رَبَّنَآ أَنزِلۡ عَلَيۡنَا مَآئِدَةٗ مِّنَ ٱلسَّمَآءِ تَكُونُ لَنَا عِيدٗا لِّأَوَّلِنَا وَءَاخِرِنَا وَءَايَةٗ مِّنكَۖ وَٱرۡزُقۡنَا وَأَنتَ خَيۡرُ ٱلرَّٰزِقِينَ ﴿١١٧﴾

﴿117﴾ മര്‍യമിന്റെ മകന്‍ ഈസാ പറഞ്ഞു: 'അല്ലാഹുവേ, ഞങ്ങളുടെ റബ്ബേ, ആകാശത്തു നിന്ന് നീ ഞങ്ങള്‍ക്ക് ഒരു ഭക്ഷണത്തളിക ഇറക്കിത്തരേണമേ! ഞങ്ങള്‍ക്കും-ഞങ്ങളില്‍ ആദ്യമുള്ളവര്‍ക്കും, ഞങ്ങളില്‍ അവസാനമുള്ളവര്‍ക്കും-അതൊരു ഉല്‍സവവും, നിന്റെ പക്കല്‍ നിന്നുള്ള ഒരു (മഹത്തായ) ദൃഷ്ടാന്തവുമായിരിക്കുമാറ്. ഞങ്ങള്‍ക്ക് നീ ഉപജീവനം നല്‍കുകയും വേണമേ! നീ ഉപജീവനം നല്‍കുന്നവരില്‍ ഏറ്റം ഉത്തമനാണല്ലോ'.

قَالَ ٱللَّهُ إِنِّي مُنَزِّلُهَا عَلَيۡكُمۡۖ فَمَن يَكۡفُرۡ بَعۡدُ مِنكُمۡ فَإِنِّيٓ أُعَذِّبُهُۥ عَذَابٗا لَّآ أُعَذِّبُهُۥٓ أَحَدٗا مِّنَ ٱلۡعَٰلَمِينَ ﴿١١٨﴾

﴿118﴾ അല്ലാഹു പറഞ്ഞു: 'ഞാന്‍ നിങ്ങള്‍ക്ക് അത് ഇറക്കിത്തരാം; എന്നാല്‍, പിന്നീട് നിങ്ങളില്‍ നിന്ന് ആരെങ്കിലും അവിശ്വസിക്കുന്ന പക്ഷം, നിശ്ചയമായും ഞാന്‍, ലോകരില്‍ ഒരാളെയും ശിക്ഷിക്കാത്തതായ ഒരു (വമ്പിച്ച) ശിക്ഷ അവനെ ഞാന്‍ ശിക്ഷിക്കുന്നതാണ്.

﴿115﴾ إِذۡقَالَ പറഞ്ഞ സന്ദര്‍ഭം ٱلۡحَوَارِيُّونَ ഹവാരിയ്യുകള്‍ يَٰعِيسَى ٱبۡنَ مَرۡيَمَ മര്‍യമിന്റെ മകനായ ഈസാ هَلۡ يَسۡتَطِيعُ സാധിക്കുമോ, സാധ്യമാണോ رَبُّكَ നിന്റെ (താങ്കളുടെ)

റബ്ബ് (റബ്ബിന്) أَنْ يُنَزِّلَ ഇറക്കുവാൻ عَلَيْنَا ഞങ്ങളുടെമേൽ (ഞങ്ങൾക്ക്) مَائِدَةً ഒരു ഭക്ഷണത്തളിക مِنَ السَّمَاءِ ആകാശത്തു നിന്ന് قَالَ അദ്ദേഹം പറഞ്ഞു اتَّقُوا اللَّهَ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവിൻ إِنْ كُنْتُمْ നിങ്ങളാണെങ്കിൽ مُؤْمِنِينَ സത്യവിശ്വാസികൾ ﴾116﴿ قَالُوا അവർ പറഞ്ഞു نُرِيدُ ഞങ്ങൾ ഉദ്ദേശിക്കുന്നു أَنْ نَأْكُلَ ഞങ്ങൾ തിന്നുവാൻ مِنْهَا അതിൽ നിന്ന് وَتَطْمَئِنَّ സമാധാനമടയുവാനും, ശാന്തമാകുവാനും قُلُوبُنَا ഞങ്ങളുടെ ഹൃദയങ്ങൾ وَنَعْلَمَ ഞങ്ങൾ അറിയുവാനും أَنْ قَدْ ഉണ്ടെന്ന് صَدَقْتَنَا നീ (താങ്കൾ) ഞങ്ങളോടു സത്യം പറഞ്ഞു (പറഞ്ഞിട്ടുണ്ടെന്ന്) وَنَكُونَ ഞങ്ങൾ ആയിരിക്കുവാനും عَلَيْهَا അതിന്റെ മേൽ, അതിന് مِنَ الشَّاهِدِينَ സാക്ഷ്യം വഹിക്കുന്നവരിൽപെട്ട(വർ) ﴾117﴿ قَالَ പറഞ്ഞു عِيسَى ابْنُ مَرْيَمَ മർയമിന്റെ മകൻ ഈസാ اللَّهُمَّ അല്ലാഹുവേ رَبَّنَا ഞങ്ങളുടെ റബ്ബേ, റബ്ബായ أَنْزِلْ عَلَيْنَا ഞങ്ങൾക്ക് ഇറക്കിത്തരേണമേ مَائِدَةً ഒരു ഭക്ഷണത്തളിക مِنَ السَّمَاءِ ആകാശത്തു നിന്ന് تَكُونُ അതായിരിക്കുമാറ്, ആകുന്ന لَنَا ഞങ്ങൾക്ക് عِيدًا ഒരു ഉൽസവം, പെരുന്നാൾ لِأَوَّلِنَا ഞങ്ങളിൽ ആദ്യത്തേവർക്കും وَآخِرِنَا ഞങ്ങളിൽ അവസാനത്തേവർക്കും وَآيَةً ഒരു ദൃഷ്ടാന്തവും مِنْكَ നിന്റെ പക്കൽ നിന്നുള്ള وَارْزُقْنَا ഞങ്ങൾക്ക് നീ ആഹാരം (ഉപജീവനം) നൽകുകയും ചെയ്യേണമേ وَأَنْتَ നീയാകട്ടെ خَيْرُ الرَّازِقِينَ ആഹാരം (ഉപജീവനം) നൽകുന്നവരിൽ ഉത്തമനുമാകുന്നു ﴾118﴿ قَالَ اللَّهُ അല്ലാഹു പറഞ്ഞു إِنِّي مُنَزِّلُهَا നിശ്ചയമായും ഞാൻ അതിനെ ഇറക്കുന്നവനാണ് (ഇറക്കിത്തരാം) عَلَيْكُمْ നിങ്ങൾക്ക് فَمَنْ يَكْفُرْ എന്നാൽ ആരെങ്കിലും അവിശ്വസിക്കുന്നപക്ഷം بَعْدُ പിന്നീട്, ശേഷം مِنْكُمْ നിങ്ങളിൽ നിന്ന് فَإِنِّي أُعَذِّبُهُ എന്നാൽ നിശ്ചയമായും ഞാൻ അവനെ ശിക്ഷിക്കും عَذَابًا ഒരു ശിക്ഷ لَا أُعَذِّبُهُ ഞാൻ അതു ശിക്ഷിക്കുകയില്ല أَحَدًا ഒരാളെയും مِنَ الْعَالَمِينَ ലോകരിൽ നിന്ന്

ഈ സൂറത്തിനു المائدة (ഭക്ഷണത്തളിക) എന്ന് പേർ പറയപ്പെടുന്നതിന് ആസ്പദമായ സംഭവത്തിന്റെ കഥയാണ് ഈ വചനങ്ങളിലെ ഉള്ളടക്കം. ഭക്ഷണസാധനങ്ങൾ വെക്കുവാൻ വേണ്ടി ഉപയോഗിക്കുന്ന സുപ്ര, മേശ, തളിക മുതലായവക്കാണ് المائدة എന്ന് പറയുന്നത്. പക്ഷേ, ഭക്ഷണസാധനങ്ങൾ അതിലുണ്ടായിരിക്കുമ്പോൾ മാത്രമേ ആ വാക്ക് അതിന് ഉപയോഗിക്കാവൂ. ആകാശത്ത് നിന്ന് ഒരു ഭക്ഷണത്തളിക ഇറക്കിക്കൊടുക്കുവാൻ ആവശ്യപ്പെട്ടത് ഹവാരീകളാണ്. അവരാകട്ടെ- 114-ാം വചനത്തിൽ നിന്നും, ആലുഇംറാൻ 52 ൽ നിന്നും വ്യക്തമാകുന്നതുപോലെ- സത്യവിശ്വാസവും ഇസ്‌ലാമിന്റെ മാർഗവും അംഗീകരിച്ചവരും, മതപ്രചാരണത്തിൽ ഈസാ (അ)നെ സഹായിക്കാൻ മുന്നോട്ട് വന്നവരുമാകുന്നു. അവരെപ്പോലെ നിങ്ങളും ആയിത്തീരണമെന്നു സൂറത്തുസ്സ്വഫ്ഫ് 14 ൽ അല്ലാഹു നമ്മെ ഉപദേശിച്ചിട്ടുമുണ്ട്. അല്ലാഹുവിലും, അവന്റെ സാർവ്വത്രികമായ കഴിവിലും, ഈസാ നബി (അ)യിലുമൊക്കെ പരിപൂർണ വിശ്വാസം ഉള്ളവരായിരിക്കുംഅവരെന്നു ഇതിൽനിന്നെല്ലാം വ്യക്തമാണല്ലോ. അപ്പോൾ,

'താങ്കളുടെ റബ്ബിന് ആകാശത്തു നിന്ന് ഒരു ഭക്ഷണത്തളിക ഞങ്ങൾക്ക് ഇറക്കിത്തരുവാൻ കഴിയുമോ (هَلْ يَسْتَطِيعُ رَبُّكَ...) എന്നുള്ള അവരുടെ ചോദ്യത്തിന് കാരണം എന്തായിരിക്കും? ഇതിനെപ്പറ്റി ഒന്നിലധികം പ്രകാരത്തിൽ വിവരിക്കപ്പെട്ടു കാണാം. കൂട്ടത്തിൽ കൂടുതൽ നന്നായിത്തോന്നുന്നതും അധിക വ്യാഖ്യാതാക്കളും പ്രസ്താവിച്ചു കാണുന്നതും ഇതാണ്:-

അല്ലാഹു ഞങ്ങൾക്ക് അങ്ങിനെ ചെയ്തുതരുവാൻ സാധ്യതയുണ്ടോ, അഥവാ ഞങ്ങൾക്ക്വേണ്ടി അങ്ങിനെ ചെയ്തുതരുമോ, അല്ലെങ്കിൽ താങ്കൾക്ക് അല്ലാഹുവിനോട് അങ്ങിനെ ചോദിക്കാമോ? എന്നിങ്ങിനെയുള്ള ഒരർത്ഥത്തിലാണ് അവരുടെ ചോദ്യം. അതായത്, അല്ലാഹുവിന് അക്കാര്യം ചെയ്വാൻ കഴിവുണ്ടോ എന്ന ബാഹ്യമായ അർത്ഥമല്ല അവർ ഉദ്ദേശിക്കുന്നത്. തങ്ങളുടെ ചോദ്യത്തിന്റെ ലക്ഷ്യം അവർ തന്നെ വിവരിച്ചതിൽനിന്ന് മനസ്സിലാക്കാവുന്നതാണ്. കൂടാതെ, 113-ാം വചനത്തിൽ പ്രസ്താവിച്ചതുപോലെയുള്ള ദൃഷ്ടാന്തങ്ങൾ കണ്ടറിഞ്ഞ അവർക്ക് അല്ലാഹുവിന്റെ കഴിവിനെപ്പറ്റി സംശയമുണ്ടാകുവാൻ അവകാശവും ഇല്ലല്ലോ. ഇതനുസരിച്ച് 'നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ അല്ലാഹുവിനെ സൂക്ഷിക്കുവിൻ (اتَّقُوا اللَّهَ...) എന്ന് ഈസാ (അ) അവരോട് പറഞ്ഞതിന്റെ താൽപര്യം ഇങ്ങിനെയുമായിരിക്കും: നിങ്ങൾ സത്യവിശ്വാസികളായ സ്ഥിതിക്ക് ഇതുമാതിരി ചോദ്യം ചോദിക്കുന്നത് വളരെ സൂക്ഷിക്കേണ്ടതാണ്. അല്ലാഹുവിന് എല്ലാ കാര്യത്തിനും കഴിവുണ്ടെന്ന് നിങ്ങൾക്കറിയാമല്ലോ. വേണ്ടത്ര ദൃഷ്ടാന്തങ്ങൾ കണ്ടു കഴിഞ്ഞ സ്ഥിതിക്ക് എനിയും ദൃഷ്ടാന്തത്തിന് ആവശ്യപ്പെടുന്നത് സത്യവിശ്വാസികൾക്ക് യോജിച്ചതല്ല.

ഭക്ഷണത്തളികക്ക് ആവശ്യപ്പെട്ടതിന്റെ ലക്ഷ്യമായി അവർ വിവരിച്ചത് ഇവയാകുന്നു:

(1) അതിൽ നിന്ന് ഞങ്ങൾ ഭക്ഷിക്കുവാൻ ഉദ്ദേശിക്കുന്നു. കേവലം ഭൗമികമല്ലാത്ത ഒരു ഭക്ഷ്യപദാർത്ഥം ആസ്വദിക്കുവാൻ ആഗ്രഹം ആർക്കും തോന്നുക സ്വാഭാവികമാണല്ലോ.

(2) ഞങ്ങളുടെ ഹൃദയങ്ങൾ സമാധാനമടയുവാൻ ഉദ്ദേശിക്കുന്നു. ദൃഷ്ടാന്തങ്ങൾ കൂടുതൽ കാണുംതോറും വിശ്വാസം വർദ്ധിക്കുകയും മനസ്സമാധാനം കൂടുതലാകുകയും ചെയ്യുമല്ലോ. ഇബ്റാഹീം നബി (അ) പോലും മനസ്സമാധാനത്തിനു വേണ്ടി ദൃഷ്ടാന്തത്തിനു അപേക്ഷിച്ച വിവരം 2:260 ൽ അല്ലാഹു പ്രസ്താവിച്ചത് സ്മർത്തവ്യമാകുന്നു.

(3) താങ്കൾ-ഈസാ (അ)-പറയുന്നത് സത്യമാണെന്ന് അറിയുവാൻ ഉദ്ദേശിക്കുന്നു. അഥവാ, അദ്ദേഹം സത്യവാനാണെന്ന് അവർ അറിഞ്ഞും വിശ്വസിച്ചും വരുന്നുവെങ്കിലും ആ അറിവും വിശ്വാസവും കൂടുതൽ ദൃഢമായിത്തീരുവാൻ അത് കാരണമാകുമെന്നുദ്ദേശ്യം. അല്ലാതെ, അദ്ദേഹം സത്യവാദിയോ അസത്യവാദിയോ എന്ന് പരിശോധിക്കലല്ല അവരുടെ ലക്ഷ്യം. അദ്ദേഹത്തിന്റെ സത്യതയിൽ നേരത്തെ വിശ്വാസം ഉറപ്പിച്ചു കഴിഞ്ഞവരാണല്ലോ അവർ.

(4) അതിന് തങ്ങൾ ദൃക്സാക്ഷികളായിത്തീരുവാൻ ഉദ്ദേശിക്കുന്നു. ഈസാ നബി (അ)യുടെ ദൗത്യപ്രബോധനത്തിൽ അദ്ദേഹത്തെ സഹായിക്കുവാൻ മുമ്പോട്ട് വന്നവ

രാണ് ഹവാരിയ്യുകൾ. ആ സ്ഥിതിക്ക് മറ്റുള്ള ദൃഷ്ടാന്തങ്ങൾക്ക് പുറമെ നേരിൽ കണ്ടനുഭവിക്കുന്ന ഈയൊരു ദൃഷ്ടാന്തം കൂടി ലഭിക്കുന്നത് ആ കൃത്യം കൂടുതൽ ഫലപ്രദമായി നടത്തുവാൻ അവർക്ക് ഉപകരിക്കുമല്ലോ.

ഹവാരിയ്യുകളുടെ ഈ ചോദ്യം സദുദ്ദേശ്യപരമാണെന്ന് ഈസാ (അ) കണ്ടു. അദ്ദേഹം അല്ലാഹുവിനോട് അതിനുവേണ്ടി പ്രാർത്ഥിച്ചു. അക്കാലത്തുള്ളവർക്കും, ഭാവി തലമുറക്കും അത് ഒരു ഉൽസവമായിത്തീരത്തക്ക വിധമായിരിക്കണമെന്നുകൂടി അദ്ദേഹം അതിനെ വിശേഷിപ്പിക്കുകയും ചെയ്തു. പ്രാർത്ഥനക്ക് അല്ലാഹുവിൽ നിന്നു ലഭിച്ച ഉത്തരം: 'ശരി, ഭക്ഷണത്തളിക ഇറക്കിത്തരാം, പക്ഷേ, പിന്നെ നിങ്ങളിൽ നിന്ന് അവിശ്വാസവും നിഷേധവും ഉണ്ടാവാൻ പാടില്ല, ഉണ്ടായാൽ, മുമ്പാർക്കും ഞാൻ നൽകിയിട്ടില്ലാത്ത കഠിനശിക്ഷ അവർ അനുഭവിക്കേണ്ടിവരും.

ഈ ഉപാധികൾക്ക് ഹവാരിയ്യുകൾ സമ്മതിച്ചുവോ? ഭക്ഷണത്തളിക ഇറക്കുകയുണ്ടായോ? ഒന്നും അല്ലാഹു വ്യക്തമാക്കിയിട്ടില്ല. രണ്ടിലൊന്ന് തീർത്തു പറയത്തക്ക വേറെ തെളിവുകളുമില്ല. എങ്കിലും ക്വുർആൻ വ്യാഖ്യാതാക്കളിൽ അധികമാളുകളും ഭക്ഷണത്തളിക ഇറക്കുകയുണ്ടായിട്ടുണ്ടെന്ന അഭിപ്രായക്കാരാകുന്നു. ക്വുർആന്റെ വാക്കുകളിൽ തന്നെ ഇതിനു ചില സൂചനകൾ ലഭിക്കാതെയുമില്ല. കൂടാതെ, ഇബ്നു അബ്ബാസ്, അമ്മാർ (റ) എന്നീ സ്വഹാബികളിൽ നിന്നും, താബിഉകളായ ചില മഹാന്മാരിൽ നിന്നും വന്നിട്ടുള്ള ഏതാനും രിവായത്തുകളും അവർ അതിന് തെളിവായി ഉദ്ധരിക്കുന്നുമുണ്ട്. ചില രിവായത്തുകളിൽ, തളികയിലുണ്ടായിരുന്ന വിഭവങ്ങൾ അപ്പം, മൽസ്യം, ചില പഴങ്ങൾ എന്നിവയായിരുന്നുവെന്നും കാണാം. ചില രിവായത്തുകൾ അതിശയോക്തി നിറഞ്ഞതും ദുർബ്ബലങ്ങളുമാണെങ്കിലും മുഴുവൻ രിവായത്തുകളും തള്ളപ്പെടാവുന്നവയുമല്ല. മേൽകണ്ട പ്രകാരമുള്ള താക്കീത് അല്ലാഹു നൽകിയതോടുകൂടി ഹവാരിയ്യുകൾ തങ്ങളുടെ ആവശ്യം പിൻവലിച്ചുവെന്നും, അതുകൊണ്ട് തളിക ഇറക്കപ്പെടുകയുണ്ടായില്ലെന്നുമാണ് ഹസൻ, മുജാഹിദ് (റ) എന്നിവരിൽ നിന്ന് രിവായത്തു വന്നിട്ടുള്ളത്. ക്വുർആൻ വ്യാഖ്യാതാക്കളിൽ ഒരു വിഭാഗം ഈ അഭിപ്രായക്കാരാകുന്നു. അധിക പക്ഷത്തിന്റെ അഭിപ്രായമാണ് ഇബ്നു ജരീർ (റ) ശരിവെച്ചിരിക്കുന്നത്. ഇബ്നു കഥീർ (റ) ആകട്ടെ, തളിക ഇറക്കപ്പെട്ടിട്ടില്ലെന്ന അഭിപ്രായത്തെയും ശരിവെച്ചു കാണുന്നു. الله اعلم

വിഭാഗം - 16

وَإِذْ قَالَ ٱللَّهُ يَـٰعِيسَى ٱبْنَ مَرْيَمَ ءَأَنتَ قُلْتَ لِلنَّاسِ ٱتَّخِذُونِى وَأُمِّىَ إِلَـٰهَيْنِ مِن دُونِ ٱللَّهِ ۖ

﴾119﴿ **അല്ലാഹു പറഞ്ഞ (അഥവാ പറയുന്ന സന്ദർഭം (ഓർക്കുക): 'മർയമിന്റെ മകൻ ഈസാ, നീയാണോ മനുഷ്യരോട് പറഞ്ഞത്: എന്നെയും, എന്റെ ഉമ്മയെയും നിങ്ങൾ അല്ലാഹുവിനു പുറമെ രണ്ടു ആരാധ്യന്മാരാക്കിക്കൊള്ളുവിൻ എന്ന്?!'**

قَالَ سُبۡحَٰنَكَ

അദ്ദേഹം പറഞ്ഞു (അഥവാ പറയും): 'നീ മഹാപരിശുദ്ധൻ! [നിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു]

مَا يَكُونُ لِيٓ أَنۡ أَقُولَ مَا لَيۡسَ لِي بِحَقٍّۚ

എനിക്ക് ഒരു അവകാശവും (അഥവാ ന്യായവും) ഇല്ലാത്തത് പറയുവാൻ എനിക്ക് പാടില്ലല്ലോ!

إِن كُنتُ قُلۡتُهُۥ فَقَدۡ عَلِمۡتَهُۥۚ تَعۡلَمُ مَا فِي نَفۡسِي وَلَآ أَعۡلَمُ مَا فِي نَفۡسِكَۚ إِنَّكَ أَنتَ عَلَّٰمُ ٱلۡغُيُوبِ ﴿١١٩﴾

'ഞാനത് പറഞ്ഞിരുന്നെങ്കിൽ, തീർച്ചയായും നീ അത് അറിഞ്ഞിട്ടുണ്ടാകും. എന്റെ സ്വന്തത്തിൽപെട്ടത് [എന്നെ സംബന്ധിച്ചത്] നീ അറിയുന്നു; നിന്റെ സ്വന്തത്തിൽപെട്ടത് [നിന്നെ സംബന്ധിച്ചത്] എനിക്കറിയുകയുമില്ല. നിശ്ചയമായും, നീ തന്നെയാണ് അദൃശ്യ കാര്യങ്ങളെ നന്നായറിയുന്നവൻ.

مَا قُلۡتُ لَهُمۡ إِلَّا مَآ أَمَرۡتَنِي بِهِۦٓ أَنِ ٱعۡبُدُواْ ٱللَّهَ رَبِّي وَرَبَّكُمۡۚ

﴾120﴿ 'നീ എന്നോട് എന്ത് കൽപ്പിച്ചുവോ അതല്ലാതെ ഞാൻ അവരോട് പറഞ്ഞിട്ടില്ല; അതായത് എന്റെ റബ്ബും, നിങ്ങളുടെ റബ്ബുമായ അല്ലാഹുവിനെ നിങ്ങൾ ആരാധിക്കണമെന്ന് (അല്ലാതെ).

وَكُنتُ عَلَيۡهِمۡ شَهِيدٗا مَّا دُمۡتُ فِيهِمۡۖ

ഞാൻ അവരിൽ ഉണ്ടായിരുന്നപ്പോഴൊക്കെ ഞാൻ അവരുടെമേൽ (നോട്ടം ചെയ്യുന്ന) സാക്ഷിയായിരുന്നു;

فَلَمَّا تَوَفَّيۡتَنِي كُنتَ أَنتَ ٱلرَّقِيبَ عَلَيۡهِمۡۚ وَأَنتَ عَلَىٰ كُلِّ شَيۡءٖ شَهِيدٌ ﴿١٢٠﴾

അങ്ങനെ, നീ എന്നെ പൂർണമായെടുത്തപ്പോൾ, അവരുടെ മേൽ നോട്ടം വഹിക്കുന്നവൻ നീ തന്നെ ആയിരുന്നു. നീയാകട്ടെ, എല്ലാ കാര്യത്തിനും മേൽ (നോട്ടം ചെയ്യുന്ന) സാക്ഷിയുമാകുന്നു.

﴾119﴿ وَإِذۡ قَالَ പറഞ്ഞ (പറയുന്ന) സന്ദർഭവും اللَّهُ അല്ലാഹു يَٰعِيسَى ابۡنَ مَرۡيَمَ മർയമിന്റെ മകൻ ഈസാ أَأَنتَ നീയോ, നീയാണോ قُلۡتَ പറഞ്ഞു, പറഞ്ഞത് لِلنَّاسِ മനു

ഷ്യരോട് اتَّخِذُونِي എന്നെ നിങ്ങൾ ആക്കണമെന്ന്, സ്വീകരിക്കുവിൻ എന്ന് وَأُمِّيَ എന്റെ ഉമ്മയെ (മാതാവിനെ)യും إِلَٰهَيْنِ രണ്ടു ഇലാഹുകൾ (ദൈവങ്ങൾ-ആരാധ്യന്മാർ) مِن دُونِ കൂടാതെ, പുറമെ اللَّهِ അല്ലാഹുവിനെ, അല്ലാഹുവിന് قَالَ അദ്ദേഹം പറഞ്ഞു (പറയും) سُبْحَانَكَ നീ മഹാ പരിശുദ്ധൻ, നിന്റെ പരിശുദ്ധി (ഞാൻ വാഴ്ത്തുന്നു) مَا يَكُونُ ആകാവതല്ല (പാടില്ല-നിവൃത്തിയില്ല) لِي എനിക്ക് أَنْ أَقُولَ ഞാൻ പറയൽ, പറയുവാൻ مَا لَيْسَ لِي എനിക്കില്ലാത്തത് بِحَقٍّ ഒരവകാശവും, ന്യായവും إِن كُنتُ قُلْتُهُ ഞാൻ അത് പറഞ്ഞിരുന്നുവെങ്കിൽ فَقَدْ عَلِمْتَهُ തീർച്ചയായും നീ അതറിഞ്ഞിരിക്കുന്നു, അറിഞ്ഞിട്ടുണ്ട് تَعْلَمُ നീ അറിയും, നിനക്കറിയാം مَا فِي نَفْسِي എന്റെ സ്വന്തത്തിൽ (മനസ്സിൽ) ഉള്ളത് (എന്നെ സംബന്ധിച്ചത്) وَلَا أَعْلَمُ ഞാൻ അറിയുകയില്ല, എനിക്കറിഞ്ഞുകൂടാ مَا فِي نَفْسِكَ നിന്റെ സ്വന്തത്തിലുള്ളത് إِنَّكَ أَنتَ നിശ്ചയമായും നീ തന്നെ عَلَّامُ നന്നായി (ശരിക്കു-വളരെ) അറിയുന്നവൻ الْغُيُوبِ അദൃശ്യങ്ങളെ, മറഞ്ഞ കാര്യങ്ങൾ ﴾120﴿ مَا قُلْتُ ഞാൻ പറഞ്ഞിട്ടില്ല لَهُمْ അവരോട് إِلَّا مَا യാതൊന്നല്ലാതെ أَمَرْتَنِي بِهِ അതിനു നീ എന്നോട് കൽപിച്ചിരിക്കുന്നു أَنِ اعْبُدُوا നിങ്ങൾ ആരാധിക്കുവിൻ എന്ന് اللَّهَ رَبِّي എന്റെ റബ്ബായ അല്ലാഹുവിനെ وَرَبَّكُمْ നിങ്ങളുടെ റബ്ബുമായ وَكُنتُ ഞാനായിരുന്നു عَلَيْهِمْ അവരുടെമേൽ, അവരിൽ شَهِيدًا സാക്ഷി (സാക്ഷ്യം വഹിക്കുന്നവൻ) مَا دُمْتُ ഞാൻ ആയിരുന്നപ്പോൾ, ഉണ്ടായപ്പോഴൊക്കെ فِيهِمْ അവരിൽ فَلَمَّا تَوَفَّيْتَنِي അങ്ങനെ നീ എന്നെ പൂർണമായെടുത്ത (പിടിച്ചെടുത്ത)പ്പോൾ كُنتَ أَنتَ നീ തന്നെ ആയിത്തീർന്നു, ആയിരുന്നു الرَّقِيبَ മേൽനോട്ടം വഹിക്കുന്നവൻ عَلَيْهِمْ അവരുടെ മേൽ وَأَنتَ നീയാകട്ടെ عَلَىٰ كُلِّ شَيْءٍ എല്ലാ കാര്യത്തിന്റെ മേലും (കാര്യത്തിനും) شَهِيدٌ സാക്ഷ്യം (മേൽനോട്ടം) വഹിക്കുന്നവനാണ്

إِن تُعَذِّبْهُمْ فَإِنَّهُمْ عِبَادُكَ ۖ وَإِن تَغْفِرْ لَهُمْ فَإِنَّكَ أَنتَ الْعَزِيزُ الْحَكِيمُ ﴿١٢١﴾

﴾121﴿ **'നീ അവരെ ശിക്ഷിക്കുന്ന പക്ഷം, അവർ നിന്റെ അടിയാന്മാരാകുന്നു [നിനക്കതിന് അർഹതയുണ്ട്]. നീ അവർക്ക് പൊറുത്തു കൊടുക്കുകയാണെങ്കിൽ, നീ തന്നെയാണല്ലോ പ്രതാപശാലിയും അഗാധജ്ഞനുമായുള്ളവൻ. [നീ ഉദ്ദേശിച്ചപോലെ ചെയ്‌വാൻ നിനക്ക് യാതൊരു തടസ്സവും ഇല്ലതാനും].'**

﴾121﴿ إِن تُعَذِّبْهُمْ നീ അവരെ ശിക്ഷിക്കുന്ന പക്ഷം فَإِنَّهُمْ എന്നാൽ നിശ്ചയമായും അവർ عِبَادُكَ നിന്റെ അടിയാന്മാരാണ് وَإِن تَغْفِرْ നീ പൊറുക്കുന്ന പക്ഷമോ, പൊറുക്കുകയാ

ണെങ്കിൽ لَهُمۡ അവർക്ക് فَإِنَّكَ أَنتَ എന്നാൽ നിശ്ചയമായും നീ തന്നെയാണ് الۡعَزِيزُ പ്രതാപശാലി الۡحَكِيمُ അഗാധജ്ഞൻ, യുക്തിമാൻ, വിജ്ഞാനി

ക്വിയാമത്ത് നാളിൽ അല്ലാഹുവും ഈസാ നബി (അ)യും തമ്മിൽ നടക്കുന്ന സംഭാഷണമാണിതെന്നും ഈസാ (അ)നെ ആകാശത്തേക്ക് ഉയർത്തിയശേഷം സംഭവിച്ചു കഴിഞ്ഞ സംഭാഷണമാണിതെന്നും രണ്ടഭിപ്രായം ക്വുർആൻ വ്യാഖ്യാതാക്കളിലുണ്ട്. ഇതനുസരിച്ചാണ് قال (ക്വാല) എന്ന ഭൂതകാല ക്രിയക്ക് ഭൂതകാലത്തെ കുറിക്കുന്ന രൂപത്തിലും ഭാവികാലത്തെകുറിക്കുന്ന രൂപത്തിലും അർത്ഥം വരാമെന്ന് പരിഭാഷയിൽ നാം സൂചിപ്പിച്ചത്. ഒന്നാമത്തേതാണ് ഭൂരിപക്ഷാഭിപ്രായം. ആ അഭിപ്രായത്തെയാണ് ഇബ്നുകഥീർ (റ) ബലപ്പെടുത്തിയിരിക്കുന്നത്. ഇബ്നു ജരീർ (റ) രണ്ടാമത്തെ അഭിപ്രായവും ശരിവെച്ചു കാണുന്നു. വാസ്തവം അല്ലാഹുവിനറിയാം.

സംഭാഷണം ഈസാ (അ) ഉയർത്തപ്പെട്ട ശേഷം നടന്നു കഴിഞ്ഞതായാലും ക്വിയാമത്ത് നാളിൽ നടക്കുവാനിരിക്കുന്നതായാലും ശരി, ഈസാ (അ)നെയും അദ്ദേഹത്തിന്റെ മാതാവായ മർയം (അ)നെയും ക്രിസ്ത്യാനികൾ ഇലാഹാക്കി (ദൈവമാക്കി)യെന്നുള്ള ആക്ഷേപമാണ് ഇതിലെ പ്രധാന സംഗതി. ക്രിസ്ത്യാനികളിൽ നിലവിലില്ലാത്ത ഒരു വിശ്വാസം അവരുടെമേൽ വെച്ചുകെട്ടുകയാണ് ഈ വചനം മുഖേന ക്വുർആൻ ചെയ്യുന്നതെന്നും, തങ്ങൾ മർയമിനെ ദൈവമായി അംഗീകരിക്കുന്നില്ലെന്നും ചില ക്രിസ്തീയ പാതിരിമാർ പറഞ്ഞും പ്രചരിപ്പിച്ചും വരാറുണ്ട്. ഈ ആരോപണത്തിന് അല്ലാമാ സയ്യിദ് മഹ്മൂദ് ആലൂസി (റ) അദ്ദേഹത്തിന്റെ തഫ്സീറിൽ മൂന്നു മറുപടികൾ ഉദ്ധരിച്ചു കാണാം. അവയിൽ മൂന്നാമത്തെ മറുപടി ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം ഇങ്ങിനെ പറയുന്നു: 'ക്രിസ്ത്യനികളിൽ മർയമിനെ ദൈവമാക്കിയ ഒരു വിഭാഗം മുൻകാലത്ത് ഉണ്ടായിരുന്നുവെന്നും അവർ 'മർയമീ വിഭാഗം' എന്ന് അറിയപ്പെട്ടിരുന്നുവെന്നും ചിലർ ചൂണ്ടിക്കാട്ടുന്നു. ഇതാണ് കൂടുതൽ നല്ല മറുപടി. ഇക്കാലത്തുള്ള ക്രിസ്ത്യാനികൾ അങ്ങിനെ വിശ്വസിക്കുന്നുണ്ടെന്ന് പറയുന്നത് ശരിയല്ല'. (روح المعاني) ഇന്ന് ക്രിസ്ത്യാനികളിൽ പലരും മർയം (അ) ദൈവമാണെന്ന് പറയുന്നില്ലെങ്കിലും അവരുടെ പൂർവ്വീകന്മാരിൽ ആ വിശ്വാസം ഉണ്ടായിരുന്നുവെന്നും, ഈസാ (അ)നെക്കുറിച്ചു നിലവിലുള്ള ക്രിസ്ത്യാനികളുടെ വിശ്വാസപ്രകാരം തന്നെ മർയമിലും അവർ ദിവ്യത്വം കൽപിക്കുന്നതായി ഏർപ്പെടുന്നുവെന്നും തീർച്ചയാണ്. ക്രിസ്തുമതത്തിന്റെ ഏറ്റവും അടിസ്ഥാനപരമായ തത്വങ്ങൾപോലും ഒന്നിലധികം പ്രാവശ്യം മാറ്റത്തിരുത്തം ചെയ്യപ്പെടുകയും പൊളിച്ചെഴുത്ത് നടത്തപ്പെടുകയും ചെയ്തവയാണല്ലോ. അക്കൂട്ടത്തിൽ, ആ പഴയ വിശ്വാസ സിദ്ധാന്തം നിലവിലുള്ള ചില ക്രിസ്തീയ വിഭാഗങ്ങൾ കയ്യൊഴിച്ചിട്ടുണ്ടെങ്കിൽ അതിൽ അതിശയിക്കാനൊന്നുമില്ല. ക്രിസ്ത്യാനികളിൽ തന്നെ ചില വിഭാഗക്കാർ ഇന്നു മർയം (അ)ന് ദിവ്യത്വം കൽപിച്ചു വരുന്നുണ്ട് താനും. വേദപുസ്തക നിഘണ്ടുവിന്റെ വാക്യങ്ങളിൽ ഈ പരമാർത്ഥം വ്യക്തമാണ്.

'യേശുവിന്റെ അമ്മയായ മറിയ'യെക്കുറിച്ചു നിഘണ്ടു പറയുന്നു: 'അപ്പൊ ക്രിഫാ

സുവിശേഷങ്ങളെ(*) എഴുതിയവരും അവയെ വിശ്വസിച്ചവരും ഇവളെ ആരാധ്യയായി കരുതി. ക്രിസ്ത്വബ്ദം 450 നോടു കൂടി ഇവൾക്ക് 'ദൈവത്തെ പ്രസവിച്ചവൾ' എന്ന സ്ഥാനപ്പേർ നൽകി. തന്മൂലം അനേകർ ഇവൾക്ക് 'ദൈവ മാതാ' എന്ന് സംബോധന നൽകി. ഇവളെ ആരാധിക്കേണ്ടതാണെന്ന് നിശ്ചയിക്കയും ചെയ്തു. അതിനു ശേഷം, ഇവൾ പാപരഹിതയാണെന്നും, ശരീരം സ്വർഗത്തിൽ പോയി എന്നും വിശ്വസിച്ചു തുടങ്ങി. റോമാ സഭക്കാർ ഇവളെ മഹത്വപ്പെടുത്തുവാൻ നടത്തിയ ആരാധനാമുറകളെ നോക്കിയാൽ ആ സഭയിൽ അനേകർ യേശുക്രിസ്തുവിനെപ്പോലെത്തന്നെ അവന്റെ അമ്മയായ മറിയയെയും ബഹുമാനിക്കുന്നുവെന്നു കാണാം. (വേ. പു. നി. ഭാ: 331) നബി ﷺയുടെ കാലത്ത് റോമാ ചക്രവർത്തിയായിരുന്ന ഹിറക്ലിയൂസിന്റെ പതാകയിൽ 'ദൈവമാതാവി'ന്റെ ചിത്രം ഉണ്ടായിരുന്നുവെന്നും, അതിന്റെ അനുഗ്രഹം കൊണ്ട് തന്റെ പതാക താണുപോകയില്ലെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നുവെന്നും ചില പണ്ഡിതന്മാർ രേഖപ്പെടുത്തി കാണുന്നുമുണ്ട്. മേൽ ഉദ്ധരിച്ചതിൽനിന്ന്, ഇക്കാലത്തെ ക്രിസ്ത്യാനികളിൽ ചിലർ-പ്രോട്ടസ്റ്റണ്ടുകാർ വിശേഷിച്ചും-മർയം (അ)നെപ്പറ്റി ദൈവമെന്ന് പറയാറില്ലെങ്കിലും, അവരെ ദൈവമായിത്തന്നെ ക്രിസ്ത്യാനികൾ മുൻകാലത്ത് കരുതി വന്നിരുന്നുവെന്നും, ഇന്നും ചിലർ കരുതി വരുന്നുണ്ടെന്നും, ക്വുർആന്റെ പ്രസ്താവന അക്ഷാരാർത്ഥത്തിൽ ശരിയാണെന്നും, ഈ വാസ്തവം മൂടിവെച്ചുകൊണ്ടാണ് പ്രസ്തുത പാതിരിമാർ ക്വുർആന്റെ നേരെ ആക്ഷേപം പുറപ്പെടുവിക്കുന്നതെന്നും സ്പഷ്ടമായല്ലോ. قل فلله الحجة البالغة

അബ്ദുല്ലാഹിബ്നു അംറിബ്നിൽ ആസ് (റ) പറഞ്ഞതായി ഇബ്നു അബീഹാതിം (റ) രിവായത്ത് ചെയ്യുന്നു: ഈസാ (അ) പറഞ്ഞ .... إِن تُعَذِّبْهُمْ فَإِنَّهُمْ عِبَادُكَ (നീ അവരെ ശിക്ഷിക്കുന്ന പക്ഷം അവർ നിന്റെ അടിയാന്മാരാണ്...) എന്ന വാക്യം അതിന്റെ അവസാനംവരെ നബി ﷺ ഓതുകയുണ്ടായി. എന്നിട്ട് രണ്ടു കൈയും ഉയർത്തിപ്പിടിച്ചുകൊണ്ട് 'അല്ലാഹുവേ! എന്റെ സമുദായം!!' എന്ന് പറഞ്ഞു അവിടുന്ന് കരയുകയും ചെയ്തു. അപ്പോൾ അല്ലാഹു ജിബ്‌രീൽ (അ)നോട് പറഞ്ഞു: നിന്റെ റബ്ബിന് നല്ല വണ്ണം അറിയാം, എന്നാലും നീ മുഹമ്മദിന്റെ അടുക്കൽ ചെന്നു കരയുവാൻ കാരണമെന്തെന്ന് ചോദിക്കുക'. അങ്ങനെ, ജിബ്‌രീൽ (അ) വന്നു ചോദിച്ചു. തിരുമേനി വിവരം

(*) തള്ളപ്പെട്ട വേദപുസ്തകങ്ങൾ (** الكتب المتروكة **) എന്ന് വിവക്ഷ. വേദ പുസ്തക നിഘണ്ടുവിൽ ഇങ്ങിനെ കാണാം: "അപ്പൊക്രിഫാ, എന്നാൽ ഒളിക്കപ്പെട്ടത് എന്നർത്ഥം. ആദ്യം മറ്റുള്ളവർ വായിക്കാതിരിക്കുവാനായി പഴയ നിയമത്തിൽ ഉൾപ്പെടാതെ രഹസ്യമായി വെച്ചിരുന്ന ചില പുസ്തകങ്ങൾ ഉണ്ടായിരുന്നു..... ആദ്യ ക്രിസ്ത്യാനികൾ ഇവയെ ഉപയോഗിച്ചു എങ്കിലും ഈ പുസ്തകങ്ങൾക്കും പഴയ നിയമത്തിനുമുള്ള വ്യത്യാസം ഇവർക്ക് മനസ്സിലായി. അതു നിമിത്തം ഇവ സ്വീകാര്യങ്ങളല്ല എന്ന് അഭിപ്രായമുണ്ടായിരുന്നു. പുതിയ നിയമ പുസ്തകങ്ങൾ എഴുതപ്പെട്ടശേഷം ഇവയുടെ മഹിമ ക്രമേണ കുറഞ്ഞുപോയി. ഇവയെ വിശുദ്ധ വേദത്തിലെ പുസ്തകങ്ങളോട് ചേർക്കാൻ പാടില്ല എന്നുള്ള അഭിപ്രായമുണ്ടായപ്പോൾ ഇവക്ക് 'തള്ളപ്പെട്ട പുസ്തകങ്ങൾ' എന്നു പേരു വന്നു...." (ഭാ:15).

അറിയിച്ചു. അപ്പോൾ അല്ലാഹു ജിബ്രീലിനോട് പറഞ്ഞു: 'നീ മുഹമ്മദിന്റെ അടുക്കൽ ചെന്നു പറയുക: നിന്റെ സമുദായത്തിന്റെ കാര്യത്തിൽ നാം നിന്നെ തൃപ്തിപ്പെടുത്തിത്തന്നേക്കും. നിന്നെ നാം അതൃപ്തിപ്പെടുത്തുകയില്ല'. ഏതാണ്ടിപ്രകാരം മുസ്‌ലിമും (റ) ഉദ്ധരിച്ചിരിക്കുന്നു.

ഇബ്നു അബ്ബാസ് (റ)ൽ നിന്ന് അബൂദാവൂദ് (റ) നിവേദനം ചെയ്യുന്ന ഒരു ഹദീഥിൽ നബി ﷺ ഇങ്ങിനെ പറഞ്ഞതായി കാണാം: ക്വിയാമത്തു നാളിൽ ആദ്യമായി വസ്ത്രം ധരിപ്പിക്കപ്പെടുന്നത് ഇബ്റാഹീം (അ)ന് ആയിരിക്കും. അറിയുക: എന്റെ സമുദായത്തിൽ നിന്ന് ചില മനുഷ്യരെ കൊണ്ടു വന്ന് അവരെ ഇടത്തു വശത്തേക്ക് (അവിശ്വാസികളായ ദുർജ്ജനങ്ങളുടെ പക്ഷത്തേക്ക്) എടുക്കും. അപ്പോൾ, ഞാൻ: 'എന്റെ ആൾക്കാർ!' എന്ന് പറയും. അപ്പോൾ എന്നോട് പറയപ്പെടും: 'അവർ താങ്കൾക്കു ശേഷം പുതുതായി ഉണ്ടാക്കിത്തീർത്തതിനെക്കുറിച്ചു താങ്കൾക്ക് അറിഞ്ഞുകൂടാ'. അപ്പോൾ ആ നല്ല അടിയാൻ (ഈസാ നബി) പറഞ്ഞതുപോലെ ഞാൻ പറയും: وَكُنتُ عَلَيۡهِمۡ شَهِيدًا... (ഞാൻ അവരിൽ ഉണ്ടായിരുന്നപ്പോൾ ഞാൻ അവരിൽ സാക്ഷ്യം വഹിക്കുന്നവനായിരുന്നു.....) അപ്പോൾ പറയപ്പെടും: 'താങ്കൾ അവരെ പിരിഞ്ഞതു മുതൽ അവർ പിന്നോക്കം മടങ്ങിക്കൊണ്ടിരിക്കുകയായിരുന്നു'. ഈ ഹദീഥ് ബുഖാരി (റ)യും ഉദ്ധരിച്ചിട്ടുണ്ട്. ഒരു രാത്രി, നേരം പുലരുവോളം .... إِن تُعَذِّبۡهُمۡ فَإِنَّهُمۡ عِبَادُكَ (നീ അവരെ ശിക്ഷിക്കുന്ന പക്ഷം അവർ നിന്റെ അടിയാന്മാരാണ്) എന്ന് തുടങ്ങി ആയത്തിന്റെ അവസാനംവരെ ഓതിക്കൊണ്ട് നബി ﷺ നമസ്കരിച്ചതായും ഹദീഥിൽ വന്നിരിക്കുന്നു. (അ;ന)

ഒരു സംഗതി ഇവിടെ പ്രത്യേകം ഓർമിച്ചിരിക്കേണ്ടിയിരിക്കുന്നു. അതായത്: فَلَمَّا تَوَفَّيۡتَنِي എന്ന വാക്കിന് 'നീ എന്റെ ആയുസ്സ് പൂർത്തിയാക്കിയപ്പോൾ' എന്നും മറ്റും വാക്കർത്ഥം കൽപിച്ചുകൊണ്ട് അദ്ദേഹം കുരിശ് സംഭവത്തിൽനിന്ന് രക്ഷപ്പെട്ട ശേഷം പിന്നീട് മരണപ്പെട്ടുപോയിരിക്കയാണെന്നും, ഉപരിലോകത്തേക്ക് ഉയർത്തപ്പെടുകയുണ്ടായിട്ടില്ലെന്നും, കാലാവസാനത്തിൽ അദ്ദേഹം ഭൂമിയിലേക്ക് ഇറങ്ങി വരുമെന്ന വിശ്വാസം ശരിയല്ലെന്നും, അത് ക്രിസ്ത്യാനികളിൽ നിന്ന് മുസ്‌ലിംകളിലേക്ക് നുഴഞ്ഞു കയറിയ വിശ്വാസമാണെന്നും മറ്റും ചില വക്രതാൽപര്യക്കാർ കുറേ വലിച്ചുനീട്ടി പ്രസ്താവിച്ചു കാണുന്നു. توفى എന്ന വാക്കിന്റെ അർത്ഥങ്ങളെയും പ്രയോഗങ്ങളെയും കുറിച്ചു സൂ: ആലുഇംറാൻ 55-ാം വചനത്തിൽ വെച്ചും മറ്റും നാം വേണ്ടത്ര വിശദീകരിച്ചിട്ടുള്ളതുകൊണ്ട് ഇവിടെ ആ ഭാഗം വിട്ടു കളയുകയാണ്. 'മരണപ്പെടുത്തുക' എന്നല്ല ഇവിടെ അതിന് അർത്ഥമെന്നും, ഭൂമിയിലെ ജീവിതം അവസാനിപ്പിക്കുക എന്നാണ് ഉദ്ദേശ്യമെന്നും, ഭൂമിയിലെ ജീവിതം അവസാനിച്ചു ഉപരിലോകത്തേക്ക് ഉയർത്തപ്പെടുക മാത്രമാണുണ്ടായിട്ടുള്ളതെന്നും കാര്യകാരണസഹിതം നാം അവിടെ വിവരിച്ചിട്ടുമുണ്ട്. അദ്ദേഹം വീണ്ടും ഭൂമിയിലേക്ക് ഇറങ്ങി വരുമെന്നു മുസ്‌ലിംകൾ വിശ്വസിക്കുന്നത് ബലവത്തായ പല ഹദീഥുകളെയും അടിസ്ഥാനമാക്കിയാണെന്നും- ഇവർ പറയുംപോലെ ക്രിസ്ത്യാനികളെ അനുകരിച്ചത് കൊണ്ടല്ലെന്നും ഒന്നിലധികം സന്ദർഭങ്ങളിൽ നാം ചൂണ്ടിക്കാട്ടുകയും ചെയ്തിരിക്കുന്നു.

قَالَ ٱللَّهُ هَٰذَا يَوْمُ يَنفَعُ ٱلصَّٰدِقِينَ صِدْقُهُمْ ۚ لَهُمْ جَنَّٰتٌ تَجْرِى مِن تَحْتِهَا ٱلْأَنْهَٰرُ خَٰلِدِينَ فِيهَآ أَبَدًا ۚ

﴿122﴾ അല്ലാഹു പറഞ്ഞു (അഥവാ പറയുന്നതാണ്): ഇത്, സത്യവാന്മാർക്ക് തങ്ങളുടെ സത്യം ഉപകരിക്കുന്ന ദിവസമാകുന്നു. അവർക്ക് അടിഭാഗത്തിലൂടെ അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗങ്ങളുണ്ടായിരിക്കും- (അവർ) അതിൽ എന്നെന്നും നിത്യവാസികളായ നിലയിൽ,

رَّضِىَ ٱللَّهُ عَنْهُمْ وَرَضُوا۟ عَنْهُ ۚ

അവരെക്കുറിച്ച് അല്ലാഹു തൃപ്തിപ്പെടുന്നതാണ്: അവനെക്കുറിച്ച് അവരും തൃപ്തിപ്പെടുന്നതാണ്.

ذَٰلِكَ ٱلْفَوْزُ ٱلْعَظِيمُ ﴿١٢٢﴾

അതത്രെ വമ്പിച്ച വിജയം!

﴿122﴾ قَالَ اللهُ അല്ലാഹു പറഞ്ഞു, പറയും هَٰذَا يَوْمُ ഇതു ദിവസമാകുന്നു يَنفَعُ ഉപകരിക്കുന്ന, ഫലം ചെയ്യുന്ന الصَّادِقِينَ സത്യവാന്മാർക്ക്, സത്യം പറയുന്നവർക്ക് صِدْقُهُمْ തങ്ങളുടെ സത്യം لَهُمْ അവർക്കുണ്ട്, ഉണ്ടായിരിക്കും جَنَّاتٌ (ചില) സ്വർഗങ്ങൾ تَجْرِي നടക്കും (ഒഴുകും) مِن تَحْتِهَا അവയുടെ അടിയിലൂടെ الأَنْهَارُ അരുവികൾ, നദികൾ خَالِدِينَ സ്ഥിര (നിത്യ) വാസികളായിക്കൊണ്ട് فِيهَا അതിൽ, അവയിൽ أَبَدًا എന്നെന്നും, സ്ഥിരമായും, എക്കാലവും رَضِيَ اللهُ അല്ലാഹു തൃപ്തിപ്പെടുന്നതാണ് عَنْهُمْ അവരെപ്പറ്റി وَرَضُوا അവരും തൃപ്തിപ്പെടുന്നതാണ് عَنْهُ അവനെപ്പറ്റി ذَٰلِكَ الْفَوْزُ അതത്രെ വിജയം الْعَظِيمُ വമ്പിച്ച, മഹത്തായ

കഴിഞ്ഞ വചനങ്ങളിൽ പ്രസ്താവിച്ച സംഭാഷണം അധിക വ്യാഖ്യാതാക്കളും പറയുന്നതുപോലെ, ക്വിയാമത്ത് നാളിൽ നടക്കുന്നതായാലും, ഇബ്നുജരീറും (റ) മറ്റു ചിലരും അഭിപ്രായപ്പെട്ടതുപോലെ ഈസാ (അ) ഉയർത്തപ്പെട്ടശേഷം നടന്നിട്ടുള്ളതായാലും -രണ്ടായാലും- ഈ വചനത്തിൽ പ്രസ്താവിക്കുന്നത് ക്വിയാമത്തു നാളിനെക്കുറിച്ചു തന്നെയാകുന്നു. പക്ഷേ, -ഇബ്നുജരീർ (റ) ചൂണ്ടിക്കാട്ടിയതുപോലെ- ആദ്യത്തെ അഭിപ്രായ പ്രകാരം ഈ വചനത്തിലെ വാക്യങ്ങൾ, ഈസാ നബി (അ)യുടെ മറുപടിയെ തുടർന്നു അല്ലാഹു പറയുന്നതായിരിക്കും. രണ്ടാമത്തെ അഭിപ്രായ പ്രകാരം ആ മറുപടിയും ഈ വചനവുമായി ഒരു പ്രത്യേക ബന്ധം ഉണ്ടായിരിക്കയില്ല.

സത്യവാൻമാർക്ക് അവരുടെ സത്യം ഉപകരിക്കുമെന്ന് പറഞ്ഞതിന്റെ താൽപര്യം, ഇഹത്തിൽ വെച്ച് സത്യം പറയുകയും പ്രവർത്തിക്കുകയും ചെയ്തവർക്ക് പരലോ

കത്ത് അതുമൂലം പ്രയോജനം - വമ്പിച്ച പ്രതിഫലം- ലഭിക്കുമെന്നത്രെ. അല്ലാതെ, ഇഹത്തിൽവെച്ച് സത്യം പാലിച്ചില്ലെങ്കിലും പരലോകത്ത് വിചാരണാവേളയിൽ സത്യം തുറന്നു പറഞ്ഞതുകൊണ്ട് രക്ഷനേടാമെന്നല്ലഎന്ന് പറയേണ്ടതില്ല. ശാശ്വതമായ സ്വർഗീയ ജീവിതം സിദ്ധിക്കുകയെന്നത് മഹാഭാഗ്യം തന്നെ. എന്നാൽ അതിനെക്കാൾ വമ്പിച്ച ഭാഗ്യമത്രെ അല്ലാഹുവിന്റെ പ്രീതി ലഭിക്കൽ (وَرِضْوَانٌ مِّنَ اللَّـهِ أَكْبَرُ) അതു കൊണ്ടാണ് അവർക്ക് സ്ഥിരമായ സ്വർഗീയ ജീവിതമുണ്ടെന്ന് പറഞ്ഞ ശേഷം അല്ലാഹുവിന്റെ തൃപ്തിയും അവർക്ക് ലഭിക്കുമെന്ന് പ്രത്യേകം പറഞ്ഞിരിക്കുന്നത്. അല്ലാഹു അവരെക്കുറിച്ച് തൃപ്തിപ്പെടുമ്പോൾ അവർക്കവൻ നൽകുന്ന അവർണനീയങ്ങളായ അനുഗ്രഹങ്ങൾ അവർക്ക് മതിവരുവോളം ഉണ്ടായിരിക്കുമല്ലോ. അതുകൊണ്ട് അവർക്ക് അല്ലാഹുവിനെക്കുറിച്ചും പരിപൂർണമായ തൃപ്തിയായിരിക്കും ഉണ്ടായിരിക്കുക. ഇതിൽപരം ഭാഗ്യം മറ്റെന്തുണ്ട്? ഇല്ല. ഒന്നുമില്ല. അതുതന്നെ ഏറ്റവും മഹത്തായ ഭാഗ്യം! ذَٰلِكَ هُوَ الْفَوْزُ الْعَظِيمُ

لِلَّهِ مُلْكُ ٱلسَّمَٰوَٰتِ وَٱلْأَرْضِ وَمَا فِيهِنَّ ۚ
وَهُوَ عَلَىٰ كُلِّ شَىْءٍ قَدِيرٌۢ ﴿١٢٣﴾

﴾123﴿ അല്ലാഹുവിനാണ് ആകാശങ്ങളുടെയും ഭൂമിയുടെയും അവയിലുള്ളതിന്റെയും രാജത്വം.

അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവനുമാകുന്നു.

﴾123﴿ لِلَّهِ അല്ലാഹുവിനാണ് مُلْكُ രാജത്വം السَّمَاوَاتِ ആകാശങ്ങളുടെ وَالْأَرْضِ ഭൂമിയുടെയും وَمَا فِيهِنَّ അവയിലുള്ളതിന്റെയും وَهُوَ അവൻ ആകട്ടെ عَلَىٰ كُلِّ شَيْءٍ എല്ലാ കാര്യത്തിനും, വസ്തുവിന്റെ മേലും قَدِيرٌ കഴിവുള്ളവനാണ്.

എല്ലാ സനാതന നിയമങ്ങളുടെയും, എല്ലാ ധാർമിക വ്യവസ്ഥകളുടെയും, ഇസ്ലാമികമായ എല്ലാ വിശ്വാസാചാരാനുഷ്ഠാന മുറകളുടെയും അടിത്തറ ചൂണ്ടിക്കാട്ടുന്നതാണ് ഈ വചനം. അൽപമാത്രം വാക്കുകൾ. അർത്ഥപുഷ്ടിയും വ്യാപ്തിയും നോക്കുമ്പോൾ സർവ്വ വ്യാപകവും! ഈ വചനത്തോടെ അല്ലാഹു ഈ മഹത്തായ സൂറത്ത് അവസാനിപ്പിക്കുന്നു.

الله اكبر الله اكبر الله اكبر. لااله الاالله والله اكبر. الله اكبر ولله الحمد.

اللهم لك الحمد ولك المنة والفضل

[كان الفراغ من تسويد تفسير هذه السورة المباركة ليلة عيد الاضحى – ليلة الخميس سنة ١٣٩٦ هـ الموافق ١٢/١/ ١٩٧٦ م

والفراغ من تبييضه يوم الثلاثاء الثامن عشر من رمضان المبارك سنة١٣٩٨ هـ الموافق ٢٢/٨/١٩٧٨ م‍ م نى]